# ശ്രീമദ് ഭാഗവതം

(അന്വയക്രമപരിഭാഷാസഹിതം)

# SRIMAD BHAGAVATHAM

(Malayalam)

**Skandam - 6**



*M.N. Ramaswamy Iyer Memorial Edition*


**SRI RAM PUBLISHERS**

North Village

MELARKODE - 678 703

ശ്രീഃ



ഓം നമോ ഭഗവതേ വാസുദേവായ.

# ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠഃ സ്കന്ധഃ

നാരായണം നമസ്കൃത്യ നരം ചൈവ നരോത്തമം
ദേവീം സരസ്വതീം വ്യാസം തതോ ജയമുദീരയേത്

## പ്രഥമോഽധ്യായഃ — അദ്ധ്യായം ഒന്നു്

## അജാമിളോപാഖ്യാനം

പത്തൊമ്പതു് അദ്ധ്യായങ്ങളുള്ള ഈ ആറാം സ്കന്ധത്തിൽ മഹാപുരാണലക്ഷണങ്ങളിൽ നാലാമത്തേതായ ''പോഷണം'' എന്ന ഈശ്വരലീലയാണു് പ്രതിപാദ്യം. ധർമ്മമര്യാദയെ അതിലംഘിച്ച ഭക്തന്മാക്കുകൂടിയും ഭഗവാൻ അഭയമരുളുന്നു എന്ന വസ്തുത സോദാഹരണം വെളിവാക്കുക എന്നതത്രേ പോഷണം. മർത്ത്യലോകത്തിൽ സ്വധർമ്മം കൈവിട്ടു് അപഥസഞ്ചാരം ചെയ്ത മഹാപാതകിയായിത്തീൎന്ന അജാമിളൻ മരണസമയത്തു സ്വപുത്രനെ നിമിത്തമാക്കിയാണെങ്കിലും ''നാരായണാ'' എന്ന തിരുനാമം ഉള്ളുരുകി നീട്ടിവിളിക്കയാൽ ഭഗവൽകാരുണ്യംകൊണ്ടുപാപനിർമ്മുക്തനായി. അമർത്ത്യലോകത്തിൽ ഇന്ദ്രൻ ഗുരുഹത്യ, ഭ്രാതൃഹത്യ, ബ്രഹ്മഹത്യ എന്നീ പാതകങ്ങൾക്കു വിധേയനായെങ്കിലും ഉപേന്ദ്രമൈത്രിയാൽ ഉളവായ ഭഗവൽകാരുണ്യംകൊണ്ടു് സ്വന്തം പദവിയിൽത്തന്നെ ഉറച്ചുനിന്നു. ഇവരുടെ ചരിതങ്ങൾ ഭഗവാന്റെ ഭക്താനുകമ്പയ്ക്കു് ഉദാഹരണങ്ങളായി ഈ സ്കന്ധത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

''തത്രാദൗ പ്രഥമേ വിഷ്ണോഃ ദൂതൈഃ പാതകിമോചനേ
തത്പാപഖ്യാപനായോക്തം യാമ്യൈർധർമ്മാദിലക്ഷണം''

അതിൽ ആദ്യം ഒന്നാമദ്ധ്യായത്തിൽ വിഷ്ണുദൂതന്മാർ വന്നു് മഹാപാപിയായ അജാമിളനെ മോചിപ്പിച്ചതും, യമദൂതന്മാർ ആ ജീവാത്മാവിന്റെ ദോഷങ്ങൾ വെളിവാക്കുന്നതിനു വേണ്ടി ധർമ്മതത്വങ്ങളുടെ ലക്ഷണം പറഞ്ഞതും വിസ്തരിച്ചിരിക്കുന്നു.

**രാജോവാച = ശ്രീ പരീക്ഷിത്ത്രാജാവ് പറഞ്ഞു**

1 നിവൃത്തിമാർഗ്ഗഃ കഥിത ആദൗ ഭഗവതാ യഥാ
ക്രമയോഗോപലബ്ധേന ബ്രഹ്മണാ യദസംസൃതിഃ

| | | | |
|---|---|---|---|
| ഭഗവതാ | സർവ്വജ്ഞനായ അങ്ങയാൽ | ക്രമയോഗോ- പലബ്ധേന | ക്രമികമായ ദിവ്യ ലോകാവാപ്തിയിലൂടെ സംപ്രാപ്തനായ |
| ആദൗ | ആരംഭത്തിൽ | ബ്രഹ്മണാ സഹ | ബ്രഹ്മദേവനോടു കൂടി |
| നിവൃത്തിമാർഗ്ഗഃ | സംസാരനിവൃത്തിയുടെ മാർഗ്ഗം | അസംസൃതിഃ | സംസാരമുക്തി സംഭവിക്കുന്നു |
| യഥാ | വേണ്ടവിധത്തിൽ | | |
| കഥിതഃ | ഉപദേശിക്കപ്പെട്ടു- | | |
| യത് | യാതൊന്നിനാൽ (ആ നിവൃത്തിമാർഗ്ഗത്താൽ | | |

ദ്വിതീയസ്കന്ധത്തിൽ "വൈശ്വാനരം യാതി വിഹായസാ ഗതഃ_" ഇത്യാദി ശ്ലോകങ്ങളിലൂടെ വ്യക്തമാക്കിയ ക്രമമുക്തിയെക്കുറിച്ചാണ് ഇവിടെ അനുസ്മരിച്ചതു്. വിദ്യാതപോയോഗാദികളാൽ വിശുദ്ധനായിത്തീർന്ന ജീവൻ വൈശ്വാനരം, ശിശുമാരചക്രം മുതലായ ജ്യോതിർമണ്ഡലങ്ങളിലൂടെ വ്യുൽക്രമിച്ചു സത്യലോകത്തിലെത്തി ബ്രഹ്മസാലോക്യം പ്രാപിക്കുന്നു. പിന്നെ ദ്വിപരാർദ്ധാന്തത്തിൽ ബ്രഹ്മാവിനോടുകൂടെ പരമാത്മതത്ത്വത്തിൽ വിലയിച്ചു് ആത്യന്തികമായ സംസാരനിവൃത്തി സാധിക്കയും ചെയ്യുന്നു.

2 പ്രവൃത്തിലക്ഷണശ്ചൈവ ത്രൈഗുണ്യവിഷയോ മുനേ
യോऽസാവലീനപ്രകൃതേഃ ഗുണസർഗ്ഗഃ പുനഃ പുനഃ

| | | | |
|---|---|---|---|
| മുനേ | ഹേ ഋഷിശ്രേഷ്ഠ! | ഗുണസർഗ്ഗഃ | പ്രാകൃതദേഹാരംഭം സംഭവിക്കുക എന്ന രൂപത്തിലുള്ളതായ |
| അലീനപ്രകൃതേഃ | പ്രകൃതിവാസന നശിക്കാത്തവന്നു് | യഃ | യാതൊരു |
| ത്രൈഗുണ്യ- വിഷയഃ | ത്രിഗുണാത്മകമായ പ്രകൃതികാര്യത്തെ ലക്ഷീകരിച്ചുകൊണ്ടുള്ള | പ്രവൃത്തി- ലക്ഷണഃ | പ്രവൃത്തിമാർഗ്ഗമുണ്ടോ |
| പുനഃ പുനഃ | വീണ്ടും വീണ്ടും | അസൗ ച ഏവ (കഥിതഃ) | ആയതുതന്നെയും ചൊല്ലിത്തരപ്പെട്ടു |

തൃതീയസ്കന്ധത്തിൽ "ദക്ഷിണേന പഥാര്യമ്ണഃ പിതൃലോകം വിശന്തി തേ" ഇത്യാദി പ്രകരണത്താൽ വ്യക്തമാക്കിയ പ്രവൃത്തിമാർഗ്ഗത്തെ ഇവിടെ അനുസ്മരിക്കുന്നു. പ്രകൃതിവാസന നശിച്ചിട്ടില്ലാത്ത മനുഷ്യൻ സൽകർമ്മങ്ങളാൽ പരലോകത്തിൽ സ്വർഗ്ഗസുഖം അനുഭവിച്ചു് പുണ്യം ക്ഷയിക്കുമ്പോൾ വീണ്ടും ഭൂമിയിൽ വന്നു ജനിക്കുന്നു ഇതുതന്നെ പിന്നെയും പിന്നെയും ആവർത്തിക്കുന്നു. പ്രകൃതികാര്യമായ കർമ്മവാസന നശിക്കായ്കയാൽ അവൻ ജനിമൃതിചക്രത്തിൽനിന്നു് മുക്തനാവുന്നില്ല.

3 അധർമ്മലക്ഷണാ നാനാ നരകാശ്ചാനുവർണ്ണിതാഃ
മന്വന്തരശ്ച വ്യാഖ്യാത ആദ്യഃ സ്വായംഭുവോ യതഃ

| | |
|---|---|
| അധർമ്മ- ലക്ഷണാഃ | അധർമ്മങ്ങളുടെ സ്വരൂപങ്ങളാണ |
| നാനാ | പലതരം |
| നരകാഃ ച | നരകങ്ങളും |
| അനുവർണ്ണിതാഃ | തുടർന്നു വർണ്ണിക്കപ്പെട്ടു |

| | |
|---|---|
| യതഃ | യാതൊന്നിൽ |
| സ്വായംഭുവഃ | സ്വായംഭുവമെന്ന |
| ആദ്യഃ | ആദ്യത്തെ |
| മന്വന്തരഃ | മന്വന്തരം ഉണ്ടായോ |
| (സഃ) ച | അതും |
| വ്യാഖ്യാതഃ | വിസ്തരിക്കപ്പെട്ടു |

4 പ്രിയവ്രതോത്താനപദോർവംശസ്തച്ചരിതാനി ച
ദ്വീപവർഷസമുദ്രാദ്രിനദ്യുദ്യാനവനസ്പതീൻ

5 ധരാമണ്ഡലസംസ്ഥാനം ഭാഗലക്ഷണമാനതഃ
ജ്യോതിഷാം വിവരാണാം ച യഥേദമസൃജദ്വിഭുഃ

| | |
|---|---|
| പ്രിയവ്രതോ- ത്താനപദോഃ | പ്രിയവ്രതന്റെയും ഉത്താനപാദന്റെയും |
| വംശഃ (വ്യാഖ്യാതഃ) | വംശവും വ്യാഖ്യാനിക്കപ്പെട്ടു |
| തച്ചരിതാനി ച | അവരുടെ കഥകളും |
| [വ്യാഖ്യാതാനി] | വ്യാഖ്യാനിക്കപ്പെട്ടവയാണു് |
| ദ്വീപവർഷ- സമുദ്രാദ്രി- നദ്യുദ്യാന- വനസ്പതീൻ | ദ്വീപുകളും, ഭൂഖണ്ഡങ്ങളും, സമുദ്രങ്ങളും, പർവ്വതങ്ങളും, ഉപവനങ്ങളും, വൃക്ഷങ്ങളും, എന്നിവയേയും |
| ഭാഗലക്ഷണ- മാനതഃ | വിഭാഗങ്ങളും, പ്രത്യേകതകളും, അളവുകളും എന്നിവയനുസരിച്ചു് |

| | |
|---|---|
| ധരാമണ്ഡല- സംസ്ഥാനം | ഭൂമണ്ഡലത്തിന്റെ അവസ്ഥിതിയേയും |
| ജ്യോതിഷാം | ജ്യോതിർഗോളങ്ങളുടെയും |
| വിവരാണാം ച | അധോലോകങ്ങളുടെയും |
| (സംസ്ഥാനം) | അവസ്ഥിതിയേയും |
| വിഭുഃ | സർവ്വേശ്വരൻ |
| യഥാ | ഏതുവിധം |
| ഇദം | ഇതിനെയെല്ലാം |
| അസൃജത് | സൃഷ്ടിച്ചുവോ |
| തഥാ (വ്യാഖ്യാതം) | അതേവിധം വിസ്തരിക്കപ്പെട്ടു |

ചതുർത്ഥപഞ്ചമസ്കന്ധങ്ങളിൽ ശ്രീശുകൻ വിവരിച്ചു പറഞ്ഞ സംഗതികളെയാണു് ഇവിടെ അനുസ്മരിച്ചതു്

6 ആധുനേഹ മഹാഭാഗ യഥൈവ നരകാന്നരഃ
നാനോഗ്രയാതനാന്നേയാത്തന്മേ വ്യാഖ്യാതുമർഹസി

| | |
|---|---|
| മഹാഭാഗ | ഹേ മഹാത്മൻ |
| ഇഹ | ഈ ലോകത്തിൽ |
| നരഃ | മനുഷ്യൻ |
| യഥാഏവ | ഏതൊരു ഉപായത്താൽ |

| | |
|---|---|
| നാനോഗ്ര- യാതനാൻ | പലതരം മുന്തിയ തീവ്രവേദനകളോടു കൂടിയ |
| നരകാൻ | നരകങ്ങളെ |

| | |
|---|---|
| ന ഇയാത് | പ്രാപിക്കയില്ലയോ |
| തത് | ആയത് |
| അധുനാ മേ | എനിക്ക് ഇപ്പോൾ |
| വ്യാഖ്യാതും സവിസ്തരം | പറഞ്ഞുതരുവാൻ |
| അർഹസി | കരുണചെയ്യണം |

ശ്രീശുക ഉവാച ശ്രീശുകൻ പറഞ്ഞു

മനു മുതലായ സ്മൃതികൎത്താക്കൾ പാപകൎമ്മങ്ങൾക്കു വിധിച്ചിരിക്കുന്ന പ്രായശ്ചിത്തകൎമ്മം ചെയ്യാതിരുന്നാൽ നരകദുഃഖം അനുഭവിക്കേണ്ടതായിവരുമെന്നു് അടുത്ത രണ്ടുശ്ലോകംകൊണ്ടു പറയുന്നു—

7 ന ചേദിഹൈവാപചിതിം യഥാംഹസഃ
കൃതസ്യ കുൎയ്യാന്മനഉക്തിപാണിഭിഃ
ധ്രുവം സ വൈ പ്രേത്യ നരകാനുപൈതി
യേ കീൎത്തിതാ മേ ഭവതസ്തിഗ്മയാതനാഃ

| | |
|---|---|
| മനഉക്തി-പാണിഭിഃ | മനസ്സ്, വാക്ക്, കരം എന്നിവകൊണ്ടു് |
| കൃതസ്യ | ചെയ്യപ്പെട്ടതായ |
| അംഹസഃ | പാപത്തിന്നു് |
| ഇഹ ഏവ | ഈ ലോകത്തിൽ വെച്ചു തന്നെ |
| അപചിതിം | പ്രായശ്ചിത്തകൎമ്മത്തെ |
| യഥാ | വിധിപ്രകാരം |
| ന കുൎയ്യാത് ചേത് | അനുഷ്ഠിക്കാതെയിരുന്നാൽ |
| സഃ പ്രേത്യ | അവൻ മരിച്ചശേഷം |
| ധ്രുവം വൈ | തീൎച്ചയായും തന്നെ |
| നരകാൻ | നരകങ്ങളിലേക്കു് |
| ഉപൈതി | ചെന്നണയുന്നു— |
| യേ | യാതൊന്നുകൾ (ആ നരകങ്ങൾ) |
| തിഗ്മയാതനാഃ | ഘോരയാതനാമയങ്ങളായിട്ടു് |
| മേ ഭവതഃ | എന്നാൽ അങ്ങയ്ക്കു് |
| കീൎത്തിതാഃ | വൎണ്ണിച്ചുപറയപ്പെട്ടതാണു് |

തസ്മാത് പുരൈവാശ്വിഹ പാപനിഷ്കൃതൗ
യതേത മൃത്യോരവിപദ്യതാത്മനാ
ദോഷസ്യ ദൃഷ്ട്വാ ഗുരുലാഘവം യഥാ
8 ഭിഷക് ചികിത്സേത രുജാം നിദാനവിത്

| | |
|---|---|
| തസ്മാത് | ആകയാൽ |
| മൃത്യോഃ | മരണത്തിന്നു് |
| പുരാ ഏവ | മുമ്പായിത്തന്നെ |
| അവിപദ്യതാ | ശക്തിക്ഷയാദ്യനൎത്ഥം ബാധിക്കാതെയുള്ള |
| ആത്മനാ | ദേഹേന്ദ്രിയാദികളോടുകൂടി |
| ഇഹ | ഈ ലോകത്തിൽ ഇരിക്കുമ്പോൾ |
| ആശു | കാലവിളംബം വരുത്താതെ |
| പാപനിഷ്കൃതൗ | പാപപരിഹാരവിഷയത്തിൽ |
| യതേത | യത്നിച്ചുകൊള്ളണം |
| രുജാം | രോഗങ്ങളുടെ |
| നിദാനവിത് | നിദാനം അറിവുള്ള |
| ഭിഷക് | വൈദ്യൻ |
| ദോഷസ്യ | ത്രിദോഷത്തിന്റെ |
| ഗുരുലാഘവം | ഏറ്റക്കുറവിനെ |
| ദൃഷ്ട്വാ | കണ്ടുപിടിച്ചു് |
| യഥാ | യഥാവിധി |
| ചികിത്സേത | ചികിത്സചെയ്യണമല്ലോ |

രാജോവാച=രാജാവു് ചോദിച്ചു—

9 ദൃഷ്ടശ്രുതാഭ്യാം യത് പാപം ജാനന്നപ്യാത്മനോഽഹിതം
കരോതി ഭൂയോ വിവശഃ പ്രായശ്ചിത്തമഥോ കഥം

| | | | |
|---|---|---|---|
| ദൃഷ്ടശ്രുതാഭ്യാം | കണ്ടതുകൊണ്ടും കേട്ടതുകൊണ്ടും | വിവശഃ | പ്രകൃതിക്കടിമയായിട്ടു് |
| പാപം യത് | പാപമെന്നുള്ളതു് | ഭൂയഃ (തത്) | വീണ്ടും അതു് |
| ആത്മനഃ | തനിക്കു് | കരോതി | ചെയ്യുന്നു |
| അഹിതം | ഹാനികരമാണെന്നു് | അഥോ | തന്നിമിത്തം |
| ജാനൻ അപി | അറിഞ്ഞിരുന്നിട്ടും കൂടി | പ്രായശ്ചിത്തം | പാപനിവൃത്തിക്കുള്ള കർമ്മം |
| | | കഥം | എങ്ങനെ സഫലമാകും? |

10 കദാചിന്നിവർത്തതേഽഭദ്രാത് കദാചിച്ചരതി തത് പുനഃ
പ്രായശ്ചിത്തമഥോഽപാർത്ഥം മന്യേ കുഞ്ജരശൗചവത്

| | | | |
|---|---|---|---|
| കദാചിത് | ഒരിക്കൽ | അഥോ | തന്നിമിത്തം |
| അഭദ്രാത് | പാപക്കെട്ടതിയിൽ നിന്നു് | പ്രായശ്ചിത്തം | പാപനിവൃത്തിക്കുള്ള കർമ്മം |
| നിവർത്തതേ | വിട്ടുനില്ക്കുന്നു | കുഞ്ജര-ശൗചവത് | ആനയുടെ കുളി പോലെ |
| കദാചിത് | മറ്റൊരിക്കൽ | അപാർത്ഥം | നിഷ്പ്രയോജനമെന്നു് |
| തത് | അതുതന്നെ | മന്യേ | ഞാൻ കരുതുന്നു |
| പുനഃ ചരതി | പിന്നെയും ആചരിക്കുന്നു | | |

പ്രായശ്ചിത്തകർമ്മാനുഷ്ഠാനം ദുഷ്കൃതത്തിനു് ആത്യന്തികപരിഹാരം വരുത്തുകയില്ല. മനുഷ്യൻ സ്വാഭാവികമായി കാമക്രോധാദികൾക്കു് വശംവദനാകയാൽ പ്രായശ്ചിത്തത്താൽ പാപവിമുക്തിയുണ്ടായാലുംകൂടി വീണ്ടും പാപകൃത്യം ചെയ്തുകൊണ്ടിരിക്കും. കുളികഴിഞ്ഞ ആന തന്റെ പുറത്തു് താൻ തന്നെ മണ്ണുവാരിയിടുന്നപോലെ പ്രായശ്ചിത്തത്താൽ പാപവിമുക്തനായവൻ വാസനാബലത്താൽ വീണ്ടും ദുഷ്കർമ്മത്തിൽ വ്യാപരിക്കുന്നു. ആകയാൽ പ്രായശ്ചിത്തം നിഷ്പ്രയോജനമാണെന്നു് രാജാവു് കരുതുന്നു ശ്രീശുകബ്രഹ്മർഷി ഈ വാദമുഖത്തെ അംഗീകരിച്ചുകൊണ്ടാണു് ഇനി പറഞ്ഞുതുടങ്ങുന്നതു്—

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു—

11 കർമ്മണാ കർമ്മനിർഹാരോ ന ഹ്യാത്യന്തിക ഇഷ്യതേ
അവിദ്വദധികാരിത്വാത് പ്രായശ്ചിത്തം വിമർശനം.

| | | | |
|---|---|---|---|
| അവിദ്വദ-ധികാരി-ത്വാത് | ജ്ഞാനിയല്ലാത്തവൻ കർമ്മാധികാരിയായിരിക്കുകയാൽ | ആത്യന്തികഃ | എന്നെന്നേക്കുമായ |
| കർമ്മണാ | കൃച്ഛ്രചാന്ദ്രായണാദികർമ്മത്താൽ | കർമ്മനിർഹാരഃ | ദുഷ്കൃതനാശം |
| | | ന ഹി-ഇഷ്യതേ | സംഭവിക്കുമെന്നു് തീരെ കരുതപ്പെടുന്നില്ല |

| | |
|---|---|
| പ്രായശ്ചിത്തം | ശരിയായ പാപപരിഹാരം |

| | |
|---|---|
| വിമർശനം | അദ്ധ്യാത്മവിചാരം (തത്ത്വജ്ഞാനം) മാത്രമാണ്. |

12 നാശ്നതഃ പഥ്യമേവാന്നം വ്യാധയോഽഭിഭവന്തി ഹി
ഏവം നിയമകൃദ്രാജൻ ശനൈഃ ക്ഷേമായ കല്പതേ

| | |
|---|---|
| പഥ്യം | ഹിതവും മിതവുമായ |
| അന്നം ഏവ | ആഹാരം മാത്രം |
| അശ്നതഃ | കഴിക്കുന്ന ആളുകളെ |
| വ്യാധയഃ | രോഗങ്ങൾ |
| ന അഭി- ഭവന്തി ഹി | ബാധിക്കുന്നതല്ലല്ലോ; |
| രാജൻ | അല്ലയോ രാജാവേ; |

| | |
|---|---|
| ഏവം | ഇപ്രകാരം |
| നിയമകൃത് | ആത്മനിയന്ത്രണം പാലിക്കുന്നവൻ |
| ശനൈഃ | സാവകാശം |
| ക്ഷേമായ | ആത്മസുഖസ്വരൂപമാവുന്ന തത്ത്വജ്ഞാനത്തിന്ന് |
| കല്പതേ | സുയോഗ്യനായിത്തീരുന്നു. |

കൎമ്മങ്ങൾ അവിദ്യയോടു ബന്ധമുള്ളവയാണ്. അവയ്ക്കു് അന്യോന്യം ഇണക്കമുണ്ട്. ആകയാൽ പ്രായശ്ചിത്തകൎമ്മം പാപകൎമ്മത്തിന്റെ വേരറുക്കയില്ല. അതിന്നു തത്ത്വജ്ഞാനമേ പ്രയോജനപ്പെടുകയുള്ളു. അതാകട്ടെ ചില നിയമങ്ങളുടെ അഭ്യസനംകൊണ്ടു നേടാവുന്നതാണ്. ആ നിയമങ്ങൾ ഏവ?- താഴെ രണ്ടു ശ്ലോകംകൊണ്ടു പറയുന്നു.

13 തപസാ ബ്രഹ്മചര്യേണ ശമേന ച ദമേന ച
ത്യാഗേന സത്യശൗചാഭ്യാം യമേന നിയമേന ച

14 ദേഹവാഗ്ബുദ്ധിജം ധീരാ ധൎമ്മജ്ഞാഃ ശ്രദ്ധയാന്വിതാഃ
ക്ഷിപന്ത്യഘം മഹദപി വേണുഗുല്മമിവാനലഃ.

| | |
|---|---|
| തപസാ | മനസ്സിന്റെ ഏകാഗ്രത കൊണ്ടും, |
| ബ്രഹ്മ- ചര്യേണ | സർവ്വഥാ സ്ത്രീസംഗപരിത്യാഗം കൊണ്ടും, |
| ശമേന ച | മനോനിയന്ത്രണം കൊണ്ടും, |
| ദമേന ച | ബാഹ്യേന്ദ്രിയങ്ങളുടെ നിയന്ത്രണം കൊണ്ടും, |
| ത്യാഗേന | ദാനം കൊണ്ടും, |
| സത്യ- ശൗചാഭ്യാം | സത്യം-ശുചിത്വം എന്നിവ കൊണ്ടും, |
| യമേന | അഹിംസാനിഷ്ഠ കൊണ്ടും, |

| | |
|---|---|
| നിയമേന ച | ജപാനുഷ്ഠാനം കൊണ്ടും |
| ധീരാഃ | ദൃഢപ്രജ്ഞന്മാരായ |
| ധൎമ്മജ്ഞാഃ | ധൎമ്മജ്ഞന്മാർ |
| ശ്രദ്ധയാ | ശ്രദ്ധയോടു് |
| അന്വിതാഃ | കൂടിയവരായിരുന്നു് |
| അഘം | പാപത്തെ |
| മഹത് അപി | എത്രതന്നെ പെരുത്തതായാലും |
| അനലഃ | അഗ്നി |
| വേണുഗുല്മം | ഓടക്കാടിനെ |
| ഇവ | എന്നപോലെ |
| ക്ഷിപന്തി | നശിപ്പിക്കുന്നു |

പ്രായശ്ചിത്തവിഷയങ്ങളിൽ കൎമ്മമാൎഗ്ഗം അപര്യാപ്തമാണെന്നു് ആദ്യമേ പറഞ്ഞു. ജ്ഞാനമാൎഗ്ഗം പര്യാപ്തമാണെങ്കിലും അതു് ശ്രമസാദ്ധ്യവുമാണ്. അതിനാൽ സുഖസാദ്ധ്യമായ ഭക്തിമാൎഗ്ഗമാണ് ഏതദ്വിഷയത്തിൽ അത്യുത്തമമെന്നു് ഇനി ചൂണ്ടിക്കാട്ടുന്നു.

15 കേചിത് കേവലയാ ഭക്ത്യാ വാസുദേവപരായണാഃ
അഘം ധുന്വന്തി കാർത്സ്നേന നീഹാരമിവ ഭാസ്കരഃ

| | | | |
|---|---|---|---|
| വാസുദേവ-പരായണാഃ | ഭഗവാൻമാത്രം പരമാശ്രയമെന്നു് ഉള്ളിലുറച്ച | ഭാസ്കരഃ | സൂര്യൻ |
| കേചിൽ | ചുരുക്കം ചിലർ | നീഹാരം ഇവ | മൂടൽമഞ്ഞിനെ എന്ന വിധം |
| കേവലയാ | നിരപേക്ഷമായ | അഘം | പാപത്തെ |
| ഭക്ത്യാ | ഭക്തികൊണ്ടു് | കാർത്സ്യേന | പരിപൂർണ്ണമായും |
| | | ധുന്വന്തി | നശിപ്പിക്കുന്നു |

16 ന തഥാ ഹ്യഘവാൻ രാജൻ പൂയേത തപ ആദിഭിഃ
യഥാ കൃഷ്ണാർപ്പിതപ്രാണസ്തത്പൂരുഷനിഷേവയാ.

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | യഥാ | എപ്രകാരം |
| അഘവാൻ | പാപമുള്ളവൻ | | |
| തത്പൂരുഷ-നിഷേവയാ | തൻതിരുവടിയുടെ ദാസന്മാരുടെ സേവനം കൊണ്ടു് | പൂയേത | വിശുദ്ധനാകാമോ |
| കൃഷ്ണാർപ്പിത-പ്രാണഃ | ശ്രീകൃഷ്ണപരമാത്മാവിൽ സമർപ്പിക്കപ്പെട്ട മനോവൃത്തിയോടുകൂടിയവനായി ഭവിച്ചു് | തഥാ | അപ്രകാരം |
| | | തപആദിഭിഃ | തപശ്ചര്യാദികളാൽ |
| | | ന ഹി | ആകയില്ല |

17 സധ്രീചീനോ ഹ്യയം ലോകേ പന്ഥാഃ ക്ഷേമോഽകുതോഭയഃ
സുശീലാഃ സാധവോ യത്ര നാരായണപരായണാഃ.

| | | | |
|---|---|---|---|
| ഹി | അതുകൊണ്ടു് | യത്ര | യാതൊരു ഈ മാർഗ്ഗത്തിൽ |
| അയം പന്ഥാഃ | (ഭക്തിയുടെ) ഈ മാർഗ്ഗം | സുശീലാഃ | സ്വഭാവശുദ്ധിയുള്ളവരും |
| ലോകേ | ലോകത്തിൽ | സാധവഃ | നിഷ്കാമന്മാരും |
| ക്ഷേമഃ | സുഖസാധ്യവും | നാരായണ പരായണാഃ | ഭഗവാൻ മാത്രം പരമാശ്രയമെന്നുറച്ചവരുമായ ഭക്തോത്തമന്മാരാണുള്ളതു് |
| അകുതോ-ഭയഃ | ഒന്നിൻെറയും ഭയാശങ്കയ്ക്കു് ഇടമില്ലാത്തതും | | |
| സധ്രീചീനഃ | സമീചീനവുമാകുന്നു | | |

18 പ്രായശ്ചിത്താനി ചീർണ്ണാനി നാരായണപരാങ്മുഖം
ന നിഷ്പുനന്തി രാജേന്ദ്ര സുരാകുംഭമിവാപഗാഃ

| | | | |
|---|---|---|---|
| രാജേന്ദ്ര | ഹേ രാജശ്രേഷ്ഠ! | ആപഗാഃ | നദികൾ |
| ചീർണ്ണാനി | നിറവേററപ്പെട്ട | സുരാകുംഭം | മദ്യം നിറച്ചിരുന്ന കുടത്തെ |
| പ്രായ-ശ്ചിത്താനി | പാപനിർമ്മുക്തി കർമ്മങ്ങൾ | ഇവ | എന്നപോലെ |
| നാരായണ-പരാങ്മുഖം | നാരായണങ്കൽ ആഭിമുഖ്യമില്ലാത്ത മനുഷ്യനെ | ന നിഷ്പുനന്തി | നിശ്ശേഷം ശുദ്ധീകരിക്കുന്നതല്ല |

പുഴവെള്ളം ഒഴുക്കിയാലും കള്ളിൻകുടത്തിൻെറ ദുർഗ്ഗന്ധം വിട്ടുപോകാത്തതുപോലെ എത്ര വലിയ പ്രായശ്ചിത്തകർമ്മങ്ങൾ ചെയ്താലും ഭക്തിരഹിതൻ ശുദ്ധനാകുകയില്ല എന്നു സാരം

19 സകൃന്മനഃ കൃഷ്ണപദാരവിന്ദയോഃ
നിവേശിതം തദ്ഗുണരാഗി യൈരിഹ
ന തേ യമം പാശഭൃതശ്ച തദ്ഭടാൻ
സ്വപ്നേऽപി പശ്യന്തി ഹി ചീർണ്ണനിഷ്കൃതാഃ

| | | | |
|---|---|---|---|
| ഇഹ | ഈ ലോകത്തിൽ | ചീർണ്ണ-നിഷ്കൃതാഃ | (അതിനാലേ) അനുഷ്ഠിക്കപ്പെട്ട പ്രായശ്ചിത്തത്തോടു കൂടിയവരായിട്ട് |
| യൈഃ | യാതൊരുവരാൽ | യമം | അന്തകനെയും |
| കൃഷ്ണപദാരവിന്ദയോഃ | ശ്രീകൃഷ്ണഭഗവാൻെറ ചെന്താരടികളിൽ | പാശഭൃതഃ | കയറേന്തിയ |
| തദ്ഗുണരാഗി | അവിടുത്തെ ഗുണവൈഭവങ്ങളിൽ ആസക്തിയാന്ന | തദ്ഭടാൻ ച | അന്തകഭടന്മാരെയും |
| മനഃ | മനസ്സ് | സ്വപ്നേ അപി | സ്വപ്നത്തിൽപ്പോലും |
| സകൃത് | ഒരിക്കലെങ്കിലും | ന പശ്യന്തി | കാണുന്നതല്ല; |
| നിവേശിതം | ചെലുത്തപ്പെട്ടുവോ | ഹി | നിശ്ചയം |
| തേ | അവർ | | |

ഇതിനു ദൃഷ്ടാന്തമായി ഒരു പൂർവ്വകഥയെ ഇനി അവതരിപ്പിക്കുന്നു.

20 അത്ര ചോദാഹരന്തീമമിതിഹാസം പുരാതനം
ദൂതാനാം വിഷ്ണുയമയോഃ സംവാദസ്തം നിബോധ മേ

| | | | |
|---|---|---|---|
| അത്ര ച | ഈ വിഷയത്തിൽ | ദൂതാനാം | ദൂതന്മാർക്കു തമ്മിൽ നടന്ന |
| പുരാതനം | പഴക്കമുള്ള | സംവാദഃ | വാദവിവാദമാണ് |
| ഇമം | ഈ ഒരു | തം മേ | ആയതിനെ എന്നിൽ നിന്നു് |
| ഇതിഹാസം | പുരാവൃത്തത്തെ | നിബോധ | കേട്ടുധരിച്ചാലും |
| ഉദാഹരന്തി | ഉദാഹരിക്കുമാറുണ്ടു് | | |
| വിഷ്ണുയമയോഃ | വിഷ്ണുവിൻെറയും യമൻെറയും | | |

21 കാന്യകുബ്ജേ ദ്വിജഃ കശ്ചിദ്ദാസീപതിരജാമിളഃ
നാമ്നാ നഷ്ടസദാചാരോ ദാസ്യാഃ സംസർഗ്ഗദൂഷിതഃ

| | | | |
|---|---|---|---|
| കാന്യാകുബ്ജേ | കന്യാകുബ്ജമെന്ന നഗരത്തിൽ | ദാസ്യാഃ | വേശ്യയുടെ |
| നാമ്നാ അജാമിളഃ | അജാമിളനെന്നു പേരായ | സംസർഗ്ഗ-ദൂഷിതഃ | കൂട്ടുകെട്ടാൽ ദുഷിപ്പിക്കപ്പെട്ട ആയാറം |
| കശ്ചിദ് ദ്വിജഃ | ഒരു ബ്രാഹ്മണൻ | നഷ്ട-സദാചാരഃ | കൈവിട്ടുപോയ സദാചാരനിയമങ്ങളോടു കൂടിയവനുമായിരുന്നു |
| ദാസീപതിഃ | വേശ്യയുടെ ഭർത്താവായിട്ടു് | | |
| (അവർത്തത) | വർത്തിച്ചിരുന്നു; | | |

22 ബന്ദ്യക്ഷകൈതവൈശ്ചൗര്യൈർഗർഹിതാം വൃത്തിമാസ്ഥിതഃ
ബിഭ്രത് കുടുംബമശുചിര്യാതയാമാസ ദേഹിനഃ

| | |
|---|---|
| ബന്ദ്യക്ഷ- കൈതവൈഃ | യാത്രക്കാരെ തടഞ്ഞു കൊള്ളയടിക്കുക- ചൂതുകളിക്കുക- കള്ളം പറയുക എന്നിവയാലും |
| ചൗര്യൈഃ | മോഷണങ്ങളാലും |
| ഗർഹിതാം | നിന്ദിതമായ |
| വൃത്തിം | ജീവനോപായത്തെ |
| ആസ്ഥിതഃ | അവലംബിച്ച് |
| അശുചിഃ | ജീവിതശുദ്ധിയില്ലാതെയായ |
| (സഃ) | ആ അജാമിളൻ |
| കുടുംബം | കുടുംബത്തെ |
| ബിഭ്രത് | തീററിപ്പോററിക്കൊണ്ട് |
| ദേഹിനഃ | ജനങ്ങളെ |
| യാതയാമാസ | വല്ലാതെ ശല്യപ്പെടുത്തി |

23 ഏവം നിവസതസ്തസ്യ ലാളയാനസ്യ തത്സുതാൻ
കാലോ'ത്യഗാന്മഹാൻ രാജൻ അഷ്ടാശീത്യായുഷഃ സമാഃ

| | |
|---|---|
| ഏവം | ഇപ്രകാരം |
| തത്സുതാൻ | അവളുടെ മക്കളെ |
| ലാളയാനസ്യ | ലാളിച്ചുകൊണ്ട് |
| തസ്യ- നിവസതഃ | അവൻ വസിച്ചുകൊണ്ടിരിക്കെ |
| രാജൻ | രാജാവേ! |
| ആയുഷഃ | ആയുഷ്ക്കാലത്തിൻെറ |
| അഷ്ടാശീതി | എൺപത്തെട്ട് |
| സമാഃ | വർഷങ്ങളോളം വരുന്ന |
| മഹാൻ കാലഃ | നീണ്ടകാലം |
| അത്യഗാത് | കഴിഞ്ഞുപോയി |

24 തസ്യ പ്രവയസഃ പുത്രാ ദശ തേഷാം തു യോ'വമഃ
ബാലോ നാരായണോ നാമ്നാ പിത്രോശ്ച ദയിതോ ഭൃശം

| | |
|---|---|
| പ്രവയസഃ | പ്രായാധിക്യമായിക്കഴിഞ്ഞ |
| തസ്യ | ആ ബ്രാഹ്മണന് |
| ദശ പുത്രാഃ | പത്തുമക്കളുണ്ടായി. |
| തേഷാം തു | അവരിൽ വച്ച് |
| യഃ | യാതൊരുത്തൻ |
| അവമഃ | ഒടുവിലത്തവനായിരുന്നുവോ, |
| (സഃ)ബാലഃ | അവൻ കൊച്ചുകുട്ടിയും |
| നാമ്നാ നാരായണഃ | നാരായണനെന്നു പേരിട്ടിരിക്കുന്നവനും |
| പിത്രോഃ | മാതാപിതാക്കൾക്ക് |
| ഭൃശം | ഏററവും |
| ദയിതഃ ച | ഇഷ്ടപ്പെട്ടവനും ആയിരുന്നു |

25 സ ബദ്ധഹൃദയസ്തസ്മിന്നർഭകേ കലഭാഷിണി
നിരീക്ഷമാണസ്തല്ലീലാം മുമുദേ ജരഠോ ഭൃശം

| | |
|---|---|
| കലഭാഷിണി | അവ്യക്തമധുരമായി കൊഞ്ചിപ്പറയുന്ന |
| തസ്മിൻ അർഭകേ | ആ പിഞ്ചുപൈതലിൽ |
| ബദ്ധഹൃദയഃ | നെഞ്ചകം ചേർന്നുള്ള |
| സഃ ജരഠഃ | ആ പടുവൃദ്ധൻ |
| തല്ലീലാം | അവൻെറ കളിയും ചിരിയും |
| നിരീക്ഷമാണഃ | കണ്ടുകൊണ്ട് |
| ഭൃശം മുമുദേ | അധികം ആനന്ദിച്ചു |

26 ഭുഞ്ജാനഃ പ്രപിബൻ ഖാദൻ ബാലകസ്നേഹയന്ത്രിതഃ
ഭോജയൻ പായയൻ മൂഢോ ന വേദാന്തകമാഗതം

| | |
|---|---|
| ഭുഞ്ജാനഃ | ഉണ്ണുമ്പോഴും |
| പ്രപിബൻ | കുടിക്കുമ്പോഴും |
| ഖാദൻ | തിന്നുമ്പോഴും |
| ബാലകസ്നേഹ- യന്ത്രിതഃ | കുട്ടിയിലുള്ള മമത യാൽ സ്വാധീനി ക്കപ്പെട്ടവനായിട്ട് |
| ഭോജയൻ | (അവനെക്കൂടെ) ഊട്ടിയും |
| പായയൻ | കുടിപ്പിച്ചും |
| മൂഢഃ | ആ ഭോഷൻ |
| അന്തകം | കാലനെ |
| ആഗതം | അടുത്തെത്തിയതായി |
| ന വേദ | അറിഞ്ഞില്ല |

27 സ ഏവം വർത്തമാനോഽജ്ഞഃ മൃത്യുകാല ഉപസ്ഥിതേ
മതിം ചകാര തനയേ ബാലേ നാരായണാഹ്വയേ

| | |
|---|---|
| ഏവം | ഇപ്രകാരം |
| വർത്തമാനഃ | കഴിഞ്ഞുകൊണ്ടിരുന്ന |
| സഃ അജ്ഞഃ | ആ അറിവുകെട്ടവൻ |
| മൃത്യുകാലേ | മരണസമയം |
| ഉപസ്ഥിതേ | ആസന്നമായപ്പോൾ |
| നാരായണാ- ഹ്വയേ | 'നാരായണൻ' എന്ന പേരായ |
| ബാലേ തനയേ | കൊച്ചുമകനിൽ |
| മതിം ചകാര | മനസ്സർപ്പിച്ചു |

28 സ പാശഹസ്താംസ്ത്രീൻ ദൃഷ്ട്വാ പുരുഷാൻ ഭൃശദാരുണാൻ
വക്രതുണ്ഡാനൂർധ്വരോമ്ണ ആത്മാനം നേതുമാഗതാൻ

29 ദൂരേ ക്രീഡനകാസക്തം പുത്രം നാരായണാഹ്വയം
പ്ലാവിതേന സ്വരേണോച്ചൈരാജുഹാവാകുലേന്ദ്രിയഃ

| | |
|---|---|
| വക്രതുണ്ഡാൻ | വളഞ്ഞ മുഖമുള്ള വരും, |
| ഊർധ്വരോമ്ണഃ | മേലോട്ടാഞ്ഞ ശരീരരോമങ്ങളുള്ള വരും, |
| പാശഹസ്താൻ | കയർ കൈയിലുള്ള വരും, |
| ഭൃശദാരുണാൻ | അതിഭീകരന്മാരും |
| ആത്മാനം | തന്നെ |
| നേതും | കൊണ്ടുപോകാൻ |
| ആഗതാൻ | എത്തിയവരുമായ |
| ത്രീൻ | മൂന്ന് |
| പുരുഷാൻ | ആളുകളെ |
| ദൃഷ്ട്വാ | കണ്ട് |
| ആകുലേന്ദ്രിയഃ | സർവ്വേന്ദ്രിയങ്ങളും പതറിപ്പോയ |
| സഃ | അവൻ (അജാമിളൻ) |
| ദൂരേ | അകലത്തൊരിടത്ത് |
| ക്രീഡനകാ- സക്തം | കളിക്കോപ്പുകളിൽ ആസക്തനായി നിന്നിരുന്ന |
| നാരായണാഹ്വയം | നാരായണാഖ്യ നായ |
| പുത്രം | പുത്രനെ |
| പ്ലാവിതേന | നീട്ടിവലിച്ച |
| സ്വരേണ | ശബ്ദത്തോടെ |
| ഉച്ചൈഃ | ഉറക്കെ |
| ആജുഹാവ | വിളിച്ചു |

30 നിശമ്യ മ്രിയമാണസ്യ ബ്രുവതോ ഹരികീർത്തനം

| | |
|---|---|
| മഹാരാജ | അല്ലയോ മഹാരാജാവേ! |
| (ഇതി) ബ്രുവതഃ | "നാരായണാ" എന്നിങ്ങനെ വ്യക്തമായുച്ചരിച്ചുകൊണ്ടു് |
| മ്രിയമാണസ്യ | മരിക്കാൻ തുടങ്ങിയിരിക്കുന്നവന്റെ |

| | |
|---|---|
| ഹരികീർത്തനം | ഭഗവന്നാമകീർത്തനം |
| നിശമ്യ | കേട്ടിട്ടു് |
| പാർഷദാഃ | വിഷ്ണുദൂതന്മാർ |
| ഭർത്തുഃ നാമ | സ്വാമിയുടെ തിരുനാമമാകയാൽ |
| സഹസാ | ഉടനടി |
| ആപതൻ | പാഞ്ഞെത്തി |

31 വികർഷതോന്തർഹൃദയാദ്ദാസീപതിമജാമിളം
യമപ്രേഷ്യാൻ വിഷ്ണുദൂതാ വാരയാമാസുരോജസാ

| | |
|---|---|
| ദാസീപതിം | വേശ്യാസ്ത്രീയുടെ ഭർത്താവായ |
| അജാമിളം | അജാമിളനെ (അവന്റെ ലിംഗശരീരത്തെ) |
| അന്തർഹൃദയാത് | ഹൃദയാന്തർഭാഗത്തു നിന്നു് |

| | |
|---|---|
| വികർഷതഃ | ആകർഷിച്ചെടുക്കുന്ന |
| യമപ്രേഷ്യാൻ | യമകിങ്കരന്മാരെ |
| വിഷ്ണുദൂതാഃ | വിഷ്ണുദൂതന്മാർ |
| ഓജസാ | ബലാൽക്കാരേണ |
| വാരയാമാസുഃ | തടഞ്ഞു |

32 ഊചുർനിഷേധിതാസ്താംസ്തേ വൈവസ്വതപുരഃസരാഃ
കേ യൂയം പ്രതിഷേദ്ധാരോ ധർമ്മരാജസ്യ ശാസനം

| | |
|---|---|
| നിഷേധിതാഃ | (വിഷ്ണുദൂതന്മാരാൽ) വിലക്കപ്പെട്ട |
| തേ വൈവസ്വത-പുരഃസരാഃ | ആ യമകിങ്കരന്മാർ |
| താൻ ഊചുഃ | അവരോടു പറഞ്ഞു- |

| | |
|---|---|
| യൂയം കേ | "നിങ്ങളാരു്"? |
| ധർമ്മരാജസ്യ | ധർമ്മരാജാവിന്റെ |
| ശാസനം | കല്പനയെ |
| പ്രതിഷേദ്ധാരഃ | വകവയ്ക്കാത്തവർ! |

33 കസ്യ വാ കുത ആയാതാഃ കസ്മാദസ്യ നിഷേധത
കിം ദേവാ ഉപദേവാ വാ യൂയം കിം സിദ്ധസത്തമാഃ

| | |
|---|---|
| കസ്യ വാ | 'ആരുടെ ആളുകളാണു്? |
| കുതഃ | എങ്ങുനിന്നു് |
| ആയാതാഃ | വന്നവരാണു്? |
| കസ്മാത് | എന്തു കാരണത്താൽ |
| അസ്യ (നയനം) | ഇവനെ കൊണ്ടുപോകുന്നതു് |

| | |
|---|---|
| നിഷേധത | തടയുന്നു? |
| യൂയം | നിങ്ങൾ |
| ദേവാഃ കിം | ദേവന്മാരോ? |
| ഉപദേവാഃ വാ | അതോ, ഉപദേവന്മാരോ? |
| സിദ്ധസത്തമാഃ കിം | മഹാസിദ്ധന്മാരോ? |

34 സർവ്വേ പദ്മപലാശാക്ഷാഃ പീതകൗശേയവാസസഃ
കിരീടിനഃ കുണ്ഡലിനോ ലസത്പുഷ്കരമാലിനഃ

35 സർവ്വേ ച നൂതനവയസഃ സർവ്വേ ചാരുചതുർഭുജാഃ
ധനുർനിഷംഗാസിഗദാശംഖചക്രാംബുജശ്രിയഃ

36 ദിശോ വിതിമിരാലോകാഃ കുർവ്വന്തഃ സ്വേന രോചിഷാ
കിമർത്ഥം ധർമ്മപാലസ്യ കിങ്കരാന്നോ നിഷേധത

| | |
|---|---|
| സർവ്വേ | നിങ്ങളെല്ലാവരും |
| പദ്മ- പലാശാക്ഷാഃ | താമരദളംപോലെ മോഹനമായ നേത്രങ്ങളോടുകൂടിയവരും |
| പീതകൗശേയ- വാസസഃ | മഞ്ഞപ്പട്ടാട ധരിച്ചിട്ടുള്ളവരും |
| കിരീടിനഃ | കിരീടം ചൂടിയവരും |
| കുണ്ഡലിനഃ | കുണ്ഡലങ്ങളണിഞ്ഞവരും |
| ലസത്- പുഷ്കരമാലിനഃ | പരിലസിക്കുന്ന ചെന്താമരമാല ചാർത്തിയവരുമാകുന്നു. |
| ച സർവ്വേ | മാത്രമല്ല, നിങ്ങളേവരും |
| നൂതനവയസഃ | ചെറുപ്പക്കാരാണ്; |
| സർവ്വേ | എല്ലാവരും |
| ചാരുചതുർ- ഭുജാഃ | അഴകേന്തിയ നാലു ബാഹുക്കളുള്ളവരും |
| ധനുർനിഷംഗാ- സിഗദാശംഖ- ചക്രാംബുജ- ശ്രിയഃ | വില്ലും തൂണീരവും വാളും ഗദയും ശംഖചക്രങ്ങളും താമരയും കൊണ്ടു ശോഭിക്കുന്നവരാണ്; |
| സ്വേന | സ്വകീയമായ |
| രോചിഷാ | തേജസ്സുകൊണ്ട് |
| ദിശഃ | ദിക്കുകളെ |
| വിതിമിരാ- ലോകാഃ | ഇരുളും വെളിച്ചവുമില്ലാത്തതാക്കി |
| കുർവ്വന്തഃ | തീർത്തുകൊണ്ടിരിക്കുന്നു. |
| ധർമ്മപാലസ്യ | ധർമ്മരാജാവിന്റെ |
| കിങ്കരാൻ നഃ | ഭൃത്യന്മാരായ ഞങ്ങളെ |
| കിമർത്ഥം | എന്തിനായിട്ട് |
| നിഷേധത | തടുത്തുനിർത്തുന്നു?" |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

37 ഇത്യുക്തേ യമദൂതൈസ്തൈർവാസുദേവോക്തകാരിണഃ
താൻ പ്രത്യൂചുഃ പ്രഹസ്യേദം മേഘനിർഹ്രാദയാ ഗിരാ

| | |
|---|---|
| ഇതി | ഈ വിധം |
| തൈഃ യമദൂതൈഃ | ആ യമദൂതന്മാരാൽ |
| ഉക്തേ | വചിക്കപ്പെട്ടപ്പോൾ |
| വാസുദേവോ- ക്തകാരിണഃ | ശ്രീവാസുദേവന്റെ ആജ്ഞാകാരികൾ |
| പ്രഹസ്യ | ഉറക്കെ ചിരിച്ച് |
| മേഘ- നിർഹ്രാദയാ | ഇടിയൊച്ചപോലെ മുഴക്കമുള്ള |
| ഗിരാ ഇദം | മൊഴിയാൽ ഇങ്ങനെ |
| പ്രത്യൂചുഃ | മറുപടി പറഞ്ഞു |

വിഷ്ണുദൂതാ ഊചുഃ = വിഷ്ണുദൂതന്മാർ പറഞ്ഞു-

38 യൂയം വൈ ധർമ്മരാജസ്യ യദി നിർദേശകാരിണഃ
ബ്രൂത ധർമ്മസ്യ നസ്തത്ത്വം യച്ച ധർമ്മസ്യ ലക്ഷണം

| | |
|---|---|
| യൂയം വൈ | നിങ്ങൾ തീർച്ചയായും |
| ധർമ്മരാജസ്യ | യമധർമ്മരാജാവിന്റെ |
| നിർദേശ- കാരിണഃ യദി | കല്പന നടത്തുന്ന ആളുകളാണെങ്കിൽ |
| ധർമ്മസ്യ | ധർമ്മത്തിന്റെ |
| തത്ത്വം | സ്വരൂപവും |
| ധർമ്മസ്യ | ധർമ്മത്തിന്റെ |
| ലക്ഷണം | പ്രമാണം |
| യത് ച | യാതൊന്നാണോ അതും |
| നഃ ബ്രൂത | ഞങ്ങളോടു പറയുവിൻ |

39 കഥംസ്വിദ്ധ്രിയതേ ദണ്ഡഃ കിം വാസ്യ സ്ഥാനമീപ്സിതം
ദണ്ഡ്യാഃ കിം കാരിണഃ സർവ്വേ ആഹോസ്വിത് കതിചിന്നൃണാം

| | | | |
|---|---|---|---|
| ദണ്ഡഃ | ദണ്ഡനവിധി | കാരിണഃ | കർമ്മത്തിലേ |
| കഥംസ്വിത് | ഏതുമുറയ്ക്കു് | | പ്പെട്ടവരായ |
| ധ്രിയതേ | നടത്തപ്പെടുന്നു? | സർവ്വേ | എല്ലാവരും |
| അസ്യ | ഇതിന്നു് | ദണ്ഡ്യാഃ കിം. | ശിക്ഷിക്കപ്പെടേണ്ട |
| ഈപ്സിതം | ഉചിതമായ | | വരാണോ? |
| സ്ഥാനം | വിഷയം | ആഹോസ്വിത് | അതല്ല, |
| കിം വാ | എന്തായിരിക്കണം? | കതിചിത് | അവരിൽ ചിലർ |
| നൃണാം | മനുഷ്യർക്കിടയിൽ | | മാത്രമോ? |

യമദൂതാ ഊചുഃ = യമദൂതന്മാർ പറഞ്ഞു

40 വേദപ്രണിഹിതോ ധർമ്മോ ഹ്യധർമ്മസ്തദ്വിപര്യയഃ
വേദോ നാരായണഃ സാക്ഷാത് സ്വയംഭൂരിതി ശുശ്രുമ.

| | | | |
|---|---|---|---|
| വേദപ്രണിഹിതഃ | വേദത്താൽ | വേദഃ സാക്ഷാത് | വേദം ശരിക്കും |
| | വിധിക്കപ്പെട്ട | നാരായണഃ | 'നാരായണൻ' |
| | സദാചാരമാണ് | | തന്നെയാണെന്നും |
| ധർമ്മഃ | ധർമ്മമെന്നതു്; | സ്വയംഭൂഃ ഇതി | തന്നെത്താനുണ്ടാ |
| അധർമ്മഃ ഹി | അധർമ്മമാകട്ടെ | | യതാണെന്നും |
| തദ്വിപര്യയഃ | ആയതിന്റെ | ശുശ്രുമ | ഞങ്ങൾ കേട്ടു |
| | വിപരീതവുമാകുന്നു. | | ധരിച്ചിരിക്കുന്നു |

വിഷ്ണുപാർഷദന്മാർ ഉന്നയിച്ച ചോദ്യങ്ങൾ ഇവയാണ്—ധർമ്മത്തിന്റെ വാസ്തവികസ്വരൂപമെന്തു്? പ്രമാണമെന്തു്? ദണ്ഡനീയതയ്ക്കു വിഷയമേതു്? മനുഷ്യരിൽ കർമ്മബദ്ധരായവരെല്ലാം തന്നെ ദണ്ഡനാർഹരാണോ? അതോ, അവരിൽ ചിലർ മാത്രമോ? ദണ്ഡനം നടത്തുന്നതിന്റെ മുറയെന്തു്?— ഇവയ്ക്കെല്ലാം അനുക്രമം യമദൂതന്മാർ സമാധാനം പറയുന്നു.— വേദോക്തമായ സദാചാരസംഹിതയാണ് ധർമ്മത്തിന്റെ യഥാർത്ഥരൂപം. അതിന്റെ പ്രമാണവും വേദംതന്നെ. വേദനിഷിദ്ധമായതെല്ലാം അധർമ്മം. ദണ്ഡനീയതക്കുള്ള വിഷയം അധർമ്മമാണ്. സാക്ഷാൽ നാരായണൻ തന്നെയാകുന്നു വേദമെന്നതു്. ആകയാൽ വേദം സ്വയംസംജാതവുമാണ്. അതിന്റെ പ്രാമാണ്യം ചോദ്യം ചെയ്യപ്പെടാവുന്നതല്ല. ഇനി അടുത്ത ശ്ലോകം കൊണ്ടു 'നാരായണൻ' ആരെന്നു് വ്യക്തമാക്കുന്നു—

41 യേന സ്വധാമ്ന്യമീ ഭാവാ രജഃസത്ത്വതമോമയാഃ
ഗുണനാമക്രിയാരൂപൈർവിഭാവ്യന്തേ യഥാതഥം

| | | | |
|---|---|---|---|
| യേന | ഏതൊരുവനാൽ | ഗുണനാമ– | ശാന്തത്വാദിഗുണ |
| സ്വധാമ്നി | സ്വസ്വരൂപത്തിൽ | ക്രിയാ | ങ്ങളാലും, ബ്രാഹ്മ |
| രജഃസത്ത്വ- | രാജസം, സാത്വികം | രൂപൈഃ | ണാദിനാമങ്ങളാലും |
| തമോമയാഃ | താമസം എന്നിവ | | അധ്യയനാദി ക്രിയ |
| | യുടെ കാര്യങ്ങളായ | | കളാലും, വർണ്ണാശ്രമാ |
| അമീ ഭാവാഃ | ഈ പ്രാണികൾ | | ദിരൂപഭേദങ്ങളാലും |

| | | | |
|---|---|---|---|
| യഥാതഥം | വേണ്ടതുപോലെ | (സഃനാരായണഃ) | അവനാകുന്ന |
| വിഭാവ്യന്തേ | ചിട്ടപ്പെടുത്തിവയ്ക്കപ്പെട്ടിരിക്കുന്നുവോ, | | നാരായണൻ. |

ശരി, എന്നിരുന്നാലും ഈ ബ്രാഹ്മണൻ അധർമ്മകൃത്യം ചെയ്യുവനാണെന്നു് നിങ്ങളുടെ അറിവിൽപ്പെട്ടതെങ്ങനെ? പറയുന്നു—

42 സൂര്യോഽഗ്നിഃ ഖം മരുദ്ഗാവഃ സോമഃ സന്ധ്യാഹനീ ദിശഃ
കം കുഃ കാലോ ധർമ്മ ഇതി ഹ്യേതേ ദൈഹ്യസ്യ സാക്ഷിണഃ

| | | | |
|---|---|---|---|
| സൂര്യഃ അഗ്നിഃ | സൂര്യൻ, അഗ്നി, | കാലഃ ധർമ്മഃ | കാലം, ധർമ്മദേവൻ |
| ഖം മരുത് | ആകാശം, വായു, | ഇതി ഏതേ | എന്നിങ്ങനെയുള്ളവർ |
| ഗാവഃ സോമഃ | സ്വർഗ്ഗം, ചന്ദ്രൻ | | |
| സന്ധ്യാ } | സന്ധ്യ, | ദൈഹ്യസ്യ | ജീവന്റെ (ജീവൻ ചെയ്യുന്നകർമ്മത്തിന്റെ) |
| അഹനീ } | രാപ്പകലുകൾ, | | |
| ദിശഃ | ദിക്കുകൾ, | സാക്ഷിണഃ ഹി | ദൃക്സാക്ഷികളത്രേ |
| കം കുഃ | ജലം, ഭൂമി | | |

ഇനി ദണ്ഡനത്തിനുള്ള സ്ഥാനം (വിഷയം) ഏതെന്നും, ദണ്ഡ്യന്മാർ ആരെല്ലാമെന്നും, ദണ്ഡനമുറയെന്തെന്നും വ്യക്തമാക്കുന്നു—

43 ഏതൈരധർമ്മോ വിജ്ഞാതഃ സ്ഥാനം ദണ്ഡസ്യ യുജ്യതേ
സർവ്വേ കർമ്മാനുരോധേന ദണ്ഡമർഹന്തി കാരിണഃ

| | | | |
|---|---|---|---|
| ഏതൈഃ | ഇവരാൽ | സർവ്വേ | എല്ലാവരും |
| വിജ്ഞാതഃ | അറിയപ്പെട്ടതായ | കർമ്മാ- | കർമ്മത്തിന്റെ ഗുരു |
| അധർമ്മഃ | അധർമ്മകൃത്യം | നുരോധേന | ലഘുത്വം അനുസരിച്ച് |
| ദണ്ഡ്യ | ശിക്ഷാനടപടിക്ക് | | |
| സ്ഥാനം | വിഷയമാകുന്നതു് | ദണ്ഡം | ദണ്ഡനത്തെ |
| യുജ്യതേ | യുക്തമാകുന്നു. | അർഹന്തി | അർഹിക്കുന്നു. |
| കാരിണഃ | കർമ്മം ചെയ്യുന്നവർ | | |

44 സംഭവന്തി ഹി ഭദ്രാണി വിപരീതാനി ചാനഘാഃ
കാരിണാം ഗുണസംഗോഽസ്തി ദേഹവാന്നഹ്യകർമ്മകൃത്.

| | | | |
|---|---|---|---|
| അനഘാഃ | നിഷ്പാപന്മാരേ | അഭദ്രാണി ച | നല്ലതല്ലാത്ത കർമ്മങ്ങളും |
| കാരിണാം | കർമ്മത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കെല്ലാം | സംഭവന്തി | സംഭവിക്കുന്നു |
| ഗുണസംഗഃ | സത്ത്വാദിഗുണങ്ങളോടു സംബന്ധം | ദേഹവാൻ | ഉടലെടുത്തവൻ |
| | | അകർമ്മകൃത് | ഏതെങ്കിലും ഒരു കർമ്മം ചെയ്യാതെ |
| അസ്തി | ഉള്ളതാണ്; | | |
| ഹി | തന്നിമിത്തം | ന ഹി | ഇരിക്കുന്നതേയില്ല- |
| ഭദ്രാണി | നല്ലതായ കർമ്മങ്ങളും | | |

അപ്പോൾ കർമ്മങ്ങൾക്കു് അവശ്യം പാപം സംഭവിക്കുമെന്നതിനാൽ കർമ്മവാസനവിടാത്തവരെല്ലാം ദണ്ഡനം അർഹിക്കുന്നുവെന്നു താൽപര്യം.
ഇനി ദണ്ഡനം ഏല്പിക്കുന്നതിന്റെ മുറയെന്തെന്നു പറയുന്നു—

45 യേന യാവാൻ യഥാഽധർമ്മോ ധർമ്മോ വേഹ സമീഹിതഃ
സ ഏവ തത്ഫലം ഭുങ്ക്തേ തഥാ താവദമുത്ര വൈ.

| | | | |
|---|---|---|---|
| ഇഹ | ഈ ലോകത്തിൽ, ഇജ്ജന്മത്തിൽ | താവത് | അത്രത്തോളം |
| ധർമ്മഃ വാ | ധർമ്മമെന്നപോലെ | തഥാ | അപ്രകാരം |
| അധർമ്മഃ | അധർമ്മവും | സഃ ഏവ | അവൻതന്നെ |
| യാവാൻ | എത്രത്തോളം | തത്ഫലം | അതിന്റെ ഫലത്തെയും |
| യഥാ | എപ്രകാരം | ഭുങ്ക്തേ | അനുഭവിക്കുന്നതാണ്, |
| യേന | ഏതൊരുവനാൽ | വൈ | തീർച്ച |
| സമീഹിതഃ | ചെയ്യപ്പെട്ടതാണോ, | | |
| അമുത്ര | പരലോകത്തിൽ, മറുജന്മത്തിൽ | | |

ജീവനെ സംബന്ധിച്ച ധർമ്മാധർമ്മങ്ങളുടെ അറിവ് സൂര്യാദി കർമ്മസാക്ഷികളിൽ നിന്നു മാത്രമല്ല, അനുമാനത്തിൽ നിന്നും ഉണ്ടാകുമെന്നു് ഇനി പറയുന്നു—

46 യഥേഹ ദേവപ്രവരാസ്ത്രൈവിധ്യമുപലഭ്യതേ
ഭൂതേഷു ഗുണവൈചിത്ര്യാത്തഥാന്യത്രാനുമീയതേ

| | | | |
|---|---|---|---|
| ദേവപ്രവരാഃ | അല്ലയോ ദേവശ്രേഷ്ഠരേ! | യഥാ | എങ്ങനെ |
| ഇഹ | ഈ ജന്മത്തിൽ | ഉപലഭ്യതേ | കാണാൻതരപ്പെടുന്നുവോ, |
| ഭൂതേഷു | ശരീരികളിൽ | തഥാ | അതനുസരിച്ച് |
| ഗുണവൈചിത്ര്യാത് | സത്ത്വാദിഗുണങ്ങളുടെ ഏറ്റക്കുറവു കാരണം | അന്യത്ര | മറുജന്മങ്ങളിലെ സ്വഭാവവും |
| ത്രൈവിധ്യം | മൂന്നു വിധത്തിലുള്ള (നല്ലതും ചീത്തയും രണ്ടും കലർന്നതുമായ) സ്വഭാവമുണ്ടാവുന്നതു് | അനുമീയതേ | അനുമാനിക്കപ്പെടുന്നു |

47 വർത്തമാനോഽന്യയോഃ കാലോ ഗുണാഭിജ്ഞാപകോ യഥാ
ഏവം ജന്മാന്യയോരേതദ്ധർമ്മാധർമ്മനിദർശനം

| | | | |
|---|---|---|---|
| വർത്തമാനഃ | ഇപ്പോൾനിലവിലുള്ള | ഏവം | അതുപോലെ |
| കാലഃ | ഒരുകാലം | ഏതത് ജന്മ | ഈ നിലവിലുള്ള ജന്മം |
| അന്യയോഃ | കഴിഞ്ഞതും വരാൻപോകുന്നതുമായകാലങ്ങളുടെ | അന്യയോഃ | മുമ്പുണ്ടായതും ഇനി ഉണ്ടാവാൻ പോകുന്നതുമായ ജന്മങ്ങളിലെ |
| ഗുണാഭിജ്ഞാപകഃ | ഗുണങ്ങളുടെ ജ്ഞാപകമായിരിക്കുന്നതു് | ധർമ്മാധർമ്മനിദർശനം | സുകൃതദുഷ്കൃതങ്ങളുടെജ്ഞാപകമാകുന്നു. |
| യഥാ | ഏതുപോലെയോ, | | |

ഇപ്പോഴം നിലവിലുള്ളതു് വസന്തകാലമാണെന്നുകരുതുക. അതു് കഴിഞ്ഞതും മേലിൽ വരാനുള്ളതുമായ വസന്തങ്ങളുടെ സ്വഭാവം നമ്മെ പരിചയപ്പെടുത്തുന്നു. അതുപോലെ ഇജ്ജന്മത്തിലെ അനുഭവം പൂർവ്വാപരജന്മങ്ങളിലെ സുകൃതദുഷ്കൃതങ്ങളുടെ സ്ഥിതിയും അനുമാനംകൊണ്ടു് അറിയുവാൻ പ്രയോജനപ്പെടുന്നുഎന്നു് ആശയം.

കർമ്മസാക്ഷികളംമുഖേനയും. അഭ്യൂഹംകൊണ്ടുമുള്ള ധർമ്മാധർമ്മപരിജ്ഞാനം സാധാരണന്മാരെ സംബന്ധിച്ചുള്ളതാണ്. ധർമ്മരാജാവായ യമനാകട്ടെ തന്നുള്ളിൽ എല്ലാം കണ്ടുകൊണ്ടേ ഇരിക്കുന്നുവെന്നു് അടുത്തശ്ലോകം കൊണ്ടുപറയുന്നു.

48 മനസൈവ പുരേ ദേവഃ പൂർവ്വരൂപം വിപശ്യതി
അനുമീമാംസതേഽപൂർവ്വം മനസാ ഭഗവാനജഃ

| | | | |
|---|---|---|---|
| ഭഗവാൻ | സർവ്വജ്ഞനും | പൂർവ്വരൂപം | ജീവന്റെ മറുപിറവികളിലുള്ള ധർമ്മാധർമ്മങ്ങളുടെ സ്വരൂപം |
| അജഃ | ജന്മാദിരഹിതനുമായ | വിപശ്യതി | തികച്ചും കണ്ടറിയുന്നു; |
| ദേവഃ | ധർമ്മദേവൻ അഥവാ സർവ്വേശ്വരൻ | അനു | അതിനോടനുബന്ധിച്ചു് |
| പുരേ | സംയമിനീപുരത്തിൽ അഥവാ, പ്രാണികളുടെ ഹൃദയാന്തരത്തിൽ സ്ഥിതി ചെയ്തുകൊണ്ടു്, | അപൂർവം | പിന്നെവേണ്ടുന്നതും |
| | | മനസാ | മനസ്സുകൊണ്ടു് |
| മനസാ ഏവ | മനസ്സുകൊണ്ടുതന്നെ | മീമാംസതേ | ചിന്തിച്ചുറക്കുന്നു |

എന്നാൽ ജീവനാകട്ടെ മായാമോഹിതനാകയാൽ നിലവിലുള്ളതിനെയല്ലാതെ പൂർവ്വാപരങ്ങളെ അറിയുന്നില്ലെന്നു് താഴെ പറയുന്നു.

49 യഥാജ്ഞസ്തമസാ യുക്ത ഉപാസ്തേ വ്യക്തമേവ ഹി
ന വേദ പൂർവ്വമപരം നഷ്ടജന്മസ്മൃതിസ്തഥാ.

| | | | |
|---|---|---|---|
| തമസാ | നിദ്രയോടു | ഹി | തൽകാരണത്താൽ |
| യുക്തഃ | ചേർന്നവൻ | വ്യക്തം ഏവ | ഇന്നു നിലവിൽ കാണുന്ന ശരീരത്തെ മാത്രം |
| യഥാ | എപ്രകാരം (സ്വപ്നത്തിലുള്ളതല്ലാതെ മറ്റൊന്നും അറിയുന്നില്ലയോ,) | ഉപാസ്തേ | താനെന്നഭിമാനിക്കുന്നു; |
| തഥാ | അപ്രകാരം | പൂർവ്വം | മുമ്പുണ്ടായിരുന്നതിനേയും |
| അജ്ഞഃ | അവിദ്യയോടു ചേർന്നു് ആത്മാവബോധമില്ലാതെയായ ജീവൻ | അപരം | പിമ്പുണ്ടാകാവുന്നതിനെയും |
| നഷ്ടജന്മസ്മൃതിഃ | പൂർവ്വജന്മസ്മരണ നശിച്ചവനായിട്ടു് | ന വേദ | അറിയുന്നില്ല |

ഇനി 5 ശ്ലോകം കൊണ്ടു് ഈ ജീവന്റെ സംസാരയാത്രയെ വിവരിക്കുന്നു—

50 പഞ്ചഭിഃ കുരുതേ സ്വാർത്ഥാൻ പഞ്ച വേദാഥ പഞ്ചഭിഃ
ഏകസ്തു ഷോഡശേന ത്രീൻ സ്വയം സപ്തദശോഽശ്നുതേ.

| | | | |
|---|---|---|---|
| പഞ്ചഭിഃ | അഞ്ചുകൊണ്ടു് | ഷോഡശേന | പതിനാറിനോടു ചേർന്നു് |
| സ്വാർത്ഥാൻ | സ്വന്തം കാര്യങ്ങളെ | സപ്തദശഃ | പതിനേഴാമതായിട്ടാണു് ഇരിപ്പെങ്കിലും |
| കുരുതേ | നിറവേററുന്നു; | സ്വയം | ജീവൻ തനിച്ചു് |
| അഥ പഞ്ചഭിഃ | പിന്നെ അഞ്ചുകൊണ്ടു് | ഏകഃ തു | ഏകനായിട്ടുതന്നെ |
| പഞ്ച വേദ | അഞ്ചിനെ അറിയുന്നു, | ത്രീൻ | മൂന്നിനെയും |
| | | അശ്നുതേ | അനുഭവിക്കുന്നു. |

സംസാരച്ചുഴിയിൽപ്പെട്ടു നട്ടംതിരിയുന്ന ജീവൻ വാഗാദികളായ അഞ്ചു കർമ്മേന്ദ്രിയങ്ങൾകൊണ്ടു് ഭാഷണാദിപ്രക്രിയകൾ നടത്തുന്നു; നേത്രാദികളായ അഞ്ചു് ജ്ഞാനേന്ദ്രിയങ്ങൾ കൊണ്ടു് രൂപാദികളായ അഞ്ചു വിഷയങ്ങളെ അറിയുന്നു. ഇങ്ങനെ കർമ്മജ്ഞാനേന്ദ്രിയങ്ങൾ പത്തും, ഇന്ദ്രിയവിഷയങ്ങൾ അഞ്ചും, മനസ്സും ചേർന്ന 16 ഉപാധികൾക്കുമേൽ പതിനേഴാമതായിട്ടാണ് ജീവൻ സംസരിക്കുന്നതെങ്കിലും കർമ്മജ്ഞാനമനോവിഷയങ്ങൾ മൂന്നിനേയും ഒററയ്ക്കു് അനുഭവിക്കുന്നു—എന്നു് താല്പര്യം.

51 തദേതത് ഷോഡശകലം ലിംഗം ശക്തിത്രയം മഹത്
ധത്തേഽനു സംസൃതിം പുംസി ഹർഷശോകഭയാർത്തിദാം

| | | | |
|---|---|---|---|
| ഷോഡശകലം | 16 ഘടകങ്ങളുള്ളതും | ഹർഷശോക-ഭയാർത്തിദാം | സന്തോഷം, സന്താപം, ഭയം പീഢ എന്നിവയെ ഉളവാക്കുന്ന |
| ശക്തിത്രയം | സത്വാദിഗുണത്രയത്തിന്റെ പരിണതവും | | |
| മഹത് | അനാദിയുമായ | സംസൃതിം | സംസാരത്തെ |
| തത് ഏതത് | ആ ഇപ്പറഞ്ഞ | അനുധത്തേ | തുടരെത്തുടരെ ഉണ്ടാക്കിവെയ്ക്കുന്നു. |
| ലിംഗം | സൂക്ഷ്മശരീരം | | |
| പുംസി | ജീവനിൽ | | |

52 ദേഹ്യജ്ഞോഽജിതഷഡ്വർഗ്ഗോ നേച്ഛൻ കർമ്മാണി കാര്യതേ
കോശകാര ഇവാത്മാനം കർമ്മണാഽഽച്ഛാദ്യ മുഹ്യതി.

| | | | |
|---|---|---|---|
| അജ്ഞഃ | ആത്മാവബോധമില്ലാത്തവനും | കർമ്മാണി | നാനാകർമ്മങ്ങളെ |
| അജിത-ഷഡ്വർഗ്ഗഃ | മനസ്സുൾപ്പെടെ ആറു് ഇന്ദ്രിയങ്ങളെ ജയിച്ചിട്ടില്ലാത്ത വനുമായ | കാര്യതേ | ഈ സൂക്ഷ്മശരീരത്താൽതന്നെ ചെയ്യിക്കപ്പെടുന്നു; |
| ദേഹീ | ശരീരി (സ്ഥൂലദേഹം പൂണ്ട ജീവൻ) | കർമ്മണാ | കർമ്മത്താൽ |
| | | ആത്മാനം | സ്വസ്വരൂപത്തെ |
| | | ആച്ഛാദ്യ | മൂടിയിട്ടു് |
| നേച്ഛൻ | സ്വയം ഇച്ഛിക്കുന്നവ | കോശകാരഃ | കൂടുകെട്ടി അതിനു |

| | |
|---|---|
| ഇവ | കൂട്ടിൽനിന്നു പുറത്തു വരാൻ വഴിയറിയാതെ ഉഴറുന്നപോലെ |
| മുഹ്യതി | മോചനമാർഗ്ഗമറിയാതെ കുഴങ്ങുന്നു. |

53 ന ഹി കശ്ചിത് ക്ഷണമപി ജാതു തിഷ്ഠത്യകർമ്മകൃത്
കാര്യതേ ഹ്യവശഃ കർമ്മ ഗുണൈഃ സ്വാഭാവികൈർബലാത്.

| | |
|---|---|
| കശ്ചിത് | ഒരുവനും |
| അകർമ്മകൃത് | കർമ്മം ചെയ്യാതെ |
| ക്ഷണം അപി | ഞൊടിയിടപോലും |
| ജാതു ഹി | ഒരിക്കലും |
| ന തിഷ്ഠതി | ഇരിക്കയില്ലല്ലോ |
| ഹി | എന്തെന്നാൽ, |
| സ്വാഭാവികൈഃ | സ്വതഃസിദ്ധമായ (പൂർവ്വസംസ്കാരത്തിൽനിന്നുണ്ടായി) |
| ഗുണൈഃ | ഗുണങ്ങളാൽ (ഗുണകാര്യങ്ങളായ രാഗദ്വേഷാദികളാൽ |
| അവശഃ | തന്നിഷ്ടമില്ലാതെ |
| ബലാത് | ബലാൽക്കാരേണ |
| കാര്യതേ | കർമ്മം ചെയ്യിക്കപ്പെടുന്നു. |

54 ലബ്ധ്വാ നിമിത്തമവ്യക്തം വ്യക്താവ്യക്തം ഭവത്യുത
യഥായോനി യഥാബീജം സ്വഭാവേന ബലീയസാ.

| | |
|---|---|
| അവ്യക്തം | പൂർവ്വകർമ്മഫലമായ അദൃഷ്ടത്തെ |
| നിമിത്തം | കാരണമായി |
| ലബ്ധ്വാ | ലഭിച്ചിട്ട് |
| ബലീയസാ | ശക്തിമത്തായ |
| സ്വഭാവേന | കർമ്മവാസനയാൽ |
| യഥായോനി | മാതാവിന്നു സദൃശമോ, |
| ഉത | അല്ലെങ്കിൽ |
| യഥാബീജം | പിതാവിന്നു സദൃശമോ ആയ |
| വ്യക്താവ്യക്തം | സ്ഥൂലവും സൂക്ഷ്മവുമായ ദേഹം |
| ഭവതി | (ജീവന്ന്) ഉണ്ടാവുന്നു. |

ജീവന്ന് സംസാരചക്രഭ്രമണത്തിൽനിന്നു മുക്തനാകുവാനുള്ള ഉപായം ഇനി പറയുന്നു.—

55 ഏഷ പ്രകൃതിസംഗേന പുരുഷസ്യ വിപര്യയഃ
ആസീത് സ ഏവ ന ചിരാദീശസംഗാദ്വിലീയതേ.

| | |
|---|---|
| പുരുഷസ്യ | ജീവാത്മാവിന്ന് |
| പ്രകൃതിസംഗേന | പ്രകൃതിയോടുള്ള വേഴ്ചയാൽ |
| ഏഷഃ വിപര്യയഃ | ഈ വൈപരീത്യം. |
| ആസീത് | സംഭവിച്ചു. |
| സഃ ഏവ | അതുതന്നെ |
| ഈശസംഗാത് | ഈശ്വരനോടുള്ള വേഴ്ചയാൽ |
| ന ചിരാത് | താമസമെന്നിയെ |
| വിലീയതേ | നശിക്കുന്നതാണ് |

യമദൂതന്മാർ ഇങ്ങനെ സാമാന്യമായി ധർമ്മതത്ത്വത്തെ വിശദമാക്കിയതിന്നുശേഷം അജാമിളൻ ചെയ്ത ദുഷ്കർമ്മങ്ങളെ വിവരിച്ച്, അവൻ ദണ്ഡാർഹനാണെന്നു സ്ഥാപിക്കുവാൻ ഇനി അവന്റെ പൂർവ്വചരിത്രത്തിലേക്കു പ്രവേശിക്കുന്നു.—

56 അയം ഹി ശ്രുതസമ്പന്നഃ ശീലവൃത്തഗുണാലയഃ
ധൃതവ്രതോ മൃദുർദാന്തഃ സത്യവാൻ മന്ത്രവിച്ഛുചിഃ

57 ഗുർവഗ്ന്യതിഥിവൃദ്ധാനാം ശുശ്രൂഷുർനിരഹംകൃതഃ
സർവഭൂതസുഹൃത് സാധുർമിതവാഗനസൂയകഃ–

| | | | |
|---|---|---|---|
| അയം ഹി | ഈ അജാമിളനാകട്ടെ | ഗുർവഗ്ന്യ-തിഥിവൃദ്ധാനാം | ആചാര്യൻ-അഗ്നി അതിഥികൾ പ്രായംകൂടിയവർ എന്നിവർക്കു് |
| ശ്രുതസമ്പന്നഃ | നല്ല വിദ്യാഭ്യാസമുള്ളവനും, | ശുശ്രൂഷുഃ | സേവനം ചെയ്യുന്നതിൽ തൽപരനും, |
| ശീലവൃത്ത-ഗുണാലയഃ | സൽസ്വഭാവം-സദാചാരം-സൽഗുണങ്ങൾ എന്നിവയ്ക്കു് ഇരിപ്പിടമായവനും, | നിരഹംകൃതഃ | നിരഹങ്കാരിയും, |
| ധൃതവ്രതഃ | വ്രതനിഷ്ഠയുള്ളവനും, | സർവഭൂത-സുഹൃത് | സകലജീവജാലങ്ങളിലും സൗഹാർദ്ദമുള്ളവനും |
| മൃദുഃ | സൗമ്യനും, | | |
| ദാന്തഃ | അടക്കമുള്ളവനും, | സാധുഃ | ദുർവൃത്തിയില്ലാത്തവനും |
| സത്യവാൻ | സത്യസന്ധനും | | |
| മന്ത്രവിത് | മന്ത്രജ്ഞനും, | മിതവാക് | മിതഭാഷിയും |
| ശുചിഃ | ബാഹ്യാഭ്യന്തരശുദ്ധിയുള്ളവനും, | അനസൂയകഃ | അസൂയയില്ലാത്തവനും ആയിരുന്നു |

58 ഏകദാസൗ വനം യാതഃ പിതൃസന്ദേശകൃദ്ദ്വിജഃ
ആദായ തത ആവൃത്തഃ ഫലപുഷ്പസമിത്കുശാൻ

| | | | |
|---|---|---|---|
| അസൗ ദ്വിജഃ | ഈ ബ്രാഹ്മണൻ | ഫലപുഷ്പ-സമിത്കുശാൻ | കനികളും പൂക്കളും ചമതയും ദർഭപ്പുല്ലും |
| ഏകദാ | ഒരിക്കൽ | | |
| പിതൃ-സന്ദേശകൃത് | പിതാവിന്റെ നിർദ്ദേശത്തെ നിറവേറ്റുവാനുദ്ദേശിച്ചുകൊണ്ടു് | ആദായ | ശേഖരിച്ചെടുത്തു് |
| | | തതഃ | അവിടെനിന്നു് |
| വനം യാതഃ | വനത്തിലേക്കു പോയി | ആവൃത്തഃ | മടങ്ങിവരികയായിരുന്നു. |

59 ദദർശ കാമിനം കഞ്ചിത് ശൂദ്രം സഹ ഭുജിഷ്യയാ
പീത്വാ ച മധു മൈരേയം മദാഘൂർണിതനേത്രയാ

60 മത്തയാ വിശ്ലഥന്നീവ്യാ വ്യപേതം നിരപത്രപം
ക്രീഡന്തമനുഗായന്തം ഹസന്തമനയാന്തികേ

| | | | |
|---|---|---|---|
| മൈരേയം മധു പീത്വാ | അതിലഹരിയുണ്ടാക്കുന്ന ഒരുതരം വിശിഷ്ടമദ്യം സേവിച്ചു് | മദാഘൂർണ്ണിത-നേത്രയാ | അതിന്റെ മത്തു കൊണ്ടുകറങ്ങുന്ന കണ്ണിണയോടു കൂടിയവളും |

| | |
|---|---|
| മത്തയാ | മദോന്മത്തയും, |
| വിശ്ലഥന്നീവ്യാ | അഴിഞ്ഞുകിഴിയുന്ന മടിക്കുത്തോടുകൂടിയവളുമായ |
| ഭുജിഷ്യയാ സഹ | ഒരു ദാസിപ്പെണ്ണോടുകൂടെ |
| ക്രീഡന്തം | ക്രീഡിച്ചുകൊണ്ടു, |
| അന്തികേ | അരികത്തണഞ്ഞ |
| അനയാ | ഇവളോടൊപ്പം |
| അനുഗായന്തം | ശിങ്കിടിപാടിക്കൊണ്ടും |
| വ്യപേതം | ദുർമാർഗ്ഗിയും |
| നിരപത്രപം | നിർലജ്ജനും |
| കാമിനം | കാമബാധിതനുമായ |
| കഞ്ചിത്ശൂദ്രം | ഒരു ശൂദ്രനെ |
| ദദർശ | (മടക്കത്തിൽ, അജാമിളൻ) കാണാനിടയായി |

61 ദൃഷ്ട്വാ താം കാമലിപ്തേന ബാഹുനാ പരിരംഭിതാം
ജഗാമ ഹൃച്ഛയവശം സഹസൈവ വിമോഹിതഃ

| | |
|---|---|
| കാമലിപ്തേന | കാമം വളർത്തുന്ന സുഗന്ധലേപനങ്ങളും പൂശിയ |
| ബാഹുനാ | കൈകൊണ്ട് |
| പരിരംഭിതാം | അണച്ചാശ്ലേഷിക്കപ്പെട്ട |
| താം ദൃഷ്ട്വാ | അവളെക്കണ്ടിട്ട് |
| സഹസാ ഏവ | ആ നിമിഷത്തിൽത്തന്നെ |
| വിമോഹിതഃ | വിവേകഭ്രഷ്ടനായിട്ട് |
| ഹൃച്ഛയവശം | കാമവികാരത്തിന്റെ സ്വാധീനതയിലേക്ക് |
| ജഗമ | എത്തിച്ചേർന്നു |

62 സ്തംഭയന്നാത്മനാത്മാനം യാവത്സത്വം യഥാശ്രുതം
ന ശശാക സമാധാതും മനോ മദനവേപിതം

| | |
|---|---|
| യാവത്സത്വം | മനോധൈര്യത്തിന്റെ പരമാവധിവരെയും |
| യഥാശ്രുതം | വേദശാസ്ത്രപരിചയത്തിന്നനുസരിച്ചും |
| ആത്മനാ | തന്നാൽ |
| ആത്മാനം | തന്നെ |
| സ്തംഭയൻ | അടക്കിനിർത്തിയിട്ടും |
| മദന വേപിതം | മന്മഥനാൽ ഉലയ്ക്കപ്പെട്ട |
| മനഃ | മനസ്സിനെ |
| സമാധാതും | നിയന്ത്രിക്കുവാൻ |
| ന ശശാക | ശക്തനായില്ല |

63 തന്നിമിത്തസ്മരവ്യാജഗ്രഹഗ്രസ്തോ വിചേതനഃ
താമേവ മനസാ ധ്യായൻ സ്വധർമ്മാദ്വിരരാമ ഹ

| | |
|---|---|
| തന്നിമിത്ത-സ്മരവ്യാജ-ഗ്രഹഗ്രസ്തഃ | അവളെന്നിമിത്തമായുണ്ടായ മന്മഥനെന്ന കപടദുർഭൂതത്താൽ ഗ്രസിക്കപ്പെട്ട ഈ അജാമിളൻ |
| വിചേതനഃ | സ്വബോധം വിട്ടവനായിത്തീർന്ന് |
| താം ഏവ | അവളെത്തന്നെ |
| മനസാ | മനസ്സാലേ |
| ധ്യായൻ | നിനച്ചുകൊണ്ട് |
| സ്വധർമ്മാത് | തന്റെ ധർമ്മാചരണത്തിൽനിന്ന് |
| വിരരാമ | ഒഴിഞ്ഞുമാറി; |
| ഹി | കഷ്ടമേ കഷ്ടം! |

64 താമേവ തോഷയാമാസ പിത്ര്യേണാർത്ഥേന യാവതാ
ഗ്രാമ്യൈർമ്മനോരമൈഃ കാമൈഃ പ്രസീദേത യഥാ തഥാ.

| | |
|---|---|
| പിത്ര്യേണ | പിതാവിൽനിന്നു സിദ്ധിച്ച |
| അർത്ഥേന | ധനംകൊണ്ട്— |
| യാവതാ | അതെത്രയുണ്ടായിരുന്നുവോ, അത്രയും കൊണ്ട് |
| താം ഏവ | അവളെമാത്രം |
| തോഷയാമാസ | സുഖിപ്പിച്ചിരുത്തി |
| ഗ്രാമ്യൈഃ | നികൃഷ്ടങ്ങളും |
| മനോരമൈഃ | മനസ്സിനെ രമിപ്പിക്കുന്നവയുമായ |
| കാമൈഃ | അഭീപ്സിതങ്ങളാൽ |
| യഥാ | എപ്രകാരമായാൽ |
| പ്രസീദേത | ഉള്ളം തെളിയുമോ, |
| തഥാ | അപ്രകാരം (പ്രവർത്തിച്ചു) |

65 വിപ്രാം സ്വഭാര്യാമപ്രൗഢാം കുലേ മഹതി ലംഭിതാം
വിസസർജ്ജാചിരാത് പാപഃ സ്വൈരിണ്യാപാംഗവിദ്ധധീഃ

| | |
|---|---|
| മഹതി | ഉയർന്ന |
| കുലേ | കുടുംബത്തിൽനിന്നു് |
| ലംഭിതാം | വിവാഹംചെയ്തു കിട്ടിയവളും |
| അപ്രൗഢാ | യൗവനത്തികവെത്താത്തവളും |
| വിപ്രാം | ബ്രാഹ്മണിയുമായ |
| സ്വഭാര്യാം | തന്റെ ഭാര്യയെ |
| സ്വൈരിണ്യാഃ | താന്തോന്നിയായി നടക്കുന്ന വേശ്യയുടെ |
| അപാംഗ-വിദ്ധധീഃ | കടക്കണ്ണേറിനാൽ പിളർന്നുപോയ ചിത്തത്തോടു കൂടിയവനായിത്തീർന്ന |
| പാപഃ | ഈ പാപി |
| അചിരാത് | താമസം കൂടാതെ |
| വിസസർജ്ജ | പുറംതള്ളി |

66 യതസ്തതശ്ചോപനിന്യേ ന്യായതോഽന്യായതോ ധനം
ബഭാരാസ്യാഃ കുടുംബിന്യാഃ കുടുംബം മന്ദധീരയം

| | |
|---|---|
| മന്ദധീഃ | ബുദ്ധിമോശം വന്ന |
| അയം | ഇവൻ |
| ന്യായതഃ | നീതിയോടെയും |
| അന്യായതഃ ച | അനീതിയോടെയും |
| യതഃ തതഃ | എങ്ങുനിന്നെല്ലാമോ |
| ധനം | സമ്പത്തു് |
| ഉപനിന്യേ | നേടിക്കൊണ്ടുവന്നു; |
| കുടുംബിന്യാഃ | കുട്ടികളുണ്ടായി കുടുംബം പെരുത്ത |
| അസ്യാഃ | ഈ വേശ്യയുടെ |
| കുടുംബം | കുടുംബത്തെ |
| ബഭാര | ഭരിച്ചുകൊണ്ടിരുന്നു. |

67 യദസൗ ശാസ്ത്രമുല്ലംഘ്യ സ്വൈരചാര്യാര്യഗർഹിതഃ
അവർത്തത ചിരം കാലമഘായുരശുചിർമലാത്.

68 തത ഏനം ദണ്ഡപാണേഃ സകാശം കൃതകില്ബിഷം
നേഷ്യാമോഽകൃതനിർവേശം യത്ര ദണ്ഡേന ശുദ്ധ്യതി.

| | |
|---|---|
| യത് | യാതൊരു കാരണത്താൽ |
| അസൗ | ഇവൻ |
| ശാസ്ത്രം | ധർമ്മശാസ്ത്രത്തെ |
| ഉല്ലംഘ്യ | മറികടന്നു് |
| സ്വൈരചാരീ | തന്നിഷ്ടമാചരിക്കുന്നവനും |
| ആര്യഗർഹിതഃ | സജ്ജനനിന്ദിതനും |

| | | | |
|---|---|---|---|
| അഘായുഃ | പാപംമാത്രമായ ആയുഷ്കാലത്തോടു കൂടിയവനും, | അകൃത-നിർവേശം | പ്രായശ്ചിത്തം ചെയ്തിട്ടില്ലാത്തവനുമായ |
| അശുചിഃ | ശുദ്ധിയില്ലാത്തവനും, | ഏനം | ഇവനെ |
| മലാത് | അശുദ്ധഭക്ഷണം കഴിക്കുന്നവനുമായി | ദണ്ഡപാണേഃ | ദണ്ഡാധികാരിയായ ധർമ്മദേവന്റെ |
| ചിരം കാലം | ദീർഘകാലത്തോളം | സകാശം | സമീപത്തേക്ക് |
| അവർത്തത | വർത്തിച്ചിരുന്നുവോ, | നേഷ്യാമഃ | ഞങ്ങൾ കൊണ്ടുപോകുന്നു; |
| തതഃ | അക്കാരണത്താൽ | യത്ര | യാതൊരിടത്ത് |
| കൃത-കിൽബിഷം | പാപകർമ്മം ചെയ്തവനും | ദണ്ഡേന | പീഡനം കൊണ്ട് |
| | | ശുദ്ധതി | വിശുദ്ധനാകുന്നതാണ് |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ അജാമിളോപാഖ്യാനേ പ്രഥമോഽധ്യായഃ—

ആറാമത്തെ സ്കന്ധത്തിൽ ഒന്നാമദ്ധ്യായം കഴിഞ്ഞു

---

## ദ്വിതീയോഽധ്യായഃ = അധ്യായം രണ്ട്.

### നാമമാഹാത്മ്യനിരൂപണം

" ദ്വിതീയേ വൈഷ്ണവൈര്യാമ്യാന്നാമമാഹാത്മ്യമദ്ഭുതം
ശ്രാവയിത്വാ ദ്വിജോ വിഷ്ണോർല്ലോകം നീത ഇതീര്യതേ"

ഈ രണ്ടാമദ്ധ്യായത്തിൽ വിഷ്ണുദൂതന്മാർ യമദൂതന്മാരെ അത്ഭുതകരമായ ഭഗവന്നാമമഹിമ പറഞ്ഞുധരിപ്പിച്ച് അജാമിളനെ വിഷ്ണുലോകത്തിലേക്ക് ആനയിച്ചവൃത്താന്തം വർണ്ണിക്കുന്നു.

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു.

1 ഏവം തേ ഭഗവദ്ദൂതാ യമദൂതാഭിഭാഷിതം
ഉപധാര്യാഥ താൻ രാജൻ പ്രത്യാഹുർന്നയകോവിദാഃ.

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | യമദൂതാ-ഭിഭാഷിതം | യമദൂതന്മാരുടെ വചനത്തെ |
| നയകോവിദാഃ | നീതികുശലന്മാരായ | ഉപധാര്യ | കേട്ടുധരിച്ച്, |
| തേ ഭഗവദ്ദൂതാഃ | ആ വിഷ്ണുദൂതന്മാർ | അഥ | അനന്തരം |
| ഏവം | ഇപ്രകാരം | താൻ | അവരോട് |
| | | പ്രത്യാഹുഃ | പ്രതിവചിച്ചു. |

വിഷ്ണുദൂതാ ഊചുഃ = വിഷ്ണുദൂതന്മാർ പറഞ്ഞു

2 അഹോ കഷ്ടം ധർമ്മദൃശാമധർമ്മഃ സ്പൃശതേ സഭാം
യത്രാദണ്ഡ്യേഷ്വപാപേഷു ദണ്ഡോ ധാര്യതേ വൃഥാ.

| | | | |
|---|---|---|---|
| അഹോകഷ്ടം | അയ്യോ! കഷ്ടം! | അധർമ്മഃ | അധർമ്മം |
| ധർമ്മദൃശാം | ധർമ്മദൃഷ്ടിയുള്ളവരുടെ | സ്പൃശതേ | സ്പർശിക്കുന്നുവല്ലോ! |
| സഭാം | സഭയെ | യത്ര | യാതൊരു ഈ സഭയിൽ |

| | | | |
|---|---|---|---|
| യൈഃ | യാതൊരു ഈ ധർമ്മ ദൃഷ്ടിയുള്ളവരാൽ | അദണ്ഡ്യേഷു | ശിക്ഷാർഹന്മാരു മല്ലാത്തവരിൽ |
| അപാപേഷു | പാപം ചെയ്യാത്തവരും | വൃഥാ | ആവശ്യമില്ലാതെ |
| | | ദണ്ഡഃ | ദണ്ഡനം |
| | | ധ്രിയതേ | ഏല്പിക്കപ്പെടുന്നു. |

3 പ്രജാനാം പിതരോ യേ ച ശാസ്താരഃ സാധവഃ സമാഃ
യദി സ്യാത്തേഷു വൈഷമ്യം കം യാന്തി ശരണം പ്രജാഃ

| | | | |
|---|---|---|---|
| യേ | യാതൊരുവർ | തേഷു ച | അവരിലും കൂടി |
| പ്രജാനാം | ജനങ്ങൾക്ക് | വൈഷമ്യം | വിഷമഭാവം |
| പിതരഃ | പിതൃതുല്യന്മാരും | യദി സ്യാത് | ഉണ്ടാവുക യാണെങ്കിൽ |
| ശാസ്താരഃ | അനുശാസകന്മാരും | | |
| സാധവഃ | ഹിതൈഷികളും | പ്രജാഃ | ജനങ്ങൾ |
| സമാഃ | സമഭാവനയുള്ളവരുമായി വർത്തിക്കേണ്ടവരാകുന്നുവോ, | കം ശരണം യാന്തി | ആരെയാണ് ശരണം പ്രാപിക്കുക? |

മാത്രമല്ല, ഈ ഉന്നതന്മാർ ചെയ്യുന്നതിനെ സാധാരണക്കാരും അനുകരിക്കാൻ ഇടയായേക്കുമെന്ന് ഇനി സൂചിപ്പിക്കുന്നു—

4 യദ്യദാചരതി ശ്രേയാനിതരസ്തത്തദീഹതേ
സ യത് പ്രമാണം കുരുതേ ലോകസ്തദനുവർത്തതേ.

| | | | |
|---|---|---|---|
| ശ്രേയാൻ | ശ്രേഷ്ഠനായവൻ | സഃ യത് | അവൻ ഏതിനെ |
| യത് യത് | എന്തൊക്കെ | പ്രമാണം | പ്രമാണമാക്കി |
| ആചരതി | ചെയ്യുന്നുവോ, | കുരുതേ | പ്രവർത്തിക്കുന്നുവോ, |
| തത് തത് | അതൊക്കെ | ലോകഃ | ബഹുജനം |
| ഇതരഃ | മറ്റുള്ളവനും. | തത് | അതിനെ |
| ഈഹതേ | ചെയ്യാനൊരുങ്ങുന്നു. | അനുവർത്തതേ | അനുവർത്തിക്കുന്നു. |

ധാർമ്മികശ്രേഷ്ഠരെന്ന് അറിയപ്പെടുന്നവൻ നീതികേടുകാട്ടുന്നത് വിശ്വാസവഞ്ചന കൂടിയാണെന്ന് അടുത്ത രണ്ടുശ്ലോകംകൊണ്ട് പറയുന്നു—

5 യസ്യാങ്കേ ശിര ആധായ ലോകഃ സ്വപിതി നിർവൃതഃ
സ്വയം ധർമ്മമധർമ്മം വാ ന ഹി വേദ യഥാ പശുഃ

6 സ കഥം ന്യർപ്പിതാത്മാനം കൃതമൈത്രമചേതനം
വിശ്രംഭണീയോ ഭൂതാനാം സഘൃണോ ദ്രോഗ്ധുമർഹതി.

| | | | |
|---|---|---|---|
| ലോകഃ | ബഹുജനം | നഹി വേദ | അറിയുന്നില്ല |
| പശുഃ യഥാ | വെറും മൃഗംപോലെ | യസ്യ | (അങ്ങനെയുള്ള ആ ബഹുജനം ഏതൊരുവന്റെ |
| സ്വയം | താൻതന്നെയായിട്ട് | | |
| ധർമ്മം | ധർമ്മത്തെയോ, | | |
| അധർമ്മം വാ | അധർമ്മത്തെയോ | അങ്കേ | മടിത്തട്ടിലാണോ |

| | |
|---|---|
| ശിരഃ ആധായ | തലവച്ച് |
| നിർവൃതഃ | മനഃസമാധാനത്തോടുകൂടി |
| സ്വപിതി | നിദ്രകൊള്ളുന്നതു്, |
| സഃ | അവൻ (ആ സമുദായശ്രേഷ്ഠൻ) |
| ഭൂതാനാം | ജനങ്ങൾക്ക് |
| വിശ്രംഭണീയഃ | വിശ്വാസയോഗ്യനും |
| സുഹൃണഃ | കാരുണികനുമാകേണ്ടിയിരിക്കെ |
| സ്വപ്രീതാത്മാനം | താന്താങ്ങളെ അടിയറവച്ച് |
| കൃതമൈത്രം | സുഹൃൽഭാവത്തിലിരിക്കുന്ന |
| അചേതനം | വിചാരശക്തിയില്ലാത്തസാമാന്യജനത്തെ |
| ദ്രോഗ്ധും | ദ്രോഹിക്കുവാൻ |
| ന അർഹതി | അർഹിക്കുന്നില്ല (ദ്രോഹിച്ചുകൂടാ) |

ശരി. പക്ഷേ ഈ അജാമിളൻ പാപിയാണല്ലോ. ഇവനെ ദണ്ഡിപ്പിക്കുന്നതിനെ വിരോധിക്കുന്നതെന്തിനു്? എന്നാണെങ്കിൽ—

7 അയം ഹി കൃതനിർവേശോ ജന്മകോട്യംഹസാമപി
യദ് വ്യാജഹാര വിവശോ നാമ സ്വസ്ത്യയനം ഹരേഃ

| | |
|---|---|
| അയം ഹി | ഇവനാകട്ടെ |
| ജന്മകോട്യംഹസാം അപി | കോടിജന്മങ്ങളിൽ ചെയ്ത പാപങ്ങൾക്കൊക്കെക്കൂടിയും |
| കൃതനിർവേശഃ | പ്രായശ്ചിത്തം ചെയ്തിരിക്കുന്നു.; |
| യത് | എന്തെന്നാൽ. |
| വിവശഃ | പരവശനായിട്ടു് |
| ഹരേഃ | ശ്രീഹരിയുടെ |
| സ്വസ്ത്യയനം | മോക്ഷപ്രദമായ |
| നാമ | തിരുനാമം |
| വ്യാജഹാര | ഉച്ചരിച്ചു. |

3 ഏതേനൈവ ഹ്യഘോനോഽസ്യ കൃതം സ്യാദഘനിഷ്കൃതം
യദാ നാരായണായേതി ജഗാദ ചതുരക്ഷരം.

| | |
|---|---|
| ചതുരക്ഷരം | നാലക്ഷരങ്ങളുള്ള |
| യത് | യാതൊരു തിരുനാമത്തെ |
| ആ | അല്പം വെളിപ്പെട്ടമാറു് |
| നാരായണ ആയ ഇതി | "നാരായണാ! വരൂ" എന്നിങ്ങനെ ക്രിയാപദം ചേർത്തുകൊണ്ടു് |
| ജഗാദ | ഉച്ചരിച്ചു; |
| ഏതേന ഏവ | ഇതിനാൽത്തന്നെ |
| ഹി | നിശ്ചയമായും |
| അഘോനഃ | പാപിയായിരിക്കുന്ന |
| അസ്യ | ഇവന്നു് |
| അഘനിഷ്ക്രയം | പാപപരിഹാരം |
| കൃതം | നിറവേററപ്പെട്ടതായി |
| സ്യാത് | ഭവിച്ചേക്കും. |

നാമോച്ചാരണം കർമ്മപദ്ധതിയുടെ അംഗമാകയാൽ പാപനിർമ്മുക്തി എന്നൊന്നേക്കുമായി സംഭവിപ്പതെങ്ങനെയാണെന്നു് ആശങ്കിക്കരുതു്. അതു് കർമ്മാംഗമാണെങ്കിലും സ്വതന്ത്രമാണ്. കർമ്മവിധേയത്വം അതിനില്ല. ആകയാൽ നാമോച്ചാരണം ചിത്തശുദ്ധിക്കും തദ്വാരാ ജീവന്റെ സദ്ഗതിക്കും ഉദ്ഗതിക്കും പ്രയോജകീഭവിക്കുമെന്നത്രേ പ്രാമാണികസിദ്ധാന്തം.

ഇനിയുള്ള നാലുശ്ലോകങ്ങളാൽ നാമോച്ചാരണത്തിന്റെ മാഹാത്മ്യത്തെ നിരൂപണം ചെയ്യുന്നു—

9 സ്തേനഃ സുരാപോ മിത്രധ്രുഗ്ബ്രഹ്മഹാ ഗുരുതല്പഗഃ
സ്ത്രീരാജപിതൃഗോഹന്താ യേ ച പാതകിനോഽപരേ

10 സർവേഷാമപ്യഘവതാമിദമേവ സുനിഷ്കൃതം
നാമവ്യാഹരണം വിഷ്ണോര്യതസ്തദ്വിഷയാ മതിഃ

| | |
|---|---|
| സ്തേനഃ | കട്ടുനടന്നവൻ, |
| സുരാപഃ | മദ്യപാനം ചെയ്യുവൻ |
| മിത്രധ്രുക് | വേണ്ടപ്പെട്ടവരെ ദ്രോഹിച്ചവൻ, |
| ബ്രഹ്മഹാ | ബ്രഹ്മഹത്യ ചെയ്യുവൻ, |
| ഗുരുതല്പഗഃ | ഗുരുപത്നിയുമായി വേഴ്ചനടത്തിയവൻ |
| സ്ത്രീരാജപിതൃ- ഗോഹന്താ | സ്ത്രീകളെയോ രാജാക്കന്മാരെയോ മാതാപിതാക്കളെയോ പശുക്കളെയോ കൊന്നിട്ടുള്ളവൻ, |
| അസരേ ച | വേറെയും. |
| പാതകിനഃ | കൊടുംപാപം ചെയ്യുവർ |
| യേ | യാവചിലരുണ്ടോ |
| സർവേഷാം | ആ എല്ലാ |
| അഘവതാം | പാപികൾക്കും |
| നാമ- വ്യാഹരണം | ഭഗവന്നാമോച്ചാരണം- |
| ഇദം ഏവ | ഇതൊന്നുമാത്രമാണ് |
| സുനിഷ്കൃതം | ശരിയായ പ്രായശ്ചിത്തം; |
| യതഃ | യാതൊന്നുകൊണ്ട് |
| വിഷ്ണോഃ | വിഷ്ണുഭഗവാന്റ് |
| തദ്വിഷയാ | അവരുടെ സംരക്ഷണവിഷയകമായ |
| മതിഃ | താല്പര്യം ജനിക്കുന്നു. |

11 ന നിഷ്കൃതൈരുദിതൈർ ബ്രഹ്മവാദിഭി-
സ്തഥാ വിശുദ്ധ്യത്യഘവാൻ വ്രതാദിഭിഃ
യഥാ ഹരേർനാമപദൈരുദാഹൃതൈ-
സ്തദുത്തമശ്ലോകഗുണോപലംഭകം.

| | |
|---|---|
| അഘവാൻ | പാപമുള്ളവൻ |
| ബ്രഹ്മവാദിഭിഃ | വേദജ്ഞന്മാരാൽ |
| ഉദിതൈഃ | പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന |
| വ്രതാദിഭിഃ | വ്രതങ്ങൾ മുതലായ |
| നിഷ്കൃതൈഃ | പരിഹാരകർമ്മങ്ങളാൽ. |
| യഥാ | എപ്രകാരം |
| ഉദാഹൃതൈഃ | തന്നാൽ ഉച്ചരിക്കപ്പെട്ട |
| ഹരേഃ | ശ്രീഹരിയുടെ |
| നാമപദൈഃ | നാമപദങ്ങളാൽ |
| വിശുദ്ധ്യതി | പാപനിർമ്മുക്തനായിത്തീരുന്നുവോ, |
| തഥാ ന | അപ്രകാരം ആകുന്നില്ല |
| തത് | അത് (നാമോച്ചാരണം) |
| ഉത്തമശ്ലോക- ഗുണോപ- ലംഭകം | പാവനചരിതനായ തന്തിരുവടിയുടെ ഐശ്വര്യാദിഗുണങ്ങളുടെ ജ്ഞാപകംകൂടിയാകുന്നു |

12 നൈകാന്തികം തദ്ധി കൃതേऽപി നിഷ്കൃതേ
മനഃ പുനർധാവതി ചേദസത്പഥേ
തത് കർമനിർഹാരമഭീപ്സതാം ഹരേർ-
ഗുണാനുവാദഃ ഖലു സത്ത്വഭാവനഃ

| | |
|---|---|
| നിഷ്കൃതേ കൃതേ അപി | പ്രായശ്ചിത്തകർമ്മം ചെയ്യപ്പെട്ടിരുന്നാലുംകൂടി |
| മനഃ പുനഃ | മനസ്സ് വീണ്ടും |
| അസത്പഥേ | ദുർമ്മാർഗ്ഗത്തിലേക്ക് |
| ധാവതി ചേത് | പാഞ്ഞുചെല്ലുന്നുവെങ്കിൽ |

| | | | |
|---|---|---|---|
| തത് ഹി | അതു് ഒരിക്കലും | ഹരേഃ | ശ്രീഹരിയുടെ |
| ഐകാന്തികം ന | ശാശ്വതപരിഹാരമാകയില്ല. | ഗുണാനുവാദഃ | ഗുണസങ്കീർത്തനം |
| തത് | ആകയാൽ | സത്ത്വഭാവനഃ ഖലു | വീണ്ടും ദുർമ്മാർഗ്ഗത്തിലേക്കു് മനസ്സ് പാഞ്ഞു പോകാത്തവിധം അന്തഃകരണശോധകമാകുമല്ലോ |
| കർമ്മനിർഹാരം | പാപകർമ്മങ്ങളുടെ ആത്യന്തികനാശം | | |
| അഭീപ്സിതാം | ആഗ്രഹിക്കുന്നവൎക്ക് | | |

13 അഥൈനം മാപനയത കൃതാശേഷാഘനിഷ്കൃതം
യദസൗ ഭഗവന്നാമ മ്രിയമാണഃ സമഗ്രഹീത്.

| | | | |
|---|---|---|---|
| അഥ | ആകയാൽ | യത് | എന്തെന്നാൽ |
| കൃതാശേഷാഘനിഷ്കൃതം | സമസ്തപാപങ്ങൾക്കും പ്രായശ്ചിത്തം ചെയ്തുകഴിഞ്ഞ | അസൗ | ഇവൻ |
| ഏനം | ഇവനെ | മ്രിയമാണഃ | മരണം പ്രാപിച്ചു കൊണ്ടിരിക്കെ |
| മാ അപനയത | തെററായ മാർഗ്ഗത്തിലൂടെകൊണ്ടു പോകരുതു്. | ഭഗവന്നാമ | ഭഗവാൻെറ നാമധേയം |
| | | സമഗ്രഹീത് | പൂർണ്ണമായി പറഞ്ഞു |

"മ്രിയമാണഃ" എന്നു പറഞ്ഞതു് പിന്നെ പാപാന്തരത്തിനു് പ്രസക്തിയില്ലെന്നു ബോധിപ്പിക്കുവാനാണു്; അല്ലാതെ തൽസമയത്തെ ഉദ്ദേശിച്ചല്ല. നാമകീർത്തനത്തിനു് ഒരു പ്രത്യേകസമയം വിധിച്ചിട്ടില്ല. അതു് മററുകർമ്മങ്ങൾക്കുമാത്രമാണുള്ളതു്. അതിനാൽ യാദൃച്ഛികമായി ഉച്ചരിക്കപ്പെടുന്ന ഭഗവന്നാമം പാപസംഹാരക്ഷമമാണെന്നു് പ്രമാണസിദ്ധമാകുന്നു.

"പക്ഷേ ഈ ബ്രാഹ്മണൻ മകൻെറ പേരല്ലേ പറഞ്ഞതു് ഭഗവന്നാമമല്ലല്ലോ" എന്ന ആശങ്കയെ പരിഹരിക്കുന്നതിനു് ഇനിപറയുന്നു.

14 സാങ്കേത്യം പാരിഹാസ്യം വാ സ്തോഭം ഹേലനമേവ വാ
വൈകുണ്ഠനാമഗ്രഹണമശേഷാഘഹരം വിദുഃ

| | | | |
|---|---|---|---|
| സാങ്കേത്യം | പുത്രാദികൾക്കുള്ള സങ്കേതനാമങ്ങളുടെ രൂപത്തിലോ, | ഹേലനം ഏവ വാ | അവഹേളനത്തിൻെറ രൂപത്തിൽത്തന്നെയോ, മററുപ്രകാരത്തിലോ |
| പാരിഹാസ്യം വാ | പരിഹാസരൂപത്തിലോ, | വൈകുണ്ഠനാമഗ്രഹണം | ശ്രീഹരിയുടെ തിരുനാമം ഉച്ചരിക്കുന്നതു് |
| സ്തോഭം | രസാവിഷ്കരണരൂപത്തിലോ, | അശേഷാഘഹരം വിദുഃ | സർവ്വപാപവിനാശകരമെന്നു് മഹാന്മാർ അറിയുന്നു. |

15 പതിതഃ സ്ഖലിതോ ഭഗ്നഃ സന്ദഷ്ടസ്തപ്ത ആഹതഃ
ഹരിരിത്യവശേനാഹ പുമാന്നാർഹതി യാതനാം.

| | |
|---|---|
| പതിതഃ | ഉയരത്തിൽനിന്നു വീണവനോ, |
| സ്ഖലിതഃ | വഴിയിൽ കാൽ തെററിമറിഞ്ഞവനോ, |
| ഭഗ്നഃ | ദേഹത്തിൽ മുറി വേററവനോ, |
| സന്ദഷ്ടഃ | പാമ്പിനാലോ മററൊ കടിക്കപ്പെട്ടവനോ, |
| തപ്തഃ | പനികൊണ്ടും എരി പൊരികൊള്ളുന്ന വനോ, |
| ആഹതഃ | വടികൊണ്ടും അടി യേല്ക്കപ്പെട്ടവനോ ആയ |
| പുമാൻ | മനുഷ്യൻ |
| അവശേന | വശക്കേടുകൊണ്ടു് |
| ഹരിഃ ഇതി | 'ഹരി' എന്നു് (ഹരേ കൃഷ്ണ!) |
| ആഹ (ചേതു്) | പറയുകയാ ണെങ്കിൽ |
| യാതനാം | നരകദുഃഖത്തെ |
| ന അർഹതി | അർഹിക്കുന്നതല്ല. |

16 ഗുരൂണാം ച ലഘൂനാം ച ഗുരൂണി ച ലഘൂനി ച

പ്രായശ്ചിത്താനി പാപാനാം ജ്ഞാത്വോക്താനി മഹർഷിഭിഃ

| | |
|---|---|
| ഗുരൂണാം ച | വലിയവയ്ക്കു് |
| ഗുരൂണി ച | വലിയവയും |
| ലഘൂനാം ച | ചെറിയവയ്ക്കു് |
| ലഘൂനി ച | ചെറിയവയും ആയിട്ടു് |
| പാപാനാം | പാപങ്ങളുടെ |
| പ്രായശ്ചിത്താനി | പ്രായശ്ചിത്ത ങ്ങൾ |
| മഹർഷിഭിഃ | മഹർഷിമാരാൽ |
| ജ്ഞാത്വാ | തരംതിരിച്ചറിഞ്ഞു് |
| ഉക്താനി | പറയപ്പെട്ടിരിക്കുന്നു. |

അപ്പോൾ, അത്യല്പമായ ഹരിനാമം മഹാപാപങ്ങളുടെ ആത്യന്തികനാശത്തിനു് സമർത്ഥമാകുമോ എന്നു് ശങ്കിക്കരുതെന്നു് അടുത്തശ്ലോകം കൊണ്ടുപറയുന്നു—

17 തൈസ്താന്യഘാനി പൂയന്തേ തപോദാനജപാദിഭിഃ

നാധർമ്മജം തദ്ധൃദയം തദപീശാങ്ഘ്രിസേവയാ—

| | |
|---|---|
| തൈഃ | ആ വക |
| തപോദാന– ജപാദിഭിഃ | തപസ്സു്, ദാനം, മന്ത്ര ജപം മുതലായവ കൊണ്ടു് |
| താനി | അങ്ങനെയുള്ള |
| അഘാനി | പാപങ്ങൾ |
| പൂയന്തേ | നശിച്ചുപോകുന്നു; |
| അധർമ്മജം | പക്ഷേ, അധർമ്മ ത്തിൽനിന്നു് ജാത മായ |
| തദ്ധൃദയം | അതിന്റെ സൂക്ഷ്മ സംസ്കാരം |
| ന (പൂയതേ) | നശിക്കുന്നില്ല. |
| തത് അപി | അതുകൂടിയും |
| ഈശാങ്ഘ്രി– സേവയാ | ഭഗവാന്റെ നാമ കീർത്തനാദി പാദ സേവനത്താൽ |
| (പൂയതേ) | നശിച്ചുപോകുന്നു— |

"എങ്കിലും, ഈ ബ്രാഹ്മണൻ 'സമസ്തപാപക്ഷയാർത്ഥമിദം' എന്ന സങ്കല്പത്തോടെ നാരായണനാമം ഉച്ചരിച്ചതല്ലല്ലോ" എന്നാണെങ്കിൽ അതിനും സമാധാനമുണ്ടെന്നുപറയുന്നു—

18 അജ്ഞാനാദഥവാ ജ്ഞാനാദുത്തമശ്ലോകനാമ യത്

സംകീർത്തിതമഘം പുംസോ ദഹേദേധോ യഥാനലഃ

| | |
|---|---|
| അജ്ഞാനാത് | അറിയായ്മയാലാകട്ടെ |
| അഥവാ | അല്ലെങ്കിൽ |
| ജ്ഞാനാത് | അറിവിനാലാകട്ടെ |
| സംകീർത്തിതം | ഉച്ചരിക്കപ്പെട്ട |
| യത് | യാതൊരു |
| ഉത്തമശ്ലോകനാമ | ഭഗവന്നാമധേയം. |
| അനലഃ | അഗ്നി |
| ഏധഃ യഥാ | വിറകിനെയെന്ന പോലെ |
| പുംസഃ | മനുഷ്യന്റെ |
| അഘം | പാപത്തെ |
| ദഹേത് | ദഹിപ്പിച്ചേക്കും. |

19 യഥാഗദം വീര്യതമമുപയുക്തം യദൃച്ഛയാ
അജ്ഞാനതോഽപ്യാത്മഗുണം കുര്യാന്മന്ത്രോഽപ്യുദാഹൃതഃ

| | |
|---|---|
| യഥാ | ഏപ്രകാരം |
| വീര്യതമം | ഏറ്റവും ശക്തിയുള്ള |
| അഗദം | മരുന്നു് |
| യദൃച്ഛയാ | അശ്രദ്ധയോടെ |
| ഉപയുക്തം | ഉപയോഗിക്കപ്പെട്ടാലും |
| അജാനതഃ അപി | അതു മരുന്നാണെന്നു് അറിയാത്തവന്നു് പോലും |
| ആത്മഗുണം | തന്റെ ഗുണം |
| കുര്യാത് | ചെയ്തേക്കുമോ, |
| (തഥാ) | അതുപോലെയാണു് |
| ഉദാഹൃതഃ | ഉച്ചരിക്കപ്പെട്ട |
| മന്ത്രഃ അപി | ഭഗവന്നാമമന്ത്രവും— |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

20 ത ഏവം സുവിനിർണ്ണീയ ധർമ്മം ഭാഗവതം നൃപ
തം യാമ്യപാശാന്നിർമ്മുച്യ വിപ്രം മൃത്യോരമൂമുചൻ

| | |
|---|---|
| നൃപ | രാജാവേ! |
| തേ | അവർ (വിഷ്ണുദൂതന്മാർ) |
| ഏവം | ഇപ്രകാരം |
| ഭാഗവതം ധർമ്മം | ഭഗവന്നാമോച്ചാരണമാഹാത്മ്യപരമായ ധർമ്മത്തെ |
| സുവിനിർണ്ണീയ | വ്യക്തമായി നിർണ്ണയിച്ചിട്ടു് |
| തം വിപ്രം | ആ ബ്രാഹ്മണനെ |
| യാമ്യപാശാത് | യമകിങ്കരന്മാരുടെ കയർക്കെട്ടക്കിൽനിന്നു് |
| നിർമ്മുച്യ | വേർപെടുത്തി, |
| മൃത്യോഃ | മരണത്തിൽ നിന്നു് |
| അമൂമുചൻ | മോചിപ്പിച്ചു. |

21 ഇതി പ്രത്യുദിതാ യാമ്യാ ദൂതാ യാത്വാ യമാന്തികേ
യമരാജ്ഞേ യഥാ സർവമാചചക്ഷുരരിന്ദമ

| | |
|---|---|
| അരിന്ദമ | ഹേ ശത്രുസൂദന! |
| ഇതി | ഈ വിധം |
| പ്രത്യുദിതാഃ | നിരാകരിക്കപ്പെട്ടവരായ |
| യാമ്യാഃ ദൂതാഃ | യമദൂതന്മാർ |
| യമാന്തികേ | യമന്റെ അടുക്കൽ |
| യാത്വാ | ചെന്നിട്ടു് |
| യമരാജ്ഞേ | യമധർമ്മരാജാവിനോടു് |
| സർവ്വം | എല്ലാ വൃത്താന്തവും |
| യഥാ | ഉണ്ടായപോലെ |
| ആചചക്ഷുഃ | പറഞ്ഞു |

22 ദ്വിജഃ പാശാദ്വിനിർമ്മുക്തോ ഗതഭീഃ പ്രകൃതിം ഗതഃ

| | |
|---|---|
| പാശാത് | യമപാശത്തിൽ നിന്നു് |
| വിനിർമ്മുക്തഃ | തികച്ചും മുക്തനായി |
| ഗതഭീഃ | പേടിയകന്നു് |
| പ്രകൃതിം | സാധാരണനിലയെ |
| ഗതഃ | പ്രാപിച്ചു |
| ദ്വിജഃ | അജാമിളബ്രാഹ്മണൻ |
| വിഷ്ണോഃ | വിഷ്ണുവിൻെറ |
| കിങ്കരാൻ | കിങ്കരന്മാരെ |
| ദർശനോത്സവഃ | തദ്ദർശനാഹ്ളാദഭരിതനായിട്ടു് |
| ശിരസാ | ശിരസ്സാൽ |
| വവന്ദേ | വണങ്ങി |

23 തം വിവക്ഷുമഭിപ്രേത്യ മഹാപുരുഷകിങ്കരാഃ
സഹസാ പശ്യതസ്തസ്യ തത്രാന്തർദധിരേऽനഘ

| | |
|---|---|
| അനഘ | നിഷ്പാപനായ രാജാവേ! |
| മഹാപുരുഷ-കിങ്കരാഃ | പുരുഷോത്തമനായ മഹാവിഷ്ണുവിൻെറ കിങ്കരന്മാർ |
| തം | ആ ബ്രാഹ്മണനെ |
| സഹസാ | തിടുക്കത്തിൽ |
| വിവക്ഷും | എന്തോ പറയാനുദ്യമിക്കുന്നതായി |
| അഭിപ്രേത്യ | അറിഞ്ഞിട്ടു് |
| തസ്യ പശ്യതഃ | അയാൾ നോക്കി നിൽക്കെ |
| തത്ര | അവിടെ |
| അന്തർദധിരേ | തിരോധാനം ചെയ്തു |

24 അജാമിളോऽപ്യഥാകർണ്യ ദൂതാനാം യമകൃഷ്ണയോഃ
ധർമ്മം ഭാഗവതം ശുദ്ധം ത്രൈവിദ്യം ച ഗുണാശ്രയം

25 ഭക്തിമാൻ ഭഗവത്യാശു മാഹാത്മ്യശ്രവണാദ്ധരേഃ
അനുതാപോ മഹാനാസീത് സ്മരതോऽശുഭമാത്മനഃ

| | |
|---|---|
| അജാമിളഃ അപി | അജാമിളനും |
| അഥ | അനന്തരം |
| യമകൃഷ്ണയോഃ | യമൻെറയും മഹാവിഷ്ണുവിൻെറയും |
| ദൂതാനാം | ദൂതന്മാരുടെ അടുക്കൽനിന്നു് |
| ഗുണാശ്രയം | ഗുണത്രയത്തെ ആശ്രയിച്ചിരിക്കുന്ന |
| ത്രൈവിദ്യം | വേദോക്തധർമ്മത്തെയും |
| ഭാഗവതം | ഭഗവൽപ്രണീതമായ |
| ശുദ്ധം ധർമ്മം ച | വിശുദ്ധഭക്തിയോഗരഹസ്യത്തെയും |
| ആകർണ്യ | കേട്ടിട്ടു് |
| ആശു | ഉടനടി |
| ഭഗവതി | ഭഗവാങ്കൽ |
| ഭക്തിമാൻ | ഭക്തിചേർന്നവനായി |
| (അഭവത്) | ഭവിച്ചു |
| ഹരേഃ | ശ്രീഹരിയുടെ |
| മാഹാത്മ്യ-ശ്രവണാത് | മഹിമാതിശയം കേട്ടതുകാരണം |
| ആത്മനഃ | തൻെറ |
| അശുഭം | അമംഗളചരിത്രത്തെപ്പററി |
| സ്മരതഃ | സ്മരണയുണ്ടായിവന്ന അദ്ദേഹത്തിന്നു് |
| മഹാൻ | വലിയ |
| അനുതാപഃ | പശ്ചാത്താപവും |
| ആസീത് | ഉണ്ടായി |

ഇനി 4 ശ്ലോകം കൊണ്ടു് അജാമിളൻെറ പശ്ചാത്താപം വിവരിക്കുന്നു.

26 അഹോ മേ പരമം കഷ്ടമഭൂദവിജിതാത്മനഃ
യേന വിപ്ലാവിതം ബ്രഹ്മ വൃഷല്യാം ജായതാത്മനാ

| | | | |
|---|---|---|---|
| അഹോ | അയ്യോ കഷ്ടം! | വൃഷല്യാം | ശൂദ്രദാസിയിൽ |
| അവിജിതാത്മനഃ മേ | മനസ്സിനെ കീഴടക്കിവെക്കാൻ കഴിയാതെ പോയ എനിക്ക് | ജായതാ | പുത്രനേന ജന്മമെടുത്ത |
| പരമം കഷ്ടം | വലിയ ആപത്ത് | യേന ആത്മനാ | യാതൊരു എന്നാൽ |
| അഭൂത് | സംഭവിച്ചു | ബ്രഹ്മ | ബ്രാഹ്മണ്യം |
| | | വിപ്ലാവിതം | നഷ്ടമാക്കപ്പെട്ടു |

27 ധിങ്മാം വിഗർഹിതം സദ്ഭിർദുഷ്കൃതം കുലകജ്ജളം
ഹിത്വാ ബാലാം സതീം യോഽഹം സുരാപാമസതീമഗാം

| | | | |
|---|---|---|---|
| സദ്ഭിഃ | സത്തുക്കളാൽ | ബാലാം | കൊച്ചുപെൺകിടാവും |
| വിഗർഹിതം | വെറുക്കപ്പെട്ടവനും | സതീം | പതിവ്രതയുമായ പത്നിയെ |
| ദുഷ്കൃതം | പാപത്തെ കാട്ടിയവനും | ഹിത്വാ | ഉപേക്ഷിച്ച് |
| കുലകജ്ജളം | വംശത്തിനു കളങ്കമായിത്തീർന്നവനുമായ | സുരാപാം | കള്ളുകുടിക്കുന്ന |
| മാം ധിക് | എന്നെ പഴിക്കണം | അസതീം | വ്യഭിചാരിണിയെ |
| യഃ അഹം | ഏതൊരു ഞാൻ | അഗാം | പ്രാപിച്ചുവല്ലോ |

28 വൃദ്ധാവനാഥൗ പിതരൗ നാന്യബന്ധൂ തപസ്വിനൗ
അഹോ മയാധുനാ ത്യക്താവകൃതജ്ഞേന നീചവത്

| | | | |
|---|---|---|---|
| വൃദ്ധൗ | വയസ്സായവരും | അകൃതജ്ഞേന | ഉപകാരസ്മരണയില്ലാത്ത |
| അനാഥൗ | നാഥനില്ലാത്തവരും | മയാ | എന്നാൽ |
| നാന്യബന്ധൂ | മറ്റുബന്ധുക്കളില്ലാത്തവരും | നീചവത് | നീചനെപ്പോലെ |
| തപസ്വിനൗ | ക്ലേശിക്കുന്നവരുമായ | അധുനാ | ഇപ്പോൾ |
| പിതരൗ | മാതാപിതാക്കൾ | ത്യക്തൗ | ത്യജിക്കപ്പെട്ടുവല്ലോ - |
| | | അഹോ | മഹാകഷ്ടമായി! |

29 സോഽഹം വ്യക്തം പതിഷ്യാമി നരകേ ഭൃശദാരുണേ
ധർമ്മഘ്നാഃ കാമിനോ യത്ര വിന്ദന്തി യമയാതനാഃ

| | | | |
|---|---|---|---|
| സഃ അഹം | അങ്ങനെയുള്ള ഞാൻ | ധർമ്മഘ്നാഃ | സദാചാരമുറയെ ബലികഴിച്ച |
| ഭൃശദാരുണേ | അതിഭയങ്കരമായ | കാമിനഃ | വിഷയലമ്പടന്മാർ |
| നരകേ | നരകത്തിൽ | യമയാതനാഃ | അന്തകൻ ഏല്പിക്കുന്ന തീവ്രവേദനകളെ |
| പതിഷ്യാമി | ചെന്നുവീഴും | വിന്ദന്തി | അനുഭവിക്കുന്നത്, (ആ നരകത്തിൽ) |
| വ്യക്തം | തീർച്ചയാണ് | | |
| യത്ര | എവിടെയാണോ | | |

അടുത്ത 9 ശ്ലോകം കൊണ്ട് അജാമിളന്റെ മോക്ഷോപായചിന്തകൾ വിവരിക്കുന്നു.

30 കിമിദം സ്വപ്ന ആഹോസ്വിത് സാക്ഷാദ്ദൃഷ്ടമിഹാദ്ഭുതം
ക്വ യാതാ അദ്യ തേ യേ മാം വ്യാകർഷൻ പാശപാണയഃ

| | | | |
|---|---|---|---|
| ഇദം | ഇതു് | ദൃഷ്ടം | കാണപ്പെട്ടതാണോ? |
| സ്വപ്നഃ കിം | സ്വപ്നമായിരിക്കുമോ? | പാശപാണയഃ | കൈയിൽ കയറെടുത്ത |
| ആഹോസ്വിത് | അതല്ല | യേ മാം | യാവചിലർ എന്നെ |
| ഇഹ | ഇവിടെ | വ്യാകർഷൻ | പിടിച്ചുവലിച്ചുവോ |
| സാക്ഷാത് | പ്രത്യക്ഷമായി | തേ അദ്യ | അവർ ഇപ്പോൾ |
| മഹാദ്ഭുതം | വലിയൊരദ്ഭുതം | ക്വ യാതാഃ | എവിടെപ്പോയി? |

31 അഥ തേ ക്വ ഗതാഃ സിദ്ധാശ്ചത്വാരശ്ചാരുദർശനാഃ
വ്യമോചയന്നീയമാനം ബദ്ധ്വാ പാശൈരധോ ഭുവഃ

| | | | |
|---|---|---|---|
| അഥ | പിന്നെ | ബദ്ധ്വാ | ബന്ധിച്ചു് |
| ചാരുദർശനാഃ | സുന്ദരാകാരന്മാരായ | ഭുവഃ അധഃ | ഭൂമിയുടെ അധോഭാഗത്തിലേക്കു് |
| തേ ചത്വാരഃ | ആ നാലു് | നീയമാനം | കൊണ്ടുപോകപ്പെടുന്ന |
| സിദ്ധാഃ | ദിവ്യപുരുഷന്മാർ | (മാം യേ) | എന്നെ യാതൊരുവർ |
| ക്വ യാതാഃ | എങ്ങുപോയി? | വ്യമോചയൻ | മോചിപ്പിച്ചിരുന്നു. |
| പാശൈഃ | കയറുകളാൽ | | |

32 അഥാപി മേ ദുർഭഗസ്യ വിബുധോത്തമദർശനേ
ഭവിതവ്യം മംഗളേന യേനാത്മാ മേ പ്രസീദതി

| | | | |
|---|---|---|---|
| അഥാപി | എന്നിരിക്കിലും കൂടി | മംഗളേന ഭവിതവ്യം | പൂർവ്വജന്മസുകൃതം ഉണ്ടായിരുന്നിരിക്കണം |
| ദുർഭഗസ്യ | ഭാഗ്യക്കേടുപിടിച്ച | യേന | യാതൊരു ദർശനംകൊണ്ടു് |
| മേ | എനിക്കു് | മേ ആത്മാ | എന്റെ അന്തഃകരണം |
| വിബുധോത്തമദർശനേ | ദേവശ്രേഷ്ഠന്മാരുടെ ദർശനം സംഭവിക്കയാൽ | പ്രസീദതി | തെളിഞ്ഞുവരുന്നു |

33 അന്യഥാ മ്രിയമാണസ്യ നാശുചേർവൃഷലീപതേഃ
വൈകുണ്ഠനാമ ഗ്രഹണം ജിഹ്വാ വക്തുമിഹാർഹതി

| | | | |
|---|---|---|---|
| അന്യഥാ | മറ്റൊരുതരത്തിലാണെങ്കിൽ | ജിഹ്വാ | നാവു് |
| അശുചേഃ | അശുദ്ധനും | ഇഹ | ഈ അവസരത്തിൽ |
| വൃഷലീപതേഃ | ശൂദ്രദാസിയുടെ ഭർത്താവുമായിട്ടു് | ഗ്രഹണം | ആകർഷകമായ |
| മ്രിയമാണസ്യ | മരണം പ്രാപിച്ചുകൊണ്ടിരുന്ന എന്റെ | വൈകുണ്ഠനാമ | നാരായണനാമം |
| | | വക്തും | ഉച്ചരിക്കുവാൻ |
| | | ന അർഹതി | അർഹിക്കുമായിരുന്നില്ല |

34 ക്വ ചാഹം കിതവഃ പാപഃ ബ്രഹ്മഘ്നോ നിരപത്രപഃ
ക്വ ച നാരായണേത്യേതദ്ഭഗവന്നാമ മംഗളം

| | |
|---|---|
| കിതവഃ | വഞ്ചകനും |
| പാപഃ | പാതകിയും |
| ബ്രഹ്മഘ്നഃ | ബ്രാഹ്മണ്യം നശിപ്പിച്ചവനും |
| നിരപത്രപഃ | നാണം കെട്ടവനുമായ |
| അഹം ച ക്വ | ഞാനും എവിടെ? |
| നാരായണ ഇത്യേതത് | 'നാരായണ' എന്ന ഈ ഒരു |
| മംഗളം | മംഗളകരമായ |
| ഭഗവന്നാമ ച ക്വ | ഭഗവാന്റെ നാമവും എവിടെ? |

35 സോഽഹം തഥാ യതിഷ്യാമി യതചിത്തേന്ദ്രിയാനിലഃ
യഥാ ന ഭൂയ ആത്മാനം അന്ധ തമസി മജ്ജയേ

| | |
|---|---|
| സഃ അഹം | ആ ഞാൻ |
| ഭൂയഃ | ഇനിയും |
| ആത്മാനം | ആത്മാവിനെ |
| അന്ധ തമസി | തിങ്ങിവിങ്ങുന്ന ക്രൂര രുട്ടിൽ |
| യഥാ ന മജ്ജയേ തഥാ | ആഴ്ത്താതെ കഴിക്കും പ്രകാരത്തിൽ |
| യതചിത്തേന്ദ്രിയാനലഃ | മനസ്സും ഇന്ദ്രിയങ്ങളും പ്രാണവായുക്കളും അടക്കി |
| യതിഷ്യാമി | പ്രയത്നിക്കാൻ പോകുന്നു |

36 വിമുച്യ തമിമം ബന്ധമവിദ്യാകാമകർമ്മജം
സർവഭൂതസുഹൃച്ഛാന്തോ മൈത്രഃ കരുണ ആത്മവാൻ

37 മോചയേ ഗ്രസ്തമാത്മാനം യോഷിന്മയ്യാത്മമായയാ
വിക്രീഡിതോ യയൈവാഹം ക്രീഡാമൃഗ ഇവാധമഃ

| | |
|---|---|
| അവിദ്യാകാമകർമ്മജം | അജ്ഞാനം, കാമം, കർമ്മം എന്നിവയിൽ നിന്നുളവായ |
| തം ഇമം ബന്ധം | ആ ഈ സംസാര ബന്ധത്തെ |
| വിമുച്യ | വേർവിടുത്തി, |
| സർവ്വഭൂതസുഹൃത് | സകലപ്രാണികളോടെയും ഗുണകാംക്ഷിയായി- |
| ശാന്തഃ | മനസ്സൊതുക്കമുള്ളവനായി- |
| മൈത്രഃ | സ്നേഹമുള്ളവനായി- |
| കരുണഃ | കനിവുള്ളവനായി |
| ആത്മവാൻ | ആത്മനിഷ്ഠയുള്ളവനായി ഭവിച്ച് |
| യോഷിന്മയ്യാ | സ്ത്രീരൂപം പൂണ്ട |
| ആത്മമായയാ | ഈശ്വരമായയാൽ |
| ഗ്രസ്തം | ഗ്രസിക്കപ്പെട്ട |
| ആത്മാനം | ആത്മാവിനെ |
| മോചയേ | മോചിപ്പിക്കുന്നുണ്ട്; |
| യയാ ഏവ | യാതൊരു മായയാൽ തന്നെ |
| അധമഃ അഹം | നീചനായുള്ള ഞാൻ |
| ക്രീഡാമൃഗഃ ഇവ | കളിമാൻ കണക്കെ |
| വിക്രീഡിതഃ | കളിപ്പിക്കപ്പെട്ടിരിക്കുന്നു |

38 മമാഹമിതി ദേഹാദൗ ഹിത്വാമിഥ്യാർത്ഥധീർമ്മതിം
ധാസ്യേ മനോ ഭഗവതി ശുദ്ധം തത്കീർത്തനാദിഭിഃ

| | |
|---|---|
| അമിഥ്യാ-ത്ഥധീഃ | സത്യമായ വസ്തുവിൽ-ബുദ്ധിയുറപ്പിച്ച് |
| ദേഹാദൗ | ദേഹാദിയിൽ |
| മമ അഹം ഇതി മതിം | ഞാനൊന്നും എന്റെ-തെന്നും ഉള്ള തോന്ന-ലിനെ |
| ഹിത്വാ | വിട്ടുകളഞ്ഞ് |

| | |
|---|---|
| ഭഗവതി | ഭഗവാങ്കൽ |
| തത്കീർത്തനാ-ദിഭിഃ | അവിടുത്തെനാമ-സങ്കീർത്തനാദി-കളാൽ |
| ശുദ്ധം മനഃ | പരിശുദ്ധമായ മനസ്സിനെ |
| ധാസ്യേ | ഉറപ്പിക്കുന്നതാണ് |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

39 ഇതി ജാതസുനിർവേദഃ ക്ഷണസംഗേന സാധുഷു
ഗംഗാദ്വാരമുപേയായ മുക്തസർവാനുബന്ധനഃ

| | |
|---|---|
| ഇതി | ഇപ്രകാരം |
| സാധുഷു | ഭഗവത്പാർഷദന്മാ-രുടെ അടുക്കൽ |
| ക്ഷണസംഗേന | അൽപ്പനേരത്തെ സമ്പർക്കം കൊണ്ട് |
| ജാതസുനിർ-വേദഃ | സംഭവിച്ച വൈരാ-ഗ്യത്തോടുകൂടിയവ-നായിത്തീന്ന അജാമിളൻ |

| | |
|---|---|
| മുക്തസർവ്വാ-നുബന്ധനഃ | ഉപേക്ഷിക്കപ്പെട്ട സകലലൌകിക ബന്ധങ്ങളോടും കൂടിയവനായിട്ട് |
| ഗംഗാദ്വാരം | ഹരിദ്വാരത്തിലേക്ക് |
| ഉപേയായ | എത്തിച്ചേർന്നു |

40 സ തസ്മിൻ ദേവസദന ആസീനോ യോഗമാശ്രിതഃ
പ്രത്യാഹൃതേന്ദ്രിയഗ്രാമോ യുയുജേ മന ആത്മനി

| | |
|---|---|
| സഃ | അദ്ദേഹം |
| തസ്മിൻ | ആസുപ്രസിദ്ധമായ |
| ദേവസദനേ | ദേവസ്ഥാനത്തിൽ |
| ആസീനഃ | ഇരിപ്പുറപ്പിച്ച് |
| യോഗം ആശ്രിതഃ | അഷ്ടാംഗയോഗം ശീലിച്ച് |

| | |
|---|---|
| പ്രത്യാഹൃതേ-ന്ദ്രിയഗ്രാമഃ | സമസ്തേന്ദ്രിയങ്ങളു-ടെയും പ്രവർത്തന-ത്തെ നിയന്ത്രിച്ച് |
| മനഃ | മനസ്സിനെ |
| ആത്മനി | പരമാത്മാവിൽ |
| യുയുജേ | ഉറപ്പിച്ചു |

41 തതോ ഗുണേഭ്യ ആത്മാനം വിയുജ്യാത്മസമാധിനാ
യുയുജേ ഭഗവദ്ധാമ്നി ബ്രഹ്മണ്യനുഭവാത്മനി

| | |
|---|---|
| തതഃ | അതിനുശേഷം |
| ആത്മ-സമാധിനാ | മനസ്സിന്റെ ഏകാഗ്ര-ഭാവനയാൽ |
| ഗുണേഭ്യഃ | ഗുണകാര്യങ്ങളായ ദേഹേന്ദ്രിയാദികളിൽ നിന്ന് |
| ആത്മാനം | ജീവാത്മാവിനെ |

| | |
|---|---|
| വിയുജ്യ | വേർവിടുത്തി |
| അനുഭവാത്മനി | സ്വാനുഭൂതിയുടെ സാക്ഷാൽകാരവും |
| ബ്രഹ്മണി | എങ്ങും നിറഞ്ഞതുമായ |
| ഭഗവദ്ധാമ്നി | ഭഗവൽ സ്വരൂപ-ത്തിൽ |
| യുയുജേ | യോജിപ്പിച്ചു |

42 യർഹ്യുപാരതധീസ്തസ്മിന്നദ്രാക്ഷീത് പുരുഷാൻ പുരഃ
ഉപലഭ്യോപലബ്ധാൻ പ്രാഗ്വവന്ദേ ശിരസാ ദ്വിജഃ

| | |
|---|---|
| തസ്മിൻ | അതിൽ (ഭഗവത്സ്വരൂപത്തിൽ) |
| യർഹി ഉപാരതധീഃ | ഉപരതിയെ— പ്രാപിച്ച അന്തഃകരണത്തോടുകൂടിയവനായപ്പോൾ |
| ദ്വിജഃ | ബ്രാഹ്മണൻ |
| പുരഃ | മുൻവശത്തു് |
| പുരുഷാൻ | ദിവ്യപുരുഷന്മാരെ |
| അദ്രാക്ഷീത് | ദർശിച്ചു |
| പ്രാക് | ഇതിനുമുമ്പ് |
| ഉപലബ്ധാൻ | കണ്ടു പരിചയപ്പെട്ടിരുന്നവരെ |
| ഉപലഭ്യ | കണ്ടിട്ടു് |
| ശിരസാ | ശിരസ്സിനാൽ |
| വവന്ദേ | വണങ്ങി |

43 ഹിത്വാ കളേബരം തീർത്ഥേ ഗംഗായാം ദർശനാദനു
സദ്യഃ സ്വരൂപം ജഗൃഹേ ഭഗവത്പാർശ്വവർത്തിനാം

| | |
|---|---|
| ദർശനാത് അനു | ദർശനത്തിനുശേഷം |
| കളേബരം | ഭൗതികശരീരത്തെ |
| തീർത്ഥേ | പുണ്യസങ്കേതത്തിൽ |
| ഗംഗായാം | ഗംഗാനദിയിൽ |
| ഹിത്വാ | പരിത്യജിച്ചു് |
| സദ്യഃ | ഉടനെത്തന്നെ |
| ഭഗവത്പാർശ്വവർത്തിനാം | ഭഗവാന്റെ പാർശ്വവർത്തികളായ പാർഷദന്മാരുടെ |
| സ്വരൂപം | സ്വരൂപത്തെ |
| ജഗൃഹേ | സ്വീകരിച്ചു |

44 സാകം വിഹായസാ വിപ്രോ മഹാപുരുഷകിങ്കരൈഃ
ഹൈമം വിമാനമാരുഹ്യ യയൗ യത്ര ശ്രിയഃ പതിഃ

| | |
|---|---|
| വിപ്രഃ | ബ്രാഹ്മണൻ |
| മഹാപുരുഷകിങ്കരൈഃ സാകം | മഹാവിഷ്ണുവിന്റെ പാർഷദന്മാരോടുകൂടെ |
| ഹൈമം | സ്വർണ്ണമയമായ |
| വിമാനം | വിമാനത്തിലേക്കു് |
| ആരുഹ്യ | കയറിട്ടു് |
| യത്ര | യാതൊരിടത്തു് |
| ശ്രിയഃ പതിഃ | ലക്ഷ്മീപതിയായ ഭഗവാൻ വാണരുളുന്നുവോ, അവിടേക്കു് |
| യയൗ | പ്രയാണം ചെയ്തു |

45 ഏവം സ വിപ്ലാവിതസർവ്വധർമ്മാ
ദാസ്യാഃ പതിഃ പതിതോ ഗർഹ്യകർമ്മണാ
നിപാത്യമാനോ നിരയേ ഹതവ്രതഃ
സദ്യോ വിമുക്തോ ഭഗവന്നാമ ഗൃഹ്ണൻ

| | |
|---|---|
| ഏവം | ഇപ്രകാരം |
| വിപ്ലാവിതസർവ്വധർമ്മാ | നശിപ്പിക്കപ്പെട്ട സമസ്തധർമ്മാചാരങ്ങളോടുകൂടിയവനും, |
| ഹതവ്രതഃ | നിഹനിക്കപ്പെട്ട വ്രതചര്യകളോടുകൂടിയവനും |
| ഗർഹ്യകർമ്മണാ | നിന്ദനീയമായ കർമ്മത്താൽ |
| പതിതഃ | ഭ്രഷ്ടനായവനും |
| നിരയേ | നരകത്തിൽ |
| നിപാത്യമാനഃ | വീഴ്ത്തപ്പെടുന്നവനും |

ദാസ്യാഃ പതിഃ — വേശ്യയുടെ ഭർത്താവായി കഴിഞ്ഞിരുന്നവനുമായ
സഃ — ആ അജാമിളൻ

ഭഗവന്നാമ — ഭഗവാന്റെ തിരുനാമത്തെ
ഗൃഹ്ണൻ — ഉച്ചരിച്ചുകൊണ്ട്
സദ്യഃ — ഉടൻ
വിമുക്തഃ — തികച്ചും മുക്തനായി

46 നാതഃ പരം കർമ്മനിബന്ധകൃന്തനം
മുമുക്ഷതാംതീർത്ഥപദാനുകീർത്തനാത്
ന യത് പുനഃ കർമ്മസു സജ്ജതേ മനോ
രജസ്തമോഭ്യാം കലിലം തതോഽന്യഥാ

അതഃ — ആയതുകൊണ്ട്
മുമുക്ഷതാം — സംസാരനിർമ്മുക്തിയെ ആഗ്രഹിക്കുന്നവരുടെ
കർമ്മനിബന്ധകൃന്തനം — കർമ്മബന്ധത്തെ അറുത്തുവിടുവാനുള്ള ഉപകരണം
തീർത്ഥപദാനുകീർത്തനാത് പരം — ഭഗവാന്റെ തിരുനാമങ്ങളെ പ്രകീർത്തിക്കുന്നതിനേക്കാൾ തികച്ചുമായിട്ട്
ന — ഒന്നുമില്ല
യത് പുനഃ — എന്തെന്നാൽ വീണ്ടും

കർമ്മസു — കർമ്മങ്ങളിൽ
മനഃ — മനസ്സ്
ന സജ്ജതേ — ആസക്തമാകയില്ല
തതഃ — അതിൽനിന്ന് (നാമകീർത്തനത്തിൽ നിന്നും) വിട്ടിട്ട്
അന്യഥാ — മറ്റുമാർഗ്ഗത്തിലൂടെയായാൽ
രജസ്തമോഭ്യാം — രജോഗുണത്താലും തമോഗുണത്താലും
കലിലം — കലുഷമായിട്ട്
(മനഃ കർമ്മസു പുനഃ സജ്ജതേ) — മനസ്സ് കർമ്മങ്ങളിൽ വീണ്ടും ആസക്തമാകും

ഫലശ്രുതി പറഞ്ഞ് ഈ അജാമിളോപാഖ്യാനം ഉപസംഹരിക്കുന്നു–

47 യ ഏവം പരമം ഗുഹ്യമിതിഹാസമഘാപഹം
ശൃണുയാച്ഛ്രദ്ധയാ യുക്തോ യശ്ച ഭക്ത്യാനുകീർത്തയേത്

48 ന വൈ സ നരകം യാതി നേക്ഷിതോ യമകിങ്കരൈഃ
യദ്യപ്യമംഗളോ മർത്ത്യോ വിഷ്ണുലോകേ മഹീയതേ

യഃ — യാതൊരുവൻ
ഏവം — ഇപ്രകാരം
പരമം — ഏററവും
ഗുഹ്യം — രഹസ്യമായതും
അഘാപഹം — പാപനാശകവുമായ
ഇതിഹാസം — ചരിത്രകഥയെ
ശ്രദ്ധയായുക്തഃ — ആസ്തിക്യബുദ്ധിയോടെ
ശൃണുയാത് — കേൾക്കുമോ
യഃ — യാതൊരുവൻ
ഭക്ത്യാ ച — ഭക്തിയോടും കൂടെ
അനുകീർത്തയേത് — ഇടവിടാതെ പാരായണം ചെയ്യുമോ

സഃ — അവൻ
നരകം — നരകത്തെ
ന വൈ യാതി — പ്രാപിക്കുന്നതേയില്ല.
യമകിംകരൈഃ — കാലദൂതന്മാരാൽ
ഈക്ഷിതഃ — വീക്ഷിക്കപ്പെട്ടവനായും
ന — ആകയില്ല
മർത്ത്യഃ — മനുഷ്യൻ
അമംഗളഃ — പുണ്യമില്ലാത്തവൻ
യദ്യപി — ആയിരുന്നാൽപ്പോലും
വിഷ്ണുലോകേ — വിഷ്ണുലോകത്തിൽ
മഹീയതേ — സംപൂജ്യനായിത്തീരുന്നു

49 മ്രിയമാണോ ഹരേർന്നാമ ഗൃണൻ പുത്രോപചാരിതം
അജാമിളോऽപ്യഗാദ്ധാമ കിം പുനഃ ശ്രദ്ധയാ ഗൃണൻ

| | |
|---|---|
| പുത്രോപചാരിതം | മകൻെറ പേരിനെ ഉദ്ദേശിച്ച് |
| ഹരേഃ നാമ | മഹാവിഷ്ണുവിൻെറ നാമം |
| മ്രിയമാണഃ | മരിച്ചുകൊണ്ടിരിക്കെ—അവശനായി |
| ഗൃണൻ | പറഞ്ഞുപോയ |
| അജാമിളഃ അപി | അജാമിളനെന്ന പാപി ബ്രാഹ്മണൻ കൂടിയും |
| ധാമ | വൈകുണ്ഠലോകത്തെ |
| അഗാത് | ഗമിച്ചു |
| ശ്രദ്ധയാ | ഭക്തിവിശ്വാസത്തോടെ |
| ഗൃണൻ | ഉച്ചരിക്കുന്നവൻ |
| പുനഃ കിം | പിന്നെ ചോദിക്കേണമോ? |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
അജാമിളോപാഖ്യാനേ ദ്വിതീയോऽധ്യായഃ
ആദിതഃ ശ്ലോകാഃ 117
ആറാമത്തെ സ്കന്ധത്തിൽ രണ്ടാമദ്ധ്യായം കഴിഞ്ഞു
ഓം നമോ നാരായണായ

## തൃതീയോऽധ്യായഃ = അദ്ധ്യായം മൂന്നു്

യമകൃതവൈഷ്ണവോൽകർഷവർണ്ണനം

''തൃതീയേ തു യമേനാപി വൈഷ്ണവോത്കർഷവർണ്ണനൈഃ
സാന്ത്വയിത്വാ സ്വദൂതാസ്തേ വൈഷ്ണവേ കിങ്കരീകൃതാഃ''

യമൻ വിഷ്ണുഭക്തന്മാരുടെ മഹിമയെ പറഞ്ഞുകേൾപ്പിച്ച് തൻെറ ദൂതന്മാരെ സമാധാനിപ്പിക്കുന്നതും അവരെ വിഷ്ണുഭക്തന്മാരുടെ ദാസന്മാരായിരിക്കുവാൻ ഉപദേശിക്കുന്നതും ഈ മൂന്നാമത്തെ അദ്ധ്യായത്തിൽ പറയുന്നു.

വിഷ്ണുദൂതന്മാർ പറഞ്ഞ ഭഗവന്നാമമഹിമയെ യമമുഖേന ദൃഢീകരിക്കുകയാണ് ഈ അദ്ധ്യായത്തിൽ ചെയ്യുന്നതു്. യമദൂതന്മാർ യമരാജാവിൻെറ അടുക്കൽ ഉണ്ടായതെല്ലാം അറിയിച്ചു എന്നാണല്ലോ പറഞ്ഞതു്. അപ്പോൾ യമരാജാവിൻെറ പ്രതികരണമെന്തായിരുന്നുവെന്നറിയാനുള്ള ആഗ്രഹത്തോടെ രാജാവ് ശ്രീശുകനോടു ചോദിക്കുന്നു—

രാജോവാച = രാജാവ് പറഞ്ഞു—

1 നിശമ്യ ദേവഃ സ്വഭടോപവർണിതം
പ്രത്യാഹ കിം താൻ പ്രതി ധർമ്മരാജഃ
ഏവം ഹതാജ്ഞോ വിഹതാന്മുരാരേ-
ർന്നൈർദ്ദേശികൈര്യസ്യ വശേ ജനോഽയം

| | |
|---|---|
| ദേവഃ | മഹാനുഭാവനായ |
| ധർമ്മരാജഃ | യമധർമ്മരാജാവു് |
| സ്വഭടോ-പവർണ്ണിതം | തന്റെ ഭടന്മാരാൽ വിസ്തരിക്കപ്പെട്ട-വൃത്താന്തത്തെ |
| നിശമ്യ | കേട്ടിട്ടു് |
| ഏവം | ഇങ്ങനെ |
| ഹതാജ്ഞഃ | നിയോഗത്തിനു തടസ്സം നേരി-ട്ടവനായപ്പോൾ |
| മുരാരേഃ | വിഷ്ണുഭഗവാന്റെ |
| നൈർദ്ദേശികൈഃ | ആജ്ഞാനുവർത്തികളാൽ |
| വിഹതാൻ | തടയപ്പെട്ടിരുന്ന |
| താൻ പ്രതി | അവരെ നോക്കി |
| കിം പ്രത്യാഹ | എന്തുപ്രതിവചിച്ചു? |
| യസ്യ | യാതൊരു യമധർമ്മന്റെ |
| വശേ | അധീനതയിലാണല്ലോ |
| അയം ജനഃ | ഈ ജനമെല്ലാം! |

2 യമസ്യ ദേവസ്യ ന ദണ്ഡഭംഗഃ
കുതശ്ചനർഷേ ശ്രുതപൂർവ്വ ആസീത്
ഏതന്മുനേ വൃശ്ചതി ലോകസംശയം
ന ഹി ത്വദന്യ ഇതി മേ വിനിശ്ചിതം

| | |
|---|---|
| ഋഷേ | അല്ലയോ ഋഷേ! |
| ദേവസ്യ | മഹാനുഭാവനായ |
| യമസ്യ | യമധർമ്മരാജാവിന്റെ |
| ദണ്ഡഭംഗഃ | ദണ്ഡനീതിക്കു തടവേ-ൽക്കുക എന്നതു് |
| കുതശ്ചന | ആരിൽ നിന്നും |
| ശ്രുതപൂർവ്വഃ ന | മുമ്പു് കേൾക്ക-പ്പെട്ടതല്ല. |
| ഏതത് | ഇതും |
| ആസീത് | സംഭവിച്ചുവല്ലോ |
| മുനേ | ഹേ മനനശീല! |
| ലോകസംശയം | ഇതിനെക്കുറിച്ചുള്ള ലോകസന്ദേഹത്തെ |
| ത്വദന്യഃ ഹി | അങ്ങയല്ലാതെ മററാരും തന്നെ |
| ന വൃശ്ചതി | അറുത്തു തരികയില്ല |
| ഇതി | എന്നതും |
| മേ | എനിക്കു് |
| വിനിശ്ചിതം | നല്ല ഉറപ്പുണ്ടു് |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

3 ഭഗവത്പുരുഷൈ രാജൻ യാമ്യാഃ പ്രതിഹതോദ്യമാഃ
പതിം വിജ്ഞാപയാമാസുര്യമം സംയമനീപതിം

| | |
|---|---|
| രാജൻ | അല്ലയോ രാജാവേ! |
| ഭഗവത്-പുരുഷൈഃ | ശ്രീകൃഷ്ണഭഗവാന്റെ ദൂതന്മാരാൽ |
| പ്രതിഹതോ-ദ്യമാഃ | തടയപ്പെട്ട ഉദ്യമ-ത്തോടുകൂടിയവ-രായി ഭവിച്ച |
| യാമ്യാഃ | യമദൂതന്മാർ |
| സംയമനീപതിം | സംയമനി എന്ന അന്തകപുരിയുടെ നാഥനും |
| പതിം | തങ്ങളുടെ അധിപനുമായ |
| യമം | യമനെ |
| വിജ്ഞാപയാ-മാസുഃ | കണ്ടുണർത്തിച്ചു. |

യമദൂതാ ഊചുഃ = യമദൂതന്മാർ പറഞ്ഞു

4 കതി സന്തീഹ ശാസ്താരോ ജീവലോകസ്യ ഹേ പ്രഭോ
ത്രൈവിധ്യം കുർവ്വതഃ കർമ്മ ഫലാഭിവ്യക്തിഹേതവഃ

| | |
|---|---|
| പ്രഭോ | ഹേ പ്രഭോ! |
| ത്രൈവിധ്യം | മനോവാക്കായങ്ങളാൽ മൂന്നുവിധം |
| കർമ്മ കുർവ്വതഃ | കർമ്മം ചെയ്തുകൊണ്ടിരിക്കുന്ന |
| ജീവലോകസ്യ | ജീവരാശിയുടെ |
| ശാസ്താരഃ | ശാസ്താക്കളും |
| ഫലാഭിവ്യക്തിഹേതവഃ | കർമ്മഫലത്തെ പ്രഖ്യാപിക്കുവാൻ കാരണഭൂതന്മാരും ആയിരിക്കുന്നവർ |
| ഇഹ വൈ | ലോകത്തിലാകെ |
| കതി സന്തി | എത്രപേരുണ്ട്? |

ഒന്നിലധികം ശാസനാധികാരികളുണ്ടായാലുള്ള വൈഷമ്യം ഇനി പറയുന്നു.

5 യദി സ്യുർബഹവോ ലോകേ ശാസ്താരോ ദണ്ഡധാരിണഃ
കസ്യ സ്യാതാം ന വാ കസ്യ മൃത്യുശ്ചാമൃതമേവ വാ.

| | |
|---|---|
| ലോകേ | ലോകത്തിൽ |
| ദണ്ഡധാരിണഃ | ദണ്ഡനീതിനടത്താൻ ചുമതലപ്പെട്ട |
| ശാസ്താരഃ | അധികാരികൾ |
| ബഹവഃ | അധികംപേർ |
| യദി സ്യുഃ | ഉണ്ടാകയാണെങ്കിൽ |
| മൃത്യുഃ | ദുഃഖവും |
| അമൃതം ച | സുഖവും |
| ഏവ വാ | യഥായോഗ്യം |
| കസ്യ സ്യാതാം | ആർക്ക് ഉണ്ടാകും! |
| വാ കസ്യ | അഥവാ, ആർക്ക് |
| ന | ഉണ്ടാകയില്ല? |

അധികാരികൾ അധികം പേരുണ്ടായാൽ അവർതമ്മിൽ അഭിപ്രായഭേദം ഉണ്ടാകാവുന്നതാണ് ഒരാളുടെ ദൃഷ്ടിയിൽ പാപിയായവൻ മറ്റൊരാളുടെ ദൃഷ്ടിയിൽ സുകൃതിയായെന്നുവരും അപ്പോൾ പുണ്യപാപകർമ്മങ്ങളുടെ ഫലങ്ങളായ സുഖദുഃഖങ്ങൾ യഥായോഗ്യം ആർക്കും ലഭിക്കയില്ല. അവർ തമ്മിൽ അഭിപ്രായൈക്യമുണ്ടായാലും കുഴപ്പംതന്നെ പാപി സുഖത്തിന്നും സുകൃതി ദുഃഖത്തിന്നും പാത്രീഭവിക്കാൻ ഇടവന്നേക്കും നൈതികാധഃപതനമാണ് രണ്ടിന്റെയും ഫലം.

എന്നാൽ കർമ്മികളുടെ തരാതരമനുസരിച്ച് ഓരോകർമ്മത്തിന്നും പ്രത്യേകം അധികാരിയുണ്ടായാലെന്ത്? അതും ദുർഘടമാണെന്ന് അടുത്ത ശ്ലോകത്തിൽ പറയുന്നു.

6 കിം തു ശാസ്തൃബഹുത്വേ സ്യാത് ബഹൂനാമിഹ കർമ്മിണാം
ശാസ്തൃത്വമുപചാരോ ഹി യഥാ മണ്ഡലവർത്തിനാം.

| | |
|---|---|
| കിം തു | എന്നാൽ |
| ബഹൂനാം | പലതരക്കാരായ |
| കർമ്മിണാം | കർമ്മികളുടെ തരംതിരിവനുസരിച്ച് |
| ശാസ്തൃബഹുത്വേ | കർമ്മഫലം നിർണ്ണയിക്കാനുള്ള അധികൃതന്മാരും പലരുണ്ടായാൽ |
| മണ്ഡലവർത്തിനാം യഥാ | പ്രാദേശികഭരണാധികാരികളുടെ മട്ടിൽ |
| ശാസ്തൃത്വം | അധികാരപദവി |
| ഉപചാരഃ | പേരിനുള്ളത് |
| ഹി സ്യാത് | മാത്രമായേക്കും |

പ്രാദേശികാധികാരികൾ സ്വതന്ത്രരല്ല അവരുടെ പ്രവർത്തനം ഐകരൂപ്യമുള്ളതുമാകയില്ല. സ്വതന്ത്രമായ ഒരു അധീശശക്തിയുണ്ടായാൽ മാത്രമേ ഭരണചക്രം നിരങ്കുശമായി പ്രവൎത്തിക്കുകയുള്ളു. അതുപോലെ ജീവാത്മാക്കളുടെ സുകൃതദുഷ്കൃത വിവേചനം ചെയ്തു വിധി നടത്തുവാൻ സർവ്വാധികാരവുമുള്ള ഒരു ധൎമ്മശാസ്താവുതന്നെ വേണം. അതാരെന്നു് ഇനിപറയുന്നു.

7 അതസ്ത്വമേകോ ഭൂതാനാം സേശ്വരാണാമധീശ്വരഃ
ശാസ്താ ദണ്ഡധരോ നൃണാം ശുഭാശുഭവിവേചനഃ

| | |
|---|---|
| അതഃ | ആകയാൽ |
| സേശ്വരാണാം | ദേവന്മാരുൾപ്പെടെയുള്ള |
| ഭൂതാനാം | ജീവരാശികൾക്കെല്ലാം |
| അധീശ്വരഃ | അധിനായകനായും |
| നൃണാം | മനുഷ്യരുടെ |
| ശുഭാശുഭവിവേചനഃ | പുണ്യപാപങ്ങളെ തരം തിരിച്ചറിയുന്നവനായും |
| ദണ്ഡധരഃ | ദണ്ഡനീതിയെ കൈക്കൊള്ളുന്നവനായും ഇരിക്കുന്ന |
| ശാസ്താ | ധൎമ്മശാസ്താവായിട്ടു് |
| ത്വം ഏകഃ | അങ്ങുന്നു് ഒരാൾ മാത്രമാണുള്ളതു് |

8 തസ്യ തേ വിഹതോ ദണ്ഡോ ന ലോകേ വൎത്തതേഽധുനാ
ചതുർഭിരദ്ഭുതൈഃ സിദ്ധൈരാജ്ഞാ തേ വിപ്രലംഭിതാ

| | |
|---|---|
| തസ്യ തേ | അങ്ങനെയുള്ള അങ്ങയുടെ |
| ദണ്ഡഃ | ദണ്ഡനവിധി |
| ലോകേ | ലോകത്തിൽ |
| വിഹതഃ | തടസ്സപ്പെട്ടതായിട്ടു് |
| ന വൎത്തതേ | ഇരിക്കുന്നില്ല |
| അധുനാ | എന്നാൽ, ഇപ്പോൾ |
| അദ്ഭുതൈഃ | അദ്ഭുതാകാരന്മാരായ |
| ചതുർഭിഃ | നാലു് |
| സിദ്ധൈഃ | സിദ്ധപുരുഷന്മാരാൽ |
| തേ ആജ്ഞാ | അങ്ങയുടെ കല്പന |
| വിപ്രലംഭിതാ | നിരാകരിക്കപ്പെട്ടിരിക്കുന്നു. |

9 നീയമാനം തവാദേശാദസ്മാഭിര്യാതനാഗൃഹാൻ
വ്യമോചയൻ പാതകിനം ഛിത്വാ പാശാൻ പ്രസഹ്യ തേ

| | |
|---|---|
| തവ | അങ്ങയുടെ |
| ആദേശാത് | നിയോഗം അനുസരിച്ചു് |
| അസ്മാഭിഃ | ഞങ്ങളാൽ |
| യാതനാഗൃഹാൻ | പീഡനനിലയത്തിലേക്കു് |
| നീയമാനം | കൊണ്ടുപോകപ്പെടുന്ന |
| പാതകിനം | ഒരു മഹാപാപിയെ |
| തേ | അവർ |
| പാശാൻ | കയറുകളെ |
| പ്രസഹ്യ | ബലം പ്രയോഗിച്ചു് |
| ഛിത്വാ | അറുത്തിട്ടു് |
| വ്യമോചയൻ | മോചിപ്പിച്ചു |

10 താംസ്തേ വേദിതുമിച്ഛാമോ യദി നോ മന്യസേ ക്ഷമം
നാരായണേത്യഭിഹിതേ മാ ഭൈരിത്യായയുഃ ദ്രുതം

| | |
|---|---|
| നഃ | ഞങ്ങൾക്കു് |
| ക്ഷമം | ആകാവുന്നതാണെന്നു് |
| യദിമന്യസേ | അങ്ങു് കരുതുന്നുവെങ്കിൽ |
| തേ | അങ്ങയുടെ അടുക്കൽ നിന്നു് |
| താൻ | അവരെക്കുറിച്ചു് |
| വേദിതും | അറിയുവാൻ |
| ഇച്ഛാമഃ | ആഗ്രഹിക്കുന്നു |

നാരായണഇതി — 'നാരായണ' എന്നു
അഭിഹിതേ — ചൊല്ലിയപ്പോൾ
മാ ഭൈഃ — 'പേടിക്കേണ്ട'

ഇതി — എന്നു പറഞ്ഞു്
ദ്രുതം — വേഗത്തിൽ
ആയയുഃ — വന്നണഞ്ഞു

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

11 ഇതി ദേവഃ സ ആപൃഷ്ടഃ പ്രജാസംയമനോ യമഃ
പ്രീതഃ സ്വദൂതാൻ പ്രത്യാഹ സ്മരൻ പാദാംബുജം ഹരേഃ

പ്രജാസംയമനഃ — ജീവരാശിയെ നിയന്ത്രിക്കുന്ന
സഃ ദേവഃ — ആ മഹാനുഭാവനായ
യമഃ — യമധർമ്മരാജൻ
ഇതി ആപൃഷ്ടഃ — ഈ വിധം ചോദിക്കപ്പെട്ടപ്പോൾ

പ്രീതഃ — സന്തുഷ്ടനായിട്ടു്
ഹരേഃ — ശ്രീഹരിയുടെ
പാദാംബുജം — പാദപദ്മത്തെ
സ്മരൻ — ധ്യാനിച്ചുകൊണ്ടു്
സ്വദൂതാൻ — തന്റെ ദൂതന്മാരോടു്
പ്രത്യാഹ — മറുപടിപറഞ്ഞു

യമ ഉവാച — യമൻ പറഞ്ഞു

12 പരോ മദന്യോ ജഗതസ്തസ്ഥുഷശ്ച
ഓതം പ്രോതം പടവദ്യത്ര വിശ്വം
യദംശതോഽസ്യ സ്ഥിതിജന്മനാശാഃ
നസ്യോതവദ്യസ്യ വശേ ച ലോകഃ

ജഗതഃ — ചരത്തിനും
തസ്ഥുഷഃ ച — അചരത്തിനും
പരഃ — അധീശ്വരനായിട്ടു്
മത് അന്യഃ — എന്നിൽനിന്നും വേറെയായി ഒരുവനുണ്ടു്
യത്ര — അവനിൽ
വിശ്വം — പ്രപഞ്ചമാകെയും
പടവത് — വസ്ത്രത്തിലെന്നപോലെ
ഓതം പ്രോതം — ഊടും പാവുമായിട്ടു സ്ഥിതിചെയ്യുന്നു
യദംശതഃ — അവന്റെ അംശങ്ങളിൽ നിന്നു്

അസ്യ — ഈ ലോകത്തിന്റെ
സ്ഥിതിജന്മ-നാശാഃ — നിലനില്പിനും ഉല്പത്തിക്കും നാശത്തിനും ഹേതുഭൂതരായ ത്രിമൂർത്തികൾ ഉണ്ടായി
നസി — മൂക്കിൽ
ഓതവത് — തുളച്ചുകയറിട്ട കാളയെപോലെ
ലോകഃ — ലോകം
യസ്യ — അവന്റെ
വശേ ച — അധീനതയിലുമാകുന്നു

13 യോ നാമഭിർവാചി ജനാന്നിജായാം
ബധ്നാതി തന്ത്ര്യാമിവ ദാമഭിർഗാഃ
യസ്മൈ ബലിം ത ഇമേ നാമകർമ്മ-
നിബന്ധബദ്ധാശ്ചകിതാ വഹന്തി

യഃ — യാതൊരു അവൻ
നിജായാം — തന്റേതായ
വാചി — വേദവചനത്തിൽ

ദാമഭിഃ — ചരടുകൾ കൊണ്ടു്
തന്ത്ര്യാം — കയറിൽ
ഗാഃ ഇവ — കന്നുകാലികളെപ്പോലെ

| | | | |
|---|---|---|---|
| നാമഭിഃ | ബ്രാഹ്മണാദി വിഭിന്ന- സംജ്ഞകളാൽ | നാമകർമ്മ- നിബന്ധബദ്ധാഃ | പേരിന്റെയും പ്രവൃത്തിയുടെയും നിബന്ധനകൾക്ക വിധേയരായും |
| ജനാൻ | ജനങ്ങളെ | ചകിതാഃ | ശിക്ഷയെ ഭയന്നും |
| ബദ്ധ്നാതി | ഒതുക്കിനിർത്തുന്നു; | യസ്മൈ | അവന്നു് വേണ്ടി |
| തേ ഇമേ | അങ്ങനെയുള്ള ഈ ജനങ്ങൾ | ബലിം | ആരാധനയെ |
| | | വഹന്തി | നിർവ്വഹിക്കുന്നു. |

14 അഹം മഹേന്ദ്രോ നിരൃതിഃ പ്രചേതാഃ
സോമോऽഗ്നിരീശഃ പവനോऽർക്കോ വിരിഞ്ചഃ
ആദിത്യവിശേ വസവോऽഥ സാദ്ധ്യാഃ
മരുദ്ഗണാ രുദ്രഗണാഃ സസിദ്ധാഃ

15 അന്യേ ച യേ വിശ്വസൃജോऽമരേശാ
ഭൃഗ്വാദയോऽസ്പൃഷ്ടരജസ്തമസ്കാഃ
യസ്യേഹിതം ന വിദുഃ സ്പൃഷ്ടമായാഃ
സത്വപ്രധാനാ അപി കിം തതോऽന്യേ

| | | | |
|---|---|---|---|
| അഹം | ഞാൻ | യേ | യാവചിലർ |
| മഹേന്ദ്രഃ | ദേവേന്ദ്രൻ | അന്യേ ച | ഇതുപോലെ വേറെ- യുണ്ടോ അവരും |
| നിരൃതിഃ | നിരൃതി | അസ്പൃഷ്ടരജ- സ്തമസ്കാഃ | രജസ്തമോഗുണ- ങ്ങൾ സ്പർശിച്ചി- ട്ടില്ലാത്തവരും |
| പ്രചേതാഃ | വരുണൻ | സത്വപ്രധാനാഃ അപി | സത്വഗുണസമ്പ- ന്നന്മാരും ആയിട്ടു- കൂടി |
| സോമഃ അഗ്നിഃ | ചന്ദ്രൻ, അഗ്നി | സ്പൃഷ്ടമായാഃ | മായാസ്പർശനം ഉള്ളവരാകയാൽ |
| ഈശഃ പവനഃ | ഈശാനൻ, വായു | യസ്യ | യാതൊരുവന്റെ (സർവ്വേശ്വരന്റെ) |
| അർക്കഃ | സൂര്യൻ, | ഈഹിതം | അഭിമതത്തെ |
| വിരിഞ്ചഃ | ബ്രഹ്മദേവൻ | ന വിദുഃ | അറിയുന്നില്ല |
| ആദിത്യവിശേ | വിശേദേവന്മാർ | തതഃ അന്യേ | പിന്നെ മറ്റുള്ളവർ |
| വസവഃ | അഷ്ടവസുക്കൾ | കിം | ഉണ്ടോ അറിയുന്നു? |
| അഥ സാദ്ധ്യാഃ | പിന്നെ സാദ്ധ്യന്മാർ | | |
| മരുദ്ഗണാഃ | സപ്തമരുത്തുകൾ | | |
| രുദ്രഗണാഃ | ഏകാദശരുദ്രന്മാർ | | |
| സസിദ്ധാഃ | സിദ്ധദേവന്മാർ | | |
| വിശ്വസൃജഃ | പ്രജാപതിമാർ | | |
| അമരേശാഃ | ദേവാചാര്യന്മാരായ | | |
| ഭൃഗ്വാദയഃ | ഭൃഗുമുതലായവർ | | |

16 യം വൈ ന ഗോഭിർമനസാऽസുഭിർവാ
ഹൃദാ ഗിരാ വാऽസുഭൃതോ വിചക്ഷതേ
ആത്മാനമന്തർഹൃദി സന്തമാത്മനാം
ചക്ഷുര്യഥൈവാകൃതയസ്തതഃ പരം

| | |
|---|---|
| ആത്മനാം | ജീവാത്മാക്കളുടെ |
| അന്തർഹൃദി | ഉള്ളിന്റെയും ഉള്ളിൽ |
| ആത്മാനം | ദ്രഷ്ടാവായി |
| സന്തം | സ്ഥിതിചെയ്യുന്ന |
| യം വൈ | യാതൊരുവനെ മാത്രം |
| അസുഭൃതഃ | പ്രാണികൾ |
| ഗോഭിഃ | പഞ്ചേന്ദ്രിയങ്ങളാലോ |
| അസുഭിഃ വാ | പഞ്ചപ്രാണങ്ങളാലോ |
| മനസാ | മനസ്സിനാലോ |
| ഹൃദാ | ചിത്തത്താലോ |
| ഗിരാ വാ | വേദവാക്യത്താലോ |
| ആകൃതയഃ | രൂപങ്ങൾ |
| തതഃ പരം | അവയിൽ നിന്ന് അകന്ന് അവയെ പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്ന |
| ചക്ഷുഃ യഥാ | നേത്രേന്ദ്രിയത്തെ എന്നപോലെ |
| ന വിചക്ഷതേ | കണ്ടെത്തുന്നില്ല |

ചരാചരങ്ങളുടെ നിയന്താവായ സർവ്വേശ്വരൻ താനല്ലെന്നും തന്നിൽ നിന്നു പരിയായി പ്രഭാസിക്കുന്ന സർവ്വസാക്ഷിയായ പരമാത്മാവാണെന്നും യമൻ സ്വദൂതന്മാരെ അറിയിച്ചശേഷം അവരുടെ കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്തിയ സിദ്ധപുരുഷന്മാർ ആരായിരുന്നുവെന്നു താഴെ രണ്ടു ശ്ലോകം കൊണ്ടു പറയുന്നു.

17 തസ്യാത്മതന്ത്രസ്യ ഹരേരധീശിതുഃ
പരസ്യ മായാധിപതേർ മഹാത്മനഃ
പ്രായേണ ദൂതാ ഇഹ വൈ മനോഹരാ-
ശ്ചരന്തി തദ്രൂപഗുണസ്വഭാവാഃ

| | |
|---|---|
| ആത്മതന്ത്രസ്യ | സർവ്വതന്ത്രസ്വതന്ത്രനും |
| അധീശിതുഃ | സർവ്വാധീശനും |
| മായാധിപതേഃ | മായയുടെ അധിപതിയും |
| മഹാത്മനഃ | പരമാത്മാവും |
| പരസ്യ | സർവ്വോത്കൃഷ്ടനുമായ |
| തസ്യ ഹരേഃ | ആ ശ്രീഹരിയുടെ |
| ദൂതാഃ | ദൂതന്മാർ |
| തദ്രൂപഗുണസ്വഭാവാഃ | അവിടുത്തെ രൂപവും ഗുണവും സ്വഭാവവും ഉള്ളവരായി |
| മനോഹരാഃ | മനോഹരന്മാരുമായിട്ട് |
| ഇഹ വൈ | ലോകത്തിലെങ്ങും |
| പ്രായേണ | മിക്കവാറും |
| ചരന്തി | സഞ്ചരിക്കുന്നു |

18 ഭൂതാനി വിഷ്ണോഃ സുരപൂജിതാനി
ദുർദർശലിംഗാനി മഹാദ്ഭുതാനി
രക്ഷന്തി തത്ഭക്തിമതഃ പരേഭ്യോ
മത്തശ്ച മർത്ത്യാനഥ സർവ്വതശ്ച

| | |
|---|---|
| സുരപൂജിതാനി | ദേവകളാൽക്കൂടി ആരാധിക്കപ്പെടുന്നവരും |
| ദുർദർശലിംഗാനി | കാണുവാൻ കഴിയാത്ത ആകാരത്തോടുകൂടിയവരും |
| മഹാദ്ഭുതാനി | അത്യന്തം ആശ്ചര്യം ജനിപ്പിക്കുന്നവരുമായ |
| വിഷ്ണോഃ | ശ്രീമഹാവിഷ്ണുവിന്റെ |
| ഭൂതാനി | പാർഷദഗണങ്ങൾ |
| തത്ഭക്തിമതഃ | തന്തിരുവടിയുടെ ഭക്തന്മാരായ |
| മർത്ത്യാൻ | ജനങ്ങളെ |
| പരേഭ്യഃ | ശത്രുക്കളിൽ നിന്നും |

| | |
|---|---|
| മത്തഃ ച | എന്നിൽ നിന്നും |
| അഥ | മാത്രമല്ല |
| സർവ്വതഃ ച | എല്ലാററിൽ നിന്നും |
| രക്ഷന്തി | കാത്തുരക്ഷിക്കുന്നു |

എന്നാൽ ഈ വിഷ്ണുപാർഷദന്മാർ ഭക്തിശൂന്യനും ആചാരഭ്രഷ്ടനുമായ അജാമിളനെ രക്ഷിച്ചതെന്തുകൊണ്ട്? ഈ ആശങ്കയെ പരിഹരിക്കുവാൻ ഇനി പറയുന്നു.

19 ധർമ്മം തു സാക്ഷാദ് ഭഗവത്പ്രണീതം
ന വൈ വിദുർഋഷയോ നാപി ദേവാഃ
ന സിദ്ധമുഖ്യാ അസുരാ മനുഷ്യാ
കുതശ്ച വിദ്യാധരചാരണാദ്യാഃ

| | |
|---|---|
| ഭഗവത്പ്രണീതം | ഭഗവാനാൽ ആവിഷ്കരിക്കപ്പെട്ട |
| സാക്ഷാത് | യഥാർത്ഥമായ |
| ധർമ്മം തു | ധർമ്മത്തെയാകട്ടെ |
| ഋഷയഃ വൈ | ഋഷികളും തന്നെ |
| ന വിദുഃ | അറിയുന്നില്ല |
| ദേവാഃ അപി | ദേവന്മാരും |
| ന | ഇല്ല |
| സിദ്ധമുഖ്യാഃ ന | സിദ്ധമുഖ്യന്മാരും ഇല്ല |
| അസുരാഃ | അസുരന്മാരും |
| മനുഷ്യാഃ | മനുഷ്യന്മാരും |
| വിദ്യാധര-ചാരണാദ്യാഃ ച | വിദ്യാധരന്മാരും ചാരണന്മാരും മററും പിന്നെ |
| കുതഃ | എങ്ങനെ അറിയുന്നു? |

20 സ്വയംഭൂർനാരദഃ ശംഭുഃ കുമാരഃ കപിലോ മനുഃ
പ്രഹ്ലാദോ ജനകോ ഭീഷ്മോ ബലിർവൈയാസകിർവയം

21 ദ്വാദശൈതേ വിജാനീമോ ധർമ്മം ഭാഗവതം ഭടാഃ
ഗുഹ്യം വിശുദ്ധം ദുർബോധം യം ജ്ഞാത്വാമൃതമശ്നുതേ

| | |
|---|---|
| സ്വയംഭൂഃ | ബ്രഹ്മാവ് |
| നാരദഃ | ശ്രീനാരദൻ |
| ശംഭുഃ | പരമശിവൻ |
| കുമാരഃ | സനൽകുമാരൻ |
| കപിലഃ | കപിലമുനി |
| മനുഃ | സ്വായംഭുവമനു |
| പ്രഹ്ലാദഃ | പ്രഹ്ലാദൻ |
| ജനകഃ | ജനകരാജാവ് |
| ഭീഷ്മഃ | ഭീഷ്മർ |
| ബലിഃ | മഹാബലി |
| വൈയാസകിഃ | ശ്രീശുകൻ |
| വയം | നാം (യമൻ) |
| ഏതേ | ഈ |
| ദ്വാദശ | പന്ത്രണ്ടുപേർ |
| ഗുഹ്യം | രഹസ്യവും |
| വിശുദ്ധം | പരിപാവനവും |
| ദുർബോധം | അറിവാൻ പ്രയാസമുള്ളതുമായ |
| ഭാഗവതം | ഭഗവൽപ്രണീതമായ |
| ധർമ്മം | ധർമ്മത്തെ |
| വിജാനീമഃ | തികച്ചും ഗ്രഹിച്ചിട്ടുണ്ട് |
| ഭടാഃ | ഹേ ഭടന്മാരേ |
| യം | യാതൊരുധർമ്മത്തെ |
| ജ്ഞാത്വാ | അറിഞ്ഞെന്നാൽ |
| അമൃതം | സംസാരനിർമ്മുക്തി |
| അശ്നുതേ | അനുഭവിക്കുന്നതാണ് |

ആ പരമവിശിഷ്ടമായ ധർമ്മം ഇന്നതെന്നു ഇനി വ്യക്തമാക്കുന്നു-

22 ഏതാവാനേവ ലോകേസ്മിൻ പുംസാം ധർമ്മഃ പരഃ സ്മൃതഃ
ഭക്തിയോഗോ ഭഗവതി തന്നാമഗ്രഹണാദിഭിഃ

| | | | |
|---|---|---|---|
| തന്നാമഗ്രഹണാദിഭിഃ | ഭഗവാന്റെ നാമോച്ചാരണാദികളാൽ | അസ്മിൻലോകേ | ഈ ലോകത്തിലുള്ള |
| ഭഗവതി | ഭഗവാൻകൽ | പുംസാം | മനുഷ്യരാശികൾക്ക |
| ഭക്തിയോഗഃ | ഭക്തിയുറപ്പിക്കുക | സ്മൃതഃ | പ്രാമാണികമായി വിധിക്കപ്പെട്ടതായ |
| ഏതാവാൻ | എന്നുള്ളത് | പരഃ | പരമവിശിഷ്ടമായ |
| ഏവ | മാത്രമാണ് | ധർമ്മഃ | ധർമ്മം |

വിശിഷ്ടതക്ക് ഈ ദൃഷ്ടാന്തം തന്നെ പ്രമാണമെന്ന് താഴെ പറയുന്നു–

23 നാമോച്ചാരണമാഹാത്മ്യം ഹരേഃ പശ്യത പുത്രകാഃ
അജാമിളോപി യേനൈവ മൃത്യുപാശാദമുച്യത

| | | | |
|---|---|---|---|
| ഹരേഃ | ശ്രീഹരിയുടെ | യേന ഏവ | യാതൊരു നാമോച്ചാരണത്താൽത്തന്നെ |
| നാമോച്ചാരണമാഹാത്മ്യം | തിരുനാമം ഉച്ചരിച്ചതിന്റെ മഹിമയെ | അജാമിളഃ അപി | അജാമിളൻകൂടിയും |
| പുത്രകാഃ | കുട്ടികളേ! നിങ്ങൾ | മൃത്യുപാശാത് | മരണക്കയറിൽനിന്ന് |
| പശ്യത | കണ്ടറിയുവിൻ | അമുച്യത | മോചിപ്പിക്കപ്പെട്ടു |

ഭക്തിയോടും ശ്രദ്ധയോടും കൂടി ഭഗവന്നാമം ഉരുവിട്ടുകൊണ്ടിരുന്നാൽ പാപനിവൃത്തിയുണ്ടാകുമെന്നല്ലേ പുരാണാദികളിൽ പറഞ്ഞിരിക്കുന്നത്; യാദൃച്ഛികമായി എപ്പോഴെങ്കിലും ഒരിക്കൽ ഒരു നാമം എങ്ങനെയെങ്കിലും പറഞ്ഞെന്നാൽ പാപം അകലുമോ എന്ന് ശങ്കിക്കരുതെന്ന് പറഞ്ഞു തുടങ്ങുന്നു.

24 ഏതാവതാലമഘനിർഹരണായ പുംസാം
സംകീർത്തനം ഭഗവതോ ഗുണകർമ്മനാമ്നാം
വിക്രുശ്യ പുത്രമഘവാൻ യദജാമിളോപി
നാരായണേതി മ്രിയമാണ ഇയായ മുക്തിം

| | | | |
|---|---|---|---|
| ഭഗവതഃ | ശ്രീഭഗവാന്റെ | അഘനിർഹരണായ | പാപനിവൃത്തിക്ക് ഉതകുകയുള്ള |
| ഗുണകർമ്മനാമ്നാം | ഗുണങ്ങളുടെയും കർമ്മങ്ങളുടെയും നാമങ്ങളുടെയും | അലം | എന്നില്ല |
| | | യത് | എന്തെന്നാൽ |
| സംകീർത്തനം | വിധിപ്രകാരമുള്ള കീർത്തനം | അഘവാൻ | പാപിയായിരുന്ന |
| ഏതാവതാ | കൊണ്ടുമാത്രമേ | അജാമിളഃ അപി | അജാമിളനും കൂടി |
| പുംസാം | മനുഷ്യരുടെ | മ്രിയമാണഃ | മരിച്ചുകൊണ്ടിരിക്കെ |

| | | | |
|---|---|---|---|
| പുത്രം | പുത്രനെ ഉദ്ദേശിച്ചു് | വിക്രുശ്യ | നിലവിളിച്ചു് |
| നാരായണേതി | 'നാരായണ' എന്നു് ചൊല്ലി | മുക്തിം | മോക്ഷത്തെ |
| | | ഇയായ | പ്രാപിച്ചുവല്ലോ |

അജാമിളൻ മഹാപാതകിയായിരുന്നു; അശുദ്ധനായിരുന്നു; കണ്ഠഗത പ്രാണനാകയാൽ അസ്വസ്ഥചിത്തനായിരുന്നു; അയാൾ 'നാരായണ' എന്നു് ഉറക്കെ നിലവിളിക്കയാണുണ്ടായതു്; കീർത്തിച്ചതായിരുന്നില്ല; അതും പുത്രനെ ഉദ്ദേശിച്ചു് – എന്നിട്ടും പാപനിവൃത്തിക്കു പുറമെ സാക്ഷാൽ മുക്തിതന്നെ കൈവന്നു. ആകയാൽ വിധിയാംവണ്ണമുള്ള നാമസങ്കീർത്തനം മാത്രമേ മോക്ഷഹേതുകമാകൂ എന്നില്ല. യഥാകഥഞ്ചിൽ ഉച്ചാര്യമാണമായ നാമാഭാസം പോലും സന്ദർഭവശാൽ മോക്ഷപ്രദമായേക്കും. ശ്രദ്ധാപത്തനാദിവിധികൾ പാപവാസന വേരററു പോകാൻ വേണ്ടിയാണെന്നു് ധരിച്ചുകൊള്ളണം. ''ഹരേർഗ്ഗുണാനുവാദഃ ഖലു സത്ത്വഭാവനഃ എന്നുള്ള വിഷ്ണുദൂതന്മാരുടെ വചനം ഇതിലേക്കു് ഉപോൽബലകമാകുന്നു. അപ്പോൾ ദ്വാദശാബ്ദാദിപ്രായശ്ചിത്ത കർമ്മങ്ങൾക്കു് സ്ഥാനമെന്തു്? അതു് ഇനി വ്യക്തമാക്കുന്നു.

35 പ്രായേണ വേദ തദിദം ന മഹാജനോƒയം
ദേവ്യാ വിമോഹിതമതിർബത മായയാലം
ത്രയ്യാം ജഡീകൃതമതിർമധുപുഷ്പിതായാം
വൈതാനികേ മഹതി കർമ്മണി യുജ്യമാനഃ

| | | | |
|---|---|---|---|
| അയം മഹാജനഃ | മനുമുതലായ ഈ വലിയ ധർമ്മശാസ്ത്രപ്രണേതാക്കൾ | മധുപുഷ്പിതായാം | ഇമ്പം തോന്നിക്കും വിധം (അർത്ഥവാദങ്ങൾകൊണ്ടു്) വികസിച്ചുനിൽക്കുന്ന |
| തത് | ആ സുഗമമായ | ത്രയ്യാം | വേദത്തിൽ |
| ഇദം | ഈ ഭക്തിയോഗതത്ത്വത്തെ | ജഡീകൃതമതിഃ | അഭിനിവിഷ്ടബുദ്ധിയായിത്തീർന്നു് |
| പ്രായേണ | ഏറിയകൂറും | വൈതാനികേ | ദ്രവ്യമന്ത്രാദികളാൽ ബാഹ്യാഡംബരംചേർന്ന |
| ന വേദ | അറിഞ്ഞിരിക്കുന്നില്ല; | മഹതി | പെരുത്ത |
| ബത | കഷ്ടംതന്നെ | കർമ്മണി | കർമ്മമാർഗ്ഗത്തിൽ |
| ദേവ്യാമായയാ | ഈശ്വരമായയാൽ | യുജ്യമാനഃ | ചേർക്കപ്പെട്ടുകൊണ്ടിരിക്കുന്ന |
| അലം | ഏററവും | | |
| വിമോഹിതമതിഃ (ജനഃ) | മയക്കപ്പെട്ട ബുദ്ധിയോടുകൂടിയ സാധാരണജനം | | |

മൃതസഞ്ജീവനിയെന്ന ദിവ്യൗഷധത്തിന്റെ വീര്യം ധരിച്ചുവച്ചിട്ടില്ലാത്ത വൈദ്യൻ പലതരം കടുതിക്തകഷായങ്ങൾ സേവിപ്പിച്ചു് രോഗിയെ കുഴക്കുന്നപോലെ ഭഗവന്നാമകീർത്തനത്തിന്റെ മാഹാത്മ്യം ധരിച്ചിട്ടില്ലാത്ത ധർമ്മശാസ്ത്രപ്രണേതാക്കൾ ബാഹ്യാഡംബരബഹുലങ്ങളും ഉച്ചാവചങ്ങളുമായ കർമ്മമാർഗ്ഗങ്ങളിൽ സാധാരണജനങ്ങളെ കുടുക്കിയിരിക്കുന്നുവെന്നു സാരം. അജ്ഞതമൂലം പ്രാകൃതജനങ്ങൾക്കു് നാമകീർത്തനത്തിൽ ലാഘവവും കർമ്മകലാപങ്ങളിൽ ഗൗരവവും തോന്നുക സ്വാഭാവികമാകയാൽ അവർ കർമ്മപഥത്തിൽതന്നെ കറങ്ങിക്കൊണ്ടിരിക്കയും ചെയ്യുന്നു.

26 ഏവം വിമൃശ്യ സുധിയോ ഭഗവത്യനന്തേ
സർവ്വാത്മനാ വിദധതേ ഖലു ഭാവയോഗം
തേ മേ ന ദണ്ഡമർഹന്ത്യഥ യദ്യമീഷാം
സ്യാത് പാതകം തദപി ഹന്ത്യുരുഗായവാദഃ

| | |
|---|---|
| സുധിയഃ | സൽബുദ്ധിയുള്ളവർ |
| ഏവം | ഇപ്രകാരം |
| വിമൃശ്യ | കർമ്മകാണ്ഡത്തിന്റെ വൈകല്യത്തെ നിരൂപണം ചെയ്തറിഞ്ഞ് |
| ഭഗവതി | ഐശ്വര്യാദിഷഡ്ഗുണ-സമ്പന്നനും |
| അനന്തേ | ജന്മമരണാദിരഹിതനു-മായ ശ്രീഹരിയിൽ |
| സർവ്വാത്മനാ | എല്ലാപ്രകാരത്തിലും |
| ഭാവയോഗം | ഭക്തിയോഗത്തെ |
| ഖലു | പര്യാപ്തമായവിധം |
| വിദധതേ | അർപ്പിച്ചിരിക്കുന്നു |

| | |
|---|---|
| തേ | അവർ |
| മേ ദണ്ഡം | എന്റെ ദണ്ഡന-വിധിയെ |
| ന അർഹന്തി | അർഹിക്കുന്നില്ല |
| അഥ | ഒരുപക്ഷേ |
| അമീഷാം | ഇവർക്ക് |
| പാതകം | മഹാപാപം |
| സ്യാദ് യദി | ഉണ്ടാവുകയാണെ-ങ്കിൽ |
| തത് അപി | അതിനെയും |
| ഉരുഗായവാദഃ | ശ്രീഹരിയുടെ ഗുണനാമകീർത്തനം |
| ഹന്തി | നശിപ്പിക്കുന്നതാണ് |

ഇങ്ങനെ ധർമ്മതത്വം നിർണ്ണയിച്ചു കഴിഞ്ഞതിൽപ്പിന്നെ യമൻ സ്വഭൃത്യന്മാരെ അനുശാസിക്കുന്നു.

27 തേ ദേവസിദ്ധപരിഗീതപവിത്രഗാഥാ
യേ സാധവഃ സമദൃശോ ഭഗവത്പ്രപന്നാഃ
താന്നോപസീദത ഹരേർഗദയാഭിഗുപ്താ-
ന്നൈഷാം വയം ന ച വയഃ പ്രഭവാമ ദണ്ഡേ

| | |
|---|---|
| യേ സാധവഃ | യാതൊരുസത്തുക്കളും |
| സമദൃശഃ | സമദർശികളും |
| ഭഗവത്-പ്രപന്നാഃ | ഭഗവാനെ സർവ്വാത്മനാ-ശരണംപ്രാപിച്ചവരു-മാകുന്നുവോ |
| തേ | അവർ |
| ദേവസിദ്ധ-പരിഗീത-പവിത്രഗാഥാഃ | ദേവന്മാരാലും സിദ്ധന്മാരാലും സ്തുതിച്ചു വാഴ്ത്ത-പ്പെട്ട പാവനചരിത്ര-ത്തോടുകൂടിയവരായി ഭവിക്കുന്നു. |

| | |
|---|---|
| ഹരേഃ | ശ്രീഹരിയുടെ |
| ഗദയാ | ഗദായുധത്താൽ |
| അഭിഗുപ്താൻ | ചുററും സുരക്ഷിതരാ-യിരിക്കുന്ന |
| താൻ | അവരെ |
| ന ഉപസീദത | നിങ്ങൾ സമീപി-ച്ചുകൂടാ |
| ഏഷാം | ഇവരുടെ |
| ദണ്ഡേ | ദണ്ഡനവിഷയത്തിൽ |
| വയം | നമ്മളും |
| വയഃ ച | കാലശക്തിയും |
| ന പ്രഭവാമ | കഴിവുററവരാകയില്ല |

28 താനാനയധ്വമസതോ വിമുഖാൻ മുകുന്ദ-
പാദാരവിന്ദമകരന്ദരസാദജസ്രം
നിഷ്കിഞ്ചനൈഃ പരമഹംസകുലൈ രസജ്ഞൈഃ
ജുഷ്ടാദ്ഗൃഹേ നിരയവർത്മനി ബദ്ധതൃഷ്ണാൻ

നിഷ്കിഞ്ചനൈഃ — ഒന്നും കൈവശമില്ലാത്തവരും
രസജ്ഞൈഃ — ഭക്തിരസംമാത്രം അറിഞ്ഞിരിക്കുന്നവരുമായ
പരമഹംസകുലൈഃ — മഹാവിവേകികളുടെ സമൂഹത്താൽ
ജുഷ്ടാത് — ആസ്വദിക്കപ്പെട്ട
മുകുന്ദപാദാരവിന്ദമകരന്ദരസാത് — ശ്രീഹരിയുടെ പാദകമലത്തിലൂറുന്ന പൂന്തേനിന്റെ മധുരരസത്തിൽ നിന്നു്
അജസ്രം — എല്ലായ്പ്പോഴും
വിമുഖാൻ — പരാങ്മുഖരായവരും
നിരയവർത്മനി — നരകത്തിലേക്കുള്ള പെരുവഴിയായ
ഗൃഹേ — ഗൃഹത്തിൽ (കുടുംബപോഷണത്തിൽ)
ബദ്ധതൃഷ്ണാൻ — ആസക്തി ചേർന്നവരുമായ
താൻ അസതഃ — ആ അസത്തുക്കളെ
ആനയധ്വം — കൊണ്ടുവരുവിൻ!

29 ജിഹ്വാ ന വക്തി ഭഗവദ്ഗുണനാമധേയം
ചേതശ്ച ന സ്മരതി തച്ചരണാരവിന്ദം
കൃഷ്ണായ നോ നമതി യച്ഛിര ഏകദാപി
താനാനയധ്വമസതോഽകൃതവിഷ്ണുകൃത്യാൻ

യത് — യാവ ചിലരുടെ
ജിഹ്വാ — നാവു്
ഏകദാ അപി — ഒരിക്കലെങ്കിലും
ഭഗവദ്ഗുണനാമധേയം — ശ്രീകൃഷ്ണഭഗവാന്റെ ഗുണങ്ങളെ പ്രകാശിപ്പിക്കുന്ന തിരുനാമം
ന വക്തി — ഉച്ചരിക്കുന്നില്ലയോ,
ചേതഃ ച — മനസ്സാകട്ടെ
തച്ചരണാരവിന്ദം — തന്തിരുവടിയുടെ തൃപ്പാദകമലത്തെ
ന സ്മരതി — സ്മരിക്കുന്നില്ലയോ
ശിരഃ — ശിരസ്സു്
കൃഷ്ണായ — ശ്രീകൃഷ്ണഭഗവാനുവേണ്ടി
നോ നമതി — നമിക്കുന്നില്ലയോ
താൻ — അത്തരക്കാരായ
അകൃതവിഷ്ണുകൃത്യാൻ — വൈഷ്ണവധർമ്മങ്ങളൊന്നും അനുഷ്ഠിച്ചിട്ടില്ലാത്ത
അസതഃ — അസജ്ജനങ്ങളെ
ആനയധ്വം — കൊണ്ടുവരുവിൻ

സ്വഭൃത്യന്മാർ ചെയ്ത അപരാധത്തിനു് യമൻ ഭഗവാനോടു് മനസാ ക്ഷമായാചനം ചെയ്യുന്നു.

30 തത് ക്ഷമ്യതാം സ ഭഗവാൻ പുരുഷഃ പുരാണോ
നാരായണഃ സ്വപുരുഷൈര്യദസത്കൃതം നഃ
സ്വാനാമഹോ ന വിദുഷാം രചിതാഞ്ജലീനാം
ക്ഷാന്തിർഗരീയസി നമഃ പുരുഷായ ഭൂമ്നേ

പുരാണഃ — ആദിയിൽത്തന്നെയുള്ള
പുരുഷഃ — ആത്മചൈതന്യസ്വരൂപനും
ഭഗവാൻ — സർവ്വജ്ഞനായി, സമസ്തഗുണോപേതനായി സ്ഥിതിചെയ്യുന്നവനുമായ
സഃ നാരായണഃ — ആ ശ്രീനാരായണൻ
സ്വാനാം — സ്വകീയന്മാരും
ന വിദുഷാം — അജ്ഞന്മാരും
രചിതാഞ്ജലീനാം — കൈകൂപ്പിവണങ്ങിനില്ക്കുന്നവരുമായ

നഃ ഞങ്ങളുടെ
സ്വപുരുഷൈഃ സ്വന്തം ഭൃത്യജനങ്ങളാൽ
കൃതം ചെയ്യപ്പെട്ട
അസത് അനീതി
യത് യാതൊന്നിനാൽ (ഞങ്ങടെ സ്വകീയരാണോ)
തത് അതിനാൽ
ക്ഷമ്യതാം പൊറുത്തരുളേണമേ!

ഗരീയസി അതിമഹത്വമുള്ള തന്തിരുവടിയിൽ
ക്ഷാന്തിഃ ക്ഷമാഗുണം
അഹോ (യുക്തം) അഹോ അനുയുക്തമത്രേ!
ഭൂമ്നേ എങ്ങും നിറഞ്ഞ
പുരുഷായ ആത്മസ്വരൂപന്
നമഃ നമസ്കാരം

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

31 തസ്മാത് സങ്കീർത്തനം വിഷ്ണോർ ജഗന്മംഗളമംഹസാം
മഹതാമപി കൗരവ്യ വിദ്ധ്യൈകാന്തികനിഷ്കൃതം

തസ്മാത് ആകയാൽ
കൗരവ്യ ഹേ കുരുവംശജനായ രാജാവേ!
വിഷ്ണോഃ ശ്രീമഹാവിഷ്ണുവിന്റെ
സങ്കീർത്തനം നാമസങ്കീർത്തനം
ജഗന്മംഗളം ലോകകല്യാണകരവും
മഹതാം വലിയ

അംഹസാം അപി പാപങ്ങൾക്ക് കൂടി
ഐകാന്തിക നിഷ്കൃതം } സമൂലനാശം വരുത്തുന്ന പ്രായശ്ചിത്തവുമാണെന്ന്
വിദ്ധി അറിഞ്ഞുകൊൾക

32 ശൃണ്വതാം ഗൃണതാം വീര്യാണ്യുദ്ദാമാനി ഹരേർമ്മുഹുഃ
യഥാ സുജാതയാ ഭക്ത്യാ ശുദ്ധ്യേന്നാത്മാ വ്രതാദിഭിഃ

ഹരേഃ ശ്രീഹരിയുടെ
ഉദ്ദാമാനി നിസ്സീമങ്ങളായ
വീര്യാണി അപദാനകഥകളെ
മുഹുഃ ഇടതടവില്ലാതെ
ഗൃണതാം ചൊല്ലുന്നവരുടെയും
ശൃണ്വതാം കേൾക്കുന്നവരുടെയും
ആത്മാ അന്തഃകരണം

സുജാതയാ സുഗമമായുണ്ടായ
ഭക്ത്യാ ഭക്തിയാൽ
യഥാശുദ്ധ്യേത് ഏതുവിധം വിശുദ്ധമായേക്കുമോ
(തഥാ) ആവിധം
വ്രതാദിഭിഃ ന വ്രതാദികൾകൊണ്ട് ആകയില്ല

33 കൃഷ്ണാങ്ഘ്രിപദ്മമധുലിൺ ന പുനർവിസൃഷ്ട-
മായാഗുണേഷു രമതേ വൃജിനാവഹേഷു
അന്യസ്തു കാമഹത ആത്മരജഃ പ്രമാർഷ്ടു-
മീഹേത കർമ്മ യത ഏവ രജഃ പുനഃ സ്യാത്

കൃഷ്ണാങ്ഘ്രിപദ്മമധുലിട് } കൃഷ്ണഭഗവാന്റെ പാദാരവിന്ദത്തിലെഴുന്ന നറുതേൻ നുകർന്നവൻ
വൃജിനാവഹേഷു പാപത്തെ വരുത്തിവെയ്ക്കുന്നതും

വിസൃഷ്ട-മായാഗുണേഷു } താൻ വിട്ടുകളഞ്ഞതായ മായാഗുണങ്ങളിൽ (ലൗകിക) വിഷയങ്ങളിൽ
പുനഃ പിന്നീട്
ന രമതേ ആസക്തനാകയില്ല

അന്യഃ തു — മററുള്ളവൻ (ഭക്തിരസം നുകരാത്തവൻ) ആകട്ടെ
കാമഹതഃ — വിഷയാശകളാൽ അഭിഹതനായിട്ടു്
ആത്മരജഃ — തന്റെ പാപത്തെ
പ്രമാർഷ്ടും — അകററുവാൻവേണ്ടി
കർമ്മ — കർമ്മം തന്നെ
ഈഹേത — ചെയ്യാൻ തുനിഞ്ഞേക്കും
യതഃ ഏവ — യാതൊന്നിനാൽ തന്നെ
പുനഃ രജഃ — വീണ്ടും പാപം
സ്യാത് — സംഭവിക്കുന്നു.

കൃഷ്ണാഭിമുഖ്യമുള്ളവനു് ഭക്തിമാഗ്ഗേണ ചിത്തശുദ്ധി വരികയാൽ അവൻ ഒരിക്കൽ പരിത്യജിച്ച ലൗകികവിഷയങ്ങളിൽ ആസക്തനായി വീണ്ടും പാപം വരുത്തിവയ്ക്കുകയില്ല. ഗൃഹാഭിമുഖ്യമുള്ളവൻ പാപശാന്തിക്കു് വേണ്ടി ശ്രൗതസ്മാർത്തവിഹിത പ്രായശ്ചിത്തകർമ്മങ്ങൾ ചെയ്യുമെങ്കിലും ചിത്തശുദ്ധിവരാതതുകൊണ്ടു് വീണ്ടും അസന്മാർഗ്ഗത്തിലേക്കു് വഴുതിവീഴുന്നു– വീണ്ടും പാപവാനായിത്തീരുന്നു. കുളിപ്പിച്ച കയററിയ ആന വീണ്ടും പുറത്തു് പൂഴിവാരിയിടുന്ന പോലെയാണു് കർമ്മാൻ ചേഷ്ടിക്കുന്നതു്. അതിനാൽ ഭക്തിയോഗം മാത്രമേ ആത്യന്തികമായ പാപനിവൃത്തിക്കു് ഉതകുകയുള്ളു എന്നു് സാരം.

34 ഇത്ഥം സ്വഭർത്തൃഗദിതം ഭഗവന്മഹിത്വം
സംസ്മൃത്യ വിസ്മിതധിയോ യമകിങ്കരാസ്തേ
നൈവാച്യുതാശ്രയജനം പ്രതി ശങ്കമാനാഃ
ദ്രഷ്ടും ച ബിഭ്യതി തതഃ പ്രഭൃതി സ്മ രാജൻ

തേ യമകിങ്കരാഃ — ആ യമകിങ്കരന്മാർ
ഇത്ഥം — ഈ വിധം
സ്വഭർത്തൃഗദിതം — സ്വന്തം സ്വാമിയായ യമനാൽ പറയപ്പെട്ടിരുന്ന
ഭഗവൻമഹിത്വം — ശ്രീകൃഷ്ണഭഗവാന്റെ മഹിമാതിശയത്തെ
സംസ്മൃത്യ — നന്നായോർത്തിട്ടു്
വിസ്മിതധിയഃ — വിസ്മയിച്ചവരായി
ന ഏവ — ഭവിക്കുകതന്നെ ഉണ്ടായില്ല. (അവക്കു് സത്യബോധമുണ്ടായെന്നു സാരം)
രാജൻ — അല്ലയോ രാജാവേ!
തതഃ പ്രഭൃതി — അന്നുമുതൽ
അച്യുതാശ്രയജനം — ശ്രീകൃഷ്ണൻ ആശ്രയമായുള്ള ജനത്തെക്കുറിച്ചു്
പ്രതിശങ്കമാനാഃ — പ്രത്യേകം ശങ്കിച്ചുവരുന്ന അവർ
ദ്രഷ്ടും ച — അവരെ കാണുവാൻ പോലും
ബിഭ്യതി സ്മ — പേടിച്ചുതുടങ്ങി

35 ഇതിഹാസമിമം ഗുഹ്യം ഭഗവാൻ കുംഭസംഭവഃ
കഥയാമാസ മലയ ആസീനോ ഹരിമർച്ചയൻ

ഇമം ഗുഹ്യം — ഈ പരമരഹസ്യമായ
ഇതിഹാസം — ചരിത്രകഥയെ
ഭഗവാൻ — സവ്വജ്ഞാനനിധിയായ
കുംഭസംഭവഃ — അഗസ്ത്യമുനി
മലയേ — മലയപവ്വതത്തിൽ
ആസീനഃ — ഉപവിഷ്ടനായി
ഹരിം — ശ്രീഹരിയെ
അച്ചയൻ — ഭജിച്ചുകൊണ്ടിരിക്കവെ
കഥയാമാസ — പറഞ്ഞതാകുന്നു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ
ഷഷ്ഠസ്കന്ധേ തൃതീയോऽദ്ധ്യായഃ
ആദിതഃ ശ്ലോകാഃ 152
ആറാമത്തെ സ്കന്ധത്തിൽ മൂന്നാമദ്ധ്യായം കഴിഞ്ഞു

## ചതുർത്ഥോऽദ്ധ്യായഃ — അദ്ധ്യായം നാല്

ദക്ഷകൃതഹരിസമാരാധനം

"ചതുർത്ഥേ തു പ്രജാസൃഷ്ട്യൈ ദക്ഷേണാരാധനം ഹരേഃ
തപസാ ഹംസഗുഹ്യാഖ്യസ്തോത്രേണ ച നിരൂപ്യതേ"

ഈ നാലാമദ്ധ്യായത്തിൽ, പ്രജാസൃഷ്ടിയെ ഉദ്ദേശിച്ച് ദക്ഷപ്രജാപതി തപസ്സുകൊണ്ടും ഹംസഗുഹ്യ സ്തോത്രംകൊണ്ടും ശ്രീഹരിയെ ആരാധിച്ച കഥ പ്രധാനമായി വർണ്ണിക്കുന്നു.

രാജോവാച = രാജാവു പറഞ്ഞു-

1 ദേവാസുരനൃണാം സർഗോ നാഗാനാം മൃഗപക്ഷിണാം
സാമാസികസ്ത്വയാ പ്രോക്തോ യസ്തു സ്വായംഭുവേऽന്തരേ

2 തസ്യൈവ വ്യാസമിച്ഛാമി ജ്ഞാതും തേ ഭഗവൻ യഥാ
അനുസർഗം യയാ ശക്ത്യാ സസർജ്ജ ഭഗവാൻ പരഃ

ഭഗവൻ ഹേ സർവ്വജ്ഞനായ മഹർഷേ!
സ്വായംഭുവേ സ്വായംഭുവമെന്ന
അന്തരേ മന്വന്തരത്തിൽ
ദേവാസുരനൃണാം ദേവന്മാർ - അസുരന്മാർ - മനുഷ്യന്മാർ, എന്നിവരുടെയും
നാഗാനാം നാഗങ്ങളുടെയും,
മൃഗപക്ഷിണാം മൃഗങ്ങൾ-പക്ഷികൾ എന്നിവയുടെയും
യഃ സർഗഃ തു യാതൊരു സൃഷ്ടിക്രമമാകട്ടെ
സാമാസികഃ സംക്ഷിപ്തമായിട്ട്
ത്വയാ അങ്ങയാൽ
പ്രോക്തഃ പറയപ്പെട്ടുവല്ലോ;

തസ്യൈവ അതിന്റെ തന്നെ
വ്യാസം വിസ്തൃതിയെ (വളർച്ചയെ)
തേ അങ്ങയിൽനിന്ന്
ജ്ഞാതും അറിയുവാൻ
ഇച്ഛാമി ഞാൻ ആഗ്രഹിക്കുന്നു
ഭഗവാൻ സർവ്വജ്ഞനായ
പരഃ സർവ്വേശ്വരൻ
അനുസർഗം അനന്തരസൃഷ്ടിയെ
യയാ ശക്ത്യാ യാതൊരു ശക്തികൊണ്ട്
യഥാ യാതൊരുവിധം
സസർജ്ജ നിർവ്വഹിച്ചു?

സൂത ഉവാച = സൂതൻ (ശൗനകാദികളോട്) പറഞ്ഞു

3 ഇതി സംപ്രശ്നമാകർണ്ണ്യ രാജർഷേർബാദരായണിഃ
പ്രതിനന്ദ്യ മഹായോഗീ ജഗാദ മുനിസത്തമാഃ

| | | | |
|---|---|---|---|
| മുനിസത്തമാഃ | ഹേ മുനിവരന്മാരേ! | ആകർണ്ണ്യ | കേട്ട് |
| ഇതി | ഇപ്രകാരം | മഹായോഗീ | യോഗീശ്വരനായ |
| രാജർഷേഃ | രാജർഷിയായ ശ്രീപരീക്ഷിത്തിന്റെ | ബാദരായണിഃ | വ്യാസപുത്രൻ (ശുകബ്രഹ്മർഷി) |
| സംപ്രശ്നം | വഴിപോലുള്ള ചോദ്യത്തെ | പ്രതിനന്ദ്യ | അഭിനന്ദിച്ച് |
| | | ജഗാദ | പറഞ്ഞു |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു-

4 യദാ പ്രചേതസഃ പുത്രാ ദശ പ്രാചീനബർഹിഷഃ
അന്തഃ സമുദ്രാദുന്മഗ്നാ ദദൃശുർഗാം ദ്രുമൈർവൃതാം

| | | | |
|---|---|---|---|
| പ്രാചീനബർഹിഷഃ | പ്രാചീനബർഹിസ്സിന്റെ | യദാ ഉന്മഗ്നാഃ | പൊങ്ങിവന്നപ്പോൾ |
| ദശ പുത്രാഃ | പത്തുപുത്രന്മാരായ | ഗാം | ഭൂമിയെമുഴുവനും |
| പ്രചേതസഃ | പ്രചേതസ്സുകൾ | ദ്രുമൈഃ | വൃക്ഷങ്ങളാൽ |
| അന്തഃ സമുദ്രാത് | സമുദ്രത്തിന്റെ അകത്തുനിന്ന് | വൃതാം | മറയ്ക്കപ്പെട്ടതായിട്ട് |
| | | ദദൃശുഃ | കണ്ടു |

സൃഷ്ടിയുടെ വളർച്ച് പ്രചേതസ്സുകളുടെ പുത്രനായി പുനർജ്ജന്മമെടുത്ത ദക്ഷനിലൂടെയാണുണ്ടായതെന്നു പറയുവാൻവേണ്ടി ചതുർത്ഥസ്കന്ധത്തിലെ ഒടുവിലായി പ്രസ്താവിച്ചുവെച്ച അവരുടെ ചരിത്രത്തിലേക്ക വീണ്ടും പ്രവേശിച്ചിരിക്കയാണ്.

5 ദ്രുമേഭ്യഃ ക്രുധ്യമാനാസ്തേ തപോദീപിതമന്യവഃ
മുഖതോ വായുമഗ്നിം ച സസൃജുസ്തദ്ദിധക്ഷയാ

| | | | |
|---|---|---|---|
| തപോദീപിതമന്യവഃ | തപസ്സിനാൽ ഉദ്ദീപ്തമായ കോപത്തോടുകൂടിയ | തദ്ദിധക്ഷയാ | അവയെ ദഹിപ്പിക്കാനുള്ള ഉദ്ദേശത്തോടെ |
| തെ | അവർ | വായും | വായുവേയും |
| ദ്രുമേഭ്യഃ | വൃക്ഷങ്ങളുടെ നേക്ക് | അഗ്നിം ച | അഗ്നിയേയും |
| ക്രുധ്യമാനാഃ | കോപിച്ചുകൊണ്ട് | മുഖതഃ | വായിൽനിന്ന് |
| | | സസൃജുഃ | സൃഷ്ടിച്ചു |

6 താഭ്യാം നിർദഹ്യമാനാംസ്താനുപലഭ്യ കുരൂദ്വഹ
രാജോവാച മഹാൻ സോമോ മന്യും പ്രശമയന്നിവ

| | | | |
|---|---|---|---|
| കുരൂദ്വഹ | കുരുവംശപ്രമുഖനായ രാജാവേ? | നിർദഹ്യമാനാൻ | മുററും ദഹിപ്പിക്കപ്പെട്ടു കൊണ്ടിരുന്ന |
| താഭ്യാം | ആ വായ്വഗ്നികളാൽ | താൻ | അവയെ |

| | |
|---|---|
| ഉപലഭ്യ | കണ്ടറിഞ്ഞു് |
| സോമഃ | സോമനെന്ന |
| മഹാൻരാജാ | മഹാരാജാവു് |

| | |
|---|---|
| മന്യും | കോപത്തെ |
| പ്രശമയൻ | ശമിപ്പിക്കമാറു് |
| ഇവ ഉവാച | അവരോടു് പറഞ്ഞു |

ഇനിയുള്ള ഒമ്പതു ശ്ലോകങ്ങൾ വനസ്പതികളുടെ രാജാവായ സോമന്റെ വചനങ്ങളാണു്

7 മാ ദ്രുമേഭ്യോ മഹാഭാഗാ ദീനേഭ്യോ ദ്രോഗ്ധുമർഹഥ
വിവർദ്ധയിഷവോ യൂയം പ്രജാനാം പതയഃ സ്മൃതാഃ

| | |
|---|---|
| മഹാഭാഗാഃ | ഹേ സൗഭാഗ്യശാലികളെ! |
| ദീനേഭ്യഃ | പാവങ്ങളായ |
| ദ്രുമേഭ്യഃ | വൃക്ഷങ്ങളുടെ നേക്കു് |
| ദ്രോഗ്ധും | ദ്രോഹമാചരിക്കവാൻ |
| മാ അർഹഥ | നിങ്ങൾ അർഹിക്കരുതു് |

| | |
|---|---|
| പ്രജാനാം | പ്രജകളുടെ |
| പതയഃ | പാലകന്മാരായ |
| യൂയം | നിങ്ങൾ |
| വിവർദ്ധയിഷവഃ | അവയെ വച്ചുപിടിപ്പിച്ചു വളത്തിക്കൊണ്ടുവരേണ്ടവരായിട്ടു് |
| സ്മൃതാഃ | കരുതപ്പെട്ടിരിക്കുന്നു. |

പ്രജാപതികൾ പ്രജകളുടെ ഭക്ഷ്യഭോജ്യാദിപദാർത്ഥങ്ങൾക്കു പ്രയോജകീഭവിക്കുന്ന വൃക്ഷാദികളെ ചുട്ടു ചാമ്പലാക്കുന്നതിലുള്ള അനൗചിത്യം അടുത്ത ശ്ലോകം കൊണ്ടു സൂചിപ്പിക്കുന്നു.

8 അഹോ പ്രജാപതിപതിർഭഗവാൻ ഹരിരവ്യയഃ
വനസ്പതീനോഷധീശ്ച സസർജ്ജോർജ്ജമിഷം വിഭുഃ

| | |
|---|---|
| അഹോ | അത്ഭുതം! |
| പ്രജാപതിപതിഃ | ബ്രഹ്മാദികളായ സകല പ്രജാപതികളുടെയും നായകനായി |
| ഭഗവാൻ | സർവ്വജ്ഞനായി |
| അവ്യയഃ | സർവ്വാപായരഹിതനായി |
| വിഭുഃ | സർവ്വശക്തനുമായിരിക്കുന്ന |

| | |
|---|---|
| ഹരിഃ | ശ്രീഹരി |
| വനസ്പതീൻ | വൃക്ഷങ്ങളെയും |
| ഓഷധീഃ ച | സസ്യങ്ങളെയും |
| ഊർജ്ജം | ഭക്ഷ്യമായും |
| ഇഷം | അന്നമായും |
| സസർജ്ജ | സൃഷ്ടിച്ചതാകുന്നു |

9 അന്നം ചരാണാമചരാ ഹ്യപദഃ പാദചാരിണാം
അഹസ്താ ഹസ്തയുക്താനാം ദ്വിപദാം ച ചതുഷ്പദഃ

| | |
|---|---|
| ചരാണാം | സഞ്ചരിക്കുന്നവയ്ക്കു് (പറവകൾക്കു്) |
| അചരാഃ | സഞ്ചരിക്കാത്തവയും (പൂവും കനികളും) |
| പാദചാരിണാം | പാദചാരികൾക്കു് (ഗോമഹിഷാദികൾക്കു്) |
| അപദഃ | പാദമില്ലാത്തവയും (തൃണാദികളും) |

| | |
|---|---|
| ഹസ്തയുക്താനാം | കൈയുള്ളവക്കു് (വ്യാഘ്രാദികൾക്കു്) |
| അഹസ്താഃ | കൈയില്ലാത്തവയും (ഗോമഹിഷാദികളും) |
| ദ്വിപദാം | രണ്ടുകാലുള്ളവക്കു് (മനുഷ്യർക്കു്) |
| ചതുഷ്പദഃ ച | നാൽക്കാലികളും |
| അന്നം ഹി | ആഹാരമാണല്ലോ |

10 യൂയം ച പിത്രാന്വാദിഷ്ടാ ദേവദേവേന ചാനഘാഃ
പ്രജാസർഗായ ഹി കഥം വൃക്ഷാന്നിർദഗ്ധുമർഹഥ

| | |
|---|---|
| അനഘാഃ | അല്ലയോ നിഷ്പാപന്മാരെ! |
| യൂയം | നിങ്ങൾ |
| പിത്രാ ച | പിതാവിനാലും |
| ദേവദേവേന | സർവ്വേശ്വരനാലും |
| പ്രജാസർഗായ | പ്രജാസൃഷ്ടിക്കു വേണ്ടി |
| അന്വാദിഷ്ടാഃ ച | ആജ്ഞാപിക്കപ്പെട്ടവരുമാണു് |
| ഹി കഥം | ആകയാൽ എങ്ങനെയാണു് |
| വൃക്ഷാൻ | വൃക്ഷങ്ങളെ |
| നിർദഗ്ധും | നിശ്ശേഷം ചുട്ടുകളയുവാൻ |
| അർഹഥ | അർഹിക്കുന്നതു് |

11 ആതിഷ്ഠത സതാം മാർഗ്ഗം കോപം യച്ഛത ദീപിതം
പിത്രാ പിതാമഹേനാപി ജുഷ്ടം വഃ പ്രപിതാമഹൈഃ

| | |
|---|---|
| വഃ | നിങ്ങളുടെ |
| പിത്രാ | അച്ഛനാലും |
| പിതാമഹേന | മുത്തച്ഛനാലും |
| പ്രപിതാമഹൈഃ അപി | മുതുമുത്തച്ഛന്മാരായ പൂർവ്വികരാലും കൂടി |
| ജുഷ്ടം | സേവിക്കപ്പെട്ടിരുന്ന |
| സതാം മാർഗ്ഗം | സന്മാർഗ്ഗത്തെ (ശാന്തഭാവത്തെ) |
| ആതിഷ്ഠത | സ്വീകരിക്കുവിൻ! |
| ദീപിതം | ആളിക്കത്തിച്ച |
| കോപം | ദ്വേഷ്യത്തെ |
| യച്ഛത | നിയന്ത്രിക്കുവിൻ! |

12 തോകാനാം പിതരൗ ബന്ധുർദൃശാം പക്ഷ്മ സ്ത്രിയാഃ പതിഃ
പതിഃ പ്രജാനാം ഭിക്ഷൂണാം ഗൃഹ്യജ്ഞാനാം ബുധഃ സുഹൃതു്

| | |
|---|---|
| തോകാനാം | കുട്ടികൾക്കു് |
| പിതരൗ | അച്ഛനമ്മമാരും |
| ദൃശാം | കണ്ണുകൾക്കു് |
| പക്ഷ്മ | കൺപോളയും |
| സ്ത്രിയാഃ | സ്ത്രീക്കു് |
| പതിഃ | ഭർത്താവും |
| ഭിക്ഷൂണാം | സന്യാസിമാർക്കു് |
| ഗൃഹീ | ഗൃഹസ്ഥനും |
| അജ്ഞാനാം | അറിവില്ലാത്തവർക്കു് |
| ബുധഃ | അറിവുള്ളവനും |
| പ്രജാനാം | പ്രജകൾക്കു് |
| പതിഃ | രാജാവും |
| സുഹൃതു് | സന്മനസ്സുള്ള |
| ബന്ധുഃ | സഹായിയാകുന്നു. |

അതിനാൽ രാജാക്കന്മാരായ പ്രചേതസ്സുകൾ ചരാചരപ്രാണികളാവുന്ന പ്രജകൾക്കെല്ലാം ഉററവരാകേണ്ടിയിരിക്കെ വൃക്ഷങ്ങളുടെ ഉന്മൂലനാശം വരുത്തുന്നതു് അനീതിയാണെന്നു സാരം.

മാത്രമല്ല, ചരാചരങ്ങളെല്ലാം ഈശ്വരാധിഷ്ഠാനങ്ങളുമാകയാൽ അവയെ ദ്രോഹിക്കുന്നതു ശരിയല്ലെന്നു് തുടർന്നു പറയുന്നു.

13 അന്തർദേഹേഷു ഭൂതാനാമാത്മാസ്തേ ഹരിരീശ്വരഃ
സർവം തദ്ധിഷ്ണ്യമീക്ഷധ്വമേവം വസ്തോഷിതോ ഹ്യസൗ

ഭൂതാനാം — സകലചരാചരങ്ങളുടെയും
അന്തർദ്ദേഹേഷു — ശരീരാന്തർഭാഗങ്ങളിൽ
ആത്മാ — സർവ്വവ്യാപിയും
ഈശ്വരഃ — സർവ്വനിയന്താവുമായ
ഹരിഃ — ശ്രീമഹാവിഷ്ണു
ആസ്തേ — വാണരുളുന്നു
സർവം — സകലത്തും

തദ്ധിഷ്ണ്യം — അവിടുത്തെ വാസസ്ഥാനമായിട്ട്
ഈക്ഷധ്വം — കണ്ടുകൊൾവിൻ
ഏവം — ഇപ്രകാരം
അസൗ — ആ തിരുവടി
വഃ ഹി — നിങ്ങളാൽത്തന്നെ
തോഷിതഃ — പ്രസാദിപ്പിക്കപ്പെട്ടവനുമാണ്

14 യഃ സമുത്പതിതം ദേഹ ആകാശാന്മന്യുമുല്ബണം
ആത്മജിജ്ഞാസയാ യച്ഛേത് സ ഗുണാനതിവർത്തതേ

യഃ — ഏതൊരുവൻ
ആകാശാത് — മാനത്തുനിന്ന്
ദേഹേ — ഉടലിലേക്ക്
സമുത്പതിതം — അടർന്നുവീണ- (പെട്ടെന്നുണ്ടായ)
ഉല്ബണം — തീവ്രമായ
മന്യും — കോപത്തെ

ആത്മജിജ്ഞാസയാ — തൻേറടം കൊണ്ടു
യച്ഛേത് — ഒതുക്കിനിർത്തുന്നുവോ
സഃ — അവൻ
ഗുണാൻ — പ്രാകൃതികഗുണങ്ങളെ
അതിവർത്തതേ — കീഴടക്കിനിൽക്കുന്നു

15 അലം ദഗ്ധൈർദ്രുമൈർദ്ദീനൈഃ ഖിലാനാം ശിവമസ്തു വഃ
വാർക്ഷീ ഹ്യേഷാ വരാ കന്യാ പത്നീത്വേ പ്രതിഗൃഹ്യതാം

ദീനൈഃ — പ്രതികാരം ചെയ്യാനാവാത്ത പാവങ്ങളായ
ദഗ്ധൈഃ — വെന്തുപോയ
ദ്രുമൈഃ — മരങ്ങളെക്കൊണ്ട്
അലം — മതിയാക്കുക
ഖിലാനാം — അവശേഷിച്ചവർക്കും
വഃ — നിങ്ങൾക്കും
ശിവം അസ്തു — ഭാവുകം ഭവിക്കട്ടെ

ഏഷാ ഹി — ഇതാ, ഇവൾ
വാർക്ഷീ — വൃക്ഷങ്ങളുടെ വളർത്തുമകളായ
വരാകന്യാ — ഉത്തമകന്യകയാണ്;
പത്നീത്വേ — ഭാര്യയുടെ സ്ഥാനത്ത്
പ്രതിഗൃഹ്യതാം — സ്വീകരിക്കപ്പെട്ടാലും

16 ഇത്യാമന്ത്ര്യ വരാരോഹാം കന്യാമാപ്സരസീം നൃപ
സോമോ രാജാ യയൗ ദത്വാ തേ ധർമ്മേണോപയേമിരേ.

നൃപ — രാജാവേ!
രാജാ — വനസ്പതികളുടെ രാജാവായ
സോമഃ — സോമദേവൻ
ഇതി — ഇങ്ങനെ പറഞ്ഞ്
ആമന്ത്ര്യ — സമാധാനിപ്പിച്ച്
ആപ്സരസീം — അപ്സരഃസ്ത്രീയിൽ പിറന്ന

വരാരോഹാം — ലക്ഷണയുക്തയായ
കന്യാം — കന്യകയെ
ദത്വാ — ദാനംചെയ്ത്
യയൗ — യാത്രയായി
തേ — അവർ
ധർമ്മേണ — വിധിപ്രകാരം
ഉപയേമിരേ — (അവളെ) പരിണയിച്ചു

ഇവിടെ ചതുൎത്ഥസ്കന്ധത്തിലെ മുപ്പതാമദ്ധ്യായത്തിലുള്ള പ്രചേതോപാഖ്യാനം അനുസ്മരണീയമാകുന്നു. ''തത്രാവശിഷ്ടാ യേ വൃക്ഷാ ഭീതാ ദുഹിതരം തദാ ഉജ്ജഹ്രുസ്തേ പ്രചേതോഭ്യ ഉപദിഷ്ടാഃ സ്വയംഭുവാ'' എന്ന ശ്ലോകംകൊണ്ടു് ദശ്ധാവശിഷ്ടങ്ങളായ വൃക്ഷങ്ങൾ ബ്രഹ്മാവിന്റെ ഉപദേശത്താൽ പ്രചേതസ്സുകൾക്കു് സ്വപുത്രിയെ ദാനം ചെയ്തുവെന്നാണു് പറഞ്ഞുവച്ചതു്. ഇവിടെ ഇങ്ങനെയും പറഞ്ഞപ്പോൾ പൂർവ്വാപരവിരോധം വന്നില്ലേ എന്നു് ആശങ്കയുണ്ടാകും. വൃക്ഷങ്ങളുടെ പ്രതിപുരുഷനായിട്ടു് അവയുടെയെല്ലാം ആധിപത്യം വഹിക്കുന്ന സോമൻ വാർക്ഷിയെ (വൃക്ഷപുത്രിയെ) പ്രചേതസ്സുകൾക്കു കൊടുത്തു എന്നതും വൃക്ഷങ്ങൾ കൊടുത്തു എന്നതും യഥാൎത്ഥത്തിൽ ഒന്നാണു്. ആകയാൽ പൂൎവ്വാപരവിരോധാശങ്ക നിരസ്തമായിത്തീരുന്നു. കണ്ഡുമുനിക്കു് പ്രമ്ലോചയെന്ന അപ്സരോയുവതിയിൽ ഉണ്ടായ ഗർഭത്തെ അവൾ വൃക്ഷങ്ങളിൽ നിക്ഷേപിച്ചു് ദേവലോകത്തേക്കു് കടന്നുപോയെന്നും സോമൻ (വൃക്ഷാധിപതി) അതിനു് അമൃതരസം നുകരാൻ കൊടുത്തു വളർത്തിയെടുത്തുവെന്നും ആ സന്ദർഭത്തിൽ പറഞ്ഞിട്ടുണ്ടു്. 'മാരിഷ' എന്നു് പേരായ ആ കന്യകക്കു് ഇങ്ങനെ വൃക്ഷപുത്രീത്വം സംജാതമായതാണെന്നും ധരിക്കണം.

17 തേഭ്യസ്തസ്യാം സമഭവദ്ദക്ഷഃ പ്രാചേതസഃ കില
യസ്യ പ്രജാവിസർഗ്ഗേണ ലോകാ ആപൂരിതാസ്ത്രയഃ

| | |
|---|---|
| തേഭ്യഃ | അവരിൽനിന്നു് (പ്രചേതസ്സുകളിൽ നിന്നു്) |
| തസ്യാം | അവളിൽ |
| പ്രാചേതസഃ | 'പ്രാചേതസൻ' എന്ന |
| ദക്ഷഃ | ദക്ഷപ്രജാപതി |
| സമഭവത് കില | സംഭവിച്ചുപോലും |
| യസ്യ | യാതൊരുവന്റെ |
| പ്രജാ- വിസർഗ്ഗേണ | സന്താനങ്ങളുടെ പരമ്പരയാൽ |
| ത്രയഃ ലോകാഃ | മൂന്നുലോകങ്ങളും |
| ആപൂരിതാഃ | നിറയപ്പെട്ടു |

ആദിയിൽ ബ്രഹ്മപുത്രനായിരുന്ന ദക്ഷൻ ശിവനെ അപമാനിച്ചതുകൊണ്ടു് കാലാന്തരത്തിൽ ക്ഷത്രിയജാതിയിൽ വാർക്ഷിയുടെ പുത്രനായി ജന്മമെടുത്തു – ചാക്ഷുഷമന്വന്തരത്തിൽ ഈ പ്രാചേതസദക്ഷനിലൂടെയാണു് സൃഷ്ടിവിസ്താരമുണ്ടാവുകയെന്നു് ചതുൎത്ഥസ്കന്ധത്തിൽ (അ 30) പറഞ്ഞതാണു്.

18 യഥാ സസർജ്ജ ഭൂതാനി ദക്ഷോ ദുഹിതൃവത്സലഃ
രേതസാ മനസാ ചൈവ തന്മമാവഹിതഃ ശൃണു

| | |
|---|---|
| ദുഹിതൃവത്സലഃ | പുത്രികളിൽ വാത്സല്യമുള്ളവനായിരുന്ന |
| ദക്ഷഃ | ദക്ഷപ്രജാപതി |
| രേതസാ | ശുക്ലശോണിതമിശ്രണം കൊണ്ടും |
| മനസാ ച ഏവ | മനസ്സുകൊണ്ടു-തന്നെയും |
| യഥാ | ഏതുവിധം |
| ഭൂതാനി | ജീവികളെ |

സസൃജ്ജ — സൃഷ്ടിച്ചുവോ
തത് — ആയതിനെ
മമ — എന്റെ അടുക്കൽ നിന്നു്
അവഹിതഃ — ശ്രദ്ധായുക്തനായിത്തന്നു്
ശൃണു — കേട്ടുകൊൾക

19 മനസൈവാസൃജത് പൂർവ്വം പ്രജാപതിരിമാഃ പ്രജാഃ
ദേവാസുരമനുഷ്യാദീൻ നഭസ്ഥലജലൗകസഃ

പൂർവ്വം — ആദ്യം
പ്രജാപതിഃ — ദക്ഷപ്രജാപതി
നഭസ്ഥല- ജലൗകസഃ — ആകാശം, ഭൂമി, ജലം എന്നിവടങ്ങളിൽ വസിക്കുന്ന
ദേവാസുര- മനുഷ്യാദീൻ — ദേവന്മാർ, അസുരന്മാർ, മനുഷ്യന്മാർ മുതലായ
ഇമാഃ പ്രജാഃ — ഈ പ്രജകളെ
മനസാ ഏവ — മനഃസങ്കൽപ്പം കൊണ്ടുതന്നെ
അസൃജത് — സൃഷ്ടിച്ചു

20 തമബൃംഹിതമാലോക്യ പ്രജാസർഗം പ്രജാപതിഃ
വിന്ധ്യപാദാനുപവ്രജ്യ സോഽചരദ്ദുഷ്കരം തപഃ

സഃ പ്രജാപതിഃ — ആ ദക്ഷപ്രജാപതി
തം പ്രജാസർഗം — അവ്വിധത്തിലുള്ള പ്രജാസൃഷ്ടിയെ
അബൃംഹിതം — അഭിവൃദ്ധിപ്പെടാത്തതായി
ആലോക്യ — കണ്ടിട്ടു്
വിന്ധ്യപാദാൻ — വിന്ധ്യപർവ്വതത്തിന്റെ പ്രാന്തപ്രദേശങ്ങളിലേക്കു്
ഉപവ്രജ്യ — എത്തിച്ചേർന്നു്
ദുഷ്കരം — കഠിനമായ
തപഃ — തപസ്സു്
അചരത് — അനുഷ്ഠിച്ചു

21 തത്രാഘമർഷണം നാമ തീർത്ഥം പാപഹരം പരം
ഉപസ്പൃശ്യാനുസവനം തപസാഽതോഷയദ്ധരിം

തത്ര — അവിടെ
അഘമർഷണം നാമ — 'അഘമർഷണം' എന്ന പേരിൽ വിഖ്യാതവും
പാപഹരം — പാപവിനാശകവും
പരം — അതിവിശിഷ്ടവുമായ
തീർത്ഥം — തീർത്ഥജലത്തെ
അനുസവനം — ത്രിസന്ധ്യകൾതോറും
ഉപസ്പൃശ്യ — ആചമനം ചെയ്തു്
ഹരിം — ശ്രീഹരിയെ
തപസാ — തപോനുഷ്ഠാനത്താൽ
അതോഷയത് — പ്രസാദിപ്പിച്ചു

22 അസ്തൗഷീദ്ധംസഗുഹ്യേന ഭഗവന്തമധോക്ഷജം
തുഭ്യം തദഭിധാസ്യാമി കസ്യാതുഷ്യദ്യതോ ഹരിഃ

ഹംസഗുഹ്യേന — 'ഹംസഗുഹ്യം' എന്ന സ്തോത്രം കൊണ്ടു്
ഭഗവന്തം — ഭഗവാനായ
അധോക്ഷജം — ശ്രീഹരിയെ
അസ്തൗഷീത് — സ്തുതിച്ചു
യതഃ — യാതൊന്നിനാൽ
ഹരിഃ — ശ്രീഹരി
കസ്യ — പ്രജാപതിക്കു്
അതുഷ്യത് — പ്രസന്നനായി ഭവിച്ചുവോ
തത് — അതിനെ
തുഭ്യം — അങ്ങേയ്ക്കായി
അഭിധാസ്യാമി — ഞാൻ ചൊല്ലിത്തരുന്നുണ്ടു്

## അദ്ധ്യായം നാല്

## ഹംസഗുഹ്യസ്തോത്രം

പ്രജാപതിരുവാച = ദക്ഷപ്രജാപതി ചൊല്ലി

23 നമഃ പരായാവിതഥാനുഭൂതയേ
ഗുണത്രയാഭാസനിമിത്തബന്ധവേ
അദൃഷ്ടധാമ്നേ ഗുണതത്ത്വബുദ്ധിഭിർ-
നിവൃത്തമാനായ ദധേ സ്വയംഭുവേ

| | |
|---|---|
| അവിതഥാനുഭൂതയേ | നിത്യപരിപൂർണ്ണമായ ചിച്ഛക്തിയാളുന്നവനായി |
| ഗുണത്രയാഭാസനിമിത്തബന്ധവേ | ഗുണത്രയത്തിൻെറ ആഭാസരൂപമായ ജീവരാശികൾ തന്നിമിത്തമായ മായാശക്തികൾ നിയന്താവായി |
| ഗുണതത്ത്വബുദ്ധിഭിഃ | മായാഗുണങ്ങളെ യഥാർത്ഥമെന്നു കരുതുന്ന ജീവന്മാരാൽ |
| അദൃഷ്ടധാമ്നേ | സാക്ഷാൽക്കരിക്കപ്പെടാത്ത സ്വരൂപത്തോടുകൂടിയവനായി |
| നിവൃത്തമാനായ | പ്രമാണത്തിന്നു വിഷയീഭവിക്കാത്തവനായി * |
| പരായ | സർവ്വോത്തമനായി |
| സ്വയംഭുവേ | സ്വയം പ്രകാശിച്ചരുളുന്ന നിന്തിരുവടിക്കു |
| നമഃ ദധേ | നമസ്കാരം അർപ്പിക്കുന്നു |

* 'നിവൃത്തമാനാവധയേ' എന്നു പാഠാന്തരം. 'അളവും അതിരും വേറിട്ടിരിക്കുന്നവന്' എന്നർത്ഥം.

ഈശ്വരൻ ജീവന്മാർക്കു് അദൃഷ്ടസ്വരൂപനാണെന്നു പറഞ്ഞതിൻെറ പൊരുളും വ്യക്തമാക്കുന്നു—

24 ന യസ്യ സഖ്യം പുരുഷോഽവൈതി സഖ്യുഃ
സഖാ വസൻ സംവസതഃ പുരേഽസ്മിൻ
ഗുണോ യഥാ ഗുണിനോ വ്യക്തദൃഷ്ടേ-
സ്തസ്മൈ മഹേശായ നമസ്കരോമി

| | |
|---|---|
| യഥാ | എപ്രകാരം |
| ഗുണഃ | വിഷയം (ശബ്ദാദി) |
| ഗുണിനഃ | വിഷയിയുടെ (ശ്രോത്രാദിഇന്ദ്രിയവർഗ്ഗത്തിൻെറ |
| സഖ്യം | സഖ്യത്തെ (വിഷയപ്രകാശകത്വരൂപേണയുള്ള സ്വസംബന്ധത്തെ) |
| ന അവൈതി | അറിയാതിരിക്കുന്നുവോ, |
| തഥാ | അതുപോലെ |
| പുരുഷഃ സഖാ | ജീവനാവുന്ന സഖാവു് |
| അസ്മിൻ പുരേ | ഈ പുരത്തിൽ (ദേഹത്തിൽ) |
| വസൻ | നിവസിച്ചുകൊണ്ടു് |
| സംവസതഃ | (ആ പുരത്തിൽത്തന്നെ) ഒപ്പം വസിച്ചുകൊണ്ടിരിക്കുന്ന |
| വ്യക്തദൃഷ്ടേഃ | ജീവപ്രപഞ്ചത്തിൻെറ ദ്രഷ്ടാവായ |
| യസ്യ സഖ്യുഃ | യാതൊരു സഖാവിൻെറ |
| സഖ്യം | ഇന്ദ്രിയപ്രവർത്തകത്വാദി രൂപേണ തന്നോടുള്ള അടുപ്പത്തെ |

| | |
|---|---|
| ന അവൈതി | അറിയാതെ ഇരിക്കുന്നുവോ, |
| തസ്മൈ | ആ |
| മഹേശായ | സർവ്വേശ്വരനായിക്കൊണ്ട് |
| നമസ്കരോമി | നമസ്കാരം അർപ്പിക്കുന്നു |

'ദ്രഷ്ടാവ് ദൃശ്യനാകയില്ല' എന്ന നിയമമനുസരിച്ച് പ്രപഞ്ചത്തിന്റെ ദ്രഷ്ടാവായ ഈശ്വരൻ പ്രാപഞ്ചികജീവരാശിക്ക് അദൃഷ്ടസ്വരൂപനാണെന്നു താൽപര്യം.

''വ്യക്തദൃഷ്ടിഃ'' എന്ന പ്രഥമാന്തപാഠം സ്വീകരിക്കുന്നപക്ഷം അതു് ''പുരുഷഃ സഖാ'' എന്നതിനെ വിശേഷിപ്പിക്കുന്നു. വ്യക്തത്തിൽ (പ്രപഞ്ചത്തിൽ) മാത്രം നോട്ടമുള്ള ജീവൻ താൻ വസിക്കുന്ന പുരത്തിൽത്തന്നെ വസിക്കുന്ന ഈശ്വരനോടുള്ള അടുപ്പം അറിയാതെ ഇരിക്കുന്നു. എന്നിങ്ങനെ സുഗമമായ അർത്ഥം വന്നുചേരും.

ജീവൻ ഗുണത്തെപ്പോലെ ജഡമല്ല; നേരെമറിച്ച് ചേതനമാണ് ആകയാൽ അറിയേണ്ടതല്ലയോ? എന്നിങ്ങനെ ആശങ്കിക്കയാണെങ്കിൽ അതിനുപറയുന്നു—

25 ദേഹോഽസവോഽക്ഷാ മനവോ ഭൂതമാത്രാ
നാത്മാനമന്യം ച വിദുഃ പരം യത്
സർവ്വം പുമാൻ വേദ ഗുണാംശ്ച തജ്ജ്ഞോ
ന വേദ സർവ്വജ്ഞമനന്തമീഡേ

| | |
|---|---|
| ദേഹഃ | ശരീരം, |
| അസവഃ | പ്രാണശക്തികൾ, |
| അക്ഷാഃ | ഇന്ദ്രിയങ്ങൾ, |
| മനവഃ | അന്തഃകരണവൃത്തികൾ, |
| ഭൂതമാത്രാഃ | പൃഥിവ്യാദിഭൂതങ്ങൾ, അവയുടെ തന്മാത്രകൾ എന്നിവ |
| ആത്മാനം | സ്വസ്വരൂപരെത്തയും |
| അന്യം | അതിൽ നിന്നു് ഭിന്നമായ ഇന്ദ്രിയവർഗ്ഗത്തെയും |
| പരം ച | അവയിൽനിന്നും ഉപരിയായ ദേവതാവർഗ്ഗത്തെയും |
| ന വിദുഃ | അറിയുന്നില്ല |
| യത് | യാതൊരു ഈ അവസ്ഥയിൽ |
| പുമാൻ | ജീവനാകട്ടെ |
| സർവ്വം | എല്ലാം (ഇവമൂന്നും) |
| വേദ | അറിയുന്നു. |
| ഗുണാൻ ച | ഇവയുടെ മുരടുകളായ പ്രകൃതിഗുണങ്ങളെയും (അറിയുന്നു.) |
| തജ്ജ്ഞഃ അപി | അതെല്ലാം അറിയുന്നവനായിരുന്നിട്ടും |
| സർവ്വജ്ഞം | എല്ലാമറിയുന്ന (സർവ്വസാക്ഷിയായ) |
| (യം) | യാതൊരുവനെ മാത്രം |
| ന വേദ | അറിയുന്നില്ലയോ. |
| (തം) അനന്തം | ആ അപരിച്ഛിന്നമൂർത്തിയെ |
| ഈഡേ | ഞാൻ സ്തുതിക്കുന്നു. |

''അദൃഷ്ടധാമത്വം'' ഉപപാദിച്ചശേഷം ഇനി ''സ്വപ്രകാശത്വം'' ഉപപാദിച്ചു് നമസ്കരിക്കുന്നു.

26 യദോപരാമോ മനസോ നാമരൂപ-
രൂപസ്യ ദൃഷ്ടസ്മൃതിസംപ്രമോഷാത്
യ ഈയതേ കേവലയാ സ്വസംസ്ഥയാ
ഹംസായ തസ്മൈ ശുചിസദ്മനേ നമഃ

നാമരൂപ- രൂപസ്യ — നാമരൂപങ്ങളെ കല്പിച്ചുണ്ടാക്കുന്ന
മനസഃ — മനസ്സിന്
ദൃഷ്ടസ്മൃതി- സംപ്രമോഷാത് — ദർശനസ്മരണാനുഭവങ്ങളാം തികച്ചും നശിച്ചുപോക ഹേതുവായിട്ട്
യദാ — എപ്പോഴം
ഉപരാമഃ — സമാധിനിലയുണ്ടാവുന്നുവോ,
(തദാ) — അപ്പോഴം
യഃ — യാതൊരുവൻ
കേവലയാ — കേവലമായ
സ്വസംസ്ഥയാ — സ്വരൂപജ്ഞാനത്തിലൂടെ
ഈയതേ — പ്രതീതിവിഷയമാകുന്നുവോ,
തസ്മൈ ശുചി- സദ്മനേ — ആ വിശുദ്ധഹൃദയാവാസനായ
ഹംസായ — നിർമ്മലാനന്ദമൂർത്തിക്ക്
നമഃ — നമസ്കാരം

ഈ വിധം ഏകാഗ്രസമധിയിലെത്തിയ മനസ്സിൽ ഈശ്വര സാക്ഷാൽകാരമുണ്ടാവുന്നതു് എങ്ങനെയുള്ളവർക്ക്? —

അതാണ് അടുത്ത രണ്ടുശ്ലോകം കൊണ്ടുപറയുന്നതു്–

27 മനീഷിണോഽന്തർഹൃദി സന്നിവേശിതം
സ്വശക്തിഭിർനവഭിശ്ച ത്രിവൃദ്ഭിഃ
വഹ്നിം യഥാ ദാരുണി പാഞ്ചദശ്യം
മനീഷയാ നിഷ്കർഷന്തി ഗൂഢം

28 സ വൈ മമാശേഷവിശേഷമായാ-
നിഷേധനിർവാണസുഖാനുഭൂതിഃ
സ സർവ്വനാമാ സ ച വിശ്വരൂപഃ
പ്രസീദതാമനിരുക്താത്മശക്തിഃ

നവഭിഃ — (പ്രകൃതിപുരുഷമഹദഹംകാരപഞ്ചതന്മാത്രരൂപേണ) ഒമ്പതായും
ത്രിവിദ്ഭിഃ ച — ത്രിഗുണാത്മകങ്ങളായ ഷോഡശവികാരങ്ങളായും ഇരിക്കുന്ന
സ്വശക്തിഭിഃ — തന്റെ മായാവൈഭവങ്ങളാൽ
ഗൂഢം — മറഞ്ഞിരിക്കുന്ന
(യം) — യാതൊരു നിർമ്മലാനന്ദമൂർത്തിയെ
മനീഷിണഃ — വിവേകികൾ
മനീഷയാ — ആത്മവിവേകത്താൽ
അന്തർഹൃദി — ഹൃദയാന്തരത്തിൽ
സന്നിവേശിതം — ഉറപ്പിച്ചിരുത്തിയിട്ട്,
ദാരുണി — അരണിമുട്ടിയിൽ
പാഞ്ചദശ്യം — പതിനഞ്ചുസാമിധേനീമന്ത്രങ്ങളാൽ പ്രകാശിപ്പിക്കേണ്ടുന്ന
വഹ്നിം — വൈദികാഗ്നിയെ
യഥാ — കടഞ്ഞെടുക്കുന്ന വിധം
നിഷ്കർഷന്തി — ആത്മാവിൽനിന്നും വിവേചിച്ചു ധ്യാനിക്കുന്നുണ്ടല്ലോ

| | |
|---|---|
| അശേഷവിശേഷ-മായാനിഷേധ-നിരവാണ-സുഖാനുഭൂതിഃ | സമസ്തവിശേഷങ്ങളോടുകൂടിയ മായയുടെ തിരസ്കാരത്താൽ ഉണ്ടാവുന്ന നിത്യ വിമുക്തിയുടെ ആനന്ദാനുഭൂതിക്ക് ആസ്പദമായും |
| അനിരുക്താത്മ ശക്തിഃ | അനിർവ്വചനീയ മായ മായയ്ക്കു അധിഷ്ഠാനമായും വർത്തിക്കുന്ന |

| | |
|---|---|
| സഃ വൈ | ആ ഭഗവാൻ |
| മമ | എന്റെ പേരിൽ |
| പ്രസീദതാം | പ്രസന്നനാകേണമേ! |
| സഃ | തന്തിരുവടി |
| സർവ്വനാമാ | എല്ലാനാമങ്ങളോടും കൂടിയവനാണ്; |
| സഃ ച | തന്തിരുവടിതന്നെ |
| വിശ്വരൂപഃ | എല്ലാരൂപങ്ങളോടും കൂടിയവനുമാകുന്നു. |

ഇവിടെ ഒരാശങ്ക— കേവലമായ സ്വരൂപജ്ഞാനത്തിലൂടെ പ്രതീതിക്കു വിഷയമാകുന്ന നിർമ്മലാനന്ദസത്തയിൽ സർവ്വനാമത്വവും വിശ്വരൂപത്വവും അസംഗതമല്ലേ? ഇന്ദ്രിയഗോചരത്വം അതിനില്ലല്ലോ — ശങ്ക ശരിതന്നെ. പക്ഷേ, അവ രണ്ടും ആ സത്താമാത്രകമായ സ്വരൂപത്തിൽ വാസ്തവത്തിലില്ലെന്നും, മായകൊണ്ട് തോന്നുകയാണെന്നും ഇനി ശ്ലോകത്രയം കൊണ്ട് ഉപപാദിച്ചു നമസ്കരിക്കുന്നു —

29 യദ്യന്നിരുക്തം വചസാ നിരൂപിതം
ധിയാഽക്ഷഭിർവാ മനസാ വോത യസ്യ
മാ ഭൂത് സ്വരൂപം ഗുണരൂപം ഹി തത്തത്
സ വൈ ഗുണാപായവിസർഗലക്ഷണഃ

| | |
|---|---|
| വചസാ | വാക്കുകൊണ്ട് |
| നിരുക്തം | പറയപ്പെട്ടതായും |
| ധിയാ | ബുദ്ധികൊണ്ട് |
| നിരൂപിതം | നിർണ്ണയിക്കപ്പെട്ട-തായും |
| അക്ഷഭിഃ വാ | ഇന്ദ്രിയങ്ങളാൽ ഗ്രഹിക്കപ്പെട്ടതായോ |
| മനസാ വാ ഉത | മനസ്സിനാൽ സങ്കല്പി-ക്കപ്പെട്ടതായോ ഇരിക്കുന്നതും |
| യത് യത് | ഏതെല്ലാമാണോ, |
| തത് | അതൊന്നും തന്നെ |

| | |
|---|---|
| യസ്യ | മായാതീതമായ യാതൊരു പരമാത്മാവിന്റെ |
| സ്വരൂപം | വാസ്തവരൂപമായിട്ട് |
| മാ ഭൂത് | ഇരിക്കുവാൻതരമില്ല |
| ഹി തത് | എന്തെന്നാൽ അത് |
| ഗുണരൂപം | മായാഗുണങ്ങളുടെ രൂപമാകുന്നു |
| സഃ വൈ | തന്തിരുവടിയാകട്ടെ |
| ഗുണാപായ വിസർഗ ലക്ഷണഃ | ആ ഗുണങ്ങളുടെ വിനാശം കൊണ്ടും ഉത്ഭവം കൊണ്ടും അറിയപ്പെടാവുന്ന നിത്യചേതനാമയനത്രേ |

ഗുണങ്ങളുടെ ഉല്പത്തിലയങ്ങൾ അധിഷ്ഠാനമില്ലാതെ ഉണ്ടാകയില്ലല്ലൊ. ആ അധിഷ്ഠാനം നിത്യചേതനമായ പരമാത്മാവുതന്നെയാണെന്ന് ആരാഞ്ഞറിയണമെന്നർത്ഥം.

പരമാത്മസ്വരൂപം, യഥാർത്ഥത്തിൽ ഇങ്ങനെ സച്ചിദാനന്ദമയ മാണെന്നിരിക്കിലും അതു മായാഗുണങ്ങൾക്കു് അധിഷ്ഠാനമാകയാൽ (അനിരുക്താത്മശക്തിഃ) മായകൊണ്ടു സർവ്വവാച്യത്വേന സംജാതമാവുന്ന അതിന്റെ വിശ്വരൂപതയെ അടുത്ത ശ്ലോകത്തിൽ തുടർന്നുപപാദിക്കുന്നു.

30 യസ്മിൻ യതോ യേന ച യസ്യ യസ്മൈ
യദ്യോ യഥാ കുരുതേ കാര്യതേ ച
പരാവരേഷാം പരമം പ്രാക്പ്രസിദ്ധം
തദ്ബ്രഹ്മ തദ്ധേതുരനന്യദേകം

| | |
|---|---|
| യഃ | യാതൊരുവൻ |
| യത് | യാതൊന്നിനെ– |
| യേന | യാതൊന്നുകൊണ്ടു്– |
| യസ്മൈ | യാതൊന്നിനുവേണ്ടി– |
| യതഃ | യാതൊന്നിൽനിന്നു്– |
| യസ്യ | യാതൊന്നിന്റേതായി– |
| യസ്മിൻ | യാതൊന്നിൽ– |
| യഥാ ച | യാതൊരുപ്രകാരത്തിൽ |
| കുരുതേ | ചെയ്യുകയും |
| കാര്യതേ ച | ചെയ്യിക്കുകയും– ചെയ്യുന്നുവോ |
| തത് ബ്രഹ്മ | ആയതു സച്ചിദാത്മകമായ പരമാത്മ സ്വരൂപം തന്നെയാകുന്നു |
| (തത്) | അതു് |
| തദ്ധേതുഃ | അവയ്ക്കെല്ലാം മൂലകാരണമായി നിലകൊള്ളുന്നു |
| പ്രാക്– പ്രസിദ്ധം | എല്ലാററിനും മുമ്പായിട്ടു് പരിപൂർണ്ണത്വേന വാഴുന്നതും |
| പരാവരേഷാം | പ്രധാനമായും അപ്രധാനമായുമുള്ള ഹേതുക്കൾക്കെല്ലാം |
| പരമം | പ്രമുഖകാരണങ്ങളായിരിക്കുന്നതും |
| അനന്യത് | വേറെയൊന്നിന്റെ കൂട്ടില്ലാത്തതും |
| ഏകം | തനിക്കുതാൻ മാത്രമായിട്ടിരിക്കുന്നതും ആകുന്നു. |

കേവലപ്രയോജക ഭേദേനയുള്ള ക്രിയകളിൽ അന്വയിക്കുന്ന കർത്തൃകർമ്മാദികാരകങ്ങളും സംബന്ധവാചികളായ മററു ശബ്ദങ്ങളും എല്ലാം ബ്രഹ്മത്തിന്റെ പ്രതിഭാസങ്ങളാകയാൽ സർവ്വനാമത്വവും വിശ്വരൂപത്വവും അതിനു യുക്തമാണെന്നു സാരം.

കാര്യരൂപേണ പരിണമിച്ച വിശ്വകാരണമാണു് ബ്രഹ്മമെന്നുള്ള യാഥാർത്ഥ്യം ബോധിക്കാതെ കർമ്മവാദികളും സ്വഭാവവാദികളും കലമ്പുന്നതെന്തുകൊണ്ടു്? അതു് ഈശ്വരന്റെ മായാശക്തികൊണ്ടാണെന്നു് ഉറപ്പിച്ചു പറഞ്ഞു നമസ്കരിക്കുന്നു–

31 യച്ഛക്തയോ വദതാം വാദിനാം വൈ
വിവാദസംവാദഭുവോ ഭവന്തി
കുർവ്വന്തി ചൈഷാം മുഹുരാത്മമോഹം
തസ്മൈ നമോഽനന്തഗുണായ ഭൂമ്നേ

| | |
|---|---|
| യച്ഛക്തയഃ | യാതൊരുവന്റെ മായാശക്തികൾ |
| വദതാം | വാക്പാടവമുള്ള |
| വാദിനാം വൈ | വേദവാദികൾക്കും മററും |
| വിവാദ-സംവാദഭുവഃ | വിവദിക്കുന്നതിനും സംവദിക്കുന്നതിനുമുള്ള വിഷയങ്ങളായി |
| ഭവന്തി | ഭവിക്കുകയും |
| ഏഷാം | ഇവക്ക് |
| ആത്മമോഹം | മനോവ്യാമോഹത്തെ |
| മുഹുഃ | അടിക്കടി |
| കുർവ്വന്തി ച | ഉണ്ടാക്കുകയും ചെയ്യുന്നുവോ |
| അനന്ത-ഗുണായ | അപരിച്ഛിന്നഗുണങ്ങളോടുകൂടിയവനും |
| ഭൂമ്നേ | സർവ്വവ്യാപിയുമായ |
| തസ്മൈ | തന്തിരുവടിക്ക് |
| നമഃ | നമസ്കാരം |

കർമ്മവാദികളായ മീമാംസകന്മാർക്കും സ്വഭാവവാദികളായ ചാർവ്വാകന്മാർക്കും വിവാദസംവാദവിഷയങ്ങളായി നിൽക്കുകയും അവരുടെ ഹൃദയത്തിൽ തീർത്താലും തീരാത്ത വ്യാമോഹം ജനിപ്പിക്കുകയും ചെയ്യുന്ന മായാശക്തികളുടെ ഉറവിടമായ ആ ബ്രഹ്മത്തിന്റെ സ്വരൂപം നിർദ്ധാരണം ചെയ്തുപറയുന്നു-

32 അസ്തീതി നാസ്തീതി ച വസ്തുനിഷ്ഠയോ-
രേകസ്ഥയോർഭിന്നവിരുദ്ധധർമ്മയോഃ
അവേക്ഷിതം കിഞ്ചന യോഗസാംഖ്യയോഃ
സമം പരം ഹ്യനുകൂലം ബൃഹത്തത്

| | |
|---|---|
| അസ്തി ഇതി | 'ഉണ്ട്' എന്നും |
| നാസ്തി ഇതി ച | 'ഇല്ല' എന്നും ഉള്ള നിലയിൽ |
| ഭിന്നവിരുദ്ധ-ധർമ്മയോഃ | തരംതിരിഞ്ഞ് അന്യോന്യം പൊരുത്തപ്പെടാത്ത പ്രതിപാദനത്തോടുകൂടിയവയാണെങ്കിലും |
| വസ്തുനിഷ്ഠയോഃ | ഒരേ പ്രതിപാദ്യവസ്തുവിൽത്തന്നെ നിലയുറച്ചുകൊണ്ട് |
| ഏകസ്ഥയോഃ | ഏകവിഷയപ്രതിപാദകങ്ങൾ തന്നെയായ |
| യോഗ-സാംഖ്യയോഃ | യോഗത്തിലും സാംഖ്യത്തിലും (ഉപാസനാശാസ്ത്രത്തിലും ജ്ഞാനശാസ്ത്രത്തിലും) |
| ഹി, പരം | 'അസ്തിനാസ്തീതി' വ്യവഹാരത്തിന് അവിഷയമാകയാൽ, അവയിൽ നിന്ന് അതീതമായും |
| അനുകൂലം | ആ വ്യവഹാരത്തിന് അധിഷ്ഠാനമാകയാൽ, സഹായകമായും |
| സമം | തുല്യമായി അനുവർത്തിച്ചുകൊണ്ട് |
| കിഞ്ചന | ഏതോ ഒന്ന് |
| അവേക്ഷിതം | കാണപ്പെടുന്നുണ്ട്- |
| തത് | അതാണ് |
| ബൃഹത് | ബ്രഹ്മമെന്നത് |

33 യോഽനുഗ്രഹാർത്ഥം ഭജതാം പാദമൂല-
മനാമരൂപോ ഭഗവാനനന്തഃ
നാമാനി രൂപാണി ച ജന്മകർമ്മഭിർ-
ഭേജേ സ മഹ്യം പരമഃ പ്രസീദതു

അനന്തഃ — അപരിച്ഛേദ്യനും
അനാമരൂപഃ — നാമരൂപരഹിതനമായ
യഃ — യാതൊരുവൻ
പാദമൂലം — തന്റെ പാദതലത്തെ
ഭജതാം — ഭജിക്കുന്നവരുടെ
അനുഗ്രഹാർത്ഥം — അനുഗ്രഹത്തിനായി
ജന്മകർമ്മഭിഃ — അവതാരങ്ങളാലും പ്രവർത്തനങ്ങളാലും

രൂപാണി — രൂപങ്ങളെയും
നാമാനി ച — നാമങ്ങളെയും
ഭേജേ — സ്വീകരിച്ചുവോ,
പരമഃ — പരമാത്മാവും
ഭഗവാൻ — പരമൈശ്വര്യപൂർണ്ണനുമായ
സഃ — തന്തിരുവടി
മഹ്യം — എനിക്കായിക്കൊണ്ട്
പ്രസീദതു — പ്രസാദിക്കേണമേ!

അങ്ങയെപ്പോലെ സകാമന്മാരായവർ ഗണേശാദിദേവന്മാരെ പ്രാർത്ഥിക്കുകയാണല്ലോ പതിവ്. അങ്ങയാകട്ടെ അവരെ വിട്ട് സാക്ഷാൽ ഭഗവാനെത്തന്നെ പ്രാർത്ഥിക്കുന്നത് എന്തുകൊണ്ടാണ്? — അതിനുപറയുന്നു.

34 യഃ പ്രാകൃതൈർജ്ഞാനപഥൈർജനാനാം
യഥാശയം ദേഹഗതോ വിഭാതി
യഥാഽനിലഃ പാർത്ഥിവമാശ്രിതോ ഗുണം
സ ഈശ്വരോ മേ കുരുതാന്മനോരഥം

അനിലഃ — വായു
പാർത്ഥിവം — പൃഥിവീസംബന്ധമായ
ഗുണം — ഗുണഭേദത്തെ
ആശ്രിതഃ — അവലംബിച്ച്
യഥാ — നാനാഗന്ധവത്തായിട്ടു പ്രതീതിവിഷയമാകുന്നതുപോലെ,
യഃ — യാതൊരുവൻ
പ്രാകൃതൈഃ — പ്രാകൃതികങ്ങളായ
ജ്ഞാനപഥൈഃ — ഉപാസനാമാർഗ്ഗങ്ങളാൽ

ജനാനാം — ജനങ്ങളുടെ
യഥാശയം — അതാതുവാസനയനുസരിച്ച്
ദേഹഗതഃ — ശരീരാന്തര്യാമിയായി
വിഭാതി — അതാതു ദേവന്മാരുടെ രൂപത്തിൽ വിവിധമായി പ്രതിഭാസിക്കുന്നുവോ,
സഃ ഈശ്വരഃ — ആ സർവ്വേശ്വരൻ
മേ — എന്റെ
മനോരഥം — ആഗ്രഹത്തെ
കുരുതാത് — നിറവേററിത്തരട്ടെ

സർവ്വവ്യാപ്തമായ ശുദ്ധവായു ഭൂമിയിലുള്ള പുഷ്പങ്ങളുടെ സൗരഭ്യഭേദമനുസരിച്ച് നാനാഗന്ധവത്തായി അനുഭവപ്പെടുന്നപോലെ സർവ്വേശ്വരനായ ശ്രീഹരി ജനങ്ങളുടെ പുതിയപുതിയ ഉപാസനാമാർഗ്ഗമനുസരിച്ച് അവരുടെ ഭാവനയ്ക്കൊത്തവിധം അന്തര്യാമിയായി വർത്തിച്ച് രുദ്രഗണേശാദിരൂപഭേദത്തോടെ പ്രതിഭാസിക്കുന്നു. അതുകൊണ്ടു ശ്രീഹരിയെ പ്രാർത്ഥിച്ചാൽ സർവ്വദേവപ്രാർത്ഥനായി. തന്തിരുവടി സർവ്വാഭീഷ്ടവും നിറവേററിത്തരുന്നു.

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു

35 ഇതി സ്തുതഃ സംസ്തുവതഃ സ തസ്മിന്നഘമർഷണേ
ആവിരാസീത് കുരുശ്രേഷ്ഠ ഭഗവാൻ ഭക്തവത്സലഃ

| | |
|---|---|
| കുരുശ്രേഷ്ഠ | ഹേ കുരുവംശോത്തമ! |
| തസ്മിൻ അഘമർഷണേ | അഘമർഷണമെന്ന ആ പുണ്യതീർത്ഥത്തിൽ വച്ച് |
| ഇതി | ഇപ്രകാരം |
| സംസ്തുവതഃ | സ്തുതിച്ചുനിന്ന ദക്ഷന്റെ മുമ്പിൽ |
| സ്തുതഃ | സ്തുതിക്കപ്പെട്ടിരിക്കുന്ന |
| ഭക്തവത്സലഃ | ഭക്തവത്സലനായ |
| സഃ ഭഗവാൻ | ആ ഭഗവാൻ |
| ആവിരാസീത് | പ്രത്യക്ഷമായി |

ആ ഭഗവത്സ്വരൂപത്തെ നാലരശ്ലോകം കൊണ്ട് വർണ്ണിക്കുന്നു.

36 കൃതപാദഃ സുപർണാംസേ പ്രലംബാഷ്ടമഹാഭുജഃ
ചക്രശംഖാസിചർമ്മേഷുധനുഃപാശഗദാധരഃ

37 പീതവാസാ ഘനശ്യാമഃ പ്രസന്നവദനേക്ഷണഃ
വനമാലാനിവീതാംഗോ ലസച്ഛ്രീവത്സകൗസ്തുഭഃ

38 മഹാകിരീടകടകഃ സ്ഫുരന്മകരകുണ്ഡലഃ
കാഞ്ച്യംഗുലീയവലയനൂപുരാംഗദഭൂഷിതഃ

39 ത്രൈലോക്യമോഹനം രൂപം ബിഭ്രത് ത്രിഭുവനേശ്വരഃ
വൃതോ നാരദനന്ദാദ്യൈഃ പാർഷദൈഃ സുരയൂഥപൈഃ
സ്തൂയമാനോऽനുഗായദ്ഭിഃ സിദ്ധഗന്ധർവചാരണൈഃ

| | |
|---|---|
| സുപർണാംസേ | ഗരുഡന്റെ തോളത്ത് |
| കൃതപാദഃ | വയ്ക്കപ്പെട്ട തൃപ്പാദങ്ങളോടുകൂടിയവനായി |
| പ്രലംബാഷ്ടമഹാഭുജഃ | ദീർഘങ്ങളായ മഹാഭുജങ്ങളോടുകൂടിയവനായി |
| ചക്രശംഖാസിചർമ്മേഷുധനുഃപാശഗദാധരഃ | ചക്രം, ശംഖ്, വാൾ, പരിച, അമ്പ്, വില്ല്, പാശം, ഗദ എന്നിവ ധരിച്ചിട്ടുള്ളവനായി |
| പീതവാസാഃ | മഞ്ഞപ്പട്ടുടയാട ചാർത്തിയിരിക്കുന്നവനായി |
| ഘനശ്യാമഃ | മേഘശ്യാമളനായി |
| പ്രസന്നവദനേക്ഷണഃ | പ്രസന്നമായ തിരുമുഖവും നേത്രങ്ങളും പൂണ്ടിരിക്കുന്നവനായി |
| വനമാലാനിവീതാംഗഃ | തിരുവുടലിൽ കണ്ഠാദിപാദാന്തം ഇഴഞ്ഞു കിടക്കുന്ന വനമാലയോടുകൂടിയവനായി |
| ലസച്ഛ്രീവത്സകൗസ്തുഭഃ | പരിലസിക്കുന്ന ശ്രീവത്സം, കൗസ്തുഭം എന്നിവയോടുകൂടിയവനായി |
| മഹാകിരീടകടകഃ | ശ്രേഷ്ഠമായ കിരീടം, കടകം എന്നിവയോടുകൂടിയവനായി |
| സ്ഫുരന്മകരകുണ്ഡലഃ | തിളങ്ങുന്ന മകരകുണ്ഡലം അണിഞ്ഞിരിക്കുന്നവനായി |
| കാഞ്ച്യംഗുലീയവലയനൂപുരാംഗദഭൂഷിതഃ | ഉടഞ്ഞാൺ, വിരൽമോതിരം, വള, തള, തോൾവള എന്നിവയാൽ അലംകൃതനായി |
| ത്രൈലോക്യമോഹനം | മൂന്നു ലോകത്തെയും മയക്കുന്ന |
| രൂപം | രൂപത്തെ |
| ബിഭ്രത് | ധരിച്ചുകൊണ്ട് |
| നാരദനന്ദാദ്യൈഃ | നാരദനന്ദാദി ദേവർഷിമാരാലും |
| പാർഷദൈഃ | പാർഷദന്മാരാലും |

സുരയൂഥപൈഃ — ലോകപാലന്മാരായ ദേവന്മാരാലും
അനുഗായദ്ഭിഃ — സ്തുതിഗീതങ്ങൾ ഏറ്റുപാടിക്കൊണ്ടിരിക്കുന്ന
സിദ്ധഗന്ധർവചാരണൈഃ — സിദ്ധന്മാർ, ഗന്ധർവന്മാർ, ചാരണന്മാർ എന്നിവരാലും
വൃതഃ — പരിവൃതനായി
സ്തൂയമാനഃ — സ്തുതിക്കപ്പെട്ടുകൊണ്ടു്
ത്രിഭുവനേശ്വരഃ — മൂപ്പാരിനും ഉടയവനായ (സാക്ഷാൽ ശ്രീഹരി പുരുഷോത്തമ രൂപേണ പ്രത്യക്ഷീഭവിച്ചു.)

40 രൂപം തന്മഹദാശ്ചര്യം വിചക്ഷ്യാഗതസാധ്വസഃ
നനാമ ദണ്ഡവദ്ഭൂമൗ പ്രഹൃഷ്ടാത്മാ പ്രജാപതിഃ

മഹദാശ്ചര്യം — അത്യാശ്ചര്യകരമായ
തത് രൂപം — ആ രൂപത്തെ
വിചക്ഷ്യ — കണ്ടിട്ടു്
ആഗതസാധ്വസഃ — ഉണ്ടായ സംഭ്രമത്തോടുകൂടിയ
പ്രജാപതിഃ — ദക്ഷപ്രജാപതി
പ്രഹൃഷ്ടാത്മാ — സന്തുഷ്ടമനസ്സനായി ഭവിച്ചു്
ഭൂമൗ — ഭൂമിയിൽ
ദണ്ഡവത് — വടിപോലെ (സാഷ്ടാംഗമായി)
നനാമ — വീണുവണങ്ങി

41 ന കിഞ്ചനോദീരയിതുമശകത്തീവ്രയാ മുദാ
ആപൂരിതമനോദ്വാരൈർ ഹ്രദിന്യ ഇവ നിർഝരൈഃ

ഹ്രദിന്യഃ — നദികൾ
നിർഝരൈഃ — ജലപ്രവാഹങ്ങളാൽ
ഇവ — എന്നതുപോലെ,
തീവ്രയാ — അധികരിച്ചുവന്ന
മുദാ — ആനന്ദത്താൽ
ആപൂരിതമനോദ്വാരൈഃ — നിറയപ്പെട്ട മനോദ്വാരങ്ങൾ (വാഗാദി ഇന്ദ്രിയങ്ങൾ) ഹേതുവായി
കിഞ്ചന — എന്തെങ്കിലും
ഉദീരയിതും — ഉരിയാടുവാൻ
ന അശകത് — ശക്തനായില്ല

42 തം തഥാऽവനതം ഭക്തം പ്രജാകാമം പ്രജാപതിം
ചിത്തജ്ഞഃ സർവഭൂതാനാമിദമാഹ ജനാർദനഃ

സർവഭൂതാനാം — എല്ലാ പ്രാണികളുടെയും
ചിത്തജ്ഞഃ — മനസ്സറിയുന്ന
ജനാർദനഃ — ശ്രീഹരി
തഥാ — ആവിധം
അവനതം — വണങ്ങിനിൽക്കുന്ന
ഭക്തം — ഭക്തനും
പ്രജാകാമം — സന്താനാർത്ഥിയുമായ
തം പ്രജാപതിം — ആ പ്രജാപതിയോടു്
ഇദം ആഹ — ഇങ്ങനെ അരുളിച്ചെയ്തു

ശ്രീഭഗവാൻ ഉവാച = ശ്രീഭഗവാൻ അരുളിച്ചെയ്തു

43 പ്രാചേതസ മഹാഭാഗ സംസിദ്ധസ്തപസാ ഭവാൻ
യച്ഛ്രദ്ധയാ മത്പരയാ മയി ഭാവം പരം ഗതഃ

| | |
|---|---|
| മഹാഭാഗ | മഹാഭാഗ്യവാനായ |
| പ്രാചേതസ | ഹേ പ്രാചേതസ! |
| ഭവാൻ | അങ്ങു് |
| തപസാ | തപസ്സിനാൽ |
| സംസിദ്ധഃ | ശരിക്കും സിദ്ധിനേടി-യവനായിരിക്കുന്നു |
| യത് | എന്തെന്നാൽ |
| മത്പരയാ | എന്നിൽ ഊന്നിയ |
| ശ്രദ്ധയാ | ശ്രദ്ധകൊണ്ടു് |
| മയി | എന്നിൽ |
| പരം ഭാവം | പരമഭക്തിയെ |
| ഗതഃ | പ്രാപിച്ചവനാണു്. |

44 പ്രീതോഽഹം തേ പ്രജാനാഥ യത്തേഽസ്യോദ്ബൃംഹണം തപഃ
മമൈഷ കാമോ ഭൂതാനാം യദ്ഭൂയാസുർവിഭൂതയഃ

| | |
|---|---|
| പ്രജാനാഥ | അല്ലയോ പ്രജാപതേ! |
| യത് | യാതൊന്നുഹേതുവായിട്ടു് |
| തേ തപഃ | അങ്ങയുടെ തപസ്സു് |
| അസ്യ | ഈ വിശ്വത്തിന്റെ |
| ഉദ്ബൃംഹണം | വളർച്ചക്കു് ഉതകുന്ന-തായിവന്നുവോ |
| (അതഃ) | ഇക്കാരണത്താൽ |
| തേ അഹം | അങ്ങയോടു് ഞാൻ |
| പ്രീതഃ | സന്തുഷ്ടനായിരിക്കുന്നു |
| ഭൂതാനാം | "ജീവരാശികളുടെ |
| വിഭൂതയഃ | സമൃദ്ധികൾ |
| ഭൂയാസുഃ | ഉണ്ടാകട്ടെ" |
| (ഇതി) | എന്നുള്ളതു |
| യത് | യാതൊന്നോ, |
| ഏഷഃ | ഇതുതന്നെയാണു് |
| മമ കാമഃ | എന്റെ ആഗ്രഹം |

പ്രപഞ്ചത്തിന്റെ ഭൂതിവിസ്താരം എന്റെ ആഗ്രഹമാകുന്നു. അങ്ങയുടെ തപസ്സു് അതിനു സാധകമാകയാൽ എനിക്കു അങ്ങയുടെ പേരിൽ സന്തോഷമുണ്ടു് എന്നർത്ഥം.

ഈ ഭൂതിവിസ്താരത്തിനുള്ള സംരംഭം അങ്ങേക്കും അനുയോജ്യമായ കാര്യമാണെന്നു് ഇനി തുടർന്നു പറയുന്നു.

45 ബ്രഹ്മാ ഭവോ ഭവന്തശ്ച മനവോ വിബുധേശ്വരാഃ
വിഭൂതയോ മമ ഹ്യേതാ ഭൂതാനാം ഭൂതിഹേതവഃ

| | |
|---|---|
| ബ്രഹ്മാ ഭവഃ | ബ്രഹ്മാവും രുദ്രനും, |
| ഭവന്തഃ | പ്രജാപതിമാരായ നിങ്ങളും, |
| മനവഃ | മനുക്കളും, |
| വിബുധേ-ശ്വരാഃ ച | ദേവപ്രമുഖന്മാരും മററുമായ |
| മമ ഏതാഃ | എന്റെ ഈ |
| വിഭൂതയഃ | രൂപഭേദങ്ങൾ |
| ഭൂതാനാം | ജീവരാശികളുടെ |
| ഭൂതിഹേതവഃ ഹി | സമൃദ്ധമായ ഉൽപത്തിക്കു് (വിസ്താരത്തിനു്) കാരണഭൂതങ്ങളാണല്ലോ |

"വിശ്വത്തിന്റെ വളർച്ചക്കുതകുന്ന അങ്ങയുടെ തപസ്സുകൊണ്ടു് ഞാൻ സന്തുഷ്ടനായിരിക്കുന്നു" വെന്നു ഭഗവാൻ പറഞ്ഞുവല്ലോ ആ തപസ്സിനെയും പ്രസംഗവശാൽ മന്ത്രജപാദികളെയും ഇനി പുകഴ്ത്തിപറയുന്നു.

46 തപോ മേ ഹൃദയം ബ്രഹ്മംസ്തനുർവിദ്യാ ക്രിയാഽഽകൃതിഃ
അംഗാനി ക്രതവോ ജാതാ ധർമ്മ ആത്മാഽസവഃ സുരാഃ

| | |
|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മജ്ഞ! |
| തപഃ | തപസ്സു് എന്നതു് (യമനിയമാദി സഹിതമായ ധ്യാനം) |
| മേ ഹൃദയം | എന്റെ ഹൃദയമാകുന്നു; |
| വിദ്യാ | വിദ്യ എന്നതു് (ധ്യാനാദിവിഷയകമായ പ്രവൎത്തനം) |
| ആകൃതിഃ | ആകൃതിയും |
| ജാതാഃ | വേണ്ടപോലെ നിറവേറുന്ന |
| ക്രതവഃ | യജ്ഞങ്ങൾ |
| അംഗാനി | അവയവങ്ങളും, |
| ധൎമ്മഃ | ധൎമ്മം എന്നതു് (യജ്ഞഫലമായ അപൂൎവ്വപുണ്യം) |
| ആത്മാ | മനസ്സും, |
| സുരാഃ | ദേവന്മാർ (യജ്ഞാംശഭുക്കുകൾ) |
| അസവഃ | പ്രാണങ്ങളും ആകുന്നു. |

തപസ്സു് പ്രജാഭിവൃദ്ധിഹേതുകമാണെന്നു കാണിക്കുവാൻ വേണ്ടി ദ്വിതീയതൃതീയസ്കന്ധങ്ങളിൽ പറഞ്ഞുവച്ച സൃഷ്ടിയുടെ ചരിത്രം നാലു ശ്ലോകംകൊണ്ടു സംക്ഷേപിക്കുന്നു.

47 അഹമേവാസമേവാഗ്രേ നാന്യത്കിഞ്ചാന്തരം ബഹിഃ
സംജ്ഞാനമാത്രമവ്യക്തം പ്രസുപ്തമിവ വിശ്വതഃ

| | |
|---|---|
| അഹം ഏവ | ഞാൻ മാത്രമേ |
| അഗ്രേ | ആദികാലത്തു് |
| ആസം ഏവ | ഉണ്ടായിരുന്നുള്ളു |
| ആന്തരം | ഗ്രാഹകമായ അന്തഃകരണ ശക്തിയായോ |
| ബഹിഃ | ഗ്രാഹ്യമായ ബാഹ്യവസ്തുവായോ |
| അന്യത് | അന്യമായിട്ടു് |
| കിഞ്ച ന | യാതൊന്നുമുണ്ടായിരുന്നില്ല |
| വിജ്ഞാനമാത്രം | ചൈതന്യം മാത്രമായും |
| അവ്യക്തം | വ്യക്തീഭാവമില്ലാതെയും |
| വിശ്വതഃ | എങ്ങും |
| പ്രസുപ്തം ഇവ | ഗാഢനിദ്രയിലാണ്ടപോലെ കിടന്നിരുന്നു |

48 മയ്യനന്തഗുണേഽനന്തേ ഗുണതോ ഗുണവിഗ്രഹഃ
യദാസീത്തത ഏവാദ്യഃ സ്വയംഭൂഃ സമഭൂദജഃ

| | |
|---|---|
| അനന്തേ | ആദ്യന്തവിഹീനനും |
| അനന്തഗുണേ | അളവററ പ്രകൃതിഗുണങ്ങളോടുകൂടിയവനുമായ |
| മയി | ഞാനാവുന്ന അധിഷ്ഠാനത്തിൽ |
| ഗുണതഃ | ഗുണമയിയായ മായയാൽ |
| ഗുണവിഗ്രഹഃ | ഗുണാത്മകമായ ബ്രഹ്മാണ്ഡം |
| യദാ | എപ്പോൾ |
| ആസീത് | ഉണ്ടായോ, |
| തതഃ ഏവ | അപ്പോൾത്തന്നെ |
| ആദ്യഃ | ആദ്യനും |
| അജഃ | അയോനിജനുമായുള്ള |
| സ്വയംഭൂഃ | ബ്രഹ്മാവു് |
| സമഭൂത് | ഉണ്ടായ്‌വന്നു |

49 സ വൈ യദാ മഹാദേവോ മമ വീൎയ്യോപബൃംഹിതഃ
മേനേ ഖിലമിവാത്മാനമുദ്യതഃ സൎഗ്ഗകൎമ്മണി

| | | | |
|---|---|---|---|
| മഹാദേവഃ | ദേവന്മാരിൽ പ്രമുഖനും | ഉദ്യതഃ യദാ | ഉദ്യതനായപ്പോരം |
| മമ വീര്യോ-പബൃംഹിത; | എന്റെ വീര്യ-ത്താൽ ശക്തി വളർത്തപ്പെട്ടവനുമായ | ആത്മാനം ഖിലം ഇവ | താൻ അതിന്ന് സാമത്ഥ്യമില്ലാ-ത്തവനാണെന്നമട്ടിൽ |
| സഃ വൈ | ആ ബ്രഹ്മാവുപോലും | മേനേ | വിചാരിച്ചു |
| സർഗകമ്മണി | സൃഷ്ടികാര്യത്തിൽ | | |

50 അഥ മേഽഭിഹിതോ ദേവഃ തപോഽതപ്യത ദാരുണം
നവ വിശ്വസൃജോ യുഷ്മാൻ യേനാദാവസൃജദ്വിഭുഃ

| | | | |
|---|---|---|---|
| അഥ | അന്നേരത്തു് | യേന | യാതൊന്നുനിമിത്തം |
| മേ | എന്നാൽ | വിഭുഃ | സമത്ഥനായി ഭവിച്ചു അദ്ദേഹം |
| അഭിഹിതഃ | ഉപദേശിക്കപ്പെട്ട | | |
| ദേവഃ | ബ്രഹ്മദേവൻ | വിശ്വസൃജഃ | വിശ്വസ്രഷ്ടാക്കളായ |
| ദാരുണം | ഘോരമായ | യുഷ്മാൻ നവ | നിങ്ങളൊ ഒമ്പതുപേരെ |
| തപഃ അതപ്യത | തപസ്സനുഷ്ഠിച്ചു | ആദൗ | ആദിയിൽ |
| | | അസൃജത് | സൃഷ്ടിച്ചു |

പ്രജാഭിവൃദ്ധിക്കുള്ള മാർഗ്ഗം നിർദേശിക്കുന്നു

51 ഏഷാ പഞ്ചജനസ്യാംഗ ദുഹിതാ വൈ പ്രജാപതേഃ
അസിക്നീ നാമ പത്നീത്വേ പ്രജേശ പ്രതിഗൃഹ്യതാം

| | | | |
|---|---|---|---|
| അംഗ | അല്ലയോശ്രീമൻ! | ദുഹിതാ വൈ | പുത്രിയാകുന്ന |
| ഏഷാ | ഇവളെ | പ്രജേശ | ഹേ ദക്ഷപ്രജാപതേ! |
| പഞ്ചജനസ്യ | പഞ്ചജനൻ എന്ന | പത്നീത്വേ | പത്നിയുടെ നിലയിൽ |
| പ്രജാപതേഃ | പ്രജാപതിയുടെ | പ്രതിഗൃഹ്യതാം | സ്വീകരിക്ക-പ്പെട്ടാലും |
| അസിക്നീ | അസിക്നിയെന്നു് | | |
| നാമ | പേരായ | | |

52 മിഥുനവ്യവായധർമ്മസ്ത്വം പ്രജാസർഗമിമം പുനഃ
മിഥുനവ്യവായധർമ്മിണ്യാം ഭൂരിശോ ഭാവയിഷ്യസി

| | | | |
|---|---|---|---|
| മിഥുന-വ്യവായധർമ്മഃ | രതിസുഖം ശരീരധർമ്മമായിട്ടു് സ്വീകരിച്ചിരിക്കുന്ന | പുനഃ ഇമം | വീണ്ടും ഈ |
| ത്വം | അങ്ങു് | പ്രജാസർഗം | പ്രജാസൃഷ്ടിയെ |
| മിഥുനവ്യ-വായധർമ്മിണ്യാം | രതിസുഖം തന്നെ ശരീരധർമ്മമാ-യിട്ടു് സ്വീകരിച്ചിരി-ക്കുന്ന ഇവളിൽ | ഭൂരിശഃ | അധികാധികം |
| | | ഭാവയിഷ്യസി | ഉളവാക്കുന്നതാണു് |

53 തതോഽധസ്താത് പ്രജാഃ സർവാ മിഥുനീഭൂയ മായയാ
മദീയയാ ഭവിഷ്യന്തി ഹരിഷ്യന്തി ച മേ ബലിം

| | | | |
|---|---|---|---|
| തദ്രത്ഃ | അണ്ഡയിൽ നിന്നു് | മിഥുനീഭൂയ | അന്യോന്യം രതിയിലേർപ്പെട്ടു് |
| അധസ്താത് | താഴോട്ടുണ്ടാവുന്ന | ഭവിഷ്യന്തി | പുത്രത്വേന ഭവിക്കുകയും |
| പ്രജാഃ | പ്രജകൾ | മേ | എനിക്കു് |
| സർവ്വാഃ | എല്ലാവരും | ബലിം | പൂജോപഹാരം |
| മദീയയാ | എന്നെ സംബന്ധിച്ച | ഹരിഷ്യന്തി ച | അർപ്പിക്കുകയും ചെയ്യും |
| മായയാ | മായഹേതുവായി | | |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

54 ഇത്യുക്ത്വാ മിഷതസ്തസ്യ ഭഗവാൻ വിശ്വഭാവനഃ
സ്വപ്നോപലബ്ധാർത്ഥ ഇവ തത്രൈവാന്തർദധേ ഹരിഃ

| | | | |
|---|---|---|---|
| വിശ്വഭാവനഃ | ലോകാഭിവൃദ്ധിക്കു് ഹേതുഭൂതനും | തസ്യ മിഷതഃ | ആ ദക്ഷൻ നോക്കിനിൽക്കേ |
| ഭഗവാൻ | സർവ്വൈശ്വര്യ-പൂർണ്ണനുമായ | സ്വപ്നോപല-ബ്ധാർത്ഥഃ ഇവ | സ്വപ്നത്തിൽ അനുഭവപ്പെട്ട വസ്തുപോലെ |
| ഹരിഃ | ശ്രീഹരി | തത്ര ഏവ | അവിടെത്തന്നെ |
| ഇതി ഉക്ത്വാ | ഇത്രയും അരുളി-ചെയ്തു് | അന്തർദധേ | മറഞ്ഞു |

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
ചതുർത്ഥോദ്ധ്യായഃ
ആദിതഃ ശ്ലോകാഃ 206
ആറാമത്തു സ്കന്ധത്തിൽ നാലാമദ്ധ്യായം കഴിഞ്ഞു

## പഞ്ചമോദ്ധ്യായഃ = അദ്ധ്യായം അഞ്ചു്

ദക്ഷകൃതനാരദശാപം

''പഞ്ചമേ നാരദേനാഥ വാചഃക്ഷുടൈസ്തു നാശിനാൻ
സുതാനാകർണ്യ ദക്ഷോഽമും ശശാപേതി നിരൂപ്യതേ''

നിഗൂഢമായ തത്ത്വോപദേശം കൊണ്ടു് സ്വപുത്രന്മാരെ വഴിതെററിച്ചുവെന്നു കരുതി ദക്ഷൻ നാരദമഹർഷിയെ ശപിച്ച വൃത്താന്തം ഈ അഞ്ചാമദ്ധ്യായത്തിൽ പറയുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

1 തസ്യാം സ പാഞ്ചജന്യാം വൈ വിഷ്ണുമായോപബൃംഹിതഃ
ഹര്യശ്വസംജ്ഞാനയുതം പുത്രാനജനയദ് വിഭുഃ

| | |
|---|---|
| വിഷ്ണുമായോപബൃംഹിതഃ | വിഷ്ണുമായയാൽ ആസക്തിവളർത്തപ്പെട്ടവനും |
| വിഭുഃ | സൃഷ്ടികർമ്മത്തിൽ സമർത്ഥനമായ |
| സഃ | ആ ദക്ഷപ്രജാപതി |
| പാഞ്ചജന്യാം | പഞ്ചജനപുത്രിയായ |
| തസ്യാം വൈ | അവളിൽത്തന്നെ |
| ഹര്യശ്വസംജ്ഞാൻ | ഹര്യശ്വന്മാരെന്നു പേരായ |
| അയുതം | പതിനായിരം |
| പുത്രാൻ | പുത്രന്മാരെ |
| അജനയത് | ഉൽപാദിപ്പിച്ചു |

2 അപൃഥഗ്ധർമ്മശീലാസ്തേ സർവേ ദാക്ഷായണാ നൃപ
പിത്രാ പ്രോക്താഃ പ്രജാസർഗേ പ്രതീചീം പ്രയയുർദിശം

| | |
|---|---|
| നൃപ | അല്ലയോ രാജാവേ! |
| അപൃഥക്ധർമ്മശീലാഃ | ഒരേതരത്തിൽ ആചാരവും സ്വഭാവവും ഉള്ളവരായിരുന്ന |
| തേ സർവെ | ആ എല്ലാ |
| ദാക്ഷായണാഃ | ദക്ഷപുത്രന്മാരും |
| പിത്രാ | പിതാവിനാൽ |
| പ്രജാസർഗേ | പ്രജാസൃഷ്ടിക്കായി |
| പ്രോക്താഃ | നിർദ്ദേശിക്കപ്പെട്ടവരായിട്ട് |
| പ്രതീചീം | പടിഞ്ഞാറെ |
| ദിശം | ദിക്കിലേക്ക് |
| പ്രയയുഃ | യാത്ര പുറപ്പെട്ടു |

3 തത്ര നാരായണസരസ്തീർത്ഥം സിന്ധുസമുദ്രയോഃ
സംഗമോ യത്ര സുമഹന്മുനിസിദ്ധനിഷേവിതം

| | |
|---|---|
| തത്ര | അവിടത്തിൽ |
| സിന്ധുസമുദ്രയോഃ | സിന്ധുനദിയുടെയും സമുദ്രത്തിന്റെയും |
| സംഗമഃ | സംഗമസ്ഥാനം |
| യത്ര | ഏതൊരിടത്താണോ |
| (തത്രസ്ഥം) | അവിടെ സ്ഥിതിചെയ്യുന്നതും |
| മുനിസിദ്ധനിഷേവിതം | സിദ്ധന്മാരായ മുനിമാരാൽ സേവിതവും |
| സുമഹത് | അതിവിശാലവുമായ |
| നാരായണസരഃ | നാരായണസരസ്സെന്ന |
| തീർത്ഥം | തീർത്ഥസ്ഥലത്തിലേക്ക് |
| (തേ പ്രാപുഃ) | അവർ എത്തി |

4 തദുപസ്പർശനാദേവ വിനിർധൂതമലാശയാഃ
ധർമ്മേ പാരമഹംസ്യേ ച പ്രോത്പന്നമതയോഽപ്യുത

| | |
|---|---|
| തദുപസ്പർശനാത് ഏവ | ആ തീർത്ഥജലത്തിലെ സ്നാനാചമനാദികൾ കൊണ്ടുതന്നെ |
| വിനിർധൂതമലാശയാഃ | മനസ്സിലെ മാലിന്യം നിശ്ശേഷം അകന്നുപോയവരായും |
| അപി ഉത | അതിനു പുറമെ |
| പാരമഹംസ്യേ | പരമഹംസന്മാർക്കു ചേർന്ന |
| ധർമ്മേ ച | ധർമ്മത്തിൽ (ഭക്തിമാർഗ്ഗത്തിൽ) കൂടിയും |
| പ്രോത്പന്നമതയഃ | പ്രകർഷേണ താൽപര്യം ജനിച്ചവരായും ഭവിച്ച് - |

5 തേപിരേ തപ ഏവോഗ്രം പിത്രാദേശേന യന്ത്രിതാഃ
പ്രജാവിവൃദ്ധയേ യത്താൻ ദേവർഷിസ്താൻ ദദർശ ഹ

| | |
|---|---|
| ഉഗ്രം | ഉഗ്രമായ |
| തപഃ ഏവ | തപസ്സിനെത്തന്നെ |
| തേപിരേ | അനുഷ്ഠിച്ചു. |
| പിത്രാദേശേന | പിതൃനിയോഗത്താൽ |
| യന്ത്രിതാഃ | നിയന്ത്രിതരായിട്ട് |
| പ്രജാവിവൃദ്ധയേ | പ്രജാഭിവൃദ്ധിക്കായി |
| യത്താൻ | പ്രയത്നിച്ചുകൊണ്ടിരുന്ന |
| താൻ | അവരെ |
| ദേവർഷിഃ | ദേവർഷിയായ ശ്രീനാരദൻ |
| ദദർശ | വന്നുകണ്ടു. |
| ഹ | അദ്ഭുതം നോക്കുക! |

മനഃശുദ്ധിവന്നു് മോക്ഷമാർഗ്ഗാധികാരികളായിത്തീർന്നിരിക്കുന്ന ഇവർ പ്രവൃത്തിമാർഗ്ഗനിഷ്ഠങ്ങളായ കർമ്മങ്ങളിലേർപ്പെട്ടു നശിച്ചുപോകരുതല്ലോ. പരമകാരുണികനായ ശ്രീനാരദന്റെ ആഗമനം നിഗൂഢമായി തത്ത്വോപദേശം ചെയ്തു് അവരെ നേർവഴിചേർക്കുവാൻ വേണ്ടിയായിരുന്നു.

ഇനി നാലു് ശ്ലോകം നാരദവചനമാണു്.

6 ഉവാച ചാഥ ഹര്യശ്വാഃ കഥം സ്രക്ഷ്യഥ വൈ പ്രജാഃ
അദൃഷ്ട്വാന്തം ഭുവോ യൂയം ബാലിശാ ബത പാലകാഃ

| | |
|---|---|
| അഥ | അനന്തരം |
| ഉവാച ച | പറകയും ചെയ്തു |
| ഹര്യശ്വാഃ | "ഹേ ഹര്യശ്വന്മാരെ |
| പാലകാഃ | സംരക്ഷകന്മാരായിട്ടു് |
| (സന്തഃ അപി) | ഇരുന്നിട്ടുകൂടിയും |
| ഭുവഃ അന്തം | ഭൂമിയുടെ അററം |
| അദൃഷ്ട്വാ | കാണാതെ |
| ബാലിശാഃ | മൂഢബുദ്ധികളായിരിക്കുന്ന |
| യൂയം | നിങ്ങൾ |
| പ്രജാഃ | പ്രജകളെ |
| കഥം വൈ | എങ്ങനെയാണു് |
| സ്രക്ഷ്യഥ | സൃഷ്ടിക്കുന്നതു്? |
| ബത | അയ്യോ! കഷ്ടം തന്നെ |

7 അത്രൈകപുരുഷം രാഷ്ട്രം ബിലം ചാദൃഷ്ടനിർഗമം
ബഹുരൂപാം സ്ത്രിയം ചാപി പുമാംസം പുംശ്ചലീപതിം

8 നദീമുഭയതോവാഹാം പഞ്ചപഞ്ചാദ്ഭുതം ഗൃഹം
ക്വചിദ്ധംസം ചിത്രകഥം ക്ഷൗരപവ്യം സ്വയം ഭ്രമി

9 കഥം സ്വപിതുരാദേശമവിദ്വാംസോ വിപശ്ചിതഃ
അനുരൂപമവിജ്ഞായ അഹോ സർഗം കരിഷ്യഥ

| | |
|---|---|
| അഥ | മാത്രമല്ല |
| ഏകപുരുഷം | ഒരേഒരു രക്ഷാപുരുഷനോടു കൂടിയ |
| രാഷ്ട്രം | രാഷ്ട്രത്തെ |
| (അദൃഷ്ട്വാ) | കാണാതെ |
| അദൃഷ്ടനിർഗമം | പുറത്തേക്കു കടക്കാനുള്ള വഴികാണാത്ത |
| ബിലം ച | ഗുഹയെയും, |
| ബഹുരൂപാം | അനേകരൂപം ധരിച്ചിരിക്കുന്ന |
| സ്ത്രിയം | സ്ത്രീയേയും |
| പുംശ്ചലീപതിം | തന്നിഷ്ടംപോലെ നടക്കുന്ന വേശ്യയുടെ ഭർത്താവായിരിക്കുന്ന |
| പുമാംസം ചാപി | പുരുഷനെയും |

ഉഭയതോ- } രണ്ടുവശങ്ങളിലേക്കും
വാഹാം } ഒഴുകുന്ന
നദീം നദിയേയും
പഞ്ചപഞ്ചാ- } ഇരുപത്തിയഞ്ചു-
ദ്ഭുതം ഗൃഹം } പേരുടെ അദ്ഭുത-
കരമായ വസതിയേയും
ക്വചിത് ഏതാനുമൊരിടത്ത്
ചിത്രകഥം വിചിത്രമായ ചിലതു-
ഉച്ചരിക്കുന്ന
ഹംസം ഹംസത്തെയും
ക്ഷൗരപവ്യം കത്തികൾകൊണ്ടും
വജ്രങ്ങൾകൊണ്ടും
നിർമ്മിതമായപോലെ
മൂർച്ചയും ഉറപ്പും ഉള്ളതായി
സ്വയം തന്നെത്താൻ

ഭ്രമിം ചുററിത്തിരിഞ്ഞു
കൊണ്ടിരിക്കുന്ന
വസ്തുവേയും
അവിജ്ഞായ അറിയാതെ
വിപശ്ചിതഃ സർവ്വജ്ഞനായ
സ്വപിതുഃ സ്വന്തം പിതാവിൻെറ
ആദേശം നിർദ്ദേശം
അനുരൂപം തങ്ങൾക്കനുകൂല-
മായിട്ട്
അവിദ്വാംസഃ ധരച്ചുവെച്ചിട്ടില്ല
നിങ്ങൾ
സർഗം സൃഷ്ടിയെ
കഥം എങ്ങനെ
കരിഷ്യഥ നടത്താൻപോകുന്നു?
അഹോ ഇതാശ്ചര്യമാണല്ലോ''

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

10 തന്നിശമ്യാഥ ഹര്യശ്വാ ഔത്പത്തികമനീഷയാ
വാചഃകൂടം തു ദേവർഷേഃ സ്വയം വിമമൃശുർധിയാ-

തത് നിശമ്യ അതുകേട്ട്
അഥ അനന്തരം
ഹര്യശ്വാഃ ഹര്യശ്വന്മാർ
ദേവർഷേഃ ശ്രീനാരദൻെറ
വാചഃ കൂടം തു പരോക്ഷമായി
മറെറാരർത്ഥമുണ്ടെന്ന്
തോന്നിക്കുമാറുള്ള ആ
വചനത്തെയാകട്ടെ

ഔത്പത്തിക- } സഹജമായുള്ള
മനീഷയാ } വിചാരശക്തി-
യെഴുന്ന
ധിയാ ബുദ്ധിയാൽ
വിമമൃശുഃ നിരൂപണം ചെയ്തു

ശ്രീ നാരദൻെറ പത്തു വാചകങ്ങൾക്ക് ഹര്യശ്വന്മാർ നിരൂപണം ചെയ്തു മനസ്സിലാക്കിയ അർത്ഥം ഇനി പത്തു ശ്ലോകങ്ങൾകൊണ്ടു പറയുന്നു.

''അദൃഷ്ട്വാന്തം ഭുവഃ'' എന്നു പറഞ്ഞതിൻെറ ആന്തരാർത്ഥം—

11 ഭൂഃ ക്ഷേത്രം ജീവസംജ്ഞം യദനാദി നിജബന്ധനം
അദൃഷ്ട്വാ തസ്യ നിർവാണം കിമസത്കർമ്മഭിർഭവേത്

ഭൂഃ 'ഭൂമി' എന്നത്
ജീവസംജ്ഞം ജീവനെന്ന
സംജ്ഞകൊണ്ട്
അറിയപ്പെടുന്നതും
ക്ഷേത്രം പുണ്യപാപങ്ങളുടെ
വിളനിലവുമായ
ലിംഗശരീരമാകുന്ന

അനാദി ആദിരഹിതമായ
യത് യാതൊന്ന്
നിജബന്ധനം ആത്മാവിന്
ബന്ധകാരണമായി-
ട്ടിരിക്കുന്നുവോ

| | |
|---|---|
| തസ്യ | ആയതിന്റെ |
| അന്തം | അറുതി (ആത്യന്തികനാശം) |
| അദൃഷ്ട്വാ | കാണാതെ |
| അസത് കർമ്മഭിഃ | അതിനുപയോഗമാകാത്ത കാമ്യകർമ്മങ്ങളാൽകൊണ്ടു് |
| കിം ഭവേത് | എന്തുണ്ടാകാൻ പോകുന്നു? |

''ഏകപുരുഷം രാഷ്ട്രം'' എന്നതിന്റെ ആന്തരാർത്ഥം –

12 ഏക ഏവേശ്വരസ്തുര്യോ ഭഗവാൻ സ്വാശ്രയഃ പരഃ
തമദൃഷ്ട്വാഽഭവം പുംസഃ കിമസത്കർമ്മഭിർഭവേത്

| | |
|---|---|
| ഏകഃ | ബ്രഹ്മാണ്ഡമാകുന്ന രാഷ്ട്രത്തിന്റെ ഏകനായകൻ |
| ഈശ്വരഃ ഏവ | അഖിലനിയന്താവായ സർവ്വേശ്വരൻതന്നെ. |
| (യഃ) | യാതൊരുവൻ |
| തുര്യഃ | സർവ്വസാക്ഷിയും |
| ഭഗവാൻ | സർവ്വജ്ഞനും |
| സ്വാശ്രയഃ | തനിക്കു് താൻതന്നെ ആധാരമായി നിലകൊള്ളുന്ന |
| പരഃ | പരമാത്മസ്വരൂപനുമാകുന്നുവോ, |
| അഭവം | ജനിമൃതികളിൽ നിന്നു് നിത്യമുക്തനായ |
| തം | തന്തിരുവടിയെ |
| അദൃഷ്ട്വാ | കണ്ടെത്താതെ |
| അസത്കർമ്മഭിഃ | ബന്ധഹേതുക്കളായ കാമ്യ കർമ്മങ്ങളാൽ |
| കിം ഭവേത് | എന്തുണ്ടാകാൻ പോകുന്നു? |

''ബിലം ചാദൃഷ്ടനിർഗമം'' എന്നു പറഞ്ഞതിന്റെ ആന്തരാർത്ഥം–

13 പുമാൻ നൈവൈതി യദ്ഗത്വാ ബിലസ്വർഗം ഗതോ യഥാ
പ്രത്യഗ്ധാമാഽവിദ ഇഹ കിമസത്കർമ്മഭിർ ഭവേത്

| | |
|---|---|
| ബിലസ്വർഗം | പാതാളലോകത്തെ |
| ഗതഃ | പ്രാപിച്ചവൻ |
| യഥാ | എപ്രകാരം (തിരിച്ചെത്തുന്നില്ലയോ) അതുപോലെ |
| പുമാൻ | ജീവൻ |
| യത് | യാതൊന്നിനെ |
| ഗത്വാ | പ്രാപിച്ചശേഷം |
| ഏതി ന ഏവ | പുനരാവൃത്തിതന്നെ പ്രാപിക്കുന്നില്ലയോ |
| പ്രത്യഗ്ധാമ | ആ സർവ്വാന്തര്യാമിയുടെ സ്ഥാനത്തെ |
| അവിദഃ | അറിയാത്തവനു് |
| ഇഹ | ഈ ലോകത്തിലെ |
| അസത് കർമ്മഭിഃ | നശ്വരഫലദങ്ങളായ കാമ്യകർമ്മങ്ങൾ കൊണ്ടു് |
| കിംഭവേത് | എന്തുണ്ടാകാൻ പോകുന്നു? |

''ബഹുരൂപാം സ്ത്രീയം'' എന്നു പറഞ്ഞതിന്റെ ആന്തരാർത്ഥം-

14 നാനാരൂപാഽത്മനോ ബുദ്ധിഃ സ്വൈരിണീവ ഗുണാന്വിതാ
തന്നിഷ്ഠാമഗതസ്യേഹ കിമസത്കർമ്മഭിർ ഭവേത്

ആത്മനഃ — ജീവാത്മാവിനെ സംബന്ധിച്ച
ബുദ്ധിഃ — ബുദ്ധിവൃത്തി
സ്വൈരിണീ ഇവ — സ്വേച്ഛാചാരിണിയായ കുലടയെന്നപോലെ
ഗുണാന്വിതാ — വിമോഹകങ്ങളായ ഗുണങ്ങളോടുകൂടി
നാനാരൂപാ — ബഹുവിധം വേഷം ചമഞ്ഞിട്ടുള്ളതാകുന്നു.

തന്നിഷ്ഠാം — അതിന്റെ അവസാനത്തെ (വിവേകത്തെ)
അഗതസ്യ — പ്രാപിക്കാത്തവന്
ഇഹ — ഇങ്ങുള്ള
അസത് കർമ്മഭിഃ — അശാന്തികരങ്ങളായ കർമ്മങ്ങൾകൊണ്ട്
കിം ഭവേത് — എന്തുണ്ടാകാൻ പോകുന്നു?

"പുമാംസം പുംശ്ചലീപതിം" എന്നതിന്റെ ആന്തരാർത്ഥം—

15 തത്സംഗഭ്രംശിതൈശ്വര്യം സംസരന്തം കുഭാര്യവത്
തദ്ഗതീരബുധസ്യേഹ കിമസത്കർമ്മഭിർ ഭവേത്

കുഭാര്യവത് — കുലടയായ ഭാര്യയ്ക്കു കീഴൊതുങ്ങിയവനെപ്പോലെ
തത്സംഗഭ്രംശിതൈശ്വര്യം — ആ ചപലബുദ്ധിയുടെ സമ്പർക്കത്താൽ സ്വാതന്ത്ര്യം വിട്ടുപോയി
തദ്ഗതീഃ — അതിന്റെ സുഖദുഃഖരീതിയിലുള്ള പോക്കുകളെ

സംസരന്തം — പിൻതുടർന്നു പോകുന്ന (ജീവം) ജീവാത്മാവിനെക്കുറിച്ച്
അബുധസ്യ — അറിവില്ലാത്തവന്
അസത് കർമ്മഭിഃ — വിവേകമില്ലായ്മകൊണ്ട് നടത്തുന്ന കർമ്മങ്ങളാൽ
ഇഹ — ഈ ലോകത്തിൽ
കിം ഭവേത് — എന്തു നേട്ടമാണുണ്ടാവുക

"നദീമുഭയതോവാഹാം" എന്നതിന്റെ ആന്തരാർത്ഥം—

16 സൃഷ്ട്യപ്യയകരീം മായാം വേലാകൂലാന്തവേഗിതാം
മത്തസ്യ താമവിജ്ഞസ്യ കിമസത്കർമ്മഭിർഭവേത്

വേലാകൂലാന്തവേഗിതാം — ഒഴുക്കിൽ പെട്ടവ കരയ്ക്കണയുവാനുള്ള സ്ഥലത്തിന്റെ അരികത്തെത്തുമ്പോഴ് അതിന്നു പ്രതിബന്ധമായി തിരിഞ്ഞു പാഞ്ഞൊഴുകുന്ന നദിപോലെ
സൃഷ്ട്യപ്യയകരീം — ജനനത്തെയും മരണത്തെയും ഉണ്ടാക്കുന്ന

താം മായാം — ആ മായയെ
മത്തസ്യ — അതിന്റെ ഗതിവേഗത്താൽ വിവശനായി
അവിജ്ഞസ്യ — അറിയാതെ കഴിയുന്നവന്
അസത് കർമ്മഭിഃ — മായയെ അനുവർത്തിക്കുന്ന കർമ്മങ്ങൾകൊണ്ട്
കിംഭവേത് — എന്തു നേട്ടമാണുള്ളത്?

ഒഴുക്കിലകപ്പെട്ടവ കരയ്ക്കടിഞ്ഞു കേറാൻ തുടങ്ങുമ്പോൾ അതിനിട കൊടുക്കാതെ വേഗത്തിൽ ചുഴന്നൊഴുകി അവയെ ഒഴുക്കിലൂടെത്തന്നെ കൊണ്ടു പോകുന്ന ഒരു വൻപുഴപോലെയുള്ളതാണു് മായ. എന്തെന്നാൽ, അതിലക പ്പെട്ടവർ തപോവിദ്യാദികളെ അവലംബിച്ചു് അതിൽ നിന്നും മുക്തി നേടാൻ ശ്രമിക്കുമ്പോൾ കാമക്രോധാദികളാൽ തടസ്സമുണ്ടാക്കി, വീണ്ടും ജനിമൃതികളിലേക്കു കൊണ്ടുവിടുന്നു. ഈ വിധം ഉഭയതോവാഹിനിയായ മായാനദിയെക്കുറിച്ചു ബോധമില്ലാതെ അതിൽപെട്ടു കുഴങ്ങുന്നവനു് മായി കങ്ങളായ കർമ്മങ്ങളാൽ ഒരു പ്രയോജനമില്ല എന്നു സാരം.—

ഇനി ''പഞ്ചപഞ്ചാദ്ഭുതം ഗൃഹം'' എന്നു പറഞ്ഞതിന്റെ ആന്ത രാർത്ഥം നിരൂപിക്കുന്നു.

17 പഞ്ചവിംശതിതത്ത്വാനാം പുരുഷോഽദ്ഭുതദർപ്പണം
അധ്യാത്മമബുധസ്യേഹ കിമസത്കർമ്മഭിർഭവേത്

| | | | |
|---|---|---|---|
| പഞ്ചവിംശതി- തത്ത്വാനാം | ഇരുപത്തഞ്ചു തത്ത്വങ്ങളുടെയും | (തം) | അവനെ |
| അദ്ഭുത- ദർപ്പണം | ആശ്ചര്യകരമായ പ്രകാശകതത്ത്വം | അബുധസ്യ | അറിയാത്തവനു് |
| പുരുഷഃ | അന്തര്യാമിയായി ചേതനാസ്വരൂപനായി രിക്കുന്ന 'പുരുഷ'നാകുന്നു. | ഇഹ | ഈങ്ങുള്ള |
| അധ്യാത്മം | ദേഹേന്ദ്രിയാദി കാര്യ- കാരണസംഘാതത്തിന്റെ അധിഷ്ഠാതാവായ | അസത്- കർമ്മഭിഃ | മിഥ്യാസ്വാതന്ത്ര്യ കൃതങ്ങളായ കർമ്മങ്ങൾ കൊണ്ടു് |
| | | കിം ഭവേത് | എന്തുപ്രയോജന- മുണ്ടാകും? |

''ക്വചിദ്ധംഹം ചിത്രരഥം'' എന്ന വാക്യത്തിന്റെ ആന്തരാർത്ഥം—

18 ഐശ്വരം ശാസ്ത്രമുത്സൃജ്യ ബന്ധമോക്ഷാനുദർശനം
വിവിക്തപദമജ്ഞായ കിമസത്കർമ്മഭിർഭവേത്

| | | | |
|---|---|---|---|
| ഐശ്വരം | ഈശ്വരതത്ത്വത്തെ പ്രതിപാദിക്കുന്നതും | ശാസ്ത്രം | ശാസ്ത്രത്തെ |
| വിവിക്തപദം | ചിത്ജഡാത്മക- മായ വസ്തുവിനെ വിവേചിച്ചു തരുന്നതും | ഉത്സൃജ്യ | അഭ്യസിക്കാതെ കൈവിട്ടു് |
| ബന്ധമോക്ഷാ- നുദർശനം | ബന്ധമോക്ഷങ്ങളെ അനുക്രമം നിർദേ- ശിച്ചു പറഞ്ഞുതരുന്ന തുമായ | അജ്ഞായ | അജ്ഞനായി രിക്കുന്നവനു് |
| | | അസത്- കർമ്മഭിഃ | ബഹിർമ്മുഖങ്ങളാക യാൽ അന്തഃസാരമി- ല്ലാത്ത കർമ്മങ്ങൾകൊണ്ടു് |
| | | കിം ഭവേത് | എന്തുനേട്ടമുണ്ടു്? |

പാലും വെള്ളവും കലർന്നുവച്ചതിൽ നിന്നു് അവരണ്ടും വേർതിരിച്ചെടുക്കുന്ന പക്ഷിയാണു് കളഹംസം. ജഡചേതനങ്ങളെ വിവേചിച്ചു തരുന്നതും ബന്ധമോക്ഷങ്ങളുടെ തത്വം വിചിത്രരീതിയിൽ കഥിക്കുന്നതുമായ ശാസ്ത്രം ഹംസസാദൃശ്യമുള്ളതാകയാലാണു് ശ്രീ നാരദൻ "ക്വചിത് ഹംസം ചിത്രകഥം" എന്നു പറഞ്ഞതു്.

അടുത്ത ശ്ലോകത്തിൽ "ക്ഷൗരപവ്യം സ്വയം ഭ്രമി" എന്ന വാക്യത്തിന്റെ ആന്തരാർത്ഥം നിരൂപിക്കുന്നു-

19 കാലചക്രം ഭ്രമിസ്തീക്ഷ്ണം സർവം നിഷ്കർഷയജ്ജഗത്
സ്വതന്ത്രമബുധസ്യേഹ കിമസത്കർമ്മഭിർഭവേത്

| | | | |
|---|---|---|---|
| ഭ്രമിഃ | ചുററിത്തിരിയുന്ന വസ്തുവെന്നതു് | സ്വതന്ത്രം | തന്നെത്താൻ പ്രവർത്തിക്കുന്നതുമായ |
| കാലചക്രം | കാലചക്രമാണു്. | (തത്) | അതിനെ |
| തീക്ഷ്ണം | (കത്തിപോലെ) മൂർച്ചയുള്ളതും | അബുധസ്യ | അറിയാത്തവനു് |
| ജഗത് | ലോകത്തെ | അസത്- കർമ്മഭിഃ | ആകാത്ത കർമ്മങ്ങളാൽ |
| സർവം | മുഴുവനും | ഇഹ | ഇവിടെ |
| നിഷ്കർഷയത് | (വജ്രലോഹം പോലെ) നിശ്ശേഷം വലിച്ചുലക്കുന്നതും | കിംഭവേത് | എന്തുണ്ടാവാൻ പോകുന്നു? |

"സ്വപിതുരാദേശം" എന്നതിന്റെ ആന്തരാർത്ഥം-

20 ശാസ്ത്രസ്യ പിതുരാദേശം യോ ന വേദ നിവർത്തകം
കഥം തദനുരൂപായ ഗുണവിസ്രംഭ്യുപക്രമേത്

| | | | |
|---|---|---|---|
| ശാസ്ത്രസ്യ | ശാസ്ത്രമാവുന്ന | ന വേദ | അറിയുന്നില്ലയോ, |
| പിതുഃ | പിതാവിന്റെ | (സഃ) | അവൻ |
| നിവർത്തകം | കർമ്മനിവൃത്തിപരമായ | ഗുണവിസ്രംഭീ | ത്രിഗുണാത്മകമായ പ്രവൃത്തിമാർഗ്ഗത്തിൽ വിശ്വാസിയായിരുന്നുകൊണ്ടു് |
| ആദേശം | ഉപദേശത്തെ | | |
| യഃ | ഏതൊരാൾ | | |
| തദനുരൂപായ | അതിനു (നിവൃത്തിമാർഗ്ഗത്തിനു്) ചേർന്ന വിധത്തിൽ | കഥം | എങ്ങനെ |
| | | ഉപക്രമേത് | സ്വകൃത്യത്തിൽ ഏർപ്പെടുവാൻ പോകുന്നു? |

മനുഷ്യന്റെ സാംസ്കാരികമായ ജീവിതാരംഭത്തിനു കാരണഭൂതമായിട്ടുള്ളതു് ശാസ്ത്രമാകുന്നു. അതുകൊണ്ടു് യഥാർത്ഥപിതൃത്വം ശാസ്ത്രത്തിനാണു്. ആ ശാസ്ത്രമാവുന്ന പിതാവിന്റെ ഉപദേശമാകട്ടെ നിവൃത്തിമാർഗ്ഗപ്രവണവും ആകുന്നു. അതിനെ ആ വിധത്തിൽ ധരിക്കാതെ പ്രവൃത്തിപരമാണെന്നു തെററിദ്ധരിക്കുന്നവൻ സ്വകൃത്യം നിറവേററുവാൻ ശക്തനാകയില്ലെന്നു സാരം.

ശ്രീനാരദന്റെ പരോക്ഷാർത്ഥവചനങ്ങളിൽ അടങ്ങിയ തത്ത്വം ഇങ്ങനെ സംഗ്രഹിക്കാം "ബന്ധനിർമ്മുക്തി, ഈശ്വരസ്വരൂപം, ബ്രഹ്മതത്ത്വം, മനസ്സിന്റെ ഗതിവിഗതികൾ, ജീവൻ, മായ, സർവ്വാന്തര്യാമിയായ ചേതനാശാസ്ത്രം, കാലം, ഉപദേശത്തിന്റെ വാസ്തവാർത്ഥം എന്നിവയെക്കുറിച്ചറിയാതെ കർമ്മമാർഗ്ഗത്തിൽ ഏർപ്പെട്ടിട്ടു് പ്രയോജനമൊന്നുമില്ല"

21 ഇതി വ്യവസിതാ രാജൻ ഹര്യശ്വാ ഏകചേതസഃ
പ്രയയുസ്തം പരിക്രമ്യ പന്ഥാനമനിവർത്തനം

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | തം | ആ ദേവർഷിയെ |
| ഏകചേതസഃ | ഏകമനസ്സോടുകൂടിയ | പരിക്രമ്യ | പ്രദക്ഷിണം ചെയ്തു് |
| ഹര്യശ്വാഃ | ഹര്യശ്വന്മാർ | അനിവർത്തനം | തിരിച്ചുവരവില്ലാത്ത |
| ഇതി | ഇപ്രകാരം | പന്ഥാനം | മാർഗ്ഗത്തിലേക്കു് |
| വ്യവസിതാഃ | നിശ്ചയിച്ചുറച്ചുകൊണ്ടു്. | പ്രയയുഃ | പ്രയാണം ചെയ്തു |

22 സ്വരബ്രഹ്മണി നിർഭാതഹൃഷീകേശപദാംബുജേ
അഖണ്ഡം ചിത്തമാവേശ്യ ലോകാനനുചരന്മുനിഃ

| | | | |
|---|---|---|---|
| മുനിഃ | ശ്രീനാരദമുനി | ചിത്തം | സ്വഹൃദയത്തെ |
| സ്വരബ്രഹ്മണി | നാദബ്രഹ്മത്തിൽ | അഖണ്ഡം | തികച്ചും |
| | | ആവേശ്യ | ഉറപ്പിച്ചു് |
| നിർഭാത-ഹൃഷീകേശ-പദാംബുജേ | സാക്ഷാൽകരിക്കപ്പെട്ട ശ്രീഹരിയുടെ തൃപ്പാദ കമലത്തിൽ | ലോകാൻ | ലോകങ്ങളെ |
| | | അനുചരത് | ചുററിസഞ്ചരിച്ചിരുന്നു |

23 നാശം നിശമ്യ പുത്രാണാം നാരദാത് ശീലശാലിനാം
അന്വതപ്യത കഃ ശോചൻ സുപ്രജാസ്ത്വം ശുചാംപദം

| | | | |
|---|---|---|---|
| ശീലശാലിനാം | സ്വഭാവഗുണമുള്ള | കഃ | ദക്ഷൻ |
| പുത്രാണാം | സ്വപുത്രന്മാർക്കു് | ശോചൻ | ദുഃഖിച്ചുകൊണ്ടു് |
| നാരദാത് | നാരദൻനിമിത്തം-സംഭവിച്ച | അന്വതപ്യത | അനുതപിച്ചു. |
| നാശം | തകർച്ചയെക്കുറിച്ചു് | സുപ്രജാസ്ത്വം | സുപുത്രത്വവും |
| നിശമ്യ | കേട്ടിട്ടു് | ശുചാംപദം | ദുഃഖാസ്പദമാണു് |

24 സ ഭൂയഃ പാഞ്ചജന്യായാം അജേന പരിസാന്ത്വിതഃ
പുത്രാനജനയദ്ദക്ഷഃ ശബലാശ്വാൻ സഹസ്രശഃ

| | | | |
|---|---|---|---|
| അജേന | ബ്രഹ്മാവിനാൽ | പാഞ്ചജന്യായാം | പഞ്ചജനപുത്രിയിൽ |
| പരിസാന്ത്വിതഃ | സമാധാനിപ്പിക്കപ്പെട്ട | ഭൂയഃ | പിന്നെയും |
| സഃ ദക്ഷഃ | ആ ദക്ഷൻ | സഹസ്രശഃ | ആയിരത്തോളം |

ശബലാശ്വാൻ — ശബലാശ്വന്മാരെന്ന
പുത്രാൻ — പുത്രന്മാരെ
അജനയത് — ഉൽപാദിപ്പിച്ചു

25 തേऽപി പിത്രാ സമാദിഷ്ടാഃ പ്രജാസർഗേ ധൃതവ്രതാഃ
നാരായണസരോ ജഗ്മുര്യത്ര സിദ്ധാഃ സ്വപൂർവ്വജാഃ

പിത്രാ — പിതാവിനാൽ
പ്രജാസർഗേ — പ്രജകളെ സൃഷ്ടിക്കുന്നതിൽ
സമാദിഷ്ടാഃ — ആജ്ഞാപിക്കപ്പെട്ട്
തേ അപി — അവരും
ധൃതവ്രതാഃ — വ്രതം ധരിച്ചുകൊണ്ട്
യത്ര — എവിടെവച്ച്
സ്വപൂർവ്വജാഃ — തങ്ങളുടെ മൂത്തസഹോദരന്മാർ
സിദ്ധാഃ — സിദ്ധരായി ഭവിച്ചുവോ,
നാരായണസരഃ — ആ നാരായണസരസ്സിലേക്കുതന്നെ
ജഗ്മുഃ — ഗമിച്ചു

26 തദുപസ്പർശനാദേവ വിനിർധൂതമലാശയാഃ
ജപന്തോ ബ്രഹ്മ പരമം തേപുസ്തേऽത്ര മഹത്തപഃ

തദുപസ്പർശനാത് ഏവ — അതിലെ സ്നാനാചമനാദികൊണ്ടുതന്നെ
വിനിർധൂതമലാശയാഃ — മനോമാലിന്യം മുഴുവനും അകന്നുപോയ
തേ — അവർ
പരമം ബ്രഹ്മ — പ്രണവമാകുന്ന മഹാമന്ത്രം
ജപന്തഃ — ജപിച്ചുകൊണ്ട്
അത്ര — ഇവിടെ
മഹത് — മഹത്തായ
തപഃ തേപുഃ — തപസ്സനുഷ്ഠിച്ചു

27 അബ്ഭക്ഷാഃ കതിചിന്മാസാൻ കതിചിദ്വായുഭോജനാഃ
ആരാധയൻ മന്ത്രമിമമഭ്യസ്യന്ത ഇഡസ്പതിം

കതിചിത് — ഏതാനും
മാസാൻ — മാസങ്ങളോളം
അബ്ഭക്ഷാഃ — ജലപാനം മാത്രമായും
കതിചിത് — ഏതാനും
മാസാൻ — മാസങ്ങളോളം
വായുഭോജനാഃ — വായുഭക്ഷണം മാത്രമായും ഇരുന്ന്
ഇമം മന്ത്രം — ഈ പറയുന്ന മന്ത്രത്തെ
അഭ്യസ്യന്തഃ — ഉരുവിട്ടുകൊണ്ട്
ഇഡസ്പതിം — വേദനായകനായ ശ്രീഹരിയെ
ആരാധയൻ — ആരാധിച്ചു

28 ഓം നമോ നാരായണായ പുരുഷായ മഹാത്മനേ
വിശുദ്ധസത്ത്വധിഷ്ണ്യായ മഹാഹംസായ ധീമഹി

ഓം നാരായണായ — കാരണജലം വാസസ്ഥാനമായുള്ളവനായും
പുരുഷായ — പ്രത്യഗാത്മാവായും
മഹാത്മനേ — പരമാത്മാവായും
വിശുദ്ധസത്ത്വധിഷ്ണ്യായ — നിർമ്മലമായ സത്ത്വഗുണത്തിനു ആശ്രയഭൂതനായുമിരിക്കുന്ന
മഹാഹംസായ — മഹാഹംസസ്വരൂപന്ന്

| | |
|---|---|
| നമഃ | നമസ്കാരം |
| ധീമഹി | മനസാ സമർപ്പിക്കുന്നു" |

29 ഇതി താനപി രാജേന്ദ്ര പ്രതിസർഗധിയോ മുനിഃ
ഉപേത്യ നാരദഃ പ്രാഹ വാചഃകൂടാനി പൂർവ്വവത്

| | |
|---|---|
| രാജേന്ദ്ര | ഹേ മഹാരാജാവേ |
| ഇതി | ഈവിധം മന്ത്രം കൊണ്ടുള്ള ഉപാസനയോടെ |
| പ്രതിസർഗ-ധിയഃ | സൃഷ്ടിയെ ഉർജ്ജിതമാക്കുന്ന കാര്യത്തിൽ മനസ്സൂന്നിനിൽക്കുന്ന |
| താൻ അപി | അവരെയും കൂടി |
| മുനിഃ | മനനശീലനായ |
| നാരദഃ | ശ്രീനാരദൻ |
| ഉപേത്യ | വന്നുകണ്ട് |
| പൂർവവത് | മുന്നെപ്പോലെ |
| വാചഃകൂടാനി | ഗൂഢോക്തികൾ |
| പ്രാഹ | പറഞ്ഞു |

മുന്നെപ്പോലെ "അദൃഷ്ട്വാന്തം ഭുവഃ" ഇത്യാദിഗൂഢോക്തികൾ പറഞ്ഞ ശേഷം ശ്രീനാരദൻ ഇങ്ങനെ തുടർന്നു-

30 ദാക്ഷായണാഃ സംശ്രുണുത ഗദതോ നിഗമം മമ
അന്വിച്ഛതാനുപദവീം ഭ്രാതൄണാം ഭ്രാതൃവത്സലാഃ

| | |
|---|---|
| ദാക്ഷായണാഃ | അല്ലയോ ദക്ഷപുത്രന്മാരേ! |
| ഗദതഃ | വേണ്ടതു പറഞ്ഞുതരുന്ന |
| മമ | എന്റെ |
| നിഗമം | ഉപദേശത്തെ |
| സംശ്രുണുത | കേട്ടുധരിക്കുവിൻ |
| ഭ്രാതൃവത്സലാഃ | സഹോദരസ്നേഹമുള്ളവരായ നിങ്ങൾ |
| ഭ്രാതൄണാം | സഹോദരന്മാരുടെ |
| അനുപദവീം | സ്വീകൃതമാർഗ്ഗത്തെ |
| അന്വിച്ഛത | പിൻതുടരുവിൻ |

31 ഭ്രാതൄണാം പ്രായണം ഭ്രാതാ യോऽനുതിഷ്ഠതി ധർമ്മവിത്
സ പുണ്യബന്ധുഃ പുരുഷോ മരുദ്ഭിഃ സഹ മോദതേ

| | |
|---|---|
| യഃ ഭ്രാതാ | യാതൊരു ഭ്രാതാവ് |
| ഭ്രാതൄണാം | ഭ്രാതാക്കന്മാരുടെ |
| പ്രായണം | നല്ലമാർഗ്ഗത്തെ |
| അനുതിഷ്ഠതി | അനുസരിക്കുന്നുവോ, |
| ധർമ്മവിത് | ധർമ്മജ്ഞനും |
| പുണ്യബന്ധുഃ | പുണ്യത്തോടുമാത്രം സംബന്ധമുള്ളവനുമായ |
| സഃ പുരുഷഃ | ആ പുരുഷൻ |
| മരുദ്ഭിഃസഹ | ഭ്രാതൃസ്നേഹികളായ 'മരുത്തുകൾ' എന്ന ദേവന്മാരോടുകൂടി |
| മോദതേ | (പരലോകത്തിൽ) സുഖിക്കുന്നു |

32 ഏതാവദുക്ത്വാ പ്രയയൗ നാരദോऽമോഘദർശനഃ
തേऽപി ചാന്വഗമൻ മാർഗം ഭ്രാതൄണാമേവ മാരിഷ

| | |
|---|---|
| മാരിഷ | സംപൂജ്യനായ രാജാവേ |
| ഏതാവത് | ഇത്രമാത്രം |
| ഉക്ത്വാ | അരുളിച്ചെയ്ത്, |
| അമോഘ-ദർശനഃ | ദർശനസാഫല്യമേകുന്ന |
| നാരദഃ | ശ്രീനാരദമുനി |
| പ്രയയൗ | യാത്രയായി |
| തേ അപിച | അവരുംകൂടി |
| ഭ്രാതൄണാം | സഹോദരന്മാരുടെ |
| മാർഗം ഏവ | മാർഗ്ഗത്തെത്തന്നെ |
| അന്വഗമൻ | അനുഗമിച്ചു |

33 സധ്രീചീനം പ്രതീചീനം പരസ്യാനുപഥം ഗതാഃ
നാദ്യാപി തേ നിവർത്തന്തേ പശ്ചിമാ യാമിനീരിവ

| | |
|---|---|
| സധ്രീചീനം | സമുചിതവും |
| പ്രതീചീനം | അന്തർമ്മുഖമായ ജീവിതവൃത്തിയാൽ സാധ്യവുമായ |
| പരസ്യ | സർവ്വേശ്വരന്റെ |
| അനുപഥം | അനുകൂലമാർഗ്ഗത്തിലേക്ക് (വിരക്തിസഹിതമായ ഭക്തിമാർഗ്ഗത്തിലേക്ക് |
| ഗതാഃ തേ | എത്തിച്ചേർന്ന അവർ |
| പശ്ചിമാഃ | പിന്നിട്ടു കഴിഞ്ഞ |
| യാമിനീഃ ഇവ | രാവുകളെന്നപോലെ |
| അദ്യാപി | ഇപ്പോഴും |
| ന നിവർത്തന്തേ | തിരിച്ചുവന്നിട്ടില്ല |

34 ഏതസ്മിൻ കാല ഉത്പാതാൻ ബഹൂൻ പശ്യൻ പ്രജാപതിഃ
പൂർവവന്നാരദകൃതം പുത്രനാശമുപാശൃണോത്.

| | |
|---|---|
| ഏതസ്മിൻ കാലേ | ഈ സന്ദർഭത്തിൽ |
| ബഹൂൻ | വളരെയധികം |
| ഉത്പാതാൻ | അശുഭലക്ഷണങ്ങളെ |
| പശ്യൻ | കണ്ടുകൊണ്ടിരുന്ന |
| പ്രജാപതിഃ | ദക്ഷൻ |
| പൂർവവത് | മുന്നേത്തുപോലെ |
| നാരദകൃതം | നാരദനാൽ വരുത്തിവയ്ക്കപ്പെട്ട |
| പുത്രനാശം | പുത്രനാശത്തെ |
| ഉപാശൃണോത് | കേട്ടറിഞ്ഞു |

35 ചുക്രോധ നാരദായാസൗ പുത്രശോകവിമൂർച്ഛിതഃ
ദേവർഷിമുപലഭ്യാഹ രോഷാദ്വിസ്ഫുരിതാധരഃ

| | |
|---|---|
| പുത്രശോക-വിമൂർച്ഛിതഃ | പുത്രന്മാർ വിട്ടുപോയ ദുഃഖംകൊണ്ട് മനഃപ്രയാസമനുഭവിക്കുന്ന |
| അസൗ | അദ്ദേഹം |
| നാരദായ | ശ്രീനാരദന്റെ നേക്ക് |
| ചുക്രോധ | കോപിച്ചുവശായി. |
| ദേവർഷിം | ആ ദേവർഷിയെ |
| ഉപലഭ്യ | അടുത്തുകിട്ടിയപ്പോൾ |
| രോഷാത് | കോപംകൊണ്ട് |
| വിസ്ഫുരി-താധരഃ | വിറച്ചുതുള്ളുന്ന ചുണ്ടുകളോടു കൂടിയവനായിട്ട് |
| ആഹ | പറഞ്ഞു |

ആദ്യത്തെയും രണ്ടാമത്തെയും പുത്രന്മാർ നിവൃത്തിമാർഗ്ഗം സ്വീകരിച്ചു സിദ്ധന്മാരായെന്ന വാർത്തയറിഞ്ഞു ദക്ഷനും വിരക്തനായേക്കാമെന്നു കരുതി തദനുഗ്രഹാർത്ഥം തൻ സമീപത്തിൽ ശ്രീനാരദൻ വന്നപ്പോൾ ദക്ഷൻ ആ ദേവർഷിയോടു കയർത്തു പറഞ്ഞുവെന്നു് ആശയം.

ദക്ഷ ഉവാച = ദക്ഷൻ പറഞ്ഞു —

36 അഹോ അസാധോ സാധൂനാം സാധുലിംഗേന നസ്ത്വയാ

| | |
|---|---|
| അസാധോ | എടോ ദുരാത്മാവേ! |
| അഹോ | കഷ്ടം തന്നെ! |
| സാധുലിംഗേന | സന്യാസി വേഷം ചമഞ്ഞ |
| ത്വയാ | നിന്നാൽ |
| അസാധു | തെററായ കാര്യമാണു് |
| അകാരി | ചെയ്യപ്പെട്ടതു് |

| | |
|---|---|
| സാധൂനാം | സ്വധർമ്മത്തിൽ വ്യാപൃതരായി നേരായ മാർഗ്ഗത്തിൽ നടക്കുന്ന |
| നഃ | നമ്മുടെ |
| അർഭകാണാം | മക്കൾക്കു് |
| ഭിക്ഷോഃ | ഭിക്ഷുകന്റെ |
| മാർഗഃ | വഴി (സന്യാസമാർഗ്ഗം) |
| പ്രദർശിതഃ | കാട്ടിക്കൊടുക്കപ്പെട്ടുവല്ലോ |

''സന്യാസമാർഗ്ഗം കാട്ടികൊടുത്തതിൽ തെറ്റെന്തുണ്ടു്? അതു് മുക്തി ഹേതുകമാണല്ലോ'' – ശരിതന്നെ. പക്ഷെ ഋണത്രയനിർമ്മുക്തി സാധിക്കാതെ സാക്ഷാൽ മുക്തി സാധിക്കുവാനുള്ള ഉദ്യമം അനർത്ഥകരമാണെന്നു ഇനി പറയുന്നു.

37 ഋണൈസ്ത്രിഭിരമുക്താനാമമീമാംസിതകർമ്മണാം
വിഘാതഃ ശ്രേയസഃ പാപ ലോകയോരുഭയോഃ കൃതഃ

| | |
|---|---|
| പാപ | എടോ പാപി! |
| ത്രിഭിഃ | മൂന്നുവിധത്തിലുള്ള |
| ഋണൈഃ | ഋണങ്ങളാൽ |
| അമുക്താനാം | മോചിതരായിട്ടില്ലാത്തവരും |
| അമീമാംസിതകർമ്മണാം | കർമ്മമാർഗ്ഗങ്ങളെ പരിചിന്തനം ചെയ്തിട്ടില്ലാത്തവരുമായ അവർക്കു് |

| | |
|---|---|
| ഉഭയോഃ ലോകയോഃ | ഇഹവും പരവുമായ രണ്ടുലോകത്തിലേയും |
| ശ്രേയസഃ | ശ്രേയസ്സിനു് |
| വിഘാതഃ | വിഘ്നം |
| കൃതഃ | ഉണ്ടാക്കപ്പെട്ടു |

'ജായമാനോ വൈ ബ്രാഹ്മണസ്ത്രിഭിർഋണൈർവാ ജായതേ' ഇത്യാദിശ്രുതിവാക്യമനുസരിച്ചു് മനുഷ്യനു് മൂന്നു കടങ്ങൾ ജന്മസിദ്ധങ്ങളായിട്ടുണ്ടു്. ഋഷികളോടും, ദേവകളോടും, പിതൃക്കളോടുമുള്ള ഈ കടങ്ങളെ വേദാധ്യയനം, യജ്ഞം, പുത്രോത്പാദനം എന്നിവയാൽ യഥാക്രമം വീട്ടുന്നതിനാണു് ഋണത്രയനിർമ്മുക്തി എന്നു പറയുന്നതു്. ഇതിനു വേണ്ടുന്ന കർമ്മമാർഗ്ഗങ്ങളെ സ്വീകരിക്കാത്തവൻ മോക്ഷമാർഗ്ഗത്തിനു് അധികാരിയാകയില്ല. വിഷയഭോഗപരിത്യാഗം ചെയ്കയുകൊണ്ടു് അവനു് ഐഹികമായ ശ്രേയസ്സില്ലാതെയായി. മോക്ഷത്തിനു് അധികാരിയാവാത്തതുകൊണ്ടു് പാരത്രികമായ ശ്രേയസ്സുമില്ലാതെയായി. സ്വപുത്രന്മാർക്കു നാരദൻ വരുത്തിവച്ച വിന ഏവം വിധമാണെന്നു് ദക്ഷൻ ആക്ഷേപിക്കുന്നു.

38 ഏവം ത്വം നിരനുക്രോശോ ബാലാനാം മതിഭിദ്ധരേഃ
പാർഷദമധ്യേ ചരസി യശോഹാ നിരപത്രപഃ

| | |
|---|---|
| ഏവം | ഈവിധം |
| ബാലാനാം | കിടാങ്ങളുടെ |
| മതിഭിത് | ബുദ്ധിക്കു മാററം വരുത്തിയ |
| നിരനുക്രോശഃ | നിഷ്കരുണനായ |
| ത്വം | നീ |
| ഹരേഃ | ശ്രീഹരിയുടെ |
| യശോഘ്നാ | കീർത്തിയെ നശിപ്പിക്കുന്നവനും |
| നിരപത്രപഃ | ലജ്ജാശൂന്യനുമായിട്ട് |
| പാർഷദമധ്യേ | അവിടത്തെ പാർഷദന്മാരുടെ ഇടയിൽ |
| ചരസി (കഥം) | സഞ്ചരിക്കുന്നതെങ്ങനെ? |

ലജ്ജാശൂന്യനാണെന്നു പറഞ്ഞതിനെ ഉപപാദിക്കുന്നു -

39 നനു ഭാഗവതാ നിത്യം ഭൂതാനുഗ്രഹകാതരാഃ
ഋതേ ത്വാം സൗഹൃദഘ്നം വൈ വൈരംകരമവൈരിണാം.

| | |
|---|---|
| അവൈരിണാം | ശത്രുക്കളില്ലാത്തവർക്ക് |
| വൈരംകരം | ശത്രുത്വമുണ്ടാക്കുന്നവനും |
| സൗഹൃദഘ്നം | സ്നേഹഭാവം നശിപ്പിക്കുന്നവനുമായ |
| ത്വാം വൈ | നിന്നെമാത്രം |
| ഋതേ | ഒഴിച്ച്, മററുള്ള |
| ഭാഗവതാഃ | ഭഗവൽപാർഷദന്മാരെല്ലാം |
| നിത്യം | എത്രകാലത്തും |
| ഭൂതാനുഗ്രഹകാതരാഃ നനു | ജീവരാശികളെ അനുഗ്രഹിക്കുന്നതിൽ വ്യഗ്രതയുള്ളവരല്ലേ? |

വിഷ്ണുപാർഷദന്മാരിൽ ഇങ്ങനെ ഒരുത്തൻമാത്രം ജനദ്രോഹം ചെയ്തു നടക്കുന്നതിൽ ലജ്ജതോന്നുന്നില്ലേ? — എന്നാശയം.

വിരക്തിവന്നാൽ പിന്നെ ഋണത്രയനിർമ്മോചനത്തിന്റെ ആവശ്യമെന്തിരിക്കുന്നു? "യദഹരേവ വിരജേത് തദഹരേവ പ്രവ്രജേത്" (എന്നു വിരക്തിവന്നുവോ, അന്നുതന്നെ സന്ന്യാസമാകാം) എന്നാണ് വേദവചനം. ആ നിലയ്ക്കു പുത്രന്മാർക്കു വൈരാഗ്യോപദേശം ചെയ്തതിൽ ശാസ്ത്രദൃഷ്ട്യാ തെറെറാന്നുമില്ലല്ലോ" — ഇതാണിവിടെ സമാധാനമെങ്കിൽ അതും അസംഗതമാണെന്നു സമർത്ഥിക്കുന്നു.

40 നേത്ഥം പുംസാം വിരാഗഃ സ്യാത് ത്വയാ കേവലിനാ മൃഷാ
മന്യസേ യദ്യുപശമം സ്നേഹപാശനികൃന്തനം

| | |
|---|---|
| സ്നേഹപാശനികൃന്തനം | സ്നേഹപാശ വിച്ഛേദത്തിനുള്ള (സന്ന്യാസത്തിനുള്ള) മാർഗ്ഗമായിട്ട് |
| ഉപശമം | ഉപശമത്തെ |
| മന്യസേ യദി | വിചാരിക്കുന്നുവെങ്കിൽത്തന്നെയും |
| മൃഷാ | അയഥാർത്ഥമാകയേയുള്ളു. |
| കേവലിനാ | വെറും ഒരുത്തനായ (ജ്ഞാനമില്ലാതെ അവധൂതവേഷം ധരിച്ചുനടക്കുന്ന) |
| ത്വയാ | നിന്നാൽ |
| ഇത്ഥം | ഈവിധം ബുദ്ധിമറിക്കപ്പെട്ടതുകൊണ്ടുമാത്രം |
| പുംസാം | മനുഷ്യർക്ക് |

| | | | |
|---|---|---|---|
| വിരാഗഃ | മനോവിരക്തി | ന സ്യാത് | വരികയില്ല. |

വിരക്തി വരികയില്ലെന്നു പറഞ്ഞതിനുള്ള കാരണമാണ് ഇനി പറയുന്നതു്.

41 നാനുഭൂയ ന ജാനാതി പുമാൻ വിഷയതീക്ഷ്ണതാം
നിർവിദ്യേത സ്വയം തസ്മാന്ന തഥാ ഭിന്നധീഃ പരൈഃ

| | | | |
|---|---|---|---|
| പുമാൻ | മനുഷ്യൻ | സ്വയം | സ്വാഭാവികമായി |
| വിഷയ-തീക്ഷ്ണതാം നാനുഭൂയ | വിഷയങ്ങളുടെ ദുഃഖദമായ സ്വഭാവത്തെ അവയെ സ്വയമനുഭവിക്കാതെ | നിർവിദ്യേത | വിരക്തിയാനു കൊള്ളും |
| ന ജാനാതി | അറിയുന്നതല്ല | പരൈഃ | അന്യരാൽ |
| തസ്മാത് | അതുകൊണ്ടുതന്നെ (വിഷയങ്ങളെ അനുഭവിച്ചു് അവയുടെ തീക്ഷ്ണത്വം അറിയുക എന്നതുകൊണ്ടു തന്നെ) | ഭിന്നധീഃ | കൃത്രിമമായി ബുദ്ധിയിളക്കം ഉണ്ടാക്കപ്പെട്ടവൻ |
| | | തഥാ ന | അപ്രകാരമാകയില്ല |

ആകയാൽ നാരദൻെറ ഈ പണി പൊറുക്കത്തക്കതല്ലെങ്കിലും താൻ പൊറുക്കുകയാണെന്നു ദക്ഷൻ പറയുന്നു.

42 യന്നസ്ത്വം കർമ്മസന്ധാനാം സാധൂനാം ഗൃഹമേധിനാം
കൃതവാനസി ദുർമ്മർഷം വിപ്രിയം തവ മർഷിതം

| | | | |
|---|---|---|---|
| കർമ്മസന്ധാനാം | കർമ്മമാർഗ്ഗത്തിൽ നിഷ്ഠയുള്ളവരും | യത് | യാതൊരു |
| സാധൂനാം | സദ്വൃത്തന്മാരും | വിപ്രിയം | പ്രിയക്കേടു് |
| ഗൃഹമേധിനാം | ഗൃഹസ്ഥാശ്രമികളുമായ | ത്വം | നീ |
| നഃ | ഞങ്ങൾക്കു് | കൃതവാൻഅസി | ചെയ്തുവച്ചുവോ, |
| ദുർമ്മർഷം | പൊറുത്തുകൂടാത്ത | തവ (തത്) | നിൻേറതായ അതു് |
| | | മർഷിതം | പൊറുക്കപ്പെട്ടിരിക്കുന്നു. |

എങ്കിലും ഇതിൻെറ ദോഷം ഏൽക്കാതെയിരിക്കയില്ലെന്നു പറഞ്ഞു ദക്ഷൻ ശ്രീനാരദനെ ഭംഗ്യന്തരേണ ശപിക്കുന്നു.

43 തന്തുകൃന്തന യന്നസ്ത്വമഭദ്രമചരഃ പുനഃ
തസ്മാല്ലോകേഷു തേ മൂഢ ന ഭവേദ് ഭ്രമതഃ പദം

| | | | |
|---|---|---|---|
| പുനഃ | എന്നിരിക്കിലും | യത് ത്വം | യാതൊന്നിനാൽ, നീ |
| തന്തുകൃന്തന | സന്തതിച്ചരടറുത്തവനേ! | നഃ | നമുക്കു് (നമ്മുടെ പുത്രന്മാർക്കു് |

| | |
|---|---|
| അഭദ്രം | ഇഹ പരലോകസ്ഥാനഭ്രംശരൂപമായ അക്ഷേമം |
| അചരഃ | വരുത്തിയോ, |
| തസ്മാത് | തന്മൂലം |
| മൂഢ | ഹേ ഭോഷ! |
| ലോകേഷു | ഓരോരോ ലോകങ്ങളിൽ |
| ഭ്രമതഃ തേ | ചുററിനടക്കുന്ന നിനക്ക് |
| പദം | സ്ഥിരമായ ഒരിടം |
| ന ഭവേത് | ഉണ്ടാകയില്ല |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു–

44 പ്രതിജഗ്രാഹ തദ്ബാഢം നാരദഃ സാധുസമ്മതഃ
ഏതാവാൻ സാധുവാദോ ഹി തിതിക്ഷേതേശ്വരഃ സ്വയം

| | |
|---|---|
| സാധുസമ്മതഃ | സജ്ജനസമ്മതനായ |
| നാരദഃ | ശ്രീനാരദൻ |
| തത് | അതിനെ |
| ബാഢം | "ശരി, അങ്ങനെയാകട്ടെ" എന്നുപറഞ്ഞ് |
| പ്രതിജഗ്രാഹ | സ്വീകരിച്ചു |
| ഈശ്വരഃ | മറുശാപം കൊടുക്കാൻ ശക്തനാണെങ്കിലും കൂടി |
| സ്വയം | തന്നെത്താൻ |
| തിതിക്ഷേത | ക്ഷമിക്കുക |
| (ഇതി യത്) | എന്നതു യാതൊന്നോ |
| ഏതാവാൻഹി | ഇതുയും തന്നെയാണല്ലോ |
| സാധുവാദഃ | സജ്ജനവൃത്തിയെന്നത് |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
നാരദശാപോ നാമ പഞ്ചമോഽധ്യായഃ
ആദിതഃ ശ്ലോകാഃ 250
ആറാമത്തെ സ്കന്ധത്തിൽ അഞ്ചാമധ്യായം കഴിഞ്ഞു

---

## *ഷഷ്ഠോഽദ്ധ്യായഃ — അദ്ധ്യായം ആറ്*

### ദക്ഷപുത്രിമാരുടെ വംശക്രമം

"ഷഷ്ഠ്യേ ദക്ഷേണ സൃഷ്ടായാം കന്യാഷഷ്ട്യാം പ്രകീർത്തിതാഃ
പ്രഥഗ്വംശാ യതോ ജാതോ വിശ്വരൂപോഽദിതേഃ സുതാത്"

ദക്ഷന്റെ അറുപതുപുത്രിമാരുടെ വ്യത്യസ്തവംശവും അവരുടെ ഇടയിൽ അദിതിയുടെ പുത്രനായ ത്വഷ്ടാവിന്റെ പുത്രനായിട്ടു വിശ്വരൂപൻ ജനിച്ചകഥയും ഈ ആറാമദ്ധ്യായത്തിൽ പറയുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു —

1 തതഃ പ്രാചേതസോഽസിക്ന്യാമനുനീതഃ സ്വയംഭുവാ
ഷഷ്ടിം സംജനയാമാസ ദുഹിതൄഃ പിതൃവത്സലാഃ

| | |
|---|---|
| തതഃ | അനന്തരം |
| സ്വയംഭുവാ | ബ്രഹ്മാവിനാൽ |
| അനുനീതതഃ | സമാധാനിപ്പിക്കപ്പെട്ട |
| പ്രാചേതസഃ | ദക്ഷൻ |
| അസിക്ന്യാം | അസിക്നിയെന്ന ഭാര്യയിൽ |
| പിതൃവത്സലാഃ | അച്ഛനോടു വാത്സല്യമുള്ള |
| ഷഷ്ടിം | അറുപതു് |
| ദുഹിതൄഃ | പുത്രിമാരെ |
| സംജനയാമാസ | ഉൽപാദിപ്പിച്ചു |

2 ദശ ധർമ്മായ കായേന്ദോഃ ദ്വിഷട്ത്രിണവ ദത്തവാൻ
ഭൂതാംഗിരഃകൃശാശ്വേഭ്യോ ദ്വേ ദ്വേ താർക്ഷ്യായ ചാപരാഃ

| | |
|---|---|
| ദശ | പത്തുപേരെ |
| ധർമ്മായ | ധർമ്മദേവനും |
| ദ്വിഷട് | പതിമൂന്നുപേരെ * |
| കായ | കശ്യപപ്രജാപതിക്കും |
| ത്രിണവ | ഇരുപത്തേഴുപേരെ |
| ഇന്ദോഃ | ചന്ദ്രനും |
| ദ്വേ ദ്വേ | ഈരണ്ടുപേരെ |
| ഭൂതാംഗിരഃ- കൃശാശ്വേഭ്യഃ | ഭൂതൻ, അംഗിരസ്സ്, കൃശാശ്വൻ എന്നിവർക്കായും |
| അപരാഃ | മററുനാലുപേരെ |
| താർക്ഷ്യായ ച | താർക്ഷ്യനെന്നു പേരു മാറിയ മറെറാരു കശ്യപനും |
| ദത്തവാൻ | വിവാഹം ചെയ്തുകൊടുത്തു |

* 'ദ്വിഷട്' എന്ന സംഖ്യാശബ്ദത്തെ 'ദ്വിഗുണാഃ ഷട് യാസു താഃ' എന്നിങ്ങനെ വിഗ്രഹിക്കണം. രണ്ടുകൊണ്ടു ഗുണിച്ച ആറ് യാവചിലരിലുണ്ടോ അവർ എന്നതാണ് വിഗ്രഹവാക്യാർത്ഥം. അങ്ങനെ ഈരാറുപതിമൂന്നായി

3 നാമധേയാന്യമൂഷാം ത്വം സാപത്യാനാം ച മേ ശൃണു
യാസാം പ്രസൂതിപ്രസവൈർല്ലോകാ ആപൂരിതാസ്ത്രയഃ

| | |
|---|---|
| സാപത്യാനാം | പുത്രരോടു കൂടിയവരായ |
| അമൂഷാം | ഇവരുടെ |
| നാമധേയാനി ച | പേർവിവരങ്ങളെയും |
| ത്വം മേ | അങ്ങു' എന്നിൽനിന്നു് |
| ശൃണു | കേട്ടുകൊൾക |
| യാസാം | യാതൊരുവരുടെ |
| പ്രസൂതി- പ്രസവൈഃ | പുത്രപൗത്രാദി പരമ്പരകളാൽ |
| ലോകാഃ ത്രയഃ | ലോകങ്ങൾ മൂന്നും |
| ആപൂരിതാഃ | നിറയപ്പെട്ടിരിക്കുന്നു |

4 ഭാനുർലംബാ കകുബ്ജാമിർ വിശ്വാ സാധ്യാ മരുത്വതീ
വസുർമ്മുഹൂർത്താ സങ്കല്പാ ധർമ്മപത്ന്യഃ സുതാൻ ശൃണു

ധർമ്മപത്ന്യഃ = ധർമ്മദേവന്റെ പത്നികൾ ഇവരാണ് — ഭാനുഃ, ലംബാ, കകുപ്, ജാമിഃ, വിശ്വാ, സാധ്യാ, മരുത്വതീ, വസുഃ, മുഹൂർത്താ, സങ്കല്പാ — സുതാൻ ശൃണു = ഇനി ഇവരുടെ പുത്രന്മാരെ കേട്ടുകൊൾക

5 ഭാനോസ്തു ദേവഋഷഭ ഇന്ദ്രസേനസ്തതോ നൃപ
വിദ്യോത ആസീല്ലംബായാസ്തതശ്ച സ്തനയിത്നവഃ

| | | | |
|---|---|---|---|
| നൃപ | രാജാവേ! | ഇന്ദ്രസേനഃ | ഇന്ദ്രസേനനുണ്ടായി |
| ഭാനോഃ തു | ഭാനുവിൽനിന്നും | ലംബായാഃ | ലംബയിൽനിന്ന് |
| ദേവഋഷഭഃ | ദേവഋഷഭൻ | വിദ്യോതഃ | വിദ്യോതനുണ്ടായി |
| ആസീത് | ഉണ്ടായി | തതഃ ച | അവനിൽനിന്നും |
| തതഃ | അവനിൽനിന്ന് | സ്തനയിത്നവഃ | സ്തനയിത്നുക്കൾ ജനിച്ചു |

6 കകുഭഃ സങ്കടസ്തസ്യ കീകടസ്തനയോ യതഃ
ഭുവോ ദുർഗാണി ജാമേയഃ സ്വർഗോ നന്ദിസ്തതോഽഭവത്

| | | | |
|---|---|---|---|
| കകുഭഃ | കകുപ്പിന്റെ | ഭുവഃ | ഭൂമിയുടെ |
| തനയഃ | പുത്രനായിട്ട് | ദുർഗാണി | ദുർഗ്ഗാഭിമാനിദേവന്മാർ സംഭവിച്ചു |
| സങ്കടഃ | സങ്കടൻ | ജാമേയഃ | ജാമിയുടെ പുത്രനായി |
| അഭവത് | ഉണ്ടായി | സ്വർഗഃ | സ്വർഗ്ഗനും |
| തസ്യ | അവന്റെ പുത്രനായിട്ട് | തതഃ | അവനിൽനിന്ന് |
| കീകടഃ | കീകടൻ ഉണ്ടായി | നന്ദിഃ | നന്ദിയും ഉണ്ടായി |
| യതഃ | അവനിൽനിന്ന് | | |

7 വിശ്വേദേവാസ്തു വിശ്വായാ അപ്രജാംസ്താൻ പ്രചക്ഷതേ
സാധ്യോ ഗണസ്തു സാധ്യായാ അർത്ഥസിദ്ധിസ്തു തത്സുതഃ

| | | | |
|---|---|---|---|
| വിശ്വേദേവാഃ തു | വിശ്വേദേവന്മാരാകട്ടെ | സാധ്യായാഃ തു | സാധ്യയ്ക്കാകട്ടെ |
| വിശ്വായാഃ | വിശ്വയുടെ പുത്രന്മാരാണ് | സാധ്യോഗണഃ | സാധ്യദേവഗണം മക്കളായുണ്ടായി |
| താൻ | അവരെ | തത്സുതഃ തു | അവരുടെ (സാധ്യന്മാരുടെ പുത്രനാകട്ടെ |
| അപ്രജാൻ | അപുത്രന്മാരായിട്ട് | അർത്ഥസിദ്ധിഃ | അർത്ഥസിദ്ധിയാകുന്നു |
| പ്രചക്ഷതേ | പറഞ്ഞുവരുന്നു | | |

8 മരുത്വാംശ്ച ജയന്തശ്ച മരുത്വത്യാം ബഭൂവതുഃ
ജയന്തോ വാസുദേവാംശ ഉപേന്ദ്ര ഇതി യം വിദുഃ

| | | | |
|---|---|---|---|
| മരുത്വത്യാം | മരുത്വതിയിൽ | വാസുദേവാംശഃ | വിഷ്ണുവിന്റെ അംശമാണ് |
| മരുത്വാൻ ച | മരുത്വാനും | യം | യാതൊരുവനെ |
| ജയന്തഃ ച | ജയന്തനും | ഉപേന്ദ്രഃ | ഉപേന്ദ്രൻ |
| ബഭൂവതുഃ | ഉണ്ടായി | ഇതി | എന്നിങ്ങനെ |
| ജയന്തഃ | ജയന്തൻ | വിദുഃ | അറിഞ്ഞുവരുന്നു. |

9 മൗഹൂർത്തികാ ദേവഗണാ മുഹൂർത്തായാശ്ച ജജ്ഞിരേ
യേ വൈ ഫലം പ്രയച്ഛന്തി ഭൂതാനാം സ്വസ്വകാലജം

| | |
|---|---|
| മുഹൂർത്തായാഃ | ച മുഹൂർത്തയെന്നവളിൽ നിന്നും |
| മൗഹൂർത്തികാഃ | മൗഹൂർത്തികന്മാരെന്ന |
| ദേവഗണാഃ | ദേവഗണങ്ങൾ |
| ജജ്ഞിരേ | ജനിച്ചു |
| യേ വൈ | യാതൊരു ഈ മുഹൂർത്താഭിമാനിദേവഗണങ്ങൾ |
| ഭൂതാനാം | ജീവരാശികൾക്കു് |
| സ്വസ്വകാലജം | അവരവരുടെ കാലഗതിക്കനുസരിച്ചുണ്ടാവുന്ന |
| ഫലം | ഗുണദോഷഫലത്തെ |
| പ്രയച്ഛന്തി | പ്രദാനം ചെയ്യുന്നു |

10 സങ്കല്പായാശ്ച സങ്കല്പഃ കാമഃ സങ്കല്പജഃ സ്മൃതഃ
വസവോഽഷ്ടൗ വസോഃ പുത്രാഃ തേഷാം നാമാനി മേ ശൃണു

| | |
|---|---|
| സങ്കല്പായാഃ ച | സങ്കല്പയെന്നവളിൽനിന്നും |
| സങ്കല്പഃ | സങ്കല്പനുണ്ടായി |
| സങ്കല്പജഃ | സങ്കല്പന്റെ പുത്രനായി ജനിച്ചവൻ |
| കാമഃ സ്മൃതഃ | കാമദേവനത്രേ |
| അഷ്ടൗ വസവഃ | അഷ്ടവസുക്കൾ |
| വസോഃ | വസുഎന്നവളുടെ |
| പുത്രാഃ | മക്കളാകുന്നു |
| തേഷാം | അവരുടെ |
| നാമാനി | പേരുകൾ |
| മേ | എന്നിൽനിന്നു് |
| ശൃണു | കേട്ടറിഞ്ഞാലും |

11 ദ്രോണഃ പ്രാണോ ധ്രുവോഽർക്കോഽഗ്നിഃ ദോഷോ വസുർവിഭാവസുഃ
ദ്രോണസ്യാഭിമതേഃ പത്ന്യാ ഹർഷശോകഭയാദയഃ

ദ്രോണഃ, പ്രാണഃ, ധ്രുവഃ, അർക്കഃ, അഗ്നിഃ, ദോഷഃ, വസുഃ വിഭാവസുഃ എന്നിവയാണു് അഷ്ടവസുക്കളുടെ നാമങ്ങൾ. അവരിൽ ദ്രോണനു് അഭിമതി എന്ന പത്നിയിൽ നിന്നും ഹർഷശോകഭയാദികൾ ഉദ്ഭവിച്ചു.

12 പ്രാണസ്യോർജസ്വതീ ഭാര്യാ സഹ ആയുഃ പുരോജവഃ
ധ്രുവസ്യ ഭാര്യാ ധരണിരസൂത വിവിധാഃ പുരഃ

| | |
|---|---|
| പ്രാണസ്യ | പ്രാണന്റെ |
| ഭാര്യാ | ഭാര്യയാണു് |
| ഊർജസ്വതീ | ഊർജസ്വതിയെന്നവൾ |
| സഹഃ ആയുഃ | സഹസ്സു്, ആയുസ്സു് |
| പുരോജവഃ | പുരോജവൻ എന്നവർ പുത്രന്മാരുമാകുന്നു |
| ധ്രുവസ്യ | ധ്രുവന്റെ |
| ഭാര്യാ | പത്നി |
| ധരണിഃ | ധരണിയാകുന്നു |
| വിവിധാഃ | അനേകം |
| പുരഃ | പുരങ്ങളെ |
| അസൂത | അവൾ ഉളവാക്കി |

13 അർക്കസ്യ വാസനാ ഭാര്യാ പുത്രാസ്തർഷാദയഃ സ്മൃതാഃ
അഗ്നേർഭാര്യാ വസോർധാരാ പുത്രാസ്തർഷാദയഃ സ്മൃതാഃ

14 സ്കന്ദശ്ച കൃത്തികാപുത്രോ യേ വിശാഖാദയസ്തതഃ
ദോഷസ്യ ശർവരീപുത്രഃ ശിശുമാരോ ഹരേഃ കാലാ

| | |
|---|---|
| അർക്കസ്യ | അർക്കൻെറ |
| ഭാര്യാ | ഭാര്യയാണ് |
| വാസനാ | വാസനയെന്നവൾ |
| പുത്രാഃ | പുത്രന്മാർ |
| തർഷാദയഃ | തർഷാദികളാണെന്ന് |
| സ്മൃതാഃ | അറിയപ്പെടുന്നു |
| അഗ്നേഃ | അഗ്നിയുടെ ഭാര്യ |
| വസോർധാരാ | വസോർധാരയാകുന്നു |
| പുത്രാഃ | പുത്രന്മാർ |
| ദ്രവിണകാദയഃ | ദ്രവിണകാദികളാണ് |
| കൃത്തികാപുത്രഃ | കൃത്തികമാരുടെ പുത്രനായിഭവിച്ച |
| സ്കന്ദഃ ച | സ്കന്ദനും (അഗ്നിജാതനാകുന്നു) |
| തതഃ | ആ സ്കന്ദനിൽ നിന്ന് |
| വിശാഖാദയഃ | വിശാഖൻ മുതലായവർ |
| യേ (ആസൻ) | യാവചിലരാണോ, അവർ ഉണ്ടായി |
| ദോഷസ്യ | ദോഷൻെറ പത്നി |
| ശർവരീ | ശർവരിയാണ് |
| പുത്രഃ | അവരുടെ പുത്രനായ |
| ശിശുമാരഃ | ശിശുമാരൻ |
| ഹരേഃ | ശ്രീനാരായണൻെറ |
| കലാ | അംശമാകുന്നു |

15 വസോരാംഗിരസീ പുത്രോ വിശ്വകർമ്മാകൃതീ പതിഃ
തതോ മനുശ്ചാക്ഷുഷോഽഭൂദ്വിശ്വേസാധ്യാമനോഃ സുതാഃ

| | |
|---|---|
| വസോഃ | വസുവിൻെറ പത്നി |
| ആംഗിരസീ | ആംഗിരസിയെന്നവൾ |
| പുത്രഃ | പുത്രൻ |
| ആകൃതീപതിഃ | ശില്പാചാര്യനായ |
| വിശ്വകർമ്മാ | വിശ്വകർമ്മാവാണ് |
| തതഃ | അദ്ദേഹത്തിൽ നിന്ന് |
| ചാക്ഷുഷഃ | ചാക്ഷുഷൻ എന്ന |
| മനുഃ അഭൂത് | മനു ജനിച്ചു |
| മനോഃ സുതാഃ | മനുവിൻെറ പുത്രന്മാർ |
| വിശ്വേസാധ്യാഃ | വിശ്വേസാധ്യന്മാരെന്നദേവന്മാരാണ് |

16 വിഭാവസോരസൂതോഷാ വ്യുഷ്ടം രോചിഷമാതപം
പഞ്ചയാമോഽഥ ഭൂതാനി യേന യേന ജാഗ്രതി കർമ്മസു

| | |
|---|---|
| വിഭാവസോഃ | വിഭാവസുവിൻെറ |
| ഉഷാ | ഉഷയെന്ന പത്നി |
| വ്യുഷ്ടം | വ്യുഷ്ടനെയും |
| രോചിഷം | രോചിസ്സിനെയും |
| ആതപം | ആതപനെയും |
| അസൂത | പ്രസവിച്ചു |
| അഥ | പിന്നെ, (ആതപപുത്രനായിട്ട്) |
| പഞ്ചയാമഃ | പഞ്ചയാമൻ (അഞ്ചുയാമങ്ങളോടുകൂടിയ പകലിൻെറ ദേവൻ) ഉണ്ടായി |
| യേന | യാതൊരുവൻ മൂലം |
| ഭൂതാനി | ജീവരാശികൾ |
| കർമ്മസു | കർമ്മങ്ങളിൽ |
| ജാഗ്രതി | ജാഗരൂകരായി വർത്തിക്കുന്നു |

ഇനി ഭൂതപത്നിമാരായിഭവിച്ച രണ്ടു ദക്ഷപുത്രിമാരുടെ വംശം പറയുന്നു.

17 സരൂപാഽസൂത ഭൂതസ്യ ഭാര്യാ രുദ്രാംശ്ച കോടിശഃ
രൈവതോഽജോ ഭവോ ഭീമോ വാമ ഉഗ്രോ വൃഷാകപിഃ

18 അജൈകപാദഹിർബ്ബുധ്ന്യോ ബഹുരൂപോ മഹാനിതി
രുദ്രസ്യ പാർഷദാശ്ചാന്യേ ഘോരാ ഭൂതവിനായകാഃ

| | |
|---|---|
| ഭൂതസ്യ | ഭൂതന്റെ |
| ഭാര്യാ | ഒരു ഭാര്യയായ |
| സരൂപാ | സരൂപയെന്നവഠം |
| കോടിശഃ | അസംഖ്യം |
| രുദ്രാൻ ച | രുദ്രന്മാരെയും |
| അസൂത | പ്രസവിച്ചു |
| അന്യേ | മറെറാരു കളത്രത്തിൽ |
| രുദ്രസ്യ | (ഏകാദശരൂപനായ) രുദ്രന്റെ |
| പാർഷദാഃ ച | പാർഷദന്മാരും |
| ഘോരാഃ | ഉഗ്രമൂർത്തികളുമായ |
| ഭൂത-വിനായകാഃ | ഭൂതങ്ങഠം, വിഘ്നദേവതകഠം എന്നിവരും പിറന്നു |

രൈവതഃ, അജഃ, ഭവഃ, ഭീമഃ, വാമഃ, ഉഗ്രഃ, വൃഷാകപിഃ അജൈകപാത്, അഹിർബ്ബുധ്ന്യഃ, ബഹുരൂപഃ, മഹാൻ ഇതി = എന്നിങ്ങനെ ഏകാദശരുദ്രന്മാരുടെ സംജ്ഞകഠം ഇനി അംഗിരസ്സിന്റെ പത്നിമാരായ സ്വധയുടെയും സതിയുടെയും വംശം പറയുന്നു.

19 പ്രജാപതേരംഗിരസഃ സ്വധാ പത്നീ പിതൄനഥ
അഥർവാങ്ഗിരസം വേദം പുത്രത്വേ ചാകരോത് സതീ

| | |
|---|---|
| പ്രജാപതേഃ | പ്രജാപതിയായ |
| അംഗിരസഃ | അംഗിരസ്സിന്റെ |
| പത്നീ സ്വധാ | പത്നിയായ സ്വധ |
| പിതൄൻ | പിതൃദേവന്മാരെ |
| പുത്രത്വേ | പുത്രഭാവത്തിൽ |
| അഥ | തുടർന്ന്, |
| അകരോത് | സ്വീകരിച്ചു |
| അഥർവാങ്ഗിരസം വേദം | അഥർവാങ്ഗിരസമെന്ന വേദത്തെ (വേദാഭിമാനിപുരുഷനെ) |
| സതീ ച | സതിയും (പുത്രനാക്കി) |

കൃശാശ്വന്റെ പത്നിമാരായ അർച്ചിസ്സ്, ധിഷണ എന്നീ രണ്ടു പേരുടെ വംശം പറയുന്നു.

20 കൃശാശ്വോഽർച്ചിഷി ഭാര്യായാം ധൂമ്രകേശമജീജനത്
ധിഷണായാം വേദശിരോ ദേവലം വയുനം മനും

| | |
|---|---|
| കൃശാശ്വഃ | കൃശാശ്വൻ |
| അർച്ചിഷി | അർച്ചിസ്സെന്നുപേരായ |
| ഭാര്യായാം | ഭാര്യയിൽ |
| ധൂമ്രകേശം | ധൂമ്രകേശനെയും, |
| ധിഷണായാം | ധിഷണയെന്നവളിൽ |
| വേദശിരഃ | വേദശിരസ്സ്, |
| ദേവലം | ദേവലൻ, |
| വയുനം | വയുനൻ, |
| മനും | മനു എന്നിവരെയും |
| അജീജനത് | ജനിപ്പിച്ചു |

താർക്ഷ്യപത്നിമാരായ നാലുപേരുടെ വംശം താഴെ പറയുന്നു.

21 താർക്ഷ്യസ്യ വിനതാ കദ്രൂഃ പതംഗീ യാമിനീ ഇതി
പതംഗ്യസൂത പതഗാൻ യാമിനീ ശലഭാനഥ

22 സുപർണാऽസൂത ഗരുഡം സാക്ഷാദ് യജ്ഞേശവാഹനം
സൂര്യസൂതമനൂരും ച കദ്രൂർനാഗാനനേകശഃ

| | |
|---|---|
| താർക്ഷ്യസ്യ | താർക്ഷ്യനെന്ന കശ്യപന്റെ ഭാര്യമാരായി |
| വിനതാ കദ്രൂഃ | വിനത, കദ്രു, |
| പതംഗീ | പതംഗി, |
| യാമിനീ | യാമിനി |
| ഇതി | എന്നിങ്ങനെ . നാലുപേർ. |
| പതംഗീ | (ഇവരിൽ) പതംഗി |
| പതഗാൻ | പറവകളെ |
| അസൂത | പ്രസവിച്ചു. |
| യാമിനീ | യാമിനിയെന്നവൾ |
| ശലഭാൻ | പാററകളെയും |
| (അസൂത) | പെററുണ്ടാക്കി. |

| | |
|---|---|
| അഥ | അനന്തരം |
| സുപർണാ | വിനത |
| സാക്ഷാത് | സാക്ഷാൽ |
| യജ്ഞേശ-വാഹനം | യജ്ഞേശ്വരനായ ശ്രീഹരിയുടെ വാഹനമായ |
| ഗരുഡം | ഗരുഡനെയും |
| സൂര്യസൂതം | സൂര്യസാരഥിയായ |
| അനൂരും ച | അരുണനെയും |
| അസൂത | പ്രസവിച്ചു |
| കദ്രൂഃ | കദ്രുവെന്നവൾ |
| അനേകശഃ | ബഹുപ്രകാരം |
| നാഗാൻ | നാഗങ്ങളെയും |
| (അസൂത) | പ്രസവിച്ചു. |

ദക്ഷൻ സ്വപുത്രിമാരിൽ 13 പേരെ കശ്യപനും, 27 പേരെ ചന്ദ്രനും കൊടുത്തുവെന്ന് പറഞ്ഞതാണല്ലോ. അതിൽ ആദ്യം ചന്ദ്രന്റെ വൃത്താന്തം ഒന്നർശ്ലോകം കൊണ്ട് കഥിച്ചശേഷം കശ്യപന ദക്ഷപുത്രിമാരിലുണ്ടായ വംശപരമ്പര പിന്നെ വിസ്തരിക്കുന്നു.

23 കൃത്തികാദീനി നക്ഷത്രാണീന്ദോഃ പത്ന്യസ്തു ഭാരത
ദക്ഷശാപാത് സോऽനപത്യഃ താസു യക്ഷ്മഗ്രഹാർദിതഃ

24 പുനഃ പ്രസാദ്യ തം സോമഃ കലാ ലേഭേ ക്ഷയേ ദിതാഃ
ശൃണു നാമാനി ലോകാനാം മാതൄണാം ശംകരാണി ച-

25 അഥ കശ്യപപത്നീനാം യത്പ്രസൂതമിദം ജഗത്
അദിതിർദിതിർദനുഃ കാഷ്ഠാ അരിഷ്ടാ സുരസാ ഇളാ
മുനിഃ ക്രോധവശാ താമ്രാ സുരഭിഃ സരമാ തിമിഃ

| | |
|---|---|
| ഭാരത | ഹേ ഭരതവംശജനായ രാജാവേ! |
| ഇന്ദോഃ | ചന്ദ്രന്റെ |
| പത്ന്യഃ തു | പത്നിമാരാകട്ടെ |
| കൃത്തികാദീനി | കാർത്തിക മുതലായ |
| നക്ഷത്രാണി | നക്ഷത്രങ്ങളാകുന്നു. |
| ദക്ഷശാപാത് | (രോഹിണിയിലുള്ള പ്രേമാതിശയം കൊണ്ട് മററുള്ളവരിൽ അനാസ്ഥ കാണിച്ചതുമൂലം ഉണ്ടായ) ദക്ഷശാപത്താൽ |

| | |
|---|---|
| യക്ഷ്മഗ്രഹാർദിതഃ | ക്ഷയരോഗ പീഡിതനായിത്തീന്ന |
| സഃ | ആ ചന്ദ്രൻ |
| താസു | അവരിൽ |
| അനപത്യഃ | സന്താനലാഭം ഇല്ലാത്തവനായി. |
| പുനഃ സോമഃ | പിന്നെ, ചന്ദ്രൻ |
| തം | അദ്ദേഹത്തെ (ദക്ഷനെ) |

| | |
|---|---|
| പ്രസാദ്യ | പ്രസാദിപ്പിച്ച് |
| ക്ഷയേ | ക്ഷയകാലത്തിൽ (കറുത്തപക്ഷത്തിൽ) |
| ദിതാഃ | മുറിഞ്ഞകന്നുപോയ |
| കലാഃ | കലകളെ മാത്രം |
| ലേഭേ | വീണ്ടും ലഭിച്ചു (പക്ഷേ സന്തതി ലഭിച്ചില്ല) |
| ഇദം ജഗത് | ഈ ലോകമാകെ |
| യത്പ്രസൂതം | ഏതൊരുവരുടെ സന്താനപരമ്പരയാകുന്നുവോ |
| ലോകാനാം മാതൄണാം | ആ സകലലോകജനയിത്രികളായ |
| കശ്യപ പത്നീനാം | കശ്യപ പത്നിമാരുടെ |
| ശംകരാണി | മംഗലകരങ്ങളായ |
| നാമാനി | നാമധേയങ്ങളെ |
| അഥ ശൃണു | ഇനി കേട്ടുകൊള്ളുക |

അദിതിഃ, ദിതിഃ, ദനുഃ, കാഷ്ഠാ, അരിഷ്ടാ, സുരസാ, ഇളാ, മുനിഃ, ക്രോധവശാ, താമ്രാ, സുരഭിഃ, സരമാ, തിമിഃ എന്നിവയാണ് അവരുടെ നാമധേയങ്ങൾ.

ഓരോരുത്തരുടെയും സന്താനങ്ങളെ സൗകര്യാർത്ഥം ഇനി വ്യുൽക്രമത്തിൽ പറയുന്നു.

26 തിമേര്യാദോഗണാ ആസൻ ശ്വാപദാഃ സരമാസുതാഃ

27 സുരഭേർമഹിഷാ ഗാവഃ യേ ചാന്യേ ദ്വിശഫാ നൃപ
താമ്രായാഃ ശ്യേനഗൃധ്രാദ്യാ മുനേരപ്സരസാം ഗണാഃ

| | |
|---|---|
| തിമേഃ | തിമിയിൽ നിന്ന് |
| യാദോഗണാഃ | ജലജന്തുവർഗ്ഗങ്ങൾ |
| ആസൻ | ഉണ്ടായി |
| സരമാസുതാഃ | സരമയുടെ സന്താനങ്ങളായിട്ട് |
| ശ്വാപദാഃ | വ്യാഘ്രാദി വനജന്തുക്കളുണ്ടായി |
| സുരഭേഃ | സുരഭിയിൽ നിന്ന് |
| മഹിഷാഃ | പോത്തുകളും |
| ഗാവഃ | മാടുകളും |
| അന്യേ യേ | വേറെ യാവചില |
| ദ്വിശഫാഃ ച | ഇരട്ടക്കുളമ്പുള്ള മൃഗങ്ങളുണ്ടോ അവയും ഉദ്ഭവിച്ചു |
| നൃപ | രാജാവേ! |
| താമ്രായാഃ | താമ്രയിൽ നിന്ന് |
| ശ്യേനഗൃധ്രാദ്യാഃ | പരുന്തുകളും കഴുകന്മാരും |
| മുനേഃ | മുനിയിൽനിന്ന് |
| അപ്സരസാം | അപ്സരസ്സുകളുടെ |
| ഗണാഃ | സംഘങ്ങളും |
| (ആസൻ) | ഉണ്ടായി. |

28 ദന്ദശൂകാദയഃ സർപ്പാ രാജൻ ക്രോധവശാത്മജാഃ
ഇളായാ ഭൂരുഹാഃ സർവേ യാതുധാനാശ്ച സൗരസാഃ

| | |
|---|---|
| രാജൻ | രാജാവേ! |
| ദന്ദശൂകാദയഃ | പാമ്പുമുതലായ |
| സർപ്പാഃ | ഇഴജന്തുക്കൾ |
| ക്രോധവശാത്മജാഃ | ക്രോധവശയുടെ മക്കളാണ് |
| ഭൂരുഹാഃ | മണ്ണിൽ മുളച്ചുണ്ടാവുന്ന വൃക്ഷസസ്യാദികൾ |
| സർവേ | മുഴുവനും |
| ഇളായാഃ | ഇളയുടെ സന്താനങ്ങളാണ് |
| യാതുധാനാഃ ച | യക്ഷരക്ഷസ്സുകളാകട്ടെ |
| സൗരസാഃ | സുരസയുടെ സന്തതികൾ. |

29 അരിഷ്ടായാശ്ച ഗന്ധർവാഃ കാഷ്ഠായാ ദ്വിശഫേതരാഃ
സുതാ ദനോരേകഷഷ്ടിഃ തേഷാം പ്രാധാനികാൻ ശൃണു

30 ദ്വിമൂർധാ ശംബരോƒരിഷ്ടോ ഹയഗ്രീവോ വിഭാവസുഃ
അയോമുഖഃ ശങ്കുശിരാഃ സ്വർഭാനുഃ കപിലോƒരുണഃ

31 പുലോമാ വൃഷപർവാ ച ഏകചക്രോƒനുതാപനഃ
ധൂമ്രകേശോ വിരൂപാക്ഷോ വിപ്രചിത്തിശ്ച ദുർജയഃ

| | |
|---|---|
| അരിഷ്ടായാഃ | അരിഷ്ടയിൽനിന്നു് |
| ഗന്ധർവാഃ ച | ഗന്ധർവന്മാരും |
| കാഷ്ഠായാഃ | കാഷ്ഠയെന്നുപേരായവളിൽനിന്നു് |
| ദ്വിശഫേതരാഃ | ഇരട്ടക്കുളമ്പില്ലാത്തമൃഗങ്ങളും ഉണ്ടായി. |

| | |
|---|---|
| ദനോഃ സുതാഃ | ദനുവിന്റെ മക്കൾ |
| ഏകഷഷ്ടിഃ | 61 പേരാണ് |
| തേഷാം | അവരുടെ കൂട്ടത്തിൽ |
| പ്രാധാനികാൻ | പ്രമുഖരായുള്ളവരെ |
| ശൃണു | കേട്ടുകൊൾക |

ദ്വിമൂർദ്ധാവ്, ശംബരൻ, അരിഷ്ടൻ, ഹയഗ്രീവൻ, വിഭാവസു, അയോമുഖൻ, ശങ്കുശിരസ്സ്, സ്വർഭാനു, കപിലൻ, അരുണൻ, പുലോമാവ് വൃഷപർവ്വാവ്, ഏകചക്രൻ, അനുതാപനൻ, ധൂമ്രകേശൻ, വിരൂപാക്ഷൻ വിപ്രചിത്തി, ദുർജ്ജയൻ ഇങ്ങനെ 18 പേർ പ്രമുഖ ദാനവന്മാർ.

32 സ്വർഭാനോഃ സുപ്രഭാം കന്യാമുവാഹ നമുചിഃ കില
വൃഷപർവണസ്തു ശർമ്മിഷ്ഠാം യയാതിർനാഹുഷോ ബലീ

| | |
|---|---|
| സ്വർഭാനോഃ | സ്വർഭാനുവിന്റെ |
| കന്യാം | മകളായ |
| സുപ്രഭാം | സുപ്രഭയെ |
| നമുചിഃകില | നമുചിയാണത്രെ |
| ഉപയേമേ | വിവാഹം ചെയ്തതു് |

| | |
|---|---|
| വൃഷപർവണഃ | വൃഷപർവാവിന്റെ മകളായ |
| ശർമ്മിഷ്ഠാം തു | ശർമ്മിഷ്ഠയെയാകട്ടെ |
| നാഹുഷഃ | നഹുഷന്റെ പുത്രനും |
| ബലീ | ബലശാലിയുമായ |
| യയാതിഃ | യയാതിരാജാവും |

33 വൈശ്വാനരസുതാ യാശ്ച ചതസ്രശ്ചാരുദർശനാഃ
ഉപദാനവീ ഹയശിരാ പുലോമാ കാലകാ തഥാ

| | |
|---|---|
| വൈശ്വാനര- സുതാഃ | വൈശ്വാനരനെന്ന ദനുപുത്രന്റെ പുത്രിമാരായിട്ടു് |
| ചാരുദർശനാഃ | സുന്ദരിമാരായ |
| ചതസ്രഃ | നാലുപേർ |
| (ആസൻ) | ഉണ്ടായി |

| | |
|---|---|
| യാഃ ച | ഇവരാകട്ടെ |
| ഉപദാനവീ | ഉപദാനവിയും, |
| ഹയശിരാ | ഹയശിരയും, |
| പുലോമാ | പുലോമയും |
| തഥാകാലകാ | കാലകയും ആയിരുന്നു. |

34 ഉപദാനവീം ഹിരണ്യാക്ഷഃ ക്രതുർഹയശിരാം നൃപ
പുലോമാം കാലകാം ച ദ്വേ വൈശ്വാനരസുതേ തു കഃ

35 ഉപയേമേƒഥ ഭഗവാൻ കശ്യപോ ബ്രഹ്മചോദിതഃ
പൗലോമാഃ കാലകേയാശ്ച ദാനവാ യുദ്ധശാലിനഃ

| | |
|---|---|
| നൃപ | രാജാവേ! |
| ഉപദാനവീം | ഉപദാനവിയെ |
| ഹിരണ്യാക്ഷഃ | ഹിരണ്യാക്ഷനും |
| ഹയശിരാം | ഹയശിര എന്നവളെ |
| ക്രതുഃ | ക്രതുവും (വിവാഹം ചെയ്തു) |
| പുലോമാം | പുലോമയെന്നും |
| കാലകാം ച | കാലകയെന്നുമുള്ള |
| വൈശ്വാനര-സുതേ ദ്വേ തു | വൈശ്വാനര പുത്രിമാർ രണ്ടുപേരെയും |
| കഃ | പ്രജാപതിയും |
| ഭഗവാൻ | ജ്ഞാനനിധിയുമായ |
| കശ്യപഃ അഥ | കശ്യപൻ പിന്നെ |
| ബ്രഹ്മചോദിതഃ | ബ്രഹ്മാവിനാൽ പ്രേരിതനായിട്ട് |
| ഉപയേമേ | വേൾക്കുകയുണ്ടായി |
| പൗലോമാഃ | പുലോമയുടെ പുത്രന്മാരായും |
| കാലകേയാഃ ച | കാലകയുടെ പുത്രന്മാരായും ഉണ്ടായ |
| ദാനവാഃ | ദനുസന്തതികൾ |
| യുദ്ധശാലിനഃ | രണവീരന്മാരായിരുന്നു |

36 തയോഃ ഷഷ്ടിസഹസ്രാണി യജ്ഞഘ്നാംസ്തേ പിതുഃ പിതാ
ജഘാന സ്വർഗതോ രാജന്നേക ഇന്ദ്രപ്രിയംകരഃ

| | |
|---|---|
| തയോഃ | ആ രണ്ടുപേരുടെയും പുത്രന്മാരായ |
| ഷഷ്ടി-സഹസ്രാണി | അറുപതിനായിരം |
| യജ്ഞഘ്നാൻ | യജ്ഞദ്വേഷികളെ (നിവാതകവച കാലകേയന്മാരെ) |
| രാജൻ | അല്ലയോ രാജാവേ! |
| തേ പിതുഃ | അങ്ങയുടെ അച്ഛന്റെ |
| പിതാ | അച്ഛൻ (അർജ്ജുനൻ) |
| സ്വർഗതഃ | സ്വർഗലോകത്തിൽ ചെന്ന് |
| ഇന്ദ്രപ്രിയംകരഃ | ദേവേന്ദ്രന് ഇഷ്ടമായ കാര്യം ചെയ്തുകൊണ്ട് |
| ഏകഃ | ഒററക്ക് |
| ജഘാന | കൊന്നൊടുക്കി |

37 വിപ്രചിത്തിഃ സിംഹികായാം ശതം ചൈകമജീജനത്
രാഹുജ്യേഷ്ഠം കേതുശതം ഗ്രഹത്വം യ ഉപാഗതാഃ

| | |
|---|---|
| വിപ്രചിത്തിഃ | ദനുപുത്രനായ വിപ്രചിത്തി |
| സിംഹികായാം | സിംഹികയെന്നവളിൽ |
| രാഹുജ്യേഷ്ഠം | രാഹുവാകുന്ന മൂത്തവനോടും |
| കേതുശതം | കേതുക്കളാകുന്ന നൂറു പേരോടുംകൂടി |
| ശതം ഏകം ച | ആകെ 101 മക്കളെ |
| അജീജനത് | ഉൽപാദിപ്പിച്ചു |
| യേ | യാതൊരുവർ (ഈ രാഹുകേതുക്കൾ) |
| ഗ്രഹത്വം | ഗ്രഹങ്ങളെന്ന നിലയെ |
| ഉപാഗതാഃ | പ്രാപിച്ചവരായി |

38 അഥാതഃ ശ്രൂയതാം വംശോ യോƒദിതേരനുപൂർവശഃ
യത്ര നാരായണോ ദേവഃ സ്വാംശേനാവാതരദ്വിഭുഃ

39 വിവസ്വാനര്യമാ പൂഷാ ത്വഷ്ടാഽഥ സവിതാ ഭഗഃ
ധാതാ വിധാതാ വരുണോ മിത്രഃ ശക്ര ഉരുക്രമഃ

| | | | |
|---|---|---|---|
| അഥാതഃ | ഇനിമേൽ | യത്ര | യാതൊരു ഈ വംശത്തിൽ |
| അദിതേഃ | അദിതിയുടെ | ദേവഃ | ലീലാമയനും |
| വംശഃ യഃ | വംശം ഏതോ | വിഭുഃ | സർവ്വശക്തനുമായ |
| (സഃ) | ആയതു് | നാരായണഃ | ശ്രീനാരായണൻ |
| അനുപൂർവ്വശഃ | മുറപ്രകാരം | സ്വാംശേന | തന്റെ അംശത്താൽ |
| ശ്രൂയതാം | കേൾക്കപ്പെടാവുന്നതാണു് | അവതരത് | (വാമനനായിട്ടു്) അവതാരമെടുത്തു |

വിവസ്വാൻ, അര്യമാവു്, പൂഷാവു്, ത്വഷ്ടാവു്, സവിതാവു്, ഭഗൻ ധാതാവു്, വിധാതാവു്, വരുണൻ, മിത്രൻ, ശക്രൻ, ഉരുക്രമൻ - ഇവരത്രേ അദിതിയുടെ പുത്രരായ ദ്വാദശാദിത്യന്മാർ

40 വിവസ്വതഃ ശ്രാദ്ധദേവം സംജ്ഞാഽസൂയത വൈ മനും
മിഥുനം ച മഹാഭാഗാ യമം ദേവം യമീം തഥാ
സൈവ ഭൂത്വാഽഥ ബഡവാ നാസത്യൗ സുഷുവേ ഭുവി.

| | | | |
|---|---|---|---|
| വിവസ്വതഃ | വിവസ്വാന്റെ | അസൂത | പ്രസവിച്ചു |
| മഹാഭാഗാ | ഭാഗ്യശാലിനിയായ പത്നി | അഥ | അനന്തരം |
| സംജ്ഞാ വൈ | സംജ്ഞാദേവിയാകട്ടെ | സാ ഏവ | അവൾതന്നെ |
| ശ്രാദ്ധദേവം | ശ്രാദ്ധദേവനെന്ന | ബഡവാ | പെൺകുതിരയായി |
| മനും | മനുവിനെയും, | ഭൂത്വാ | ഭവിച്ചിട്ടു് |
| യമം ദേവം | യമനെന്ന ദേവനും | ഭുവി | ഭൂമിയിൽ |
| തഥാ യമീം | യമിയെന്ന ദേവിയുമായ | (വർത്തമാനാ) | വർത്തിച്ചുകൊണ്ടു് |
| മിഥുനം ച | സ്ത്രീപുരുഷദ്വന്ദ്വത്തെയും | നാസത്യൗ | അശ്വിനീകുമാരന്മാരായ ഇരുവരെയും |
| | | സുഷുവേ | ജനിപ്പിച്ചു |

41 ഛായാ ശനൈശ്ചരം ലേഭേ സാവർണിം ച മനും തതഃ
കന്യാം ച തപതീം യാ വൈ വവ്രേ സംവരണം പതിം

| | | | |
|---|---|---|---|
| തതഃ | ആ വിവസ്വാനിൽ നിന്നു് | കന്യാം ച | കന്യകയേയും |
| ഛായാ | ഛായാദേവി | ലേഭേ | നേടുകയുണ്ടായി |
| ശനൈശ്ചരം | ശനിയേയും | യാ വൈ | യാതൊരുവളാകട്ടെ |
| സാവർണിം | സാവർണിയെന്ന | സംവരണം | സംവരണനെ |
| മനും ച | മനുവിനെയും | പതിം | ഭർത്താവായി |
| തപതീം | തപതിയെന്ന | വവ്രേ | വരിച്ചു |

42 അര്യമ്ണോ മാതൃകാ പത്നീ തയോശ്ചർഷണയഃ സുതാഃ
യത്ര വൈ മാനുഷീ ജാതിഃ ബ്രഹ്മണാ ചോപകല്പിതാ

| | |
|---|---|
| അര്യമ്ണഃ | അര്യമാവിൻെറ |
| പത്നീമാതൃകാ | ഭാര്യ മാതൃകയാണ്. |
| തയോഃ | അവരുടെ |
| സുതാഃ | സന്താനങ്ങൾ |
| ചർഷണയഃ | കൃതാകൃതജ്ഞാനമുള്ള ചർഷണികളും. |
| യത്ര വൈ | യാതൊരുവരിലാണ് (ഈ ചർഷണികളിലാണ്) |
| ബ്രഹ്മണാ | സൃഷ്ടികർത്താവിനാൽ |
| മാനുഷീ ജാതിഃ ച | മനുഷ്യജാതിയും |
| ഉപകല്പിതാ | ഏർപ്പെടുത്തപ്പെട്ടിരിക്കുന്നത് |

43 പൂഷാ$_{\text{ഽ}}$നപത്യഃ പിഷ്ടാദോ ഭഗ്നദന്തോ$_{\text{ഽ}}$ഭവത്പുരാ
യോ$_{\text{ഽ}}$സൗ ദക്ഷായ കുപിതം ജഹാസ വിവൃതദ്വിജഃ

| | |
|---|---|
| പൂഷാ | പൂഷാവ് |
| അനപത്യഃ | സന്താനമില്ലാത്തവനാണ് |
| യഃ അസൗ | യാതൊരു ഈ പൂഷാവ് |
| പുരാ | പണ്ട് |
| ദക്ഷായ | ദക്ഷൻെറ നേക്ക് |
| കുപിതം | കോപിച്ച |
| (ഹരം) | പരമശിവനെ |
| വിവൃതദ്വിജഃ | പല്ലു വെളിയിൽ കാട്ടി |
| ജഹാസ | അപഹസിച്ചു. |
| (തതഃ) | അതുകാരണം |
| ഭഗ്നദന്തഃ | പല്ലുതകർന്നവനും |
| പിഷ്ടാദഃ | അരച്ചതുമാത്രം ഭക്ഷിക്കുന്നവനുമായി |

44 ത്വഷ്ടുർദൈത്യാത്മജാ ഭാര്യാ രചനാ നാമ കന്യകാ
സന്നിവേശസ്തയോർജജ്ഞേ വിശ്വരൂപശ്ച വീര്യവാൻ

| | |
|---|---|
| ത്വഷ്ടുഃ | ത്വഷ്ടാവിൻെറ |
| ഭാര്യാ | പത്നി |
| ദൈത്യാത്മജാ | ദൈത്യന്മാരുടെ അനുജത്തിയായ |
| രചനാ നാമ | രചനയെന്നുപേരുള്ള |
| കന്യകാ | കന്യകയാണ്. |
| തയോഃ | അവക്ക് പുത്രനായി |
| സന്നിവേശഃ | സന്നിവേശൻ |
| ജജ്ഞേ | ജനിച്ചു. |
| വീര്യവാൻ | വീര്യശാലിയായ |
| വിശ്വരൂപഃ ച | വിശ്വരൂപനും ഉണ്ടായി |

45 തം വവ്രിരേ സുരഗണാഃ സ്വസ്രീയം ദ്വിഷതാമപി
വിമതേന പരിത്യക്താ ഗുരുണാംഗിരസേന യത്

| | |
|---|---|
| യത് | ഏതൊരിക്കൽ |
| വിമതേന | (ഇന്ദ്രനാൽ) അപമാനിതനായി ഭവിച്ച |
| ഗുരുണാ | ദേവഗുരുവായ |
| ആംഗിരസേന | ബൃഹസ്പതിയാൽ |
| പരിത്യക്താഃ | തങ്ങൾ ഉപേക്ഷിക്കപ്പെട്ടവരായോ |
| (തദാ) | അന്ന് |
| സുരഗണാഃ | ദേവന്മാർ |
| ദ്വിഷതാം | സ്വ വിരോധികളായ ദൈത്യന്മാരുടെ |
| സ്വസ്രീയം അപി | സോദരിയുടെ പുത്രനെന്നിരിക്കലും കൂടി |
| തം | ആ വിശ്വരൂപനെ |
| വവ്രിരേ | ആചാര്യനായിട്ട വരിച്ചുപോലും |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
ഷഷ്ഠോऽധ്യായഃ
ആദിതഃ ശ്ലോകാഃ 295
ആറാമത്തെ സ്കന്ധത്തിൽ ആറാമധ്യായം കഴിഞ്ഞു

## സപ്തമോऽദ്ധ്യായഃ - അദ്ധ്യായം ഏഴ്

### ദേവന്മാർ വിശ്വരൂപനെ ഗുരുവായി വരിച്ചത്

"സപ്തമേ വിശ്വരൂപോऽസൗ പൗരോഹിത്യേ വൃതഃ സുരൈഃ
ഗുരുണാ സംപരിത്യക്തൈഃ പൗരോഹിത്യമഥാകരോത്"

ദേവഗുരുവായ ബൃഹസ്പതി തങ്ങളെ വിട്ടുപോയതുകൊണ്ട് ദേവന്മാർ വിശ്വരൂപനെ പുരോഹിതനായി വരിച്ചതും, വിശ്വരൂപൻ അവരുടെ പൗരോഹിത്യം സ്വീകരിച്ചതും ഈ ഏഴാമദ്ധ്യായത്തിൽ പറയുന്നു.

രാജോവാച = രാജാവ് (ശ്രീശുകനോട്) ചോദിച്ചു

1 കസ്യ ഹേതോഃ പരിത്യക്താ ആചാര്യേണാത്മനഃ സുരാഃ
ഏതദാചക്ഷ്വ ഭഗവൻ ശിഷ്യാണാമക്രമം ഗുരൗ

| | | | |
|---|---|---|---|
| കസ്യഹേതോഃ | എന്തുകാരണത്താൽ | | |
| ആചാര്യേണ | ദേവഗുരുവിനാൽ | ഏതത് | ഇതു് |
| ആത്മനഃ | തന്റെ | ആചക്ഷ്വ | വ്യക്തമാക്കിത്തന്നാലും |
| (ശിഷ്യാഃ) | ശിഷ്യന്മാരായ | ഗുരൗ | ഗുരുവിന്റെ അടുക്കൽ |
| സുരാഃ | ദേവന്മാർ | ശിഷ്യാണാം | ശിഷ്യന്മാർക്കുണ്ടായ |
| പരിത്യക്താഃ | ഉപേക്ഷിക്കപ്പെട്ടു? | അക്രമം | അപരാധത്തെയും |
| ഭഗവൻ | സർവ്വജ്ഞനായ ഋഷിവര്യ! | (ആചക്ഷ്വ) | പറഞ്ഞുതരണം. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

2 ഇന്ദ്രസ്ത്രിഭുവനൈശ്വര്യമദോല്ലംഘിതസത്പഥഃ
മരുദ്ഭിർവസുഭീ രുദ്രൈരാദിത്യൈരൃഭുഭിർനൃപ

3 വിശ്വേദേവൈശ്ച സാധ്യൈശ്ച നാസത്യാഭ്യാം പരിശ്രിതഃ
സിദ്ധചാരണഗന്ധർവൈർമ്മുനിഭിർബ്രഹ്മവാദിഭിഃ

4 വിദ്യാധരാപ്സരോഭിശ്ച കിന്നരൈഃ പതഗോരഗൈഃ
നിഷേവ്യമാണോ മഘവാൻ സ്തൂയമാനശ്ച ഭാരത

5 ഉപഗീയമാനോ ലളിതമാസ്ഥാനാധ്യാസനാശ്രിതഃ
പാണ്ഡുരേണാതപത്രേണ ചന്ദ്രമണ്ഡലചാരുണാ

6 യുക്തശ്ചാന്യൈഃ പാരമേഷ്ഠ്യൈശ്ചാമരവ്യജനാദിഭിഃ
വിരാജമാനഃ പൗലോമ്യാ സഹാർദ്ധാസനയാ ഭൃശം

| | |
|---|---|
| ഭാരത | ഭരതവംശജനായ |
| നൃപ | രാജാവേ! |
| ത്രിഭുവനൈശ്വര്യമദോല്ലംഘിതസത്പഥഃ | മൂന്നുലോകത്തിന്റെയും ഏകാധിപത്യം കൊണ്ടുള്ള മദത്താൽ ശിഷ്ടാചാരങ്ങളെ മറികടന്നിരുന്ന |
| മഘവാൻ | സംപൂജ്യനായ |
| ഇന്ദ്രഃ | ദേവേന്ദ്രൻ |
| മരുദ്ഭിഃ | മരുദ്ഗണങ്ങളാലും |
| വസുഭിഃ | അഷ്ടവസുക്കളാലും, |
| രുദ്രൈഃ | രുദ്രന്മാരാലും |
| ആദിത്യൈഃ | ദ്വാദശാദിത്യന്മാരാലും, |
| ഋഭുഭിഃ | ഋഭുദേവന്മാരാലും |
| വിശ്വേദേവൈഃ | വിശ്വേദേവന്മാരാലും, |
| നാസത്യാഭ്യാം | അശ്വിനീദേവന്മാരാലും, |
| സാധ്യൈഃ ച | സാധ്യഗണങ്ങളാലും |
| സിദ്ധചാരണഗന്ധർവൈഃ | സിദ്ധന്മാർ ചാരണന്മാർ ഗന്ധർവന്മാർ എന്നിവരാലും, |
| ബ്രഹ്മവാദിഭിഃ | വേദോച്ചാരണം ചെയ്യുന്ന |
| മുനിഭിഃ ച | ഋഷിവര്യന്മാരാലും |
| വിദ്യാധരാപ്സരോഭിഃ | വിദ്യാധരന്മാർ അപ്സരസ്സുകൾ എന്നിവരാലും |
| കിന്നരൈഃ | കിംപുരുഷന്മാരാലും, |
| പതഗോരഗൈഃ ച | പക്ഷീന്ദ്രന്മാർ നാഗേന്ദ്രന്മാർ എന്നിവരാലും |
| പരിശ്രിതഃ | പരിവൃതനായി |
| നിഷേവ്യമാണഃ | സേവിക്കപ്പെടുന്നവനും |
| ഉപഗീയമാനഃ | പാടിപ്പുകഴ്ത്തപ്പെടുന്നവനുമായിട്ട്, |
| ലളിതം | വിലാസഭംഗിയോടെ |
| ആസ്ഥാനാധ്യാസനാശ്രിതഃ | ആസ്ഥാനമണ്ഡപത്തിലെ പ്രധാന സിംഹാസനത്തിൽ ഇരിപ്പുറപ്പിച്ച്, |
| ചന്ദ്രമണ്ഡലചാരുണാ | ചന്ദ്രമണ്ഡലം പോലെ കമനീയമായ |
| പാണ്ഡുരേണ ആതപത്രേണ | വെൺകൊറ്റക്കുടയോടും |
| പാരമേഷ്ഠ്യൈഃ | മഹാരാജചിഹ്നങ്ങളായി |
| അന്യൈഃ | വേറെയുമുള്ള |
| ചാമരവ്യജനാദിഭിഃ | വെഞ്ചാമരം, ആലവട്ടം മുതലായവയോടും |
| യുക്തഃ ച | കൂടിയവനായി, |
| അർദ്ധാസനയാ | തന്റെ പാതി ഇരിപ്പിടത്തിൽത്തന്നെ ഇരിക്കുന്ന |
| പൗലോമ്യാ സഹ | ഇന്ദ്രാണിയോടുകൂടി |
| ഭൃശം | അത്യധികം |
| വിരാജമാനഃ | വിരാജിക്കുകയായിരുന്നു |

7 സ യദാ പരമാചാര്യം ദേവാനാമാത്മനശ്ച ഹ
നാഭ്യനന്ദത സംപ്രാപ്തം പ്രത്യുത്ഥാനാസനാദിഭിഃ

| | |
|---|---|
| യദാ | യാതൊരു ഈ സന്ദർഭത്തിൽ |
| സംപ്രാപ്തം | സമാഗതനായ |
| ദേവാനാം | ദേവന്മാരുടെയും |
| ആത്മനഃ ച | തന്റേയും |
| പരമാചാര്യം | പരമഗുരുവിനെ |

| | |
|---|---|
| സഃ ഹ | ആ ഇന്ദ്രൻ, കഷ്ടമേ! |
| പ്രത്യുത്ഥാനാസനാദിഭിഃ | എഴുന്നേററു് ആദരിച്ചിരുത്തുക മുതലായ ശിഷ്ടാചാരങ്ങളാൽ |
| ന അഭ്യനന്ദത | ബഹുമാനിക്കയുണ്ടായില്ല |

8 വാചസ്പതിം മുനിവരം സുരാസുരനമസ്കൃതം
നോച്ചചാലാസനാദിന്ദ്രഃ പശ്യന്നപി സമാഗതം

| | |
|---|---|
| സുരാസുരനമസ്കൃതം | ദേവാസുരന്മാൎക്കെല്ലാം അഭിവന്ദ്യനും |
| മുനിവരം | മനനശീലന്മാരിൽ വച്ചു് ശ്രേഷ്ഠനുമായ |
| വാചസ്പതിം | ബൃഹസ്പതിയെ |
| സമാഗതം | അഭ്യാഗതനായിട്ടു് |
| പശ്യൻ അപി | കണ്ടിട്ടുകൂടിയും |
| ഇന്ദ്രഃ | ഇന്ദ്രൻ |
| ആസനാത് | ഇരുന്ന ഇടത്തിൽ നിന്നു് |
| ന ഉച്ചചാല | ഇളകിയില്ല |

തതോ നിർഗത്യ സഹസാ കവിരാംഗിരസഃ പ്രഭുഃ
ആയയൗ സ്വഗൃഹം തൂഷ്ണീം വിദ്വാൻ ശ്രീമദവിക്രിയാം

| | |
|---|---|
| കവിഃ | കാന്തദർശിയും |
| പ്രഭുഃ | ശാപാനുഗ്രഹസമർത്ഥനുമായ |
| ആംഗിരസഃ | ബൃഹസ്പതി |
| ശ്രീമദവിക്രിയാം | ഐശ്വര്യലഹരിനിമിത്തമുണ്ടാകുന്ന മനോവികാരത്തെക്കുറിച്ചു് |
| വിദ്വാൻ | ബോധവാനായിട്ടു് |
| തൂഷ്ണീം | ഒന്നും ഉരിയാടാതെ |
| തതഃ | അവിടെനിന്നു് |
| സഹസാ | പെട്ടെന്നു് |
| നിർഗത്യ | ഇറങ്ങിത്തിരിച്ചു് |
| സ്വഗൃഹം | സ്വവസതിയിലേക്കു് |
| ആയയൗ | പോന്നു |

10 തർഹ്യേവ പ്രതിബുധ്യേന്ദ്രോ ഗുരുഹേലനമാത്മനഃ
ഗർഹയാമാസ സദസി സ്വയമാത്മാനമാത്മനാ

| | |
|---|---|
| തർഹ്യേവ | അപ്പോൾത്തന്നെ |
| ഇന്ദ്രഃ | ദേവേന്ദ്രൻ |
| ആത്മനഃ | തന്റെ അടുക്കൽ നിന്നുണ്ടായ |
| ഗുരുഹേലനം | ആചാര്യനിന്ദയെ |
| പ്രതിബുധ്യ | വീണ്ടാലോചിച്ചു്, |
| സദസി | ദേവസദസ്സിൽവച്ചു് |
| ആത്മനാ സ്വയം | തന്നാൽ തന്നെ |
| ആത്മാനം | തന്നെക്കുറിച്ചു് |
| ഗർഹയാമാസ | നിന്ദിച്ചു |

11 അഹോ ബത മമാസാധു കൃതം വൈ ദഭ്രബുദ്ധിനാ
യന്മയൈശ്വര്യമത്തേന ഗുരുഃ സദസി കാത്കൃതഃ

| | |
|---|---|
| അഹോ ബത | അയ്യോ കഷ്ടം! |
| മമ കൃതം | എന്റെ പ്രവൃത്തി |
| അസാധു വൈ | ഒട്ടും നന്നായില്ല. |
| യത് | എന്തെന്നാൽ |
| ദഭ്രബുദ്ധിനാ | അല്പബുദ്ധിയായി |
| ഐശ്വര്യമത്തേന | ഐശ്വര്യംമൂലം മതിമറന്നിരിക്കുന്ന |
| മയാ | എന്നാൽ |
| സദസി | സഭയിൽവച്ചു് |
| ഗുരുഃ | ആചാര്യൻ |
| കാത്കൃതഃ | അവഹേളിക്കപ്പെട്ടു. |

12 കോ ഗൃദ്ധ്യേത് പണ്ഡിതോ ലക്ഷ്മീം ത്രിവിഷ്ടപപതേരപി
യയാഹമാസുരം ഭാവം നീതോƒദ്യ വിബുധേശ്വരഃ

| | | | |
|---|---|---|---|
| പണ്ഡിതഃ | അറിവുള്ള | അദ്യ അഹം | ഇന്ന് ഞാൻ |
| കഃ | ഏതൊരാളാണ് | വിബുധേശ്വരഃ | സാത്വികബുദ്ധിയുള്ള ദേവന്മാരുടെ തലവനായിരുന്നിട്ടുപോലും |
| ത്രിവിഷ്ടപപതേഃ അപി | സ്വർല്ലോകാധിപതിയുടേതായാലും | ആസുരം ഭാവം | അസുരസ്വഭാവത്തിലേക്ക് |
| ലക്ഷ്മീം | ഐശ്വര്യത്തെ | നീതഃ | എത്തിക്കപ്പെട്ടു. |
| ഗൃദ്ധ്യേത് | ആഗ്രഹിക്കുന്നത്? | | |
| യയാ | യാതൊരു ഐശ്വര്യത്താൽ | | |

സിംഹാസനസ്ഥനായ രാജാവ് ആരെയും ആദരിച്ചെഴുന്നേല്ക്കേണ്ടതില്ലെന്ന വൃദ്ധാഭിപ്രായത്തെ പരാമർശിച്ചുകൊണ്ടുള്ളതാണ് അടുത്ത രണ്ടു ശ്ലോകങ്ങളും__

13 യേ പാരമേഷ്ഠ്യം ധിഷണമധിതിഷ്ഠന്ന കഞ്ചന
പ്രത്യുത്തിഷ്ഠേദിതി ബ്രൂയുഃ ധർമ്മം തേ ന പരം വിദുഃ

| | | | |
|---|---|---|---|
| പാരമേഷ്ഠ്യം | "മഹാരാജലക്ഷണമായ | യേ | യാതൊരുവർ |
| ധിഷണം | സിംഹാസനത്തിൽ | ബ്രൂയുഃ | പറഞ്ഞേക്കാമോ, |
| അധിതിഷ്ഠൻ | കയറിയിരിക്കുന്നവൻ | തേ | അവർ |
| കഞ്ചന | ആരെയും | പരം | പരമോന്നതമായ |
| ന പ്രത്യുത്തിഷ്ഠേത് ഇതി | ആദരിച്ചെഴുന്നേല്ക്കേണ്ടതില്ല" എന്ന് | ധർമ്മം | ധർമ്മതത്ത്വത്തെ |
| | | ന വിദുഃ | അറിയുന്നില്ല |

14 തേഷാം കുപഥദേഷ്ടൃണാം പതതാം തമസി ഹ്യധഃ
യേ ശ്രദ്ദധ്യുർവചസ്തേ വൈ മജ്ജന്ത്യശ്മപ്ലവാ ഇവ

| | | | |
|---|---|---|---|
| കുപഥദേഷ്ടൃണാം | പിഴച്ച വഴി കാട്ടിത്തരുന്നവരും | യേ | യാതൊരുവർ |
| തമസി | അറിവില്ലായ്മയുടെ ഇരുളിൽ | ശ്രദ്ദധ്യുഃ | ശ്രദ്ധിക്കുന്നുവോ, |
| അധഃ ഹി | അടിയോളം തന്നെ | തേ വൈ | അവർ തീർച്ചയായും |
| പതതാം | വീണടിഞ്ഞുപോകുന്നവരുമായ | അശ്മപ്ലവാഃ | കൽത്തോണിയിലിരുന്ന് പുഴ കടക്കുന്നവർ |
| തേഷാം | അവരുടെ | ഇവ | എന്നപോലെ |
| വചഃ | വാക്കിനെ | മജ്ജന്തി | മുങ്ങിപ്പോകുന്നു |

15 അഥാഹമമരാചാര്യമഗാധധിഷണം ദ്വിജം
പ്രസാദയിഷ്യേ നിശഠഃ ശീർഷ്ണാ തച്ചരണം സ്പൃശൻ

| | |
|---|---|
| അഥ അഹം | ആകയാൽ, ഞാൻ |
| ദ്വിജം | ബ്രാഹ്മണനും |
| അഗാധധിഷണം | അതിബുദ്ധിമാനുമായ |
| അമരാചാര്യം | ദേവഗുരുവിനെ |
| നിശം | മടികൂടാതെ |
| ശീർഷ്ണാ | ശിരസ്സിനാൽ |
| തച്ചരണം | അവിടുത്തെ തൃപ്പാദത്തെ |
| സ്പൃശൻ | സ്പർശിച്ചുകൊണ്ടു് |
| പ്രസാദയിഷ്യേ | പ്രസാദിപ്പിച്ചേക്കാം |

16 ഏവം ചിന്തയതസ്തസ്യ മഘോനോ ഭഗവാൻ ഗൃഹാത്
ബൃഹസ്പതിർഗതോഽദൃഷ്ടാം ഗതിമധ്യാത്മവിദ്യയാ

| | |
|---|---|
| ഏവം | ഇപ്രകാരം |
| തസ്യ മഘോനഃ | ആ ദേവരാജാവു് |
| ചിന്തയതഃ | ആലോചിച്ചുകൊണ്ടിരിക്കെ, |
| ഭഗവാൻ | ത്രികാല ജ്ഞാനസമ്പന്നനായ |
| ബൃഹസ്പതിഃ | ദേവാചാര്യൻ |
| അധ്യാത്മവിദ്യയാ | അധികമായ സ്വമായാവൈഭവത്താൽ |
| ഗൃഹാത് | ഗൃഹത്തിൽ നിന്നു് |
| അദൃഷ്ടാം | കാണപ്പെടുവാനാവാത്ത |
| ഗതിം | നിലയെ |
| ഗതഃ | പ്രാപിച്ചു |

17 ഗുരോർനാധിഗതഃ സംജ്ഞാം പരീക്ഷൻ ഭഗവാൻ സ്വരാട്
ധ്യായൻ ധിയാ സുരൈര്യുക്തഃ ശർമ്മ നാലഭതാത്മനഃ

| | |
|---|---|
| ഗുരോഃ | ഗുരുവിനെസംബന്ധിച്ച |
| സംജ്ഞാം | അറിവുകിട്ടുവാനുള്ള ഒരു പോംവഴി |
| പരീക്ഷൻ | പരീക്ഷിച്ചിട്ടുകൂടിയും |
| നാധിഗതഃ | കണ്ടെത്തുവാൻ സാധിക്കാതെയായ |
| സ്വരാട് | ദേവേന്ദ്രൻ |
| ഭഗവാൻ | ഭഗവാനായ |
| ധിയാ | മനസ്സാൽ |
| ധ്യായൻ | ചിന്തിച്ചുകൊണ്ടു് |
| സുരൈഃ | ദേവന്മാരോടു് |
| യുക്തഃ | കൂടിയിരുന്നു |
| ആത്മനഃ | മനസ്സിനു് |
| ശർമ്മ | സൗഖ്യം |
| ന അലഭത | ലഭിച്ചില്ല |

18 തച്ഛ്രുത്വൈവാസുരാഃ സർവ ആശ്രിത്യൗശനസം മതം
ദേവാൻ പ്രത്യുദ്യമം ചക്രുർദുർമ്മദാ ആതതായിനഃ

| | |
|---|---|
| തത് | അതിനെ |
| ശ്രുത്വാ ഏവ | കേട്ടതും തന്നെ |
| അസുരാഃ | അസുരന്മാർ |
| സർവേ | എല്ലാവരും |
| ഔശനസം | ശുക്രാചാര്യരുടേതായ |
| മതം | അഭിപ്രായത്തെ |
| ആശ്രിത്യ | അവലംബിച്ചു് |
| ആതതായിനഃ | ആയുധമേന്തിക്കൊണ്ടു് |
| ദേവാൻ പ്രതി | ദേവന്മാർക്കെതിരെ |
| ഉദ്യമം ചക്രുഃ | യുദ്ധോദ്യമം ചെയ്തു |

19 തൈർവിസൃഷ്ടേഷുഭിസ്തീക്ഷ്ണൈർനിർഭിന്നാംഗോരുബാഹവഃ
ബ്രഹ്മാണം ശരണം ജഗ്മുഃ സഹേന്ദ്രാ നതകന്ധരാഃ

| | | | |
|---|---|---|---|
| തൈഃ | അവരാൽ | നതകന്ധരാഃ | തലതാഴ്ത്തി കൊണ്ടു് |
| തീക്ഷ്ണൈഃ വിസൃഷ്ടൈഷുഭിഃ | പ്രയോഗിക്കപ്പെട്ട കൂർത്ത ശരങ്ങൾകൊണ്ടു് | സഹേന്ദ്രാഃ | ദേവേന്ദ്രനോടുകൂടെ |
| നിർഭിന്നാംഗോരുബാഹവഃ | തലയും തുടയും ഭുജവും നിശ്ശേഷം തകർന്നുപോയ ദേവന്മാർ | ബ്രഹ്മാണം | ബ്രഹ്മാവിനെ |
| | | ശരണം ജഗ്മുഃ | ശരണംപ്രാപിച്ചു |

20 താംസ്തഥാഽഭ്യർദിതാൻ വീക്ഷ്യ ഭഗവാനാത്മഭൂരജഃ
കൃപയാ പരയാ ദേവ ഉവാച പരിസാന്ത്വയൻ

| | | | |
|---|---|---|---|
| ഭഗവാൻ | സകലജ്ഞാനനിധിയും | താൻ വീക്ഷ്യ | അവരെ കണ്ടിട്ടു്, |
| ആത്മഭൂഃ | സ്വയംജാതനുമായ | പരയാ | അധികമായ |
| അജഃ ദേവഃ | ബ്രഹ്മദേവൻ | കൃപയാ | കാരുണ്യത്തോടെ |
| തഥാ | ആവിധം | പരിസാന്ത്വയൻ | ആശ്വാസമേകി കൊണ്ടു് |
| അഭ്യർദിതാൻ | പീഡിതന്മാരായിരിക്കുന്ന | ഉവാച | പറഞ്ഞു |

ബ്രഹ്മോവാച = ബ്രഹ്മാവു പറഞ്ഞു —

21 അഹോ ബത സുരശ്രേഷ്ഠാ ഹ്യഭദ്രം വഃ കൃതം മഹത്
ബ്രഹ്മിഷ്ഠം ബ്രാഹ്മണം ദാന്തമൈശ്വര്യാന്നാഭ്യനന്ദത

| | | | |
|---|---|---|---|
| അഹോ ബത | ഹാ കഷ്ടം ! | ഐശ്വര്യാത് | ഐശ്വര്യം നിമിത്തം |
| സുരശ്രേഷ്ഠാഃ | ദേവശ്രേഷ്ഠന്മാരേ! | ബ്രഹ്മിഷ്ഠം | ബ്രഹ്മജ്ഞാനിയും |
| വഃ കൃതം | നിങ്ങളുടെ പ്രവൃത്തി | ബ്രാഹ്മണം | ബ്രാഹ്മണനും |
| മഹത് | വലിയ | ദാന്തം | ജിതേന്ദ്രിയനുമായ ഗുരുവിനെ |
| അഭദ്രം ഹി | മോശമായി. എന്തെന്നാൽ | ന അഭ്യനന്ദത | ആദരിച്ചില്ല |

22 തസ്യായമനയസ്യാസീത് പരേഭ്യോ വഃ പരാഭവഃ
പ്രക്ഷീണേഭ്യഃ സ്വവൈരിഭ്യഃ സമൃദ്ധാനാം ച യത്സുരാഃ

| | | | |
|---|---|---|---|
| പരേഭ്യഃ | ശത്രുക്കളിൽ നിന്നു് | യത് ച | യാതൊന്നുതന്നെയും |
| വഃ അയം പരാഭവഃ | നിങ്ങൾക്ക നേരിട്ട ഈ പരാജയം | സമൃദ്ധാനാം | എല്ലാം തികഞ്ഞ നിങ്ങൾക്കു് |
| തസ്യ അനയസ്യ | ആ നെറികേടിന്റെ | പ്രക്ഷീണേഭ്യഃ | ഏറെക്കുറെ ദുർബലരായിരിക്കുന്ന |
| (ഫലം) | ഫലമായിട്ടു് | സ്വവൈരിഭ്യഃ | ആജന്മശത്രുക്കളിൽ നിന്നുമാണു് |
| ആസീത് | സംഭവിച്ചതാണു് | | |
| സുരാഃ | ദേവകളെ! | | |

ആചാര്യാവഹേളനം അപചയത്തിനും ആചാര്യോപാസനം ഉപചയത്തിനും കാരണമാകുമെന്നതു് അസുരന്മാരെ ഉദാഹരിച്ചുകൊണ്ടു പറയുന്നു.—

23 മഘവൻ ദ്വിഷതഃ പശ്യ പ്രക്ഷീണാൻ ഗുർവതിക്രമാത്
സംപ്രത്യുപചിതാൻ ഭൂയഃ കാവ്യമാരാധ്യ ഭക്തിതഃ
ആദദീരൻ നിലയനം മമാപി ഭൃഗുദേവതാഃ

| | | | |
|---|---|---|---|
| മഘവൻ | ഹേ ഇന്ദ്ര! | ഭൂയഃ | വീണ്ടും |
| ഗുർവതിക്രമാത് | ഗുരുതിരസ്കാരം കൊണ്ടു് | ഉപചിതാൻ | വളർച്ച പ്രാപിച്ച |
| പ്രക്ഷീണാൻ | ക്ഷീണിച്ചവരായിത്തീർന്നിട്ടും | ദ്വിഷതഃ | ശത്രുക്കളെ |
| സംപ്രതി | ഇപ്പോൾ | പശ്യ | നോക്കുക |
| കാവ്യം | ശുക്രമുനിയെ | ഭൃഗുദേവതാഃ | ശുക്രനെ ദൈവമായിട്ടു കരുതുന്ന അവർ |
| ഭക്തിതഃ | ഭക്തിപൂർവ്വം | മമ അപി | എന്റെയും കൂടി |
| ആരാധ്യ | (ഗുരുത്വേന) ആരാധിച്ചു് | നിലയനം | ആ വാസസ്ഥാനത്തെ |
| | | ആദദീരൻ | പിടിച്ചുപറ്റിയേക്കും |

24 ത്രിവിഷ്ടപം കിം ഗണയന്ത്യഭേദ്യ —
മന്ത്രാ ഭൃഗൂണാമനുശിക്ഷിതാർത്ഥാഃ
ന വിപ്രഗോവിന്ദഗവീശ്വരാണാം
ഭവന്ത്യഭദ്രാണി നരേശ്വരാണാം

| | | | |
|---|---|---|---|
| അഭേദ്യമന്ത്രാഃ | ഭേദിക്കുവാൻ സാധ്യമല്ലാത്ത മന്ത്രസിദ്ധിയോടുകൂടിയ | വിപ്രഗോവിന്ദ- ഗവീശ്വരാണാം | ബ്രാഹ്മണൻ, വിഷ്ണു, പശു എന്നിവർ അനുഗ്രഹദാതാക്കളായിട്ടിരിക്കുന്ന |
| ഭൃഗൂണാം അനുശിക്ഷിതാർത്ഥാഃ | ഭാർഗ്ഗവശിഷ്യന്മാർ | നരേശ്വരാണാം | ജനനായകന്മാർക്കു് |
| ത്രിവിഷ്ടപം | സ്വർഗ്ഗലോകത്തെ | അഭദ്രാണി | അമംഗളങ്ങൾ |
| ഗണയന്തി കിം | വകവെക്കുമോ?? | ന ഭവന്തി | സംഭവിക്കുന്നതല്ല. |

25 തദ്വിശ്വരൂപം ഭജതാശു വിപ്രം
തപസ്വിനം ത്വാഷ്ട്രമഥാത്മവന്തം
സഭാജിതോർത്ഥാൻ സ വിധാസ്യതേ വോ
യദി ക്ഷമിഷ്യധ്വമുതാസ്യ കർമ്മ

| | | | |
|---|---|---|---|
| തത് | ആകയാൽ, | ത്വാഷ്ട്രം | ത്വഷ്ടാവിന്റെ പുത്രനും |
| ആശു | ഉടൻതന്നെ | വിപ്രം | ബ്രാഹ്മണനായ |
| ആത്മവന്തം | ആത്മജ്ഞാനനിഷ്ഠനും | വിശ്വരൂപം | വിശ്വരൂപനെ |
| തപസ്വിനം | തപഃശക്തിയുള്ളവനും | അഥ | വൈകിക്കാതെ |
| | | ഭജത | സമാശ്രയിക്കുവിൻ |
| | | അസ്യ | ഇവന്റെ |

| | | | |
|---|---|---|---|
| കർമ്മ ഉത | (അസുരപക്ഷപാത പരമായ) പ്രവൃത്തി യേയും കൂടി | സഭാജിതഃ | പൂജിതനായ |
| | | സഃ | അവൻ |
| | | വഃ | നിങ്ങളുടെ |
| ക്ഷമിഷ്യധ്വം | നിങ്ങൾ സഹിക്കണം | അർത്ഥാൻ | കാര്യങ്ങളെ |
| | | വിധാസ്യതേ | നേടിത്തരുന്ന താണ്. |
| യദി | അങ്ങനെയാണെങ്കിൽ, | | |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—.

26 ത ഏവമുദിതാ രാജൻ ബ്രഹ്മണാ വിഗതജ്വരാഃ
ഋഷിം ത്വാഷ്ട്രമുപവ്രജ്യ പരിഷ്വജ്യേദമബ്രുവൻ

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ഋഷിം | ഋഷിയെ (വിശ്വരൂപനെ) |
| ബ്രഹ്മണാ | ബ്രഹ്മാവിനാൽ | | |
| ഏവം | ഇപ്രകാരം | ഉപവ്രജ്യ | സമീപിച്ച്, |
| ഉദിതാഃ തേ | ഉപദേശിക്കപ്പെട്ട അവർ | പരിഷ്വജ്യ | ഗാഢാലിംഗനം ചെയ്ത് |
| വിഗതജ്വരാഃ | പരിതാപമകന്നവ രായി ഭവിച്ച് | ഇദം | ഇങ്ങനെ |
| ത്വാഷ്ട്രം | ത്വഷ്ടാവിന്റെ പുത്രനായ | അബ്രുവൻ | പറഞ്ഞു — |

ദേവാ ഊചുഃ = ദേവന്മാർ പറഞ്ഞു—

27 വയം തേഽതിഥയഃ പ്രാപ്താ ആശ്രമം ഭദ്രമസ്തു തേ
കാമഃ സംപാദ്യതാം താത പിതൄണാം സമയോചിതഃ

| | | | |
|---|---|---|---|
| വയം തേ | ഞങ്ങൾ നിന്റെ | താത | മകനേ! |
| ആശ്രമം | ആശ്രമത്തിലേക്ക് | പിതൄണാം | കാരണവന്മാരുടെ |
| അതിഥയഃ | അതിഥികളായിട്ട് | സമയോചിതഃ | കാലോചിതമായ |
| പ്രാപ്താഃ | വന്നിരിക്കുന്നു. | കാമഃ | ആഗ്രഹം |
| തേ | നിനക്ക് | സംപാദ്യതാം | നിറവേററപ്പെടണം |
| ഭദ്രം അസ്തു | മംഗളമുണ്ടാകട്ടെ! | | |

28 പുത്രാണാം ഹി പരോധർമ്മഃ പിതൃശുശ്രൂഷണം സതാം
അപി പുത്രവതാം ബ്രഹ്മൻ കിമുത ബ്രഹ്മചാരിണാം

| | | | |
|---|---|---|---|
| പിതൃ ശുശ്രൂഷണം | പിതാക്കന്മാർക്ക് വേണ്ടി സേവന മനുഷ്ഠിക്കുക എന്നത് | പുത്രവതാം അപി | കുടുംബികളായി ക്കഴിഞ്ഞ പുത്രന്മാ രുടെയും കൂടിമുറയാ ണിത്. |
| സതാം | സൽസ്വഭാവമുള്ള | | |
| പുത്രാണാം | പുത്രന്മാരുടെയെല്ലാം | ബ്രഹ്മ ചാരിണാം | ബ്രഹ്മചാരികളു ടേത് |
| പരഃ | അതിപ്രധാനമായ | | |
| ധർമ്മഃ ഹി | ധർമ്മമാണല്ലോ | കിമുത | പിന്നെ പറയാനുണ്ടോ |
| ബ്രഹ്മൻ | ഹേ ബ്രഹ്മജ്ഞ! | | |

29 ആചാര്യോ ബ്രഹ്മണോ മൂർത്തിഃ പിതാ മൂർത്തിഃ പ്രജാപതേഃ
ഭ്രാതാ മരുത്പതേർമൂർത്തിർമ്മാതാ സാക്ഷാത്ക്ഷിതേസ്തനുഃ

30 ദയായാ ഭഗിനീ മൂർത്തിർധർമ്മസ്യാത്മാഽതിഥിഃ സ്വയം
അഗ്നേരഭ്യാഗതോ മൂർത്തിഃ സർവഭൂതാനി ചാത്മനഃ

| | | | |
|---|---|---|---|
| ആചാര്യഃ | ഓതിക്കോൻ | മൂർത്തിഃ | സ്വരൂപമാണ് |
| ബ്രഹ്മണഃ | വേദത്തിന്റെ | അതിഥിഃ | വിരുന്നുവന്നവൻ |
| മൂർത്തിഃ | സ്വരൂപമാണ് | ധർമ്മസ്യ | ധർമ്മദേവന്റെ |
| പിതാ | അച്ഛൻ | സ്വയം ആത്മാ | തനി സ്വരൂപമാകുന്നു, |
| പ്രജാപതേഃ | ബ്രഹ്മദേവന്റെ | | |
| മൂർത്തിഃ | സ്വരൂപമാണ്. | അഭ്യാഗതഃ | പരിചിതനല്ലെങ്കിലും സ്വഗൃഹത്തിൽ വന്നു കയറിയവൻ |
| ഭ്രാതാ | സഹോദരൻ | | |
| മരുത്പതേഃ | ദേവേന്ദ്രന്റെ | | |
| മൂർത്തിഃ | സ്വരൂപമാണ്, | അഗ്നേഃ | അഗ്നിഭഗവാന്റെ |
| മാതാ | അമ്മ | മൂർത്തിഃ | സ്വരൂപമാണ് |
| ക്ഷിതേഃ | ഭൂമിദേവിയുടെ | സർവഭൂതാനി | സകലജീവജാലങ്ങളും |
| സാക്ഷാത് തനുഃ | പ്രത്യക്ഷരൂപമാകുന്നു. | ആത്മനഃ ച | പരമാത്മാവായ ശ്രീഹരിയുടെ രൂപങ്ങളുമാകുന്നു. |
| ഭഗിനീ | സഹോദരി | | |
| ദയായാഃ | ദയയുടെ | | |

31 തസ്മാത് പിതൄണാമാർത്താനാമാർത്തിം പരപരാഭവം
തപസാഽപനയംസ്താത സന്ദേശം കർത്തുമർഹസി

| | | | |
|---|---|---|---|
| തസ്മാത് } താത } | അതുകൊണ്ട്, വത്സ! | ആർത്തിം | ദുഃഖത്തെ |
| ആർത്താനാം | ദുഃഖിതരായിരിക്കുന്ന | തപസാ | തപോബലത്താൽ |
| പിതൄണാം | പിതാക്കളുടെ (പിതൃസ്ഥാനീയരായ ഞങ്ങളുടെ) | അപനയൻ | നീക്കിക്കളഞ്ഞ് |
| | | സന്ദേശം | ഞങ്ങളുടെ നിവേദനം |
| പരപരാഭവം | ശത്രുക്കളിൽ നിന്നു നേരിട്ട അവമതിയുടെ രൂപത്തിലുള്ള | കർത്തും | നിറവേററിത്തരുവാൻ |
| | | അർഹസി | അർഹിക്കുന്നു. |

നിവേദനമെന്തെന്ന് വ്യക്തമാക്കുന്നു—

32 വൃണീമഹേ ത്വോപാധ്യായം ബ്രഹ്മിഷ്ഠം ബ്രാഹ്മണം ഗുരും
യഥാഽഞ്ജസാ വിജേഷ്യാമഃ സപത്നാംസ്തവ തേജസാ

| | | | |
|---|---|---|---|
| ബ്രഹ്മിഷ്ഠം | ബ്രഹ്മജ്ഞാനസമ്പന്നനും | ത്വാ | നിന്നെ |
| | | ഉപാധ്യായം | ആചാര്യനായിട്ട് |
| ബ്രഹ്മണം | ബ്രാഹ്മണനും (ആകയാൽ) | വൃണീമഹേ | ഞങ്ങൾ വരിക്കുന്നു |
| | | യഥാ | യാതൊരു വിധത്തിലായാൽ |
| ഗുരും | ഗുരുസ്ഥാനമുള്ളവനുമായ | | |

തവ തേജസാ — നിന്റെ ബുദ്ധിശക്തികൊണ്ട്
സപത്നാൻ — ശത്രുക്കളെ
അഞ്ജസാ — അനായാസേന
വിജേഷ്യാമഃ — ഞങ്ങൾ വിജയിക്കും

"നിങ്ങൾ എനിക്കു മൂത്തവരും മാതുലന്മാരുമാണ്; എന്നെ ആചാര്യസ്ഥാനത്തിരുത്തി അഭിവാദ്യം ചെയ്യുന്നതു യുക്തമാണോ" എന്നു ശങ്കിക്കരുതെന്നു് പറയുന്നു.

33 ന ഗർഹയന്തി ഹ്യർത്ഥേഷു യവിഷ്ഠാങ്ഘ്ര്യഭിവാദനം
ഛന്ദോഭ്യോഽന്യത്ര ന ബ്രഹ്മൻ വയോ ജ്യൈഷ്ഠ്യസ്യ കാരണം

അർത്ഥേഷു — പ്രയോജനങ്ങളുള്ളപ്പോൾ
യവിഷ്ഠാങ്ഘ്ര്യഭിവാദനം ഹി — പ്രായം കുറഞ്ഞവരുടെ കാൽ പിടിക്കുന്നതിനെയും
ന ഗർഹയന്തി — അറിവുള്ളവർ തള്ളിപ്പറയുന്നില്ല.
ബ്രഹ്മൻ — ഹേ ബ്രഹ്മജ്ഞ!
ഛന്ദോഭ്യഃ അന്യത്ര — വേദശാസ്ത്രാദിജ്ഞാനം ഒഴിച്ചുള്ള മററു സന്ദർഭങ്ങളിലാണ്
വയഃ — വയസ്സുമൂപ്പ്
ജ്യൈഷ്ഠ്യസ്യ — ജ്യേഷ്ഠത്വത്തിന്
കാരണം — ഹേതുവാകുന്നത്,
ന — ജ്ഞാനത്തിലല്ല.

ജ്ഞാനമാണ് ജ്യേഷ്ഠത്വത്തിന് അടിസ്ഥാനം, വയസ്സുമൂപ്പല്ല - അതിനാൽ ഞങ്ങളുടെ അനന്തരവനാണെങ്കിലും ജ്ഞാനിയായ നീ തന്നെയാണ് ജ്യേഷ്ഠൻ. ആ നിലക്ക് അഭിവാദനം ചെയ്തു ഗുരുവായി വരിക്കുന്നതിൽ അനൗചിത്യമൊന്നുമില്ല എന്നു് ഭാവം.

ഋഷിരുവാച = ശ്രീശുക ബ്രഹ്മർഷി പറഞ്ഞു —

34 അഭ്യർത്ഥിതഃ സുരഗണൈഃ പൗരോഹിത്യേ മഹാതപാഃ
സ വിശ്വരൂപസ്താനാഹ പ്രസന്നഃ ശ്ലക്ഷ്ണയാ ഗിരാ.

മഹാതപാഃ — മഹാതപസ്വിയായ
സഃ വിശ്വരൂപഃ — ആ വിശ്വരൂപൻ
സുരഗണൈഃ — ദേവസമൂഹങ്ങളാൽ
പൗരോഹിത്യേ — പുരോഹിതസ്ഥാനം സ്വീകരിക്കുന്നതിനെ അധികരിച്ച്
അഭ്യർത്ഥിതഃ — അഭ്യർത്ഥിക്കപ്പെട്ടവനായപ്പോൾ,
പ്രസന്നഃ — സന്തുഷ്ടനായിട്ട്
ശ്ലക്ഷ്ണയാ — മൃദുവായ
ഗിരാ — മൊഴിയാൽ
താൻ ആഹ — അവരോടു പറഞ്ഞു

വിശ്വരൂപ ഉവാച = വിശ്വരൂപൻ പറഞ്ഞു —

35 വിഗർഹിതം ധർമ്മശീലൈർബ്രഹ്മവർച്ച ഉപവ്യയം
കഥം നു മദ്വിധോ നാഥാ ലോകേശൈരഭിയാചിതം
പ്രത്യാഖ്യാസ്യതി തച്ഛിഷ്യഃ സ ഏവ സ്വാർത്ഥ ഉച്യതേ

ധർമ്മശീലൈഃ  ധർമ്മാചരണനിഷ്ഠയുള്ള സുജനങ്ങളാൽ
വിഗർഹിതം  വിശേഷിച്ചും നിന്ദിതമായ ഒന്നത്രേ
(പൗരോഹിത്യം)  പുരോഹിതസ്ഥാനം.
ബ്രഹ്മവർച്ച- ഉപവ്യയം  (അതു്) ബ്രഹ്മതേജസ്സിനെ ഇല്ലാതാക്കിത്തീർക്കുന്ന തൊഴിലാണു്.
നാഥാഃ  രക്ഷിതാക്കളേ!
കഥം ന  എന്നാലും, എങ്ങനെയാണു്

ലോകേശൈഃ  ലോകപാലന്മാരാൽ
അഭിയാചിതം  നേരിട്ടപേക്ഷിക്കപ്പെട്ടതിനെ
മദ്വിധഃ  എന്റെ തരത്തിലുള്ള
തച്ഛിഷ്യഃ  അവരുടെ ഒരു ശിഷ്യൻ
പ്രത്യാഖ്യാസ്യതി  തള്ളിക്കളയുക?
സഃ ഏവ  അതുതന്നെ
സ്വാർത്ഥഃ  സ്വപ്രയോജനമെന്നു്
ഉച്യതേ  വ്യാഖ്യാനിക്കപ്പെടുന്നതാണു്

''പൗരോഹിത്യം ധനലാഭത്തിനുള്ള മാർഗ്ഗമാണു്. ഗൃഹസ്ഥവൃത്തിയിൽ ധനമുണ്ടായാലേ സത്കർമ്മങ്ങൾ നടത്തുവാൻ ആകയുള്ളൂ. നിങ്ങൾ എന്തു ചെയ്യുവാനാണു്? അതിനാൽ പൗരോഹിത്യം സ്വീകരിക്കുന്നതിൽ തെറ്റൊന്നുമില്ല. ആളുകൾ അഭിനന്ദിക്കുക തന്നെ ചെയ്യും'' എന്നുള്ള അഭിപ്രായത്തെ നിരാകരിക്കുവാൻ വേണ്ടി തുടർന്നു പറയുന്നു.

36 അകിഞ്ചനാനാം ഹി ധനം ശിലോഞ്ഛനം
തേനേഹ നിർവർത്തിതസാധുസത്ക്രിയഃ
കഥം വിഗർഹ്യം നു കരോമ്യധീശ്വരാഃ
പൗരോധസം ഹൃഷ്യതി യേന ദുർമ്മതിഃ

അകിഞ്ചനാനാം  ഒന്നുമില്ലാത്തവർക്കു്
ശിലോഞ്ഛനം  ശിലവും ഉഞ്ഛനവും
ഹി ധനം  തന്നെയാണു് ധനം
ഇഹ  ഈ ഗൃഹസ്ഥാശ്രമത്തിൽ
തേന  അതുകൊണ്ടുതന്നെ
നിർവർത്തിത-സാധ്യസത്-ക്രിയഃ  നിറവേറ്റപ്പെട്ട സാധുസൽക്കാരത്തോടുകൂടി വർത്തിക്കുന്ന ഞാൻ

വിഗർഹ്യം  നിന്ദനീയമായ
പൗരോധസം  പൗരോഹിത്യം
കഥം നു  എങ്ങനെയാണു്
കരോമി  ചെയ്യുന്നതു് ?
അധീശ്വരാഃ  ഹേ ദേവേശ്വരന്മാരെ!
യേന  യാതൊരു ആ കർമ്മം കൊണ്ടു്
ദുർമ്മതിഃ  ദുഷിച്ച ബുദ്ധിയുള്ളവൻ മാത്രം
ഹൃഷ്യതി  അഭിനന്ദിക്കുന്നതാണു്

വയലിൽ കർഷകൻ തള്ളിക്കളഞ്ഞ ധാന്യമണികൾ പെറുക്കിയെടുക്കുന്നതു് ശിലം. കച്ചോടസ്ഥലങ്ങളിൽ കൊഴിഞ്ഞു ചിതറിക്കിടക്കുന്നതിനെ പെറുക്കിയെടുക്കുന്നതു ഉഞ്ഛനം

37 തഥാപി ന പ്രതിബ്രൂയാം ഗുരുഭിഃ പ്രാർത്ഥിതം കിയത്
ഭവതാം പ്രാർത്ഥിതം സർവം പ്രാണൈരർത്ഥൈശ്ച സാധയേ

| | |
|---|---|
| തഥാപി | എന്നിരിക്കിലും |
| ഗുരുഭിഃ | ഗുരുജനങ്ങളാൽ |
| പ്രാർത്ഥിതം | അഭ്യർത്ഥിക്കപ്പെട്ട |
| കിയത് | അല്പമായകാര്യം |
| ന പ്രതിബ്രൂയാം | ഞാൻ മറുത്തു പറയുന്നില്ല |
| ഭവതാം | ഭവാന്മാരുടെ |
| പ്രാർത്ഥിതം | അഭ്യർത്ഥന |
| സർവം | മുഴുവനും |
| പ്രാണൈഃ | ജീവനെക്കൊണ്ടും |
| അർത്ഥൈഃ ച | മററുപകരണങ്ങളെ കൊണ്ടും |
| സാധയേ | നിറവേററുന്നതാണ് |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

38 തേഭ്യ ഏവം പ്രതിശ്രുത്യ വിശ്വരൂപോ മഹാതപാഃ
പൗരോഹിത്യം വൃതശ്ചക്രേ പരമേണ സമാധിനാ

| | |
|---|---|
| മഹാതപാഃ | വലിയ തപോബലമാളുന്ന |
| വിശ്വരൂപഃ | വിശ്വരൂപൻ |
| തേഭ്യഃ | അവർക്കായിക്കൊണ്ട് |
| ഏവം | ഇപ്രകാരം |
| പ്രതിശ്രുത്യ | വാഗ്ദാനം ചെയ്തിട്ട് |
| വൃതഃ | വരിക്കപ്പെട്ടവനായി |
| പരമേണ | അത്യുത്തമമായ |
| സമാധിനാ | മനഃ സാന്നിധ്യത്തോടെ |
| പൗരോഹിത്യം | പുരോഹിതസ്ഥാനം |
| ചക്രേ | അംഗീകരിച്ചു |

39 സുരദ്വിഷാം ശ്രിയം ഗുപ്താമൗശനസ്യാപി വിദ്യയാ
ആച്ഛിദ്യാദാന്മഹേന്ദ്രായ വൈഷ്ണവ്യാ വിദ്യയാ വിഭുഃ

| | |
|---|---|
| വിഭുഃ | സമർത്ഥനായ വിശ്വരൂപൻ |
| ഔശനസ്യാ | ശുക്രാചാര്യരുടേതായ |
| വിദ്യയാ അപി | മന്ത്രവിദ്യയാൽപ്പോലും |
| ഗുപ്താം | സുരക്ഷിതമായ |
| സുരദ്വിഷാം | അസുരന്മാരുടെ |
| ശ്രിയം | ഐശ്വര്യത്തെ |
| വൈഷ്ണവ്യാ | വൈഷ്ണവമായ |
| വിദ്യയാ | മന്ത്രവിദ്യകൊണ്ട് |
| ആച്ഛിദ്യ | തട്ടിയെടുത്ത് |
| മഹേന്ദ്രായ | ദേവേന്ദ്രന് |
| അദാത് | കൊടുത്തു |

40 യയാ ഗുപ്തഃ സഹസ്രാക്ഷോ ജിഗ്യേƒസുരചമൂർവിഭുഃ
താം പ്രാഹ സ മഹേന്ദ്രായ വിശ്വരൂപ ഉദാരധീഃ

| | |
|---|---|
| സഹസ്രാക്ഷഃ | ദേവേന്ദ്രൻ |
| യയാ | യാതൊരു വിദ്യയാൽ |
| ഗുപ്തഃ | സുരക്ഷിതനായിട്ട് |
| അസുരചമൂഃ | അസുരസേനകളെ |
| ജിഗ്യേ | ജയിക്കയുണ്ടായോ, |
| താം | ആ വിദ്യയെ |
| വിഭുഃ | കഴിവുററവനും |
| ഉദാരധീഃ | ഉദാരചിത്തനുമായ |
| സഃ വിശ്വരൂപഃ | ആ വിശ്വരൂപൻ |
| മഹേന്ദ്രായ | ദേവേന്ദ്രന് |
| പ്രാഹ | ഉപദേശിച്ചു |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ സപ്തമോƒധ്യായഃ

ആദിതഃ ശ്ലോകാഃ 335

ആറാമത്തെ സ്കന്ധത്തിൽ ഏഴാമദ്ധ്യായം കഴിഞ്ഞു

## അഷ്ടമോऽദ്ധ്യായഃ — അദ്ധ്യായം എട്ട്

### നാരായണകവചമന്ത്രോപദേശം

“ അഷ്ടമേ വിശ്വരൂപസ്യ വർമ്മ നാരായണാത്മകം
ഇന്ദ്രായ പ്രാഹ യേനേന്ദ്രോ ഗുപ്തോ ദൈത്യാനഥാऽജയത് ”

വിശ്വരൂപൻ ഇന്ദ്രനു ‘നാരായണകവചം’ എന്ന മന്ത്രം ഉപദേശിക്കുന്നതും ഇന്ദ്രൻ അതിനാൽ സുരക്ഷിതനായി അസുരന്മാരെ ജയിക്കുന്നതും ഈ എട്ടാമദ്ധ്യായത്തിൽ പറയുന്നു.

രാജോവാച = ശ്രീപരീക്ഷിത്ത് ചോദിച്ചു—

1 യയാ ഗുപ്തഃ സഹസ്രാക്ഷഃ സവാഹാൻ രിപുസൈനികാൻ
ക്രീഡന്നിവ വിനിർജിത്യ ത്രിലോക്യാ ബുഭുജേ ശ്രിയം

2 ഭഗവൻ തന്മമാഖ്യാഹി വർമ്മ നാരായണാത്മകം
യഥാऽऽതതായിനഃ ശത്രൂൻ യേന ഗുപ്തോऽജയന്മൃധേ

| | |
|---|---|
| സഹസ്രാക്ഷഃ | ദേവേന്ദ്രൻ |
| യയാ | യാതൊരു വിദ്യയാൽ |
| ഗുപ്തഃ | ഗോപനം ചെയ്യപ്പെട്ട് |
| സവാഹാൻ | രഥതുരഗാദിവാഹനയുക്തരായ |
| രിപുസൈനികാൻ | ശത്രുഭടന്മാരെ |
| ക്രീഡൻ ഇവ | കളിയായിട്ടെന്നപോലെ |
| വിനിർജിത്യ | തികച്ചും തോല്പിച്ച് |
| ത്രിലോക്യാഃ | മൂന്നുലോകത്തിന്റെയും |
| ശ്രിയം | ഐശ്വര്യം |
| ബുഭുജേ | അനുഭവിച്ചുവല്ലോ, |
| ഭഗവൻ | ഹേ സർവ്വജ്ഞനായ ഋഷേ! |
| നാരായണാത്മകം | ശ്രീനാരായണസ്വരൂപമായ |
| തത് വർമ്മ | ആ കവചത്തെ |
| മമ | എനിക്ക് |
| ആഖ്യാഹി | ഉപദേശിച്ചുതരണം |
| യേന | യാതൊന്നിനാൽ |
| ഗുപ്തഃ | ഗോപനം ചെയ്യപ്പെട്ട ഇന്ദ്രൻ |
| യഥാ | യാതൊരു പ്രകാരത്തിലാണ് |
| ആതതായിനഃ | ആയുധധാരികളായ |
| ശത്രൂൻ | ശത്രുക്കളെ |
| മൃധേ | യുദ്ധത്തിൽ |
| അജയത് | ജയിച്ചത്? |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

3 വൃതഃ പുരോഹിതസ്ത്വാഷ്ട്രോ മഹേന്ദ്രായാനുപൃച്ഛതേ
നാരായണാഖ്യം വർമ്മാഹ തദിഹൈകമനാഃ ശൃണു.

| | |
|---|---|
| പുരോഹിതഃ | പുരോഹിതനായി |
| വൃതഃ | വരിക്കപ്പെട്ട |
| ത്വാഷ്ട്രഃ | വിശ്വരൂപൻ |
| അനുപൃഷ്ടതേ | അനുസരണത്തോടെ ചോദിച്ചുനിൽക്കുന്ന |
| മഹേന്ദ്രായ | ദേവേന്ദ്രനുവേണ്ടി |
| നാരായണാഖ്യം | നാരായണ സംജ്ഞകമായ |
| വമ്മ | കവചത്തെ |
| ആഹ | ഉപദേശിച്ചു. |
| തത് ഇഹ | അത് ഇപ്പോഠം |
| ഏകമനാഃ | ഏകാഗ്രചിത്തനായി |
| ശൃണു | കേട്ടുധരിച്ചാലും |

വിശ്വരൂപ ഉവാച = വിശ്വരൂപൻ പറഞ്ഞു—

4 ധൗതാങ്ഘ്രിപാണിരാചമ്യ സപവിത്ര ഉദങ്മുഖഃ
കൃതസ്വാംഗകരന്യാസോ മന്ത്രാഭ്യാം വാഗ്യതഃ ശുചിഃ

5 നാരായണമയം വമ്മ സന്നഹ്യേദ് ഭയ ആഗതേ
പാദയോർജാനുനോരൂർവ്വോരുദരേ ഹൃദ്യഥോരസി

6 മുഖേ ശിരസ്യാനുപൂർവ്വ്യാദോംകാരാദീനി വിന്യസേത്
ഓം നമോ നാരായണായേതി വിപര്യയമഥാപി വാ.

| | |
|---|---|
| ഭയേ ആഗതേ | ഭയം നേരിടുന്ന സന്ദർഭത്തിൽ |
| ധൗതാങ്ഘ്രി- പാണിഃ | കാലും കരവും കഴുകി ശുദ്ധി വരുത്തി, |
| ആചമ്യ | ആചമിച്ചു് |
| സപവിത്രഃ | പവിത്രമിട്ട് |
| ഉദങ്മുഖഃ | വടക്കനോക്കിയി ന്നു് |
| മന്ത്രാഭ്യാം | അഷ്ടാക്ഷരം, ദ്വാദശാ ക്ഷരം എന്നീ രണ്ടു മന്ത്രങ്ങളാംകൊണ്ടു് |
| കൃതസ്വാംഗ- കരന്യാസഃ | അംഗന്യാസവും കരന്യാസവും യഥാക്രമം ചെയ്തു കഴിഞ്ഞവനും |
| വാഗ്യതഃ | വാക്കൊതുക്കം പാലി ക്കുന്നവനും |
| ശുചിഃ | ബാഹ്യാഭ്യന്തരശുദ്ധി യുള്ളവനുമായി ഭവിച്ച്, |
| നാരായണ- മയം വമ്മ | ശ്രീനാരായണാത്മ കമായ രക്ഷാകവ ചത്തെ |
| സന്നഹ്യേത് | ധരിക്കേണ്ടതാകുന്നു. |
| ഓം നമോ നാരായണായ ഇതി | 'ഓം നമോ നാരാ യണായ' എന്ന അഷ്ടാക്ഷര മന്ത്ര ത്തിലെ |
| ഓംകാരാദീനി | ഓംകാര പൂവ്വകങ്ങ ളായ അക്ഷരങ്ങളെ |
| അനുപൂവ്വ്യാത് | അനുക്രമമായിട്ട് |
| പാദയോഃ | പാദങ്ങളിലും |
| ജാനുനോഃ | കാൽമുട്ടുകളിലും |
| ഊർവ്വോഃ | തുടകളിലും |
| ഉദരേ | ഉദരത്തിലും |
| ഹൃദി | ഹൃദയത്തിലും |
| ഉരസി | മാറിടത്തിലും |
| മുഖേ അഥ | മുഖത്തിലും, പിന്നെ |
| ശിരസി | ശിരസ്സിലും |
| വിന്യസേത് | വിന്യസിക്കണം. |
| അഥാപി | വേണമെങ്കിൽ |
| വിപര്യയം വാ | വ്യുത്ക്രമമായിട്ടും ആകാം |

ഇങ്ങനെ പാദാദിശിരഃപര്യന്തം അനുക്രമമായും ശിരആദി പാദാന്തം വ്യുത്ക്രമമായും അംഗന്യാസം ചെയ്യാവുന്നതാണ്. ആദ്യത്തേതിന് ഉത്പത്തിന്യാസമെന്നും രണ്ടാമത്തേതിന് സംഹാരന്യാസമെന്നുമാണ് സാങ്കേതിക സംജ്ഞ.

7 കരന്യാസം തതഃ കുര്യാദ്ദ്വാദശാക്ഷരവിദ്യയാ
പ്രണവാദിയകാരാന്തമംഗുല്യംഗുഷ്ഠപർവസു

| | |
|---|---|
| തതഃ | അതിനുശേഷം |
| ദ്വാദശാക്ഷരവിദ്യയാ | ദ്വാദശാക്ഷരമെന്ന മന്ത്രം കൊണ്ട് |
| കരന്യാസം | കരന്യാസത്തെ |
| കുര്യാത് | ചെയ്യണം. |

| | |
|---|---|
| പ്രണവാദിയകാരാന്തം | 'ഓം' എന്നു തുടങ്ങി 'യ' എന്നുവരെ ഓരോ അക്ഷരത്തെയും |
| അംഗുല്യംഗുഷ്ഠപർവസു | വിരലുകളിലും പെരുവിരലുകളുടെ മടക്കുകളിലും |
| (ന്യസേത്) | ന്യസിക്കണം |

''ഓം നമോ ഭഗവതേ വാസുദേവായ'' എന്ന ദ്വാദശാക്ഷരമന്ത്രം കൊണ്ടു കരന്യാസം ചെയ്യുവാൻ ഉപദേശിക്കുന്നു. ഓംകാരം മുതൽ യകാരം വരെയുള്ള 12 അക്ഷരങ്ങളിൽ ആദ്യത്തെ ഓരോന്ന് പ്രണവത്തോടുകൂടി വലം കൈയിലെ തർജ്ജനി (ചൂണ്ടുവിരൽ) യിൽ നിന്നുതുടങ്ങി, ഇടംകൈയിലെ തർജ്ജനിവരെയുള്ള എട്ടുവിരലുകളിൽ അനുക്രമം ന്യസിക്കണം. അംഗുഷ്ഠാഗ്രത്താൽ വ്യാപകം ചെയ്യണമെന്നർത്ഥം. പിന്നെ അവശേഷിച്ച നാലിൽ യഥാക്രമം ഓരോന്ന് പ്രണവത്തോടുകൂടിത്തന്നെ ഇരുകരത്തിലെയും അംഗുഷ്ഠപർവങ്ങളിൽ ന്യസിക്കണം. പെരുവിരലുകളുടെ മടക്കുകളിൽ ചൂണ്ടുവിരലിന്റെ അഗ്രംകൊണ്ടു വ്യാപകംചെയ്യണമെന്നർത്ഥം.

ഇനിമറ്റൊരുമന്ത്രന്യാസം ചെയ്യേണ്ടും പ്രകാരം പറയുന്നു —

8 ന്യസേദ്ധൃദയ ഓംകാരം വികാരമനു മൂർധനി
ഷകാരം തു ഭ്രുവോർമധ്യേ ണകാരം ശിഖയാ ദിശേത്

9 വേകാരം നേത്രയോര്യുംജ്യാന്നകാരം സർവസന്ധിഷു
മകാരമസ്ത്രമുദ്ദിശ്യ മന്ത്രമൂർത്തിർഭവേദ്ബുധഃ

10 സവിസർഗം ഫഡന്തം ച സർവദിക്ഷു വിനിർദിശേത്
ഓം വിഷ്ണവേ നമ ഇതി.

| | |
|---|---|
| ഹൃദയേ | ഹൃദയത്തിൽ |
| ഓംകാരം | 'ഓം'കാരത്തെയും |
| അനുമൂർധനി | തുടർന്ന്, ശിരസ്സിൽ |
| വികാരം | 'വി'എന്ന അക്ഷരത്തെയും |

| | |
|---|---|
| ഭ്രുവോഃ മധ്യേ | ഭ്രൂമധ്യത്തിൽ |
| ഷകാരം തു | 'ഷ'കാരത്തെയും |
| ന്യസേത് | ന്യാസം ചെയ്യണം |
| ശിഖയാ | ശിഖയോടുകൂടി |
| ണകാരം | 'ണ' എന്നക്ഷരത്തെ |

| | |
|---|---|
| ദിശേത് | ന്യസിക്കണം |
| നേത്രയോഃ | നേത്രങ്ങളിൽ |
| **വേകാരം** | 'വേ' എന്നക്ഷരത്തെയും |
| സർവ്വസന്ധിഷു | എല്ലാ സന്ധികളിലും |
| നകാരം | 'ന' എന്നക്ഷരത്തെയും |
| യുഞ്ജ്യാത് | ന്യസിക്കുക |
| മകാരം | 'മ' എന്നക്ഷരത്തെ |
| അസ്ത്രം | അസ്ത്രമന്ത്രമായി |
| ഉദ്ദിശ്യ | സങ്കല്പിച്ചു് |
| സവിസർഗം | വിസർഗത്തോടും |
| ഫഡന്തം ച | "ഫട്" എന്ന അവസാനത്തോടും കൂടി (മഃ അസ്ത്രായ ഫട് എന്നിങ്ങനെ) |
| സർവ്വദിക്ഷു | എല്ലാദിക്കുകളിലും |
| വിനിർദിശേത് | പ്രത്യേകം ന്യസിക്കണം (ദിഗ്ബന്ധമായി ഉപയോഗിക്കണം) |
| ബുധഃ | വിദ്വാനായ ഉപാസകൻ |
| മന്ത്രമൂർത്തിഃ | (തൽഫലമായിട്ടു്) മന്ത്രസ്വരൂപനായി |
| ഭവേത് | ഭവിച്ചുകൊള്ളും |
| ഓം വിഷ്ണവേ നമഃ ഇതി | "ഓം വിഷ്ണവേ നമഃ" എന്ന മന്ത്രം കൊണ്ടുള്ള ന്യാസവിധിയാണിതു് |

11 ആത്മാനം പരമം ധ്യായേദ്ധ്യേയം ഷട്ശക്തിഭിര്യുതം
വിദ്യാതേജസ്തപോമൂർത്തിമിമം മന്ത്രമുദാഹരേത്.

| | |
|---|---|
| ഷട്ശക്തിഭിഃ യുതം | ഐശ്വര്യാദി ഷഡ്ഗുണങ്ങളോടു കൂടി |
| ധ്യേയം | ധ്യാനയോഗ്യനായിരിക്കുന്ന |
| പരമം ആത്മാനം | പരമാത്മാവിനെ |
| ധ്യായേത് | ധ്യാനിച്ചുകൊള്ളണം |
| വിദ്യാതേജസ്തപോമൂർത്തിം | വിദ്യാ, തേജസ്സ്, തപസ്സ് എന്നിവ രൂപംകൊണ്ടതായ |
| ഇമം മന്ത്രം | ഈ മന്ത്രത്തെ (നാരായണ കവചം എന്ന മന്ത്രത്തെ) |
| ഉദാഹരേത് | ജപിക്കുകയും വേണം |

## ശ്രീനാരായണകവചമഹാമന്ത്രം

12 ഓം ഹരിർവിദധ്യാന്മമ സർവരക്ഷാം
ന്യസ്താങ്ഘ്രിപദ്മഃ പതഗേന്ദ്രപൃഷ്ഠേ
ദരാരിചർമ്മാസിഗദേഷുചാപ—
പാശാൻ ദധാനോഽഷ്ടഗുണോഽഷ്ടബാഹുഃ—

| | |
|---|---|
| പതഗേന്ദ്ര-പൃഷ്ഠേ | പക്ഷിരാജാവിന്റെ (ഗരുഡന്റെ) പുറത്തു് |
| ന്യസ്താങ്ഘ്രി-പദ്മഃ | വെക്കപ്പെട്ട തൃപ്പാദകമലങ്ങളോടു കൂടിയവനും |
| ദരാരിചർമ്മാ-സിഗദേഷു ചാപപാശാൻ | ശംഖം, ചക്രം, പരിച, വാൾ, ഗദ, ശരം, ചാപം, പാശം എന്നീ വരായുധങ്ങളെ |
| ദധാനഃ | ധരിച്ചുകൊണ്ടു |
| അഷ്ടബാഹുഃ | എട്ടുതൃക്കൈകളോടു കൂടിയവനും |

| | | | |
|---|---|---|---|
| അഷ്ടഗുണഃ | അണിമാദികളായ അഷ്ടൈശ്വര്യങ്ങളുള്ളവനുമായ | മമ | എനിക്ക് |
| ഓം ഹരിഃ | ഓങ്കാരപ്പൊരുളായ ശ്രീഹരി | സർവരക്ഷാം | എല്ലാരക്ഷയും |
| | | വിദധ്യാത് | ചെയ്യരുളേണമേ! |

13 ജലേഷു മാം രക്ഷതു മത്സ്യമൂർത്തി-
ര്യാദോഗണേഭ്യോ വരുണസ്യ പാശാത്
സ്ഥലേഷു മായാവടുവാമനോഽവ്യാത്
ത്രിവിക്രമഃ ഖേഽവതു വിശ്വരൂപഃ

| | | | |
|---|---|---|---|
| ജലേഷു | വെള്ളത്തിൽ, | സ്ഥലേഷു | കരയിൽ, |
| യാദോഗണേഭ്യഃ | ജലജീവിവർഗ്ഗങ്ങളാവുന്ന | മായാവടു- വാമനഃ | കപടവടുവായി അവതരിച്ച വാമനൻ |
| വരുണസ്യ | വരുണന്റെ | | |
| പാശാത് | പാശത്തിൽനിന്ന് | അവ്യാത് | രക്ഷിക്കട്ടെ |
| മാം | എന്നെ | ഖേ | ആകാശത്തിൽ, |
| മത്സ്യമൂർത്തിഃ | മത്സ്യരൂപം ധരിച്ചവൻ | വിശ്വരൂപഃ | വിശ്വാകാരമായ |
| | | ത്രിവിക്രമഃ | ത്രിവിക്രമമൂർത്തി |
| രക്ഷതു | രക്ഷിക്കട്ടെ | അവതു | രക്ഷിക്കട്ടെ |

14 ദുർഗ്ഗേഷ്വടവ്യാജിമുഖാദിഷു പ്രഭുഃ
പായാന്നൃസിംഹോഽസുരയൂഥപാരിഃ
വിമുഞ്ചതോ യസ്യ മഹാട്ടഹാസം
ദിശോ വിനേദുർന്യപതംശ്ച ഗർഭാഃ

| | | | |
|---|---|---|---|
| അടവ്യാജി- മുഖാദിഷു | വനത്തിലും രണോദ്യമത്തിലും മറ്റുമായ | യസ്യ | യാതൊരുവൻ |
| | | മഹാട്ടഹാസം | ഗംഭീരമായഗർജ്ജനം |
| ദുർഗ്ഗേഷു | ദുർഘടങ്ങളിൽ, | വിമുഞ്ചതഃ | പുറപ്പെടുവിക്കവേ, |
| അസുര- യൂഥപാരിഃ | അസുരസേനാധിപന്മാരുടെ ശത്രുവും | ദിശഃ | ദിക്കുകൾ |
| | | വിനേദുഃ | മാറ്റൊലി കൊള്ളുകയും |
| പ്രഭുഃ | നിഗ്രഹാനുഗ്രഹസമർത്ഥനുമായ | ഗർഭാഃ | (അസുരസ്ത്രീകളുടെ) ഗർഭങ്ങൾ |
| നൃസിംഹഃ | നരസിംഹമൂർത്തി | ന്യപതൻ ച | സ്രവിച്ചുപോകയും ഉണ്ടായി |
| പായാത് | രക്ഷിക്കട്ടെ! | | |

15 രക്ഷത്വസൗ മാധ്വനി യജ്ഞകല്പഃ
സ്വദംഷ്ട്രയോന്നീതധരോ വരാഹഃ
രാമോഽദ്രികൂടേഷ്വഥ വിപ്രവാസേ
സലക്ഷ്മണോഽവ്യാദ്ഭരതാഗ്രജോഽസ്മാൻ

| | | | |
|---|---|---|---|
| യജ്ഞകല്പഃ | സ്വാവയവങ്ങളാൽ യജ്ഞങ്ങളെ കൽപ്പിച്ചവനും | സ്വദംഷ്ട്രയാ | തന്റെ തേറ്റകൊണ്ട് |
| | | ഉന്നീതധരഃ | ഉയർത്തിയെടുക്കപ്പെട്ട ഭൂമിയോടുകൂടിയവനും |

| | |
|---|---|
| അസൗ വരാഹഃ | ആ ആദിവരാഹമൂർത്തി |
| മാ | എന്നെ |
| അധ്വനി | വഴിയാത്രയിൽ |
| രക്ഷതു | രക്ഷിക്കട്ടെ |
| രാമഃ | പരശുരാമൻ |
| അദ്രികൂടേഷു | പർവ്വതശിഖരങ്ങളിൽ |
| അഥ | അവ്വിധം |

| | |
|---|---|
| (മാ രക്ഷതു) | എന്നെ രക്ഷിക്കട്ടെ |
| സലക്ഷ്മണഃ | ലക്ഷ്മണസഹിതനായ |
| ഭരതാഗ്രജഃ | ഭരതജ്യേഷ്ഠൻ (ശ്രീരാമചന്ദ്രൻ) |
| അസ്മാൻ | നമ്മെ |
| വിപ്രവാസേ | ദേശാന്തരവാസത്തിൽ |
| അവ്യാത് | കാത്തരുളട്ടെ |

61 മാമുഗ്രധർമ്മാദഖിലാത് പ്രമാദാ —
ന്നാരായണഃ പാതു നരശ്ച ഹാസാത്
ദത്തസ്ത്വയോഗാദഥ യോഗനാഥഃ
പായാദ്ഗുണേശഃ കപിലഃ കർമ്മബന്ധാത്

| | |
|---|---|
| നാരായണഃ | ശ്രീനാരായണമുനി |
| ഉഗ്രധർമ്മാത് | ആഭിചാരാദി ദാരുണകർമ്മത്തിൽ നിന്നും |
| അഖിലാത് | എല്ലാവിധത്തിലുമുള്ള |
| പ്രമാദാത് | ബുദ്ധിമോശത്തിൽ നിന്നും |
| മാം പാതു | എന്നെ കാത്തുകൊള്ളട്ടെ |
| ഹാസാത് | ഗർവ്വത്തിൽ നിന്ന് |
| നരഃ ച | നരനും രക്ഷിക്കട്ടെ |

| | |
|---|---|
| അഥ | അപ്രകാരം |
| യോഗനാഥഃ | യോഗവിദ്യാധിപനായ |
| ദത്തഃ തു | ദത്താത്രേയനാകട്ടെ |
| അയോഗാത് | യോഗഭ്രംശത്തിൽ നിന്നും |
| ഗുണേശഃ | പ്രകൃതികാര്യങ്ങളുടെ നിയാമകനായ |
| കപിലഃ | കപിലവാസുദേവൻ |
| കർമ്മബന്ധാത് | കർമ്മങ്ങളുടെ കുടുക്കിൽ നിന്നും |
| പായാത് | പാലനംചെയ്യട്ടെ |

17 സനത്കുമാരോഽവതു കാമദേവാ —
ദ്ധയശീർഷാ മാം പഥി ദേവഹേളനാത്
ദേവർഷിവര്യഃ പുരുഷാർച്ചനാന്തരാത്
കൂർമ്മോ ഹരിർമാ നിരയാദശേഷാത്

| | |
|---|---|
| കാമദേവാത് | മന്മഥങ്കൽനിന്ന് |
| സനത്കുമാരഃ | സനത്കുമാരൻ |
| അവതു | രക്ഷിക്കട്ടെ |
| പഥി | വഴിപോകുമ്പോൾ |
| ദേവഹേളനാത് | ദേവവിഗ്രഹങ്ങളെ കണ്ടാൽ വന്ദിക്കാതെ അനാദരിക്കുന്ന ദോഷത്തിൽ നിന്ന് |
| ഹയശീർഷാ | ഹയഗ്രീവൻ |

| | |
|---|---|
| മാം (അവതു) | എന്നെ രക്ഷിക്കട്ടെ |
| പുരുഷാർച്ചനാന്തരാത് | ദേവപൂജക്ക് മുടക്കം വരുന്നതിൽ നിന്ന് |
| ദേവർഷിവര്യഃ | ശ്രീനാരദൻ |
| (അവതു) | രക്ഷിക്കട്ടെ |
| അശേഷാത് | എല്ലാവിധത്തിലുമുള്ള |
| നിരയാത് | വിനകളിൽ നിന്നും |
| കൂർമ്മഃ ഹരിഃ | കൂർമ്മമൂർത്തിയായ ഹരി |
| മാ (അവതു) | എന്നെ കാത്തരുളട്ടെ |

18 ധന്വന്തരിർഭഗവാൻ പാത്വപഥ്യാദ്-
ദ്വന്ദ്വാദ്ഭയാദൃഷഭോ നിർജിതാത്മാ
യജ്ഞശ്ച ലോകാദവതാജ്ജനാന്താദ്-
ബലോ ഗണാത് ക്രോധവശാദഹീന്ദ്രഃ

| | | | |
|---|---|---|---|
| ഭഗവാൻ | ഭഗവാനായ | ലോകാത് | ലോകാപവാദത്തിൽ നിന്നു് |
| ധന്വന്തരിഃ | ധന്വന്തരിമൂർത്തി | യജ്ഞഃ ച | യജ്ഞദേവനും |
| അപഥ്യാത് | ഭക്ഷണദോഷത്തിൽ നിന്നു് | ജനാന്താത് | ജനത്തിരക്കിൽ നിന്നു് |
| പാതു | രക്ഷയേകട്ടെ | ബലഃ | ശ്രീബലഭദ്രനും |
| നിർജിതാത്മാ | മനോവശജിതാവായ | ക്രോധവശാത് ഗണാത് | ചീറുന്ന ഉഗ്രനാഗങ്ങളുടെ സമൂഹത്തിൽ നിന്നു് |
| ഋഷഭഃ | ഋഷഭദേവൻ | അഹീന്ദ്രഃ | ആദിശേഷനും |
| ദ്വന്ദ്വാത് | ശീതോഷ്ണാദിദ്വന്ദ്വാവസ്ഥകളാലുള്ള | അവതാത് | സംരക്ഷിക്കട്ടെ |
| ഭയാത് | ഭീതിയിൽ നിന്നു് | | |
| (പാതു) | രക്ഷിക്കട്ടെ | | |

19 ദ്വൈപായനോ ഭഗവാനപ്രബോധാദ്
ബുദ്ധസ്തു പാഷണ്ഡഗണാത് പ്രമാദാത്
കല്കിഃ കലേഃ കാലമലാത് പ്രപാതു
ധർമ്മാവനായോരുകൃതാവതാരഃ

| | | | |
|---|---|---|---|
| ഭഗവാൻ | സർവ്വജ്ഞാനനിധിയായ | ധർമ്മാവനായ | ധർമ്മസംരക്ഷണത്തിനായി |
| ദ്വൈപായനഃ | വേദവ്യാസൻ | ഉരുകൃതാവതാരഃ | വലിയ അവതാരം സ്വീകരിച്ചിരിക്കുന്ന |
| അപ്രബോധാത് | അജ്ഞാനത്തിൽ നിന്നും, | കല്കിഃ | കല്കിഭഗവാൻ |
| ബുദ്ധഃ തു | ബുദ്ധദേവനാകട്ടെ | കാലമലാത് | കാലക്കെടുതിയിൽ നിന്നുളവായ |
| പാഷണ്ഡഗണാത് | നാസ്തികസംഘത്തിൽ നിന്നും, | കലേഃ | കലിയിൽ നിന്നും |
| പ്രമാദാത് | ധർമ്മാനുഷ്ഠാനത്തിൽ നേരിടുന്ന പാകപ്പിഴയിൽ നിന്നും, | പ്രപാതു | കാത്തരുളട്ടെ |

പകലും രാത്രിയും ആറാറു് സമയവിഭാഗമായി വിഭജിച്ചു് അതാതു സമയങ്ങളിൽ അതാതുമൂർത്തികൾ രക്ഷിക്കണമെന്നു് ഇനി മൂന്നു ശ്ലോകം കൊണ്ടു് പ്രാർത്ഥിക്കുന്നു.

20 മാം കേശവോ ഗദയാ പ്രാതരവ്യാദ്
ഗോവിന്ദ ആസംഗവമാത്ത വേണുഃ
നാരായണഃ പ്രാഹ്ണ ഉദാത്തശക്തി-
മധ്യംദിനേ വിഷ്ണുരരീന്ദ്രപാണിഃ

| | |
|---|---|
| പ്രാതഃ മാം | പ്രാതഃ കാലത്തു് എന്നെ |
| ഗദയാ | ഗദാസഹിതനായ |
| കേശവഃ | കേശവൻ |
| അവ്യാത് | രക്ഷിക്കട്ടെ |
| ആസംഗവം | സംഗവകാലം മുഴുവനും |
| ആത്തവേണുഃ | പുല്ലാങ്കുഴലേന്തിയ |
| ഗോവിന്ദഃ | ഗോവിന്ദൻ (കാക്കട്ടെ) |
| പ്രാഹ്ണേ | പൂർവ്വാഹ്നകാലത്തിൽ |
| ഉദാത്തശക്തിഃ | മഹോന്നത ബലശാലിയായ |
| നാരായണഃ | നാരായണൻ (കാക്കട്ടെ) |
| മധ്യംദിനേ | മദ്ധ്യാഹ്നനേരത്തു് |
| അരീന്ദ്രപാണിഃ | ചക്രപാണിയായ |
| വിഷ്ണുഃ | വിഷ്ണു (കാത്തരുളട്ടെ) |

21 ദേവോഽപരാഹ്ണേ മധുഹോഗ്രധന്വാ
സായം ത്രിധാമാഽവതു മാധവോ മാം
ദോഷേ ഹൃഷീകേശ ഉതാർദ്ധരാത്രേ
നിശീഥ ഏകോഽവതു പദ്മനാഭഃ

| | |
|---|---|
| അപരാഹ്ണേ | അപരാഹ്ണകാലത്തിൽ |
| ഉഗ്രധന്വാ | ഭീകരമായ വില്ലേന്തിയ |
| മധുഹാ ദേവഃ | മധുസൂദനദേവൻ |
| മാം അവതു | എന്നെ കാത്തരുളട്ടെ |
| സായം | സായം കാലത്തു് |
| ത്രിധാമാ | മൂർത്തിത്രയാത്മകനായ |
| മാധവഃ | ശ്രീമാധവൻ (രക്ഷിക്കട്ടെ) |
| ദോഷേ | പ്രദോഷസമയത്തു് |
| ഹൃഷീകേശഃ | ഹൃഷീകേശൻ (രക്ഷിക്കട്ടെ) |
| അർദ്ധരാത്രേ | പാതിരാവോളവും |
| ഉത നിശീഥേ | പാതിരാവിലും |
| പദ്മനാഭഃ | ശ്രീപദ്മനാഭൻ |
| ഏകഃ | ഒരാൾതന്നെ |
| അവതു | കാത്തരുളട്ടെ |

22 ശ്രീവത്സധാമാപരരാത്ര ഈശഃ
പ്രത്യൂഷ ഈശോഽസിധരോ ജനാർദനഃ
ദാമോദരോഽവ്യാദനുസന്ധ്യം പ്രഭാതേ
വിശ്വേശ്വരോ ഭഗവാൻ കാലമൂർത്തിഃ

| | |
|---|---|
| അപരരാത്രേ | പാതിരാവിനു ശേഷം |
| ശ്രീവത്സധാമാ | ശ്രീവത്സധരനായ |
| ഈശഃ | ഈശ്വരൻ |
| അവ്യാത് | രക്ഷിക്കട്ടെ |
| പ്രത്യൂഷേ | ഉഷസ്സിൽ |
| അസിധരഃ | ഖഡ്ഗധരനായ |
| ഈശഃ | ഭഗവാൻ |
| ജനാർദനഃ | ശ്രീജനാർദനൻ (രക്ഷിക്കട്ടെ) |
| പ്രഭാതേ | പ്രഭാതത്തിൽ |
| ദാമോദരഃ | ശ്രീദാമോദരൻ (രക്ഷിക്കട്ടെ) |
| അനുസന്ധ്യം | സന്ധ്യതോറും |
| കാലമൂർത്തിഃ | കാലസ്വരൂപനും |
| ഭഗവാൻ | സമഗ്രൈശ്വര്യാദി ഷഡ്ഗുണോപേതനുമായ |
| വിശ്വേശ്വരഃ | ശ്രീവിശ്വേശ്വരൻ (രക്ഷിക്കട്ടെ) |

23 ചക്രം യുഗാന്താനലതിഗ്മനേമി
ഭ്രമത് സമന്താദ്ഭഗവത്പ്രയുക്തം
ദന്ദഗ്ധി ദന്ദഗ്ധ്യരിസൈന്യമാശു
കക്ഷം യഥാ വാതസഖോ ഹുതാശഃ

| | |
|---|---|
| ചക്രം | സുദർശനചക്രം |
| യുഗാന്താനല- തിഗ്മനേമി | കല്പാന്തകാലാഗ്നി പോലെ തീക്ഷ്ണമായ ധാരയോടുകൂടിയതത്രേ |
| ഭഗവത്- പ്രയുക്തം | ശ്രീവിഷ്ണുഭഗവാനാൽ പ്രയോഗിക്കപ്പെട്ട് |
| സമന്താത് | ചുററും |
| ഭ്രമത് | ചുഴന്നുകൊണ്ട്, |
| വാതസഖഃ | വായുവോടുചേർന്ന |
| ഹുതാശഃ | അഗ്നി |
| കക്ഷം യഥാ | ഉണക്കപ്പുല്ലിനെപ്പോലെ |
| അരിസൈന്യം | ശത്രുസേനയെ |
| ആശു | അതിശീഘ്രം |
| ദന്ദഗ്ധി | ചുട്ടുകളയണേ! |
| ദന്ദഗ്ധി | ചുട്ടുകളയണേ! |

24 ഗദേƒശനിസ്പർശനവിസ്ഫുലിംഗേ
നിഷ്പിണ്ഢി നിഷ്പിണ്ഢ്യജിതപ്രിയാസി
കുഷ്മാണ്ഡവൈനായകയക്ഷരക്ഷോ-
ഭൂതഗ്രഹാംശ്ചൂർണയ ചൂർണയാരീൻ.

| | |
|---|---|
| അശനിസ്പർശന- വിസ്ഫുലിംഗേ | ഇടത്തീപോലെ തീക്ഷ്ണമായ സ്പർശനത്തോടുകൂടിയ തീപ്പൊരികളെഴുന്ന |
| ഗദേ | ഹേ ഗദേ! കൗമോദകി! |
| അജിതപ്രിയാ അസി | നീ ഭഗവാന്റെ പ്രിയപ്പെട്ടവളാകുന്നു. |
| [അഹം തസ്യ | ഞാൻ തന്തിരുവടിയുടെ |
| ദാസഃ അസ്മി | ദാസനമാണ്, |
| അതഃ] | ആകയാൽ, |
| കുഷ്മാണ്ഡ- വൈനായക- യക്ഷരക്ഷോ- ഭൂതഗ്രഹാൻ | കുഷ്മാണ്ഡന്മാർ, വൈനായകന്മാർ, യക്ഷന്മാർ, രക്ഷസ്സുകൾ, ഭൂതങ്ങൾ, ദുർദേവതകൾ എന്നിവരെ |
| നിഷ്പിണ്ഢി | ചതച്ചുതള്ളുക; |
| നിഷ്പിണ്ഢി | ചതച്ചുതള്ളുക. |
| അരീൻ | ശത്രുക്കളെ |
| ചൂർണയ | പൊടിച്ചുതള്ളുക; |
| ചൂർണയ | പൊടിച്ചുതള്ളുക. |

25 ത്വം യാതുധാനപ്രമഥപ്രേതമാതൃ-
പിശാചവിപ്രഗ്രഹഘോരദൃഷ്ടീൻ
ദരേന്ദ്ര വിദ്രാവയ കൃഷ്ണപൂരിതോ
ഭീമസ്വനോƒരേർഹൃദയാനി കമ്പയൻ.

| | |
|---|---|
| ദരേന്ദ്ര ത്വം | ഹേ പാഞ്ചജന്യമേ! നീ |
| കൃഷ്ണപൂരിതഃ | ഭഗവാനാൽ മുഴക്കപ്പെട്ട് |
| ഭീമസ്വനഃ | ഭീകരശബ്ദത്തോടുകൂടിയതായി |
| അരേഃ | എതിരാളിയുടെ |
| ഹൃദയാനി | ഹൃദയങ്ങളെ |
| കമ്പയൻ | വിറപ്പിച്ചുകൊണ്ട് |
| യാതുധാന- പ്രമഥപ്രേത- മാതൃപിശാച വിപ്രഗ്രഹ- ഘോരദൃഷ്ടീൻ | യാതുധാനന്മാർ, പ്രമഥഗണങ്ങൾ, പ്രേതങ്ങൾ, മാതൃക്കൾ, പിശാചുക്കൾ, ബ്രഹ്മരക്ഷസ്സുകൾ, തുറിക്കണ്ണുള്ള ഘോരദേവതകൾ എന്നിവരെയെല്ലാം |
| വിദ്രാവയ | ഓട്ടിയകററുക |

26 ത്വം തിഗ്മധാരാസിവരാരിസൈന്യ—
മീശപ്രയുക്തോ മമ ഛിന്ധി ഛിന്ധി
ചക്ഷൂംഷി ചർമ്മൻ ശതചന്ദ്ര ഛാദയ
ദ്വിഷാമഘോനാം ഹര പാപചക്ഷുഷാം

| | |
|---|---|
| തിഗ്മധാര | മൂർച്ചകൂടുന്ന വായ്ത്തലയോടുകൂടിയ |
| അസിവര | നന്ദകഖഡ്ഗമേ! |
| ത്വം | നീ |
| ഈശപ്രയുക്തഃ | ഭഗവാനാൽ പ്രയോഗിക്കപ്പെട്ട് |
| മമ | എന്റെ |
| അരിസൈന്യം | ശത്രുക്കളുടെ സേനയെ |
| ഛിന്ധി ഛിന്ധി | അരിഞ്ഞരിഞ്ഞു തള്ളുക |

| | |
|---|---|
| ശതചന്ദ്ര | ചന്ദ്രാകൃതിയിലുള്ള നൂറോളം വട്ടപ്പുറവുകൾ കൊണ്ടു തിളങ്ങുന്ന |
| ചർമ്മൻ | പരിചേ! |
| അഘോനാം | കൊടുംപാപികളായ |
| ദ്വിഷാം | ശത്രുക്കളുടെ |
| ചക്ഷൂംഷി | കണ്ണുകളെ |
| ഛാദയ | മറയ്ക്കുക |
| പാപചക്ഷുഷാം | പകവെച്ചുനോക്കുന്നവരുടെ |
| (ചക്ഷൂംഷി) | കണ്ണുകളെ |
| ഹര | ഇല്ലാതാക്കുക |

27 യന്നോ ഭയം ഗ്രഹേഭ്യോഽഭൂത് കേതുഭ്യോ നൃഭ്യ ഏവ ച
സരീസൃപേഭ്യോ ദംഷ്ട്രിഭ്യോ ഭൂതേഭ്യോഽംഹോഭ്യ ഏവ വാ

28 സർവാണ്യേതാനി ഭഗവന്നാമരൂപാസ്ത്രകീർത്തനാത്
പ്രയാന്തു സംക്ഷയം സദ്യോ യേ നഃ ശ്രേയഃ പ്രതീപകാഃ

| | |
|---|---|
| ഗ്രഹേഭ്യഃ | ഗ്രഹങ്ങളിൽനിന്നും, |
| കേതുഭ്യഃ | ധൂമകേതുക്കളിൽനിന്നും, |
| നൃഭ്യഃ ഏവച | മനുഷ്യരിൽ നിന്നും |
| സരീസൃപേഭ്യഃ | സർപ്പങ്ങളിൽ നിന്നും, |
| ദംഷ്ട്രിഭ്യഃ | തേറ്റയുള്ള ജന്തുക്കളിൽനിന്നും, |
| ഭൂതേഭ്യഃ | ഭൂതങ്ങളിൽ നിന്നും, |
| അംഹോഭ്യഃ | പാതകങ്ങളിൽനിന്നും മറ്റുമായി |
| യത് ഏവ വാ | യാതൊന്നുകളിൽ നിന്നെല്ലാം |
| നഃ ഭയം | ഞങ്ങൾക്കു ഭീതി |
| അഭൂത് | സംഭവിച്ചുവോ |
| ഏതാനി | ഇവ |

| | |
|---|---|
| സർവാണി | എല്ലാം |
| ഭഗവന്നാമരൂപാസ്ത്രകീർത്തനാത് | ഭഗവാന്റെ തിരുനാമം, തിരുവുടൽ, വരായുധം എന്നിവയുടെ കീർത്തനത്താൽ |
| സദ്യഃ | ഉടനടി |
| സംക്ഷയം | തികച്ചും നാശത്തെ |
| പ്രയാന്തു | പ്രാപിക്കട്ടെ |
| യേ നഃ | യാവചിലർ ഞങ്ങളുടെ |
| ശ്രേയഃ പ്രതീപകാഃ | ശ്രേയസ്സിന്ന് പ്രതിബന്ധകാരികളായി വർത്തിക്കുന്നുവോ, (അവരെല്ലാം നശിക്കട്ടെ) |

29 ഗരുഡോ ഭഗവാൻ സ്തോത്രസ്തോഭശ്ഛന്ദോമയഃ പ്രഭുഃ
രക്ഷത്വശേഷകൃച്ഛ്രേഭ്യോ വിഷ്വക്സേനഃ സ്വനാമഭിഃ

പ്രഭുഃ — സർവ്വസമർത്ഥനായി
ഭഗവാൻ — സർവ്വജ്ഞാനനിധി യായി-
ഛന്ദോമയഃ — വേദസ്വരൂപനായി-
സ്തോത്രസ്തോഭഃ — സാമസൂക്തങ്ങളാൽ സ്തൂയമാനനായിരിക്കുന്ന
ഗരുഡഃ — ഗരുഡനാവുന്ന

വിഷ്വക്സേനഃ — വിഷ്വക്സേനമൂർത്തി
സ്വനാമഭിഃ — സ്വകീയനാമോച്ചാരണങ്ങളാൽ
അശേഷ- കൃച്ഛ്രേഭ്യഃ — എല്ലാവിധം ആപത്തുകളിൽ നിന്നും
രക്ഷതു — രക്ഷിക്കട്ടെ.

30 സർവാപദ്ഭ്യോ ഹരേർന്നാമരൂപയാനായുധാനി നഃ
ബുദ്ധീന്ദ്രിയമനഃപ്രാണാൻ പാന്തു പാർഷദഭൂഷണാഃ

ഹരേഃ — ശ്രീഹരിയുടെ
നാമരൂപ- യാനായുധാനി — നാമങ്ങളും രൂപങ്ങളും വാഹനങ്ങളും ആയുധങ്ങളും
പാർഷദ- ഭൂഷണാഃ — പാർഷദപ്രമുഖന്മാരും
നഃ — ഞങ്ങളുടെ

ബുദ്ധീന്ദ്രിയ- മനഃ പ്രാണാൻ — ബുദ്ധി, ഇന്ദ്രിയങ്ങൾ, മനസ്സ്, പ്രാണങ്ങൾ എന്നിവയെ
സർവാപദ്ഭ്യഃ — എല്ലാ ആപത്തുകളിൽ നിന്നും
പാന്തു — കാത്തരുളട്ടെ,

31 യഥാ ഹി ഭഗവാനേവ വസ്തുതഃ സദസച്ച യത്
സത്യേനാനേന നഃ സർവേ യാന്തു നാശമുപദ്രവാഃ

സത് — സദ്രൂപമായും
അസത് ച — അരൂപമായും ഇരിക്കുന്ന
യത് — യാതൊരു ഈ ലോകം
വസ്തുതഃ — വാസ്തവത്തിൽ
ഭഗവാൻ ഏവ — ഭഗവാൻ തന്നെയാകുന്നു എന്നതു്

യഥാ ഹി — യഥാർത്ഥമാണല്ലോ.
അനേന സത്യേന — ഈ ഏകമായ സത്യം കൊണ്ടുതന്നെ
നഃ — ഞങ്ങൾക്കുള്ള
ഉപദ്രവാഃ — ഉപദ്രവങ്ങൾ
സർവേ — എല്ലാംതന്നെയും
നാശം യാന്തു — നാശമടയട്ടെ.

32 യഥൈകാത്മ്യാനുഭാവാനാം വികല്പരഹിതഃ സ്വയം
ഭൂഷണായുധലിംഗാഖ്യാ ധത്തേ ശക്തീഃ സ്വമായയാ

33 തേനൈവ സത്യമാനേന സർവ്വജ്ഞോ ഭഗവാൻ ഹരിഃ
പാതു സർവ്വൈഃ സ്വരൂപൈർനഃ സദാ സർവത്ര സർവഗഃ

ഐകാത്മ്യാ- നുഭാവാനാം — ഏകാത്മഭാവത്തെ അനുസന്ധാനം ചെയ്യുന്നവൎക്കു്
വികല്പരഹിതഃ — ഭേദോപാധിരഹിതനായിരുന്നിട്ടും,
സ്വയം — താൻതന്നെ (ലോകാനുഗ്രഹാർത്ഥം)

സ്വമായയാ — തന്റെ മായാബലത്താൽ
ഭൂഷണായുധ- ലിംഗാഖ്യാഃ — അലങ്കാരങ്ങൾ, ആയുധങ്ങൾ, മൂർത്തിഭേദങ്ങൾ, നാമഭേദങ്ങൾ എന്നിങ്ങനെയുള്ള

| | |
|---|---|
| ശക്തീഃ | ശക്തികളെ (നാനാവിഭൂതികളെ) |
| യഥാ | യഥാർത്ഥമായി |
| ധത്തേ | ഭഗവാൻ ധരിക്കുന്ന എന്നതായ |
| തേന ഏവ | അതേ ഒരു |
| സത്യമാനേന | സത്യപ്രമാണ മനുസരിച്ച്, |
| സർവജ്ഞഃ | എല്ലാമറിഞ്ഞിരിക്കുന്നവനും |
| സർവഗഃ | എല്ലാടവും വ്യാപിച്ചിരിക്കുന്നവനും |
| ഭഗവാൻ | എല്ലാഐശ്വര്യങ്ങളാലും പരിപൂർണ്ണനായിരിക്കുന്നവനുമായ |
| ഹരിഃ | ശ്രീഹരി |
| സദാ | എല്ലായ്പ്പോഴും |
| സർവത്ര | എല്ലായിടത്തും |
| സർവൈഃ | എല്ലാവിധത്തിലുമുള്ള |
| സ്വരൂപൈഃ | സ്വരൂപങ്ങളാൽ കൊണ്ട് |
| നഃ പാതു | ഞങ്ങളെ കാക്കട്ടെ |

34 വിദിക്ഷു ദിക്ഷൂർദ്ധ്വമധഃ സമന്താ—
ദന്തർബഹിർഭഗവാൻ നാരസിംഹഃ
പ്രഹാപയൻ ലോകഭയം സ്വനേന
സ്വതേജസാ ഗ്രസ്തസമസ്തതേജാഃ

| | |
|---|---|
| സ്വതേജസാ | തന്റെ തേജസ്സിനാൽ |
| ഗ്രസ്തസമസ്ത— തേജാഃ | ഗ്രസിക്കപ്പെട്ട സമസ്ത തേജസ്സോടുകൂടിയ |
| നാരസിംഹഃ | നൃസിംഹരൂപംപൂണ്ട |
| ഭഗവാൻ | ശ്രീനാരായണൻ |
| സ്വനേന | തന്റെ അട്ടഹാസത്താൽ |
| ലോകഭയം | ജനങ്ങളുടെഭീതിയെ |
| പ്രഹാപയൻ | അകററികൊണ്ട് |
| ദിക്ഷു | ദിക്കുകളിലും |
| വിദിക്ഷു | വിദിക്കുകളിലും |
| ഊർദ്ധ്വം | മുകളിലും |
| അധഃ | താഴത്തും |
| അന്തഃ ബഹിഃ | അകത്തും പുറത്തും |
| സമന്താത് | എല്ലായിടത്തും |
| (പാതു) | കാത്തരുളട്ടെ |

35 മഘവന്നിദമാഖ്യാതം വർമ്മ നാരായണാത്മകം
വിജേഷ്യസ്യഞ്ജസാ യേന ദംശിതോഽസുരയൂഥപാൻ

| | |
|---|---|
| മഘവൻ | ഹേ ഇന്ദ്ര! |
| നാരായണാ— ത്മകം വർമ്മ | നാരായണാത്മകമായ രക്ഷാകവചം |
| ഇദം ആഖ്യാതം | ഇതാ ഉപദേശിക്കപ്പെട്ടു |
| യേന | യാതൊന്നിനാൽ |
| ദംശിതഃ | കവചിതനായിട്ടുള്ള അങ്ങുന്ന് |
| അസുര— യൂഥപാൻ | അസുരസേനാധിപതികളെ |
| അഞ്ജസാ | അനായാസേന |
| വിജേഷ്യസി | വിജയിക്കുന്നതാണ്. |

36 ഏതദ്ധാരയമാണസ്തു യം യം പശ്യതി ചക്ഷുഷാ
പദാ വാ സംസ്പൃശേത്സദ്യഃ സാധ്വസാത്സ വിമുച്യതേ—

| | |
|---|---|
| ഏതത് | ഇതിനെ |
| ധാരയമാണഃ | ധരിക്കുന്നവൻ |
| ചക്ഷുഷാ | കണ്ണുകൊണ്ട് |
| യം യം | ഏതൊരാളെ |
| പശ്യതി | നോക്കുന്നുവോ, |
| വാ | അഥവാ |
| പദാ | കാലുകൊണ്ട് |

| | | | |
|---|---|---|---|
| സംസ്പൃശേത് | സ്പർശിക്കുകയെങ്കിലും ചെയ്യുമോ | സാധ്വസാത് | ഭയപ്പാടിൽ നിന്നു് |
| സഃതു സദ്യഃ | അവനും ഉടനടി | വിമുച്യതേ | വിമുക്തനാവുന്നു |

37 ന കുതശ്ചിദ്ഭയം തസ്യ വിദ്യാം ധാരയതോ ഭവേത്
രാജദസ്യുഗ്രഹാദിഭ്യോ വ്യാഘ്ര്യാദിഭ്യശ്ച കർഹിചിത്

| | | | |
|---|---|---|---|
| വിദ്യാം | രക്ഷാമന്ത്രവിദ്യയെ | വ്യാഘ്ര്യാദിഭ്യഃ ച | പുലി, സിംഹം മുതലായ ഹിംസ്ര ജന്തുക്കളിൽ നിന്നും |
| ധാരയതഃ | ധരിച്ചിരിക്കുന്ന | കുതശ്ചിത് | ഏതൊരിടത്തുനിന്നും |
| തസ്യ | അവന്നു് | കർഹിചിത് | ഒരിക്കലും |
| രാജദസ്യു ഗ്രഹാദിഭ്യഃ | രാജക്കന്മാർ, കള്ളക്കാർ, ദുർഗ്രഹദേവതകൾ മുതലായവയിൽ നിന്നും | ഭയം | ഭീതി |
| | | ന ഭവേത് | സംഭവിക്കയില്ല |

ഈ മന്ത്രവിദ്യയുടെ പ്രഭാവം വ്യക്തമാക്കുവാൻ ഒരു പുരാവൃത്ത കഥയെ ഇവിടെ ഉദ്ധരിക്കുന്നു.

38 ഇമാം വിദ്യാം പുരാ കശ്ചിത് കൗശികോ ധാരയൻ ദ്വിജഃ
യോഗധാരണയാ സ്വാംഗം ജഹൗ സ മരുധന്വനി

| | | | |
|---|---|---|---|
| പുരാ | പണ്ടു് | സഃ | അദ്ദേഹം |
| ഇമാം വിദ്യാം | ഈ വിദ്യയെ | സ്വാംഗം | സ്വദേഹത്തെ |
| കൗശികഃ | കൗശികഗോത്രജനായ | മരുധന്വനി | ഒരു മരുപ്പറമ്പിൽ |
| കശ്ചിത്ദ്വിജഃ | ഒരു ബ്രാഹ്മണൻ | യോഗധാരണയാ | യോഗാഭ്യാസ ബലത്താൽ |
| ധാരയൻ | ധരിച്ചുകൊണ്ടിരുന്നു; | ജഹൗ | ഉപേക്ഷിച്ചു |

39 തസ്യോപരി വിമാനേന ഗന്ധർവപതിരേകദാ
യയൗ ചിത്രരഥഃ സ്ത്രീഭിർവൃതോ യത്ര ദ്വിജക്ഷയഃ

| | | | |
|---|---|---|---|
| യത്ര | യാതൊരിടത്താണോ | ചിത്രരഥഃ | ചിത്രരഥനെന്ന |
| ദ്വിജക്ഷയഃ | ബ്രാഹ്മണന്റെ ദേഹത്യാഗമുണ്ടായതു് | ഗന്ധർവപതിഃ | ഗന്ധർവരാജാവു് |
| | | സ്ത്രീഭിഃ വൃതഃ | സ്ത്രീജനപരിവൃതനായി |
| തസ്യ ഉപരി | അതിന്റെ മീതെ | വിമാനേന | വിമാനത്തിലൂടെ |
| ഏകദാ | ഒരിക്കൽ | യയൗ | യാത്രചെയ്തു |

40 ഗഗനാന്ന്യപതത്സദ്യഃ സവിമാനോ ഹ്യവാക്ശിരാഃ
സ ബാലഖില്യവചനാദസ്ഥീന്യാദായ വിസ്മിതഃ
പ്രാസ്യ പ്രാചീസരസ്വത്യാം സ്നാത്വാ ധാമ സ്വമന്വഗാത്

| | | | |
|---|---|---|---|
| സഃ സദ്യഃ | അവൻ പെട്ടെന്നു് | സവിമാനഃ ഹി | വിമാനത്തോടുകൂടി |
| ഗഗനാത് | ആകാശത്തിൽ നിന്നു് | അവാക്ശിരാഃ | തലകീഴായിട്ടു് |

| | |
|---|---|
| നൃപതത് | നിലത്തുവീണ |
| ബാലഖില്യ-വചനാത് | ബാലഖില്യമുനിമാരുടെ ഉപദേശപ്രകാരം |
| അസ്ഥീനി | (ബ്രാഹ്മണന്റെ) അസ്ഥികളെ |
| ആദായ | പെറുക്കിയെടുത്തു് |
| പ്രാചീസരസ്വത്യാം | കിഴക്കോട്ടുള്ള സരസ്വതീനദിയിൽ |
| പ്രാസ്യ | പ്രക്ഷേപിച്ചു്, |
| സ്നാത്വാ | സ്നാനം ചെയ്തു് |
| വിസ്മിതഃ | അദ്ഭുതം പൂണ്ടുകൊണ്ടു് |
| അന്വഗാത് | തിരിച്ചുപോയി |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു —

41 യ ഇദം ശൃണുയാത് കാലേ യോ ധാരയതി ചാദൃതഃ
തം നമസ്യന്തി ഭൂതാനി മുച്യതേ സർവതോ ഭയാത്

| | |
|---|---|
| യഃ ഇദം | യാതൊരാൾ ഇതു് |
| കാലേ | വേണ്ടകാലത്തിൽ |
| ശൃണുയാത് | കേൾക്കുന്നുവോ, |
| യഃ | യാതൊരാൾ |
| ആദൃതഃ | ആദരാന്വിതനായി |
| ധാരയതി ച | ധരിക്കുകയും ചെയ്യുന്നുവോ, |
| തം | അവനെ |
| ഭൂതാനി | ചരാചരങ്ങളെല്ലാം |
| നമസ്യന്തി | നമസ്കരിക്കുന്നതാണു് |
| സർവതഃ | എല്ലാതരത്തിലുള്ള |
| ഭയാത് | ഭയത്തിൽ നിന്നും |
| മുച്യതേ | മുക്തനാകയും ചെയ്യുന്നു. |

42 ഏതാം വിദ്യാമധിഗതോ വിശ്വരൂപാച്ഛതക്രതുഃ
ത്രൈലോക്യലക്ഷ്മീം ബുഭുജേ വിനിർജിത്യ മൃധേഽസുരാൻ

| | |
|---|---|
| ശതക്രതുഃ | ദേവേന്ദ്രൻ |
| വിശ്വരൂപാത് | വിശ്വരൂപനിൽ നിന്നു് |
| ഏതാം വിദ്യാം | ഈ കവചമന്ത്രത്തെ |
| അധിഗതഃ | കേട്ടുധരിച്ചു്, |
| മൃധേ | യുദ്ധത്തിൽ |
| അസുരാൻ | അസുരന്മാരെ |
| വിനിർജിത്യ | നിശ്ശേഷം പരാജയപ്പെടുത്തി |
| ത്രൈലോക്യ-ലക്ഷ്മീം | മൂന്നുലോകത്തിന്റെയും രാജൈശ്വര്യത്തെ |
| ബുഭുജേ | അനുഭവിച്ചു |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
നാരായണവർമ്മ നാമ അഷ്ടമോഽധ്യായഃ
ആദിതഃ ശ്ലോകാഃ 377
ആറാമത്തെ സ്കന്ധത്തിൽ എട്ടാമധ്യായം കഴിഞ്ഞു —

## നവമോƒദ്ധ്യായഃ = അദ്ധ്യായം ഒമ്പതു്

## വിശ്വരൂപവധവും വൃത്രാസുരോത്പത്തിയും ദേവന്മാരുടെ ഭഗവൽ സ്തുതിയും

"നവമേ വിശ്വരൂപേ തു ഹതേ ശക്രേണ കോപതഃ
ത്വഷ്ട്രാ ചോത്പാദിതേ വൃത്രേ ഭീതൈർദേവൈർഹരേഃ സ്തുതിഃ"

ഇന്ദ്രൻ വിശ്വരൂപനെ കോപത്താൽ വധിച്ചതും, ത്വഷ്ടാവു് വൃത്രാസുരനെ ഉൽപാദിപ്പിച്ചതും, വൃത്രഭീതിയാൽ ദേവന്മാർ ശ്രീഹരിയെ സ്തുതിച്ചതും ഈ ഒമ്പതാമദ്ധ്യായം കൊണ്ടു പറയുന്നു —

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു —

1 തസ്യാസൻ വിശ്വരൂപസ്യ ശിരാംസി ത്രീണി ഭാരത
സോമപീഥം സുരാപീഥമന്നാദമിതി ശുശ്രുമ

| | | | |
|---|---|---|---|
| ഭാരത | ഹേ ഭാരത! | സോമപീഥം | സോമപാനം ചെയ്യുന്നതു്, |
| തസ്യ | ആ | സുരാപീഥം | മദ്യപാനം ചെയ്യുന്നതു് |
| വിശ്വരൂപസ്യ | വിശ്വരൂപന്നു് | അന്നാദം | അന്നം ഭക്ഷിക്കുന്നതു്- |
| ത്രീണി | മൂന്നു് | ഇതി | ഇങ്ങനെ |
| ശിരാംസി | ശിരസ്സുകൾ | ശുശ്രുമ | കേട്ടിരിപ്പുണ്ടു് |
| ആസൻ | ഉണ്ടായിരുന്നു — | | |

വിശ്വരൂപന്റെ അസുരപക്ഷപാതം ഇനി രണ്ടു ശ്ലോകം കൊണ്ടു കാണിക്കുന്നു.

2 സ വൈ ബർഹിഷി ദേവേഭ്യോ ഭാഗം പ്രത്യക്ഷമുച്ചകൈഃ
അവദദ്യസ്യ പിതരോ ദേവാഃ സപ്രശ്രയം നൃപ

| | | | |
|---|---|---|---|
| സഃ വൈ | ആ വിശ്വരൂപനാകട്ടെ | സപ്രശ്രയം | സവിനയം |
| ദേവേഭ്യഃ | ദേവന്മാർക്കുള്ള | അവദത് | ഉച്ചരിച്ചിരുന്നു. |
| ബർഹിഷി, ഭാഗം | യജ്ഞഹവിർഭാഗം | നൃപ | രാജാവേ! |
| | | യസ്യ | യാതൊരുവന്റെ |
| പ്രത്യക്ഷം | പ്രകടരൂപത്തിൽ | പിതരഃ | പിതൃസ്ഥാനീയർ |
| ഉച്ചകൈഃ | ഉറക്കെ | ദേവാഃ | ദേവന്മാരാണല്ലോ |

3 സ ഏവ ഹി ദദൗ ഭാഗം പരോക്ഷമസുരാൻ പ്രതി
യജമാനോƒവഹദ്ഭാഗം മാതൃസ്നേഹവശാനുഗഃ

| | | | |
|---|---|---|---|
| സഃ ഏവ | ആ വിശ്വരൂപൻ തന്നെ | (ദേവാൻ) | ദേവന്മാരെ |
| പരോക്ഷം | ഒളിവായിട്ടു് | യജമാനഃ | യജിച്ചുകൊണ്ടിരുന്ന അദ്ദേഹം |
| (അസുരേഭ്യഃ) | അസുരന്മാർക്കും | അസുരാൻ പ്രതി | അസുരന്മാരുടെ അന്തികത്തിലേക്കും |
| ഭാഗം ദദൗ | ഹവിർഭാഗം കൊടുത്തു | | |

| | |
|---|---|
| ഭാഗം | യജ്ഞഹവിർഭാഗം |
| അവഹത് | എങ്ങനെയോ എത്തിച്ചു; |
| ഹി | എന്തെന്നാൽ |
| മാതൃസ്നേഹ- വശാനുഗഃ | അമ്മയോടുള്ള സ്നേഹബന്ധം വഴിക്കു് അസുരന്മാരെയും അനുസരിക്കുന്നവനായിരുന്നു |

വിശ്വരൂപൻ അച്ഛൻവഴിക്ക ദേവന്മാരോടും അമ്മവഴിക്കു് അസുരന്മാരോടും ബന്ധപ്പെട്ട ആളാകയാൽ ദേവയജനത്തിൽ ദേവന്മാക്ക പരസ്യമായും അസുരന്മാർക്കു രഹസ്യമായും ഹവിർഭാഗം കൊടുത്തു വെന്നു സാരം.

4 തദ്ദേവഹേളനം തസ്യ ധമ്മാളീകം സുരേശ്വരഃ
ആലക്ഷ്യ തരസാ ഭീതസ്തച്ഛീർഷാണ്യച്ഛിനദ്രുഷാ

| | |
|---|---|
| തസ്യ | അദ്ദേഹത്തിന്റെ |
| ദേവഹേളനം | ദേവാവമാനനപരമായ |
| തത് ധമ്മാളീകം. | ആ കൃത്യനിവ്വഹണകാപട്യം |
| ആലക്ഷ്യ ഭീതഃ | കണ്ടിട്ടു് ഭീതനായ |
| സുരേശ്വരഃ | ദേവേന്ദ്രൻ |
| തരസാ | പെട്ടെന്നുണ്ടായ |
| രുഷാ | കോപത്താൽ |
| തച്ഛീർഷാണി | അദ്ദേഹത്തിന്റെ ശിരസ്സുകളെ |
| അച്ഛിനത് | ഛേദിച്ചു |

5 സോമപീഥം തു യത്തസ്യ ശിര ആസീത് കപിഞ്ജലഃ
കലവിംകഃ സുരാപീഥമന്നാദം യത്സ തിത്തിരിഃ

| | |
|---|---|
| തസ്യ | ആ വിശ്വരൂപന്റെ |
| സോമപീഥം | സോമപാനം ചെയ്യുന്ന |
| യത് ശിരഃ തു | യാതൊരു ശിരസ്സാകട്ടെ |
| കപിഞ്ജലഃ | കപിഞ്ജലമെന്ന പക്ഷിയായും |
| സുരാപീഥം | സുരാപാനം ചെയ്യുന്നതു് |
| കലവിംകഃ | കലവിംകമായും |
| അന്നാദം | അന്നം ഭക്ഷിക്കുന്നതു് |
| യത് | യാതൊന്നോ |
| സഃ തിത്തിരിഃ | അതു തിത്തിരിപ്പുള്ളായും ഭവിച്ചു |

6 ബ്രഹ്മഹത്യാമഞ്ജലിനാ ജഗ്രാഹ യദപീശ്വരഃ
സംവത്സരാന്തേ തദഘം ഭൂതാനാം സ വിശുദ്ധയേ
ഭൂമ്യംബുദ്രുമയോഷിദ്ഭ്യശ്ചതുർധാ വ്യഭജദ്ധരിഃ

| | |
|---|---|
| സഃ ഹരിഃ | ആ ദേവേന്ദ്രൻ |
| ബ്രഹ്മഹത്യാം | (വിശ്വരൂപവധം കൊണ്ടുണ്ടായ) ബ്രഹ്മഹത്യാപാപത്തെ |
| ഈശ്വരഃ അപി | അതിനെ വിലക്കി നിർത്തുന്നതിനു് താൻ ശക്തനെന്നിരിക്കലും കൂടി |
| അഞ്ജലിനാ | അഞ്ജലിപുടം കൊണ്ടു് |
| ജഗ്രാഹ | ഏറ്റെടുത്തു. |
| സംവത്സരാന്തേ | ഒരു വത്സരം കഴിഞ്ഞതിൽപ്പിന്നെ |
| ഭൂതാനാം | പ്രാപഞ്ചികരുടെ ഇടയിൽ |

വിശുദ്ധയെ — വിശുദ്ധിക്കുവേണ്ടി (ലോകദൃഷ്ടിയിൽ വിശുദ്ധനാകുവാൻ വേണ്ടി)
തത് അംഹം — ആ പാപത്തെ
ഭൂമ്യംബുദ്രുമ - യോഷിദ്ഭ്യഃ — ഭൂമി, ജലം, വൃക്ഷം, സ്ത്രീ എന്നിവക്കായി
ചതുർധാ — നാലായിട്ടു്
വ്യഭജത് — ഭാഗിച്ചുകൊടുത്തു

7 ഭൂമിസ്തുരീയം ജഗ്രാഹ ഖാതപൂരവരേണ വൈ
ഈരിണം ബ്രഹ്മഹത്യായാ രൂപം ഭൂമൗ പ്രദൃശ്യതേ

ഭൂമിഃ വൈ — ഭൂമിയാകട്ടെ
ഖാതപൂരവരേണ — "കുഴിച്ചഭാഗം താനേ നികന്നു വരണം" എന്ന വരം വാങ്ങിക്കൊണ്ടു്
തുരീയം — (പാപത്തിന്റെ) നാലിലൊന്നു്
ജഗ്രാഹ — ഏറ്റെടുത്തു.
(അതഃ) ഭൂമൗ — തന്മൂലം, ഭൂമിയിൽ
ഈരിണം — മണൽക്കാടും തരിശു മണ്ണും
ബ്രഹ്മഹത്യായാഃ — ബ്രഹ്മഹത്യാദോഷത്തിന്റെ
രൂപം — ബാഹ്യലക്ഷണമായിട്ടു്
പ്രദൃശ്യതേ — വെളിയിൽ കാണപ്പെടുന്നു

8 തുര്യം ഛേദവിരോഹേണ വരേണ ജഗൃഹുർദ്രുമാഃ
തേഷാം നിര്യാസരൂപേണ ബ്രഹ്മഹത്യാ പ്രദൃശ്യതേ

ഛേദവിരോഹേണ — "വെട്ടിമുറിച്ച ഭാഗം താനേ തഴച്ചു വരണം" മെന്ന
വരേണ — വരം വാങ്ങിക്കൊണ്ടു്
തുര്യം — നാലിലൊന്നു്
ദ്രുമാഃ — വൃക്ഷങ്ങൾ
ജഗൃഹുഃ — ഏറ്റെടുത്തു.
(അതഃ) — തന്മൂലം,
തേഷാം — അവയുടെ
നിര്യാസ രൂപേണ — കറ-പശ എന്നിവയുടെ രൂപത്തിൽ
ബ്രഹ്മഹത്യാ — ബ്രഹ്മഹത്യാദോഷം
പ്രദൃശ്യതേ — പ്രത്യക്ഷപ്പെടുന്നു

9 ശശ്വത്കാമവരേണാംഹസ്തുരീയം ജഗൃഹുസ്ത്രിയഃ
രജോരൂപേണ താസ്വംഹോ മാസി മാസി പ്രദൃശ്യതേ

ശശ്വത്കാമവരേണ — "ഏതുകാലത്തും സംഭോഗം ചെയ്യാനാകണം" എന്ന വരം വാങ്ങിക്കൊണ്ടു്
തുരീയം — നാലിലൊരംശം
അംഹഃ — പാപം
സ്ത്രിയഃ — സ്ത്രീകൾ
ജഗൃഹുഃ — ഏറ്റെടുത്തു.
(അതഃ) താസു — തന്മൂലം, അവരിൽ
അംഹഃ — ആ പാപം
മാസി മാസി — മാസംതോറും
രജോരൂപേണ — ആർത്തവരൂപത്തിൽ
പ്രദൃശ്യതേ — പ്രത്യക്ഷപ്പെടുന്നു

10 ദ്രവ്യഭൂയോവരേണാപസ്തുരീയം ജഗൃഹുർമ്മലം

| | |
|---|---|
| ദ്രവ്യഭ്രയോ-വരേണ | 'ഏതുവസ്തുവോടു ചേർന്നാലും അതു പെരുകിവരണം' എന്ന വരം വാങ്ങിക്കൊണ്ടു് |
| തുരീയം | നാലിലൊരംശം |
| മലം | പാപപങ്കം |
| ആപഃ ജഗൃഹുഃ | ജലം ഏറ്റെടുത്തു |
| (അതഃ) താസു | തൽഫലമായി അതിൽ |
| ബുദ്ബുദ-ഫേനാഭ്യാം | പത, നര എന്നിവയുടെ രൂപത്താൽ |
| ദൃഷ്ടം | പ്രത്യക്ഷപ്പെട്ടിരിക്കുന്ന |
| തത് | അതിനെ (പാപപങ്കത്തെ |
| ക്ഷിപൻ | നീക്കിക്കളഞ്ഞു് |
| ഹരതി | ഇല്ലാതാക്കുന്നു |

11 ഹതപുത്രസ്തതസ്ത്വഷ്ടാ ജുഹാവേന്ദ്രായ ശത്രവേ
ഇന്ദ്രശത്രോ വിവർധസ്വ മാ ചിരം ജഹി വിദ്വിഷം

| | |
|---|---|
| തതഃ | അനന്തരം |
| ഹതപുത്രഃ | ഹനിക്കപ്പെട്ട പുത്രനോടുകൂടിയവനായി ഭവിച്ച |
| ത്വഷ്ടാ | ത്വഷ്ടാവ് |
| ഇന്ദ്രായ ശത്രവേ | ഇന്ദ്രനെ ഹനിക്കുവാൻ കരുത്തുള്ള ഒരു ശത്രുവുണ്ടാകുന്നതിന്നായി |
| ജുഹാവ | ഹോമം നടത്തി. |
| ഇന്ദ്രശത്രോ | "ഇന്ദ്രശത്രോ! |
| വിവർധസ്വ | വളരുക, വളരുക. |
| ചിരം മാ | വൈകരുതു്. |
| വിദ്വിഷം | ശത്രുവിനെ |
| ജഹി | കൊല്ലു" |
| | (ഇതായിരുന്നു ഹോമമന്ത്രം) |

ഇവിടെ 'ഇന്ദ്രശത്രു' എന്ന സമസ്തപദം ആദ്യുദാത്തമായി വന്നതുകൊണ്ടു് 'ബഹുവ്രീഹൗ പ്രകൃത്യാ പൂർവപദം' എന്ന സ്മൃതിയനുസരിച്ചു് അതിനു് ബഹുവ്രീഹിലക്ഷണം വരികയാൽ ഇന്ദ്രനാവുന്ന ശത്രുവോടുകൂടിയവനാണു് ഹോമത്തിന്റെ ഫലമായിട്ടു് ഉണ്ടായതു്. അവൻ ഇന്ദ്രന്റെ ഹന്താവാകുന്നതിനുപകരം ഇന്ദ്രൻ അവന്റെ ഹന്താവായി. "തദബ്രവീത് സ്വാഹേന്ദ്രശത്രുർവർധസ്വേതി, തസ്മാദസ്യേന്ദ്രഃ ശത്രുരഭവത്" എന്നു വേദത്തിൽ പറഞ്ഞിരിക്കുന്നു. മന്ത്രത്തിന്റെ സ്വരമോ, വർണ്ണമോ, മറ്റോ പിഴച്ചാൽ അതു് അനുകൂലഫലം ചെയ്കയില്ലെന്നു മാത്രമല്ല, പ്രയോക്താവിനെ പ്രതികൂലമായി ബാധിച്ചു ഹിംസിക്കുകകൂടി ചെയ്യുമെന്നു് ഉപദേശിക്കുവാൻ ശിക്ഷാശാസ്ത്രത്തിൽ ഇതുതന്നെ ഉദാഹരണമായി കൊടുത്തിട്ടുണ്ടു്. എങ്ങനെയെന്നാൽ —

"മന്ത്രോ ഹീനഃ സ്വരതോ വർണതോവാമിഥ്യാപ്രയുക്തോ ന തമർത്ഥമാഹ
സ വാഗ്വജ്രോ യജമാനം ഹിനസ്തി യഥേന്ദ്രശത്രുഃ സ്വരതോഽപരാധാത്"

12 അഥാന്വാഹാര്യപചനാദുത്ഥിതോ ഘോരദർശനഃ
കൃതാന്ത ഇവ ലോകാനാം യുഗാന്തസമയേ യഥാ

| | |
|---|---|
| അഥ | അനന്തരം |
| അന്വാഹാര്യ-പചനാത് | അന്വാഹാര്യ യജ്ഞത്തിന്റെ ദക്ഷിണാഗ്നിയിൽ നിന്നു്, |
| യുഗാന്തസമയേ | കല്പാന്തകാലത്തിൽ |
| ലോകാനാം | ലോകങ്ങളുടെയെല്ലാം |
| കൃതാന്തഃ | അന്തകനായ സംഹാരരുദ്രൻ |
| യഥാ ഇവ | എങ്ങനെയോ അവ്വിധം |
| ഘോരദർശനഃ | കാഴ്ചയിൽ ഭയങ്കരനായ ഒരുവൻ |
| ഉത്ഥിതഃ | ഉദ്ഭവിച്ചു- |

13 വിഷ്വഗ്വിവർദ്ധമാനം തമിഷുമാത്രം ദിനേ ദിനേ

14 ദഗ്ധശൈലപ്രതീകാശം സന്ധ്യാഭ്രാനീകവർച്ചസം
തപ്തതാമ്രശിഖാശ്മശ്രും മധ്യാഹ്നാർക്കോഗ്രലോചനം

15 ദേദീപ്യമാനേ ത്രിശിഖേ ശൂല ആരോപ്യ രോദസീ
നൃത്യന്തമുന്നദന്തം ച ചാലയന്തം പദാ മഹീം

16 ദരീഗംഭീരവക്ത്രേണ പിബതാ ച നഭസ്തലം
ലിഹതാ ജിഹ്വയർക്ഷാണി ഗ്രസതാ ഭുവനത്രയം

17 മഹതാ രൗദ്രദംഷ്ട്രേണ ജൃംഭമാണം മുഹുർമുഹുഃ
വിത്രസ്താ ദുദ്രുവുർലോകാ വീക്ഷ്യ സർവേ ദിശോ ദശ

| | |
|---|---|
| ഇഷുമാത്രം | തൊടുത്തുവിട്ട ശരം വീഴുവാൻ വേണ്ട അകലത്തോളം വ്യാസത്തിൽ |
| ദിനേ ദിനേ | നാൾക്കുനാളിൽ |
| വിഷ്വക് | നാലുപാടും |
| വിവർദ്ധമാനം | പെരുകിപ്പെരുകി വളർന്നുവരുന്ന- |
| ദഗ്ധശൈല-പ്രതീകാശം | വെന്തുകരിഞ്ഞ മാമലക്കുതുല്യം കറുത്തിരുണ്ട- |
| സന്ധ്യാഭ്രാനീക-വർച്ചസം | അന്തിനേരത്തെ കാർനിരയുടെ ദീപ്തിയെഴുന്ന- |
| തപ്തതാമ്ര-ശിഖാശ്മശ്രും | ചുട്ടുപഴുത്ത ചെമ്പു കണക്കെ ചെമ്പിച്ച കേശവും മീശയുമുള്ള- |
| മധ്യാഹ്നാർക്കോ-ഗ്രദർശനം | ഉച്ചനേരത്തെ ആദിത്യനെപ്പോലെ ഉഗ്രദർശനനായ- |
| ദേദീപ്യമാനേ | മിന്നിത്തിളങ്ങുന്നതും |
| ത്രിശിഖേ | മൂന്നുതലയുള്ളതുമായ |
| ശൂലേ | ശൂലത്തിന്മേൽ |
| രോദസീ | ആകാശത്തിനും ഭൂമിക്കുമിടക്കുള്ള അന്തരാളത്തെ |
| ആരോപ്യ | കോത്തിട്ടത്തിട്ടെന്നപോലെ വച്ചു് |
| നൃത്യന്തം | താണ്ഡവമാടുന്ന- |
| ഉന്നദന്തം | ഉച്ചത്തിൽ അട്ടഹസിക്കുന്ന- |
| പദാ | കാൽവെപ്പുകൊണ്ടു് |
| മഹീം | ഭൂമിയെ |
| ചാലയന്തം ച | കീഴ്മേൽമറിക്കുന്ന- |
| ജിഹ്വയാ | നാവുകൊണ്ടു് |
| ഋക്ഷാണി | നക്ഷത്രങ്ങളെ |
| ലിഹതാ | നക്കുന്നതും |
| ഭുവനത്രയം | മൂന്നുലോകത്തെയും |
| ഗ്രസതാ | വിഴുങ്ങുന്നതും |
| മഹതാ | പരപ്പുള്ളതും |
| രൗദ്രദംഷ്ട്രേണ | ക്രൂരദംഷ്ട്രകളോടു കൂടിയതും |
| നഭസ്തലം | ആകാശത്തെ |
| പിബതാ | മോന്തിവിടുന്നതും |

| | |
|---|---|
| ദരീഗംഭീര- വക്ത്രേണ | ഗുഹപോലെ ആഴ്ന്ന തുമായ വായയാൽ |
| മുഹു: മുഹു: | തുടരെത്തുടരെ |
| ജൃംഭമാണം | കോട്ടുവായിട്ടുകൊണ്ടിരിക്കുന്ന |
| തം വീക്ഷ്യ | അവനെകണ്ടിട്ടു് |

| | |
|---|---|
| സർവേ ലോകാഃ | എല്ലാജനങ്ങളും |
| വിത്രസ്താഃ | കിടുകിടെവിറച്ചുകൊണ്ടു് |
| ദശ ദിശഃ | പത്തുദിക്കിലേക്കും |
| ദ്രുദ്രുവുഃ | പാഞ്ഞുപോയി |

18 യേനാവൃതാ ഇമേ ലോകാസ്തമസാ ത്വാഷ്ട്രമൂർത്തിനാ
സ വൈ വൃത്ര ഇതി പ്രോക്തഃ പാപഃ പരമദാരുണഃ

| | |
|---|---|
| ത്വാഷ്ട്രമൂർത്തിനാ | ത്വഷ്ടാവിന്റെ സന്താനമായി രൂപം കൊണ്ടിരിക്കുന്ന |
| തമസാ | തമോഗുണാന്ധകാരം തന്നെയായ |
| യേന | യാതൊരുവനാൽ |
| ഇമേ ലോകാഃ | ഈ ലോകങ്ങളാകെ |
| ആവൃതാ | ആവരണം ചെയ്യപ്പെട്ടുവോ, |

| | |
|---|---|
| പാപഃ | പാപിയും |
| പരമദാരുണഃ | അതിഭീഷണനുമായ |
| സഃ വൈ | അവൻ, അക്കാരണത്താൽ |
| വൃത്രഃ ഇതി | ''വൃത്രൻ'' എന്ന പേരിൽ |
| പ്രോക്തഃ | വിഖ്യാതനായി |

19 തം നിജഘ്നുരഭിദ്രുത്യ സഗണാ വിബുധർഷഭാഃ
സൈ്വഃ സൈ്വർദിവ്യാസ്ത്രശസ്ത്രൗഘൈഃ സോഽഗ്രസത്താനി കൃത്സ്നശഃ

| | |
|---|---|
| വിബുധർഷഭാഃ | ദേവപ്രമുഖന്മാർ |
| സഗണാഃ | സൈന്യസംഘത്തോടുകൂടെ |
| തം അഭിദ്രുത്യ | അവന്റെ നേക്കു് പാഞ്ഞണഞ്ഞു് |
| സൈ്വഃ സൈ്വഃ | അവരവർക്കുള്ള |

| | |
|---|---|
| ദിവ്യാസ്ത്ര- ശസ്ത്രൗഘൈഃ | ദിവ്യാസ്ത്രശസ്ത്രങ്ങളുടെ നിരകളാൽ |
| നിജഘ്നുഃ | പ്രഹരിച്ചു. |
| സഃ | (എന്നാൽ) അവൻ |
| താനി | അവയെ |
| കൃത്സ്നശഃ | ഒന്നൊഴിയാതെ |
| അഗ്രസത് | വിഴുങ്ങി |

20 തതസ്തേ വിസ്മിതാഃ സർവേ വിഷണ്ണാ ഗ്രസ്തതേജസഃ
പ്രത്യഞ്ചമാദിപുരുഷമുപതസ്ഥുഃ സമാഹിതാഃ

| | |
|---|---|
| തതഃ | അനന്തരം |
| ഗ്രസ്തതേജസഃ | ഗ്രസിക്കപ്പെട്ട തേജസ്സോടുകൂടിയവരായി |
| വിഷണ്ണാഃ | ദുഃഖിതന്മാരായിച്ചമഞ്ഞ |
| തേ സർവേ | അവരെല്ലാവരും |
| വിസ്മിതാഃ | അദ്ഭുതാധീനരായിട്ടു് |

| | |
|---|---|
| പ്രത്യഞ്ചം | ഓരോരുത്തരിലും അന്തര്യാമിയായി സ്ഥിതിചെയ്യുന്ന |
| ആദിപുരുഷം | ആദിപുരുഷനെ (ശ്രീഹരിയെ) |
| സമാഹിതാഃ | ഏകാഗ്രചിത്തരായി |
| ഉപതസ്ഥുഃ | സ്തോത്രം ചെയ്തു |

മഹാഭയം നേരിടുമ്പോഴാം ശ്രീഹരിയല്ലാതെ മററാരും രക്ഷകരുണ്ടാകയില്ലെന്നു മനസ്സിലുറപ്പിച്ച്, വൃത്രഭയാതുരന്മാരായ ദേവന്മാർ തന്തിരുവടിയെത്തന്നെ സ്തോത്രം ചെയ്തു.

ദേവാ ഊചുഃ = ദേവന്മാർ ചൊല്ലി

21 വായ്വംബരാഗ്ന്യപ്ക്ഷിതയസ്ത്രിലോകാ
ബ്രഹ്മാദയോ യേ വയമുദ്വിജന്തഃ
ഹരാമ യസ്മൈ ബലിമന്തകോഽസൗ
ബിഭേതി യസ്മാദരണം തതോ നഃ

| | |
|---|---|
| വായ്വംബരാഗ്ന്യപ്ക്ഷിതയഃ | വായു, അംബരം, അഗ്നി, അപ്പ്, ക്ഷിതി എന്നീ പഞ്ചഭൂതങ്ങളും |
| ബ്രഹ്മാദയഃ | (അവയുടെ അധിപതികളായ) ബ്രഹ്മാദി ദേവന്മാരും |
| യേ വയം | (അവരുടെ കീഴ്വരുതിയിലുള്ള) യാവചില ഞങ്ങളും |
| ഉദ്വിജന്തഃ | പേടിച്ചുമ്പരന്നുകൊണ്ട് |

| | |
|---|---|
| യസ്മൈ | യാതൊരുവന്ന് |
| ബലിം | പൂജാനുഷ്ഠാനത്തെ |
| ഹരാമ | അർപ്പിക്കുന്നുവോ, |
| അസൗ | അങ്ങനെയുള്ള |
| അന്തകഃ അപി | കാലനുംകൂടി |
| യസ്മാത് | യാതൊരാളിൽ നിന്നാണോ |
| ബിഭേതി | ഭയപ്പെടുന്നത് |
| തതഃ | ആ സർവ്വേശ്വരനിൽ നിന്നുതന്നെ |
| നഃ അരണം | ഞങ്ങൾക്കു ശരണം |
| അസ്തു | ഉണ്ടായ്വരട്ടെ |

22 അവിസ്മിതം തം പരിപൂർണ്ണകാമം
സ്വേനൈവ ലാഭേന സമം പ്രശാന്തം
വിനോപസർപത്യപരം ഹി ബാലിശഃ
ശ്വലാംഗുലേനാതിതിത്തി സിന്ധും.

| | |
|---|---|
| അവിസ്മിതം | നിരഹംകാരനായി- |
| പ്രശാന്തം | രാഗദ്വേഷാദി ശൂന്യനായി- |
| സ്വേന ഏവ | ആത്മീയമായി തന്നെയുള്ള |
| ലാഭേന | ലാഭംകൊണ്ട് (ആത്മാനന്ദലബ്ധി കൊണ്ട്) |
| പരിപൂർണ്ണ കാമം | എല്ലാ ആഗ്രഹവും തികഞ്ഞവനായി- |
| സമം | ഉപാധിപരിച്ഛേദമില്ലാത്തവനുമായി സ്ഥിതിചെയ്യുന്ന |

| | |
|---|---|
| തം വിനാ | ആ സർവ്വേശ്വരനെ വിട്ട് |
| അപരം | അന്യനെ |
| (യഃ) ബാലിശഃ | യാതൊരു മൂഢൻ |
| ഉപസർപതി | ശരണം പ്രാപിക്കുന്നുവോ, |
| (സഃ) ഹി | അവൻ, തീർച്ചയായും |
| ശ്വലാംഗുലേന | ശ്വാവിന്റെ വാലുകൊണ്ട് |
| സിന്ധും | സമുദ്രത്തെ |
| അതിതിതത്തി | കടക്കുവാൻ ആഗ്രഹിക്കുന്നു- |

"പട്ടിയുടെ വാലിൽ പിടിച്ചുതൂങ്ങി കടൽ താണ്ടുവാനാകയില്ലല്ലോ. അതുപോലെ സർവ്വേശ്വരനല്ലാത്തവനെ ആശ്രയിച്ചു് വ്യസനാർണ്ണവത്തെ തരണം ചെയ്യുവാനും സാധ്യമാകയില്ല." എന്നു് ഭാവം.

മഹാഭയം നേരിടുമ്പോഴെല്ലാം തന്തിരുവടി രക്ഷയ്ക്കുണ്ടായിരുന്നുവെന്നു് അനുസ്മരിച്ചു്, ഈ വൃത്രഭയത്തിൽ നിന്നും അവിടുന്നു് തന്നെ രക്ഷിക്കുമെന്നുറപ്പിച്ചു ദേവന്മാർ വീണ്ടും സ്തുതിക്കുന്നു.

23 യസ്യോരുശൃംഗേ ജഗതീം സ്വനാവം
മനുര്യഥാബധ്യ തതാര ദുർഗം
സ ഏവ നസ്ത്വാഷ്ട്രഭയാദ്ദുരന്താത്
ത്രാതാശ്രിതാൻ വാരിചരോഽപി നൂനം

| | | | |
|---|---|---|---|
| മനുഃ | സത്യവ്രതൻ എന്ന മനു | സഃ ഏവ | അതേ |
| ജഗതീം | ഭൂലോകമാവുന്ന | വാരിചരഃ | മത്സ്യമൂർത്തി |
| സ്വനാവം | തന്റെ കപ്പലിനെ | ആശ്രിതാൻ | ആശ്രിതന്മാരായ |
| യസ്യ | ഏതൊരുവന്റെ | നഃ അപി | ഞങ്ങളെയും |
| ഉരുശൃംഗേ | വമ്പിച്ച കൊമ്പിന്മേൽ | ദുരന്താത് | അററം കാണാത്ത |
| ആബധ്യ | അണച്ചുകെട്ടി | ത്വാഷ്ട്രഭയാത് | വൃത്രഭീതിയിൽ നിന്നു് |
| ദുർഗം | ദുർഘടത്തെ | | |
| യഥാ | ശരിയ്ക്കും | നൂനം | നിശ്ചയമായും |
| തതാര | തരണം ചെയ്തുവോ, | ത്രാതാ | രക്ഷിച്ചുകൊള്ളും |

24 പുരാ സ്വയംഭൂരപി സംയമാംഭസ്യു-
ദീർണവാതോർമ്മിരവൈഃ കരാളേ
ഏകോഽരവിന്ദാത് പതിതസ്തതാര
തസ്മാദ്ഭയാദ്യേന സ നോഽസ്തു പാരഃ

| | | | |
|---|---|---|---|
| പുരാ | ആദികാലത്തു് | ഏകഃ | നിസ്സഹായനായി ഭവിച്ചു് |
| സ്വയംഭൂഃ അപി | ബ്രഹ്മാവുകൂടിയും | തസ്മാത്ഭയാത് | ആ ഭയത്തിൽ നിന്നും |
| ഉദീർണവാതോർമ്മിരവൈഃ | ആഞ്ഞുയന്ന കാററുകൊണ്ടിളകിയ തിരമാലകളുടെ ഇരമ്പലുകളാൽ | യേന | യാതൊരാളാൽ |
| | | തതാര | കരകയറിയോ, |
| കരാളേ | ഭീഷണമായ | സഃ | ആ സർവ്വേശ്വരൻ തന്നെ |
| സംയമാംഭസി | പ്രളയജലത്തിൽ | | |
| അരവിന്ദാത് | താമരയിൽ നിന്നു് | നഃ | ഞങ്ങൾക്കും |
| പതിതഃ | വീണെന്നപോലെയായിട്ടു് | പാരഃ | ഉത്താരകനായി |
| | | അസ്തു | ഭവിക്കട്ടെ |

ഞങ്ങളെ സൃഷ്ടിച്ചതും രക്ഷിക്കുന്നതും ഭഗവാൻതന്നെയാകയാൽ തന്തിരുവടിയെത്തന്നെ ഞങ്ങൾ ശരണം പ്രാപിക്കുകയാണെന്നു് ഇനി മൂന്നു

25 യ ഏക ഈശോ നിജമായയാ നഃ
സസർജ യേനാനു സൃജാമ വിശ്വം
വയം ന യസ്യാപി പുരഃ സമീഹതഃ
പശ്യാമ ലിംഗം പൃഥഗീശമാനിനഃ

26 യോ നഃ സപത്നൈർഭൃശമർദ്യമാനാൻ
ദേവർഷിതിര്യങ്ങ്നൃഷു നിത്യ ഏവ
കൃതാവതാരസ്തനുഭിഃ സ്വമായയാ
കൃത്വാത്മസാത് പാതി യുഗേയുഗേ ച

27 തമേവ ദേവം വയമാത്മദൈവതം
പരം പ്രധാനം പുരുഷം വിശ്വമന്യം
വ്രജാമ സർവേ ശരണം ശരണ്യം
സ്വാനാം സ നോ ധാസ്യതി ശം മഹാത്മാ.

| | |
|---|---|
| ഈശഃ | സർവശക്തനായ |
| യഃ | യാതൊരുവൻ |
| ഏകഃ | അസഹായനായിട്ടു തന്നെ |
| നിജമായയാ | തന്റെ മായാവൈഭവത്താൽ |
| നഃ | ഞങ്ങളെ |
| സസർജ | സൃഷ്ടിച്ചുവോ, |
| യേന അനു | യാതൊരുവനാൽ അനുഗൃഹീതരായിട്ട് |
| വയം വിശ്വം | ഞങ്ങൾ വിശ്വത്തെ, |
| സൃജാമ | സൃഷ്ടിച്ചുവരുന്നുവോ, |
| പൃഥഗീശ- മാനിനഃ | വേറെവേറെ സ്വയം ഈശ്വരന്മാരെന്ന് ഭാവിക്കുന്ന ഞങ്ങൾ |
| പുരഃ | ഞങ്ങൾക്കും മുൻപേ |
| സമീഹതഃ അപി | അന്തര്യാമിയായി പ്രവർത്തിച്ചുവരുന്നവനാണെന്നിരിക്കിലും |
| യസ്യ | യാതൊരുവന്റെ |
| ലിംഗം | സ്വരൂപത്തെ |
| ന പശ്യാമ | ദർശിക്കുന്നില്ലയോ, |
| നിത്യഃ | എന്നും നിലകൊള്ളുന്ന സത്യസ്വരൂപനായ |
| യഃ ഏവ | യാതൊരുവൻതന്നെ |

| | |
|---|---|
| ദേവർഷി- തിര്യങ്ങ്നൃഷു | ദേവന്മാർ, ഋഷിമാർ തിര്യക്കുകൾ, മനുഷ്യർ എന്നിവരുടെ ഇടയിൽ |
| സ്വമായയാ | തന്റെമായാശക്തിയാൽ |
| തനുഭിഃ | ശരീരങ്ങളോടുകൂടെ |
| കൃതാവതാരഃ | അവതാരം ചെയ്ത്, |
| സപത്നൈഃ | ശത്രുക്കളാൽ |
| ഭൃശം | അത്യധികം |
| അർദ്യമാനാൻ | ദ്രോഹിക്കപ്പെടുന്ന |
| നഃ | ഞങ്ങളെ |
| ആത്മസാത് കൃത്വാ | സ്വന്തക്കാരാണെന്ന് വിചാരിച്ച് |
| യുഗേ യുഗേ | ഓരോ യുഗത്തിലും |
| പാതി ച | പരിപാലിക്കുകയും ചെയ്യുന്നുവോ, |
| ആത്മദൈവതം | ജീവാത്മസ്വരൂപമായി ഭവിച്ച ഈശ്വരനായി- |
| വിശ്വം | വിശ്വാകാരനായി- |
| അന്യം | എന്നാൽ, അതിൽ നിന്ന് അന്യനായി- |
| പരം | (വിശ്വത്തിന്) മൂലകാരണമായി- |
| പ്രധാനം | പ്രകൃതിയും |

| | | | |
|---|---|---|---|
| പുരുഷം | പുരുഷനുമായി- | ശരണം വ്രജാമ | ശരണംപ്രാപി ക്കുന്നു. |
| ശരണ്യം | ശരണാർഹനുമായി രിക്കുന്ന | മഹാത്മാ | മഹാമനസ്സനായ |
| തം ദേവം ഏവ | ആ ഭഗവാനെ ത്തന്നെ | സഃ | തന്തിരുവടി |
| | | സ്വാനാം | സ്വകീയരായ |
| | | നഃ | ഞങ്ങൾക്കു് |
| സർവേ | ഞങ്ങളെല്ലാവരും | ശം ധാസ്യതി | ക്ഷേമമുളവാക്കും |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

28 ഇതി തേഷാം മഹാരാജ സുരാണാമുപതിഷ്ഠതാം
പ്രതീച്യാം ദിശ്യഭൂദാവിശ്ശംഖചക്രഗദാധരഃ

| | | | |
|---|---|---|---|
| മഹാരാജ | അല്പഭയാ മഹാനായ രാജാവേ! | പ്രതീച്യാംദിശി | ഹൃദയദിശയിൽ |
| ഇതി | ഈപ്രകാരം | ശംഖചക്ര- ഗദാധരഃ | ശംഖം, ചക്രം, ഗദ എന്നീ ആയുധങ്ങളെ ധരിച്ചിരിക്കുന്ന ശ്രീഭഗവാൻ |
| ഉപതിഷ്ഠതാം | സ്തുതിച്ചുസേവിച്ചു കൊണ്ടിരുന്ന | | |
| തേഷാം | ആ | | |
| സുരാണാം | ദേവന്മാരുടെ | ആവിഃ അഭൂത് | ആവിർഭവിച്ചു |

29 ആത്മതുല്യൈഃ ഷോഡശഭിർവിനാ ശ്രീവത്സകൗസ്തുഭൗ
പര്യുപാസിതമുന്നിദ്രശരദംബുരുഹേക്ഷണം

30 ദൃഷ്ട്വാ തമവനൗ സർവ ഈക്ഷണാഹ്ലാദവിക്ലബാഃ
ദണ്ഡവത്പതിതാ രാജൻ ശനൈരുത്ഥായ തുഷ്ടുവുഃ

| | | | |
|---|---|---|---|
| ശ്രീവത്സ- കൗസ്തുഭൗവിനാ | ശ്രീവത്സവും കൗസ്തു ഭവും ഒഴിച്ചു് (മററു ലക്ഷണങ്ങളാൽ) | തം | തന്തിരുവടിയെ |
| | | ദൃഷ്ട്വാ | കണ്ടു്, |
| ആത്മതുല്യൈഃ | തന്നെപ്പോലെയുള്ള | ഈക്ഷണാഹ്ലാദ- വിക്ലബാഃ | ദർശനാനന്ദത്താൽ വിവശരായി ച്ചമഞ്ഞ |
| ഷോഡശഭിഃ | പതിനാറുപേരാൽ | സർവേ | എല്ലാവരും |
| പര്യുപാസിതം | ചുററുംനിന്നു് ഉപാ സിക്കപ്പെട്ടിരിക്കുന്ന വനും | അവനൗ | നിലത്തു് |
| | | ദണ്ഡവത് | ദണ്ഡംപോലെ |
| | | പതിതാഃ | വീണുവണങ്ങി |
| ഉന്നിദ്രശരദം- ബുരുഹേക്ഷണം | വികസിച്ച ശരൽ കാലപദ്മംപോ ലുള്ള നേത്രഭംഗി കലർന്നവനുമായ | രാജൻ | രാജാവേ! |
| | | ശനൈഃ | പിന്നെ സാവകാശം |
| | | ഉത്ഥായ | എഴുന്നേററു് |
| | | തുഷ്ടുവുഃ | സ്തുതിച്ചു |

ദേവാ ഊചുഃ = ദേവന്മാർ ചൊല്ലി—

31 നമസ്തേ യജ്ഞവീര്യായ വയസേ ഉത തേ നമഃ
നമസ്തേ ഹ്യസ്തചക്രായ നമഃ സുപുരുഹൂതയേ

| | |
|---|---|
| യജ്ഞവീര്യായ | യജ്ഞമാവുന്ന വീര്യത്തോടു കൂടിയ |
| തേ നമഃ | നിന്തിരുവടിക്കു നമസ്കാരം |
| വയസേ ഉത | കാലശക്തിയായി വർത്തിക്കുകയും ചെയ്യുന്ന |
| തേ നമഃ | നിന്തിരുവടിക്കു നമസ്കാരം |
| അസ്തചക്രായ ഹി | ചക്രായുധത്തെ പ്രയോഗിക്കുകയും ചെയ്യുന്ന |
| തേ നമഃ | നിന്തിരുവടിക്കു നമസ്കാരം |
| സുപുരുഹൂതയേ | ശോഭനങ്ങളായ അനേകം തിരുനാമങ്ങളോടുകൂടിയ അവിടുത്തേക്കു് |
| നമഃ | നമസ്കാരം |

"യജ്ഞത്തിനു് സ്വർഗാദിഫലമുണ്ടാകുന്നതു അവിടുത്തെ വൈഭവമാണു്. ആ ഫലത്തിനു അതിരിടുന്ന കാലശക്തിയും അവിടുന്നുതന്നെ. യജ്ഞവിഘ്നകാരികളെ ചക്രായുധം പ്രയോഗിച്ചു സംഹരിക്കുന്നതും നിന്തിരുവടിയാണു്. ഇത്തരം മഹിമകളെ വെളിവാക്കുന്ന അനേകം തിരുനാമങ്ങളുള്ള അവിടുത്തേക്കു നമസ്കാരം" ഇതാണു് ഈ സ്തുതിയുടെ ആന്തരാർത്ഥം.

ഭഗവാന്റെ ഗുണാതീതമായ സ്വരൂപത്തെ വിട്ടു് ഗുണോപാധികമായ യജ്ഞവീര്യത്വാദികളെ വർണ്ണിച്ചതെന്തുകൊണ്ടാണെന്നു് ഇനി പറയുന്നു.

32 യത്തേ ഗതീനാം തിസൃണാമീശിതുഃ പരമം പദം
നാർവാചീനോ വിസർഗസ്യ ധാതർവേദിതുമർഹതി

| | |
|---|---|
| ധാതഃ | സ്രഷ്ടാവേ! |
| ഈശിതുഃ | ഗുണത്രയത്തിന്റെ നിയന്താവായ |
| തേ | നിന്തിരുവടിയുടെ |
| തിസൃണാം | ഗുണത്രയാത്മകമായ മൂന്നുവിധം |
| ഗതീനാം | സൃഷ്ടിഭേദങ്ങൾക്കും |
| പരമം | അതീതമായി നില്ക്കുന്ന |
| പദം യത് | സ്ഥിതി യാതൊന്നോ |
| (തത്) | അതിനെ (നിർഗുണ സ്വരൂപത്തെ |
| വിസർഗസ്യ | സൃഷ്ടിക്കു് |
| അർവാചീനഃ | ശേഷം ഉണ്ടായവൻ |
| വേദിതും | അറിയുവാൻ |
| ന അർഹതി | അർഹനാകയില്ല |

ഗുണത്രയാത്മകമായ സൃഷ്ടിക്കു മുമ്പുണ്ടായിരുന്ന ഭഗവാന്റെ നിർഗുണസ്വരൂപം ആ സൃഷ്ടിക്കു ശേഷമുണ്ടായ ദേവന്മാർ അറിയുന്നതെങ്ങനെ? അതുകൊണ്ടു് സഗുണ സ്വരൂപത്തെ മാത്രം വാഴ്ത്തി സ്തുതിക്കുകയാണെന്നു് താൽപര്യം.

പരിമിതാക്ഷരങ്ങളായ പദ്യങ്ങൾകൊണ്ടു് ഭഗവാന്റെ അപരിമിത ഗുണങ്ങളെ ചൊല്ലി സ്തുതിക്കുവാൻ പ്രയാസമാണെന്നു് കരുതിയിട്ടോ എന്നു തോന്നുമാറു് ദേവന്മാർ ഗദ്യരൂപേണ സ്തുതിച്ചുതുടങ്ങുന്നു.

33 ഓം നമസ്തേƒസ്തു ഭഗവൻ നാരായണ വാസുദേവാദിപുരുഷ മഹാപുരുഷ മഹാനുഭാവ പരമമംഗള പരമകല്യാണ പരമകാരുണിക കേവല ജഗദാധാര ലോകൈകനാഥ സർവ്വേശ്വര ലക്ഷ്മീനാഥ പരമഹംസപരിവ്രാജകൈഃ പരമേണാത്മയോഗസമാധിനാ പരിഭാവിതപരിസ്ഫുടപാരമഹംസ്യധർമ്മേണോദ്ഘാടിതതമഃ- കപാടദ്വാരേ ചിത്തേƒപാവൃത ആത്മലോകേ സ്വയമുപലബ്ധനിജ- സുഖാനുഭവോ

'ഭവാൻ' എന്നുതുടങ്ങി 'ലക്ഷ്മീനാഥ' എന്നുവരെ 14 പദങ്ങൾ ഭക്ത്യുദ്രേകത്താലുള്ള സംബോധനകളാണു്. തന്തിരുവടിയുടെ ദുർജ്ഞേയത്വം തുടർന്നു് വിസ്തരിക്കുന്നു.

| | | |
|---|---|---|
| ഓം നമഃ തേ അസ്തു | = | ഓംകാരപ്പൊരുളേ! നിന്തിരുവടിക്കു് നമസ്കാരം |
| ഭവാൻ | = | നിന്തിരുവടി |
| പരമഹംസപരിവ്രാജകൈഃ | = | പരമഹംസന്മാരായ സന്യാസിമാരാൽ |
| പരമേണ ആത്മ- യോഗ സമാധിനാ | = | സർവ്വോത്തമമായ അഷ്ടാംഗയോഗസമാധി കൊണ്ടു് |
| പരിഭാവിതപരിസ്ഫുട- പാരമഹംസ്യധർമ്മേണ | = | പരിശീലിക്കപ്പെട്ടു പ്രസ്പഷ്ടമായി ഭവിച്ച ഭഗവദ്ഭക്തിയാൽ |
| ഉദ്ഘാടിതതമഃകപാട- ദ്വാരേ ചിത്തേ | = | അജ്ഞാനതിമിരത്തിന്റെ മറ നീക്കപ്പെട്ടിരിക്കുന്ന ചിത്തത്തിൽ |
| അപാവൃതേ ആത്മലോകേ | = | വെളിപ്പെടുന്ന പ്രത്യഗാത്മരൂപത്തിൽ |
| സ്വയം ഉപലബ്ധനിജ സുഖാനുവഃ | = | തന്നെത്താൻ അഭിവ്യക്തമായ സ്വകീയാനന്ദത്തിന്റെ അനുഭൂതിയാകുന്നു. |

കേവലാനുഭൂതിമാത്രമാണു് ഭഗവൽസ്വരൂപം എന്നുവരികിൽ പ്രപഞ്ചസൃഷ്ടി മുതലായവയുടെ കർത്തൃത്വം അവിടുത്തേക്കു് ഉണ്ടാവുന്നതെങ്ങനെ? ഈ ആശങ്കയെ പരിഹരിക്കുന്നു-

34 ദുരവബോധ ഇവ തവായം വിഹാരയോഗോ യദശരണോƒ- ശരീര ഇദമനവേക്ഷിതാസ്മത്സമവായ ആത്മനൈവാവിക്രിയ- മാണേന സഗുണമഗുണഃ സൃജസി പാസി ഹരസി.

| | | |
|---|---|---|
| തവ അയം വിഹാര യോഗഃ | = | നിന്തിരുവടിയുടെ ഈ ലീലാവിനോദം |
| ദുരവബോധഃ ഇവ | = | ദുർജ്ഞേയമായിത്തന്നെ ഇരിക്കുന്നു. |
| യത് അശരണഃ അശരീരഃ | = | എന്തെന്നാൽ, നിരാധാരനായും നിർദേഹനായും |

അഗുണഃ (ത്വം) = നിർഗ്ഗുണനായും ഇരിക്കുന്ന നിന്തിരുവടി
അനവേക്ഷിതാസ്മത്-സമവായഃ = ഞങ്ങളുടെ സഹയോഗം പ്രതീക്ഷിക്കാതെ
അവിക്രിയമാണേന ആത്മനാ ഏവ = വികാരം സംഭവിക്കാതിരിക്കുന്ന സ്വസ്വരൂപം കൊണ്ടുതന്നെ
സഗുണം ഇദം = ത്രിഗുണാത്മകമായ ഈ വിശ്വത്തെ
സൃജസി പാസി ഹരസി = സൃഷ്ടിക്കുന്നു; രക്ഷിക്കുന്നു; സംഹരിക്കുന്നു.

35 അഥ തത്രഭവാൻ കിം ദേവദത്തവദിഹ ഗുണവിസർഗ-
പതിതഃ പാരതന്ത്ര്യേണ സ്വകൃതകുശലാകുശലം ഫല-
മുപാദദാത്യാഹോസ്വിദാത്മാരാമ ഉപശമശീലഃ സമഞ്ജസ-
ദർശന ഉദാസ്തേ ഇതി ഹ വാവ ന വിദാമഃ

അഥ തത്രഭവാൻ = ഒരുപക്ഷേ, ബ്രഹ്മസ്വരൂപമായ നിന്തിരുവടി
ദേവദത്തവത് = 'ദേവദത്ത' നെന്നോമറ്റോ പേരുള്ള ദേഹിയായി
ഇഹ ഗുണവിസർഗപതിതഃ = ഈ പ്രപഞ്ചത്തിൽ ഗുണവികാരകൃതമായ നാനാ യോനികളിൽ പതിച്ച്
സ്വകൃതകുശലാകുശലം ഫലം = താൻ ചെയ്ത ശുഭാശുഭങ്ങൾക്കുള്ള ഫലം
പാരതന്ത്ര്യേണ ഉപാദദാതി = (ജീവസ്വരൂപേണ) പ്രകൃത്യധീനതയോടെ അനുഭവിക്കുകയാണോ?
ആഹോസ്വിത്, ആത്മാരാമഃ = അതല്ല, തന്നിൽത്തന്നെ രമിക്കുന്നവനും
ഉപശമശീലഃ = പരമശാന്തസ്വഭാവനും
സമഞ്ജസദർശനഃ = അഴിവില്ലാത്ത ചിച്ഛക്തിയോടുകൂടിയവനുമായ നിന്തിരുവടി
ഉദാസ്തേ = സർവസാക്ഷിത്വേന ഉദാസീനനായി വർത്തിക്കുകയാണോ?
ഇതി ഹ വാവ ന വിദാമഃ = എന്നുള്ളതൊന്നും ഞങ്ങൾ അറിയുന്നതേ ഇല്ല.

ഈ വിധം ഈശ്വരസ്വരൂപത്തിന്റെ ദുർജ്ഞേയത്വം കാണിച്ച് ഇനി അതിനെ പരിഹരിച്ചുകൊണ്ട് എങ്ങനെ അറിയാമെന്ന് പറയുന്നു —

36 ന ഹി വിരോധ ഉഭയം ഭഗവത്യപരിമിതഗുണഗണ
ഈശ്വരേഽനവഗാഹ്യമാഹാത്മ്യേഽർവാചീനവികല്പവിതർക്ക-
വിചാരപ്രമാണാഭാസകുതർക്കശാസ്ത്രകലിലാന്തഃകരണാശ്രയ-
ദുരവഗ്രഹവാദിനാം വിവാദാനവസര ഉപരതസമസ്തമായാമയേ
കേവല ഏവാത്മമായാമന്തർധായ കോ ന്വർത്ഥോ ദുർഘട
ഇവ ഭവതി സ്വരൂപദ്വയാഭാവാത്

(ത്വയി) ഉഭയം വിരോധഃ ന ഹി } = നിന്തിരുവടിയിൽ ഇതു രണ്ടും (ബ്രഹ്മത്വവും ജീവത്വവും) പരസ്പരവിരുദ്ധമായതല്ലല്ലോ.

അപരിമിതഗ്ഗുണഗണേ = അതിരില്ലാത്ത ഗ്ഗുണഗണങ്ങളോടു കൂടിയവനായും

അനവഗാഹ്യമാഹാത്മ്യേ = അനുമേയമല്ലാത്ത മഹിമയോടുകൂടിയവനായും

അർവാചീന വികല്പവിതർക്ക-വിചാര പ്രമാണാഭാസകുതർക്ക-ശാസ്ത്രകലിലാന്തഃ കരണാശ്രയ-ദുരവഗ്രഹവാദിനാം } = വസ്തുസ്വരൂപത്തെ സ്പർശിക്കാത്ത സംശയങ്ങളും, യുക്തിചിന്തകളും, തീർപ്പുകളും, മുടന്തൻപ്രമാണങ്ങളും, ദുസ്തർക്കങ്ങളും ഉൾക്കൊള്ളുന്ന ശാസ്ത്രങ്ങളുടെ പരിശീലനം കൊണ്ടു കലങ്ങിയ സ്വബുദ്ധിയെ അവലംബിച്ചു് അബദ്ധധാരണയോടെ വാദിക്കുന്ന പണ്ഡിതന്മാരുടെ

വിവാദാനവസരേ = വാദവിവാദങ്ങൾക്കു് വിഷയീഭവിക്കാത്തവനായും

ഉപരതസമസ്തമായാമയേ = മായാമയമായ സമസ്തസംസാരവും തന്നിലൊടുങ്ങിയിരിക്കുന്നവനായും

ഈശ്വരേ കേവലേ ഏവ = സർവതന്ത്രസ്വതന്ത്രനായും കേവലാത്മാവുമായി വർത്തിക്കുന്നവനെന്നിരിക്കലും

ഭഗവതി = നിന്തിരുവടിയിൽ

ആത്മമായാം അന്തർധായ = സ്വമായാശക്തിയെ (ജീവബ്രഹ്മതത്ത്വങ്ങളുടെ) മദ്ധ്യത്തിൽ നിവേശിപ്പിച്ചു്

കോനു അർത്ഥഃ ദുർഘടഃ ഇവ ഭവതി } = ഏതൊരുകാര്യമാണു് അസംഭവമായി തീരുന്നതു്?

സ്വരൂപദ്വയാഭാവാത് = വാസ്തവത്തിൽ രണ്ടുസ്വരൂപവും നിന്തിരുവടിയിൽ അസിദ്ധമാകുന്നുവെന്നതാണു് അതിനു കാരണം

അനുഗ്രഹനിഗ്രഹാദികളാകട്ടെ ഓരോരുത്തരുടെ ബുദ്ധിഭേദം അനുസരിച്ചു് ഈശ്വരനിൽ പ്രകാശിക്കുകയാണെന്നു് ഇനിപറയുന്നു—

37 സമവിഷമമതീനാം മതമനുസരസി യഥാ രജ്ജുഖണ്ഡഃ സർപാദിധിയാം

രജ്ജുഖണ്ഡഃ സർപാദി-ധിയാം യഥാ } = ഒരു കയററിൻകഷ്ണം, അതിൽ സർപ്പാദിഭ്രാന്തി തോന്നുന്നവർക്കു് അതുതന്നെയായി പ്രതിഭാസിക്കുന്നതെങ്ങനെയോ, അതുപോലെ

(ത്വം) സമവിഷമ മതീനാം } = നിന്തിരുവടി സമബുദ്ധികളുടെയും വിഷമബുദ്ധികളുടെയും

മതം അനുസരസി = അഭിപ്രായത്തെ അനുസരിക്കുന്നു. (ഓരോരുത്തരുടെ തോന്നലിന്നുതകിക്കൊണ്ടു അനുഗ്രഹദാതാവായും നിഗ്രഹദാതാവായും പ്രതിഭാസിക്കുന്നു)

വാസ്തവികമായ ഭഗവത്സ്വരൂപം എന്തെന്നു വ്യക്തമാക്കുന്നു —

38 സ ഏവ ഹി പുനഃ സർവവസ്തുനി വസ്തുസ്വരൂപഃ സർവ്വേശ്വരഃ
സകലജഗത്കാരണകാരണഭൂതഃ സർവപ്രത്യഗാത്മത്വാത്-
സർവഗുണാ ഭാസോപലക്ഷിത ഏക ഏവ പര്യവശേഷിതഃ

സരവവസ്തുനി വസ്തുസ്വരൂപഃ = സമസ്തവസ്തുക്കളിലും സത്താമാത്രകനായി,

സർവേശ്വരഃ = സമസ്തങ്ങളുടെയും നിയന്താവായി,

സകലജഗത്കാരണ-കാരണഭൂതഃ സഃ ഏവ ഹി = സമസ്തലോകങ്ങളുടെ കാരണങ്ങൾക്കും കാരണമായി ഭവിച്ചിരിക്കുന്നു. ആ നിന്തിരുവടി തന്നെ

സർവപ്രത്യഗാത്മ-ത്വാത് = സമസ്തജീവാന്തര്യാമിയായിവർത്തിക നിമിത്തം

സർവഗുണാഭാസോ-പലക്ഷിതഃ = സമസ്തവിഷയങ്ങളുടെയും ആവിഷ്കരണങ്ങളാൽ നാനാത്വേന പ്രതീയമാനനായിട്ട്

പുനഃ ഏകഃ ഏവ പര്യവശേഷിതഃ = പിന്നെയും ഏകനായിത്തന്നെ പര്യവശേഷിക്കുന്നു.

ആകയാൽ ഭഗവദ്ഭജനം ഒന്നുമാത്രമാണ് പരമപുരുഷാർത്ഥമെന്നു പറഞ്ഞു സ്തുതിക്കുന്നു-

39 അഥ ഹ വാവ തവ മഹിമാമൃതരസസമുദ്രവിപ്രുഷാ സകൃദ-
വലീഢയാ സ്വമനസി നിഷ്യന്ദമാനാനവരതസുഖേന വിസ്മാ-
രിതദൃഷ്ടശ്രുതവിഷയസുഖലേശാഭാസാഃ പരമഭാഗവതാ
ഏകാന്തിനോ ഭഗവതി സർവ്വഭൂതപ്രിയസുഹൃദി സർവ്വാത്മനി
നിതരാം നിരന്തരം നിർവൃതമനസഃ കഥമു ഹ വാ ഏതേ
മധുമഥന പുനഃ സ്വാർത്ഥകുശലാ ഹ്യാത്മപ്രിയസുഹൃദഃ സാധവ-
സ്ത്വച്ചരണാംബുജാനുസേവാം വിസൃജന്തി ന യത്ര പുന-
രയം സംസാരപര്യാവർത്തഃ

അഥ ഹ വാവ മധുമഥന = അങ്ങനെയാകയാൽ, ഹേ മധുസൂദന!

സകൃദവലീഢയാ തവ മഹിമാമൃതരസ-സമുദ്രവിപ്രുഷാ = അവിടുത്തെ മാഹാത്മ്യമാകുന്ന അമൃതരസസമുദ്രത്തിൽ നിന്നു് ഒരിക്കലെങ്കിലും ആസ്വദിക്കപ്പെട്ട ഒരൊററ തുള്ളികൊണ്ടുതന്നെ

സ്വമനസി നിഷ്യന്ദ-മാനാനവരതസുഖേന = സ്വഹൃദയത്തിൽ എമ്പാടും കവിഞ്ഞൊഴുകുന്ന നിരന്തരസുഖത്താൽ

വിസ്മാരിതദൃഷ്ടശ്രുത-വിഷയസുഖലേശാഭാസാഃ = കണ്ടതും കേട്ടതുമായ ലൗകിക വിഷയങ്ങളുടെ അല്പസുഖാഭാസം വിസ്മരിപ്പിക്കപ്പെട്ടവരായും

സർവഭൂതപ്രിയസുഹൃദി = സകലചരാചരങ്ങൾക്കും പ്രിയംകരനായ സുഹൃത്തായി-

സർവ്വാത്മനി ഭഗവതി = സർവ്വാത്മാവായി സ്ഥിതിചെയ്യുന്ന സർവ്വേശ്വരനിൽ

നിതരാം നിരന്തരം = ഏററവും ഇടതടവില്ലാതെ

നിർവ്വതമനസഃ = നിർവ്വതികൊള്ളുന്ന മനോവൃത്തിയോടുകൂടിയ വരായും

ഏകാന്തിനഃ പരമ-ഭാഗവതാഃ ഏതേ സാധവഃ = ഏകാന്തനിഷ്ഠയുള്ളവരായും പരമഭക്തന്മാരായും ഇരിക്കുന്ന ഈ നിർമ്മലാത്മാക്കൾ

സ്വാർത്ഥകുശലാഃ = സ്വകീയപുരുഷാർത്ഥം നേടുവാൻ സമർത്ഥരും

ആത്മപ്രിയസുഹൃദഃ ഹി = ആത്മീയതയിൽമാത്രം പ്രീതിസൗഹാർദ്ദങ്ങളെഴുന്നവരും, ആകയാൽ

ത്വച്ചരണാംബുജാനുസേവാം = അവിടുത്തെ ചെന്താരടികളെ നിരന്തരം ഭജിച്ചുകൊണ്ടിരിക്കുക എന്ന വൃത്തിയെ

പുനഃ കഥമു ഹ വൈ വിസൃജന്തി = പിന്നെ എങ്ങനെയാണു് കൈവിട്ടുകളയുന്നതു് ?

യത്ര പുനഃ അയം സംസാരപര്യാവർത്തഃ ന = യാതൊരു ഭജനം നടന്നു കൊണ്ടിരിക്കുമ്പോൾ ഈ സംസാരമാവുന്ന നീർച്ചുഴലി ഇല്ലാതെയാവുന്നു.

ദേവന്മാർ ഇനി പ്രസ്തുതകാര്യം ഉണർത്തിക്കുന്നു—

40 ത്രിഭുവനാത്മഭവന ത്രിവിക്രമ ത്രിനയന ത്രിലോകമനോ-
ഹരാനുഭാവ തവൈവ വിഭൂതയോ ദിതിജദനുജാദയ-
ശ്ചാപി തേഷാമനുപക്രമസമയോഽയമിതി സ്വാത്മമായയാ
സുരനരമൃഗമിശ്രിതജലചരാകൃതിഭിര്യഥാപരാധം ദണ്ഡം
ദണ്ഡധര ദധർഥ ഏവമേനമപി ഭഗവൻ
ജഹി ത്വാഷ്ട്രമുത യദി മന്യസേ

ത്രിഭുവനാത്മഭവന = മൂന്നുലോകവും തന്റെ സ്വരൂപമായും വാസസ്ഥാനമായും ഉള്ളോവേ!

ത്രിവിക്രമ = മൂന്നുവിധം പദവിന്യാസംകൊണ്ടു് ഉരുക്രമനായുള്ളോവേ!

ത്രിനയന = മൂന്നുലോകത്തെയും നയിക്കുന്നോവേ!

ത്രിലോകമനോഹരാ-നുഭാവ = മൂന്നുലോകത്തിലുള്ളവരുടെയും മനോവൃത്തിയെ ആകർഷിക്കുന്ന മഹിമാതിശയത്തോടുകൂടിയ ഭഗവാനേ!

ദിതിജദനുജാദയഃ ച = ദിതിസന്തതികളും ദനുസന്തതികളും മററുമായ അസുരന്മാർ

തവ ഏവ വിഭൂതയഃ അപി = അവിടുത്തെതന്നെ രൂപഭേദങ്ങളാണെന്നിരിക്കിലും

തേഷാം അനുപക്രമസമയഃ അയം ഇതി = അവരുടെ മുന്നേററത്തിനുള്ള കാലമല്ല ഇതെന്നു നിശ്ചയിച്ചു്

സ്വാത്മമായയാ = സ്വാധീനത്തിലുള്ള തന്റെ മായാശക്തിയാൽ

സുരനരമൃഗമിശ്രിതജല-ചരാകൃതിഭിഃ = ദേവൻ, മനുഷ്യൻ, മൃഗം, മിശ്രിതരൂപം, ജലജീവി എന്നീ ആകൃതിഭേദങ്ങളോടെ

ദണ്ഡധര യഥാപരാധം ദണ്ഡം ദധർഥ = ഹേ ദണ്ഡപാണേ! നിന്തിരുവടി അപരാധത്തിന്നനുസരിച്ച ദണ്ഡനമുറ നിറവേററിയിരുന്നു.

ഭഗവൻ ഏവം ഏനം ത്വാംഷ്ട്രം അപി ജഹി, ഉത മന്യസേ യദി = ഭഗവാനേ! അതേവിധം ഈ വൃത്രാസുരനെയും കൂടി നിഗ്രഹിക്കണേ! നിന്തിരുവടി വേണമെന്നുകരുതുന്നുണ്ടെങ്കിൽ മാത്രം–

41 അസ്മാകം താവകാനാം തവ നതാനാം തത തതാമഹ
തവ ചരണനളിനയുഗളധ്യാനാനുബദ്ധഹൃദയനിഗഡാനാം
സ്വലിങ്ഗവിവരണേനാത്മസാത്കൃതാനാമനുകംപാനുരഞ്ജിത-
വിശദരുചിരശിശിരസ്മിതാവലോകേന വിഗളിതമധുരമുഖ-
രസാമൃതകലയാ ചാന്തസ്താപമനഘാർഹസി ശമയിതും

തത തതാമഹ അനഘ = പിതാവേ! പിതാവിനും പിതാവായുള്ളോവേ! മായാദോഷമേശാത്ത ഹേ പരമപുരുഷ!

തവചരണനളിനയുഗളധ്യാനാനുബദ്ധഹൃദയ-നിഗഡാനാം = അവിടുത്തെ ചേവടിത്താരിണയുടെ അനുധ്യാനത്താൽ മാനസികമായി ചങ്ങലയ്ക്കിട്ടു തളയ്ക്കപ്പെട്ടിരിക്കുന്നവരും

സ്വലിങ്ഗവിവരേണ = സ്വന്തം സ്വരൂപം ഞങ്ങളിലൂടെ ആവിഷ്കരിക്കുകയാൽ

ആത്മസാത്കൃതാനാം = സ്വകീയരായി സ്വീകരിക്കപ്പെട്ടിരിക്കുന്നവരും

തവ നതാനാം താവകാനാം = അവിടുത്തെ ആശ്രിതന്മാരും അവിടുത്തെ ആംക്കാരുമായിരിക്കുന്ന

അസ്മാകം അന്തസ്താപം = അടിയങ്ങളുടെ ഉൾത്താപത്തെ

അനുകംപാനുരഞ്ജിത-വിശദരുചിരശിശിര-സ്മിതാവലോകേന = അനുകമ്പയാൽ അനുരക്തവും സ്വച്ഛവും സുന്ദരവും സുശീതളവുമായ മന്ദസ്മിതത്തോടിടചേർന്ന കടാക്ഷവീക്ഷണംകൊണ്ടും

വിഗളിതമധുരമുഖരസാ-മൃതകലയാ ച = നിർഗളിക്കുന്ന മധുരവചനമാവുന്ന അമൃതകല കൊണ്ടും

ശമയിതും അർഹസി = ശമിപ്പിക്കുവാൻ തിരുവുള്ളമുണ്ടാകണം

ഞങ്ങളുടെ അന്തർഗതം അവിടുത്തേക്കു സ്വയം അറിയാവുന്നതുകൊണ്ട് ഇനി ഒന്നും ഉണർത്തിക്കുവാനില്ലെന്നു തുടർന്നു പറയുന്നു—

42 അഥഹ ഭഗവംസ്തവാസ്മാഭിരഖിലജഗദുത്പത്തിസ്ഥിതി-
ലയനിമിത്തായമാനദിവ്യമായാവിനോദസ്യ സകലജീവനികായാ-
നാമന്തർഹൃദയേഷു ബഹിരപി ച ബ്രഹ്മപ്രത്യഗാത്മസ്വരൂ-
പേണ പ്രധാനരൂപേണ ച യഥാദേശകാലദേഹാവസ്ഥാ-
നവിശേഷം തദുപാദാനോപലംഭകതയാനുഭവതഃ സർവ-
പ്രത്യയസാക്ഷിണ ആകാശശരീരസ്യ സാക്ഷാത്പരബ്രഹ്മണഃ
പരമാത്മനഃ കിയാനിഹ വാ അർഥവിശേഷോ വിജ്ഞാപനീയഃ
സ്യാദ് വിസ്ഫുലിംഗാദിഭിരിവ ഹിരണ്യരേതസഃ

അഥ ഹ ഭഗവൻ = അല്ലെങ്കിൽത്തന്നെ, ഹേ ഭഗവൻ!

അഖിലജഗദുത്പത്തി-
സ്ഥിതിലയനിമിത്തായ-
മാനദിവ്യമായാവിനോദസ്യ = ലോകങ്ങളുടെയെല്ലാം ഉദ്ഭവസ്ഥിതിലയങ്ങൾക്കുഹേതുവായിരിക്കുന്ന ദിവ്യമായയോടു കൂടി വിനോദിച്ചുകൊണ്ടിരിക്കുന്നവനും

സകലജീവനികായാനാം = സമസ്തജീവരാശികളുടെയും

അന്തർഹൃദയേഷു = ഹൃദയാന്തർഭാഗങ്ങളിൽ

ബ്രഹ്മപ്രത്യഗാത്മ-
സ്വരൂപേണ = ബ്രഹ്മസ്വരൂപമായും അന്തര്യാമിചേതന ചേതനാസ്വരൂപമായും

ബഹിഃ അപി പ്രധാന
രൂപേണ ച = ബഹിർഭാഗങ്ങളിൽ പ്രകൃതിശക്തിയായി തദ്രൂപേണയും വർത്തിച്ചുകൊണ്ടു്

യഥാദേശകാലദേഹാ-
വസ്ഥാനവിശേഷം = ദേശകാലങ്ങളുടെയും ശരീരാവസ്ഥിതികളുടെയും തരാതരമനുസരിച്ചു്

തദുപാദാനോ-
പലംഭകതയാ = അവയുടെ ഉപാദാനത്വവും ഉപലംഭകത്വവും വഴിയായിട്ടു്

അനുഭവതഃ = അനവരതം നിലകൊണ്ടിരിക്കുന്നവനും

സർവ്വപ്രത്യയസാക്ഷിണഃ = ബോധാദിസമസ്തവൃത്തികൾക്കും സാക്ഷിയായിരിക്കുന്നവനും

ആകാശശരീരസ്യ = ആകാശംപോലെ നിർല്ലേപമായ രൂപമെഴുന്നവനും

സാക്ഷാത്പരബ്രഹ്മണഃ = തികച്ചും നിരുപാധികമായ ബ്രഹ്മമായുള്ളവനും

പരമാത്മനഃ തവ = വിശുദ്ധസത്ത്വമയമായ ആത്മസ്വരൂപമായിരിക്കുന്നവനുമായ നിന്തിരുവടിയുടെ അടുക്കൽ

ഹിരണ്യരേതസഃ
വിസ്ഫുലിംഗാദിഭിഃ
ഇവ = അഗ്നിക്കു് അതിൽ നിന്നുണ്ടായ തീപ്പൊരികളാലോ മറ്റോ വെളിച്ചമേകപ്പെടേണ്ടുന്നകാര്യം ഇല്ലാത്തതുപോലെ

ഇഹ വൈ അസ്മാഭിഃ = ഇങ്ങു് ഞങ്ങളാലും

കിയാൻ അർത്ഥവിശേഷഃ = എത്രമാത്രം കാര്യവിശേഷം

വിജ്ഞാപനീയഃ സ്യാത് = അറിയിക്കപ്പെടേണ്ടതുണ്ടു്?

43 അത ഏവ സ്വയം തദുപകല്പയാസ്മാകം ഭഗവതഃ പരമ-
ഗുരോസ്തവ ചരണശതപലാശച്ഛായാം വിവിധവൃജിനസംസാര-
പരിശ്രമോപശമനീമുപസൃതാനാം വയം യത്കാമേനോപസാദിതാഃ

അതഃ ഏവ = അതുകൊണ്ടു് (നിന്തിരുവടി എല്ലാം അറിഞ്ഞിരിക്കുന്നതുകൊണ്ടു്)

വിവിധവൃജിനസംസാര-
പരിശ്രമോപശമനീം = നാനാതരം പാപകർമ്മങ്ങളുടെ ഫലമായുണ്ടായ-സംസാരക്ലേശത്തിനു് ഉപശാന്തിയേകുന്ന

ഭഗവതഃ പരമഗുരോഃ = സർവ്വജ്ഞനും പരമാചാര്യനുമായ

തവ ചരണശത-
പലാശച്ഛായാം = അവിടുത്തെ തൃപ്പാദപദ്മച്ഛായയെ

| | |
|---|---|
| ഉപസൃതാനാം അസ്മാകം | = ശരണം പ്രാപിച്ചിരിക്കുന്ന ഞങ്ങൾക്ക്, |
| വയം യത്കാമേന ഉപസാദിതാഃ | = ഞങ്ങൾ യാതൊരാഗ്രഹത്തോടുകൂടിയാണോ വന്നിരിക്കുന്നതു്, |
| തത് സ്വയം ഉപകല്പയ | = അതിനെ തന്നെത്താൻ നിറവേററിത്തന്നാലും |

ഭക്തിയുടെ ഉത്കർഷം പ്രകീർത്തിച്ചുകൊണ്ടു തങ്ങൾ ഭക്തികാമന്മാരാണെന്നു് ശങ്കിക്കരുതെന്നു കരുതി സ്വാഭിലാഷം തുടർന്നറിയിക്കുന്നു.—

44 അഥോ ഈശ ജഹി ത്വാഷ്ട്രം ഗ്രസന്തം ഭുവനത്രയം
ഗ്രസ്താനി യേന നഃ കൃഷ്ണ തേജാംസ്യസ്ത്രായുധാനി ച

| | |
|---|---|
| ഈശ | ഹേ നിയന്താവേ! |
| കൃഷ്ണ | സദാനന്ദമൂർത്തേ! |
| ഭുവനത്രയം | ലോകത്രയത്തെ |
| ഗ്രസന്തം | ഗ്രസിച്ചുകൊണ്ടിരിക്കുന്നവനും |
| നഃ | ഞങ്ങളുടെ |
| തേജാംസി | തേജസ്സുകളും |
| അസ്ത്രായുധാനി ച | അസ്ത്രങ്ങളും ആയുധങ്ങളും |
| യേന | യാതൊരുത്തനാൽ |
| ഗ്രസ്താനി | ഗ്രസിക്കപ്പെട്ടിരിക്കുന്നുവോ, |
| (തം) | അങ്ങനെയുള്ള |
| ത്വാഷ്ട്രം | വൃത്രാസുരനെ |
| അഥോ ജഹി | സത്വരം സംഹരിച്ചാലും |

45 ഹംസായ ദഹ്രനിലയായ നിരീക്ഷകായ
കൃഷ്ണായ മൃഷ്ടയശസേ നിരുപക്രമായ
സത്സംഗ്രഹായ ഭവപാന്ഥനിജാശ്രമാപ്താ—
വന്തേ വരീഷ്ടഗതയേ ഹരയേ നമസ്തേ

| | |
|---|---|
| ദഹ്രനിലയായ | ഹൃദയാകാശസ്ഥിതനായി— |
| നിരീക്ഷകായ | സാക്ഷീഭൂതനായി— |
| കൃഷ്ണായ | സദാനന്ദരൂപനായി— |
| മൃഷ്ടയശസേ | അമലകീർത്തിമാനായ |
| നിരുപക്രമായ | അനാദിയായി— |
| സത്സംഗ്രഹായ | സത്തുക്കളാൽ വഴിപോലെ ഗ്രഹിക്കപ്പെടുന്നവനായി— |
| ഭവപാന്ഥനിജാശ്രമാപ്തൗ | സംസാരമാർഗ്ഗത്തിലുള്ളവനു്, (അവൻ) തന്നെ ശരണം പ്രാപിക്കുമ്പോൾ |
| അന്തേ | സംസൃതിയുടെ മുടിവിൽ |
| വരീഷ്ടഗതയേ | സർവ്വാരാധ്യമായ ഉത്തമഗതിയായി— |
| ഹംസായ | വിശുദ്ധനായി— |
| ഹരയേ | ആർത്തിഹരനായും വർത്തിക്കുന്ന |
| തേ | നിന്തിരുവടിക്കു് |
| നമഃ | നമസ്കാരം |

46 അഥൈവമീഡിതോ രാജൻ സാദരം ത്രിദശൈർഹരിഃ
സ്വമുപസ്ഥാനമാകർണ്യ പ്രാഹ താനഭിനന്ദിതഃ

| | |
|---|---|
| അഥ | അനന്തരം, |
| രാജൻ | അല്ലയോ രാജാവേ! |
| ത്രിദശൈഃ | ദേവന്മാരാൽ |
| ഏവം | ഈ വിധം |

| | | | |
|---|---|---|---|
| സാദരം | ആദരപൂർവ്വം | സ്വം | തന്നെക്കുറിച്ചുള്ള |
| ഈഡിതഃ | സ്തുതിക്കപ്പെട്ടു് | ഉപസ്ഥാനം | സ്തുതിവചനത്തെ |
| അഭിനന്ദിതഃ | സന്തോഷിപ്പിക്കപ്പെട്ട | ആകർണ്യ | കേട്ടു് |
| | | താൻ | അവരോടു് |
| ഹരിഃ | ശ്രീമഹാവിഷ്ണു | പ്രാഹ | പറഞ്ഞു- |

ശ്രീഭഗവാൻ ഉവാച = ശ്രീഭഗവാൻ അരുളിച്ചെയ്തു

47 പ്രീതോഽഹം വഃ സുരശ്രേഷ്ഠാ മദുപസ്ഥാനവിദ്യയാ
ആത്മൈശ്വര്യസ്മൃതിഃ പുംസാം ഭക്തിശ്ചൈവ യയാ മയി-

| | | | |
|---|---|---|---|
| സുരശ്രേഷ്ഠാഃ | ദേവപ്രമുഖന്മാരേ! | മയി | എന്നിൽ |
| യയാ | യാതൊന്നിനാൽ | ഭക്തിഃ ച | ഭക്തിയും ഉണ്ടാകുമോ, |
| പുംസാം | ജനങ്ങൾക്കു് | ഏവ | അങ്ങനെയുള്ള |
| ആത്മൈശ്വര്യസ്മൃതിഃ | ആത്മാവിന്റെ ഈശ്വരത്വത്തെ (സംസൃതിബന്ധമില്ലായ്മയെ) കുറിച്ചുള്ള ബോധവും | മദുപസ്ഥാനവിദ്യയാ | എന്റെ സ്തുതിയോടു ചേർന്നുള്ള യഥാർത്ഥ ജ്ഞാനം കൊണ്ടു് |
| | | വഃ | നിങ്ങളിൽ |
| | | അഹം പ്രീതഃ | ഞാൻ സന്തുഷ്ടനായി |

48 കിം ദുരാപം മയി പ്രീതേ തഥാപി വിബുധർഷഭാഃ
മയ്യേകാന്തമതിർനാന്യന്മത്തോ വാഞ്ഛതി തത്ത്വവിത്

| | | | |
|---|---|---|---|
| വിബുധർഷഭാഃ | ദേവശ്രേഷ്ഠന്മാരേ! | ഏകാന്തമതിഃ | ഏകാഗ്രമായ മനോനിഷ്ഠയുള്ള |
| മയി പ്രീതേ | ഞാൻ സന്തുഷ്ടനായാൽ | തത്ത്വവിത് | തത്ത്വജ്ഞാനി |
| ദുരാപം കിം | സാധ്യമാവാത്തതെന്തുണ്ടു്? | മത്തഃ | എന്നിൽ നിന്നു് |
| തഥാപി | എന്നിരിക്കിലും | അന്യത് | (ഭക്തിയല്ലാതെ) മറ്റൊന്നും |
| മയി | എന്നിൽ | ന വാഞ്ഛതി | ആഗ്രഹിക്കാറില്ല |

ദേവന്മാർ ഇപ്പോഴും ഭക്തികാമന്മാരല്ല; അവർ ആഗ്രഹിക്കുന്നതു് വൃത്രവധമാണു്. തത്സമ്പാദനം കാരുണികനായ തനിക്കു് അനുചിതമാണല്ലോ എന്നാശയത്തിൽ പറയുന്നു-

49 ന വേദ കൃപണഃ ശ്രേയ ആത്മനോ ഗുണവസ്തുദൃക്
തസ്യ താനിച്ഛതോ യച്ഛേദ്യദി സോഽപി തഥാവിധഃ

| | | | |
|---|---|---|---|
| കൃപണഃ | അറിവില്ലാത്തവൻ | ശ്രേയഃ | യഥാർത്ഥശ്രേയസ്സിനെ |
| ഗുണവസ്തുദൃക് | വിഷയങ്ങളിൽ യാഥാർത്ഥ്യം കാണുന്നവനാണു്. | ന വേദ | അറിയുന്നതല്ല |
| | | താൻ | അവയെ (വിഷയങ്ങളെ) |
| | | ഇച്ഛതഃ | ആഗ്രഹിക്കുന്ന |
| ആത്മനഃ | (അതിനാൽ) തന്റെ | തസ്യ | ആ മൂഢനു് |

| | | | |
|---|---|---|---|
| യച്ഛേത് യദി | ഒരാൾ അവയെ കൊടുക്കുകയാണെങ്കിൽ | തഥാവിധഃ | അതുപോലെ അറിവു കെട്ടവനാണെന്നുവരും. |
| സഃ അപി | അവൻകൂടിയും | | |

50 സ്വയം നിഃശ്രേയസം വിദ്വാൻ ന വക്ത്യജ്ഞായ കർമ്മ ഹി
ന രാതി രോഗിണോഽപഥ്യം വാഞ്ഛതോ ഹി ഭിഷക്തമഃ

| | | | |
|---|---|---|---|
| നിഃശ്രേയസം | യഥാർത്ഥമായ ശ്രേയസ്സിനെ | ഭിഷക്തമഃ | നല്ല വൈദ്യൻ |
| സ്വയം | തന്നെത്താൻ | വാഞ്ഛതഃ | ആവശ്യപ്പെട്ടാലും കൂടി |
| വിദ്വാൻ | അറിയുന്നവൻ | രോഗിണഃ | രോഗിക്ക് |
| അജ്ഞായ | അറിവില്ലാത്തവന് | അപഥ്യം | പഥ്യമല്ലാത്തവസ്തു |
| കർമ്മ | പ്രവൃത്തിമാർഗ്ഗം | ന രാതി ഹി | കൊടുക്കമാറില്ലല്ലോ |
| ന ഹി വക്തി | ഉപദേശിക്കുകയേ ഇല്ല | | |

ഇങ്ങനെ യഥാർത്ഥവസ്തുത പറഞ്ഞറിയിച്ച് പ്രകൃതവിഷയത്തിലുള്ള അനൗചിത്യം പരിഹരിച്ചശേഷം ദേവന്മാരുടെ അഭിപ്രായത്തിന്നനുകൂലമായി ഭഗവാൻ അരുളിച്ചെയ്യുന്നു—

51 മഘവൻ യാത ഭദ്രം വോ ദധ്യഞ്ചമൃഷിസത്തമം
വിദ്യാവ്രതതപഃസാരം ഗാത്രം യാചത മാ ചിരം

| | | | |
|---|---|---|---|
| മഘവൻ | അല്ലയോ ഇന്ദ്ര! | വിദ്യാവ്രത-തപഃസാരം | ജ്ഞാനം, വ്രത, തപസ്സ് എന്നിവയാൽ സുദൃഢമായിരിക്കുന്ന |
| വഃ ഭദ്രം | നിങ്ങൾക്കെല്ലാം നല്ലതുവരട്ടെ | ഗാത്രം | ശരീരത്തെ |
| ഋഷിസത്തമം | ഋഷിശ്രേഷ്ഠനായ | യാചത | യാചിക്കുവിൻ |
| | | മാ ചിരം | വൈകിക്കേണ്ടതില്ല; |
| ദധ്യഞ്ചം | ദധീചിയോട് | യാത | പോകാം |

ദധീചിയുടെ വിദ്യാദിവൈഭവത്തെപ്പറ്റിയാണ് ഇനി രണ്ടു ശ്ലോകം കൊണ്ടു പറയുന്നത്.—

52 സ വാ അധിഗതോ ദധ്യങ്ങശ്വിഭ്യാം ബ്രഹ്മ നിഷ്കലം
യദ് വാ അശ്വശിരോ നാമ തയോരമരതാം വ്യധാത്

| | | | |
|---|---|---|---|
| സഃ ദധ്യങ് വൈ | ആ ദധീചിയാകട്ടെ | യത് വൈ | യാതൊന്നിനെ (ആ ബ്രഹ്മവിദ്യയെ) |
| നിഷ്കലം | വിശുദ്ധമായ | അശ്വിഭ്യാം | അശ്വിനീകുമാരന്മാർക്കിരുവർക്കും |
| ബ്രഹ്മ | ബ്രഹ്മവിദ്യയെ | | |
| അധിഗതഃ | ധരിച്ചവനാകുന്നു | (പ്രാദാത്) | ഉപദേശിച്ചു. |
| അശ്വശിരഃ നാമ | "അശ്വശിരസ്സ്" എന്നപേരിൽ പ്രസിദ്ധമായ | തയോഃ | അവർക്ക് |
| | | അമരതാം | ജീവന്മുക്തത്വവു |
| | | വ്യധാത് | ഉണ്ടാക്കിക്കൊടുത്തും |

നിഷ്കലം എന്നതിനു് "നിഷ്കൃതം" എന്നു് പാഠാന്തരം. "നിതരാം കൃതം ഭവതി ധനം യേന തം" എന്നു് അതിനു വ്യുത്പത്തി. ഐശ്വര്യാഭിവൃദ്ധികരമായ "പ്രവർഗ്യം" എന്നർത്ഥം. ഇതു സോമയാഗാംഗമായ അഗ്ന്യാധാനമാകുന്നു. " ബ്രഹ്മ നിഷ്കൃതം ച അധിഗതഃ = ബ്രഹ്മവിദ്യയും പ്രവർഗ്യ വിധിയും ധരിച്ചവൻ" എന്നിങ്ങനെ അർത്ഥമായി.

ഇവിടെ സൂചിതമായ ഒരു പുരാണകഥയും അനുസന്ധേയമാണു് ഒരിക്കൽ അശ്വിനീകുമാരന്മാർ ബ്രഹ്മവിദ്യയും പ്രവർഗ്യവും ഉപദേശിച്ചു തരണമെന്നു് ദധീചിമഹർഷിയോടു് അഭ്യർത്ഥിച്ചു. അദ്ദേഹം അതു സമ്മതിക്കയും ചെയ്തു. അതിനിടയിൽ ഇന്ദ്രൻ അശ്വികൾക്കു വിദ്യോദാനം ചെയ്താൽ അങ്ങയുടെ ശിരസ്സറുത്തേക്കുമെന്നുപറഞ്ഞു ദധീചിയെ ഭീഷണിപ്പെടുത്തി. ഋഷി ധർമ്മസങ്കടത്തിലായി, ഇന്ദ്രൻ പോയപ്പോൾ അശ്വികൾ ഋഷിയുടെ ശിരസ്സ് അവർതന്നെ ഛേദിച്ചെടുത്തു സുരക്ഷിതമായി വെക്കുകയും പകരം ഒരു കുതിരയുടെ തല സംയോജിപ്പിച്ചു കൊടുക്കുകയും ചെയ്തു ഋഷിയാകട്ടെ ഈ അശ്വശിരസ്സുകൊണ്ടു് അശ്വികൾക്കു ബ്രഹ്മോപദേശം കൊടുത്തു. പറഞ്ഞപോലെ ഇന്ദ്രൻ കുപിതനായി വന്നു് അദ്ദേഹത്തിന്റെ തലയറുത്തപ്പോൾ അശ്വികൾ സൂക്ഷിച്ചുവെച്ചിരുന്ന യഥാർത്ഥശിരസ്സെടുത്തു സംയോജിപ്പിച്ചു് പുനരുജ്ജീവനം നൽകി. അതുതന്നെ ഗുരുദക്ഷിണയുമായല്ലോ. അശ്വശിരസ്സുകൊണ്ടുപദേശിച്ച ഈ ബ്രഹ്മവിദ്യക്കു് "അശ്വശിരസ്സ്" എന്ന പേരും അതുമുതൽക്കുണ്ടായി 'അശ്വസ്യ ശീർഷ്ണാ പ്രപദീമുവാച' എന്ന ശ്രുതിവാക്യം ഈ കഥയ്ക്കു് ആലംബമാണു്.

53 ദധ്യങ്ങാഥർവണസ്ത്വാഷ്ട്രേ വർമ്മാഭേദ്യം മദാത്മകം
വിശ്വരൂപായ യത്പ്രാദാത് ത്വഷ്ടാ യത്ത്വമധാസ്തതഃ

| | |
|---|---|
| ആഥർവണഃ | അഥർവ്വവേദജ്ഞനായ |
| ദധ്യങ്ങ് | ദധീചിയാകട്ടെ |
| മദാത്മകം | എന്റെ ശക്തിയുൾക്കൊള്ളുന്ന |
| അഭേദ്യം | അഭേദ്യമായ |
| വർമ്മ | കവചത്തെ (നാരായണ കവചത്തെ) |
| (അധിഗതഃ) | ധരിച്ചുവച്ചിരിക്കുന്നു |
| (സഃ തത്) | അദ്ദേഹം അതിനെ |
| ത്വഷ്ട്രേ | ത്വഷ്ടാവിനു് |
| പ്രാദാത് | ഉപദേശിച്ചു |
| യത് | യാതൊന്നിനെ (കവചത്തെ) |
| ത്വഷ്ടാ | ത്വഷ്ടാവ് |
| വിശ്വരൂപായ | വിശ്വരൂപനായ് കൊണ്ടു് |
| [പ്രാദാത്,] | ഉപദേശിച്ചുകൊടുത്തു. |
| തതഃ | അദ്ദേഹത്തിൽ നിന്നു് |
| യത് | യാതൊന്നിനെ |
| ത്വം അധാഃ | അങ്ങയും ധരിച്ചുവല്ലോ. |

ഈ വിധം വിദ്യാശക്തിയുൾക്കൊള്ളുന്ന ബലിഷ്ഠമായ ശരീരമാണു് ദധീചിയുടേതെന്നു സാരം. പക്ഷേ ഏററവും പ്രിയപ്പെട്ട ശരീരത്തെ ആരെങ്കിലും കൊടുക്കുമോ? എന്ന ആശങ്കയെ ഇനി പരിഹരിക്കുന്നു—

54 യുഷ്മഭ്യം യാചിതോഽശ്വിഭ്യാം ധർമ്മജ്ഞോഽങ്ഗാനി ദാസ്യതി
തതസ്തൈരായുധശ്രേഷ്ഠോ വിശ്വകർമ്മവിനിർമ്മിതഃ

| | |
|---|---|
| ധർമ്മജ്ഞഃ (സഃ) | ധർമ്മത്തെപ്പററി ബോധവാനായ അദ്ദേഹം |
| അശ്വിഭ്യാം | അശ്വിനീദേവന്മാരോടു കൂടി ചേർന്നു |
| യാചിതഃ | യാചിക്കപ്പെട്ടെന്നാൽ |
| യുഷ്മഭ്യം | നിങ്ങൾക്കു് |
| അങ്ഗാനി | ശരീരാംഗങ്ങളെ (അസ്ഥികളെ) |
| ദാസ്യതി | തന്നുകൊള്ളും. |
| തതഃ | പിന്നെ |
| തൈഃ | അവകൊണ്ടു് |
| വിശ്വകർമ്മ- വിനിർമ്മിതഃ | വിശ്വകർമ്മാവിനാൽ വിശേഷമായി നിർമ്മിക്കപ്പെട്ട |
| ആയുധശ്രേഷ്ഠഃ | മികവുററ ആയുധം |
| (ഭവിഷ്യതി) | ഉണ്ടാകയും ചെയ്യും |

55 യേന വൃത്രശിരോ ഹർത്താ മത്തേജഉപബൃംഹിതഃ
തസ്മിൻ വിനിഹതേ യൂയം തേജോഽസ്ത്രായുധസമ്പദഃ
ഭൂയഃ പ്രാപ്സ്യഥ ഭദ്രം വോ ന ഹിംസന്തി ച മത്പരാൻ

| | |
|---|---|
| യേന | യാതൊരു ഈ ആയുധത്താൽ |
| (ഭവാൻ) | അങ്ങു് |
| മത്തേജ- ഉപബൃംഹിതഃ | എന്റെ തേജസ്സാൽ അധികം കരുത്താർജ്ജിക്കപ്പെട്ടു് |
| വൃത്രശിരഃ | വൃത്രാസുരന്റെ ശിരസ്സിനെ |
| ഹർത്താ | അറുത്തെടുത്തുകൊള്ളും. |
| തസ്മിൻ വിനിഹതേ | അവൻ വധിക്കപ്പെട്ടു കഴിഞ്ഞാൽ |
| യൂയം | നിങ്ങളെല്ലാം |
| തേജഃ | തേജസ്സിനെയും |
| അസ്ത്രായുധ- സമ്പദഃ ച | അസ്ത്രങ്ങൾ, ആയുധങ്ങൾ, സമ്പത്തുകൾ എന്നിവയേയും |
| ഭൂയഃ പ്രാപ്സ്യഥ | വീണ്ടും പ്രാപിക്കുന്നതാണു്. |
| വഃ ഭദ്രം | നിങ്ങൾക്കു് നന്മവരട്ടെ! |
| മത്പരാൻ | എന്റെ ഭക്തന്മാരെ |
| ന ഹിംസന്തി | ആരും ഹിംസിക്കയില്ല |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ

നവമോഽധ്യായഃ

ആദിതഃ ശ്ലോകാഃ 432

ആറാമത്തെ സ്കന്ധത്തിൽ ഒമ്പതാമധ്യായം കഴിഞ്ഞു

# ദശമോऽധ്യായഃ = അദ്ധ്യായം പത്തു്

## വജ്രായുധനിർമ്മാണവും ദേവാസുരയുദ്ധവും

"ദശമേ കേശവാദിഷ്ടദധ്യങ്ങസ്ഥിജവജ്രധൃത്
ഇന്ദ്രോऽയുധ്യത വൃത്രേണ സാസുരേണ സനിർജരഃ"

ഭഗവാന്റെ ആദേശമനുസരിച്ചു് ദധീചിയുടെ അസ്ഥികൾ കൊണ്ടു തീർത്ത വജ്രായുധം ധരിച്ചുകൊണ്ടു് ദേവസൈന്യസമേതനായ ഇന്ദ്രൻ അസുരപ്പടയോടുകൂടിയ വൃത്രനെ എതിരിട്ടതു് ഈ പത്താമധ്യായത്തിൽ പറയുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

1 ഇന്ദ്രമേവം സമാദിശ്യ ഭഗവാൻ വിശ്വഭാവനഃ
പശ്യതാമനിമേഷാണാം തത്രൈവാന്തർദധേ ഹരിഃ

വിശ്വഭാവനഃ — ലോകത്തെ സൃഷ്ടിച്ചു രക്ഷിക്കുന്ന
ഭഗവാൻ — സമഗ്രൈശ്വര്യാദി ഷഡ്ഗുണോപേതനായ
ഹരിഃ — ശ്രീമഹാവിഷ്ണു
ഇന്ദ്രം — ദേവേന്ദ്രനോടു്
ഏവം — ഇപ്രകാരം
സമാദിശ്യ — ആജ്ഞാപിച്ചു്
അനിമേഷാണാം, പശ്യതാം — ദേവന്മാരെല്ലാം മിഴിച്ചു നോക്കിനിൽക്കേ,
തത്രൈവ — അവിടെത്തന്നെ
അന്തർദധേ — തിരോധാനം ചെയ്തു

2 അഥാഭിയാചിതോ ദേവൈരൃഷിരാഥർവ്വണോ മഹാൻ
മോദമാന ഉവാചേദം പ്രഹസന്നിവ ഭാരത

ഭാരത — ഹേ ഭരതകുലോദ്ഭവനായ രാജാവേ!
തഥ — അതനുസരിച്ചു്
ദേവൈഃ — ദേവകളാൽ
അഭിയാചിതഃ — നേരിൽ അപേക്ഷിക്കപ്പെട്ട
മഹാൻ — മഹാത്മാവും
ആഥർവ്വണഃ — അഥർവ്വവേദജ്ഞനുമായ
ഋഷിഃ — ദധീചിമഹർഷി
മോദമാനഃ — സന്തോഷവാനായിരിക്കലും
പ്രഹസൻ ഇവ — മറുത്തു പറയുന്നമട്ടിൽ പൊട്ടിച്ചിരിച്ചുകൊണ്ടു്
ഇദം ഉവാച — ഇതു പറഞ്ഞു

3 അപി വൃന്ദാരകാ യൂയം ന ജാനീഥ ശരീരിണാം
സംസ്ഥായാം യസ്ത്വഭിദ്രോഹോ ദുഃസഹശ്ചേതനാപഹഃ

വൃന്ദാരകാഃ — അല്ലയോ ദേവന്മാരെ!
ശരീരിണാം — ഉടലെടുത്തവർക്കു്
സംസ്ഥായാം — മരണനേരത്തു്
ദുഃസഹഃ — സഹിക്കരുതാത്തതും
ചേതനാപഹഃ — ആത്മവീര്യം കെടുത്തുന്നതുമായ
യഃ തു — യാതൊരുതരം

| | | | |
|---|---|---|---|
| അഭിദ്രോഹഃ | വേദനയാണോ ഉണ്ടാവുക, | അപി ന ജാനീഥ | അറിയുന്നില്ലെന്നുണ്ടോ? |
| (തം) യൂയം | ആയതിനെ നിങ്ങൾ | | |

"അറിയാം; എന്നാൽ മഹാവിഷ്ണുവിന്റെ നിർദ്ദേശം അനുസരിച്ചാണ് ഞങ്ങൾ അങ്ങയുടെ ശരീരം ആവശ്യപ്പെടുന്നതു്" എന്നാണെങ്കിൽ പറയുന്നു.

4 ജിജീവിഷൂണാം ജീവാനാമാത്മാ പ്രേഷ്ഠ ഇഹേപ്സിതഃ
ക ഉത്സഹേത തം ദാതും ഭിക്ഷമാണായ വിഷ്ണവേ

| | | | |
|---|---|---|---|
| ജിജീവിഷൂണാം | ജീവിക്കാനാഗ്രഹിക്കുന്ന | തം | അതിനെ |
| ജീവാനാം | പ്രാണികൾക്കൊക്കെയും | ഭിക്ഷമാണായ | ആവശ്യപ്പെടുന്ന ആൾ |
| ഇഹ | ഈ ലോകത്തിൽ | വിഷ്ണവേ | സാക്ഷാൽ വിഷ്ണുവായാലും കൂടി |
| ആത്മാ | സ്വദേഹം | ദാതും | കൊടുക്കുവാൻ |
| പ്രേഷ്ഠഃ | അത്യധികം പ്രിയപ്പെട്ടതും | കഃ | ആരാണ് |
| ഈപ്സിതഃ | അഭിലഷിക്കപ്പെട്ടതുമാണ് | ഉത്സഹേത | തയ്യാറാവുക? |

ദേവാ ഊചുഃ = ദേവന്മാർ പറഞ്ഞു—

5 കിം നു തദ്ദുസ്ത്യജം ബ്രഹ്മൻ പുംസാം ഭൂതാനുകമ്പിനാം
ഭവദ്വിധാനാം മഹതാം പുണ്യശ്ലോകേഡ്യകർമ്മണാം

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മജ്ഞ! | മഹതാം | മഹാത്മാക്കളുമായ |
| ഭൂതാനുകമ്പിനാം | ജീവകാരുണ്യമുള്ളവരും | ഭവദ്വിധാനാം | അങ്ങയെപ്പോലുള്ള |
| പുണ്യശ്ലോകേഡ്യകർമ്മണാം | സുവിഖ്യാതന്മാരായ സജ്ജനങ്ങളാൽ പുകഴ്ത്തപ്പെടാവുന്ന സൽപ്രവൃത്തികളോടു കൂടിയവരും | പുംസാം | സൽപുരുഷന്മാർക്ക് |
| | | ദുസ്ത്യജം തത് | ഉപേക്ഷിക്കുവാൻ സാധ്യമല്ലാത്തതു് |
| | | കിം നു | എന്തുതന്നെയുണ്ടു്? |

നനു സ്വാത്മപരോ ലോകോ ന വേദ പരസങ്കടം
യദി വേദ ന യാചേത നേതി നാഹ യദീശ്വരഃ

| | | | |
|---|---|---|---|
| സ്വാത്മപരഃ | തൻകാര്യത്തിൽ മാത്രം താൽപര്യമുള്ള | യദി വേദ | അതറിയുന്നുവെങ്കിൽ |
| ലോകഃ | ജനം | ന യാചേത | യാചിക്കുകയില്ല; |
| പരസങ്കടം | അന്യന്റെ വിഷമത്തെ | ഈശ്വരഃ | (കൊടുക്കാൻ) ശക്തനായവൻ |
| ന വേദ നനു | അറിയുന്നതല്ലല്ലോ. | യദി (വേദ) | അതറിയുന്നുവെങ്കിൽ |
| (യാചകഃ) | യാചകൻ | ന ഇതി | ഇല്ല എന്നു് |
| | | ന ആഹ | പറകയുമില്ല. |

സ്വാർത്ഥ താൽപര്യംകൊണ്ടു് അങ്ങയുടെ സങ്കടം ഞങ്ങളറിയാത്തതുപോലെ ഞങ്ങളുടെ യാചനയെ നിരാകരിക്കുന്ന അങ്ങു് ഞങ്ങളുടെ സങ്കടവും അറിയുന്നില്ലെന്നു് ആശയം.

ഋഷിരുവാച = ദധീചിമഹർഷി പറഞ്ഞു—

7 ധർമ്മം വഃ ശ്രോതുകാമേന യൂയം മേ പ്രത്യുദാഹൃതാഃ
ഏഷ വഃ പ്രിയമാത്മാനം ത്യജന്തം സന്ത്യജാമ്യഹം

| | |
|---|---|
| വഃ | നിങ്ങളിൽ നിന്നു് |
| ധർമ്മം | ധർമ്മത്തെപ്പറ്റി |
| ശ്രോതുകാമേന | ശ്രവിക്കുവാൻ ആഗ്രഹമുണ്ടായ |
| മേ യൂയം | എന്നാൽ നിങ്ങൾ |
| പ്രത്യുദാഹൃതാഃ | മറുത്തു പറയപ്പെട്ടവരായി |
| ഏഷഃ അഹം | ഇതാ ഞാൻ |
| വഃ | നിങ്ങൾക്കുവേണ്ടി |
| ത്യജന്തം | ഒരിക്കൽ കൈവിട്ടുപോകുന്ന |
| പ്രിയം | ഇഷ്ടപ്പെട്ട |
| ആത്മാനം | ശരീരത്തെ |
| സന്ത്യജാമി | ഉപേക്ഷിച്ചുകൊള്ളുന്നു |

8 യോഽധ്രുവേണാത്മനാ നാഥാ ന ധർമ്മം ന യശഃ പുമാൻ
ഈഹേത ഭൂതദയയാ സ ശോച്യഃ സ്ഥാവരൈരപി

| | |
|---|---|
| നാഥാഃ | ഹേ ലോകപാലന്മാരേ! |
| യഃ പുമാൻ | യാതൊരു പുരുഷൻ |
| ഭൂതദയയാ | ജീവകാരുണ്യത്താൽ പ്രേരിതനായിട്ടു് |
| അധ്രുവേണ | നശ്വരമായ |
| ആത്മനാ | സ്വദേഹംകൊണ്ടു് |
| ധർമ്മം | ധർമ്മത്തെ |
| ന ഈഹേത | ആർജ്ജിക്കുന്നില്ലയോ, |
| യശഃ | യശസ്സിനെയും |
| ന | ഇല്ലയോ, |
| സഃ | അവൻ |
| സ്ഥാവരൈഃ അപി | വൃക്ഷാദികളാൽപ്പോലും |
| ശോച്യഃ | ശോചനീയനാകുന്നു |

9 ഏതാവാനവ്യയോ ധർമ്മഃ പുണ്യശ്ലോകൈരുപാസിതഃ
യോ ഭൂതശോകഹർഷാഭ്യാമാത്മാ ശോചതി ഹൃഷ്യതി

| | |
|---|---|
| യഃ ആത്മാ | ഏതൊരു ജീവനാണോ |
| ഭൂതശോകഹർഷാഭ്യാം | ഇതരപ്രാണികൾക്കുണ്ടാവുന്ന സന്താപം കൊണ്ടും സന്തോഷം കൊണ്ടും |
| ശോചതി | (യഥാക്രമം) സ്വയം സന്തപിക്കുകയും |
| ഹൃഷ്യതി | സന്തോഷിക്കുകയും ചെയ്യുന്നതു്, |
| (തസ്യ യഃ ധർമ്മഃ) | അവന്റെ യാതൊരു പ്രവൃത്തിയുണ്ടല്ലോ, |
| ഏതാവാൻ | ഇതൊന്നു മാത്രമാണു് |
| അവ്യയഃ | നിലപതറാത്ത |
| ധർമ്മഃ | യഥാർത്ഥധർമ്മമായിട്ടു് |
| പുണ്യശ്ലോകൈഃ | വിശുദ്ധചരിതന്മാരാൽ |
| ഉപാസിതഃ | ആദരിച്ചാരാധിക്കപ്പെടുന്നതു് |

10 അഹോ ദൈന്യമഹോ കഷ്ടം പാരക്യൈഃ ക്ഷണഭംഗുരൈഃ
യന്നോപകുര്യാദസ്വാർത്ഥൈർമർത്ത്യഃ സ്വജ്ഞാതിവിഗ്രഹൈഃ

| | |
|---|---|
| മർത്ത്യഃ | മരണമെന്നതു പ്രകൃതിയിൽത്തന്നെയുള്ള മനുഷ്യൻ |
| പാരക്യൈഃ | അന്യർക്കുപയോഗപ്പെടുന്നവയും |
| അസ്വാർത്ഥൈഃ | തനിക്കുപയോഗപ്പെടാത്തവയും |
| ക്ഷണഭംഗുരൈഃ | ക്ഷണനേരംകൊണ്ടുതകർന്നുപോകുന്നവയുമായ |
| സ്വജ്ഞാതി- വിഗ്രഹൈഃ | സമ്പത്ത്, സംബന്ധികൾ, ശരീരം എന്നിവകൊണ്ട് |
| ന ഉപകുര്യാത് | ഉപകാരം ചെയ്യാതിരിക്കുക |
| യത് | എന്നുള്ളത് |
| അഹോ ദൈന്യം | അയ്യോ! അവന്റെ അവശത! |
| അഹോകഷ്ടം | ഹാ! കഷ്ടംതന്നെ! |

11 ഏവം കൃതവ്യവസിതോ ദധ്യങ്ങാഥർവണസ്തനും
പരേ ഭഗവതി ബ്രഹ്മണ്യാത്മാനം സന്നയൻ ജഹൗ.

| | |
|---|---|
| ആഥർവണഃ | അഥർവവേദജ്ഞനായ |
| ദധ്യങ് | ദധീചിമുനി |
| ഏവം | ഇപ്രകാരം |
| കൃതവ്യവസിതഃ | കൃതനിശ്ചയനായിട്ട് |
| പരേബ്രഹ്മണി | പരബ്രഹ്മസ്വരൂപമായ |
| ഭഗവതി | ഭഗവാങ്കൽ |
| ആത്മാനം | ജീവാത്മാവിനെ |
| സന്നയൻ | സംയോജിപ്പിച്ചുകൊണ്ട് |
| തനും ജഹൗ | ദേഹം വെടിഞ്ഞു |

12 യതാക്ഷാസുമനോബുദ്ധിസ്തത്ത്വദൃഗ്ധ്വസ്തബന്ധനഃ
ആസ്ഥിതഃ പരമം യോഗം ന ദേഹം ബുബുധേ ഗതം

| | |
|---|---|
| യതാക്ഷാസു- മനോബുദ്ധിഃ | പഞ്ചേന്ദ്രിയങ്ങൾ, പഞ്ചപ്രാണങ്ങൾ, മനസ്സ്, ബുദ്ധി എന്നിങ്ങനെയുള്ള ആഭ്യന്തരവൃത്തികളെ നിയന്ത്രിച്ച്, |
| തത്ത്വദൃക് | ആത്മതത്ത്വത്തെ സാക്ഷാൽകരിച്ചുകൊണ്ട് |
| ധ്വസ്തബന്ധനഃ | കെട്ടററുപോയ സംസാരബന്ധത്തോടുകൂടിയവനായി |
| പരമം യോഗം | സമുൽകൃഷ്ടമായ യോഗമാർഗ്ഗത്തെ |
| ആസ്ഥിതഃ | അവലംബിച്ച ഋഷി |
| ദേഹം ഗതം | ശരീരം വിട്ടുപോയത് |
| ന ബുബുധേ | അറിഞ്ഞതേയില്ല |

13 അഥേന്ദ്രോ വജ്രമുദ്യമ്യ നിർമ്മിതം വിശ്വകർമ്മണാ
മുനേഃ ശക്തിഭിരുത്സിക്തോ ഭഗവത്തേജസാന്വിതഃ

14 വൃതോ ദേവഗണൈഃ സർവൈർഗജേന്ദ്രോപര്യശോഭത
സ്തൂയമാനോ മുനിഗണൈസ്ത്രൈലോക്യം ഹർഷയന്നിവ

| | |
|---|---|
| അഥ | അനന്തരം |
| ഇന്ദ്രഃ | ദേവേന്ദ്രൻ |
| മുനേഃ | ദധീചിമഹർഷിയുടെ |
| ശക്തിഭിഃ | അസ്ഥികൾ കൊണ്ട് |
| വിശ്വകർമ്മണാ | വിശ്വകർമ്മാവിനാൽ |
| നിർമ്മിതം | നിർമ്മിക്കപ്പെട്ട |
| വജ്രം | വജ്രായുധത്തെ |

| | |
|---|---|
| ഉദ്യമ്യ | ഉയർത്തിപ്പിടിച്ചു് |
| ഉത്സിക്തഃ | ഊർജ്ജിതനായി– |
| ഭഗവത്തേജസാ | ഭഗവാന്റെ തേജസ്സിനോടു് |
| അന്വിതഃ | കൂടിചേർന്നവനായി– |
| സർവൈഃ | ഒന്നൊഴിയാതുള്ള |
| ദേവഗണൈഃ | ദേവസംഘങ്ങളാൽ |
| വൃതഃ | പരിവൃതനായി– |
| മുനിഗണൈഃ | ഋഷിസമൂഹങ്ങളാൽ |
| സ്തൂയമാനഃ | സ്തുതിക്കപ്പെട്ടുകൊണ്ടു് |
| ത്രൈലോക്യം | മൂന്നുലോകത്തെയും |
| ഹർഷയൻ ഇവ | ആഹ്ളാദിപ്പിക്കുമാറു് |
| ഗജേന്ദ്രോപരി | ഐരാവതത്തിന്റെ പുറത്തു് |
| അശോഭത | പരിലസിച്ചു |

15 വൃത്രമഭ്യദ്രവച്ഛേത്തുമസുരാനീകയൂഥപൈഃ
പര്യസ്തമോജസാ രാജൻ ക്രുദ്ധോ രുദ്ര ഇവാന്തകം

| | |
|---|---|
| രാജൻ | രാജാവേ! |
| അസുരാനീക–യൂഥപൈഃ | അസുരന്മാരുടെ സൈന്യസംഘത്തലവന്മാരാൽ |
| പര്യസ്തം | പരിവൃതനായ |
| വൃത്രം | വൃത്രനെ |
| ഛേത്തും | അരിഞ്ഞുതള്ളുവാൻ, |
| ക്രുദ്ധഃ | ക്രോധംമുഴുത്ത |
| രുദ്രഃ | ശ്രീരുദ്രൻ |
| അന്തകം ഇവ | കാലന്റെ നേക്കെ–ന്നപോലെ |
| ഓജസാ | ശക്തിയോടെ |
| അഭ്യദ്രവത് | നേരിട്ടുപാഞ്ഞണഞ്ഞു |

16 തതഃ സുരാണാമസുരൈഃ രണഃ പരമദാരുണഃ
ത്രേതാമുഖേ നർമ്മദായാമഭവത് പ്രഥമേ യുഗേ

| | |
|---|---|
| തതഃ | അതിനെത്തുടന്നു് |
| അസുരൈഃ | അസുരന്മാരോടുകൂടി |
| സുരാണാം | ദേവന്മാരുടെ |
| പരമദാരുണഃ | അതിഭയങ്കരമായ |
| രണഃ | സമരം |
| നർമ്മദായാം | നർമ്മദാനദീതീരത്തിൽവെച്ചു് |
| പ്രഥമേ | ഒന്നാമത്തെ |
| യുഗേ | ചതുർയുഗത്തിൽപ്പെട്ട |
| ത്രേതാമുഖേ | ത്രേതായുഗത്തിന്റെ ആരംഭത്തിൽ |
| അഭവത് | സംഭവിച്ചു |

17 രുദ്രൈർവസുഭിരാദിത്യൈരശ്വിഭ്യാം പിതൃവഹ്നിഭിഃ
മരുദ്ഭിരൃഭുഭിഃ സാധ്യൈർ വിശ്വേദേവൈർമ്മരുത്പതിം

18 ദൃഷ്ട്വാ വജ്രധരം ശക്രം രോചമാനം സ്വയാ ശ്രിയാ
നാമൃഷ്യന്നസുരാ രാജൻ മൃധേ വൃത്രപുരഃസരാഃ

| | |
|---|---|
| രുദ്രൈഃ | രുദ്രന്മാരോടും, |
| വസുഭിഃ | വസുക്കളോടും, |
| ആദിത്യൈഃ | ആദിത്യന്മാരോടും, |
| അശ്വിഭിഃ | അശ്വികളോടും |
| പിതൃവഹ്നിഭിഃ | പിതൃക്കൾ അഗ്നികൾ എന്നിവരോടും |
| മരുദ്ഭിഃ | മരുത്തുക്കളോടും, |
| ഋഭുഭിഃ | ഋഭുക്കളോടും, |
| സാധ്യൈഃ | സാധ്യന്മാരോടും |
| വിശ്വേദേവൈഃ | വിശ്വേദേവന്മാരോടുംകൂടി |
| സ്വയാ | സ്വാഭാവികമായ |
| ശ്രിയാ | കാന്തിയാൽ |

| | | | |
|---|---|---|---|
| രോചമാനം | സമുജ്ജ്വലിക്കുന്ന | രാജൻ | അല്ലയോ രാജാവേ! |
| മരുത്പതിം | ദേവരാജാവായ | വൃത്രപുരഃസരാഃ | വൃത്രപ്രമുഖരായുള്ള |
| ശക്രം | ഇന്ദ്രനെ | അസുരാഃ | അസുരന്മാർ |
| വജ്രധരം | വജ്രായുധമെടുത്തു നില്ക്കുന്നതു | മൃധേ | യുദ്ധത്തിൽ |
| ദൃഷ്ട്വാ | കണ്ടിട്ട്, | ന അമൃഷ്യൻ | പൊറുത്തില്ല |

19 നമുചിഃ ശംബരോഽനർവാ ദ്വിമൂർദ്ധാ ഋഷഭോംബരഃ
ഹയഗ്രീവഃ ശങ്കുശിരാ വിപ്രചിത്തിരയോമുഖഃ

20 പുലോമാ വൃഷപർവാ ച പ്രഹേതിർഹേതിരുത്കലഃ
ദൈതേയാ ദാനവാ യക്ഷാ രക്ഷാംസി ച സഹസ്രശഃ

നമുചി, ശംബരൻ, അനർവ്വാവ്, ദ്വിശിരസ്സ്, ഋഷഭൻ, അംബരൻ, ഹയഗ്രീവൻ, ശങ്കുശിരസ്സ്, വിപ്രചിത്തി, അയോമുഖൻ, പുലോമാവ്, വൃഷപർവാവ്, പ്രഹേതി, ഹേതി, ഉത്കലൻ എന്നീ പ്രമുഖന്മാരും പിന്നെ ആയിരക്കണക്കിൽ ദിതിസന്തതികളും ദനുസന്തതികളുമായ അസുരന്മാരും, യക്ഷന്മാരും, രക്ഷസ്സുകളും, മാത്രമല്ല—

21 സുമാലിമാലിപ്രമുഖാഃ കാർത്തസ്വരപരിച്ഛദാഃ
പ്രതിഷിധ്യേന്ദ്രസേനാഗ്രം മൃത്യോരപി ദുരാസദം

22 അഭ്യർദയന്നസംഭ്രാന്താഃ സിംഹനാദേന ദുർമ്മദാഃ
ഗദാഭിഃ പരിഘൈർബാണൈഃ പ്രാസമുദ്ഗരതോമരൈഃ

23 ശൂലൈഃ പരശ്വധൈഃ ഖഡ്ഗൈഃ ശതഘ്നീഭിർഭുശുണ്ഡിഭിഃ
സർവതോഽവാകിരൻ ശസ്ത്രൈരസ്ത്രൈശ്ച വിബുധർഷഭാൻ

| | | | |
|---|---|---|---|
| സുമാലിമാലിപ്രമുഖാഃ | സുമാലി, മാലി മുതലായുള്ളവരും | ഗദാഭിഃ | ഗദകൾകൊണ്ടും |
| കാർത്തസ്വരപരിച്ഛദാഃ | സ്വർണ്ണപ്പടക്കോപ്പുകളണിഞ്ഞു കൊണ്ടും | പരിഘൈഃ | ഇരിമ്പുലക്കകൾ കൊണ്ടും |
| ദുർമ്മദാഃ | ദുരഹങ്കാരം ചേർന്നു കൊണ്ടും | ബാണൈഃ | ബാണങ്ങൾ കൊണ്ടും |
| അസംഭ്രാന്താഃ | സംഭ്രമം വിട്ടു കൊണ്ടും | പ്രാസമുദ്ഗരതോമരൈഃ | കുന്തം, ഈട്ടി, ലോഹദണ്ഡ് എന്നിവകൊണ്ടും |
| മൃത്യോഃ അപി | മൃത്യുവിനുപോലും | ശൂലൈഃ | ശൂലങ്ങൾകൊണ്ടും |
| ദുരാസദം | ദുഷ്പ്രാപമായ | പരശ്വധൈഃ | കോടാലികൾ കൊണ്ടും |
| ഇന്ദ്രസേനാഗ്രം | ഇന്ദ്രന്റെ മുന്നണിപ്പടയെ | ഖഡ്ഗൈഃ | വാളുകൾകൊണ്ടും |
| സിംഹനാദേന | സിംഹനാദത്താൽ | ശതഘ്നീഭിഃ ഭുശുണ്ഡിഭിഃ | ശതഘ്നി, ഭുശുണ്ഡി എന്നിങ്ങനെയുള്ള ഒരോതരം മുൾത്തടികൾ കൊണ്ടും |
| അഭ്യർദയൻ | കിടിലം കൊള്ളിച്ചു. | | |

| | | | |
|---|---|---|---|
| ശസ്ത്രൈഃ | ശസ്ത്രങ്ങൾകൊണ്ടും | സർവ്വതഃ | എല്ലാടവും നിന്നു് |
| അസ്ത്രൈഃ ച | അസ്ത്രങ്ങൾകൊണ്ടും | അവാകിരൻ | തുരുതുരെ ചൊരിഞ്ഞു- |
| വിബുധർഷഭാൻ | ദേവപ്രമുഖന്മാരെ | | |

24 നതേഽദൃശ്യന്ത സംഛന്നാഃ ശരജാലൈഃ സമന്തതഃ
പുംഖാനുപുംഖപതിതൈർജ്യോതീംഷീവ നഭോഘനൈഃ

| | | | |
|---|---|---|---|
| സമന്തതഃ | നാലുഭാഗത്തുനിന്നും | നഭോഘനൈഃ | ആകാശത്തിൽ മേഘനിരകളാൽ |
| പുംഖാനുപുംഖപതിതൈഃ | ഒരുകണയോടു ചേൎന്ന മറ്റൊരു കണയായിതൊട്ടുത്തു വീട്ടുവന്നുവീഴുന്ന | ജ്യോതീംഷി | ജ്യോതിർഗോളങ്ങൾ |
| ശരജാലൈഃ | ശരനിരകളാൽ | ഇവ | എന്നപോലെ |
| സംഛന്നാഃ | മറയ്ക്കപ്പെട്ട | ന അദൃശ്യന്ത | കാണപ്പെടാതെയായി |
| തേ | ആ ദേവന്മാർ | | |

25 ന തേ ശസ്ത്രാസ്ത്രവർഷൌഘാ ഹ്യാസേദുഃ സുരസൈനികാൻ
ഛിന്നാഃ സിദ്ധപഥേ ദേവൈർലഘുഹസ്തൈഃ സഹസ്രധാ

| | | | |
|---|---|---|---|
| ലഘുഹസ്തൈഃ | കൈച്ചൊറുക്കുള്ള | തേ ശസ്ത്രാസ്ത്രവർഷൌഘാഃ | ആ ശസ്ത്രാസ്ത്രങ്ങളുടെ വർഷധാരകൾ |
| ദേവൈഃ | ദേവന്മാരാൽ | സുരസൈനികാൻ | ദേവഭടന്മാരെ |
| സിദ്ധപഥേ | ആകാശത്തിൽവച്ചു് | ന ഹി ആസേദുഃ | ഒട്ടുംതന്നെ ബാധിച്ചില്ല |
| സഹസ്രധാ | ആയിരക്കണക്കിൽ | | |
| ഛിന്നാഃ | എയ്തുമുറിക്കപ്പെട്ട | | |

26 അഥ ക്ഷീണാസ്ത്രശസ്ത്രൌഘാ ഗിരിശൃംഗദ്രുമോപലൈഃ
അഭ്യവർഷൻ സുരബലം ചിച്ഛിദുസ്താംശ്ച പൂർവവത്

| | | | |
|---|---|---|---|
| അഥ | അതിനുശേഷം, | സുരബലം | ദേവസൈന്യത്തെ |
| ക്ഷീണാസ്ത്രശസ്ത്രൌഘാഃ | അസ്ത്രങ്ങളുടെയും ശസ്ത്രങ്ങളുടെയും കൂട്ടം ക്ഷയിച്ചുകഴിഞ്ഞ അസുരന്മാർ | അഭ്യവർഷൻ | അഭിവർഷിച്ചു |
| ഗിരിശൃംഗദ്രുമോപലൈഃ | മലകളുടെ ശിഖരങ്ങൾ, മരങ്ങൾ, പാറക്കല്ലുകൾ എന്നിവ കൊണ്ടു്. | (ദേവാഃ) | ദേവന്മാർ |
| | | താൻ ച | അവയേയും |
| | | പൂർവ്വവത് | മുൻപടിക്കു് |
| | | ചിച്ഛിദുഃ | എയ്തുമുറിച്ചിട്ടു |

27 താനക്ഷതാൻ സ്വസ്തിമതോ നിശാമ്യ
ശസ്ത്രാസ്ത്രപൂഗൈരഥ വൃത്രനാഥാഃ
ദ്രുമൈർദൃഷദ്ഭിർവിവിധാദ്രിശൃംഗൈ-
രവിക്ഷതാംസ്തത്ര സുരേന്ദ്രസൈനികാൻ

| | | | |
|---|---|---|---|
| ശസ്ത്രാസ്ത്രപൂഗൈഃ | ശസ്ത്രാസ്ത്രങ്ങളുടെ സമൂഹങ്ങളാൽ | അവിക്ഷതാൻ | തീരെ മുറിവും ചതവും ഏല്ക്കാതെ |
| അക്ഷതാൻ | മുറിവേററിട്ടില്ലാത്ത | സ്വസ്ഥിമതഃ | സസുഖം നില്ക്കുന്നതു |
| താൻസുരേന്ദ്ര- സൈനികാൻ | ആ ദേവരാജൻെറ ഭടന്മാരെ | നിശാമ്യ | കണ്ടിട്ട് |
| ദ്രുമൈഃ | വൃക്ഷങ്ങളാലും | വൃത്രനാഥാഃ | വൃത്രാസുരൻെറ നേതൃത്വത്തിലുള്ള അസുരഭടന്മാർ |
| ദൃഷദ്ഭിഃ | കല്ലുകളാലും | | |
| വിവിധാദ്രി- ശൃംഗൈഃ അഥ | പലമട്ടുള്ള ഗിരി ശിഖരങ്ങളാലും കൂടി | തത്രസുഃ | ഭയന്നുപോയി |

28 സർവേ പ്രയാസാ അഭവൻ വിമോഘാഃ

കൃതാഃ കൃതാ ദേവഗണേഷു ദൈത്യൈഃ

കൃഷ്ണാനുകൂലേഷു യഥാ മഹത്സു

ക്ഷുദ്രൈഃ പ്രയുക്താ ഉശതീ രൂക്ഷവാചഃ

| | | | |
|---|---|---|---|
| കൃഷ്ണാനുകൂലേഷു | ഭഗവാൻ അനുകൂലമായിരിക്കുന്ന | മഹത്സു | മഹാജനങ്ങളിൽ |
| ദേവഗണേഷു | ദേവഗണങ്ങളിൽ | ക്ഷുദ്രൈഃ | അല്പന്മാരാൽ |
| ദൈത്യൈഃ | അസുരന്മാരാൽ | പ്രയുക്താഃ | പ്രയോഗിക്കപ്പെടുന്ന |
| കൃതാഃ കൃതാഃ | അടിക്കടി നടത്തപ്പെട്ട | ഉശതീഃ | നെറികെട്ട |
| സർവേ | എല്ലാ | രൂക്ഷവാചഃ | പരുഷഭാഷണങ്ങൾ |
| പ്രയാസാഃ | പ്രയത്നങ്ങളും | യഥാ | എന്നപോലെ |
| | | വിമോഘാഃ | നിഷ്ഫലങ്ങളായി |
| | | അഭവൻ | ഭവിച്ചു |

29 തേ സ്വപ്രയാസം വിതഥം നിരീക്ഷ്യ

ഹരാവഭക്താ ഹതയുദ്ധദർപാഃ

പലായനായാജിമുഖേ വിസൃജ്യ

പതിം മനസ്തേ ദധുരാത്തസാരാഃ

| | | | |
|---|---|---|---|
| തേ (അപി) | അതിപ്രസിദ്ധരാണെങ്കിലും | ഹതയുദ്ധ- ദർപാഃ | നഷ്ടപ്പെട്ട പോർത്തിമിരത്തോടുകൂടിയവരായും |
| ഹരൗ | ശ്രീമഹാവിഷ്ണുവിൽ | ആത്തസാരാഃ | (ശത്രുക്കളാൽ) പിടിച്ചടക്കപ്പെട്ട ഉൾക്കരുത്തോടുകൂടിയവരായും ഭവിച്ച് |
| അഭക്താഃ | ഭക്തിയില്ലാത്തവരായിരുന്ന | ആജിമുഖേ | യുദ്ധസംരംഭത്തിൽ |
| തേ | ആ അസുരവീരന്മാർ | പതിം | നേതാവിനെ |
| സ്വപ്രയാസം | സ്വപ്രയത്നം | വിസൃജ്യ | കൈവിട്ട് |
| വിതഥം | ഫലശൂന്യമാണെന്ന് | പലായനായ | ഓടിയൊളിക്കുവാൻ |
| നിരീക്ഷ്യ | കണ്ടു, | മനഃ ദധേ | ഉള്ളിലുറച്ചു. |

30 വൃത്രോഽസുരാംസ്താനനുഗാൻ മനസ്വീ
പ്രധാവതഃ പ്രേക്ഷ്യ ബഭാഷ ഏതത്
പലായിതം പ്രേക്ഷ്യ ബലം ച ഭഗ്നം
ഭയേന തീവ്രേണ വിഹസ്യ വീരഃ

| | |
|---|---|
| മനസ്വീ | മനക്കരുത്തുള്ള |
| വീരഃ | പരാക്രമിയായ |
| വൃത്രഃ | വൃത്രൻ |
| അനുഗാൻ | അനുയായികളായ |
| താൻ അസുരാൻ | ആ അസുരന്മാരെ |
| പ്രധാവതഃ | ഓടിപ്പോകുന്നവരായി |
| പ്രേക്ഷ്യ | കണ്ടു്, |
| തീവ്രേണ | കഠിനമായ |
| ഭയേന | ഭീതിയാൽ |
| പലായിതം | പാഞ്ഞകന്ന |
| ഭഗ്നം | തകർന്നതുമായ |
| ബലം ച | സൈന്യത്തെയും |
| പ്രേക്ഷ്യ | കണ്ടു് |
| വിഹസ്യ | നന്നായൊന്നു ചിരിച്ചു് |
| ഏതത് | ഈവിധം |
| ബഭാഷ | പറഞ്ഞു– |

31 കാലോപപന്നാം രുചിരാം മനസ്വിനാ–
മുവാച വാചം പുരുഷപ്രവീരഃ
ഹേ വിപ്രചിത്തേ നമുചേ പുലോമൻ
മയാനർവ്വൻ ശംബര മേ ശൃണുധ്വം

| | |
|---|---|
| പുരുഷപ്രവീരഃ | പുരുഷന്മാരിൽ അതിശൂരനായ വൃത്രാസുരൻ |
| കാലോപപന്നാം | സന്ദർഭത്തിനു ചേർന്നതും |
| മനസ്വിനാം | മനക്കരുത്തുള്ളവർക്കു് |
| രുചിരാം | ഇഷ്ടപ്പെടുന്നതുമായ |
| വാചം | വാക്കിനെ |
| ഉവാച | ഉച്ചരിച്ചു– |
| ഹേ വിപ്രചിത്തേ | "അല്ലയോ വിപ്രചിത്തി! |
| നമുചേ | നമുചി! |
| പുലോമൻ | പുലോമാവേ! |
| മയ | ഹേ മയ! |
| അനർവൻ | അനർവാവേ! |
| ശംബര | അല്ലയോ ശംബര! |
| മേ | എന്റെ വാക്കു് |
| ശൃണുധ്വം | കേൾക്കുവിൻ |

32 ജാതസ്യ മൃത്യുർധ്രുവ ഏവ സർവതഃ
പ്രതിക്രിയാ യസ്യ ന ചേഹ കൢപ്താ
ലോകോ യശശ്ചാഥ തതോ യദി ഹ്യമും
കോ നാമ മൃത്യും ന വൃണീത യുക്തം

| | |
|---|---|
| ജാതസ്യ | ജനിച്ചവനു് |
| മൃത്യുഃ | മരണം |
| ധ്രുവഃ ഏവ | നിശ്ചയംതന്നെ |
| ഇഹ യസ്യ | ലോകത്തിൽ ഇതിനു് |
| സർവതഃ | ഏതൊരിടത്തും |
| പ്രതിക്രിയാ | പ്രതിവിധി |
| ന കൢപ്താ ച | ഏർപ്പെടുത്തപ്പെട്ടിട്ടുമില്ല. |
| തതഃ | അതുമൂലം |
| ലോകഃ | പുണ്യലോകവും |
| യശഃ ച | കീർത്തിയും |
| യദി (സ്യാത്) അഥ ഹി | ഉണ്ടാകുവാൻ ഇടയാകുന്ന പക്ഷം |
| അമും മൃത്യും | ഈ മരണത്തെ |
| യുക്തം | സമീചീനമായിട്ടു് |
| കോ നാമ | ആർതന്നെ |
| ന വൃണീത | വരിക്കുകയില്ല? |

33 ദ്വൗ സമ്മതാവിഹ മൃത്യൂ ദുരാപൗ
യദ് ബ്രഹ്മസന്ധാരണയാ ജിതാസുഃ
കലേവരം യോഗരതോ വിജഹ്യാദ്
യദഗ്രണീർവീരശയേഽനിവൃത്തഃ

ജിതാസുഃ — പഞ്ചപ്രാണങ്ങളെ കീഴൊതുക്കി,
യോഗരതഃ — യോഗസാധനയിൽ ശ്രദ്ധാലുവായി
ബ്രഹ്മസന്ധാരണയാ — ബ്രഹ്മസ്വരൂപത്തിൽ ജീവാത്മാവിന്റെ വിലയനം കൊണ്ട്
കലേവരം — ശരീരത്തെ
വിജഹ്യാത് — കൈവെടിയുക
(ഇതി) യത് — എന്നത് യാതൊന്നോ
(സഃ ഏകഃ) — അതൊന്ന്;-
വീരശയേ — പോർക്കളത്തിൽ
അഗ്രണീഃ — മുന്നണിപ്പടയാളിയായി
അനിവൃത്തഃ — മടങ്ങാതെനിന്ന്
(കലേവരം — ശരീരത്തെ
വിജഹ്യാത് — കൈവെടിയുക
ഇതി യത് — എന്നതു യാതൊന്നോ
സഃ ഏകഃ) — അതുമറ്റൊന്ന് —
ദ്വൗ മൃത്യൂ — ഇങ്ങനെ രണ്ടുമരണങ്ങൾ
ദുരാപൗ — ലഭിക്കാൻ പ്രയാസമുള്ളവയായിട്ട്
ഇഹ — ഇങ്ങു ശാസ്ത്രത്തിൽ
സമ്മതൗ — അംഗീകരിക്കപ്പെട്ടവയാകുന്നു-

"ദ്വാവിമൗ പുരുഷൗ ലോകേ സൂര്യമണ്ഡലഭേദിനൗ
പരിവ്രാഡ്യോഗയുക്തശ്ച രണേ ചാഭിമുഖോ ഹതഃ"
എന്ന് സ്മൃതിവചനം -

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ

ദശമോഽദ്ധ്യായഃ

ആദിതഃ ശ്ലോകാഃ 465

ആറാമത്തെ സ്കന്ധത്തിൽ പത്താമദ്ധ്യായം കഴിഞ്ഞു-

## ഏകാദശോദ്ധ്യായഃ = അദ്ധ്യായം പതിനൊന്നു്
## വൃത്രാസുരന്റെ സാരവചനങ്ങൾ

"ഏകാദശേ തു വൃത്രസ്യ യുധ്യമാനസ്യ വജ്രിണാ
ഭക്തിജ്ഞാനബലോദർക്കാശ്ചിത്രാ വാചോऽനുവർണിതാഃ"

ഇന്ദ്രനോടു് യുദ്ധത്തിന്നിറങ്ങിയ വൃത്രാസുരന്റെ ഭക്തിജ്ഞാനബലോദർക്കങ്ങളായ അദ്ഭുതവചനങ്ങൾ ഈ പതിനൊന്നാമദ്ധ്യായത്തിൽ അനുവർണ്ണിക്കപ്പെട്ടിരിക്കുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

1 ത ഏവം ശംസതോ ധർമ്മം വചഃ പത്യുരചേതസഃ
നൈവാഗൃഹ്ണൻ ഭയത്രസ്താഃ പലായനപരാ നൃപ

| | |
|---|---|
| നൃപ | രാജാവേ! |
| ഭയത്രസ്താഃ | ഭയത്താൽ നടുങ്ങിക്കൊണ്ടു് |
| പലായനപരാഃ | ഓട്ടത്തിൽമാത്രം തൽപരരായി |
| അചേതസഃ | മനസ്സുവിട്ടുപോയിരുന്ന |
| തേ | ആ അസുരന്മാർ |
| ഏവം | ഇപ്രകാരം |
| ധർമ്മം | വീരധർമ്മത്തെ |
| ശംസതഃ | ഉദ്ബോധിപ്പിക്കുന്ന |
| പത്യുഃ | സേനാപതിയുടെ |
| വചഃ | വാക്കുകളെ |
| അഗൃഹ്ണൻ ന ഏവ | കേട്ടുധരിക്കുകയേ ഉണ്ടായില്ല |

2 വിശീര്യമാണാം പൃതനാമാസുരീമസുരർഷഭഃ
കാലാനുകൂലൈസ്ത്രിദശൈഃ കാല്യമാനാമനാഥവത്

3 ദൃഷ്ട്വാതപ്യത സംക്രുദ്ധ ഇന്ദ്രശത്രുരമർഷിതഃ
10 ആസീദ്രാജാ സാർവഭൗമഃ ശൂരസേനേഷു വൈ നൃപ
ചിത്രകേതുരിതി ഖ്യാതോ യസ്യാസീത് കാമധുങ്മഹീ-

| | |
|---|---|
| നൃപ | രാജാവേ! |
| ശൂരസേനേഷു | ശൂരസേനം എന്ന രാജ്യത്തിൽ |
| സാർവഭൗമഃ | ചക്രവർത്തിയായി |
| ചിത്രകേതുഃ | 'ചിത്രകേതു' |
| ഇതി ഖ്യാതഃ | എന്ന പേരിൽ വിഖ്യാതനായ |
| രാജാ | ഒരു രാജാവ് |
| ആസീത് വൈ | ഉണ്ടായിരുന്നു പോലും.– |
| യസ്യ | യാതൊരുവന്ന്, |
| മഹീ | ഭൂമി |
| കാമധുക് | ആശിച്ചതെല്ലാം ചുരന്നു കൊടുക്കുന്ന കാമധേനുവായി |
| ആസീത് | ഭവിച്ചിരുന്നു |

11 തസ്യ ഭാര്യാസഹസ്രാണാം സഹസ്രാണി ദശാഭവൻ
സാന്താനികശ്ചാപി നൃപോ ന ലേഭേ താസു സന്തതിം

| | |
|---|---|
| തസ്യ | അദ്ദേഹത്തിന് |
| ഭാര്യാസഹസ്രാണാം ദശസഹസ്രാണി | ഭാര്യമാർ ആയിരത്തിന്റെ പതിനായിരം ഗുണിതത്തോളം (ഒരുകോടി) |
| അഭവൻ | ഉണ്ടായിരുന്നു |
| നൃപഃ | രാജാവ് |
| സാന്താനികഃ ച അപി | സന്താനോല്പാദനത്തിന്ന് ശേഷിയുള്ളവനും ആയിരുന്നു; എങ്കിലും |
| താസു | അവരിൽ |
| സന്തതിം | സന്തതിയെ |
| ന ലേഭേ | ലഭിച്ചില്ല |

12 രൂപൗദാര്യവയോജന്മവിദ്യൈശ്വര്യശ്രിയാദിഭിഃ
സംപന്നസ്യ ഗുണൈഃ സർവൈശ്ചിന്താ വന്ധ്യാപതേരഭൂത്

| | |
|---|---|
| രൂപൗദാര്യ ശ്രിയാദിഭിഃ | സൗന്ദര്യം, ദാനശീലം, യുവത്വം, വംശമഹിമ, വിദ്യാഭ്യാസം, പ്രഭുത്വം സമ്പത്ത് എന്നുതുടങ്ങിയ |
| സർവൈഃ | എല്ലാവിധത്തിലുമുള്ള |
| ഗുണൈഃ | ഗുണങ്ങളെക്കൊണ്ടും |
| സംപന്നസ്യ | മികച്ചുനിൽക്കുന്ന |
| വന്ധ്യാപതേഃ | വന്ധ്യാപതിക്ക് (പ്രസവിക്കാത്ത സ്ത്രീകളുടെ ഭർത്തൃത്വം വഹിക്കുന്ന ആ രാജാവിന്ന്) |
| ചിന്താ | മനോവിചാരം |
| അഭൂത് | ഏർപ്പെട്ടു- |

13 ന തസ്യ സംപദഃ സർവാ മഹിഷ്യോ വാമലോചനാഃ
സാർവഭൗമസ്യ ഭൂശ്ചേയമഭവൻ പ്രീതിഹേതവഃ

| | |
|---|---|
| സാർവഭൗമസ്യ | രാജാധിരാജനായ |
| തസ്യ | അദ്ദേഹത്തിന് |
| സർവാഃ | എല്ലാവിധത്തിലുമുള്ള |
| സംപദഃ | സമ്പത്തുകളും |
| വാമലോചനാഃ | മനോഹരാംഗിമാരായ |
| മഹിഷ്യഃ | മഹിഷികളും |
| ഇയം ഭൂഃ ച | ഈ ഭൂമിതന്നെയും |
| പ്രീതിഹേതവഃ | മനഃസന്തൃപ്തിക്കുള്ള ഹേതുക്കളായി |
| ന അഭവൻ | ഭവിച്ചിരുന്നില്ല. |

14 തസ്യൈകദാ തു ഭവനമംഗിരാ ഭഗവാനൃഷിഃ
ലോകാനനുചരന്നേതാനുപാഗച്ഛദ്യദൃച്ഛയാ–

| | |
|---|---|
| ഏകദാതു | അങ്ങനെയിരിക്കെ, ഒരിക്കൽ |
| ഭഗവാൻ | സർവജ്ഞാന സമ്പന്നനായ |
| അംഗിരാഃ | അംഗിരസ്സെന്ന |
| ഋഷിഃ | മഹാമുനി |
| ഏതാൻ | ഈയുള്ള |
| ലോകാൻ | ലോകങ്ങളെ മുഴുവനും |
| അനുചരൻ | ചുററി സഞ്ചരിച്ചു കൊണ്ടു് |
| തസ്യ | അദ്ദേഹത്തിന്റെ |
| ഭവനം | ഗൃഹത്തിലേക്കു് |
| യദൃച്ഛയാ | ആകസ്മികമായി |
| ഉപാഗച്ഛത് | വന്നുചേർന്നു |

15 തം പൂജയിത്വാ വിധിവത് പ്രത്യുത്ഥാനാർഹണാദിഭിഃ
കൃതാതിഥ്യമുപാസീദത് സുഖാസീനം സമാഹിതഃ

| | |
|---|---|
| പ്രത്യുത്ഥാനാർഹണാദിഭിഃ | സ്വാഗത സൽക്കാരാദി ബഹുമതികളോടുകൂടി |
| തം | ആ മുനിയെ |
| വിധിവത് | വിധിയാംവണ്ണം |
| പൂജയിത്വാ | ആരാധിച്ചശേഷം, |
| കൃതാതിഥ്യം | ആതിഥ്യം സ്വീകരിച്ചു് |
| സുഖാസീനം | സുഖമായിട്ടിരിക്കുന്ന മുനിയെ |
| സമാഹിതഃ | മനഃസംയമനത്തോടു കൂടിയവനായിട്ടു് |
| ഉപാസീദത് | സമീപിച്ചു് അരികത്തിരുന്നു. |

16 മഹർഷിസ്തമുപാസീനം പ്രശ്രയാവനതം ക്ഷിതൗ
പ്രതിപൂജ്യ മഹാരാജ സമാഭാഷ്യേദമബ്രവീത്

| | |
|---|---|
| മഹാരാജ | അല്ലയോ മഹാനായ രാജാവേ! |
| മഹർഷിഃ | മഹാമുനി |
| പ്രശ്രയാവനതം | വിനയത്താൽ നമ്രശിരസ്കനായിട്ടു് |
| ക്ഷിതൗ | വെറും നിലത്തു് |
| ഉപാസീനം | സമീപത്തിൽ ഇരിക്കുന്ന |
| തം | ആ രാജാവിനെ |
| പ്രതിപൂജ്യ | പ്രത്യാദരിച്ചു് |
| സമാഭാഷ്യ | അഭിസംബോധനം ചെയ്തു് |
| ഇദം | ഇങ്ങനെ |
| അബ്രവീത് | പറഞ്ഞു– |

അംഗിരാ ഉവാച = അംഗിരസ്സ് പറഞ്ഞു–

17 അപി തേഽനാമയം സ്വസ്തി പ്രകൃതീനാം തഥാത്മനഃ
യഥാ പ്രകൃതിഭിർഗുപ്തഃ പുമാൻ രാജാപി സപ്തഭിഃ

| | |
|---|---|
| തേ തഥാ | അങ്ങേയ്ക്കും, അതുപോലെ |
| ആത്മനഃ | അങ്ങയുടെ |
| പ്രകൃതീനാം | പ്രജകൾക്കും– രാജ്യാംഗങ്ങൾക്കും– |
| അപിഅനാമയം | ക്ഷേമമല്ലേ? |
| സ്വസ്തി | ഞാൻ നന്മനേരുന്നു |
| പുമാൻ യഥാ | ജീവാത്മാവിനെപ്പോലെ |
| രാജാ അപി | രാജാവും |
| സപ്തഭിഃ | ഏഴുതരത്തിലുള്ള |
| പ്രകൃതിഭിഃ | പ്രകൃതികളാൽ |
| ഗുപ്തഃ | സുരക്ഷിതനാകുന്നു. |

'സപ്തപ്രകൃതികളാലുള്ള സുരക്ഷിതത്വം' എന്ന ശാബ്ദികസാധർമ്മ്യത്തിന്മേലാണ് ജീവാത്മാവിനോട് രാജാവിനെ സാദൃശ്യപ്പെടുത്തിയത്. എപ്രകാരം ജീവൻ മഹത്തത്ത്വം, അഹങ്കാരം, ഭൂതപഞ്ചകം എന്നീ ഏഴ് പ്രകൃതിതത്ത്വങ്ങളാൽ എന്നും ഗോപനം ചെയ്യപ്പെട്ടിരിക്കുന്നുവോ- അവയെ വേർപിരിഞ്ഞു ക്ഷണനേരംപോലും നിൽപ്പാൻ അസമർത്ഥനാകുന്നുവോ അപ്രകാരം രാജാവും പുരോഹിതൻ. മന്ത്രിമാർ, സുഹൃത്തുക്കൾ, ധനനിക്ഷേപം, ജനത, കോട്ടകൾ, സൈന്യങ്ങൾ എന്നീ ഏഴ് രാജ്യാംഗങ്ങളാവുന്ന പ്രകൃതികളാൽ ഗോപനം ചെയ്യപ്പെട്ടവനാകുന്നു. അവയുടെ സഹയോഗമില്ലാതെ രാജാവിന് നിലനിൽപ്പുണ്ടാകയില്ല എന്ന് സൂചിപ്പിച്ചുകൊണ്ട് അംഗിരസ്സുമുനി പ്രജകളുടെയും രാജാവിന്റെയും ക്ഷേമം പരസ്പരാശ്രിതമാണെന്ന് ഇനി ചൂണ്ടിക്കാണിക്കുന്നു.

18 ആത്മാനം പ്രകൃതിഷ്വദ്ധാ നിധായ ശ്രേയ ആപ്നുയാത്
രാജ്ഞാ തഥാ പ്രകൃതയോ നരദേവാഹിതാധയഃ

| | | | |
|---|---|---|---|
| നരദേവ | രാജാവേ! | ആപ്നുയാത് | (രാജാവ്) അനുഭവിക്കണം |
| പ്രകൃതിഷു | പ്രജകളിൽ | തഥാ | അപ്രകാരം |
| ആത്മാനം | തന്നെത്തന്നെ | പ്രകൃതയഃ | പ്രജകളും |
| അദ്ധാ | സാക്ഷാത്തായി | രാജ്ഞാ | രാജാവിനാൽ |
| നിധായ | സമർപ്പിച്ച് (പ്രജകളുടെ ഗുണത്തിനു വേണ്ടി- ആത്മാർപ്പണം ചെയ്തിട്ട്) | ആഹിതാധയഃ | ഏല്പെടുത്തപ്പെട്ട സമ്പൽസമൃദ്ധിയോട് കൂടിയവരായിട്ട് |
| ശ്രേയഃ | രാജ്യസുഖത്തെ | (ശ്രേയഃ | രാജ്യസുഖത്തെ |
| | | ആപ്നുയുഃ) | അനുഭവിക്കണം |

19 അപി ദാരാഃ പ്രജാമാത്യാ ഭൃത്യാഃ ശ്രേണ്യോഥ മന്ത്രിണഃ
പൗരാ ജാനപദാ ഭൂപാ ആത്മജാ വശവർത്തിനഃ

| | | | |
|---|---|---|---|
| ദാരാഃ | പത്നിമാർ, | ഭൂപാഃ | നാടുവാഴികൾ, |
| പ്രജാമാത്യാഃ | പ്രജകൾ, കാര്യസ്ഥന്മാർ | അഥ | അതിനു പുറമെ |
| ഭൃത്യാഃ | സേവകന്മാർ, | ആത്മജാഃ | സ്വന്തം മക്കൾ എന്നിവരെല്ലാം |
| ശ്രേണ്യഃ | വ്യവസായികൾ, | | |
| മന്ത്രിണഃ | നയോപദേഷ്ടാക്കൾ, | അപി വശവർത്തിനഃ | സ്വാധീനത്തിൽ തന്നെ വർത്തിക്കുന്നവരല്ലേ? |
| പൗരാഃ | നഗരവാസികൾ, | | |
| ജാനപദാഃ | നാട്ടിൻപുറത്തുള്ളവർ, | | |

20 യസ്യാത്മാനവശശ്ചേത് സ്യാത് സർവേ തദ്വശഗാ ഇമേ
ലോകാഃ സപാലാ യച്ഛന്തി സർവേ ബലിമതന്ദ്രിതാഃ

| | |
|---|---|
| യസ്യ | ഏതൊരു രാജാവിന്റെ |
| ആത്മാ | തന്റെ മനസ്സ് |
| അനുവശഃ സ്യാത് ചേത് | സ്വാധീനമായിട്ടിരിക്കുകയാണെങ്കിൽ |
| ഇമേസർവ്വേ | ഇവരെല്ലാം |
| തദ്വശഗാഃ | ആയാളുടെ സ്വാധീനത്തിലായിരിക്കും. |
| സപാലാഃ | പാലകന്മാരുൾപ്പെടെയുള്ള |
| സർവ്വേലോകാഃ | എല്ലാ ലോകരും |
| അതന്ദ്രിതാഃ | മടികൂടാതെ |
| ബലിം | രാജഭോഗത്തെ |
| യച്ഛന്തി | നല്കുന്നതാണ് |

21 ആത്മനാ പ്രീയതേ നാത്മാ പരതഃ സ്വത ഏവ വാ
ലക്ഷയേഽലബ്ധകാമം ത്വാം ചിന്തയാ ശബലം മുഖം

| | |
|---|---|
| ആത്മാ | അങ്ങുന്ന് |
| ആത്മനാ | തന്നെത്താൻ |
| ന പ്രീയതേ | സന്തോഷവാനായിരിക്കുന്നില്ല. |
| പരതഃ | അന്യരിൽനിന്നോ, |
| സ്വതഃ ഏവ വാ | തന്നിൽ നിന്നു തന്നെയോ |
| അലബ്ധകാമം | സാധിക്കാത്ത ആഗ്രഹത്തോടു കൂടിയവനായിട്ട് |
| ത്വാം | അങ്ങയെ |
| ലക്ഷയേ | ഞാൻ കാണുന്നു |
| ചിന്തയാ മുഖം | വിചാരത്താൽ മുഖം |
| ശബലം | വിവർണ്ണമായിരിക്കുന്നു |

22 ഏവം വികല്പിതോ രാജൻ വിദുഷാ മുനിനാഽപി സഃ
പ്രശ്രയാവനതോഽഭ്യാഹ പ്രജാകാമസ്തതോ മുനിം

| | |
|---|---|
| രാജൻ | ഹേ രാജാവേ! |
| വിദുഷാ അപി | അറിയുന്നവനാണെങ്കിലും കൂടി |
| മുനിനാ | അംഗിരസ്സുമുനിയിൽ |
| ഏവം | ഈ വിധം |
| വികല്പിതഃ | ആശങ്കയോടെ ചോദിക്കപ്പെട്ട |
| പുത്രകാമഃ | സന്താനകാംക്ഷിയായിരിക്കുന്ന |
| സഃ | ആ ചിത്രകേതു |
| പ്രശ്രയാവനതഃ | വിനയാവനതനായിട്ട് |
| തതഃ | പിന്നീട് |
| അഭ്യാഹ | മറുപടിപറഞ്ഞു |

ചിത്രകേതുരുവാച = ചിത്രകേതു പറഞ്ഞു—

23 ഭഗവൻ കിം ന വിദിതം തപോജ്ഞാനസമാധിഭിഃ
യോഗിനാം ധ്വസ്തപാപാനാം ബഹിരന്തഃ ശരീരിഷു

| | |
|---|---|
| ഭഗവൻ | ഹേ സർവ്വജ്ഞനായുള്ളോവേ! |
| തപോജ്ഞാന-സമാധിഭിഃ | തപസ്സ്, ജ്ഞാനം, സമാധി എന്നിവയാൽ |
| ധ്വസ്തപാപാനാം | നശിപ്പിക്കപ്പെട്ട പാപത്തോടുകൂടിയ |
| യോഗിനാം | യോഗികൾക്ക് |
| ശരീരിഷു | മനുഷ്യരുടെ വിഷയത്തിൽ |
| ബഹിഃ | പുറത്തും |
| അന്തഃ | അകത്തുമുള്ളത് |
| നവിദിതം കിം | അറിയപ്പെടാത്തതാണോ |

24 തഥാപി പൃച്ഛതോ ബ്രൂയാം ബ്രഹ്മന്നാത്മനി ചിന്തിതം
ഭവതോ വിദുഷശ്ചാപി ചോദിതസ്ത്വദനുജ്ഞയാ

തഥാപി — എന്നിരിക്കിലും,
ബ്രഹ്മൻ — ഹേ ബ്രഹ്മജ്ഞ!
വിദുഷഃ ച, അപി — എല്ലാമറിഞ്ഞിട്ടുള്ള ആളാണെങ്കിലും കൂടി
പൃഷ്ടതഃ — ചോദിച്ചതായ
ഭവതഃ — അവിടുത്തോട്

ത്വദനുജ്ഞയാ — അവിടുത്തെ അനുജ്ഞയാൽ
ചോദിതഃ — പ്രചോദിതനായിട്ട്
ആത്മനി — ഉള്ളിലുള്ള
ചിന്തിതം — വിചാരത്തെ
ബ്രൂയാം — വ്യക്തമാക്കിക്കൊള്ളട്ടെ

25 ലോകപാലൈരപി പ്രാർത്ഥ്യാഃ സാമ്രാജ്യൈശ്വര്യസമ്പദഃ
ന നന്ദയന്ത്യപ്രജം മാം ക്ഷുത്തൃട്കാമമിവാപരേ

ലോകപാലൈഃ, അപി — ഇന്ദ്രാദി ദിക്പാലന്മാരാൽ പോലും
പ്രാർത്ഥ്യാഃ — ആഗ്രഹിക്കപ്പെടാവുന്ന തരത്തിലുള്ള
സാമ്രാജ്യൈശ്വര്യസമ്പദഃ — സാമ്രാജ്യവും പ്രാഭവങ്ങളും, സമ്പത്തുകളും
അപ്രജം — സന്തതിയില്ലാത്ത

മാം — എന്നെ
ക്ഷുത്തൃട്കാമം — വിശപ്പും ദാഹവും കൊണ്ട് ആഹാരം ആഗ്രഹിച്ചു കൊണ്ടിരിക്കുന്ന ഒരുത്തനെ
അപരേ ഇവ — മറ്റുസുഖഭോഗങ്ങളെന്ന പോലെ
ന നന്ദയന്തി — സന്തോഷിപ്പിക്കുന്നില്ല

26 തതഃ പാഹി മഹാഭാഗ പൂർവൈഃ സഹ ഗതം തമഃ
യഥാ തരേമ ദുസ്താരം പ്രജയാ തദ്വിധേഹി നഃ

തതഃ — ആകയാൽ
മഹാഭാഗ — ഹേ മഹാനുഭാവ!
പാഹി — രക്ഷിക്കണം.
പൂർവൈഃ സഹ — പൂർവ്വികന്മാരോടുകൂടെ
ഗതം — സംപ്രാപ്തമായിട്ടിരിക്കുന്ന
ദുസ്താരം — തരണംചെയ്യാനാവാത്ത

തമഃ — നരകത്തെ
പ്രജയാ — സന്താന ലാഭത്തിലൂടെ
യഥാ — എങ്ങിനെയായാൽ
തരേമ — തരണംചെയ്യാമോ,
തത് നഃ — ആയതു ഞങ്ങൾക്ക്
വിധേഹി — ചെയ്തുതന്നാലും

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു–

27 ഇത്യർത്ഥിതഃ സ ഭഗവാൻ കൃപാലുർബ്രഹ്മണഃ സുതഃ
ശ്രപയിത്വാ ചരും ത്വാഷ്ട്രം ത്വഷ്ടാരമയജദ്വിഭുഃ

ഇതി — ഇപ്രകാരം
അർത്ഥിതഃ — അഭ്യർത്ഥിതനും
കൃപാലുഃ — കാരുണികനും
ബ്രഹ്മണഃ — ബ്രഹ്മാവിന്റെ
സുതഃ — പുത്രനുമായ
സഃ — ആ
ഭഗവാൻ — ഋഷിശ്രേഷ്ഠൻ

ത്വാഷ്ട്രം — ആദിത്യദേവതാത്മകമായ
ചരും — ഹവിസ്സിനെ
ശ്രപയിത്വാ — പാകം ചെയ്ത്
ത്വഷ്ടാരം — ത്വഷ്ടാവിനെ
അയജത് — യജ്ഞം കൊണ്ട് ആരാധിച്ചു

28 ജ്യേഷ്ഠാ ശ്രേഷ്ഠാ ച യാ രാജ്ഞോ മഹിഷീണാം ച ഭാരത
നാമ്നാ കൃതദ്യുതിസ്തസ്യൈ യജ്ഞോച്ഛിഷ്ടമദാദ്ദ്വിജഃ

ഭാരത — ഭരതകുലോത്തമ!
രാജ്ഞഃ — രാജാവിന്റെ
മഹിഷീണാം — റാണിമാരിൽവച്ച്
ജ്യേഷ്ഠാ ച — മൂത്തവളും
ശ്രേഷ്ഠാ ച — മുന്തിയവളും
കൃതദ്യുതിഃ നാമ്നാ — 'കൃതദ്യുതി' എന്ന പേരോടുകൂടിയവളുമായി
യാ — യാതൊരുവളുണ്ടായിരുന്നുവോ,
തസ്യൈ — അവൾക്ക്
ദ്വിജഃ — യാജകബ്രാഹ്മണൻ
യജ്ഞോച്ഛിഷ്ടം — യജ്ഞശേഷത്തെ
അദാത് — കൊടുത്തു

29 അഥാഹ നൃപതിം രാജൻ ഭവിതൈകസ്തവാത്മജഃ
ഹർഷശോകപ്രദസ്തുഭ്യമിതി ബ്രഹ്മസുതോ യയൗ

അഥ — അനന്തരം
ബ്രഹ്മസുതഃ — ബ്രഹ്മപുത്രനായ അംഗിരസ്സുമുനി
നൃപതിം — രാജാവോട്
ആഹ — പറഞ്ഞു-
രാജൻ — '''അല്ലയോ രാജാവേ!
തവ — അങ്ങേക്ക്
ഏകഃ — ഒരു
ആത്മജഃ — പുത്രൻ
ഭവിതാ — ഉണ്ടാകുന്നതാണ്,
(സഃ) തുഭ്യം — അവൻ അങ്ങേയ്ക്ക്
ഹർഷശോകപ്രദഃ — സന്തോഷവും സന്താപവും ഉണ്ടാക്കിത്തരുന്നവനുമായിരിക്കും''
ഇതി — എന്നു പറഞ്ഞു്
യയൗ — യാത്രയായി

30 സാപി തത്പ്രാശനാദേവ ചിത്രകേതോരധാരയത്
ഗർഭം കൃതദ്യുതിർദേവീ കൃത്തികാഗ്നേരിവാത്മജം

സാ കൃതദ്യുതിഃ — ആ കൃതദ്യുതിയെന്ന
ദേവീ അപി — പട്ടമഹിഷിയാകട്ടെ
തത്പ്രാശനാത് ഏവ — ആ യജ്ഞശിഷ്ടാന്നത്തെ ഭക്ഷിച്ചതിനാൽത്തന്നെ
ചിത്രകേതോഃ — ചിത്രകേതുവിൽനിന്ന്
കൃത്തികാ — കൃത്തികാദേവി
അഗ്നേഃ — അഗ്നിദേവനിൽനിന്ന്
ആത്മജം — പുത്രനെ
ഇവ — എന്നതുപോലെ
ഗർഭം — ഗർഭത്തെ
അധാരയത് — ധരിച്ചു

31 തസ്യാ അനുദിനം ഗർഭഃ ശുക്ലപക്ഷ ഇവോഡുപഃ
വവൃധേ ശൂരസേനേശതേജസാ ശനകൈർനൃപ

നൃപ — രാജാവേ!
ശൂരസേനേശതേജസാ — ശൂരസേനാധിപനായ ചിത്രകേതുവിന്റെ രേതസ്സുകൊണ്ടുണ്ടായ
തസ്യാഃ ഗർഭഃ — അവളുടെ ഗർഭം
ശുക്ലപക്ഷേ — വെളുത്തപക്ഷത്തിലെ
ഉഡുപഃ — ചന്ദ്രൻ
ഇവ — എന്നപോലെ
ശനകൈഃ — മെല്ലെമെല്ലെ
വവൃധേ — വളർന്നുവന്നു

32 അഥ കാല ഉപാവൃത്തേ കുമാരഃ സമജായത
ജനയൻ ശൂരസേനാനാം ശൃണ്വതാം പരമാം മുദം

| | |
|---|---|
| അഥ | പിന്നെ |
| കാലേ ഉപാവൃത്തേ | പ്രസവകാലം എത്തി കഴിഞ്ഞപ്പോൾ, |
| ശൃണ്വതാം | കേൾക്കുന്ന |
| ശൂരസേനാനാം | ശൂരസേനദേശനിവാസികൾക്കെല്ലാം |
| പരമാം | വലിയ |
| മുദം | ആഹ്ളാദത്തെ |
| ജനയൻ | ജനിപ്പിച്ചുകൊണ്ട് |
| കുമാരഃ | ഒരു ഉണ്ണി |
| സമജായത | പിറന്നു |

33 ഹൃഷ്ടോ രാജാ കുമാരസ്യ സ്നാതഃ ശുചിരലംകൃതഃ
വാചയിത്വാഽഽശിഷോ വിപ്രൈഃ കാരയാമാസ ജാതകം

| | |
|---|---|
| ഹൃഷ്ടഃ | സന്തുഷ്ടനായ |
| രാജാ | രാജാവ് |
| സ്നാതഃ | കുളിച്ച് |
| ശുചിഃ | ശുദ്ധനായി |
| അലംകൃതഃ | അലംകരിച്ച് |
| കുമാരസ്യ | ബാലന്ന് |
| ബ്രാഹ്മണൈഃ | ബ്രാഹ്മണരെക്കൊണ്ട് |
| ആശിഷഃ | ആശീർവാദമന്ത്രങ്ങളെ |
| വാചയിത്വാ | ചൊല്ലിച്ച് |
| ജാതകം | ജാതകർമ്മത്തെ |
| കാരയാമാസ | ചെയ്യിച്ചു |

34 തേഭ്യോ ഹിരണ്യം രജതം വാസാംസ്യാഭരണാനി ച
ഗ്രാമാൻ ഹയാൻ ഗജാൻ പ്രാദാദ്ധേനൂനാമർബുദാനി ഷട്

| | |
|---|---|
| തേഭ്യഃ | അവർക്ക് |
| ഹിരണ്യം | പൊന്നും, |
| രജതം | വെള്ളിയും, |
| വാസാംസി | ആടകളും, |
| ആഭരണാനി | ആഭരണങ്ങളും, |
| ച | മാത്രമല്ല— |
| ഗ്രാമാൻ | ഗ്രാമങ്ങളെയും, |
| ഹയാൻ | കുതിരകളെയും, |
| ഗജാൻ | ആനകളെയും, |
| ധേനൂനാം | പശുക്കളുടെ |
| ഷട് | ആറ് |
| അർബുദാനി | കോടികളെയും |
| പ്രാദാത് | ദാനം ചെയ്തു— |

35 വവർഷ കാമമന്യേഷാം പർജ്ജന്യ ഇവ ദേഹിനാം
ധന്യം യശസ്യമായുഷ്യം കുമാരസ്യ മഹാമനാഃ-

| | |
|---|---|
| മഹാമനാഃ | മഹാമനസ്സനായ ചിത്രകേതു |
| അന്യേഷാം | മററുള്ള |
| ദേഹിനാം | ജനങ്ങൾക്കും |
| കാമം | ആഗ്രഹിച്ചതിനെ |
| കുമാരസ്യ | ബാലന്ന് |
| ആയുഷ്യം | ആയുഷ്കരവും |
| യശസ്യം | യശസ്കരവും |
| ധന്യം | സമ്പൽക്കരവുമായിട്ട് |
| പർജ്ജന്യഃ | മേഘം |
| ഇവ | മാരിചൊരിയും വിധം |
| വവർഷ | ചൊരിഞ്ഞു- |

36 കൃച്ഛ്രലബ്ധേഽഥ രാജർഷേസ്തനയേഽനുദിനം പിതുഃ
യഥാ നിഃസ്വസ്യ കൃച്ഛ്രാപ്തേ ധനേ സ്നേഹോഽന്വവർദ്ധത

| | |
|---|---|
| കൃച്ഛ്രലബ്ധേ | ആയാസപ്പെട്ടു നേടിയെടുത്ത |
| തനയേ | പുത്രനിൽ |
| പിതുഃ | പിതാവായ |

| | | | |
|---|---|---|---|
| രാജർഷേഃ | രാജർഷിക്ക്, | അഥ | അതിൽപ്പിന്നെ |
| നിഃസ്വസ്യ | നിർദ്ധനന്ന് | അനുദിനം | നാൾക്കുനാൾ |
| കൃച്ഛ്രാപ്തേ | ആയാസപ്പെട്ടുകിട്ടിയ | സ്നേഹഃ | വാത്സല്യം |
| ധനേ യഥാ | ധനത്തിലെന്ന പോലെ | അന്വവർദ്ധത | പെരുകിവന്നു |

37 മാതുസ്തുതിതരാം പുത്രേ സ്നേഹോ മോഹസമുദ്ഭവഃ
കൃതദ്യുതേഃ സപത്നീനാം പ്രജാകാമജ്വരോഽഭവത്

| | | | |
|---|---|---|---|
| മാതുഃ | അമ്മയായ | അഭവത് | സംജാതമായി |
| കൃതദ്യുതേഃ | കൃതദ്യുതിക്ക് | സപത്നീനാം | അവളുടെ ഭർത്താവിന്റെ ഇതര ഭാര്യമാർക്ക് |
| പുത്രേ | മകനിൽ | | |
| മോഹസമുദ്ഭവഃ | മോഹത്തിൽ നിന്നും പൊട്ടിമുളച്ചുണ്ടായ | പ്രജാകാമജ്വരഃ | സന്താനേച്ഛകൊണ്ടുള്ള സന്താപവും |
| സ്നേഹഃ തു | വാത്സല്യമാകട്ടെ | (അഭവത്) | സംജാതമായി |
| അതിതരാം | കണക്കിലേറെ | | |

38 ചിത്രകേതോരതിപ്രീതിര്യഥാ ദാരേ പ്രജാവതി
ന തഥാന്യേഷു സംജജ്ഞേ ബാലം ലാളയതോഽന്വഹം

| | | | |
|---|---|---|---|
| അന്വഹം | നാൾതോറും | ദാരേ | പത്നിയിൽ |
| ബാലം | കുട്ടിയെ | യഥാ | യാതൊരുപ്രകാരം |
| ലാളയതഃ | താലോലിച്ചുകൊണ്ടിരുന്ന | അതിപ്രീതിഃ | അതിപ്രേമമുണ്ടായോ |
| | | തഥാ | അതുപ്രകാരം |
| ചിത്രകേതോഃ | ചിത്രകേതുവിന്ന് | അന്യേഷു | മറ്റുള്ളവരിൽ |
| പ്രജാവതി | സന്താനവതിയായ | ന സംജജ്ഞേ | ഉണ്ടാകാതെയായി |

39 താഃ പര്യതപ്യന്നാത്മാനം ഗർഹയന്ത്യോഽഭ്യസൂയയാ
അനപത്യേന ദുഃഖേന രാജ്ഞോഽനാദരണേന ച

| | | | |
|---|---|---|---|
| അഭ്യസൂയയാ | വളർന്ന അസൂയയാലും, | അനാദരണേന ച | ആദരവില്ലായ്മയാലും |
| അനപത്യേന | അപുത്രതകൊണ്ടുള്ള | ആത്മാനം | തങ്ങളെത്തന്നെ |
| | | ഗർഹയന്ത്യഃ | പഴിച്ചുകൊണ്ട് |
| ദുഃഖേന | സങ്കടത്താലും, | താഃ | അവർ |
| രാജ്ഞഃ | രാജാവിന്റെ | പര്യതപ്യൻ | വ്യാകുലപ്പെട്ടു |

40 ധിഗപ്രജാം സ്ത്രിയം പാപാം പത്യുശ്ചാഗൃഹസമ്മതാം
സുപ്രജാഭിഃ സപത്നീഭിർദാസീമിവ തിരസ്കൃതാം

| | | | |
|---|---|---|---|
| അപ്രജാം | സന്തതിയില്ലാത്തവളും | അഗൃഹസമ്മതാം | ഗൃഹത്തിൽ മതിപ്പില്ലാതെയായി തീർന്നവളും |
| പാപാം | പാപമനുഭവിക്കുന്നവളും | | |
| പത്യുഃ ച | ഭർത്താവിന്നുകൂടി | സുപ്രജാഭിഃ | നല്ല സന്താനങ്ങളുള്ള |

| | | | |
|---|---|---|---|
| സപത്നീഭിഃ | സപത്നിമാരാൽ | തിരസ്കൃതാം | തിരസ്കരിക്കപ്പെട്ടവളായ |
| ദാസീം ഇവ | വേലക്കാരിയെപ്പോലെ | സ്ത്രീയം ധിക് | സ്ത്രീ അറുമോശം! |

41 ദാസീനാം കോ നു സന്താപഃ സ്വാമിനഃ പരിചര്യയാ
അഭീക്ഷ്ണം ലബ്ധമാനാനാം ദാസ്യാ ദാസീവ ദുർഭഗാഃ

| | | | |
|---|---|---|---|
| സ്വാമിനഃ | ഗൃഹനാഥൻെറ | സന്താപഃ | ദുഃഖം |
| പരിചര്യയാ | പരിചരണംകൊണ്ട് | കോനു | എന്തിരിക്കുന്നു? |
| അഭീക്ഷ്ണം | അടിയ്ക്കടി | ദാസ്യാഃ | ദാസിക്കു |
| ലബ്ധമാനാനാം | പാരിതോഷികങ്ങളാം ലഭിക്കുന്ന | ദാസീ ഇവ | ദാസിയായവളെപ്പോലെ |
| | | (വയം) | ഞങ്ങൾ |
| ദാസീനാം | ദാസിമാർക്ക് | ദുർഭഗാഃ | ഭാഗ്യം കെട്ടവരായി! |

42 ഏവം സന്ദഹ്യമാനാനാം സപത്ന്യാഃ പുത്രസംപദാ
രാജ്ഞോഽസമ്മതവൃത്തീനാം വിദ്വേഷോ ബലവാനഭൂത്-

| | | | |
|---|---|---|---|
| സപത്ന്യാഃ | സപത്നിയുടെ | അസമ്മത- | അനാദരത്തിനു പാത്രീഭവിച്ച ജീവിതത്തോടു |
| പുത്രസംപദാ | സന്താന സംപത്തിനാൽ | വൃത്തീനാം | കൂടിയവരുമായവർക്ക് |
| ഏവം | ഇപ്രകാരം | (താസാം) | അവരുടെ |
| സന്ദഹ്യ-മാനാനാം | എരിയിക്കപ്പെട്ടുകൊണ്ടുള്ളവരും | വിദ്വേഷഃ | വിദ്വേഷം |
| | | ബലവാൻ | ശക്തിമത്തായി |
| രാജ്ഞഃ | രാജാവിൻെറ | അഭൂത് | ഭവിച്ചു |

43 വിദ്വേഷനഷ്ടമതയഃ സ്ത്രിയോ ദാരുണചേതസഃ
ഗരം ദദുഃ കുമാരായ ദുർമ്മർഷാ നൃപതിം പ്രതി

| | | | |
|---|---|---|---|
| വിദ്വേഷ-നഷ്ടമതയഃ | വിദ്വേഷത്താൽ വിവേകം കൈവിട്ടുപോയ | നൃപതിംപ്രതി | രാജാവിനെക്കുറിച്ചുള്ള |
| | | ദുർമ്മർഷാഃ | അസഹിഷ്ണുത കലർന്ന് |
| ദാരുണ-ചേതസഃ | ക്രൂരമനഃസ്ഥിതിക്കാരായ | കുമാരായ | ബാലന്നു |
| സ്ത്രിയഃ | സ്ത്രീകൾ | ഗരം ദദുഃ | വിഷം കൊടുത്തു |

44 കൃതദ്യുതിരജാനന്തീ സപത്നീനാമഘം മഹത്
സുപ്ത ഏവേതി സഞ്ചിന്ത്യ നിരീക്ഷ്യ വ്യചരദ്ഗൃഹേ

| | | | |
|---|---|---|---|
| സപത്നീനാം | സപത്നിമാരുടെ | നിരീക്ഷ്യ | നോക്കിയിട്ട്, |
| മഹത് | മഹത്തായ | സുപ്തഃ ഏവ | 'ഉറങ്ങുന്നവൻ തന്നെ' |
| അഘം | പാതകകൃത്യത്തെ | ഇതി | എന്നിപ്രകാരം |
| അജാനന്തീ | അറിയാതിരുന്ന | സഞ്ചിന്ത്യ | കരുതി |
| കൃതദ്യുതിഃ | കൃതദ്യുതിയെന്ന രാജ്ഞി | ഗൃഹേ | ഗൃഹത്തിനകത്ത് |
| | | വ്യചരത് | നടന്നുകൊണ്ടിരുന്നു |

45 ശയാനം സുചിരം ബാലമുപധാര്യ മനീഷിണീ
പുത്രമാനയ മേ ഭദ്രേ ഇതി ധാത്രീമചോദയത്

| | |
|---|---|
| മനീഷിണീ | ബുദ്ധിമതിയായ രാജ്ഞി |
| ബാലം | ബാലനെ |
| സുചിരം | ഏറിയനേരം |
| ശയാനം | കിടന്നുറങ്ങുന്നതായി |
| ഉപധാര്യ | അറിഞ്ഞിട്ട് |
| ധാത്രീം | ആയയെ |
| അചോദയത് | പ്രേരിപ്പിച്ചു- |
| ഭദ്രേ | ''ശോഭനേ! |
| മേ പുത്രം | എന്റെ മകനെ |
| ആനയ | കൊണ്ടുവരൂ'' |
| ഇതി | എന്നിങ്ങനെ |

46 സാ ശയാനമുപവ്രജ്യ ദൃഷ്ട്വാ ചോത്താരലോചനം
പ്രാണേന്ദ്രിയാത്മഭിസ്ത്യക്തം ഹതാസ്മീത്യപതദ്ഭുവി-

| | |
|---|---|
| സാ | അവൾ |
| ശയാനം | കിടക്കുന്ന കുട്ടിയെ |
| ഉപവ്രജ്യ | സമീപിച്ച്, |
| ഉത്താര- ലോചനം | കൃഷ്ണമണികളുന്തി അനക്കമില്ലാതായ കണ്ണുകളോടുകൂടിയവനും |
| പ്രാണേന്ദ്രിയാ- ത്മഭിഃ | ശ്വാസഗതി, ഇന്ദ്രിയങ്ങളുടെ പ്രവർത്തനം, ജീവചൈതന്യം എന്നിവയാൽ |
| ത്യക്തം | പരിത്യക്തനുമായ അവനെ |
| ദൃഷ്ട്വാ | കണ്ട് |
| ഹതാ അസ്മി | 'അയ്യോ! ഞാൻ നശിച്ചു' |
| ഇതി | എന്നു മുറവിളിച്ച് |
| ഭുവി | ഭൂമിയിൽ |
| അപതത് | വീണു |

47 തസ്യാസ്തദാകർണ്യ ഭൃശാതുരം സ്വരം
ഘ്നന്ത്യാഃ കരാഭ്യാമുര ഉച്ചകൈരപി
പ്രവിശ്യ രാജ്ഞീ ത്വരയാത്മജാന്തികം
ദദർശ ബാലം സഹസാ മൃതം സുതം

48 പപാത ഭൂമൗ പരിവൃദ്ധയാ ശുചാ
മുമോഹ വിഭ്രഷ്ടശിരോരുഹാംബരാ-

| | |
|---|---|
| തദാ | അന്നേരത്ത് |
| കരാഭ്യാം | രണ്ടുകൈകൊണ്ടും |
| ഉരഃ | മാറത്ത് |
| ഉച്ചകൈഃ | ഉറക്കെ |
| ഘ്നന്ത്യാഃ | തൊഴിച്ചുകൊണ്ടുള്ള |
| തസ്യാഃ | അവളുടെ |
| ഭൃശാതുരം | അതിവിവശമായ |
| സ്വരം | ഒച്ച |
| ആകർണ്യ | കേട്ട് |
| രാജ്ഞീ അപി | രാജ്ഞിയും |
| ത്വരയാ | അതിവേഗത്തിൽ |
| ആത്മജാന്തികം | മകന്റെ അടുത്തേക്ക് |
| പ്രവിശ്യ | എത്തിച്ചേർന്ന്, |
| സഹസാ | പെട്ടെന്ന് |
| മൃതം | അപായം നേരിട്ട |
| ബാലം സുതം | കൊച്ചുമകനെ |
| ദദർശ | കണ്ടു. |
| പരിവൃദ്ധയാ | പ്രവൃദ്ധമായ |
| ശുചാ | ദുഃഖത്താൽ |
| വിഭ്രഷ്ടശിരോ- രുഹാംബരാ | അഴിഞ്ഞു ചിതറിയ തലമുടിയോടും ഉടയാടയോടും കൂടിയവളായി |
| ഭൂമൗ | വെറും നിലത്ത് |
| മുമോഹ | തളർന്നുവീണു |

49 തതോ നൃപാന്തഃപുരവർത്തിനോ ജനാ
നരാശ്ച നാര്യശ്ച നിശമ്യ രോദനം
ആഗത്യ തുല്യവ്യസനാഃ സുദുഃഖിതാ-
സ്താശ്ച വ്യലീകം രുരുദുഃ കൃതാഗസഃ

| | |
|---|---|
| തതഃ | അനന്തരം |
| നൃപാന്തഃപുര-വർത്തിനഃ | രാജാവിന്റെ അന്തഃപുരത്തിൽ നിവസിക്കുന്ന |
| ജനാഃ | ആളുകളായ |
| നരാഃ ച | പുരുഷന്മാരും |
| നാര്യഃ ച | സ്ത്രീകളും |
| രോദനം | നിലവിളി |
| നിശമ്യ | കേട്ട് |
| ആഗത്യ | വന്നിട്ട് |
| തുല്യവ്യസനാഃ | സമദുഃഖിതരായി |
| സുദുഃഖിതാഃ | സങ്കടപ്പെട്ട |
| കൃതാഗസഃ | വിനയുണ്ടാക്കിവച്ച |
| താഃ ച | അവരും |
| വ്യലീകം | കള്ളത്തരമായി |
| രുരുദുഃ | കരഞ്ഞു |

50 ശ്രുത്വാ മൃതം പുത്രമലക്ഷിതാന്തകം
വിനഷ്ടദൃഷ്ടിഃ പ്രപതൻ സ്ഖലൻ പഥി
സ്നേഹാനുബന്ധൈധിതയാ ശുചാ ഭൃശം
വിമൂർച്ഛിതോഽനുപ്രകൃതിർദ്വിജൈർവൃതഃ

51 പപാത ബാലസ്യ സ പാദമൂലേ
മൃതസ്യ വിസ്രസ്തശിരോരുഹാംബരഃ
ദീർഘം ശ്വസൻ ബാഷ്പകലോപരോധതോ
നിരുദ്ധകണ്ഠോ ന ശശാക ഭാഷിതും

| | |
|---|---|
| അലക്ഷിതാ-ന്തകം | മരണഹേതു അറിയ-പ്പെടാത്ത രീതിയിലായി |
| മൃതം | മരിച്ചുപോയ |
| പുത്രം | മകനെക്കുറിച്ച് |
| ശ്രുത്വാ | കേട്ടിട്ട് |
| വിനഷ്ടദൃഷ്ടിഃ | തീരെ നഷ്ടപ്പെട്ട കാഴ്ചപ്പാടോട് കൂടിയവനായി |
| പഥി | വഴിയിൽ |
| സ്ഖലൻ | ഇടറിക്കൊണ്ടും |
| പ്രപതൻ | തെന്നിവീണുകൊണ്ടും |
| സ്നേഹാനു-ബന്ധൈധിതയാ | പുത്രസ്നേഹത്തിന്റെ വിട്ടൊഴിയാത്ത തുടർച്ചയാൽ വർദ്ധിച്ചുവന്ന |
| ശുചാ | ശോകംനിമിത്തം |
| ഭൃശം | അടിക്കടി |
| വിമൂർച്ഛിതഃ | മോഹാലസ്യത്തിലാണ്ട് |
| അനുപ്രകൃതിഃ | മന്ത്രിമാരാലും മററും അനുഗതനായി |
| ദ്വിജൈഃ | ബ്രഹ്മണരാൽ |
| വൃതഃ | ചുഴലപ്പെട്ട് എത്തിച്ചേർന്ന |
| സഃ | ആ ചിത്രകേതു |
| മൃതസ്യ | മരിച്ചുകിടക്കുന്ന |
| ബാലസ്യ | കുട്ടിയുടെ |
| പാദമൂലേ | കാൽക്കൽ |
| വിസ്രസ്ത-ശിരോരുഹാം-ബരഃ | അഴിഞ്ഞുചിതറിയ കുടമയോടും വസ്ത്രങ്ങളോടും കൂടിയവനായിട്ട് |
| പപാത | വീണു. |
| ദീർഘം | നെടുതായി |
| ശ്വസൻ | നിശ്വസിച്ചുകൊണ്ട് |
| ബാഷ്പകലോ-പരോധതഃ | കണ്ണീർക്കണങ്ങൾ കെട്ടിനില്ക്കുകമൂലം |
| നിരുദ്ധകണ്ഠഃ | തടസ്സംവന്ന കണ്ഠനാളത്തോടുകൂടിയ-വനായി ഭവിച്ച് |
| ഭാഷിതും | സംസാരിക്കുവാൻ |
| ന ശശാക | ശക്തനായില്ല. |

52 പതിം നിരീക്ഷ്യോരുശുചാർപ്പിതം തദാ
മൃതം ച ബാലം സുതമേകസന്തതിം
ജനസ്യ രാജ്ഞീ പ്രകൃതേശ്ച ഹൃദ്രുജം
സതീ ദധാനാ വിലലാപ ചിത്രധാ

| | | | |
|---|---|---|---|
| തദാ | അപ്പോൾ | സതീ | പതിവ്രതയായ |
| ഉരുശുചാ | വർദ്ധിച്ചശോകത്താൽ | രാജ്ഞീ | കൃതദ്യുതീരാജ്ഞി |
| അർപ്പിതം | വ്യാപ്തനായുള്ള | ജനസ്യ | ആളുകൾക്കും |
| പതിം | ഭർത്താവിനെയും | പ്രകൃതേഃ ച | അമാത്യാദികൾക്കും |
| മൃതം | മരിച്ചുപോയ | ഹൃദ്രുജം | മനോവേദനയെ |
| ഏകസന്തതിം | ഏകസന്താനമായ | ദധാനാ | ജനിപ്പിച്ചുകൊണ്ട് |
| ബാലം | ശിശുവായിട്ടുള്ള | ചിത്രധാ | ബഹുവിധത്തിൽ |
| സുതം ച | പുത്രനെയും | | |
| നിരീക്ഷ്യ | കണ്ട് | വിലലാപ | വിലപിച്ചു- |

53 സ്തനദ്വയം കുങ്കുമഗന്ധമണ്ഡിതം
നിഷിഞ്ചതീ സാഞ്ജനബാഷ്പബിന്ദുഭിഃ
വികീര്യ കേശാൻ വിഗളത്സ്രജഃ സുതം
ശുശോച ചിത്രം കുരരീവ സുസ്വരം

| | | | |
|---|---|---|---|
| കുങ്കുമഗന്ധ-മണ്ഡിതം | കുങ്കുമച്ചാറിന്റെ നറുമണത്താൽ അലംകൃതമായ | കേശാൻ | വാർമുടികളെ |
| | | വികീര്യ | ചിന്നിച്ചിതറിച്ച് |
| സ്തനദ്വയം | ഇരുമുലകളെയും | കുരരീ | അഴകുരൽപ്പേട |
| സാഞ്ജനബാഷ്പ-ബിന്ദുഭിഃ | കണ്മഷി കലർന്ന കണ്ണുനീർ ത്തുള്ളികളാൽ | ഇവ | പോലെ |
| | | സുസ്വരം | ഈണത്തിൽ |
| | | സുതം | മകനെപ്പററി |
| നിഷിഞ്ചതീ | നനച്ചുകൊണ്ട് | | |
| വിഗളത്-സ്രജഃ | കൊഴിഞ്ഞുവീഴുന്ന പൂമാലകളോടുകൂടിയ | ചിത്രം | ബഹുവിധം പറഞ്ഞു |
| | | ശുശോച | കരഞ്ഞു- |

54 അഹോ വിധാതസ്ത്വമതീവ ബാലിശോ
യസ്ത്വാത്മസൃഷ്ട്യപ്രതിരൂപമീഹസേ
പരേ നു ജീവത്യപരസ്യ യാ മൃതിർ-
വിപര്യയശ്ചേത് ത്വമസി ധ്രുവഃ പരഃ

| | | | |
|---|---|---|---|
| അഹോ | അയ്യോ! | ആത്മസൃഷ്ട്യ-പ്രതിരൂപം | സ്വന്തം സൃഷ്ടിക്കു പ്രതികൂലമായ വിധം |
| വിധാതഃ | സൃഷ്ടികർത്താവേ! | | |
| ത്വം | അങ്ങുന്ന് | | |
| അതീവ | ഏററവും വലിയ | ഈഹസേ | പ്രവർത്തിക്കുന്നു. |
| ബാലിശഃ | ഭോഷനാകുന്നു. | പരേ | മുമ്പേ ജനിച്ചവൻ |
| യഃ തു | യാതൊരു അങ്ങുന്ന് | ജീവതി | ജീവിച്ചിരിക്കുമ്പോൾ |

അപരസ്യ — പിമ്പിൽജനിച്ചവന്റെ
മൃത്യുഃ — മരണം
യാ ന — യാതൊന്നോ അതു കഷ്ടമത്രേ
വിപര്യയഃ ചേത് — ഈവിധം വൈപരീത്യമുള്ള വനാണെങ്കിൽ
ത്വം — അങ്ങുന്നു്
ധ്രുവഃ — എക്കാലത്തെക്കുമുള്ള
പരഃ അസി — ശത്രുവാണു്-

55 ന ഹി ക്രമശ്ചേദിഹ മൃത്യുജന്മനോഃ
ശരീരിണാമസ്തു തദാത്മകർമ്മഭിഃ
യഃ സ്നേഹപാശോ നിജസർഗവൃദ്ധയേ
സ്വയം കൃതസ്തേ തമിമം വിവൃശ്ചസി

ഇഹ — ഈ ലോകത്തിൽ
മൃത്യുജന്മനോഃ — മരണത്തിനും ജനനത്തിനും
ക്രമഃ — നിശ്ചിതനിയമം
ന ഹി — ഇല്ല;
ശരീരിണാം — ദേഹികൾക്കു്
തത് — അതു്
ആത്മകർമ്മഭിഃ — അവനവന്റെ കർമ്മങ്ങൾക്കനുസരിച്ചുണ്ടാവുന്നു_
ചേത് — എന്നാണെങ്കിൽ
അസ്തു — അങ്ങനെയാകട്ടെ.
തേ — (പക്ഷേ) അങ്ങയാൽ
നിജസർഗവൃദ്ധയേ — സ്വന്തം സൃഷ്ടിയുടെ വളർച്ചക്കുവേണ്ടി
യഃ — യാതൊരു
സ്നേഹപാശഃ — സന്താനവാത്സല്യമാവുന്ന പാശം
കൃതഃ — നിബന്ധിക്കപ്പെട്ടിരിക്കുന്നുവോ,
തം ഇമം — ആയതിനെ
സ്വയം — താൻതന്നെ
വിവൃശ്ചസി — അറുത്തിടുന്നു.

"മുമ്പേ വന്നവൻ മുമ്പിൽ, പിമ്പേ വന്നവൻ പിമ്പിൽ" എന്ന ക്രമം മരണത്തിനില്ല. ദേഹികളുടെ തത്തൽകർമ്മാനുസാരേണ ജനനമരണങ്ങൾ സംഭവിക്കുന്നു. ബ്രഹ്മാവിനു് ഇതിൽ ബാധ്യതയൊന്നുമില്ല. ഈ വാദ സമ്മതിക്കാമെങ്കിലും മറ്റൊരു തരത്തിൽ അദ്ദേഹം ആക്ഷേപാർഹനാണു്. ഈ ബ്രഹ്മാവു് പ്രാണിഹൃദയങ്ങളിൽ സന്താനസ്നേഹപാശം നിബന്ധിച്ചതെന്തിനു്? അതു് സ്വസൃഷ്ടിയുടെ പരിപുഷ്ടിക്കു വേണ്ടിയാണല്ലോ. ആ പാശത്തെ ഈ വിധം അറുത്തുകളഞ്ഞാൽ മേലിൽ മാതാപിതാക്കളിൽ മക്കളോടുള്ള മമത ഇല്ലാതായേക്കും. ഈ നിലക്കു് സ്വസൃഷ്ടിക്കു തന്നെ ഹാനികരമായ പ്രവൃത്തിയാണു് അദ്ദേഹം ചെയ്തതു്. ഈ വീക്ഷണത്തിലൂടെയും ബ്രഹ്മാവു് ബാലിശൻ തന്നെ, എന്നു ഭാവം.

ദുഃഖാർത്തയായ കൃതദ്യുതി ബ്രഹ്മാവിനെ പഴിച്ചു പറഞ്ഞ ശേഷം മകനെ വിളിച്ചു് ആക്രോശിക്കുന്നു_

56 ത്വം താത നാർഹസി ച മാം കൃപണാമനാഥാം
ത്യക്തും വിചക്ഷ്വ പിതരം തവ ശോകതപ്തം
അഞ്ജസ്തരേമ ഭവതാപ്രജദുസ്തരം യദ്-
ധ്വാന്തം ന യാഹ്യകരുണേന യമേന ദൂരം

| | | | |
|---|---|---|---|
| താത ത്വം | കുഞ്ഞേ! നീ | യത് | യാതൊരു |
| കൃപണാം | ദീനയും | ധ്വാന്തം | കൂരിരുട്ടുണ്ടോ |
| അനാഥാം | അനാഥയുമായ | (തത്) | അതിനെ |
| മാം ച | എന്നെയും കൂടി | ഭവതാ | നിന്നിലൂടെ |
| ത്യക്തും | കൈവിട്ടുപോകാൻ | അഞ്ജഃ | അനായാസമായി |
| ന അർഹസി | അർഹിക്കുന്നില്ല. | തരേമ | ഞങ്ങൾ തരണം ചെയ്യട്ടെ. |
| തവ | നിന്റെ | അകരുണേന | കനിവില്ലാത്ത |
| ശോകതപ്തം | ദുഃഖത്തിലുരുകുന്ന | യമേന | കാലന്റെകൂടെ |
| പിതരം | അച്ഛനെ | ദൂരം | അകലത്തിലേക്ക് |
| വിചക്ഷ്വ | ഒന്നു നോക്കൂ! | ന യാഹി | പോകരുതേ! |
| അപ്രജ- ദുസ്തരം | സന്താനമില്ലാത്തവർക്കു തരണം ചെയ്യുവാൻ പ്രയാസമായ | | |

57 ഉത്തിഷ്ഠ താത ത ഇമേ ശിശവോ വയസ്യാ-
സ്ത്വാമാഹ്വയന്തി നൃപനന്ദന സംവിഹർത്തും
സുപ്തശ്ചിരം ഹ്യശനയാ ച ഭവാൻ പരീതോ
ഭുങ്ക്ഷ്വ സ്തനം പിബ ശുചോ ഹര നഃ സ്വകാനാം

| | | | |
|---|---|---|---|
| താത | ഉണ്ണീ! | സുപ്തഃ ഹി | ഉറങ്ങിയല്ലോ- |
| ഉത്തിഷ്ഠ | എഴുന്നേൽക്കൂ | അശനയാ ച | വിശപ്പുകൊണ്ടും |
| നൃപനന്ദന | രാജകുമാര! | ഭവാൻ | നീ |
| തേ | നിന്റെ | പരീതഃ | ചുഴന്നിരിക്കുന്നു. |
| വയസ്യാഃ | ചങ്ങാതിമാരായ | ഭുങ്ക്ഷ്വ | ഊണുകഴിക്കൂ; |
| ഇമേ ശിശവഃ | ഈ കുട്ടികൾ | സ്തനം പിബ | മുലകുടിക്കൂ; |
| സംവിഹർത്തും | കൂടെ കളിക്കാൻ | സ്വകാനാം | ഉററവരായ |
| ത്വാം | നിന്നെ | നഃ | ഞങ്ങളുടെ |
| ആഹ്വയന്തി | വിളിക്കുന്നു | ശുചഃ | ദുഃഖങ്ങളെ |
| ചിരം | ഒരുപാടുനേരം | ഹര | അകററിത്തരൂ! |

58 നാഹം തനൂജ ദദൃശേ ഹതമംഗലാ തേ
മുഗ്ധസ്മിതം മുദിതവീക്ഷണമാനനാബ്ജം
കിം വാ ഗതോഽസ്യപുനരന്വയമന്യലോകം
നീതോഽഘൃണേന ന ശൃണോമി കലാ ഗിരസ്തേ

| | | | |
|---|---|---|---|
| തനൂജ | മകനേ! | ന ദദൃശേ | കണ്ടതില്ല |
| ഹതമംഗലാ | പുണ്യം നശിച്ചുപോയ | തേ | നിന്റെ |
| അഹം തേ | ഞാൻ നിന്റെ | കലാഃ | അവ്യക്തമധുരങ്ങളായ |
| ആനനാബ്ജം | ചെന്താർമുഖത്തെ | ഗിരഃ | മൊഴികൾ |
| മുഗ്ധസ്മിതം | മോഹനമായ മന്ദഹാസത്തോടും | ന ശൃണോമി | ഇപ്പോൾ കേൾക്കുന്നില്ല. |
| മുദിത- വീക്ഷണം | സന്തുഷ്ടിയാർന്ന വീക്ഷണത്തോടും കൂടിയതായിട്ട് | അഘൃണേന | നിർദ്ദയനായ യമനാൽ |
| | | നീതഃ | കൊണ്ടുപോകപ്പെട്ട് |

| | | | |
|---|---|---|---|
| അപുനരാവൃത്തം | ഇനി തിരിച്ചുവരവില്ലാത്ത | ഗതഃ അസി | നീ ചെന്നുചേർന്നു, |
| അന്യലോകം | മറുലോകത്തേക്ക് | കിം വാ | അല്ലേ? |

59 വിലപന്ത്യാ മൃതം പുത്രമിതി ചിത്രവിലാപനൈഃ
ചിത്രകേതുർഭൃശം തപ്തോ മുക്തകണ്ഠോ രുരോദ ഹ

| | | | |
|---|---|---|---|
| മൃതം | മരിച്ചുപോയ | ഭൃശം | കൂടുതൽ |
| പുത്രം | മകനെക്കുറിച്ച് | തപ്തഃ | ദുഃഖാർത്തനായിത്തീർന്ന |
| വിലപന്ത്യാഃ | കരഞ്ഞുതൊഴിക്കുന്ന സ്വപത്നിയുടെ | ചിത്രകേതുഃ | ചിത്രകേതുരാജാവ് |
| ഇതി | ഈ വിധം | മുക്തകണ്ഠഃ | വാവിട്ട് ഉറക്കെ |
| ചിത്രവിലാപനൈഃ | പലതരത്തിലുള്ള പ്രരോദനങ്ങളാൽ | രുരോദ ഹ | കരഞ്ഞുപോയി |

60 തയോർവിലപതോഃ സർവേ ദംപത്യോസ്തദനുവ്രതാഃ
രുരുദുഃ സ്മ നരാ നാര്യഃ സർവമാസീദചേതനം

| | | | |
|---|---|---|---|
| ദംപത്യോഃ | ദംപതിമാരായ | നരാഃ | പുരുഷന്മാരും |
| തയോഃ | അവരിരുവരും | നാര്യഃ | സ്ത്രീകളും |
| വിലപതോഃ | വിലപിക്കവേ, | രുരുദുഃ സ്മ | കരഞ്ഞു തുടങ്ങി. |
| തദനുവ്രതാഃ | അവരെ പിൻപറ്റിനിൽക്കുന്ന | സർവം | രംഗമാകെയും |
| | | അചേതനം | നിർജ്ജീവമായി |
| സർവേ | എല്ലാതരം | ആസീത് | ഭവിച്ചു |

61 ഏവം കശ്മലമാപന്നം നഷ്ടസംജ്ഞമനായകം
ജ്ഞാത്വാംഗിരാ നാമ മുനിരാജഗാമ സനാരദഃ

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ജ്ഞാത്വാ | അറിഞ്ഞ് |
| കശ്മലം | മുഴുത്തദുഃഖത്തെ | അംഗിരാഃ നാമ മുനിഃ | അംഗിരസ്സെന്ന പേരായ മഹർഷി |
| ആപന്നം | പ്രാപിച്ച് | | |
| നഷ്ടസംജ്ഞം | സ്വബോധം നശിച്ച് | സനാരദഃ | നാരദനോടുകൂടി |
| അനായകം | നാഥനില്ലാതെയായ ജനത്തെക്കുറിച്ച് | ആജഗാമ | അവിടെക്കു വന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
ചതുർദശോഽദ്ധ്യായഃ
ആദിതഃ ശ്ലോകാഃ 611
ആറാംസ്കന്ധത്തിൽ പതിനാലാമത്തെ അദ്ധ്യായം കഴിഞ്ഞു

## പഞ്ചദശോഽദ്ധ്യായഃ — അദ്ധ്യായം പതിനഞ്ച്
## ചിത്രകേതുവിൻെറ പുത്രദുഃഖാപനോദനം

"തതഃ പഞ്ചദശേ ചിത്രകേതോഃ ശോകാപനോദനം
കൃതം തത്ത്വോപദേശേന നാരദേനാംഗിരോയുജാ"

ശ്രീനാരദനും അംഗിരസ്സുമുനിയും തത്ത്വോപദേശത്താൽ ചിത്രകേതുവിൻെറ പുത്രദുഃഖത്തെ ശമിപ്പിച്ചതു് ഈ പതിനഞ്ചാമദ്ധ്യായത്തിൽ പറയുന്നു—

ശ്രീശുക ഉവാച — ശ്രീശുകമഹർഷി പറഞ്ഞു—

1 ഊചതുർമൃതകോപാന്തേ പതിതം മൃതകോപമം
ശോകാഭിഭൂതം രാജാനം ബോധയന്തൗ സദുക്തിഭിഃ

| | | | |
|---|---|---|---|
| മൃതകോപാന്തേ | മൃതശരീരത്തിൻെറ അരികത്തു് | രാജാനം | രാജാവിനെ |
| മൃതകോപമം | മൃതശരീരംപോലെ | സദുക്തിഭിഃ | സാരവാക്കുകളാൽ |
| പതിതം | വീണുകിടന്ന | ബോധയന്തൗ | ഉദ്ബോധിപ്പിച്ചുകൊണ്ടു് |
| ശോകാഭിഭൂതം | ദുഃഖബാധിതനായ | ഊചതുഃ | (ഋഷിമാർ) പറഞ്ഞു |

2 കോയം സ്യാത്തവ രാജേന്ദ്ര ഭവാൻ യമനുശോചതി
ത്വം ചാസ്യ കതമഃ സൃഷ്ടൗ പുരേദാനീമതഃ പരം

| | | | |
|---|---|---|---|
| രാജേന്ദ്ര | മഹാരാജാവേ! | ഇദാനീം | ഇപ്പോഴും |
| ഭവാൻ | അങ്ങുന്നു് | അതഃ പരം | ഇനിമേലും |
| യം | ഏതൊരുവനെപ്പററി | സൃഷ്ടൗ | സൃഷ്ടിയിൽ |
| അനുശോചതി | സങ്കടപ്പെടുന്നുവോ | അസ്യ | ഇവനെ സംബന്ധിച്ചു് |
| അയം | അവൻ | ത്വം ച | അങ്ങേയും |
| തവ | അങ്ങേക്കു് | കഃ | ആരു്? |
| കഃ സ്യാത് | ആരായിരിക്കണം? | | |
| പുരാ | ഇതിനുമുമ്പും | | |

"ഇവൻ പുത്രനും ഞാൻ ഇവൻെറ പിതാവുമാണു്" എന്ന സങ്കല്പം ശരിയല്ല. കഴിഞ്ഞ ജന്മത്തിൽ ഇവൻ ആരായിരുന്നു? അടുത്ത ജന്മത്തിൽ ആരായിരിക്കും? അറിയാനാവാത്ത സംഗതിയാണിതു്. ഒരു പിറവിയിൽ പിതൃപുത്രാദിരൂപേണ ചേർന്നിരുന്നവർ മരണംകൊണ്ടു് വേർപിരിഞ്ഞ ശേഷം പിന്നെത്തെ പിറവിയിൽ ശത്രുക്കളായോ മിത്രങ്ങളായോ, ഭാര്യാഭർത്താക്കന്മാരായോ, അങ്ങനെയൊന്നും അല്ലാത്തവരായോ ആയിത്തീരുന്നേക്കാം. അതിനാൽ പിതൃപുത്രബന്ധത്തിനു ശാശ്വതാവസ്ഥയോ യാഥാർത്ഥ്യമോ ഇല്ല. ദേഹികളുടെ സംയോഗവിയോഗങ്ങൾ ഒഴുക്കിൽപ്പെട്ട മണൽത്തരികളുടേതു പോലെ കേവലം യാദൃച്ഛികങ്ങളാണു്. അടുത്ത ശ്ലോകം കൊണ്ടു് അതു് വ്യക്തമാക്കുന്നു—

3 യഥാ പ്രയാന്തി സംയാന്തി സ്രോതോവേഗേന വാലുകാഃ
സംയുജ്യന്തേ വിയുജ്യന്തേ തഥാ കാലേന ദേഹിനഃ.

| | |
|---|---|
| സ്രോതോവേഗേന | പുഴയിലെ ഒഴുക്കിന്റെ ശക്തിയാൽ |
| വാലുകാഃ | മണൽത്തരികൾ |
| യഥാ | ഏതുവിധം |
| പ്രയാന്തി | നീങ്ങിപ്പോകയും |
| സംയാന്തി | വന്നുകൂടുകയും, |
| വിയുജ്യന്തേ | വിയോജിക്കപ്പെടുകയും |
| സംയുജ്യന്തേ | സംയോജിക്കപ്പെടുകയും ചെയ്യുന്നുവോ, |
| തഥാ | അതേവിധം |
| കാലേന | കാലശക്തിയാൽ |
| ദേഹിനഃ | ജീവരാശികളും ചെയ്യുന്നു. |

“ശരിതന്നെ. എങ്കിലും, വാർദ്ധക്യദശയിൽ ഏറെക്കൊതിച്ചുണ്ടായ ഏകപുത്രന്നു് അകാലത്തിൽ അപായം വന്നതോർക്കുമ്പോൾ ദുഃഖം സഹിക്കുന്നില്ല” എന്നാണെങ്കിൽ പ്രകൃതിനിയമം കണ്ടറിഞ്ഞു മനഃസമാധാനം തേടുവാൻ ഋഷിമാർ ഇനി ഉപദേശിക്കുന്നു.

4 യഥാ ധാനാസു വൈ ധാനാ ഭവന്തി ന ഭവന്തി ച
ഏവം ഭൂതേഷു ഭൂതാനി ചോദിതാനീശമായയാ

| | |
|---|---|
| യഥാ | ഏതുവിധം |
| ധാനാസു | വിത്തുകളിൽ |
| ധാനാഃ | വിത്തുകൾ |
| ഭവന്തി | ഉണ്ടാകുന്നുവോ, |
| ന ഭവന്തി വൈ ച | ചിലപ്പോൾ ചിലതിൽ ഉണ്ടാകാതെയും വരുന്നുവോ, |
| ഏവം | അതേവിധം |
| ഭൂതേഷു | ജീവജാലങ്ങളിൽ |
| ഭൂതാനി | ജീവജാലങ്ങൾ |
| ഈശമായയാ | ഈശ്വരമായയാൽ |
| ചോദിതാനി | പ്രചോദിപ്പിക്കപ്പെടുന്നു. |

ഒന്നിൽ നിന്നു മറ്റൊന്നുണ്ടാവുന്നതും, ഉണ്ടാവാതിരിക്കുന്നതും, ഉണ്ടായതിന്നു് അകാലനാശം സംഭവിക്കുന്നതും ധാന്യങ്ങളിലെന്നപോലെ ജന്തുക്കളിലും സംഭവിക്കുന്നു. ഇതെല്ലാം ഈശ്വരമായയുടെ — പ്രകൃതിയുടെ ദുർജ്ഞേയമായ പ്രചോദനം മൂലമാണെന്നു് ധരിച്ചു കൊള്ളണമെന്നാണു് വിവക്ഷിതാർത്ഥം.

5 വയം ച ത്വം ച യേ ചേമേ തുല്യകാലാശ്ചരാചരാഃ
ജന്മമൃത്യോർയഥാ പശ്ചാത് പ്രാങ്ങ്നൈവമധുനാപി ഭോഃ

| | |
|---|---|
| വയം ച | ഞങ്ങളും |
| ത്വം ച | അങ്ങയും |
| തുല്യകാലാഃ | സമാനകാലീനങ്ങളായ (ഇപ്പോഴുള്ള) |
| യേ ഇമേ | യാവചില ഈ |
| ചരാചരാഃ | ജംഗമങ്ങളും സ്ഥാവരങ്ങളുമെല്ലാം |
| യഥാ | ഏതുപ്രകാരം |
| ജന്മമൃത്യോഃ | ജനനമരണങ്ങളുടെ |
| പ്രാക് | മുമ്പും |
| പശ്ചാത് | പിമ്പും |
| ഏവം ന | ഇങ്ങനെയല്ലയോ, |
| ഭോഃ | ഹേ രാജൻ! |
| അധുനാ അപി | ഇപ്പോഴും (അപ്രകാരമെന്നു കരുതുക) |

6 ഭൂതൈർഭൂതാനി ഭൂതേശഃ സൃജത്യവതി ഹന്ത്യജഃ
ആത്മസൃഷ്ടൈരസ്വതന്ത്രൈരനപേക്ഷോഽപി ബാലവത്

| | |
|---|---|
| ഭൂതേശഃ | ജീവരാശികളുടെ സ്രഷ്ടാവും |
| അജഃ | ജന്മാദിരഹിതനുമായ ഈശ്വരൻ |
| അനപേക്ഷഃ അപി | സ്വയം ഉദ്ദേശ്യരഹിതനെന്നിരിക്കിലും |
| ബാലവത് | കളിക്കുന്നകുട്ടിയെപ്പോലെ |
| ആത്മസൃഷ്ടൈഃ | തന്നാൽ സൃഷ്ടിക്കപ്പെട്ട |
| അസ്വതന്ത്രൈഃ | സ്വതന്ത്രങ്ങളല്ലാത്ത |
| ഭൂതൈഃ | ജീവജാലങ്ങളെക്കൊണ്ട് |
| ഭൂതാനി | ജീവജാലങ്ങളെ |
| സൃജതി | സൃഷ്ടിക്കുന്നു, |
| അവതി | രക്ഷിക്കുന്നു, |
| ഹന്തി | സംഹരിക്കുന്നു. |

ഈ ജന്മാദിവ്യവഹാരം ദേഹങ്ങൾക്കല്ലാതെ ദേഹിക്കില്ലെന്ന് ഇനി ഉപദേശിക്കുന്നു-

7 ദേഹേന ദേഹിനോ രാജൻ ദേഹാദ്ദേഹോഽഭിജായതേ
ബീജാദേവ യഥാ ബീജം ദേഹ്യർത്ഥ ഇവ ശാശ്വതഃ

| | |
|---|---|
| രാജൻ | ഹേ രാജൻ! |
| ബീജാത് ഏവ | വിത്തിൽനിന്ന് തന്നെ |
| ബീജം യഥാ | വിത്തെന്നപോലെ |
| ദേഹിനഃ | ദേഹിയുടെ |
| ദേഹേന | ദേഹംകൊണ്ട് |
| ദേഹാത് | ദേഹത്തിൽ നിന്ന് |
| ദേഹഃ | മറ്റൊരു ദേഹം |
| അഭിജായതേ | പിറന്നുണ്ടാവുന്നു. |
| ദേഹീ | ദേഹിയാകട്ടെ |
| അർത്ഥഃ ഇവ | മൂലപദാർത്ഥമെന്നപോലെ |
| ശാശ്വതഃ | എന്നുമുള്ളതാണ് |

വിത്തിൽ നിന്നുണ്ടായ ഒരു സസ്യത്തിൽ നിന്നു വീണ്ടും വിത്തുണ്ടാവുന്നപോലെ പിതാവായ ദേഹിയുടെ ദേഹത്തോടുള്ള സംഗമത്താൽ മാതാവെന്ന ദേഹിയുടെ ദേഹത്തിൽനിന്നു പുത്രനാവുന്ന ദേഹിയുടെ ദേഹം സംജാതമാവുന്നു. എന്നാൽ ദേഹിയാകട്ടെ ജന്മമൃത്യുക്കൾക്ക് വിധേയനാകാതെ പൃഥിവ്യാദി പദാർത്ഥം പോലെ നിത്യനായിത്തന്നെ സ്ഥിതിചെയ്യുന്നു-

അനിത്യമായ ദേഹത്തോടു വേർപിരിയാത്ത ബന്ധമുള്ളതുകൊണ്ടു ദേഹിയും അനിത്യമാണെന്നു കരുതിപ്പോകരുതെന്ന് ഇനി പറയുന്നു—

8 ദേഹദേഹിവിഭാഗോഽയമവിവേകകൃതഃ പുരാ
ജാതിവ്യക്തിവിഭാഗോഽയം യഥാ വസ്തുനി കല്പിതഃ

| | |
|---|---|
| യഥാ | യാതൊരുവിധം |
| വസ്തുനി | കേവലമായ സദ്രൂപത്തിൽ |
| അയം | ഇത്തരത്തിലുള്ള |
| ജാതിവ്യക്തി വിഭാഗഃ | സാമാന്യമെന്നും വിശേഷമെന്നുമുള്ള ഭേദം |

| | | | |
|---|---|---|---|
| കല്പിതഃ | കല്പിക്കപ്പെട്ടിരിക്കുന്നുവോ | ദേഹദേഹിവിഭാഗഃ | ദേഹമെന്നും ദേഹിയെന്നുമുള്ള ഭേദവും |
| (തഥാ) | അതേവിധം | പുരാ | പണ്ടുപണ്ടേയുള്ള |
| അയം | ഇത്തരത്തിലുള്ള | അവിവേകകൃതഃ | അജ്ഞാനത്താൽ കല്പിക്കപ്പെട്ടതാകുന്നു. |

കേവലമായ സത്തയിൽ വ്യഷ്ടിസമഷ്ടിഭേദം അജ്ഞാനത്താൽ കൽപ്പിതമായതുപോലെ ദേഹം-ദേഹി എന്ന ഭേദവും അജ്ഞാനത്താൽത്തന്നെ കൽപ്പിതമായതാണ്. ദേഹി കേവലമായ സത്തയാകയാൽ അതിന്നു ജന്മമൃത്യുക്കളില്ല, അതു നിത്യസത്യമാണ്.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു-

9 ഏവമാശ്വാസിതോ രാജാ ചിത്രകേതുർദ്വിജോക്തിഭിഃ
പ്രമൃജ്യ പാണിനാ വക്ത്രമാധിമ്ലാനമഭാഷത

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ആധിമ്ലാനം | മനോവ്യഥകൊണ്ടു വാടിയ |
| ദ്വിജോക്തിഭിഃ | മുനിമാരുടെ വചനങ്ങളാൽ | വക്ത്രം | മുഖത്തെ |
| ആശ്വാസിതഃ | ആശ്വസിപ്പിക്കപ്പെട്ട | പാണിനാ | കൈകൊണ്ട് |
| രാജാ | രാജാവായ | പ്രമൃജ്യ | തുടച്ച് |
| ചിത്രകേതുഃ | ചിത്രകേതു | അഭാഷത | പറഞ്ഞു. |

രാജോവാച = ചിത്രകേതുരാജാവ് പറഞ്ഞു—

10 കൗ യുവാം ജ്ഞാനസമ്പന്നൗ മഹിഷ്ഠൗ ച മഹീയസാം
അവധൂതേന വേഷേണ ഗൂഢാവിഹ സമാഗതൗ

| | | | |
|---|---|---|---|
| ജ്ഞാനസമ്പന്നൗ | അറിവുതികഞ്ഞവരും | ഗൂഢൗ | തിരിച്ചറിയാൻ കഴിയാത്തവരും |
| മഹീയസാം | മഹാന്മാരിൽവച്ച് | ഇഹ | ഇവിടെ |
| മഹിഷ്ഠൗ ച | അതിമഹാന്മാരും | സമാഗതൗ | വന്നുചേർന്നവരുമായ |
| അവധൂതേന | വസ്ത്രാച്ഛാദനമില്ലാത്ത | യുവാം | നിങ്ങളിരുവരും |
| വേഷേണ | വേഷംകൊണ്ട് | കൗ | ആരാണ്? |

11 ചരന്തി ഹ്യവനൗ കാമം ബ്രാഹ്മണാ ഭഗവത്പ്രിയാഃ
മാദൃശാം ഗ്രാമ്യബുദ്ധീനാം ബോധായോന്മത്തലിംഗിനഃ

| | | | |
|---|---|---|---|
| ഭഗവത്പ്രിയാഃ | സർവേശ്വരനിൽ മാത്രം പ്രീതിയുള്ളവരായ | ഗ്രാമ്യബുദ്ധീനാം | കുത്സിതവിഷയാസക്തചിത്തന്മാരുടെ |
| ബ്രാഹ്മണാഃ | ബ്രഹ്മജ്ഞാനികൾ | ബോധായ | പ്രബോധനത്തിനായി |
| മാദൃശാം | എന്നെപ്പോലുള്ള | | |

| | | | |
|---|---|---|---|
| ഉന്മത്ത-ലിംഗിനഃ | ഭ്രാന്തന്മാരുടേതു-പോലുള്ള വേഷം ധരിച്ചുകൊണ്ടു് | അവനൗ | ഭൂമിയാൽ |
| | | ചരന്തി ഹി | സഞ്ചരിക്കാറുണ്ടല്ലോ- |

12 കുമാരോ നാരദ ഋഭുരംഗിരാ ദേവലോഽസിതഃ
അപാന്തരതമോ വ്യാസോ മാർക്കണ്ഡേയോഽഥ ഗൗതമഃ

13 വസിഷ്ഠോ ഭഗവാൻ രാമഃ കപിലോ ബാദരായണിഃ
ദുർവാസാ യാജ്ഞവല്ക്യശ്ച ജാതുകർണ്യസ്തഥാഽരുണിഃ

14 രോമശശ്ച്യവനോ ദത്ത ആസുരിഃ സപതഞ്ജലിഃ
ഋഷിർവേദശിരാ ബോധ്യോ മുനിഃ പഞ്ചശിരാസ്തഥാ

15 ഹിരണ്യനാഭഃ കൗസല്യഃ ശ്രുതദേവ ഋതധ്വജഃ
ഏതേ പരേ ച സിദ്ധേശാശ്ചരന്തി ജ്ഞാനഹേതവഃ

സനൽകുമാരൻ, നാരദൻ, ഋഭു, അംഗിരസ്സ്, ദേവലൻ, അസിതൻ, അപാന്തരതമൻ, വേദവ്യാസൻ, മാർക്കണ്ഡേയൻ, ഗൗതമൻ, വസിഷ്ഠൻ, ഭഗവാൻ പരശുരാമൻ, കപിലൻ, ശ്രീശുകൻ, ദുർവാസസ്സ്, യാജ്ഞവല്ക്യൻ, ജാതുകർണ്ണി, ആരുണി, രോമശൻ, ച്യവനൻ, ദത്താത്രേയൻ, ആസുരി, പതഞ്ജലി, വേദശിരസ്സെന്ന ഋഷി, ബോധ്യമുനി, പഞ്ചശിരസ്സ്, ഹിരണ്യനാഭൻ, കൗസല്യൻ, ശ്രുതദേവൻ, ഋതധ്വജൻ-

| | | | |
|---|---|---|---|
| ഏതേ | എന്നിവരും | ജ്ഞാന-ഹേതവഃ | ആത്മജ്ഞാന പ്രദാനത്തിനു കാരണഭൂതരായി |
| പരേ ച | അന്യന്മാരുമായ | ചരന്തി | സഞ്ചരിക്കാറുണ്ടു് |
| സിദ്ധേശാഃ | സിദ്ധേശ്വരന്മാർ | | |

16 തസ്മാദ്യുവാം ഗ്രാമ്യപശോർമമ മൂഢധിയഃ പ്രഭൂ
അന്ധേ തമസി മഗ്നസ്യ ജ്ഞാനദീപ ഉദീര്യതാം

| | | | |
|---|---|---|---|
| തസ്മാത് | അതുഹേതുവായിട്ടു് | മഗ്നസ്യ | മുങ്ങിക്കിടക്കുന്ന-വനുമായ |
| ഗ്രാമ്യപശോഃ | മൃഗത്തെപ്പോലെ ആത്മസംസ്കാര-മില്ലാത്തവനും | മമ | എനിക്കു് |
| | | യുവാം | നിങ്ങളിരുവരും |
| മൂഢധിയഃ | മൂഢബുദ്ധിയും | പ്രഭൂ | രക്ഷകന്മാരാണു്, |
| അന്ധേ | അതിഘോരമായ | ജ്ഞാനദീപഃ | അറിവിന്റെ വിളക്കു് |
| തമസി | ഇരുട്ടിൽ | ഉദീര്യതാം | തെളിയിക്കപ്പെട്ടാലും. |

അംഗിരാ ഉവാച = അംഗിരസ്സ് മഹർഷി പറഞ്ഞു-

17 അഹം തേ പുത്രകാമായ പുത്രദോസ്മ്യംഗിരാ നൃപ
ഏഷ ബ്രഹ്മസുതഃ സാക്ഷാന്നാരദോ ഭഗവാനൃഷിഃ

| | | | |
|---|---|---|---|
| നൃപ | രാജാവേ! | അസ്തി | ആകുന്നു. |
| അഹം | ഞാൻ | ഏഷഃ | ഇദ്ദേഹം |
| പുത്രകാമായ | പുത്രനെ ആഗ്രഹിച്ചിരുന്ന | ബ്രഹ്മസുതഃ | ബ്രഹ്മപുത്രനും |
| | | ഭഗവാൻ | സർവജ്ഞനുമായ |
| തേ | അങ്ങയ്ക്ക് | സാക്ഷാത് | സാക്ഷാൽ |
| പുത്രദഃ | പുത്രദാനം ചെയ്ത | നാരദഃ | നാരദനെന്ന |
| അംഗിരാഃ | അംഗിരസ്സ് | ഋഷിഃ | മഹർഷിയുമാണ്. |

18 ഇത്ഥം ത്വാം പുത്രശോകേന മഗ്നം തമസി ദുസ്തരേ
അതദർഹമനുസ്മൃത്യ മഹാപുരുഷഗോചരം

19 അനുഗ്രഹായ ഭവതഃ പ്രാപ്താവാവാമിഹ പ്രഭോ
ബ്രഹ്മണ്യോ ഭഗവത്ഭക്തോ നാവസീദിതുമർഹതി

| | | | |
|---|---|---|---|
| ഇത്ഥം | ഈവിധം | ഭവതഃ | അങ്ങയുടെ |
| പുത്രശോകേന | പുത്രദുഃഖത്താൽ | അനുഗ്രഹായ | അനുഗ്രഹത്തിന്നായി |
| ദുസ്തരേ | കടക്കവാനാവാത്ത | ആവാം | ഞങ്ങളിരുവരും |
| തമസി | അന്ധകാരത്തിൽ | ഇഹ | ഇവിടെ |
| മഗ്നം | ആണ്ടിരിക്കുന്ന | പ്രാപ്തൗ | വന്നവരാകുന്നു- |
| ത്വാം | അങ്ങയെ | പ്രഭോ | മഹാരാജാവേ! |
| മഹാപുരുഷഗോചരം | മഹാവിഷ്ണുവിന്റെ ഭക്തനെന്നും | ബ്രഹ്മണ്യഃ | ബ്രാഹ്മണഭക്തനും |
| | | ഭഗവത്ഭക്തഃ | ഭഗവൽഭക്തനുമായവൻ |
| അതദർഹം | ആ ദുഃഖത്തെ അർഹിക്കുന്നവനല്ലെന്നും | അവസീദിതും | ക്ലേശിക്കുവാൻ |
| അനുസ്മൃത്യ | അനുസ്മരിച്ചിട്ട് | ന അർഹതി | പാടില്ല- |

20 തദൈവ തേ പരം ജ്ഞാനം ദദാമി ഗൃഹമാഗതഃ
ജ്ഞാത്വാന്യാഭിനിവേശം തേ പുത്രമേവ ദദാവഹം

| | | | |
|---|---|---|---|
| ഗൃഹം | ഗൃഹത്തിലേക്ക് | തേ | അങ്ങയുടെ |
| ആഗതഃ | വന്നിരുന്ന ഞാൻ | അന്യാഭിനിവേശം | അതിൽനിന്നുവ്യത്യസ്തമായ താൽപര്യത്തെ |
| തദാ ഏവ | അപ്പോഴുംതന്നെ | ജ്ഞാത്വാ | മനസ്സിലാക്കിയിട്ട് |
| തേ | അങ്ങയ്ക്ക് | പുത്രം ഏവ | പുത്രനെത്തന്നെ |
| പരം | പരമാർത്ഥമായ | അഹം | ഞാൻ |
| ജ്ഞാനം | ആത്മജ്ഞാനത്തെ | ദദൗ | തന്നതായിരുന്നു |
| ദദാമി | തന്നിരുന്നേനേ. | | |

21 അധുനാ പുത്രിണാം താപോ ഭവതൈവാനുഭൂയതേ
ഏവം ദാരാ ഗൃഹാ രായോ വിവിധൈശ്വര്യസംപദഃ

| | | | |
|---|---|---|---|
| അധുനാ | ഇപ്പോൾ | അനുഭൂയതേ | അനുഭവിക്കപ്പെട്ടുന്നുണ്ടല്ലോ. |
| പുത്രിണാം | മക്കളുള്ളവരുടെ | | |
| താപഃ | ദുഃഖം | ഏവം | ഇതുപോലെ |
| ഭവതാ ഏവ | അങ്ങയാൽത്തന്നെ | ദാരാഃ | ഭാര്യമാരും |

| | |
|---|---|
| ഗൃഹാഃ | ഭവനങ്ങളും |
| രായഃ | ധനങ്ങളും |
| വിവിധൈശ്വര്യസമ്പദഃ | നാനാപ്രഭാവങ്ങളും സമ്പത്തുകളും |

22 ശബ്ദാദയശ്ച വിഷയാശ്ചലാ രാജ്യവിഭൂതയഃ
മഹീ രാജ്യം ബലം കോശോ ഭൃത്യാമാത്യാഃ സുഹൃജ്ജനാഃ

| | |
|---|---|
| ച | അതിനും പുറമെ, |
| ശബ്ദാദയഃ | ശബ്ദാദികളായ |
| വിഷയാഃ | വിഷയങ്ങളും |
| ചലാഃ | അസ്ഥിരങ്ങളായ |
| രാജ്യവിഭൂതയഃ | രാജകീയൈശ്വര്യങ്ങളും |
| മഹീ | ഭൂമി, |
| രാജ്യം | രാജവാഴ്ച, |
| ബലം | സൈന്യം, |
| കോശഃ | ഭണ്ഡാരം എന്നിവയും |
| ഭൃത്യാമാത്യാഃ | ഭൃത്യന്മാർ, മന്ത്രിമാർ എന്നിവരും |
| സുഹൃജ്ജനാഃ | ബന്ധുജനങ്ങളും— |

23 സർവേഽപി ശൂരസേനേമേ ശോകമോഹഭയാർത്തിദാഃ
ഗന്ധർവനഗരപ്രഖ്യാഃ സ്വപ്നമായാമനോരഥാഃ

| | |
|---|---|
| ഇമേ | ഇവ |
| സർവേഅപി | എല്ലാം തന്നെ |
| ശൂരസേന | ഹേ ശൂരസേനാധിപ! |
| ശോകമോഹഭയാർത്തിദാഃ | ദുഃഖവും മയക്കവും പേടിയും കഷ്ടപ്പാടും തരുന്നവയാണ്; |
| ഗന്ധർവനഗരപ്രഖ്യാഃ | ഗന്ധർവനഗരം പോലെ തെളിഞ്ഞും ഒളിഞ്ഞും ഇരിക്കുന്നവയാണ്; |
| സ്വപ്നമായാമനോരഥാഃ | സ്വപ്നംപോലെയും ഇന്ദ്രജാലംപോലെയും മിഥ്യാസങ്കല്പങ്ങളാണ്. |

24 ദൃശ്യമാനാ വിനാർത്ഥേന ന ദൃശ്യന്തേ മനോഭവാഃ
കർമ്മഭിർധ്യായതോ നാനാ കർമ്മാണി മനസോഽഭവൻ

| | |
|---|---|
| അർത്ഥേന വിനാ | താത്ത്വികമായ അടിസ്ഥാനമില്ലാതെ |
| മനോഭവാഃ | വെറും മനോവിഭ്രാന്തിയിൽ നിന്ന് രൂപം കൊണ്ടവയായിട്ട് |
| ദൃശ്യമാനാഃ | ഇപ്പോൾ കാണപ്പെടുന്നവ |
| ന ദൃശ്യന്തേ | അടുത്ത നിമിഷത്തിൽ കാണപ്പെടാതെയാവുന്നു. |
| കർമ്മഭിഃ | കർമ്മവാസനകളാൽ |
| നാനാ | പലതും |
| ധ്യായതഃ | ധ്യാനിച്ചുകൊണ്ടിരിക്കുന്നവന്റെ |
| മനസഃ | മനസ്സിനെ നിമിത്തീകരിച്ച് |
| കർമ്മാണി | കർമ്മങ്ങൾ |
| അഭവൻ | ഉണ്ടായിവന്നു. |

പുത്രാദികൾ ദുഃഖാദികൾക്കു ഹേതുവായിത്തീരുന്നതു ജീവാത്മാവിന്റെ ദേഹാഭിമാനം കൊണ്ടാണെന്നു ഇനി ഉപദേശിക്കുന്നു—

25 അയം ഹി ദേഹിനോ ദേഹോ ദ്രവ്യജ്ഞാനക്രിയാത്മകഃ
ദേഹിനോ വിവിധക്ലേശസന്താപകൃദുദാഹൃതഃ

| | |
|---|---|
| ദ്രവ്യജ്ഞാന- ക്രിയാത്മകഃ | ഭൗതികവും ജ്ഞാന- ക്രിയാശക്തികളെ ഉൾക്കൊള്ളുന്നതുമായ |
| അയം ദേഹഃ | ഈ ശരീരം |
| ഹി | തന്നെയാണ് |
| ദേഹിനഃ | ദേഹാഭിമാനിയായ |
| ദേഹിനഃ | ജീവാത്മാവിന്ന് |
| വിവിധക്ലേശ സന്താപകൃത് | പലതരം കഷ്ടങ്ങളും ദുഃഖങ്ങളും ഉണ്ടാക്കുന്നതെന്ന് |
| ഉദാഹൃതഃ | പറയപ്പെട്ടിരിക്കുന്നു- |

26 തസ്മാത് സ്വസ്ഥേന മനസാ വിമൃശ്യ ഗതിമാത്മനഃ
ദ്വൈതേ ധ്രുവാർത്ഥവിസ്രംഭം ത്യജോപശമമാവിശ

| | |
|---|---|
| തസ്മാത് | ആകയാൽ |
| സ്വസ്ഥേന | അവ്യഗ്രമായ |
| മനസാ | മനസ്സുകൊണ്ട് |
| ആത്മനഃ | ആത്മാവിന്റെ |
| ഗതിം | തത്ത്വത്തെ |
| വിമൃശ്യ | ആരാഞ്ഞറിഞ്ഞ് |
| ദ്വൈതേ | നാനാരൂപത്തിൽ കാണുന്ന പ്രപഞ്ചത്തിൽ |
| ധ്രുവാർത്ഥ- വിസ്രംഭം | സത്യമാണെന്നുള്ള വിശ്വാസത്തെ |
| ത്യജ | വിട്ടുകളയുക, |
| ഉപശമം | മനഃശാന്തിയിലേക്ക് |
| ആവിശ | പ്രവേശിക്കുക |

ഈ മനഃശാന്തി ഈശ്വരാനുഗ്രഹംകൊണ്ട് സാധിക്കേണ്ടതാകയാൽ അതിനുള്ളമാർഗ്ഗം ഇനി നാരദമഹർഷി ഉപദേശിക്കുന്നു—

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു—

27 ഏതാം മന്ത്രോപനിഷദം പ്രതീച്ഛ പ്രയതോ മമ
യാം ധാരയൻ സപ്തരാത്രാദ് ദ്രഷ്ടാ സങ്കർഷണം പ്രഭും

| | |
|---|---|
| ഏതാം മന്ത്രോ- പനിഷദം | ഈ മന്ത്രമാവുന്ന പരമശ്രേയോനിധാനത്തെ |
| പ്രയതഃ | ഭക്തിയുക്തനായിട്ട് |
| മമ | എന്നിൽ നിന്ന് |
| പ്രതീച്ഛ | ഏറ്റുവാങ്ങുക |
| യാം | യാതൊന്നിനെ |
| ധാരയൻ | ധാരണചെയ്ത് |
| സപ്തരാത്രാത് | ഏഴുരാത്രികൊണ്ട് |
| പ്രഭും | സർവശക്തനായ |
| സങ്കർഷണം | സങ്കർഷണമൂർത്തിയെ |
| ദ്രഷ്ടാ | ദർശിച്ചുകൊള്ളും |

28 യത്പാദമൂലമുപസൃത്യ നരേന്ദ്ര പൂർവേ
ശർവാദയോ ഭ്രമമിമം ദ്വിതയം വിസൃജ്യ
സദ്യസ്തദീയമതുലാനധികം മഹിത്വം
പ്രാപുർഭവാനപി പരം ന ചിരാദുപൈതി

| | |
|---|---|
| നരേന്ദ്ര | മഹാരാജാവേ! |
| പൂർവേ | പുരാതനന്മാരായ |
| ശർവാദയഃ | ശ്രീരുദ്രാദികൾ |
| യത്പാദ- മൂലം | യാതൊരു സങ്കർഷണ മൂർത്തിയുടെ പാദമൂലത്തെ |
| ഉപസൃത്യ | സമാശ്രയിച്ച് |
| ദ്വിതയം | ദ്വൈതഭാവനയാവുന്ന |
| ഇമം ഭ്രമം | ഈ മനോവിഭ്രാന്തിയെ |
| വിസൃജ്യ | ഉപേക്ഷിച്ച് |
| അതുലാ- നധികം | നിരുപമവും നിരതിശയവുമായ |

| | | | |
|---|---|---|---|
| തദീയം | അവിടുത്തെ | നചിരാത് | വൈകാതെ |
| മഹിത്വം | മഹിമയെ | പരം | ആ ഉൽക്കർഷത്തെ |
| പ്രാപ്തഃ | പ്രാപിച്ചിരിക്കുന്നു. | ഉപൈതി | പ്രാപിച്ചുകൊള്ളും |
| ഭവാൻ അപി | അങ്ങേയും | | |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ

പഞ്ചദശോऽദ്ധ്യായഃ

ആദിതഃ ശ്ലോകാഃ 639

ആറാമത്തെ സ്കന്ധത്തിൽ പതിനഞ്ചാമദ്ധ്യായം കഴിഞ്ഞു

## ഷോഡശോऽദ്ധ്യായഃ — അദ്ധ്യായം പതിനാറ്

## ചിത്രകേതുവിന് ശ്രീനാരദന്റെ മന്ത്രോപദേശം

"ഷോഡശേ തത്സുതാത്മൈവ വിശോകീകൃത്യ തം നൃപം
ആദിദേശ മഹാവിദ്യാം നാരദഃ ശേഷതോഷണീം."

നാരദമഹർഷി ചിത്രകേതുവിന്റെ ആ പുത്രദുഃഖത്തെ പുത്രന്റെ വാക്കുകളാൽത്തന്നെ അകററിയശേഷം "ശേഷതോഷണീ" എന്ന മഹാമന്ത്രത്തെ ഉപദേശിച്ചതും മററും ഈ അദ്ധ്യായംകൊണ്ടു് പറയുന്നു—

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു-

1 അഥ ദേവർഷീ രാജൻ സംപരേതം നൃപാത്മജം
ദർശയിത്വേതി ഹോവാച ജ്ഞാതീനാമനുശോചതാം

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | അനുശോചതാം | അനുശോചിച്ചു-കൊണ്ടിരിക്കുന്ന |
| അഥ | അതിൽപ്പിന്നെ | ജ്ഞാതീനാം | കുടുംബക്കാർക്കു് |
| ദേവർഷിഃ | ദേവർഷിയായ ശ്രീനാരദൻ | ദർശയിത്വാ | കാട്ടിക്കൊടുത്തു് |
| സംപരേതം | അന്തരിച്ചുപോയ | ഇതി | ഇങ്ങനെ |
| നൃപാത്മജം | രാജപുത്രനെ | ഉവാച ഹ | പറഞ്ഞുപോൽ |

പിതൃപുത്രാദിസംബന്ധം മിഥ്യയാണെന്നബോധം ചിത്രകേതുവിന്റെ മനസ്സിലുറപ്പിക്കുവാനായി അന്തരിച്ച പുത്രന്റെ ജീവാത്മാവിനെ യോഗവിദ്യയാൽ വരുത്തി കാട്ടികൊടുത്തശേഷം ശ്രീനാരദൻ ആ ജീവാത്മാവിനെ സംബോധന ചെയ്തു പറയുകയാണു്—

നാരദ ഉവാച = നാരദമഹർഷി പറഞ്ഞു—

2 ജീവാത്മൻ പശ്യ ഭദ്രം തേ മാതരം പിതരം ച തേ
സുഹൃദോ ബാന്ധവാസ്തപ്താഃ ശുചാ ത്വത്കൃതയാ ഭൃശം

| | | | |
|---|---|---|---|
| ജീവാത്മൻ | ജീവാത്മാവേ! | ശുചാ | ദുഃഖത്താൽ |
| തേ ഭദ്രം | നിനക്കു സ്വസ്തി | സുഹൃദഃ | ചങ്ങാതിമാരും |
| തേ മാതരം | നിന്റെ അമ്മയെയും | ബാന്ധവാഃ | ഉററവരും |
| പിതരം | അച്ഛനെയും | ഭൃശം | വളരെ |
| പശ്യ | നോക്കു | തപ്താഃ | സന്തപ്തരാണു് |
| ത്വത്കൃതയാ | നിന്നാൽ വരുത്തി വെയ്ക്കപ്പെട്ട | | |

3 കളേബരം സ്വമാവിശ്യ ശേഷമായുഃ സുഹൃദ്വൃതഃ
ഭുങ്ക്ഷ്വ ഭോഗാൻ പിതൃപ്രത്താനധിതിഷ്ഠ നൃപാസനം

| | | | |
|---|---|---|---|
| സ്വം | തന്റേതായ | പിതൃപ്രത്താൻ | പിതാവിനാൽ നൽകപ്പെട്ട |
| കളേബരം | ശരീരത്തിലേക്കു | ഭോഗൻ | ലോകസുഖങ്ങളെ |
| ആവിശ്യ | പ്രവേശിച്ചു് | ഭുങ്ക്ഷ്വ | അനുഭവിക്കു; |
| ശേഷം | അവശേഷിച്ച | നൃപാസനം | രാജസിംഹാസനത്തെ |
| ആയുഃ | ആയുഷ്കാലമാകെയും | അധിതിഷ്ഠ | ആരോഹണം ചെയ്യു |
| സുഹൃദ്വൃതഃ | മിത്രങ്ങളോടൊത്തു ചേർന്നു് | | |

അപമൃത്യുവായിരുന്നതിനാൽ ആയുഷ്കാലം അവസാനിച്ചിട്ടില്ലെന്നു് വിവക്ഷിതാർത്ഥം.

ഇനിയുള്ള 8 ശ്ലോകങ്ങൾ ജീവന്റെ വചനങ്ങളാണു് ജീവൻ പ്രേതരൂപേണ വായുമണ്ഡലത്തിൽ സ്ഥിതിചെയ്തുകൊണ്ടു പറഞ്ഞതാണെന്നു കരുതണം.

ജീവ ഉവാച = ജീവാത്മാവു പറഞ്ഞു—

4 കസ്മിൻ ജന്മന്യമീ മഹ്യം പിതരോ മാതരോഽഭവൻ
കർമ്മഭിർഭ്രാമ്യമാണസ്യ ദേവതിര്യങ്നൃയോനിഷു

| | | | |
|---|---|---|---|
| ദേവതിര്യങ്-നൃയോനിഷു | ദേവകൾ, പക്ഷി-മൃഗാദികൾ, മനുഷ്യർ, എന്നീ നാനായോനികളിൽ | കസ്മിൻ | ഏതു് |
| | | ജന്മനി | പിറവിയിൽ |
| | | അമീ | ഇവർ |
| | | മഹ്യം | എനിക്കു |
| കർമ്മഭിഃ | കർമ്മവാസനകളാൽ | പിതരഃ | പിതാക്കളായും |
| ഭ്രാമ്യമാണസ്യ | ചുററിക്കപ്പെട്ടു കൊണ്ടിരിക്കെ, | മാതരഃ | മാതാക്കളായും |
| | | അഭവൻ | ഭവിച്ചിരുന്നു ? |

"ജീവാത്മാക്കളുടെ പരസ്പരസംബന്ധം അനിയതമാകയാൽ ഇപ്പോഠം പുത്രൻ മരിച്ചെന്നുകരുതി ദുഃഖിക്കുന്നവർക്ക് ശത്രു മരിച്ചെന്നുകരുതി സന്തോഷിക്കുകയുമാകാം" എന്ന ആശയത്തിന്മേൽ ഇനി പറയുന്നു—

5 ബന്ധുജ്ഞാത്യരിമധ്യസ്ഥമിത്രോദാസീനവിദ്വിഷഃ
സർവ ഏവ ഹി സർവേഷാം ഭവന്തി ക്രമശോ മിഥഃ

| | | | |
|---|---|---|---|
| ബന്ധുജ്ഞാത്യരി- * * * * വിദ്വിഷഃ | ചാർച്ചക്കാർ, കുടുംബക്കാർ ശത്രുക്കഠം, ഇടത്തരക്കാർ, സഹായികഠം, ഒന്നിലും പെടാത്തവർ വിദ്രോഹികഠം എന്നിങ്ങനെ | സർവേ ഏവ | എല്ലാതരക്കാരും |
| | | സർവേഷാം ഹി | എല്ലാവർക്കും തന്നെ |
| | | ക്രമശഃ | ഒരു മുറപ്രകാരം |
| | | മിഥഃ | തമ്മിൽത്തമ്മിൽ |
| | | ഭവന്തി | ഉണ്ടായിവരുന്നു. |

ഈ ജന്മത്തിൽ ബന്ധുക്കളോ ജ്ഞാതികളോ ആയിട്ടുള്ളവർ വരും ജന്മത്തിൽ ശത്രുക്കളോ വിദ്വേഷികളോ ആയിത്തീർന്നെന്നുവരാം. ആകയാൽ ജീവാത്മാക്കളുടെ അന്യോന്യബന്ധം എന്നും ഒന്നായിരിക്കയില്ലെന്നു സാരം. ജീവൻെറ കർമ്മാധീനത്വം ഇനി ഉദാഹരണം കൊണ്ടു വ്യക്തമാക്കുന്നു—

6 യഥാ വസ്തൂനി പണ്യാനി ഹേമാദീനി തതസ്തതഃ
പര്യടന്തി നരേഷ്വേവം ജീവോ യോനിഷു കർത്തൃഷു

| | | | |
|---|---|---|---|
| യഥാ | ഏതുപ്രകാരം | പര്യടന്തി | ചുററിക്കറങ്ങുന്നുവോ, |
| പണ്യാനി | ക്രിയവിക്രയത്തിനുള്ള | ഏവം | അതുപ്രകാരം |
| ഹേമാദീനി | സ്വർണ്ണം മുതലായ | ജീവഃ | ജീവനും (കർമ്മവശാൽ) |
| വസ്തൂനി | പദാർത്ഥങ്ങഠം | യോനിഷു | ജന്മഹേതുക്കളെ |
| കർത്തൃഷു | ഉപയോക്താക്കളായ | | (മാതാപിതാക്കളെ) |
| നരേഷു | ആളുകളെ ആശ്രയിച്ച് | | ആശ്രയിച്ച് |
| തതഃ തതഃ | അവിടെയവിടെ | (പര്യടന്തി) | ചുററിക്കറങ്ങുന്നു. |

സ്വശരീരത്തിലേക്കു പ്രവേശിക്കുവാൻ ജീവനോടു ശ്രീനാരദൻ പറഞ്ഞുവല്ലോ. എന്നാൽ തനിക്കതിന്മേലുള്ള സ്വത്വാഭിമാനം ഇപ്പോളില്ലെന്നു ജീവൻ ഉപപാദിക്കുന്നതു് താഴെ രണ്ടു ശ്ലോകംകൊണ്ടു പറയുന്നു—

7 നിത്യസ്യാർത്ഥസ്യ സംബന്ധോ ഹ്യനിത്യോ ദൃശ്യതേ നൃഷു
യാവദ്യസ്യ ഹി സംബന്ധോ മമത്വം താവദേവ ഹി

| | | | |
|---|---|---|---|
| നിത്യസ്യ | ഈടുനിൽക്കുന്ന | യസ്യ | യാതൊന്നിനോടുള്ള |
| അർത്ഥസ്യ | വസ്തുവിനോടുള്ള | സംബന്ധഃ | വേഴ്ച |
| സംബന്ധഃ ഹി | വേഴ്ചപോലും | യാവത് | എത്രകാലത്തോളമോ, |
| നൃഷു | മനുഷ്യരുടെ ഇടയിൽ | താവത് ഏവ | അത്രകാലത്തോളം മാത്രമേ |
| അനിത്യഃ | ഈടുനിൽക്കാത്തതായി | മമത്വം ഹി | അതു തൻേറതാണെന്ന തോന്നൽ ഉണ്ടാകയുള്ളൂ. |
| ദൃശ്യതേ | കാണപ്പെടുന്നു- | | |
| ഹി | എന്തെന്നാൽ | | |

8 ഏവം യോനിഗതോ ജീവഃ സ നിത്യോ നിരഹംകൃതഃ
യാവദ്യത്രോപലഭ്യേത താവത് സ്വത്വം ഹി തസ്യ തത്

| | |
|---|---|
| ഏവം | ഇതുപോലെ |
| ജീവഃ | ജീവൻ |
| യോനിഗതഃ (അപി) | മാതാപിതാക്കളോട് ബന്ധപ്പെട്ട ഭൗതിക ശരീരത്തെ പ്രവേശിച്ചിരുന്നാലും കൂടി |
| സഃ | അവൻ (യഥാർത്ഥത്തിൽ) |
| നിത്യഃ | ശാശ്വതനും |
| നിരഹംകൃതഃ | 'ഞാൻ ഇവരുടെ പുത്രനാണെന്ന' ഭാവനയില്ലാത്തവനുമാണ് |
| യത്ര | യാതൊരുശരീരത്തിൽ |
| യാവത് | എത്രകാലംവരെ |
| ഉപലഭ്യേത | വർത്തിച്ചേക്കുമോ |
| താവത് ഹി | അത്രകാലത്തോളം മാത്രമേ |
| തസ്യ | ആ ജീവന് |
| തത് | അതിൽ |
| സ്വത്വം | മമതാഭിമാനമുള്ളൂ. |

9 ഏഷ നിത്യോഽവ്യയഃ സൂക്ഷ്മ ഏഷ സർവാശ്രയഃ സ്വദൃക്
ആത്മമായാഗുണൈർവിശ്വമാത്മാനം സൃജതി പ്രഭുഃ

| | |
|---|---|
| ഏഷഃ | ഈ ജീവൻ |
| നിത്യഃ | എന്നുമുള്ളവനാണ്, |
| അവ്യയഃ | അപക്ഷയമില്ലാത്തവനാണ്. |
| ഏഷഃ | ഈ ജീവൻ |
| സൂക്ഷ്മഃ | സൂക്ഷ്മരൂപനും |
| സർവാശ്രയഃ | സ്ഥൂലങ്ങൾക്കെല്ലാം ആധാരഭൂതനും |
| സ്വദൃക് | സ്വയം പ്രകാശിക്കുന്ന ചൈതന്യവുമാകുന്നു. |
| പ്രഭുഃ | എല്ലാ കഴിവുകളുമുള്ള ഈ ചേതനാസ്വരൂപൻ |
| ആത്മമായാഗുണൈഃ | തന്റെ മായയാൽ സത്ത്വാദി ഗുണങ്ങൾ കൊണ്ട് |
| ആത്മാനം | തന്നെത്തന്നെ |
| വിശ്വം | വിശ്വാകാരമായി |
| സൃജതി | സൃഷ്ടിക്കുന്നു. |

ജീവന്റെ നിത്യത്വം - അഥവാ ശാശ്വതാവസ്ഥിതി ഈ ശ്ലോകം കൊണ്ട് ഉപപാദിച്ചിരിക്കുന്നു. അപക്ഷയമില്ലാത്തതും, ജന്മാദിരഹിതമായ സൂക്ഷ്മസത്തയായതും, എന്നാൽ ജന്മാദികളുള്ള, സ്ഥൂലദേഹങ്ങൾക്കെല്ലാം ആധാരമായതും, സ്വയം പ്രകാശവുമായ ചൈതന്യമാകയാൽ ജീവൻ നിത്യനിർമുക്തനാണെന്നു സിദ്ധം. ഈ ജീവൻ ഈശ്വരനിൽ നിന്നു അഭിന്നനാകയാൽ ഈശ്വരകർത്തൃകമായ വിശ്വസൃഷ്ടി ജീവകർത്തൃകമാണെന്നും പറയാമല്ലോ. അതുകൊണ്ടാണ് " ആത്മമായാഗുണൈർ വിശ്വമാത്മാനം സൃജതി പ്രഭുഃ " എന്നു പറഞ്ഞത്-

" മിത്രങ്ങളോടു ചേർന്നിരുന്നു ഭോഗങ്ങളെ അനുഭവിക്കൂ" എന്ന് നാരദമഹർഷി പറഞ്ഞതിനുള്ള സമാധാനമാണ് ഇനിയുള്ള രണ്ടു ശ്ലോകങ്ങളിൽ—

10 ന ഹ്യസ്യാതിപ്രിയഃ കശ്ചിന്നാപ്രിയഃ സ്വഃ പരോഽപി വാ
ഏകഃ സർവധിയാം ദ്രഷ്ടാ കർത്തൄണാം ഗുണദോഷയോഃ

| | |
|---|---|
| അസ്യ | ഈ ജീവാത്മാവിന് |
| കശ്ചിത് | ഒരുവനും |
| അതിപ്രിയഃ | ഏറ്റെ പ്രിയംകരനായിട്ട് |
| ന ഹി | ഇല്ലതന്നെ. |
| അപ്രിയഃ | പ്രിയംകരനല്ലാതെയും |
| ന | ഇല്ല |
| സ്വഃ പരഃ അപി വാ | സ്വകീയനായോ പരകീയനായോ |
| ന | ഇല്ല. |
| ഗുണദോഷയോഃ | നന്മതിന്മകളുടെ |
| കർത്തൄണാം | കർത്താക്കളായ മിത്രാദികളുടെ |
| സർവധിയാം | എല്ലാതരത്തിലുമുള്ള ചിത്തവൃത്തികൾക്കും |
| ദ്രഷ്ടാ | സാക്ഷിയായിട്ട് |
| ഏകഃ | നിസ്സംഗനായി ഒററയ്ക്ക നിൽക്കുന്നു- |

11 നാദത്ത ആത്മാ ഹി ഗുണം ന ദോഷം ന ക്രിയാഫലം
ഉദാസീനവദാസീനഃ പരാവരദൃഗീശ്വരഃ

| | |
|---|---|
| ഹി ആത്മാ | ആകയാൽ, ജീവൻ |
| ഗുണം | സുഖത്തെ |
| ന ആദത്തേ | സ്വീകരിക്കുന്നില്ല; |
| ദോഷം ന | ദുഃഖത്തെയുമില്ല; |
| ക്രിയാഫലം | കർമ്മഫലത്തെയും |
| ന | ഇല്ല |
| ഈശ്വരഃ | സ്വതന്ത്രനായി |
| പരാവരദൃക് | കാര്യകാരണങ്ങളെ ദർശിക്കുക മാത്രം ചെയ്യുന്ന ജീവൻ |
| ഉദാസീനവത് | ഒന്നിനോടും വേഴ്ചയില്ലാത്തവനായിട്ട് |
| ആസീനഃ | നിലകൊള്ളുന്നു. |

അതിനാൽ നിസ്സംഗനായ എനിക്കും ദേഹാഭിമാനികളായ നിങ്ങൾക്കും തമ്മിൽ ബന്ധമൊന്നുമില്ലാത്തതുകൊണ്ട് എന്നെക്കുറിച്ചു വ്യസനിക്കുന്നതു വെറുതെയാണെന്നു സൂചന.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

12 ഇത്യുദീര്യ ഗതോ ജീവോ ജ്ഞാതയസ്തസ്യ തേ തദാ
വിസ്മിതാ മുമുചുഃ ശോകം ഛിത്വാത്മസ്നേഹശൃംഖലാം

| | |
|---|---|
| ഇതി | എന്നിപ്രകാരം |
| ഉദീര്യ | പറഞ്ഞ് |
| ജീവഃ | ജീവൻ |
| ഗതഃ | തിരോധാനം ചെയ്തു |
| തദാ | അന്നേരം |
| തസ്യ | അവന്റെ |
| ജ്ഞാതയഃ | ജ്ഞാതികളായ |
| തേ | അവരെല്ലാം |
| വിസ്മിതാഃ | വിസ്മിതരായിട്ട് |
| ആത്മസ്നേഹശൃംഖലാം | സ്വദേഹത്തോടുള്ള സ്നേഹമാകുന്ന ചങ്ങലയെ |
| ഛിത്വാ | അറുത്തുകളഞ്ഞ് |
| ശോകം | ദുഃഖത്തെ |
| മുമുചുഃ | ഉപേക്ഷിച്ചു |

13 നിർഹൃത്യ ജ്ഞാതയോ ദേഹം തഥാ കൃത്വോചിതാഃ ക്രിയാഃ
തത്യജുർദുസ്ത്യജം സ്നേഹം ശോകമോഹഭയാർത്തിദം

| | |
|---|---|
| ജ്ഞാതയഃ | ഉററവരായ ജനങ്ങൾ |
| ദേഹം | മൃതശരീരത്തെ |
| നിർഹൃത്യ | സംസ്ക്കരിച്ചു് |
| ഉചിതാഃ | സമുചിതങ്ങളായ |
| ക്രിയാഃ | ശേഷക്രിയകളെ |
| തഥാ | യഥാവിധി |
| കൃത്വാ | ചെയ്തശേഷം, |
| ശോകമോഹ- ഭയാർത്തിദം | ദുഃഖം, ആലസ്യം, ഭീതി, പീഡാനുഭവം എന്നിവയെ പ്രദാനം ചെയ്യുന്നതും |
| ദുസ്ത്യജം | വിടത്തുവാൻ പ്രയാസമുള്ളതുമായ |
| സ്നേഹം | മമതാബന്ധത്തെ |
| തത്യജുഃ | പരിത്യജിച്ചു |

14 ബാലഘ്ന്യോ വ്രീഡിതാസ്തത്ര ബാലഹത്യാഹതപ്രഭാഃ
ബാലഹത്യാവ്രതം ചേരുർബ്രാഹ്മണൈർയന്നിരൂപിതം
യമുനായാം മഹാരാജ സ്മരന്ത്യോ ദ്വിജഭാഷിതം

| | |
|---|---|
| മഹാരാജ | മഹാരാജാവേ! |
| ബാലഹത്യാ- ഹതപ്രഭാഃ | ബാലഹത്യയാൽ നശിപ്പിക്കപ്പെട്ട മുഖകാന്തിയോടു കൂടിയവരായും |
| വ്രീഡിതാഃ | ലജ്ജിതകളായും ഭവിച്ചു് |
| തത്ര | അവിടെ നിന്നിരുന്ന |
| ബാലഘ്ന്യഃ | ബാലഘാതിനികൾ |
| ബ്രാഹ്മണൈഃ | ബ്രാഹ്മണരാൽ |
| നിരൂപിതം | ശാസ്ത്രാനുസാരം നിശ്ചയിക്കപ്പെട്ട |
| ബാലഹത്യാ- വ്രതം | ശിശുഹത്യാദോഷം തീരുവാനുള്ള പ്രായശ്ചിത്തവ്രതം |
| യത് (തത്) | യാതൊന്നോ അതു് |
| യമുനായാം | യമുനാതീരത്തിൽ വെച്ചു് |
| ദ്വിജഭാഷിതം | അംഗിരസ്സുമുനിയുടെ ഉപദേശവചനത്തെ |
| സ്മരന്ത്യഃ | ഓർമ്മിച്ചുകൊണ്ടു് |
| ചേരുഃ | അനുഷ്ഠിച്ചു |

15 സ ഇത്ഥം പ്രതിബുദ്ധാത്മാ ചിത്രകേതുർദ്വിജോക്തിഭിഃ
ഗൃഹാന്ധകൂപാന്നിഷ്ക്രാന്തഃ സരഃപങ്കാദിവ ദ്വിപഃ

| | |
|---|---|
| സഃ ചിത്രകേതുഃ | ആ ചിത്രകേതു |
| ദ്വിജോക്തിഭിഃ | മാമുനിമാരുടെ വചനങ്ങളാൽ |
| ഇത്ഥം | ഈവിധം |
| പ്രതിബുദ്ധാത്മാ | ഉണർവുവന്ന മനസ്സോടുകൂടിയവനായിട്ടു് |
| ഗൃഹാന്ധ- കൂപാത് | ഗാർഹസ്ഥ്യമാവുന്ന പാഴ്കിണററിൽ നിന്നു്, |
| ദ്വിപഃ | ആന |
| സരഃ- പങ്കാത് ഇവ | തടാകത്തിലെ ചേററിൽ നിന്നെന്നപോലെ |
| നിഷ്ക്രാന്തഃ | പുറത്തേക്കുവന്നു |

16 കാളിന്ദ്യാം വിധിവത്സ്നാത്വാ കൃതപുണ്യജലക്രിയഃ
മൗനേന സംയതപ്രാണോ ബ്രഹ്മപുത്രാവവന്ദത

| | |
|---|---|
| കാളിന്ദ്യാം | യമുനയിൽ |
| വിധിവത് | വിധിയാംവണ്ണം |
| സ്നാത്വാ | സ്നാനം ചെയ്തു് |
| കൃതപുണ്യ- ജലക്രിയഃ | പിതൃതർപ്പണാദി പുണ്യജലക്രിയകൾ നിറവേററി, |
| സംയതപ്രാണഃ | ആത്മസംയാമം ചെയ്തു് |
| മൗനേന | മൗനഭാവത്തോടെ |
| ബ്രഹ്മപുത്രൗ | ബ്രഹ്മപുത്രന്മാരായ അംഗിരസ്സിനെയും നാരദനെയും |
| അവന്ദത | വന്ദിച്ചു |

17 അഥ തസ്മൈ പ്രപന്നായ ഭക്തായ പ്രയതാത്മനേ
ഭഗവാൻ നാരദഃ പ്രീതോ വിദ്യാമേതാമുവാച ഹ

| | |
|---|---|
| അഥ | അനന്തരം |
| പ്രയതാത്മനേ | ശുദ്ധാന്തഃകരണ-നായി |
| പ്രപന്നായ | ശരണംപ്രാപിച്ച |
| ഭക്തായ | ഭക്തനായുള്ള |
| തസ്മൈ | അദ്ദേഹത്തിന് |
| ഭഗവാൻ | സർവ്വജ്ഞനായ |
| നാരദഃ | നാരദമഹർഷി |
| പ്രീതഃ | സന്തുഷ്ടനായിട്ട |
| ഏതാം വിദ്യാം | ഈ മന്ത്രവിദ്യയെ |
| ഉവാച ഹ | ചൊല്ലികൊടുത്തു |

18 ഓം നമസ്തുഭ്യം ഭഗവതേ വാസുദേവായ ധീമഹി
പ്രദ്യുമ്നായാനിരുദ്ധായ നമഃ സങ്കർഷണായ ച

| | |
|---|---|
| ഭഗവതേ | സർവൈശ്വര്യാദി ഷഡ്ഗുണപൂർണ്ണനായി |
| വാസുദേവായ | ചിത്തത്തെ അധി-ഷ്ഠാനം ചെയ്യുന്ന വാസുദേവനായിരിക്കുന്ന |
| തുഭ്യം | നിന്തിരുവടിക്കായി-ക്കൊണ്ട് |
| നമഃ | നമസ്കാരത്തെ |
| ധീമഹി | ധ്യാനിച്ചുകൊള്ളുന്നു. |
| പ്രദ്യുമ്നായ | ബുദ്ധിയെ അധിഷ്ഠാനം ചെയ്യുന്ന പ്രദ്യുമ്നനായും |
| അനിരുദ്ധായ | മനസ്സിനെ അധിഷ്ഠാനം ചെയ്യുന്ന-അനിരുദ്ധനായും |
| സങ്കർഷണായ ച നമഃ | അഹങ്കാരത്തെ അധിഷ്ഠാനം ചെയ്യുന്ന സങ്കർഷണനായും നമസ്കാരം |

19 നമോ വിജ്ഞാനമാത്രായ പരമാനന്ദമൂർത്തയേ
ആത്മാരാമായ ശാന്തായ നിവൃത്തദ്വൈതദൃഷ്ടയേ

| | |
|---|---|
| വിജ്ഞാന-മാത്രായ | അഖണ്ഡവിജ്ഞാന-മയനായി, |
| പരമാനന്ദ-മൂർത്തയേ | അഖണ്ഡാനന്ദ സ്വരൂപനായി, |
| ആത്മാരാമായ | ആത്മസ്വരൂപത്തിൽ രമിക്കുന്നവനായി, |
| ശാന്തായ | വിക്ഷോഭരഹിതനായി, |
| നിവൃത്തദ്വൈത-ദൃഷ്ടയേ | താനെന്നും അന്യനെന്നുമുള്ള ഭേദദർശനം ഇല്ലാത്തവനുമായ ഭഗവാന്ന് |
| നമഃ | നമസ്കാരം |

20 ആത്മാനന്ദാനുഭൂത്യൈവ ന്യസ്തശക്ത്യൂർമ്മയേ നമഃ
ഹൃഷീകേശായ മഹതേ നമസ്തേ വിശ്വമൂർത്തയേ

| | |
|---|---|
| ആത്മാനന്ദാ-നുഭൂത്യാഏവ | ആത്മാനന്ദത്തിന്റെ കേവലാനുഭൂതിയാൽ |
| ന്യസ്തശക്ത്യൂ-ർമ്മയേ നമഃ | മായാനിമിത്തങ്ങളായ രാഗദ്വേഷാദികളുടെ അലകളെ അകററിനിർത്തിയിരിക്കുന്ന ഭഗവാന്ന് നമസ്കാരം |
| ഹൃഷീകേശായ | ഇന്ദ്രിയങ്ങളുടെ നിയന്താവും |
| മഹതേ | വിരാട്സ്വരൂപനും |
| വിശ്വമൂർത്തയേ | വിശ്വസ്വരൂപനുമായ |
| തേ | നിന്തിരുവടിക്ക് |
| നമഃ | നമസ്കാരം |

21 വചസ്യുപരതേഽപ്രാപ്യ യ ഏകോ മനസാ സഹ
അനാമരൂപശ്ചിന്മാത്രഃ സോഽവ്യാന്നഃ സദസത്പരഃ

| | |
|---|---|
| മനസാ സഹ | മനസ്സോടൊപ്പം |
| വചസി | വാക്കും (ഇതരേന്ദ്രിയങ്ങളും) |
| അപ്രാപ്യ | പ്രാപിക്കാനാവാതെ |
| ഉപരതേ | വിരമിക്കവേ, |
| അനാമരൂപഃ | നാമരൂപങ്ങളില്ലാത്തവനും |
| ചിന്മാത്രഃ | സച്ചിദാത്മാവും |

| | |
|---|---|
| സദസത്പരഃ | കാര്യകാരണങ്ങളുടെ മൂലകാരണവുമായ |
| യഃ | യാതൊരുവൻ |
| ഏകഃ | ഏകനായി (ഭക്തഹൃദയങ്ങളിൽ വിളങ്ങുന്നുവോ) |
| സഃ നഃ | അവൻ ഞങ്ങളെ |
| അവ്യാത് | രക്ഷിക്കട്ടെ |

കാര്യകാരണങ്ങളുടെ മൂലകാരണമെന്നു പറഞ്ഞതിനെ വ്യക്തമാക്കിക്കൊണ്ടു് ഇനി നമോവാകമർപ്പിക്കുന്നു-

22 യസ്മിന്നിദം യതശ്ചേദം തിഷ്ഠത്യപ്യേതി ജായതേ
മൃണ്മയേഷ്വിവ മൃജ്ജാതിസ്തസ്മൈ തേ ബ്രഹ്മണേ നമഃ

| | |
|---|---|
| മൃണ്മയേഷു | പലമാതിരി മൺപാത്രങ്ങളിൽ |
| മൃജ്ജാതിഃ | ഒരേ മണ്ണുമാത്രം |
| ഇവ | വ്യാപകമായിട്ടിരിക്കുന്ന പോലെ |
| ഇദം | കാര്യകാരണ പ്രപഞ്ചം |
| യസ്മിൻ | യാതൊന്നിൽ |
| തിഷ്ഠതി | നിലകൊള്ളുകയും |
| അപ്യേതി | വിലയിക്കുകയും ചെയ്യുന്നുവോ, |

| | |
|---|---|
| യതഃ | യാതൊന്നിൽ നിന്നു് |
| ഇദം | ഇതു് |
| ജായതേ ച | ഉണ്ടാവുകയും ചെയ്യുന്നുവോ, |
| തസ്മൈ | അങ്ങനെയുള്ള |
| ബ്രഹ്മണേ | ബ്രഹ്മതത്ത്വമായ |
| തേ | നിന്തിരുവടിക്കു് |
| നമഃ | നമസ്കാരം — |

കുടം, കലം മുതലായ മൺപാത്രങ്ങൾ നാമരൂപങ്ങളാൽ വിഭിന്നങ്ങളാണ്. എങ്കിലും അവയെല്ലാം മണ്ണിൽനിന്നുണ്ടാവുകയും മണ്ണായിട്ടുതന്നെ നില്ക്കുകയും മണ്ണിൽത്തന്നെ ലയിക്കുകയും ചെയ്യുന്നതിനാൽ വാസ്തവത്തിൽ മണ്ണുമാത്രമാണു് അതുപോലെ കാര്യകാരണാത്മകമായ ഈ പ്രപഞ്ചം നാനാത്വേന പ്രതീയമാനമാണെങ്കിലും അതിന്റെ ഉൽപത്തിസ്ഥിതിലയങ്ങൾക്കു് ആധാരം ബ്രഹ്മമാകയാൽ വാസ്തവത്തിൽ അതു ബ്രഹ്മസ്വരൂപം മാത്രമാണെന്നു സിദ്ധം.

ഈ വിധം സർവാധാരമായി - സർവവ്യാപകമായി ഇരിക്കുന്നതാണെങ്കിലും ആ ബ്രഹ്മസ്വരൂപം ഇന്ദ്രിയാദികൾക്കു വിഷയീഭവിക്കുന്നതല്ലെന്നു് പറഞ്ഞു് വീണ്ടും നമോവാകമർപ്പിക്കുന്നു.

യന്ന സ്പൃശന്തി ന വിദുർമ്മനോബുദ്ധീന്ദ്രിയാസവഃ
അന്തർബ്ബഹിശ്ച വിതതം വ്യോമവത്തന്നതോസ്മ്യഹം

| | | | |
|---|---|---|---|
| വ്യോമവത് | ആകാശംപോലെ | ന സ്പൃശന്തി | സ്പർശിക്കുന്നില്ലയോ, |
| അന്തഃ | അകത്തും | മനോബുദ്ധീന്ദ്രിയാണി | മനസ്സും, ബുദ്ധിയും ഇന്ദ്രിയങ്ങളും (ജ്ഞാനശക്തിയാൽ) |
| ബഹിഃ ച | പുറത്തും | ന വിദുഃ | അറിയുന്നില്ലയോ, |
| വിതതം | വ്യാപിച്ചതാണെങ്കിലും | തത് | ആ ബ്രഹ്മചൈതന്യത്തെ |
| യത് | യാതൊന്നിനെ | അഹം | ഞാൻ |
| അസവഃ | ശരീരോർജ്ജങ്ങളും (ക്രിയാശക്തിയാൽ) | നതഃ അസ്മി | നമസ്കരിക്കുന്നു. |

വ്യസ്തപദങ്ങളാക്കിയതു് അർത്ഥസാംഗത്യത്തിനുവേണ്ടിയാണ്.—

ഇന്ദ്രിയാദികൾ ബ്രഹ്മചൈതന്യത്തെ അറിയാത്തതെന്തുകൊണ്ടെന്നു് മുനി പറയുന്നു—

24 ദേഹേന്ദ്രിയപ്രാണമനോധിയോഽമീ
യദംശവിദ്ധാഃ പ്രചരന്തി കർമ്മസു
നൈവാന്യദാ ലോഹമിവാപ്രതപ്തം
സ്ഥാനേഷു തദ് ദ്രഷ്ടപദേശമേതി

| | | | |
|---|---|---|---|
| ദേഹേന്ദ്രിയപ്രാണമനോധിയഃ അമീ | ദേഹം, ഇന്ദ്രിയങ്ങളും, പ്രാണങ്ങളും, മനസ്സ്, ബുദ്ധി എന്നിവയെല്ലാം | അപ്രതപ്തം | തീയിനാൽ പഴുപ്പിക്കപ്പെടാത്ത |
| യദംശവിദ്ധാഃ | യാതൊരു ബ്രഹ്മചൈതന്യത്തിന്റെ അംശത്താൽ ആവിഷ്ടങ്ങളാകുമ്പോൾ | ലോഹം ഇവ | ഇരുമ്പുപോലെ |
| കർമ്മസു | തങ്ങൾതങ്ങൾക്കുള്ള കർമ്മങ്ങളിൽ | ന ഏവ | വ്യാപരിക്കുന്നതേ ഇല്ല. |
| പ്രചരന്തി | വ്യാപരിക്കുന്നു. | തത് | ആ ബ്രഹ്മചൈതന്യം |
| അന്യദാ | മറ്റു സന്ദർഭങ്ങളിൽ | സ്ഥാനേഷു | ജാഗ്രദാദ്യവസ്ഥകളിൽ |
| | | ദ്രഷ്ടപദേശം | ദ്രഷ്ടാവെന്ന പേരിനെ അർഹിക്കുന്ന ജീവനെ |
| | | ഏതി | അറിയുകയും ചെയ്യുന്നു |

അഗ്നിസന്തപ്തമല്ലാത്ത ലോഹത്തിന് പൊള്ളലേല്പിക്കാൻ കഴിയില്ലല്ലോ ഇതുപോലെ ബ്രഹ്മചൈതന്യത്താൽ ആവിഷ്ടങ്ങളല്ലാതെ വരുമ്പോൾ ദേഹേന്ദ്രിയാദികൾ പ്രവൃത്തിക്ഷമങ്ങളല്ലാതെയാവുന്നു പിന്നെ ബ്രഹ്മത്തെ അറിയുന്നതെങ്ങനെ? ജാഗ്രത്തിലും സ്വപ്നത്തിലും ദ്രഷ്ടാവായി നിൽക്കുന്ന ജീവനെ ബ്രഹ്മം അറിയുന്നതല്ലാതെ ജീവൻ ബ്രഹ്മത്തെ അറിയുന്നില്ല ആകയാൽ ബ്രഹ്മസ്വരൂപം അജ്ഞാതമായി നിലകൊള്ളുന്നു എന്നു് സാരം.

25 ഓം നമോ ഭഗവതേ മഹാപുരുഷായ മഹാനുഭാവായ മഹാവിഭൂതിപതയേ സകലസാത്വതപരിവൃഢനികരകരകമലകുഡ്മളോപലാളിതചരണാരവിന്ദയുഗള പരമ പരമേഷ്ഠിൻ നമസ്തേ

മഹാപുരുഷായ = മഹിമയുള്ള ആത്മസ്വരൂപമായിരിക്കുന്നവനും

മഹാനുഭാവായ = മഹത്തായ പ്രാഭവത്തോടുകൂടിയവനും

മഹാവിഭൂതിപതയേ = അണിമാദ്യൈശ്വര്യങ്ങളുടെ അധിപതിയുമായ

ഭഗവതേ ഓം നമഃ = ഭഗവാനായിക്കൊണ്ടു നമസ്കാരം

സകലസാത്വത പരിവൃഢ-
നികരകരകമലകുഡ്മളോ-
പലാളിത ചരണാരവിന്ദയുഗള = സമസ്തഭക്തോത്തമ സമൂഹത്തിന്റെയും കൂപ്പുകൈകളാവുന്ന താമരമൊട്ടുകളാൽ ആരാധിക്കപ്പെട്ട ചെന്താരടിയിണയുള്ളവനേ!

പരമ പരമേഷ്ഠിൻ = സർവോത്തമ! സർവേശ്വര!

തേ നമഃ = നിന്തിരുവടിക്കു നമോവാകം

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു —

26 ഭക്തായൈതാം പ്രപന്നായ വിദ്യാമാദിശ്യ നാരദഃ
യയാവങ്ഗിരസാ സാകം ധാമ സ്വായംഭുവം പ്രഭോ

പ്രഭോ — മഹാരാജാവേ!
പ്രപന്നായ — ശരണം പ്രാപിച്ച
ഭക്തായ — ഭക്തന്നു്
ഏതാം വിദ്യാം — ഈ മന്ത്രവിദ്യയെ
ആദിശ്യ — ഉപദേശിച്ചു്
നാരദഃ — നാരദമഹർഷി
അങ്ഗിരസാ — അങ്ഗിരസ്സിനോടു
സാകം — കൂടെ
സ്വായംഭുവം — ബ്രഹ്മാവിന്റെതായ
ധാമ — ആസ്ഥാനത്തിലേക്കു്
യയൗ — യാത്രയായി.

27 ചിത്രകേതുസ്തു വിദ്യാം താം യഥാ നാരദഭാഷിതാം
ധാരയാമാസ സപ്താഹമബ്ഭക്ഷഃ സുസമാഹിതഃ

ചിത്രകേതുഃ തു — ചിത്രകേതുവാകട്ടെ
നാരദ-
ഭാഷിതാം — നാരദമുനിയാൽ ചൊല്ലി കൊടുക്കപ്പെട്ട
താം വിദ്യാം — ആ മന്ത്രവിദ്യയെ
അബ്ഭക്ഷഃ — ജലം മാത്രം ആഹരിച്ചു കൊണ്ടും
സുസമാഹിതഃ — നല്ലപോലെ മനസ്സിരുത്തിക്കൊണ്ടും
യഥാ — വിധിപ്രകാരം
സപ്താഹം — ഏഴുനാൾ
ധാരയാമാ — ഉരുവിട്ടു.

28 തതശ്ച സപ്തരാത്രാന്തേ വിദ്യയാ ധാര്യമാണയാ
വിദ്യാധരാധിപത്യം സ ലേഭേƒപ്രതിഹതം നൃപ

നൃപ — രാജാവേ!
സഃ — അദ്ദേഹം
തതഃ ച — പിന്നീടു്
ധാര്യമാണയാ — സശ്രദ്ധം ഉരുവിട്ടു കൊണ്ടിരുന്ന
വിദ്യയാ — മന്ത്രവിദ്യകൊണ്ടു്
സപ്തരാത്രാന്തേ — ഏഴുദിവസങ്ങളുടെ സമാപനത്തിൽ
അപ്രതിഹതം — പ്രതിബന്ധരഹിതമായ
വിദ്യാധരാ-
ധിപത്യം — വിദ്യാധരാധിപസ്ഥാനം
ലേഭേ — നേടിയെടുത്തു.

29 തതഃ കതിപയാഹോഭിർ വിദ്യയേദ്ധമനോഗതിഃ
ജഗാമ ദേവദേവസ്യ ശേഷസ്യ ചരണാന്തികം

തതഃ — അതിൽപ്പിന്നെ
കതിപയാഹോഭിഃ — ഏതാനും ചില ദിവസങ്ങളെക്കൊണ്ട്
വിദ്യയാ — വിദ്യാധാരണയാൽ
ഇദ്ധമനോഗതിഃ — ഉദ്ദീപ്തമായ മനസ്സിലൂടെ ഗമനം സാധിച്ചവനായിട്ട്,
ദേവദേവസ്യ — ദേവന്മാരുടെയും ദേവനായിരിക്കുന്ന
ശേഷസ്യ — സങ്കർഷണന്റെ
ചരണാന്തികം — പാദസന്നിധിയിലേക്ക്
ജഗാമ — ഗമിച്ചു—

30 മൃണാളഗൗരം ശിതിവാസസം സ്ഫുരത്-
കിരീടകേയൂരകടിത്രകങ്കണം
പ്രസന്നവക്ത്രാരുണലോചനം വൃതം
ദദർശ സിദ്ധേശ്വരമണ്ഡലൈഃ പ്രഭും

മൃണാളഗൗരം — താമരവളയംപോലെ വെളുത്ത—
ശിതിവാസസം — നീലവസ്ത്രം ധരിച്ച-
സ്ഫുരത്കിരീടകേയൂരകടിത്ര കങ്കണം — മിന്നിത്തിളങ്ങുന്ന കിരീടവും, തോൾവളയും, അരപ്പട്ടയും, കൈവളയും അണിഞ്ഞ—
പ്രസന്നവക്ത്രാരുണലോചനം — തെളിവാർന്ന മുഖത്തോടും അരുണവർണ്ണം കലർന്ന നേത്രങ്ങളോടും കൂടിയ
സിദ്ധേശ്വരമണ്ഡലൈഃ — സിദ്ധേശ്വരന്മാരുടെ സംഘങ്ങളാൽ
വൃതം — ചുററപ്പെട്ടുകൊണ്ടിരിക്കുന്ന
പ്രഭും — പ്രഭുവിനെ
ദദർശ — ദർശിച്ചു—

31 തദ്ദർശനധ്വസ്തസമസ്തകില്ബിഷഃ
സ്വച്ഛാമലാന്തഃകരണോഽഭ്യയാന്മുനിഃ
പ്രവൃദ്ധഭക്ത്യാ പ്രണയാശ്രുലോചനഃ
പ്രഹൃഷ്ടരോമാനമദാദിപൂരുഷം

തദ്ദർശനധ്വസ്തസമസ്തകില്ബിഷഃ — തന്തിരുവടിയുടെ ദർശനത്താൽ അററുപോയ സകലപാപങ്ങളോടു കൂടിയവനായി—
സ്വച്ഛാമലാന്തഃകരണഃ — സ്വച്ഛവും നിർമ്മലവുമായ അന്തഃകരണത്തോടുകൂടിയവനായി—
പ്രണയാശ്രുലോചനഃ — പ്രേമാതിശയത്താൽ കണ്ണീർനിറഞ്ഞ നേത്രങ്ങളോടു കൂടിയവനായി—
പ്രഹൃഷ്ടരോമാ — കോരിത്തരിപ്പുകൊണ്ടവനായി ഭവിച്ച ചിത്രകേതു
പ്രവൃദ്ധഭക്ത്യാ — വർദ്ധിച്ച ഭക്തിയോടെ
മുനിഃ — മൗനാവലംബിയായിട്ട്
ആദിപൂരുഷം — പുരാണപുരുഷനായ സങ്കർഷണ മൂർത്തിയെ
അഭ്യയാത് — ശരണം ഗമിച്ചു;
അനമത് — വീണുവണങ്ങി.

32 സ ഉത്തമശ്ലോകപദാബ്ജവിഷ്ടരം
പ്രേമാശ്രുലേശൈരുപമേഹയൻ മുഹുഃ
പ്രേമോപരുദ്ധാഖിലവർണനിർഗമോ
നൈവാശകത്തം പ്രസമീഡിതും ചിരം

| | |
|---|---|
| സഃ | അദ്ദേഹം |
| ഉത്തമശ്ലോക-പദാബ്ജ-വിഷ്ടരം | ഉത്തമകീർത്തിമാനായ ഭഗവാൻെറ പാദപദ്മപീഠത്തെ |
| പ്രേമാശ്രു-ലേശൈഃ | പ്രേമാശ്രുബിന്ദുക്കളാൽ |
| മുഹുഃ | വീണ്ടും വീണ്ടും |
| ഉപമേഹയൻ | നനച്ചുകൊണ്ട്, |
| പ്രേമോപരുദ്ധാ-ഖിലവർണ-നിർഗമഃ | പ്രേമത്താൽ തടയപ്പെട്ട എല്ലാ അക്ഷരങ്ങളുടെയും ബഹിർഗമനത്തോടു കൂടിയവനായിട്ട് |
| തം | തന്തിരുവടിയെ |
| ചിരം | ഏറെനേരം |
| പ്രസമീഡിതും | വാഴ്ത്തിസ്തുതിക്കാൻ |
| അശകത് ന ഏവ | ശക്തനായി ഭവിച്ചതേ ഇല്ല |

33 തതഃ സമാധായ മനോ മനീഷയാ
ബഭാഷ ഏതത് പ്രതിലബ്ധവാഗസൗ
നിയമ്യ സർവേന്ദ്രിയബാഹ്യവർത്തനം
ജഗദ്ഗുരും സാത്വതശാസ്ത്രവിഗ്രഹം -

| | |
|---|---|
| തതഃ | തദനന്തരം |
| മനീഷയാ | ബുദ്ധികൊണ്ട് |
| മനഃ | മനസ്സിനെ |
| സമാധായ | അടക്കിയിട്ട് |
| സർവേന്ദ്രിയ-ബാഹ്യവർത്തനം | സമസ്തേന്ദ്രിയങ്ങളുടെയും ബാഹ്യപ്രവർത്തനത്തെ |
| നിയമ്യ | നിയന്ത്രിച്ച് |
| പ്രതിലബ്ധ-വാക് അസൗ | വീണ്ടുകിട്ടിയ ഭാഷണശേഷിയോടു കൂടിയ അദ്ദേഹം |
| സാത്വതശാസ്ത്ര-വിഗ്രഹം | ഭക്തിയോഗസംഹിതകളിൽ ചിത്രീകരിച്ചുകാണുന്ന ആകാരത്തോടുകൂടിയ |
| ജഗദ്ഗുരും | ലോകഗുരുവിനെ |
| ഏതത് | ഇപ്രകാരം |
| ബഭാഷേ | ഉണർത്തിച്ചു |

ഇനിയുള്ള 15 ശ്ലോകങ്ങളാം ചിത്രകേതുവിൻെറ സങ്കർഷണസ്തുതിയാകുന്നു.

ചിത്രകേതുരുവാച = ചിത്രകേതു പറഞ്ഞു -

34 അജിത ജിതഃ സമമതിഭിഃ
സാധുഭിർഭവാൻ ജിതാത്മഭിർഭവതാ
വിജിതാസ്തേപി ച ഭജതാ-
മകാമാത്മനാം യ ആത്മദോऽതികരുണഃ -

| | |
|---|---|
| അജിത | ആരാലും ജയിക്കപ്പെട്ടില്ലാത്ത ഭഗവാനേ! |
| സമമതിഭിഃ | സമബുദ്ധിയുള്ളവരും |
| ജിതാത്മഭിഃ | മനസ്സിനെ ജയിച്ചവരുമായ |
| സാധുഭിഃ | ഭക്തജനങ്ങളാൽ |
| ഭവാൻ | അങ്ങുന്ന് |
| ജിതഃ | ജയിക്കപ്പെട്ടവനാകുന്നു. |
| ഭവതാ | അങ്ങയാൽ |
| തേ അപിച | അവരും |
| വിജിതാഃ | വിജയിക്കപ്പെട്ടവരാകുന്നു. |
| അതികരുണഃ | അതികാരുണികനായ |
| യഃ | യാതൊരു അങ്ങുന്ന് |
| അകാമാത്മനാം | നിഷ്കാമമനസ്സരായി |
| ഭജതാം | ഭജിക്കുന്നവർക്ക് |
| ആത്മദഃ | ആത്മാവിനെത്തന്നെ കൊടുക്കുന്നവനാണ്. |

35 തവ വിഭവഃ ഖലു ഭഗവൻ
ജഗദുദയസ്ഥിതിലയാദീനി
വിശ്വസൃജസ്തേംശാംശാ-
സ്തത്ര മൃഷാ സ്പർദ്ധന്തേ പൃഥഗഭിമത്യാ

| | |
|---|---|
| ഭഗവൻ | ഭഗവാനേ! |
| ജഗദുദയ-സ്ഥിതിലയാദീനി | ലോകത്തിന്റെ ഉല്പത്തി സ്ഥിതി വിനാശാദികൾ |
| തേ | അങ്ങയുടെ |
| വിഭവഃ ഖലു | ലീലയത്രേ |
| തത്ര | ആയതിൽ |
| തേ | അങ്ങയുടെ |
| അംശാംശാഃ | അംശത്തിന്റെ അംശങ്ങളായ |
| വിശ്വസൃജഃ | വിശ്വസ്രഷ്ടാക്കൾ |
| പൃഥഗഭിമത്യാ | തങ്ങൾ വേറെയാണെന്ന വ്യാമോഹത്താൽ |
| മൃഷാ | വെറുതെ |
| സ്പർദ്ധന്തേ | മത്സരിക്കുന്നു. |

'ലോകത്തിന്റെ സൃഷ്ടിസ്ഥിതിലയങ്ങൾ അങ്ങയുടെ ലീലമാത്രമാണ്. മായാവിഭ്രാന്തിമൂലം സൃഷ്ട്യാദികർമ്മങ്ങൾ നടത്തുന്നതു തങ്ങളാണെന്ന് വിശ്വസ്രഷ്ടാക്കളായ ബ്രഹ്മാദിദേവന്മാർ മിഥ്യാഭിമാനംകൊള്ളുന്നു. അവരെല്ലാം അങ്ങയുടെ അംശത്തിന്റെയും അംശങ്ങളത്രേ' എന്ന് വിവക്ഷിതാർത്ഥം.

36 പരമാണുപരമമഹതോ-
സ്ത്വമാദ്യന്താന്തരവർത്തീ ത്രയവിധുരഃ
ആദാവന്തേഽപി ച സത്വാനാം
യദ്ധ്രുവം തദേവാന്തരാളേഽപി.

| | |
|---|---|
| പരമാണു- പരമ- മഹതോഃ | മൂലകാരണമായ സൂക്ഷ്മാണുവിന്റെയും അന്തിമകാര്യമായ സ്ഥൂലപ്രപഞ്ചത്തിന്റെയും |
| ആദ്യന്താ-ന്തരവർത്തീ | ആദിയിലും അന്തത്തിലും മദ്ധ്യത്തിലും വർത്തിക്കുന്ന |
| ത്വം | നിന്തിരുവടി |
| ത്രയവിധുരഃ | ഈ മൂന്നും ഇല്ലാത്തവനാണ് |
| സത്വാനാം | ഉണ്മയായിട്ടു തോന്നുന്ന വസ്തുക്കളുടെ |
| ആദൗ | തുടക്കത്തിലും |
| അന്തേ അപിച | ഒടുക്കത്തിലും |
| യത് | യാതൊന്ന് |

| | | | |
|---|---|---|---|
| ധ്രുവം | സുസ്ഥിരമായി നിൽക്കുന്നവോ, | അന്തരാളേ അപി | ഇടവേളയിങ്കലും ഉള്ളതു്. |
| തത് ഏവ | അതുതന്നെയാണു് | | |

ആഭരണമായി രൂപപ്പെടുന്നതിന്നുമുൻപും ആഭരണസ്വരൂപം ഇല്ലാതായശേഷവും സ്വർണ്ണം സ്ഥിരമായിരിക്കുന്നതിനാൽ ആഭരണരൂപത്തിലിരിക്കുമ്പോഴും അതു സ്വർണ്ണം തന്നെയാണല്ലോ. ഇതുപോലെ പ്രപഞ്ചമൂലകാരണത്തിൻെറ ആദിയിലും പ്രപഞ്ചത്തിൻെറ അന്തത്തിനുശേഷവും ധ്രുവമായി നിലക്കൊള്ളുന്ന ആ ആദിശേഷസ്വരൂപം തന്നെയാണു് ആദ്യന്തങ്ങളുടെ മധ്യാവസ്ഥയിലും ഉള്ളതു്.

ആദ്യന്തമധ്യകാലങ്ങളിൽ ധ്രുവതേന സ്ഥിതിചെയ്യുന്നുവെന്നു പറഞ്ഞതിൽ നിന്നു് കാലപരിച്ഛേദമില്ലെന്നു സിദ്ധമായി അതുപോലെ ദേശപരിച്ഛേദവുമില്ലെന്നു് അടുത്ത ശ്ലോകം കൊണ്ടുകാണിക്കുന്നു.

37 ക്ഷിത്യാദിഭിരേഷ കിലാ-
വൃതഃ സപ്തഭിർദശഗുണോത്തരൈരണ്ഡകോശഃ
യത്ര പതന്ത്യണുകല്പാഃ
സഹാണ്ഡകോടികോടിഭിസ്തദനന്തഃ

| | | | |
|---|---|---|---|
| ദശഗുണോത്തരൈഃ | പതിപ്പത്തിരട്ടി കൂടുതൽ കൂടുതലായിട്ടിരിക്കുന്ന | അണ്ഡകോടി-കോടിഭിഃ സഹ | കോടിക്കണക്കിലുള്ള ബ്രഹ്മാണ്ഡങ്ങളോടുകൂടെ |
| ക്ഷിത്യാദിഭിഃ | പൃഥിവ്യാദികളായ | അണുകല്പാഃ | അണുപ്രായമായി |
| സപ്തഭിഃ | ഏഴുപദാർത്ഥങ്ങളാൽ | പതന്തി | ചുററിക്കൊണ്ടിരിക്കുന്നു. |
| ആവൃതഃ | ആവരണംചെയ്യപ്പെട്ട | തത് (ത്വം) | ആകയാൽ, അങ്ങു് |
| ഏഷഃ കില | ഇയ്യുള്ള | അനന്തഃ | അനന്തനാകുന്നു (വ്യാപ്തിയാൽ അററമില്ലാത്തവനാകുന്നു) |
| അണ്ഡകോശഃ | ബ്രഹ്മാണ്ഡകടാഹം | | |
| യത്ര | യാതൊരു നിന്തിരുവടിയിൽ | | |

''അതിനാൽ സർവേശ്വരൻ അങ്ങുന്നു് തന്നെ, മററുള്ള ദേവന്മാർ അങ്ങയുടെ വിഭൂതികൾ മാത്രമാണു്. വിഷയകാമനയാൽ ആ ദേവന്മാരെ ഉപാസിക്കുന്നവർ മന്ദബുദ്ധികളാകുന്നു''. ഈ ആശയത്തെ ഉള്ളിരുത്തിക്കൊണ്ടു് ഇനി സ്തുതിക്കുന്നു-

38 വിഷയതൃഷോ നരപശവോ
യ ഉപാസതേ വിഭൂതീർന പരം ത്വാം
തേഷാമാശിഷ ഈശ
തദനു വിനശ്യന്തി യഥാ രാജകുലം.

| | |
|---|---|
| ഈശ | ഹേ നിയന്താവേ! |
| വിഷയതൃഷഃ | വിഷയതൃഷ്ണയുള്ള |
| യേ | യാവചില |
| നരപശവഃ | മനുഷ്യമൃഗങ്ങൾ |
| വിഭൂതീഃ | അങ്ങയുടെ അംശങ്ങളായ നാനാദേവന്മാരെ |
| ഉപാസതേ | ഉപാസിക്കുകയും |
| പരം | പരിപൂർണ്ണനായ |
| ത്വാം ന | അങ്ങയെ ഉപാസിക്കാതിരിക്കുകയും ചെയ്യുന്നുവോ, |

| | |
|---|---|
| തേഷാം | അവർക്കുണ്ടാവുന്ന |
| ആശിഷഃ | അനുഗ്രഹസിദ്ധികൾ |
| തദനു | ആദേവന്മാരുടെ അഭാവത്തിനുശേഷം |
| രാജകുലം യഥാ | രാജവംശം നശിച്ചശേഷം രാജസേവകന്മാരുടെ സ്ഥിതിയേതുപോലെയോ, അതുപോലെ |
| വിനശ്യന്തി | ഇല്ലാതെയാവുന്നു. |

'വിഷയേച്ഛയോടെ ഉപാസിക്കുന്നവർക്കും കൂടി നിന്തിരുവടി മുക്തിയരുളുന്നു' എന്ന ആശയത്തെ പ്രതിഫലിപ്പിച്ചു കൊണ്ട് ഇനി സ്തുതിക്കുന്നു–

39 കാമധിയസ്ത്വയി രചിതാ
ന പരമ രോഹന്തി യഥാ കരംഭബീജാനി
ജ്ഞാനാത്മന്യഗുണമയേ
ഗുണഗണതോƨസ്യ ബന്ധജാലാനി

| | |
|---|---|
| പരമ | ഹേ സർവോത്തമ! |
| ജ്ഞാനാത്മനി | ജ്ഞാനസ്വരൂപനും |
| അഗുണമയേ | നിർഗുണനുമായ |
| ത്വയി | അങ്ങയിൽ |
| രചിതാഃ | അർപ്പിക്കപ്പെട്ട |
| കാമധിയഃ | കാമസങ്കല്പങ്ങൾ പോലും |
| കരംഭബീജാനി | വറുത്തവിത്തുകൾ |

| | |
|---|---|
| യഥാ | എന്നപോലെ |
| ന രോഹന്തി | മുളക്കുന്നതല്ല |
| അസ്യ | ഈ ജീവനു് |
| ഗുണഗണതഃ | ഗുണത്രയങ്ങളാവുന്നതൽക്കെട്ടിൽനിന്നത്രേ |
| ബന്ധജാലാനി | ബന്ധങ്ങളാവുന്ന കെട്ടുവലകളുണ്ടാവുന്നതു് |

കാമസങ്കല്പത്തോടുകൂടിയായാലും നിർഗുണനായ ഭഗവാനെ ഭജിക്കുന്നവർക്കു് കാലക്രമേണ നൈർഗുണ്യം തന്നെ സിദ്ധിക്കുമെന്നുസാരം.

സകാമോപാസനപോലും മുക്തിസാധകമാണെന്നിരിക്കെ, നിഷ്കാമോപാസനയുടെ മഹിമയെക്കുറിച്ചു പിന്നെ പറയേണ്ടതുണ്ടോ? ഈ ഉപാസനാസമ്പ്രദായത്തിന്റെ പ്രവർത്തകനെന്ന നിലയിൽ സങ്കർഷണമൂർത്തിയെ ഇനി സ്തുതിക്കുന്നു.....

40 ജിതമജിത തദാ ഭവതാ
യദാഹ ഭാഗവതം ധർമ്മമനവദ്യം
നിഷ്കിഞ്ചനാ യേ മുനയ
ആത്മാരാമാ യമുപാസതേƨപവർഗായ

| | |
|---|---|
| അജിത | ഹേ അജിത! |
| (ഭവാൻ) | അങ്ങുന്നു് |
| അനവദ്യം | നിർദ്ദോഷവും |
| ഭാഗവതം ധൎമ്മം | ഭഗവൽപ്രാപ്തിസാധകവുമായ നിഷ്കാമ ഭക്തിമാൎഗ്ഗത്തെ |
| യദാ | എപ്പോൾ |
| ആഹ | ആവിഷ്കരിച്ചുവോ, |
| തദാ | അപ്പോൾ |
| ഭവതാ | അങ്ങയാൽ |
| ജിതം | സൎവ്വോൽക്കൎഷ നിലയിൽ വാണരുളുക എന്നതുണ്ടായി |
| നിഷ്കിഞ്ചനാഃ | ഒന്നുമേ പരിഗ്രഹിക്കാത്തവരും |
| ആത്മാരാമാഃ | ആത്മനിഷ്ഠമായ ആനന്ദമനുഭവിക്കുന്നവരും |
| മുനയഃ | മനനശീലന്മാരുമായ |
| യേ | യാവചില ഋഷീശ്വരന്മാർ |
| അപവൎഗ്ഗായ | മുക്തിക്കുവേണ്ടി |
| യം | യാതൊരു അങ്ങയെ |
| ഉപാസതേ | സമാശ്രയിക്കുന്നു. |

41 വിഷമമതിൎന്ന യത്ര നൃണാം
ത്വമഹമിതി മമ തവേതി ച യദന്യത്ര
വിഷമധിയാ രചിതോ യഃ
സ ഹ്യവിശുദ്ധഃ ക്ഷയിഷ്ണുരധൎമ്മബഹുലഃ

| | |
|---|---|
| യത്ര | യാതൊരു ഭാഗവത ധൎമ്മത്തിൽ |
| ത്വം അഹം ഇതി | നീയെന്നും ഞാനെന്നും |
| മമ തവ ഇതി ച | എന്റേതെന്നും നിന്റേതെന്നും ഉള്ളതായ |
| വിഷമമതിഃ | ഭേദവിചാരം |
| അന്യത്ര യത് | മററുധൎമ്മങ്ങളിലുള്ള പോലെ |
| നൃണാം | മനുഷ്യൎക്കു് |
| ന | ഉണ്ടാകയില്ല |
| വിഷമധിയാ | ഭേദബുദ്ധിയോടെ |
| രചിതഃ | നിൎവ്വഹിക്കപ്പെട്ട |
| യഃ | ഭാഗവതേതരധൎമ്മ യാതൊന്നോ |
| സഃ ഹി | അതു തീരെ |
| അവിശുദ്ധഃ | ശുദ്ധിയില്ലാത്തതും |
| ക്ഷയിഷ്ണുഃ | ക്ഷയിച്ചുവരുന്നതും |
| അധൎമ്മബഹുലഃ | അധൎമ്മം പെരുകിയതും ആകുന്നു. |

നിഷ്കാമ ഭക്തിയിൽ അധിഷ്ഠിതമായ ഭാഗവതധൎമ്മം മാത്രമാണു് അനവദ്യം. അതുകൊണ്ടാണു് ആത്മാരാമന്മാരായ സനൽകുമാരാദി ഋഷീശ്വരന്മാർ ഈ ധൎമ്മത്തെ സമാശ്രയിച്ചതു്. ഏതദ്ധൎമ്മാവലംബികൾക്കു് 'ഞാൻ, നീ' എന്ന ഭേദവിചാരമില്ല. ഇതരധൎമ്മങ്ങൾ വേദവിഹിതങ്ങളാണെങ്കിലും ഭേദഭാവനയുള്ളവയാകയാൽ രാഗദ്വേഷാദികൾ വന്നുചേരുന്നു. ആകയാൽ അവയ്ക്കു ശുദ്ധിയില്ല. അനുഷ്ഠാനം കൊണ്ടുള്ള ഫലവും ശാശ്വതമല്ല. പോരെങ്കിൽ ഹിംസാദിദോഷങ്ങളാൽ അധൎമ്മബഹുലങ്ങളുമാണു്. മുൻശ്ലോകങ്ങളിൽ ഉൾക്കൊള്ളിച്ച ഈ ആശയത്തെ ഇനി അടുത്ത ശ്ലോകം കൊണ്ടു് ഒന്നുകൂടെ വ്യക്തമാക്കുന്നു.

42 കഃ ക്ഷേമോ നിജപരയോഃ
കിയാനൎത്ഥഃ സ്വപരദ്രുഹാ ധൎമ്മേണ
സ്വദ്രോഹാത് തവ കോപഃ
പരസംപീഡനയാ ച തഥാഽധൎമ്മഃ

| | | | |
|---|---|---|---|
| സ്വപരദ്രുഹാ | തനിക്കും അന്യനും ദ്രോഹമുണ്ടാക്കിത്തീക്കുന്ന | തവ | അങ്ങയുടെ |
| ധർമ്മേണ | ധർമ്മത്താൽ | കോപഃ | കോപവും |
| നിജപരയോഃ | തനിക്കും അന്യന്നും | തഥാ | അതുപോലെ |
| ക്ഷേമഃ കഃ | ക്ഷേമമെന്തുണ്ട്? | പരസംപീഡനയാ | അന്യനെ ദ്രോഹിക്കുന്നതുകൊണ്ട് |
| അർത്ഥഃ | പ്രയോജനം | അധർമ്മഃ ച | അധർമ്മം കൂടിയും ഉണ്ടാവുന്നു. |
| കിയാൻ | എത്രമാത്രമുണ്ട്? | | |
| സ്വദ്രോഹാത് | തന്നെ ദ്രോഹിക്കുന്നതുകൊണ്ട് | | |

അനവദ്യമായ ഭാഗവതധർമ്മം വിട്ട മററുള്ള കാമ്യധർമ്മങ്ങൾ അക്ഷേമകരങ്ങളും നിഷ്പ്രയോജനങ്ങളുമാണ്. അവയുടെ അനുഷ്ഠാനം സ്വപീഡനംകൊണ്ടുള്ള ഈശ്വരകോപത്തിന്നും പരപീഡനംകൊണ്ടുള്ള പാപത്തിന്നും വഴി തെളിയിക്കുന്നു. വിരക്തന്മാരല്ലാത്തവരെയും കൂടി വല്ല തരത്തിലും വേദമാർഗ്ഗത്തിൽ പ്രവർത്തിപ്പിക്കാൻ വേണ്ടിയാണ് ഭഗവാൻ ധർമ്മങ്ങളെ ഉപദേശിച്ചിട്ടുള്ളത്; അല്ലാതെ കേവലം താത്വിക ദൃഷ്ടിയല്ല. ഇപ്പറഞ്ഞ ആത്മപരപീഡനം ഭാഗവതധർമ്മത്തിൽ സംഭവിക്കയില്ലെന്നു് ഇനി പറയുന്നു.

43 ന വ്യഭിചരതി തവേക്ഷാ
യയാ ഹ്യഭിഹിതോ ഭാഗവതോ ധർമ്മഃ
സ്ഥിരചരസത്വകദംബേ—
ഷ്വപൃഥഗ്ധിയോ യമുപാസതേ ത്വാര്യാഃ

| | | | |
|---|---|---|---|
| ഭാഗവതഃ | ഭഗവൽപ്രാപ്തിക്കുതകുന്ന | സ്ഥിരചരസത്വകദംബേഷു | സ്ഥാവരജംഗമങ്ങളായ പ്രാണിജാലങ്ങളിൽ |
| ധർമ്മഃ | ഭക്തിമാർഗ്ഗസമ്പ്രദായം | അപൃഥഗ്ധിയഃ | വ്യത്യസ്തഭാവനയില്ലാത്ത |
| യയാ | യാതൊന്നിനാൽ | ആര്യാഃ തു | വിശിഷ്ടന്മാർപോലും |
| അഭിഹിതഃ | ആവിഷ്കരിക്കപ്പെട്ടുവോ, | യം | യാതൊരു ഭാഗവതധർമ്മത്തെ |
| തവ | അങ്ങയുടെ | ഉപാസതേ | ഉപാസിച്ചുകൊണ്ടിരിക്കുന്നു. |
| (സാ) ഈക്ഷാ | ആ കാഴ്ചപ്പാട് | | |
| ന ഹി വ്യഭിചരതി | ഒരിക്കലും പിഴയ്ക്കുകയില്ല | | |
| (യതഃ) | എന്തെന്നാൽ, | | |

ഭാഗവതധർമ്മത്തിൻെറ ആവിഷ്കർത്താവായ സങ്കർഷണമൂർത്തിയുടെ ദർശനം സമസ്തപാപക്ഷയകരമാണെന്നു പ്രത്യേകം എടുത്തു പറഞ്ഞു് സ്തുതിക്കുന്നു.

44 ന ഹി ഭഗവന്നഘടിതമിദം
ത്വദ്ദർശനാന്നൃണാമഖിലപാപക്ഷയഃ
യന്നാമ സകൃച്ഛ്രവണാത്
പുല്ക്കസകോഽപി വിമുച്യതേ സംസാരാത്.

| | |
|---|---|
| ഭഗവൻ | ഭഗവാനേ! |
| യന്നാമ | യാതൊരാളുടെ ഏതെങ്കിലും ഒരുനാമം |
| സകൃത് | ഒരിക്കലെങ്കിലും |
| ശ്രവണാത് | കേട്ടതുകൊണ്ടുമാത്രം |
| പുല്കസകഃ അപി | പരമചണ്ഡാളനും കൂടി |
| സംസാരാത് | ജനമൃതി ചക്രത്തിൽ നിന്നു് |

| | |
|---|---|
| വിമുച്യതേ | തികച്ചും മുക്തനാകുന്നുവോ, |
| ത്വദ്ദർശനാത് | ആ നിന്തിരുവടിയുടെ ദർശനത്താൽ |
| നൃണാം | മനുഷ്യർക്കു് |
| അഖില_ പാപക്ഷയഃ | സകലപാപങ്ങളും അററുപോകുക |
| ഇദം | എന്നതു് |
| ദുർഘടിതം | അസംഭാവ്യമായി |
| നഹി | തീരുകയില്ല |

ഭഗവദ്ദർശനം സാധിച്ചതിലുള്ള തൻെറ ചാരിതാർത്ഥ്യം ഇനി വ്യക്തമാക്കുന്നു_

45 അഥ ഭഗവൻ വയമധുനാ
ത്വദവലോകപരിമൃഷ്ടാശയമലാഃ
സുരഋഷിണാ യദുദിതം
താവകേന കഥമന്യഥാ ഭവതി

| | |
|---|---|
| അഥ | ആകയാൽ |
| ഭഗവൻ | ഭഗവാനേ! |
| അധുനാ | ഇപ്പോൾ |
| വയം | ഞങ്ങൾ |
| ത്വദവലോക_ പരിമൃഷ്ടാ_ ശയമലാഃ | അങ്ങയുടെ ദർശനത്താൽ നീക്കം ചെയ്യപ്പെട്ട ഹൃദയമാലിന്യത്തോടുകൂടിയവരായി ഭവിച്ചിരിക്കുന്നു. |

| | |
|---|---|
| താവകേന | ഭഗവദ്ഭക്തനായ |
| സുരഋഷിണാ | ദേവർഷിയാൽ |
| യത് | യാതൊന്നു് |
| ഉദിതം | കഥിക്കപ്പെട്ടുവോ |
| (തത്) | അതു് |
| അന്യഥാ | മററൊരുതരത്തിൽ |
| കഥം | എങ്ങനെ |
| ഭവതി | സംഭവിക്കും |

46 വിദിതമനന്ത സമസ്തം
തവ ജഗദാത്മനോ ജനൈരിഹാചരിതം
വിജ്ഞാപ്യം പരമഗുരോഃ
കിയദിവ സവിതുരിവ ഖദ്യോതൈഃ

| | |
|---|---|
| അനന്ത | അപരിച്ഛിന്നമൂർത്തേ! |
| ഇഹ | ലോകത്തിൽ |
| ജനൈഃ | ജനങ്ങളാൽ |
| ആചരിതം | ചെയ്യപ്പെട്ടതു് |
| സമസ്തം | മുഴുവനും |
| ജഗദാത്മനഃ | ജഗത്തിൻെറ അന്തര്യാമിയായിരിക്കുന്ന |
| തവ | അവിടുത്തേക്കു് |
| വിദിതം | അറിവുള്ളതാണു് |

| | |
|---|---|
| ഖദ്യോതൈഃ | മിന്നാമിനുങ്ങുകളാൽ |
| ഇവ | പ്രകാശനീയമായിട്ടു് ഒന്നും ഇല്ലാത്തതു പോലെ |
| പരമഗുരോഃ | പരമഗുരുവിൻെറ സന്നിധിയിൽ |
| വിജ്ഞാപ്യം | പ്രത്യേകം പറഞ്ഞറിയിക്കേണ്ടതായിട്ടു് |

അന്തര്യാമിയായ ഭഗവാന്റെ അടുക്കൽ സ്വവൃത്താന്തങ്ങൾ പറഞ്ഞറിയിക്കുന്നതു് മിന്നാമിനുങ്ങുകൾ സൂര്യന്നു് വെളിച്ചം കാട്ടുന്നതുപോലെയാണെന്നു സാരം—

ഇനി രണ്ടു ശ്ലോകങ്ങളാൽ ഭഗവാന്നു് നമോവാകമർപ്പിച്ചു് ഉപസംഹരിക്കുന്നു—

47 നമസ്തുഭ്യം ഭഗവതേ
സകലജഗത്സ്ഥിതിലയോദയേശായ
ദുരവസിതാത്മഗതയേ
കുയോഗിനാം ഭിദാ പരമഹംസായ

| | |
|---|---|
| സകലജഗത്സ്ഥിതിലയോദയേശായ | സർവ്വലോകങ്ങളുടെയും നിലനില്പു്, സംഹാരം ഉല്പത്തി എന്നിവക്കു് നിയന്താവായിരിക്കുന്നവനും |
| ഭിദാ | ഭേദദൃഷ്ടിയോടുകൂടിയ |
| കുയോഗിനാം | യോഗഭ്രഷ്ടന്മാക്കു് |
| ദുരവസിതാത്മഗതയേ | അവിജ്ഞാതമായ നിജതത്ത്വത്തോടു കൂടിയവനും |
| പരമഹംസായ | നിർവ്വികാരാത്മാവും |
| ഭഗവതേ | ജ്ഞാനൈശ്വര്യാദി സമസ്തഗുണോപേതനുമായ |
| തുഭ്യം | നിന്തിരുവടിക്കു് |
| നമഃ | നമസ്കാരം |

48 യം വൈ ശ്വസന്തമനു വിശ്വസൃജഃ ശ്വസന്തി
യം ചേകിതാനമനു ചിത്തയ ഉച്ചകന്തി
ഭൂമണ്ഡലം സർഷപായതി യസ്യ മൂർധ്നി
തസ്മൈ നമോ ഭഗവതേഽസ്തു സഹസ്രമൂർധ്നേ

| | |
|---|---|
| ശ്വസന്തം | വ്യാപരിച്ചുകൊണ്ടിരിക്കുന്ന |
| യം വൈ | യാതൊരുവനെ |
| അനു | അനുസരിച്ചു് |
| വിശ്വസൃജഃ | വിശ്വസ്രഷ്ടാക്കൾ |
| ശ്വസന്തി | വ്യാപരിക്കുന്നു, |
| ചേകിതാനം | അറിഞ്ഞുകൊണ്ടിരിക്കുന്ന |
| യം | യാതൊരുവനെ |
| അനു | അനുസരിച്ചു് |
| ചിത്തയഃ | ജ്ഞാനേന്ദ്രിയങ്ങൾ |
| ഉച്ചകന്തി | അറിവുനേടുന്നു, |
| യസ്യ | യാതൊരുവന്റെ |
| മൂർധ്നി | ശിരസ്സിൽ |
| ഭൂമണ്ഡലം | ഭൂഗോളവലയം |
| സർഷപായതി | കടുകുമണിക്കു സദൃശമായിരിക്കുന്നു |
| സഹസ്രമൂർധ്നേ | ആയിരം ശീർഷങ്ങളോടു കൂടിയ |
| തസ്മൈ | ആ |
| ഭഗവതേ | ഭഗവാനായിക്കൊണ്ടു് |
| നമഃ അസ്തു | നമസ്കാരം ഭവിക്കട്ടെ |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു —

49 സംസ്തുതോ ഭഗവാനേവമനന്തസ്തമഭാഷത
വിദ്യാധരപതിം പ്രീതശ്ചിത്രകേതും കുരൂദ്വഹ

| | |
|---|---|
| കുരൂദ്വഹ | കുരുവംശോത്തമ! |
| ഏവം | ഈ വിധം |
| സംസ്തുതഃ | സ്തുതിക്കപ്പെട്ട |
| ഭഗവാൻ | സർവ്വജ്ഞനായ |
| അനന്തഃ | സങ്കർഷണൻ |
| വിദ്യാധരപതിം | വിദ്യാധരന്മാരുടെ അധിപതിയായ |
| തം ചിത്രകേതും | ആ ചിത്രകേതുവിനോടു് |
| പ്രീതഃ | സന്തുഷ്ടനായിട്ടു് |
| അഭാഷത | അരുളിച്ചെയ്തു |

ശ്രീ ഭഗവാനുവാച = ശ്രീ ഭഗവാൻ അരുളിച്ചെയ്തു

50 യന്നാരദാങ്ഗിരോഭ്യാം തേ വ്യാഹൃതം മേഽനുശാസനം
സംസിദ്ധോഽസി തയാ രാജൻ വിദ്യയാ ദർശനാച്ച മേ-

| | |
|---|---|
| രാജൻ | ഹേ രാജാവേ! |
| നാരദാങ്ഗിരോഭ്യാം | നാരദനാലും അങ്ഗിരസ്സിനാലും |
| മേ | എന്നെക്കുറിച്ചു് |
| യത് | യാതൊരു |
| അനുശാസനം | ഉപദേശം |
| തേ | അങ്ങക്കു് |
| വ്യാഹൃതം | ഉപദേശിക്കപ്പെട്ടിരുന്നുവോ, |
| (തേന) | അതുകൊണ്ടും, |
| തയാ | അപ്രകാരത്തിലുള്ള |
| വിദ്യയാ | മന്ത്രവിദ്യകൊണ്ടും, |
| മേ | എന്റെ |
| ദർശനാത് ച | ദർശനംകൊണ്ടും |
| സംസിദ്ധഃ | നല്ലൊരു സിദ്ധനായി |
| അസി | ഭവിച്ചിരിക്കുന്നു |

ബോധദാർഢ്യം വരുത്തുവാൻ വേണ്ടി സങ്കർഷണ ഭഗവാൻ ചിത്രകേതുവിനു നൽകിയ ഉപദേശം ഇനി 14 ശ്ലോകംകൊണ്ടു പറയുന്നു.—

51 അഹം വൈ സർവഭൂതാനി ഭൂതാത്മാ ഭൂതഭാവനഃ
ശബ്ദബ്രഹ്മ പരംബ്രഹ്മ മമോഭേ ശാശ്വതീ തനൂ

| | |
|---|---|
| സർവഭൂതാനി | സകല ചരാചരങ്ങളും |
| ഭൂതാത്മാ | ചരാചരങ്ങളുടെ അന്തര്യാമിയായ |
| അഹം വൈ | ഞാൻതന്നെയാണു് |
| (യതഃ അഹം) | എന്തെന്നാൽ ഞാൻ |
| ഭൂതഭാവനഃ | ആ ചരാചര പ്രപഞ്ചത്തെ പ്രകാശിപ്പിക്കുന്നവനും അതിന്റെ മൂലകാരണവുമാണു് |
| ശബ്ദബ്രഹ്മ | പ്രപഞ്ചതത്ത്വത്തെ പ്രകാശിപ്പിക്കുന്ന വാങ്മയമായ വേദവും |
| പരംബ്രഹ്മ | പ്രപഞ്ചത്തിന്റെ മൂലകാരണമായ പരബ്രഹ്മവും— |
| ഉഭേ | രണ്ടും |
| മമ | എന്റെ |
| ശാശ്വതീ | നിത്യസത്യങ്ങളായ |
| തനൂ | ശരീരങ്ങളാകുന്നു. |

52 ലോകേ വിതതമാത്മാനം ലോകം ചാത്മനി സന്തതം
ഉഭയം ച മയാ വ്യാപ്തം മയി ചൈവോഭയം കൃതം

ആത്മാനം — ജീവചൈതന്യത്തെ
ലോകേ — ദൃശ്യപ്രപഞ്ചത്തിൽ
വിതതം — ഓരോന്നിലും വ്യാപിച്ചതായും,
ലോകം — ദൃശ്യപ്രപഞ്ചത്തെ
ആത്മനി — ജീവചൈതന്യത്തിൽ
സന്തതം ച — വ്യാപിച്ചതായും,
ഉഭയം — ആ രണ്ടും
മയാ — എന്നാൽ
വ്യാപ്തം ച — വ്യാപിക്കപ്പെട്ടതായും,
മയി ഏവ — എന്നിൽത്തന്നെ
ഉഭയം — ആ രണ്ടും
കൢപ്തം ച — കല്പിതമായതായും ഇരിക്കുന്നതായി
(പശ്യേത്) — കണ്ടുകൊള്ളണം

ചേതനാസ്വരൂപമായ ജീവൻ ഭോക്താവായും ജഡമയമായ പ്രപഞ്ചം ഭോഗ്യമായും പരസ്പരം ബന്ധിച്ചുകൊണ്ടാണിരിക്കുന്നത് കാരണസ്വരൂപമായ എന്നാൽ (പരമാത്മാവിനാൽ) ഇവ രണ്ടും അഭിവ്യാപ്തങ്ങളുമാണ്, ഇവ എന്നിൽ മായാകല്പിതങ്ങളുമാണ്— എന്ന് സാരം.

ഭോക്താവും ഭോഗ്യവും അടങ്ങിയിരിക്കുന്ന വിശ്വം ജാഗ്രദാദ്യവസ്ഥകളിൽ വ്യക്തീഭവിക്കുന്ന സ്ഥിതിക്ക് എങ്ങനെയാണ് കല്പിതമാണെന്നു വിശ്വസിക്കുക?– ഈ ആശങ്കയെ ഇനി രണ്ടു ശ്ലോക കൊണ്ടു പരിഹരിക്കുന്നു–

53 യഥാ പ്രസുപ്തഃ പുരുഷോ വിശ്വം പശ്യതി ചാത്മനി
ആത്മാനമേകദേശസ്ഥം മന്യതേ സ്വപ്ന ഉത്ഥിതഃ

54 ഏവം ജാഗരണാദീനി ജീവസ്ഥാനാനി ചാത്മനഃ
മായാമാത്രാണി വിജ്ഞായ തദ്‌ദ്രഷ്ടാരം പരം സ്മരേത്

യഥാ — എപ്രകാരമെന്നാൽ,
പ്രസുപ്തഃ — ഉറങ്ങിയിരിക്കുന്ന
പുരുഷഃ — മനുഷ്യൻ
ആത്മനി — തന്നുള്ളിൽ
വിശ്വം — വ്യാപകമായ ലോകത്തെ
പശ്യതി ച — കാണുകയും
സ്വപ്നേ — ഉറക്കവെത്തന്നെ
ഉത്ഥിതഃ — എഴുന്നേററിരുന്ന്
ആത്മാനം — ഒന്നുമില്ലാതെ തന്നെ മാത്രം
ഏകദേശസ്ഥം — ഒരിടത്തു സ്ഥിതി-ചെയ്യുന്നതായി
മന്യതേ — കരുതുകയും ചെയ്യുന്നു.
ഏവം — അപ്രകാരം
ജാഗരണാദീനി — ജാഗ്രത്ത്, സ്വപ്നം മുതലായിട്ടുള്ള
ജീവസ്ഥാനാനി — ജീവോപാധിയായ ബോധത്തിന്റെ അവസ്ഥാവിശേഷങ്ങളെ
ആത്മനഃ — ജീവാത്മാവിനെ സംബന്ധിച്ച
മായാമാത്രാണി — മായാകാര്യം മാത്രമാണെന്ന്
വിജ്ഞായ — ശരിക്കറിഞ്ഞ്
തദ്ദ്രഷ്ടാരം — അവയുടെ സാക്ഷാൽ ദ്രഷ്ടാവിനെ
പരം — അവയിൽ നിന്ന് അതീതനായിരിക്കുന്ന പരമാത്മാവായിട്ട്
സ്മരേത് — ധരിച്ചുകൊള്ളുക

സാക്ഷാൽ ദ്രഷ്ടാവ് പരമാത്മാവാണെന്ന പറഞ്ഞുവല്ലോ. അതിനുള്ള അടിസ്ഥാനമെന്ത്? താഴെ പറയുന്നു—

55 യേന പ്രസുപ്തഃ പുരുഷഃ സ്വാപം വേദാത്മനസ്തദാ
സുഖം ച നിർഗ്ഗുണം ബ്രഹ്മ തമാത്മാനമവേഹി മാം

| | | | |
|---|---|---|---|
| പ്രസുപ്തഃ | നിദ്രയിൽ മുഴുകിയ | സുഖം ച | സൗഖ്യത്തെയും |
| പുരുഷഃ | ജീവൻ | തദാ | അന്നേരത്ത് |
| യേന | യാതൊരു ആത്മ പ്രകാശത്താൽ | വേദ | അറിയുന്നുവോ, |
| ആത്മനഃ | തൻെറ | ബ്രഹ്മ | സർവവ്യാപ്തമായ |
| സ്വാപം | ഉറക്കത്തെയും | തം ആത്മാനം | ആ ആത്മാവായിട്ട് |
| നിർഗ്ഗുണം | അതീന്ദ്രിയമായ | മാം | എന്നെ |
| | | അവേഹി | അറിഞ്ഞുകൊള്ളുക- |

"സർവവ്യാപ്തമായ ആത്മചൈതന്യമാണ് സ്വാപത്തിലെ ദ്രഷ്ടാവെങ്കിൽ ജാഗ്രത്തിൽ ജീവന്ന് ആ ദ്രഷ്ടാവിൻെറ അനുഭൂതി എങ്ങനെയുണ്ടാവുന്നു? ഒരുത്തൻ കണ്ടതിനെ മറെറാരുത്തൻ ഓർക്കുകയില്ലല്ലോ" ഈ ആശങ്കയെ അടുത്ത ശ്ലോകത്തിൽ നിരാകരിക്കുന്നു—

56 ഉഭയം സ്മരതഃ പുംസഃ പ്രസ്വാപപ്രതിബോധയോഃ
അന്വേതി വ്യതിരിച്യേത തജ്ജ്ഞാനം ബ്രഹ്മ തത്പരം

| | | | |
|---|---|---|---|
| ഉഭയം | ഉറക്കം, ഉണരവ് എന്നീ രണ്ടവസ്ഥകളെയും | വ്യതിരിച്യേത | വിട്ടുനില്ക്കുകയും ചെയ്യുന്നുവോ |
| സ്മരതഃ | അനുസന്ധാനം ചെയ്യുന്ന | തത്ജ്ഞാനം | ആ ജ്ഞാനം |
| പുംസഃ | ജീവൻെറ | പരം | അവയിൽ നിന്നെല്ലാം അതീതമായ |
| പ്രസ്വാപ-പ്രതിബോധയോഃ | പ്രസുപ്തിയാലും പ്രതിബോധത്തിങ്കലും | ബ്രഹ്മ | സർവവ്യാപ്ത ചൈതന്യമാകുന്നു. |
| (യത്) | യാതൊന്ന് | തത് | അതിനെത്തന്നെ |
| അന്വേതി | ചേർന്നിരിക്കുകയും | (ആത്മാനം അവേഹി) | ആത്മാവായിട്ട് അറിഞ്ഞാലും |

അങ്ങനെ അറിഞ്ഞില്ലെങ്കിലുള്ള വൈഷമ്യമെന്തെന്ന് ഇനി പറയുന്നു-

57 ഏതദ്യദ്വിസ്മൃതം പുംസോ മദ്ഭാവം ഭിന്നമാത്മനഃ
തതഃ സംസാര ഏതസ്യ ദേഹാദ്ദേഹോ മൃതേർമൃതിഃ

| | | | |
|---|---|---|---|
| ഏതത് | ഏതാദൃശമായ | ഏതസ്യ | ഈ ജീവന്ന് |
| മദ്ഭാവം | എൻെറ യഥാർത്ഥതത്വം | സംസാരഃ | സംസൃതിദുഃഖം ഉണ്ടാവുന്നു |
| വിസ്മൃതം യത് | വിസ്മരിക്കപ്പെട്ട പ്പോഴാം | ദേഹാത് | ദേഹത്തിൽ നിന്ന് |
| പുംസഃ | ജീവന്ന് | ദേഹഃ | മറെറാരു ദേഹവും |
| ആത്മനഃ | പരമാത്മാവിൽനിന്ന് | മൃതേഃ | മരണത്തിൽ നിന്ന് |
| ഭിന്നം | ഭേദഭാവം ഭവിക്കുന്നു. | മൃതിഃ | മറെറാരു മരണവും ഏർപ്പെടുന്നു |
| തതഃ | തന്മൂലം | | |

ആകയാൽ മനുഷ്യജന്മം സിദ്ധിച്ചവർ ആത്മജ്ഞാനം നേടുവാനാണ് യത്നിക്കേണ്ടതെന്ന് ഇനി എടുത്തുപറയുന്നു—

58 ലബ്ധ്വേഹ മാനുഷീം യോനിം ജ്ഞാനവിജ്ഞാനസംഭവാം
ആത്മാനം യോ ന ബുദ്ധ്യേത ന ക്വചിച്ഛമമാപ്നുയാത്

| | | | |
|---|---|---|---|
| ജ്ഞാനവിജ്ഞാന- സംഭവാം | ജ്ഞാനവും വിജ്ഞാനവും ഉണ്ടാവാൻ ഉതകുന്ന | യഃ | ഏതൊരുവൻ |
| | | ആത്മാനം | ആത്മതത്ത്വത്തെ |
| | | ന ബുദ്ധ്യേത | അറിയുന്നില്ലയോ, |
| മാനുഷീം | മാനുഷികമായ | (സഃ) | അവൻ |
| യോനിം | ജന്മത്തെ | ക്വചിത് | ഒരിടത്തും |
| ഇഹ | ഈ ഭൂമിയിൽ | ശമം | മനഃശാന്തിയെ |
| ലബ്ധ്വാ | ലഭിച്ചിട്ട് | ന ആപ്നുയാത് | പ്രാപിക്കയില്ല |

ഇനി വിരക്തിയെ ഉപദേശിക്കുന്നു—

59 സ്മൃത്വേഹായാം പരിക്ലേശം തതഃ ഫലവിപര്യയം
അഭയം ചാപ്യനീഹായാം സങ്കല്പാദ്വിരമേത് കവിഃ

| | | | |
|---|---|---|---|
| ഈഹായാം | പ്രവൃത്തിമാർഗത്തിലുള്ള | അനീഹായാം | നിവൃത്തിമാർഗത്തിലുള്ള |
| പരിക്ലേശം | കഷ്ടപ്പാടിനെയും | അഭയം | സുരക്ഷയേയും |
| | | സ്മൃത്വാ | ഓർത്തിട്ട് |
| തതഃ | അതിൽനിന്നുണ്ടാവുന്ന | കവിഃ | അറിവുള്ളവൻ |
| ഫലവിപര്യയം | വിപരീതഫല- ത്തെയും | സങ്കല്പാത് | ഫലാഭിസന്ധിയിൽ നിന്ന് |
| | | വിരമേത് | പിൻമാറണം |

മൂന്നുശ്ലോകംകൊണ്ട് ഇതിനെ ഇനി വ്യക്തമാക്കുന്നു—

60 സുഖായ ദുഃഖമോക്ഷായ കുർവാതേ ദമ്പതീ ക്രിയാഃ
തതോഽനിവൃത്തിരപ്രാപ്തിർദുഃഖസ്യ ച സുഖസ്യ ച

| | | | |
|---|---|---|---|
| ദമ്പതീ | സ്ത്രീയും പുരുഷനും | തതഃ | അവയിൽനിന്ന് |
| സുഖായ | സുഖത്തിനും | ദുഃഖസ്യ | ദുഃഖത്തിന്റെ |
| ദുഃഖമോക്ഷായ | ദുഃഖനിവൃത്തിക്കും വേണ്ടി | അനിവൃത്തിഃ ച | അനിവൃത്തിയും |
| | | സുഖസ്യ | സുഖത്തിന്റെ |
| ക്രിയാഃ | നാനാകർമ്മങ്ങളെ | അപ്രാപ്തിഃ ച | അപ്രാപ്തിയുമാണുണ്ടാവുന്നത് |
| കുർവാതേ | ചെയ്യുന്നുണ്ട് | | |

61 ഏവം വിപര്യയം ബുദ്ധ്വാ നൃണാം വിജ്ഞാഭിമാനിനാം
ആത്മനശ്ച ഗതിം സൂക്ഷ്മാം സ്ഥാനത്രയവിലക്ഷണാം

62 ദൃഷ്ടശ്രുതാഭിർമാത്രാഭിർന്നിർമുക്തഃ സ്വേന തേജസാ
ജ്ഞാനവിജ്ഞാനസന്തുഷ്ടോ മദ്ഭക്തഃ പുരുഷോ ഭവേത്

| | |
|---|---|
| വിജ്ഞാഭി- മാനിനാം | പ്രവൃത്തിമാർഗ്ഗത്തിൽ വിരുതന്മാരെന്നു സ്വയം അഭിമാനിക്കുന്ന |
| നൃണാം | മനുഷ്യർക്ക് |
| ഏവം | ഇങ്ങനെ |
| വിപര്യയം | വിപരീതഫലമുണ്ടാവുന്നതിനെയും |
| സ്ഥാനത്രയ- വിലക്ഷണാം | ജാഗ്രദാദ്യവസ്ഥാത്രയത്തിൽ നിന്നു വിഭിന്നമായ |
| ആത്മനഃ | ആത്മാവിന്റെ |
| സൂക്ഷ്മാം | സൂക്ഷ്മമായ |
| ഗതിം ച | തത്ത്വത്തെയും |
| ബുദ്ധ്വാ | ബോധിച്ച് |
| ദൃഷ്ടശ്രുതാഭിഃ | കാണപ്പെട്ടതും കേൾക്കപ്പെട്ടതുമായ |
| മാത്രാഭിഃ | വിഷയങ്ങളാൽ |
| നിർമുക്തഃ | നിഃശേഷം വിമുക്തനായി |
| സ്വേന | സ്വകീയമായ |
| തേജസാ | വിവേകശക്തിയാൽ |
| ജ്ഞാനവിജ്ഞാന സന്തുഷ്ടഃ | പരോക്ഷവും അപരോക്ഷവുമായ അറിവു നേടി സന്തുഷ്ടനായി ഭവിച്ച |
| പുരുഷഃ | മനുഷ്യൻ |
| മദ്ഭക്തഃ | എന്റെ ഭക്തനായി |
| ഭവേത് | ഭവിക്കുന്നതാണ്. |

ഭക്തനാവുക എന്നതാണ് പരമപുരുഷാർത്ഥമെന്ന് ഇനി പറഞ്ഞുറപ്പിക്കുന്നു—

63 ഏതാവാനേവ മനുജൈര്യോഗനൈപുണബുദ്ധിഭിഃ
സ്വാർത്ഥഃ സർവാത്മനാ ജ്ഞേയോ യത്പരാത്മൈകദർശനം

| | |
|---|---|
| യോഗ- നൈപുണ- ബുദ്ധിഭിഃ | യോഗമാർഗ്ഗങ്ങളിലൂടെ നൈർമ്മല്യം വന്നു ചേർന്ന അന്തഃകരണത്തോടുകൂടിയ |
| മനുജൈഃ | മനുഷ്യരാൽ |
| സർവാത്മനാ | എല്ലാപ്രകാരത്തിലും |
| ജ്ഞേയഃ | അറിയപ്പെടുവാനുള്ള |
| സ്വാർത്ഥഃ | സ്വ പ്രയോജനം |
| ഏതാവാൻ ഏവ | ഇത്രമാത്രം തന്നെയാകുന്നു |
| യത് | യാതൊന്ന് |
| പരാത്മൈ- കദർശനം | പരമാത്മാവും ജീവാത്മാവും ഒന്നാണെന്ന കാഴ്ചപ്പാടു തന്നെ |

64 ത്വമേതച്ഛ്രദ്ധയാ രാജന്നപ്രമത്തോ വചോ മമ
ജ്ഞാനവിജ്ഞാനസംപന്നോ ധാരയന്നാശു സിദ്ധ്യസി

| | |
|---|---|
| രാജൻ | രാജാവേ! |
| ത്വം | അങ്ങുന്ന് |
| അപ്രമത്തഃ | തെററുപററാതെയിരുന്ന് |
| മമ | എന്റെ |
| ഏതത് | ഈ |
| വചഃ | വചനത്തെ |
| ശ്രദ്ധയാ | വിശ്വാസത്തോടെ |
| ധാരയൻ | കേട്ടുധരിച്ച് |
| ജ്ഞാനവിജ്ഞാന- സംപന്നഃ | ശാസ്ത്രീയവും ആധ്യാത്മികവുമായ അറിവിൽ പരിപൂർണ്ണനായിട്ട് |
| ആശു | വേഗത്തിൽ |
| സിദ്ധ്യസി | സിദ്ധനാകും |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

65 ആശ്വാസ്യ ഭഗവാനിത്ഥം ചിത്രകേതും ജഗദ്ഗുരുഃ
പശ്യതസ്തസ്യ വിശ്വാത്മാ തതശ്ചാന്തർദധേ ഹരിഃ

| | | | |
|---|---|---|---|
| ഭഗവാൻ | ജ്ഞാനൈശ്വര്യാദി ഷഡ്ഗുണസമ്പന്നനും | ഇത്ഥം | ഇപ്രകാരം |
| ജഗദ്ഗുരുഃ | സകലലോകാചാര്യനും | ചിത്രകേതും | ചിത്രകേതുവിനെ |
| വിശ്വാത്മാ | സകലലോകസ്വരൂപനുമായ | ആശ്വാസ്യ | സമാധാനിപ്പിച്ച് |
| ഹരിഃ | സങ്കർഷണമൂർത്തി | തസ്യ പശ്യതഃ | അദ്ദേഹം നോക്കിക്കൊണ്ടു നിൽക്കവേ |
| | | തതഃ ച | അവിടെ നിന്ന് |
| | | അന്തർദധേ | തിരോധാനം ചെയ്തു |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
ഷോഡശോഽദ്ധ്യായഃ
ആദിതഃ ശ്ലോകാഃ 704
ആറാം സ്കന്ധത്തിൽ പതിനാറാമത്തെ അദ്ധ്യായം അവസാനിച്ചു
ഓം നമോ ഭഗവതേ സങ്കർഷണായ

## *സപ്തദശോഽദ്ധ്യായഃ അദ്ധ്യായം പതിനേഴ്*

### ചിത്രകേതുവിന്നു ശ്രീപാർവ്വതിയുടെ ശാപം

" തതഃ സപ്തദശേഽദ്ധ്യായേ മഹർദ്ധിം പ്രാപ്യ ഖേ ചരൻ
വിഹസ്യ ഗിരിശം ശാപാദുമായാ വൃത്രതാം ഗതഃ "

സാഫല്യമുള്ള വലിയ ദിവ്യൈശ്വര്യത്തെ പ്രാപിച്ച് ആകാശചാരിയായി വിഹരിച്ചിരുന്ന ചിത്രകേതു ഒരിക്കൽ പരമശിവനെ അപഹസിച്ചതുമൂലം ഉമാദേവിയുടെ ശാപത്തിന്നു പാത്രീഭവിച്ച് വൃത്രാസുരനായി പിറവിയെടുത്ത കഥ ഈ 17-ാം അദ്ധ്യായത്തിൽ വിവരിക്കുന്നു-

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

1 യതശ്ചാന്തർഹിതോഽനന്തസ്തസ്യൈ കൃത്വാ ദിശേ നമഃ
വിദ്യാധരശ്ചിത്രകേതുശ്ചചാര ഗഗനേചരഃ

| | | | |
|---|---|---|---|
| അനന്തഃ | ആദിശേഷൻ | കൃത്വാ | ചെയ്തശേഷം |
| യതഃ ച | ഏതൊരിടത്തേക്ക് | വിദ്യാധരഃ | വിദ്യാധരനായ |
| അന്തർഹിതഃ | തിരോധാനം ചെയ്തുവോ, | ചിത്രകേതുഃ | ചിത്രകേതു |
| തസ്യൈ ദിശേ | ആ ഇടത്തിലേക്ക് | ഗഗനേചരഃ | ആകാശചാരിയായി |
| നമഃ | നമസ്കാരം | ചചാര | സഞ്ചരിച്ചു |

2 സ ലക്ഷം വർഷലക്ഷാണാമവ്യാഹതബലേന്ദ്രിയഃ
സ്തൂയമാനോ മഹായോഗീ മുനിഭിഃ സിദ്ധചാരണൈഃ

3 കുലാചലേന്ദ്രദ്രോണീഷു നാനാസങ്കല്പസിദ്ധിഷു
രേമേ വിദ്യാധരസ്ത്രീഭിർഗാപയൻ ഹരിമീശ്വരം

| | |
|---|---|
| മഹായോഗീ | യോഗിവര്യനായി ഭവിച്ച |
| സഃ | അദ്ദേഹം |
| വർഷലക്ഷാണാം | ലക്ഷം വർഷങ്ങളുടെ |
| ലക്ഷം | ലക്ഷത്തോളം കാലം |
| അവ്യാഹത- ബലേന്ദ്രിയഃ | പ്രതിബന്ധം വരാത്ത ദേഹശക്തിയോടും ഇന്ദ്രിയശക്തിയോടും കൂടിയവനായിട്ട് |
| മുനിഭിഃ | മുനിമാരാലും |
| സിദ്ധ- ചാരണൈഃ | സിദ്ധന്മാരാലും ചാരണന്മാരാലും |
| സ്തൂയമാനഃ | വാഴ്ത്തപ്പെട്ടുകൊണ്ടും |
| വിദ്യാധരസ്ത്രീഭിഃ | വിദ്യാധരസ്ത്രീകളെക്കൊണ്ട് |
| ഈശ്വരം | ലോകരക്ഷകനായ |
| ഹരിം | ശ്രീഹരിയെ |
| ഗാപയൻ | വാഴ്ത്തിപ്പാടിച്ചുകൊണ്ടും |
| നാനാസങ്കല്പ- സിദ്ധിഷു | സങ്കല്പത്താൽത്തന്നെ ഫലത്തിന്റെയും ലബ്ധിയുണ്ടാവുന്ന |
| കുലാചലേ- ന്ദ്രദ്രോണീഷു | കുലഗിരികളുടെ അടിവാരങ്ങളിൽ |
| രേമേ | വിഹരിച്ചു. |

4 ഏകദാ സ വിമാനേന വിഷ്ണുദത്തേന ഭാസ്വതാ
ഗിരിശം ദദൃശേ ഗച്ഛൻ പരീതം സിദ്ധചാരണൈഃ

| | |
|---|---|
| ഏകദാ | ഒരിക്കൽ |
| സഃ | അദ്ദേഹം |
| വിഷ്ണുദത്തേന | വിഷ്ണുദത്തമായ |
| ഭാസ്വതാ | തിളങ്ങുന്ന |
| വിമാനേന | വിമാനത്തിലൂടെ |
| ഗച്ഛൻ | സഞ്ചരിച്ച് |
| സിദ്ധ- ചാരണൈഃ | സിദ്ധന്മാരാലും ചാരണന്മാരാലും |
| പരീതം | ചുഴലപ്പെട്ടിരിക്കുന്ന |
| ഗിരിശം | പരമശിവനെ |
| ദദൃശേ | സന്ദർശിച്ചു |

5 ആലിംഗ്യാങ്കീകൃതാം ദേവീം ബാഹുനാ മുനിസംസദി
ഉവാച ദേവ്യാഃ ശൃണ്വത്യാ ജഹാസോച്ചൈസ്തദന്തികേ

| | |
|---|---|
| അങ്കീകൃതാം | മടിയിൽ അണച്ചുവച്ചിട്ടുള്ള |
| ദേവീം | പാർവ്വതീദേവിയെ |
| മുനിസംസദി | മുനിമാരുടെ സദസ്സിൽവച്ച് |
| ബാഹുനാ | കൈകൊണ്ടു |
| ആലിംഗ്യ | കെട്ടിപ്പിടിച്ച് |
| (സ്ഥിതം) | ഇരുന്നരുളുന്ന മഹാദേവനെ |
| ദേവ്യാഃ ശൃണ്വത്യാഃ | പാർവ്വതീദേവി കേൾക്കെത്തന്നെ |
| തദന്തികേ | അവിടത്തെ സവിധത്തിൽ |
| ഉച്ചൈഃ | ഉറക്കെ |
| ജഹാസ | അപഹസിക്കയും |
| ഉവാച | പറകയും, ചെയ്തു |

ചിത്രകേതുരുവാച = ചിത്രകേതു പറഞ്ഞു

6 ഏഷ ലോകഗുരുഃ സാക്ഷാദ്ധർമ്മം വക്താ ശരീരിണാം
ആസ്തേ മുഖ്യഃ സഭായാം വൈ മിഥുനീഭൂയ ഭാര്യയാ

ഏഷഃ ഇദ്ദേഹം
സാക്ഷാത് പ്രത്യക്ഷത്തിൽ
ലോകഗുരുഃ ജഗൽഗുരുവത്രേ;
ശരീരിണാം ഉടലെടുത്തവക്ക്
ധർമ്മം സദാചാരം
വക്താ ഉപദേശിക്കുന്നു;

ഭാര്യയാ ഭാര്യയോടുകൂടെ
മിഥുനീഭൂയ സമ്മേളിച്ച്
സഭായാം സദസ്സിൽ
മുഖ്യഃ പ്രധാനിയായിട്ട്
ആസ്തേവൈ ഇരിക്കുകയുംചെയ്യുന്നു.

7 ജടാധരസ്തീവ്രതപാ ബ്രഹ്മവാദീ സഭാപതിഃ
അങ്കീകൃത്യ സ്ത്രീയം ചാസ്തേ ഗതഹ്രീഃ പ്രാകൃതോ യഥാ

ജടാധരഃ ജടധരിച്ച്
തീവ്രതപാഃ കൊടുംതപസ്സനുഷ്ഠിച്ച്
ബ്രഹ്മവാദീ വേദധർമ്മ പ്രവർത്തകനായി
സഭാപതിഃ ദേവർഷി സദസ്സിന്റെ നേതാവായവൻ

പ്രാകൃതഃ സംസ്കാരശൂന്യൻ
യഥാ എന്ന വിധം
സ്ത്രീയം ച പെണ്ണിനെയും
അങ്കീകൃത്യ മടിയിൽവച്ച്
ഗതഹ്രീഃ നാണമില്ലാതെ
ആസ്തേ ച ഇരിക്കുന്നു ച വല്ലോ

8 പ്രായശഃ പ്രാകൃതാശ്ചാപി സ്ത്രീയം രഹസി ബിഭ്രതി
അയം മഹാവ്രതധരോ ബിഭർത്തി സദസി സ്ത്രീയം

പ്രാകൃതാഃ ച അപി } സംസ്കാരശൂന്യരായ സാധാരണ ജനങ്ങൾ പോലും
പ്രായശഃ പ്രായേണ
രഹസി ഏകാന്തതയിൽവച്ചു മാത്രം
സ്ത്രീയം സ്ത്രീയെ

ബിഭ്രതി കൈക്കൊള്ളുന്നു
മഹാവ്രതധരഃ ബ്രഹ്മചര്യനിഷ്ഠയെടുത്തിട്ടുള്ള
അയം ഇദ്ദേഹം
സദസി സഭയിൽ വച്ചുതന്നെ
സ്ത്രീയം സ്ത്രീയെ
ബിഭർത്തി ചുമന്നുകൊണ്ടിരിക്കുന്നു

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

9 ഭഗവാനപി തച്ഛ്രുത്വാ പ്രഹസ്യാഗാധധീർനൃപ
തൂഷ്ണീം ബഭൂവ സദസി സഭ്യാശ്ച തദനുവ്രതാഃ

നൃപ രാജാവേ
അഗാധധീഃ ഗംഭീരാശയനായ
ഭഗവാൻ അപി } ഭഗവാൻ പരമശിവനാകട്ടെ

തത് ശ്രുത്വാ അതുകേട്ട്
പ്രഹസ്യ നന്നായൊന്നുചിരിച്ച്
സദസി സഭയിൽ
തൂഷ്ണീം മൗനമായി

| | | | |
|---|---|---|---|
| ബഭൂവ | സ്ഥിതിചെയ്തു. | തദനുവ്രതാഃ | ഭഗവാന്റെ ഭാവം അനുസരിച്ചു. |
| സഭ്യാഃ ച | സഭാവാസികളും | | |

10 ഇത്യതദ്വീര്യവിദുഷി ബ്രുവാണേ ബഹ്വശോഭനം
രുഷാഽഽഹ ദേവീ ധൃഷ്ടായ നിർജിതാത്മാഭിമാനിനേ.

| | | | |
|---|---|---|---|
| അതദ്വീര്യ-വിദുഷി | തന്തിരുവടിയുടെ പ്രാഭവം അറിയാത്തവനായിട്ട് | ദേവീ | പാർവ്വതീദേവി |
| ഇതി | ഇത്തരത്തിൽ | നിർജിതാത്മാഭിമാനിനേ | ജിതേന്ദ്രിയനെന്ന് അഭിമാനം കൊള്ളുന്ന |
| ബഹു | ഒരുപാട് | ധൃഷ്ടായ | ആ ഊററക്കാരനോട് |
| അശോഭനം | നെറികേടിനെ | രുഷാ | രോഷത്തോടെ |
| ബ്രുവാണേ | പറഞ്ഞുകൊണ്ടിരിക്കെ | ആഹ | പറഞ്ഞു |

പാർവ്വത്യുവാച = ശ്രീപാർവ്വതി പറഞ്ഞു—

11 അയം കിമധുനാ ലോകേ ശാസ്താ ദണ്ഡധരഃ പ്രഭുഃ
അസ്മദ്വിധാനാം ദുഷ്ടാനാം നിർല്ലജ്ജാനാം ച വിപ്രകൃത്

| | | | |
|---|---|---|---|
| ദുഷ്ടാനാം | ദുഷിച്ചവരും | വിപ്രകൃത് | വിരോധിയും |
| നിർല്ലജ്ജാനാം | ലജ്ജ വിട്ടവരുമായ | പ്രഭുഃ ച | നിഗ്രഹാനുഗ്രഹസമർത്ഥനുമായവൻ |
| അസ്മദ്വിധാനാം | ഞങ്ങളെപ്പോലുള്ളവർക്ക് | അധുനാ | ഇപ്പോൾ |
| ശാസ്താ | ശാസിതാവും | ലോകേ | ലോകത്തിൽ |
| ദണ്ഡധരഃ | ശിക്ഷാധികാരിയും | അയം കിം | ഇവനാണോ ? |

12 ന വേദ ധർമ്മം കില പത്മയോനിഃ
ന ബ്രഹ്മപുത്രാ ഭൃഗുനാരദാദ്യാഃ
ന വൈ കുമാരഃ കപിലോ മനുശ്ച
യേ നോ നിഷേധന്ത്യതിവർത്തിനം ഹരം

| | | | |
|---|---|---|---|
| പത്മയോനിഃ | ബ്രഹ്മാവ് | മനുഃ ച | മനുവും |
| ധർമ്മം | സദാചാരമുറയെ | ന വൈ | അറിയുന്നില്ലെന്നുവരാം! |
| ന വേദ കില | അറിയുന്നില്ല പോലും! | (യതഃ) | എന്തെന്നാൽ |
| ബ്രഹ്മപുത്രാഃ | ബ്രഹ്മാവിന്റെ പുത്രന്മാരായ | യേ | യാതൊരുവരാരും |
| ഭൃഗു-നാരദാദ്യാഃ | ഭൃഗു, നാരദൻ മുതലായ ഋഷിമുഖ്യന്മാരും | അതിവർത്തിനം | ശാസ്ത്രാനുശാസനത്തെ അതിക്രമിച്ചു പ്രവർത്തിക്കുന്ന |
| ന (വിദുഃ) | അറിയുന്നില്ലെന്നുവരാം! | ഹരം | ശ്രീശിവനെ |
| കുമാരഃ | സനൽകുമാരനും | നോ | വിരോധിക്കുന്നി |

13 ഏഷാമനുധ്യേയപദാബ്ജയുഗ്മം
ജഗദ്ഗുരും മംഗലമംഗലം സ്വയം
യഃ ക്ഷത്രബന്ധുഃ പരിഭൂയ സൂരീൻ
പ്രശാസ്തി ധൃഷ്ടസ്തദയം ഹി ദണ്ഡ്യഃ

| | |
|---|---|
| ഏഷാം | ഇവർക്ക് (ബ്രഹ്മാദികൾക്ക്) |
| അനുധ്യേയ- പദാബ്ജ- യുഗ്മം | നിരന്തരം ധ്യാനിക്കത്തക്ക യോഗ്യതയുള്ള കാൽത്താരിണയോടു കൂടിയവനും |
| മംഗലമംഗലം | പരമമംഗളമൂർത്തിയുമായ |
| ജഗദ്ഗുരും | ലോകഗുരുവിനെ |
| ക്ഷത്രബന്ധുഃ | ക്ഷത്രിയാധമനായ |
| യഃ | യാതൊരുത്തൻ |
| സൂരീൻ | അഭിജ്ഞന്മാരെ |
| പരിഭൂയ | തരംതാഴ്ത്തിയിട്ട് |
| സ്വയം | തന്നെത്താൻ |
| ധൃഷ്ടഃ | ഊറ്റക്കാരനായി |
| പ്രശാസ്തി | ഗുണദോഷിക്കുന്നു |
| തത് അയം | അതിനാൽ ഇവൻ |
| ദണ്ഡ്യഃ ഹി | ശിക്ഷാർഹൻ തന്നെ |

14 നായമർഹതി വൈകുണ്ഠപാദമൂലോപസർപണം
സംഭാവിതമതിഃ സ്തബ്ധഃ സാധുഭിഃ പര്യുപാസിതം

| | |
|---|---|
| സംഭാവിത- മതിഃ | തൻവലിപ്പം ഉള്ളിൽ തങ്ങുന്ന |
| സ്തബ്ധഃ | ദുർവിനീതനായ |
| അയം | ഇവൻ |
| സാധുഭിഃ | സത്തുക്കളാൽ |
| പര്യുപാസിതം | സാദരം ഉപാസിക്കപ്പെടുന്ന |
| വൈകുണ്ഠപാദ- മൂലോപസർപ്പണം | ശ്രീഹരിയുടെ പാദാന്തികത്തിൽ ചെന്നുചേരുന്നതിനെ |
| ന അർഹതി | അർഹിക്കുന്നില്ല |

15 അതഃ പാപീയസീം യോനിമാസുരീം യാഹി ദുർമ്മതേ
യഥേഹ ഭൂയോ മഹതാം ന കർത്താ പുത്ര കില്ബിഷം.

| | |
|---|---|
| അതഃ | ആകയാൽ |
| ദുർമ്മതേ | എടോ ദുഷ്ടബുദ്ധേ! |
| പാപീയസീം | പാപാധിക്യമുള്ള |
| ആസുരീം | ആസുരമായ |
| യോനിം | ജന്മത്തെ |
| യാഹി | പ്രാപിക്കുക. |
| പുത്ര | മകനേ! |
| യഥാ | യാതൊരുപ്രകാരമായാൽ |
| ഇഹ ഭൂയഃ | ഇനി വീണ്ടും |
| മഹതാം | വലിയവരുടെനേരെ |
| കില്ബിഷം | തെറ്റ് |
| ന കർത്താ | പ്രവർത്തിക്കയില്ല |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

16 ഏവം ശപ്തശ്ചിത്രകേതുർ വിമാനാദവരുഹ്യ സഃ
പ്രസാദയാമാസ സതീം മൂർദ്ധ്നാ നമ്രേണ ഭാരത

| | | | |
|---|---|---|---|
| ഭാരത | ഹേ ഭാരതവംശജ! | അവരുഹ്യ | താഴെ ഇറങ്ങി |
| ഏവം | ഇപ്രകാരം | നമ്രേണ | കുനിച്ച |
| ശപ്തഃ | ശപിക്കപ്പെട്ട | മൂർദ്ധ്നാ | ശിരസ്സോടെ |
| സഃ ചിത്രകേതുഃ | ആ ചിത്രകേതു | സതീം | ശ്രീപാർവതിയെ |
| വിമാനാത് | വിമാനത്തിൽനിന്ന് | പ്രസാദയാമാസ | പ്രസാദിപ്പിച്ചു |

ചിത്രകേതുരുവാച = ചിത്രകേതു പറഞ്ഞു

17 പ്രതിഗൃഹ്ണാമി തേ ശാപമാത്മനോഽഞ്ജലിനാംബികേ
ദേവൈർമർത്ത്യായ യത് പ്രോക്തം പൂർവദൃഷ്ടം ഹി തസ്യ തത്

| | | | |
|---|---|---|---|
| അംബികേ | മാതാവേ! | ദേവൈഃ | ദേവന്മാരാൽ |
| ആത്മനഃ | എനിക്കുള്ള | മർത്ത്യായ | മനുഷ്യനെ ഉദ്ദേശിച്ച് |
| തേ | നിന്തിരുവടിയുടെ | യത് | യാതൊന്ന് |
| ശാപം | ശാപത്തെ | പ്രോക്തം | പ്രവചിക്കപ്പെട്ടുവോ, |
| അഞ്ജലിനാ | കൂപ്പുകൈയോടെ | തത് തസ്യ | അത് അവന്റെ |
| പ്രതിഗൃഹ്ണാമി | ഏറ്റെടുക്കുന്നു | പൂർവദൃഷ്ടം | പ്രാക്തനകർമ്മഫലമാണല്ലോ |
| ഹി | എന്തെന്നാൽ | | |

ജീവന്റെ സുഖദുഃഖാനുഭൂതി സംസാരചക്രഭ്രമണത്തിന്റെ സ്വഭാവമാകയാൽ അത്ഭുതത്തിന്നവകാശമില്ലെന്ന് ഇനി പറയുന്നു-

18 സംസാരചക്ര ഏതസ്മിൻ ജന്തുരജ്ഞാനമോഹിതഃ
ഭ്രാമ്യൻ സുഖം ച ദുഃഖം ച ഭുങ്ക്തേ സർവത്ര സർവദാ

| | | | |
|---|---|---|---|
| അജ്ഞാനമോഹിതഃ | ആത്മാവബോധമില്ലായ്മയാൽ ഉഴറുന്ന | ഭ്രാമ്യൻ | കറങ്ങിക്കൊണ്ട് |
| | | സുഖം ച | സുഖത്തെയും |
| | | ദുഃഖം ച | ദുഃഖത്തെയും |
| ജന്തുഃ | ജീവൻ | സർവത്ര | എല്ലായിടത്തും |
| ഏതസ്മിൻ | ഈ | സർവദാ | എല്ലാനേരവും |
| സംസാരചക്രേ | സംസാരചക്രത്തിൽ | ഭുങ്ക്തേ | അനുഭവിക്കുന്നു. |

സംസാരചക്രത്തിരിച്ചലിൽ ജീവന്റെ സുഖദുഃഖാനുഭവം സ്വാഭാവികമാകയാൽ ശപിച്ചതിന്റെ കർത്തൃത്വം ദേവിക്കും, ശാപപാത്രമാകുവാൻ ഹേതുവുണ്ടാക്കിത്തീർത്തതിന്റെ കർത്തൃത്വം തനിക്കും ഇല്ലെന്നു സൂചിപ്പിച്ചുകൊണ്ട് ഇനി പറയുന്നു-

19 നൈവാത്മാ ന പരശ്ചാപി കർത്താ സ്യാത് സുഖദുഃഖയോഃ
കർത്താരം മന്യതേഽപ്രാജ്ഞ ആത്മാനം പരമേവ ച

| | | | |
|---|---|---|---|
| സുഖദുഃഖയോഃ | സുഖദുഃഖങ്ങളുടെ | ആത്മാ ന | താനല്ല, |
| കർത്താ | കർത്താവ് | ഏവ | തീർച്ചയാണ് |

| | |
|---|---|
| പരഃ ച അപി | മറ്റൊരുത്തനും |
| ന സ്യാത് | ആകുന്നതല്ല |
| അപ്രാജ്ഞഃ | അറിവില്ലാത്തവൻ |
| ആത്മാനം | തന്നെയും |
| പരം ഏവച | അന്യനേയും |
| കർത്താരം | കർത്താവായിട്ട് |
| മന്യതേ | കരുതുന്നു. |

സുഖദുഃഖാദികൾ ഉണ്ടെന്നനിലയ്ക്ക് ഇത്രയും പറഞ്ഞശേഷം അവതന്നെ വാസ്തവത്തിൽ ഇല്ലാത്തവയാണെന്ന് വ്യക്തമാക്കുന്നു-

20 ഗുണപ്രവാഹ ഏതസ്മിൻ കഃ ശാപഃ കോ ന്വനുഗ്രഹഃ
കഃ സ്വർഗോ നരകഃ കോ വാ കിം സുഖം ദുഃഖമേവ വാ.

| | |
|---|---|
| ഗുണപ്രവാഹേ | മായാഗുണങ്ങളുടെ പ്രവാഹരൂപമായ |
| ഏതസ്മിൻ | ഈ സംസാരത്തിൽ |
| ശാപഃ കഃ | ശാപമേത് ? |
| അനുഗ്രഹഃ | അനുഗ്രഹവും |
| കഃ നു | ഏത് ? |
| സ്വർഗഃ കഃ | സ്വർഗമേത് |
| നരകഃ | നരകവും |
| കഃ വാ | ഏത് ? |
| സുഖം കിം | സുഖമെന്ത്? |
| ദുഃഖം ഏവവാ | ദുഃഖംതന്നെയും എന്ത് ? |

‘‘മായാഗുണപ്രവാഹമാണ് ഈ സംസാരമെങ്കിൽ ജീവന്നു ബന്ധമോക്ഷങ്ങളുടെ അനുഭവം ഉണ്ടാവുന്നതെങ്ങനെ?’’ എന്ന ആശങ്കയെ പരിഹരിച്ചുകൊണ്ട് ഇനി പറയുന്നു-

21 ഏകഃ സൃജതി ഭൂതാനി ഭഗവാനാത്മമായയാ
ഏഷാം ബന്ധം ച മോക്ഷം ച സുഖം ദുഃഖം ച നിഷ്കലഃ

| | |
|---|---|
| ഏകഃ | ഏകനായ |
| ഭഗവാൻ | ഈശ്വരൻ |
| ആത്മമായയാ | തന്റെ മായകൊണ്ട് |
| ഭൂതാനി | പ്രാണികളെ |
| സൃജതി | സൃഷ്ടിക്കുന്നു; |
| ഏഷാം | ഇവയ്ക്ക് |
| ബന്ധം ച | ബന്ധത്തെയും |
| മോക്ഷം ച | മോക്ഷത്തെയും |
| സുഖം ച | സുഖത്തെയും |
| ദുഃഖം ച | ദുഃഖത്തെയും |
| (സൃജതി) | സൃഷ്ടിക്കുന്നു. |
| നിഷ്കലഃ | സ്വയം മായാബന്ധമില്ലാത്ത ദ്വന്ദ്വാതീതനാണ്. |

‘ഏതാദൃശമായ ദ്വന്ദ്വവിഷയങ്ങളെ സൃഷ്ടിക്കുന്നതുകൊണ്ട് ദ്വന്ദ്വാതീതനായ ഈശ്വരനു പ്രയോജനമൊന്നുമില്ല. എങ്കിലും പ്രാണികൾക്കു തത്തൽകർമ്മവശാൽ അങ്ങനെ ഉണ്ടായിത്തീരുന്നു’ എന്ന ആശയം അടുത്ത രണ്ടു ശ്ലോകം വിശദീകരിക്കുന്നു-

22 ന തസ്യ കശ്ചിദ്ദയിതഃ പ്രതീപോ
ന ജ്ഞാതിബന്ധുർന പരോ ന ച സ്വഃ
സമസ്യ സർവത്ര നിരഞ്ജനസ്യ
സുഖേ ന രാഗഃ കുത ഏവ രോഷഃ

| | |
|---|---|
| സർവത്ര | എല്ലാററിലും |
| സമസ്യ | ഏകഭാവേന വർത്തിക്കുന്നവനും |
| നിരഞ്ജനസ്യ | നിസ്സംഗനുമായ |
| തസ്യ | തന്തിരുവടിക്ക് |
| ദയിതഃ | പ്രിയനായിട്ടോ |
| പ്രതീപഃ | അപ്രിയനായിട്ടോ |
| കശ്ചിത് ന | ഒരുത്തനുമില്ല; |
| ജ്ഞാതിബന്ധുഃ | ജ്ഞാതിയായിട്ടോ ബന്ധുവായിട്ടോ |
| ന | ഇല്ല; |
| പരഃ ന | പരകീയനില്ല, |
| സ്വഃ ച ന | സ്വകീയനുമില്ല. |
| സുഖേ | സുഖത്തിൽ |
| രാഗഃ ന | അനുരക്തിയില്ല; |
| രോഷഃ | ദ്വേഷം |
| കുതഃ ഏവ | എങ്ങനെയുണ്ടാകും? |

23 തഥാപി തച്ഛക്തിവിസർഗ ഏഷാം
സുഖായ ദുഃഖായ ഹിതാഹിതായ
ബന്ധായ മോക്ഷായ ച മൃത്യുജന്മനോഃ
ശരീരിണാം സംസൃതയേവകല്പതേ

| | |
|---|---|
| തഥാപി | എന്നിരിക്കിലും |
| തച്ഛക്തി-വിസർഗഃ | അവിടുത്തെ മായാ വൈഭവത്താൽ ഏർപ്പെട്ട പ്രാരബ്ധ കർമ്മം |
| ഏഷാം | ഈ |
| ശരീരിണാം | ശരീരികളുടെ |
| സുഖായ | സുഖത്തിന്നും |
| ദുഃഖായ | ദുഃഖത്തിന്നും |
| ഹിതാഹിതായ | ഇഷ്ടാനിഷ്ടത്തിന്നും |
| ബന്ധായ | ബന്ധത്തിന്നും |
| മോക്ഷായ | മോക്ഷത്തിന്നും |
| മൃത്യുജന്മനോഃ | മരണത്തിന്നും ജനനത്തിന്നും |
| സംസൃതയേ ച | സാംസാരികത്വത്തിന്നും |
| അവകല്പതേ | സമർത്ഥമായി തീരുന്നു |

24 അഥ പ്രസാദയേ ന ത്വാം ശാപമോക്ഷായ ഭാമിനി
യന്മന്യസേ അസാധൂക്തം മമ തത് ക്ഷമ്യതാം സതി

| | |
|---|---|
| അഥ | ആകയാൽ, |
| ഭാമിനി | ഹേ കോപനേ! |
| ത്വാം | ഭവതിയെ |
| പ്രസാദയേ | ഞാൻ പ്രസാദിപ്പിച്ചു കൊള്ളുന്നു. |
| ശാപമോക്ഷായ | ശാപമോക്ഷത്തിനു വേണ്ടി |
| ന | അല്ല; |
| മമ ഉക്തം | എന്റെ വാക്ക് |
| അസാധു | അബദ്ധമായിട്ട് |
| മന്യസേ യത് | കരുതുന്നുവെങ്കിൽ, |
| സതി | പതിവ്രതാരത്നമേ! |
| തത് | അത് |
| ക്ഷമ്യതാം | ക്ഷമിക്കപ്പെട്ടാലും |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

25 ഇതി പ്രസാദ്യ ഗിരിശൗ ചിത്രകേതുരരിന്ദമ
ജഗാമ സ്വവിമാനേന പശ്യതോഃ സ്മയതോസ്തയോഃ

| | |
|---|---|
| അരിന്ദമ | അരിഷഡ്വർഗത്തെ കീഴടക്കിയ രാജാവേ! |
| ചിത്രകേതുഃ | ചിത്രകേതു |
| ഇതി | ഇങ്ങനെ ക്ഷമാപണം ചെയ്ത് |
| ഗിരിശൗ | ഗൗരീശങ്കരന്മാരെ |

| | | | |
|---|---|---|---|
| പ്രസാദ്യ | സന്തോഷിപ്പിച്ച് | പശ്യതോഃ | നോക്കിനില്ക്കെ |
| സ്മയതോഃ | അദ്ഭുതാന്വിതരായി | സ്വവിമാനേന | സ്വന്തം വിമാനമേറി |
| തയോഃ | അവരിരുവരും | ജഗാമ | യാത്രയായി |

26 തതസ്തു ഭഗവാൻ രുദ്രോ രുദ്രാണീമിദമബ്രവീത്
ദേവർഷിദൈത്യസിദ്ധാനാം പാർഷദാനാം ച ശൃണ്വതാം

| | | | |
|---|---|---|---|
| തതഃ തു | അതിന്നശേഷം | പാർഷദാനാം | പാർഷദന്മാരും |
| ഭഗവാൻ | ഭഗവാനായ | ശൃണ്വതാം | കേൾക്കെത്തന്നെ |
| രുദ്രഃ | ശ്രീരുദ്രൻ | രുദ്രാണീം | പാർവ്വതിയോടായി |
| ദേവർഷിദൈത്യ-സിദ്ധാനാം | ദേവന്മാരും, ഋഷികളും, അസുരന്മാരും, സിദ്ധന്മാരും, | ഇദം | ഇങ്ങനെ |
| | | അബ്രവീത് | പറഞ്ഞു |

27 ദൃഷ്ടവത്യസി സുശ്രോണി ഹരേരദ്ഭുതകർമ്മണഃ
മാഹാത്മ്യം ഭൃത്യഭൃത്യാനാം നിസ്പൃഹാണാം മഹാത്മനാം

| | | | |
|---|---|---|---|
| സുശ്രോണി | ഹേ സുന്ദരി! | നിസ്പൃഹാണാം | നിഷ്കാമന്മാരുമായ |
| അദ്ഭുത-കർമ്മണഃ | ആശ്ചര്യകരമായ പ്രവർത്തനത്തോടുകൂടിയ | മഹാത്മനാം | മഹാത്മാക്കളുടെ |
| ഹരേഃ | ശ്രീഹരിയുടെ | മാഹാത്മ്യം | മഹിമയെ |
| ഭൃത്യഭൃത്യാനാം | ദാസാനുദാസന്മാരും | ദൃഷ്ടവതീ അസി | നീ കണ്ടുകഴിഞ്ഞുവല്ലോ. |

28 നാരായണപരാഃ സർവേ ന കുതശ്ചന ബിഭ്യതി
സ്വർഗാപവർഗനരകേഷ്വപി തുല്യാർത്ഥദർശിനഃ

| | | | |
|---|---|---|---|
| സ്വർഗാപവർഗ-നരകേഷു അപി | സ്വർഗത്തിലും, ആത്യന്തിക മുക്തിയിലും നരകത്തിലുമെല്ലാം | നാരായണപരാഃ | വിഷ്ണുഭക്തന്മാർ |
| | | സർവേ | എവരും |
| | | കുതശ്ചന | എങ്ങുനിന്നും |
| തുല്യാർത്ഥ-ദർശിനഃ | സമഫലത്തെ ദർശിക്കുന്നവരായ | ന ബിഭ്യതി | ഭയപ്പെടുകയില്ല. |

29 ദേഹിനാം ദേഹസംയോഗാദ് ദ്വന്ദ്വാനീശ്വരമായയാ
സുഖം ദുഃഖം മൃതിർജന്മ ശാപോƒനുഗ്രഹ ഏവ ച

| | | | |
|---|---|---|---|
| ദേഹിനാം | ജീവാത്മാക്കൾക്ക് | സുഖം | സുഖവും |
| ദേഹ-സംയോഗാത് | ശരീരത്തോടുള്ള സംബന്ധം ഹേതുവായി | ദുഃഖം | ദുഃഖവും |
| | | മൃതിഃ | മരണവും, |
| | | ജന്മ | ജനനവും |
| ഈശ്വര-മായയാ | സർവേശ്വരൻെറ മായാവിലാസത്താൽ | ശാപഃ | ശാപവും |
| ദ്വന്ദ്വാനി | ഒന്നോടൊന്നു ചേർന്നിരിക്കുന്നതായ | അനുഗ്രഹഃ ഏവ ച | അനുഗ്രഹവും മററും സംഭവിക്കുന്നു- |

30 അവിവേകകൃതഃ പുംസോ ഹ്യർത്ഥഭേദ ഇവാത്മനി
ഗുണദോഷവികല്പശ്ച ഭിദേവ സ്രജിവത് കൃതഃ

| | | | |
|---|---|---|---|
| ആത്മനി | ആത്മാവിൽ | അവിവേകകൃതഃ | തത്ത്വാവബോധത്തിന്റെ അഭാവത്താൽ ഉണ്ടാക്കപ്പെട്ടതാണ് |
| ഗുണദോഷവികല്പഃ ച | ഇഷ്ടാനിഷ്ടങ്ങളുടെ മാതിരിയിൽ സ്ഫുരിക്കുന്ന വ്യത്യസ്ത സങ്കല്പമാകട്ടെ | സ്രജിവത് | പൂമാലയിലോ, അതുപോലെയുള്ളതിലോ |
| പുംസഃ ഹി | ഒരു വ്യക്തിക്കുതന്നെ | ഭിദാ ഇവ | സർപ്പമെന്നഭേദബുദ്ധിപോലെ |
| സ്വപ്നേ | സ്വപ്നത്തിൽ അനുഭവപ്പെടുന്ന | കൃതഃ | കല്പിതമായതാകുന്നു |
| അർത്ഥഭേദഃ ഇവ | വസ്തുതകളുടെ മറിച്ചിലുകൾ പോലെ | | |

31 വാസുദേവേ ഭഗവതി ഭക്തിമുദ്വഹതാം നൃണാം
ജ്ഞാനവൈരാഗ്യവീര്യാണാം നേഹ കശ്ചിദ്വ്യപാശ്രയഃ

| | | | |
|---|---|---|---|
| ഭഗവതി | ഭഗവാനായ | നൃണാം | ജനങ്ങൾക്ക് |
| വാസുദേവേ | ശ്രീവാസുദേവനിൽ | | |
| ഭക്തിം | ഭക്തിഭാവത്തെ | വ്യപാശ്രയഃ | വിശേഷിച്ചു നേടേണ്ടതായിട്ട് |
| ഉദ്വഹതാം | വച്ചുപുലർത്തുന്നവരും | | |
| ജ്ഞാനവൈരാഗ്യവീര്യാണാം | ജ്ഞാനം, വിരക്തി എന്നിവയുടെ ബലമുള്ളവരുമായ | ഇഹ | ലോകത്തിൽ |
| | | കശ്ചിത് ന | ഒന്നുമില്ല. |

ഭക്തിയും ജ്ഞാനവും വിരക്തിയും ഉള്ളിലുറച്ചു കഴിഞ്ഞിരിക്കുന്ന ചിത്രകേതുവിന്റെ ഇഷ്ടാനിഷ്ടസമബുദ്ധിയിൽ ആശ്ചര്യപ്പെടാനൊന്നുമില്ലെന്നു പറവാൻ ഉദ്ദേശിച്ചുകൊണ്ട് ഇനിയുള്ള രണ്ടുശ്ലോകത്താൽ ശ്രീഹരിയുടെ മഹത്ത്വം ശ്രീശിവൻ പ്രകീർത്തിക്കുന്നു—

32 നാഹം വിരിഞ്ചോ ന കുമാരനാരദൗ
ന ബ്രഹ്മപുത്രാ മുനയഃ സുരേശാഃ
വിദാമ യസ്യേഹിതമംശകാംശകാ
ന തത്സ്വരൂപം പൃഥഗീശമാനിനഃ

| | | | |
|---|---|---|---|
| യസ്യ | യാതൊരു ഭഗവാന്റെ | ബ്രഹ്മപുത്രാഃ | ബ്രഹ്മാവിന്റെ മററു പുത്രന്മാരായ |
| ഈഹിതം | അഭിമതത്തെ | | |
| അഹം | ഞാൻ (ശിവൻ) | മുനയഃ | ഋഷിമുഖ്യന്മാരും |
| ന (വേദ) | അറിയുന്നില്ല, | സുരേശാഃ | ഇന്ദ്രാദിദേവപ്രമുഖന്മാരും |
| വിരിഞ്ചഃ | ബ്രഹ്മാവ് | | |
| ന (വേദ) | അറിയുന്നില്ല, | ന (വിദുഃ) | അറിയുന്നില്ല |
| കുമാരനാരദൗ | സനൽകുമാരനും നാരദനും | ന വിദാമ | ഞങ്ങളറിയുന്നില്ല |
| | | (തദാ) | എന്നുവരുമ്പോൾ |

| | | | |
|---|---|---|---|
| അംശകാംശകാഃ | അവിടത്തെ ഒരു ചെറിയ അംശത്തിന്റെ ചെറിയ അംശങ്ങളായവരും | പൃഥഗീശമാനിനഃ | വെവ്വേറെ ഈശ്വരത്വം ഭാവിക്കുന്നവരുമായവർ |
| | | തത്സ്വരൂപം | അവിടത്തെ യഥാർത്ഥ രൂപത്തെ |
| | | (ന വിദുഃ) | അറികയില്ലല്ലോ— |

33 ന ഹ്യസ്യാസ്തി പ്രിയഃ കശ്ചിന്നാപ്രിയഃ സ്വഃ പരോഽപി വാ
ആത്മത്വാത് സർവഭൂതാനാം സർവഭൂതപ്രിയോ ഹരിഃ

| | | | |
|---|---|---|---|
| അസ്യ | ഈ ശ്രീഹരിക്ക് | ഹരിഃ | ശ്രീഹരിയാകട്ടെ |
| പ്രിയഃ | പ്രിയനായിട്ടോ | സർവ്വഭൂതാനാം | സകല പ്രാണികളുടെയും |
| അപ്രിയഃ | അപ്രിയനായിട്ടോ | ആത്മത്വാത് | ആത്മഭാവേന വർത്തിക്കുന്നതുകൊണ്ട് |
| കശ്ചിത് | ഒരുവനും | സർവ്വഭൂതപ്രിയഃ | സകലപ്രാണികൾക്കും പ്രിയംകരനുമാണ് |
| നഹി അസ്തി | ഇല്ലതന്നെ | | |
| സ്വഃ | സ്വകീയനായിട്ടോ | | |
| പരഃ അപി വാ ന | അന്യനായിട്ടോ ഒരുവനും ഇല്ല | | |

34 തസ്യ ചായം മഹാഭാഗശ്ചിത്രകേതുഃ പ്രിയോഽനുഗഃ
സർവത്ര സമദൃക് ശാന്തോ ഹ്യഹം ചൈവാച്യുതപ്രിയഃ

| | | | |
|---|---|---|---|
| മഹാഭാഗഃ | വലിയ ഭാഗ്യവാനായ | സർവത്ര | എല്ലാററിലും |
| അയം | ഈ | സമദൃക് | സമദർശനമുള്ളവനും |
| ചിത്രകേതുഃ | ചിത്രകേതു | ശാന്തഃ | മനഃശാന്തിയുള്ളവനുമാകുന്നു |
| തസ്യ ച | ആ ശ്രീഹരിയുടെ | അഹം ച അപി | ഞാനും |
| പ്രിയഃ | പ്രിയപ്പെട്ട | അച്യുതപ്രിയഃ | ശ്രീഹരിയുടെ പ്രീതിപാത്രമാണ്. |
| അനുഗഃ | ദാസനാകുന്നു | | |
| ഹി | ആകയാൽ | | |

35 തസ്മാന്ന വിസ്മയഃ കാര്യഃ പുരുഷേഷു മഹാത്മസു
മഹാപുരുഷഭക്തേഷു ശാന്തേഷു സമദർശിഷു

| | | | |
|---|---|---|---|
| തസ്മാത് | അതുകൊണ്ട് | മഹാത്മസു | മഹാന്മാരുമായ |
| സമദർശിഷു | സമദർശികളും | പുരുഷേഷു | ജനങ്ങളുടെ അടുക്കൽ |
| ശാന്തേഷു | മനഃശാന്തിയുള്ളവരും | വിസ്മയഃ | മനഃക്ഷോഭം |
| മഹാപുരുഷഭക്തേഷു | ശ്രീഹരിയിൽ ഭക്തിയുറച്ചവരും | ന കാര്യഃ | പ്രകടിപ്പിച്ചുകൂടാ |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

36 ഇതി ശ്രുത്വാ ഭഗവതഃ ശിവസ്യോമാഭിഭാഷിതം
ബഭൂവ ശാന്തധീ രാജൻ ദേവീ വിഗതവിസ്മയാ.

രാജൻ — രാജാവേ!
ഭഗവതഃ — സർവ്വജ്ഞനായ
ശിവസ്യ — പരമേശ്വരന്റെ
ഇതി — ഇപ്രകാരമുള്ള
അഭിഭാഷിതം — ഉപദേശവചനം

ശ്രുത്വാ — കേട്ടശേഷം
ഉമാ ദേവി — പാർവ്വതീദേവി
വിഗതവിസ്മയാ — മനഃക്ഷോഭം‌വിട്ട്
ശാന്തധീഃ — ശാന്തചിത്തയായി
ബഭൂവ — ഭവിച്ചു

37 ഇതി ഭാഗവതോ ദേവ്യാഃ പ്രതിശപ്തുമലന്തമഃ
മൂർധ്നാ സംജഗൃഹേ ശാപമേതാവത് സാധുലക്ഷണ

പ്രതിശപ്തും — പകരം ശപിക്കുവാൻ
അലന്തമഃ — ധാരാളം മതിയായവനായിരുന്നിട്ടും
ഭാഗവതഃ — ഭഗവൽഭക്തനായ ചിത്രകേതു
ദേവ്യാഃ — ദേവിയുടെ
ഇതി — ഈദൃശമായ

ശാപം — ശാപത്തെ
മൂർധ്നാ — ശിരസ്സുകൊണ്ട്
സംജഗൃഹേ — ഏറ്റെടുത്തു.
സാധുലക്ഷണം — നല്ല ഭക്തന്റെ ലക്ഷണം
ഏതാവത് — ഇത്രയും കൊണ്ടറിയണം

38 ജജ്ഞേ ത്വഷ്ടുർദക്ഷിണാഗ്നൗ ദാനവീം യോനിമാശ്രിതഃ
വൃത്ര ഇത്യഭിവിഖ്യാതോ ജ്ഞാനവിജ്ഞാനസംയുതഃ

ജ്ഞാനവിജ്ഞാനസംയുതഃ — പ്രത്യക്ഷവും പരോക്ഷവുമായ അറിവുകളൊത്തുചേരുന്ന ചിത്രകേതു
ദാനവീം — ആസുരമായ
യോനിം — ജന്മത്തെ
ആശ്രിതഃ — അവലംബിച്ച്

വൃത്രഃ ഇതി — വൃത്രൻ എന്നപേരിൽ
അഭിവിഖ്യാതഃ — എങ്ങും വിശ്രുതനായ,
ത്വഷ്ടുഃ — ത്വഷ്ടാവിന്റെ (യജ്ഞവേദിയിലെ)
ദക്ഷിണാഗ്നൗ — ദക്ഷിണാഗ്നിയിൽ
ജജ്ഞേ — പിറന്നു

39 ഏതത്തേ സർവമാഖ്യാതം യന്മാം ത്വം പരിപൃച്ഛസി
വൃത്രസ്യാസുരജാതേശ്ച കാരണം ഭഗവന്മതേഃ

അസുരജാതേഃ ച — അസുരജാതിയിൽ ജനിച്ചവനായിരുന്നിട്ടും
വൃത്രസ്യ — വൃത്രന്റ്
ഭഗവന്മതേഃ — ഭഗവാനിൽ മനസ്സു ചെന്നതിന്റെ
യത് — യാതൊരു

കാരണം — കാരണത്തെ
ത്വം മാം — അങ്ങുന്ന് എന്നോട്
പരിപൃച്ഛസി — ചോദിച്ചിരുന്നുവോ
ഏതത് സർവ്വം — ഇതെല്ലാം
തേ — അങ്ങേക്ക്
ആഖ്യാതം — പറഞ്ഞുതന്നു

40 ഇതിഹാസമിമം പുണ്യം ചിത്രകേതോർമഹാത്മനഃ
മാഹാത്മ്യം വിഷ്ണുഭക്താനാം ശ്രുത്വാ ബന്ധാദ്വിമുച്യതേ

| | | | |
|---|---|---|---|
| മഹാത്മനഃ | മഹാത്മാവായ | മാഹാത്മ്യം | മാഹാത്മ്യത്തെയും |
| ചിത്രകേതോഃ | ചിത്രകേതുവിൻെറ | ശ്രുത്വാ | കേട്ടെന്നാൽ |
| ഇമം പുണ്യം | ഈ വിശുദ്ധമായ | ബന്ധാത് | സംസാരബന്ധത്തിൽ നിന്നു് |
| ഇതിഹാസം | ചരിതത്തെയും | വിമുച്യതേ | മോചിക്കപ്പെടുന്നതാണു് |
| വിഷ്ണുഭക്താനാം | വിഷ്ണുഭക്തന്മാരുടെ | | |

41 യ ഏതത് പ്രാതരുത്ഥായ ശ്രദ്ധയാ വാഗ്യതഃ പഠേത്
ഇതിഹാസം ഹരിം സ്മൃത്വാ സ യാതി പരമാം ഗതിം

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | ഏതത് | ഈ |
| പ്രാതഃ | പ്രഭാതത്തിൽ | ഇതിഹാസം | ചരിത്രകഥയെ |
| ഉത്ഥായ | എഴുന്നേററു് | പഠേത് | പാരായണം ചെയ്യുമോ |
| വാഗ്യതഃ | വാക്കുകളെ നിയന്ത്രിച്ചു് | സഃ | അവൻ |
| ഹരിം | ശ്രീഹരിയെ | പരമാം | അത്യുന്നതമായ |
| സ്മൃത്വാ | ധ്യാനിച്ചു് | ഗതിം | നിലയിലേക്കു് |
| ശ്രദ്ധയാ | ആസ്തിക്യബുദ്ധിയോടെ | യാതി | എത്തുന്നതാണു് |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
സപ്തദശോഽദ്ധ്യായഃ
ആദിതഃ ശ്ലോകാഃ — 745
ആറാമത്തെ സ്കന്ധത്തിൽ പതിനേഴാമദ്ധ്യായം കഴിഞ്ഞു.

## അഷ്ടാദശോഽദ്ധ്യായഃ = അദ്ധ്യായം പതിനെട്ടു്

മരുത്തുകളുടെ ഉദ്ഭവം

"അദിതേഃ പഞ്ചമാദീനാം പുത്രാണാമന്വയോക്തിഭിഃ
അഷ്ടാദശേ ദിതേർഗർഭോ ശക്രേണ മരുതാം ഭിദാ"

അദിതിയുടെ പന്ത്രണ്ടുപുത്രന്മാരിൽ അഞ്ചാമനായ സവിതാവു മുതൽക്കുള്ളവരുടെ വംശനിരൂപണത്തോടനുബന്ധിച്ചു് ദിതിയുടെ ഗർഭത്തിൽ ഇന്ദ്രൻ പ്രവേശിച്ചതും ഭ്രൂണത്തെ വജ്രത്താൽ ഖണ്ഡിച്ചു് 49 മരുത്തുകളുടെ ഉദ്ഭവത്തിന്നു് ഇടവരുത്തിയതും ഈ അദ്ധ്യായത്തിൽ പറയുന്നു.

പ്രാചേതസദക്ഷൻെറ 60 പുത്രിമാരിൽ അദിതിമുതല്ക്കു 13 പേരെ കശ്യപന്നു് വിവാഹം ചെയ്തുകൊടുത്തതും അവരുടെ സന്താനപരമ്പരയിലൂടെ ജഗത്സൃഷ്ടിയുടെ പോഷണമുണ്ടായതും ആറാമദ്ധ്യായത്തിൽ പറഞ്ഞു. അദിതിയുടെ പുത്രന്മാരായ ദ്വാദശാദിത്യന്മാരിൽ നാലാമനായ ത്വഷ്ടാവിൻെറ

പുത്രന്മാരായിരുന്ന വിശ്വരൂപനും വൃത്രനും. ഇവരുടെ അത്ഭുതചരിതങ്ങളും അതെത്തുടന്ന് വൃത്രന്റെ പൂർവ്വജന്മവൃത്താന്തത്തിലേക്ക് വെളിച്ചം വീശുന്ന ചിത്രകേതൂപാഖ്യാനവും ഭാഗവതമഹിമാപ്രകാശകതേന 7 മുതൽ 17 വരെ 11 അദ്ധ്യായങ്ങൾകൊണ്ടു ശുകബ്രഹ്മർഷി ശ്രീപരീക്ഷിത്തിന്റെ ചോദ്യങ്ങൾക്കുത്തരമായി സവിസ്താരം അരുളിച്ചെയ്തശേഷം അദിതിയുടെതന്നെ മററു പുത്രന്മാരുടെ വംശനിരൂപണം ഇനി ആരംഭിക്കുകയാണ്.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

1 പൃശ്നിസ്തു പത്നീ സവിതുഃ സാവിത്രീം വ്യാഹൃതിം ത്രയീം
അഗ്നിഹോത്രം പശും സോമം ചാതുർമാസ്യം മഹാമഖാൻ

| | |
|---|---|
| സവിതുഃ | സവിതാവെന്ന ആദിത്യന്റെ |
| പത്നീ | ഭാര്യയായ |
| പൃശ്നിഃതു | പൃശ്നിയാകട്ടെ |
| സാവിത്രീം | സവിതൃദേവതാകമായ ഗായത്രീ മന്ത്രത്തെയും |
| വ്യാഹൃതീം | 'ഭൂർഭുവഃ സുവഃ' എന്ന വ്യാഹൃതിയെയും |
| ത്രയീം | ഋഗ്യജുഃ സാമാഖ്യമായ വേദത്രയിയെയും |
| അഗ്നിഹോത്രം | അഗ്നിഹോത്രത്തെയും |
| പശും | പശുമേധത്തെയും |
| സോമം | സോമയാഗത്തെയും |
| ചാതുർമാസ്യം | നാലുമാസത്തെ അവധി വച്ചു നടത്തുന്ന ഇഷ്ടിവിശേഷത്തെയും |
| മഹാമഖാൻ | ഗൃഹസ്ഥൻ അനുദിനം അനുഷ്ഠിക്കേണ്ടുന്ന പഞ്ചമഹായജ്ഞങ്ങളെയും |
| പ്രാസൂത | ജനിപ്പിച്ചു— |

2 സിദ്ധിർഭഗസ്യ ഭാര്യാങ്ഗ മഹിമാനം വിഭും പ്രഭും
ആശിഷം ച വരാരോഹാം കന്യാം പ്രാസൂത സുവ്രതാം

| | |
|---|---|
| അങ്ഗ | ഹേ ശ്രീമൻ! |
| ഭഗസ്യ | ഭഗനെന്ന ആദിത്യന്റെ |
| ഭാര്യാ | ഭാര്യയായ |
| സിദ്ധിഃ | സിദ്ധിയെന്നവൾ |
| മഹിമാനം | മഹിമാവിനെയും |
| വിഭും | വിഭുവെയും |
| പ്രഭും | പ്രഭുവെയും, |
| വരാരോഹാം | അതിവിശിഷ്ടയും |
| സുവ്രതാം | വ്രതശുദ്ധിയുള്ളവളുമായ |
| ആശിഷം | ആശിസ്സെന്നെ |
| കന്യാം ച | കന്യകയേയും |
| (പ്രാസൂത) | പ്രസവിച്ചു |

3 ധാതുഃ കുഹൂഃ സിനീവാലീ രാകാ ചാനുമതി തഥാ
സായം ദർശമഥ പ്രാതഃ പൂർണ്ണമാസമനുക്രമാത്.

| | |
|---|---|
| ധാതുഃ | ധാതാവെന്ന ആദിത്യന്ന് |
| കുഹൂഃ | കുഹുവെന്നും |
| സിനീവാലീ | സിനീവാലിയെന്നും |
| രാകാ | രാകയെന്നും |
| തഥാ ച | അവ്വിധം |
| അനുമതിഃ | അനുമതിയെന്നും (പേരായ നാലു ഭാര്യമാർ) |
| (താഃ) | അവർ |
| അനുക്രമാത് | അനുക്രമമായി |
| സായം | സായംകാലത്തെയും |

| | | | |
|---|---|---|---|
| ദർശം | ദർശത്തെയും | പൂർണ്ണമാസം | പൂർണ്ണമാസത്തെയും |
| പ്രാതഃ | പ്രാതഃ കാലത്തെയും | പ്രാസൂത | ഉളവാക്കി |

4 അഗ്നീൻ പുരീഷ്യാനാധത്ത ക്രിയായാം സമനന്തരഃ
ചഷ്ണി വരുണസ്യാസീദ്യസ്യാം ജാതോ ഭൃഗുഃ പുനഃ

| | | | |
|---|---|---|---|
| സമനന്തരഃ | തൊട്ടടുത്തുള്ളവൻ (അദിതിപുത്രരിൽ എട്ടാമനായ വിധാതാവ്) | ചർഷണീ | ചർഷണീയെന്നവരം |
| ക്രിയായാം | ക്രിയ എന്നപത്നിയിൽ | ആസീത് | ആയിരുന്നു. |
| പുരീഷ്യാൻ | പുരീഷ്യസംജ്ഞയുള്ള | യസ്യാം | യാതൊരുവളിൽ |
| അഗ്നീൻ | അഞ്ചു ചയനാഗ്നികളെ | ഭൃഗുഃ | ഭൃഗുമുനി (ആദിയിൽ ബ്രഹ്മപുത്രനായിരുന്ന ആൾ) |
| ആധത്ത | ആധാനം ചെയ്തു. | | |
| വരുണസ്യ | വരുണനെന്ന ഒമ്പതാമന്റെ (ഭാര്യ) | പുനഃ ജാതഃ | വീണ്ടും ജനിച്ചു |

5 വാല്മീകിശ്ച മഹായോഗീ വല്മീകാദഭവത് കില
അഗസ്ത്യശ്ച വസിഷ്ഠശ്ച മിത്രാവരുണയോർ ഋഷീ.

| | | | |
|---|---|---|---|
| മഹായോഗീ | യോഗിവര്യനായ | വസിഷ്ഠഃ ച | വസിഷ്ഠനും |
| വാല്മീകിഃ ച | വാല്മീകിയും | മിത്രാ- വരുണയോഃ | പത്താമത്തെ ആദിത്യനായ മിത്രന്റെയും ഈ വരുണന്റെയും പൊതുവിലുള്ള പുത്രന്മാരാണ് |
| വല്മീകാത് | പുററിൽനിന്നു് | | |
| അഭവത് കില | (വരുണപുത്രനായി) ഉണ്ടായിപോലും | | |
| ഋഷീ | ഋഷിമാരായ | | |
| അഗസ്ത്യഃ ച | അഗസ്ത്യനും | | |

പിതൃത്വം ഒരാളിൽ മാത്രമായി നിർണ്ണയിക്കാൻ സാധിക്കാതെ വന്നതിനാലാണ് ഇവർ പൊതുവിലുള്ള പുത്രന്മാരായത്. അതിനുള്ള കാരണം അടുത്ത ശ്ലോകം കൊണ്ടു പറയുന്നു—

6 രേതഃ സിഷിചതുഃ കുംഭേ ഉർവശ്യാഃ സന്നിധൗ ദ്രുതം
രേവത്യാം മിത്ര ഉത്സർഗമരിഷ്ടം പിപ്പലം വ്യധാത്

| | | | |
|---|---|---|---|
| ഉർവശ്യാഃ | ഉർവശിയുടെ | രേവത്യാം | രേവതിയെന്ന സപത്നിയിൽ |
| സന്നിധൗ | സന്നിധിയിൽ വച്ച് | | |
| ദ്രുതം | സ്ഖലിച്ചുപോയ | മിത്രഃ | മിത്രൻ |
| രേതഃ | രേതസ്സിനെ | ഉത്സർഗം | ഉത്സർഗനെയും |
| കുംഭേ | ഒരു കുടത്തിൽ | അരിഷ്ടം | അരിഷ്ടനെയും |
| നിഷിചതുഃ | ഇരുവരും ഒപ്പം അർപ്പിച്ചു | പിപ്പലം | പിപ്പലനെയും |
| | | വ്യധാത് | ഉൽപാദിപ്പിച്ചു |

7 പൗലോമ്യാമിന്ദ്ര ആധത്ത ത്രീൻ പുത്രാനിതി നഃ ശ്രുതം
ജയന്തമൃഷഭം താത തൃതീയം മീഢുഷം പ്രഭുഃ

| | |
|---|---|
| താത | വത്സ, പരീക്ഷിത്തേ! |
| പ്രഭുഃ | ദേവാധിപനായ |
| ഇന്ദ്രഃ | ഇന്ദ്രനെന്ന പതിനൊന്നാമത്തെ അദിതിപുത്രൻ |
| പൗലോമ്യാം | ശചീദേവിയിൽ |
| ത്രീൻ | മൂന്ന് |
| പുത്രാൻ | പുത്രന്മാരെ |
| ആധത്ത | ജനിപ്പിച്ചു |
| ഇതി നഃ | എന്നു നമുക്ക് |
| ശ്രുതം | കേട്ടറിവുണ്ട്— |
| ജയന്തം | ജയന്തനെ, |
| ഋഷഭം | ഋഷഭനെ, |
| തൃതീയം | മൂന്നാമനായിട്ട് |
| മീഢുഷം | മീഢുസ്സിനെയും |

8 ഉരുക്രമസ്യ ദേവസ്യ മായാവാമനരൂപിണഃ
കീർത്തൗ പത്ന്യാം ബൃഹച്ഛ്ലോകസ്തസ്യാസൻ സൗഭഗാദയഃ

| | |
|---|---|
| ഉരുക്രമസ്യ | ഉരുക്രമനെന്ന നാമത്തിൽ പന്ത്രണ്ടാമത്തെ അദിതിപുത്രനായിട്ട് |
| മായാവാമനരൂപിണഃ | മായാബലത്താൽ വാമന രൂപം ധരിച്ച |
| ദേവസ്യ | ഭഗവാന്ന് |
| കീർത്തൗ | കീർത്തിയെന്ന |
| പത്ന്യാം | പത്നിയിൽ |
| ബൃഹച്ഛ്ലോകഃ | ബൃഹൽശ്ലോകൻ എന്ന പുത്രനും |
| തസ്യ | അവന്ന് |
| സൗഭഗാദയഃ | സൗഭഗാദികളായ പുത്രന്മാരും |
| ആസൻ | ഉണ്ടായി— |

9 തത്കർമ്മഗുണവീര്യാണി കാശ്യപസ്യ മഹാത്മനഃ
പശ്ചാദ്വക്ഷ്യാമഹേഽദിത്യാം യഥൈവാവതതാര ഹ

| | |
|---|---|
| കാശ്യപസ്യ | കശ്യപപുത്രനായ |
| മഹാത്മനഃ | ആ മഹാത്മാവിന്റെ |
| തത്കർമ്മഗുണവീര്യാണി | പ്രസിദ്ധിയാർന്ന പ്രവൃത്തികളും ഗുണങ്ങളും പരാക്രമങ്ങളും, |
| അദിത്യാം | അദിതിയിൽ |
| യഥാ ഏവ | യാതൊരുവിധത്തിൽ |
| അവതതാര | അവതരിച്ചുവോ— |
| ഹ | ആയതും ആശ്ചര്യം! |
| പശ്ചാത് | പിന്നീട് |
| വക്ഷ്യാമഹേ | വിസ്തരിച്ചുപറയാം |

10 അഥ കശ്യപദായാദാൻ ദൈതേയാൻ കീർത്തയാമി തേ
യത്ര ഭാഗവതഃ ശ്രീമാൻ പ്രഹ്ലാദോ ബലിരേവ ച

| | |
|---|---|
| അഥ | ഇനി |
| കശ്യപദായാദാൻ | കശ്യപ പ്രജാപതിയുടെ പുത്രന്മാരായ |
| ദൈതേയാൻ | ദിതിയുടെ സന്താനങ്ങളെ |
| തേ | അങ്ങേക്കു |
| കീർത്തയാമി | വിവരിച്ചുതരാം |
| യത്ര | യാതൊരു ആ സന്താനപരമ്പരയിലായിരുന്നു |
| ഭാഗവതഃ | ഭഗവദ്ഭക്തനും |
| ശ്രീമാൻ | മാഹാത്മ്യശാലിയുമായ |
| പ്രഹ്ലാദഃ | പ്രഹ്ലാദനും |
| ബലിഃ ഏവ ച | മഹാബലിയും ഉണ്ടായത് |

11 ദിതേർദ്വാവേവ ദായാദൗ ദൈത്യദാനവവന്ദിതൗ
ഹിരണ്യകശിപുർനാമ ഹിരണ്യാക്ഷശ്ച കീർത്തിതൗ

ദിതേഃ ദിതിയുടെ
ദായാദൗ പുത്രന്മാർ
ദ്വൗ ഏവ രണ്ടുപേർ മാത്രമായി രുന്നു
ദൈത്യദാനവ- വന്ദിതൗ } ദിതിവംശജരും ദനുവംശജരുമായ എല്ലാ അസുരന്മാരാലും വന്ദിതരായ

ഹിരണ്യകശിപുഃ ഹിരണ്യാക്ഷഃ } ഹിരണ്യകശിപു വെന്നും ഹിര ണ്യാക്ഷനെന്നും പേരായ അവരിരുവരും
കീർത്തിതൗ മുമ്പ് പ്രസ്താവിക്കപ്പെട്ടു കഴിഞ്ഞവരാണ്

12 ഹിരണ്യകശിപോർഭാര്യാ കയാധുർന്നാമ ദാനവീ
ജംഭസ്യ തനയാ ദത്താ സുഷുവേ ചതുരഃ സുതാൻ

ഹിരണ്യകശിപോഃ ഹിരണ്യകശി പുവിൻെറ
ഭാര്യാ ഭാര്യ
കയാധുഃ നാമ കയാധുവെന്നു പേരായ
ദാനവീ ദാനവസ്ത്രീയായിരുന്നു.
ജംഭസ്യ ജംഭൻെറ

തനയാ പുത്രിയും
ദത്താ (അവനാൽ ഹിരണ്യ കശിപുവിന്ന് കൊടു ക്കപ്പെട്ടവളുമായ അവൾ)
ചതുരഃ നാല്
സുതാൻ പുത്രന്മാരെ
സുഷുവേ പ്രസവിച്ചു

13 സംഹ്ലാദം പ്രാഗനുഹ്ലാദം ഹ്ലാദം പ്രഹ്ലാദമേവ ച
തത്സ്വസാ സിംഹികാ നാമ രാഹും വിപ്രചിതോഽഗ്രഹീത്

പ്രാക് ആദ്യമായി
സംഹ്ലാദം സംഹ്ലാദനെയും
അനുഹ്ലാദം അനുഹ്ലാദനെയും
ഹ്ലാദം ഹ്ലാദനെയും
പ്രഹ്ലാദം ഏവ ച } പ്രഹ്ലാദനെത്തന്നെയും പ്രസവിച്ചു

തത്സ്വസാ അവരുടെ സഹോ ദരിയായ
സിംഹികാനാമ സിംഹികയെന്ന വൾ
വിപ്രചിതഃ വിപ്രചിത്തെന്ന സ്വഭർത്താവിൽ നിന്ന്
രാഹും രാഹു എന്ന പുത്രനെ
അഗ്രഹീത് സ്വീകരിച്ചു

14 ശിരോഽഹരദ്യസ്യ ഹരിശ്ചക്രേണ പിബതോഽമൃതം
സംഹ്ലാദസ്യ കൃതിർഭാര്യാസൂത പഞ്ചജനം തതഃ

യസ്യ യാതൊരുവൻ
അമൃതം അമൃതത്തെ
പിബതഃ പാനം ചെയ്തു കൊണ്ടിരിക്കെ
ഹരിഃ ശ്രീമഹാവിഷ്ണു
ചക്രേണ ചക്രം കൊണ്ട്
ശിരഃ ശിരസ്സിനെ
അഹരത് അറുത്തുവിട്ടു

സംഹ്ലാദസ്യ സംഹ്ലാദൻെറ
ഭാര്യാ ഭാര്യയായ
കൃതിഃ കൃതിയെന്നവൾ
പഞ്ചജനം പഞ്ചജനൻ എന്ന പുത്രനെ
തതഃ അവനിൽ നിന്ന്
അസൂത ഉളവാക്കി

15 ഹ്ലാദസ്യ ധമനിർഭാര്യാസൂത വാതാപിമില്വലം
യോഽഗസ്ത്യായ ത്വതിഥയേ പേചേ വാതാപിമില്വലം

| | | | |
|---|---|---|---|
| ഹ്ലാദസ്യ | ഹ്ലാദന്റെ | യഃ തു | യാതൊരുവനാണോ |
| ഭാര്യാ | ഭാര്യയായ | (മേഷരൂപം) | ആടിന്റെ ആകൃതി പൂണ്ട |
| ധമനിഃ | ധമനിയെന്നവൾ | വാതാപിം | വാതാപിയെ |
| വാതാപിം | വാതാപിയെയും | പേചേ | പചിച്ചത്, |
| ഇല്വലം | ഇല്വലനെയും | (തം) ഇല്വലം | ആ ഇല്വലനെയും |
| അസൂത | പ്രസവിച്ചു- | (തം വാതാപിം) | ആ വാതാപിയെയും- |
| അതിഥയെ | അതിഥിയായ | | |
| അഗസ്ത്യായ | അഗസ്ത്യമുനിക്കു വേണ്ടി | | |

16 അനുഹ്ലാദസ്യ സൂർമ്യായാം ബാഷ്കലോ മഹിഷസ്തഥാ
വിരോചനസ്തു പ്രാഹ്ലാദിർ ദേവ്യാസ്തസ്യാഭവദ്ബലിഃ

| | | | |
|---|---|---|---|
| അനുഹ്ലാദസ്യ | അനുഹ്ലാദന്ന് | പ്രാഹ്ലാദിഃ | പ്രഹ്ലദന്റെ പുത്രനാകുന്ന |
| സൂർമ്യായാം | സൂർമ്യയിൽ | തസ്യ | അവന്റെ പത്നിയായ |
| ബാഷ്കലഃ | ബാഷ്കലനും | ദേവ്യാഃ | ദേവിയിൽ നിന്ന് |
| തഥാ | അപ്രകാരം | ബലിഃ | മഹാബലി |
| മഹിഷഃ | മഹിഷനും ഉണ്ടായി | അഭവത് | ഉണ്ടായി |
| വിരോചനഃ തു | വിരോചനനാകട്ടെ | | |

17 ബാണജ്യേഷ്ഠം പുത്രശതമശനായാം തതോഽഭവത്
തസ്യാനുഭാവഃ സുശ്ലോക്യഃ പശ്ചാദേവാഭിധാസ്യതേ

| | | | |
|---|---|---|---|
| തതഃ | ആ ബലിയിൽ നിന്ന് | തസ്യ | അവന്റെ (ബലിയുടെ) |
| അശനായാം | അശനയിൽ | സുശ്ലോക്യഃ | സുകീർത്തനീയമായ |
| ബാണജ്യേഷ്ഠം | ബാണനെന്ന മൂത്തമകനുൾപ്പെടെ | അനുഭാവഃ | മഹിമ |
| പുത്രശതം | നൂറു മക്കൾ | പശ്ചാദേവ | ഇതിനുശേഷം |
| അഭവത് | ഉണ്ടായി | അഭിധാസ്യതേ | പറയപ്പെടുന്നതാണ് |

18 ബാണ ആരാധ്യ ഗിരിശം ലേഭേ തദ്ഗണമുഖ്യതാം
യത്പാർശ്വേ ഭഗവാനാസ്തേ ഹ്യദ്യാപി പുരപാലകഃ

| | | | |
|---|---|---|---|
| ബാണഃ | ബാണൻ | അദ്യ അപി | ഇപ്പോഴും |
| ഗിരിശം | ശിവനെ | ഭഗവാൻ | ശ്രീശിവൻ |
| ആരാധ്യ | ആരാധിച്ച് | യത്പാർശ്വേ | അവന്റെ അടുക്കൽ |
| തദ്ഗണ-മുഖ്യതാം | അവിടത്തെ പാർഷദ സംഘത്തിൽ പ്രധാന സ്ഥാനത്തെ | പുരപാലകഃ | രാജധാനിയുടെ കാവൽക്കാരനായിട്ട് |

19 മരുതശ്ച ദിതേഃ പുത്രാശ്ചത്വാരിംശന്നവാധികാഃ
ത ആസന്നപ്രജാഃ സർവ്വേ നീതാ ഇന്ദ്രേണ സാത്മതാം

| | | | |
|---|---|---|---|
| ദിതേഃ | ദിതിയുടെ | സാത്മതാം | സ്വതുല്യരൂപതയെ |
| പുത്രാഃ | പുത്രന്മാരായ | നീതാഃ | പ്രാപിപ്പിക്കപ്പെട്ട |
| മരുതഃ ച | മരുദ്ദേവന്മാരും | തേ സർവ്വേ | അവരെല്ലാവരും |
| നവാധികാഃ | ഒമ്പതിലേറെ | അപ്രജാഃ | സന്താനശൂന്യരായി |
| ചത്വാരിംശത് | നാല്പതുപേരുണ്ട് | ആസൻ | ഭവിച്ചു |
| ഇന്ദ്രേണ | ഇന്ദ്രനാൽ | | |

രാജോവാച = പരീക്ഷിത്ത്‌രാജാവ് ചോദിച്ചു—

20 കഥം ത ആസുരം ഭാവമപോഹ്യൗത്പത്തികം ഗുരോ
ഇന്ദ്രേണ പ്രാപിതാഃ സാത്മ്യം കിം തത് സാധു കൃതം ഹി തൈഃ

| | | | |
|---|---|---|---|
| ഗുരോ | ആചാര്യ! | സാത്മ്യം | സ്വതുല്യരൂപത്തെ (ദേവത്വത്തെ) |
| തേ | അവർ | കഥം | എങ്ങനെ |
| ഔത്പത്തികം | ജന്മസിദ്ധമായി | പ്രാപിതാഃ | പ്രാപിപ്പിക്കപ്പെട്ടു? |
| ആസുരം | അസുരന്മാർക്കുചേർന്ന | തൈഃ | അവരാൽ |
| ഭാവം | സ്വഭാവത്തെ | കൃതം | ചെയ്യപ്പെട്ട |
| അപോഹ്യ | നീക്കംചെയ്തു് | തത് സാധു | ആ സൽകൃത്യം |
| ഇന്ദ്രേണ | ദേവേന്ദ്രനാൽ | കിം ഹി | എന്തായിരിക്കാം? |

21 ഇമേ ശ്രദ്ധധതേ ബ്രഹ്മന്നൃഷയോ ഹി മയാ സഹ
പരിജ്ഞാനായ ഭഗവൻ തന്നോ വ്യാഖ്യാതുമർഹതി

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മർഷേ! | ശ്രദ്ധധതേ | ശ്രദ്ധിക്കുന്നുണ്ട്. |
| മയാ | എന്നോടു | തത് | അതുകൊണ്ട് |
| സഹ ഹി | കൂടെത്തന്നെ | ഭഗവൻ | ഹേ സർവ്വജ്ഞ! |
| ഇമേ ഋഷയഃ | ഈ ഋഷിമാരും | നഃ | ഞങ്ങൾക്കുവേണ്ടി |
| പരിജ്ഞാനായ | അറിയുന്നതിന്നായി | വ്യാഖ്യാതും | വിസ്തരിച്ചുപറയുവാൻ |
| | | അർഹതി | ഭവാൻ അർഹിക്കുന്നു |

സൂത ഉവാച = സൂതൻ (ശൗനകാദികളോട്) പറഞ്ഞു—

22 തദ്വിഷ്ണുരാതസ്യ സ ബാദരായണിർ—
വചോ നിശമ്യാദൃതമല്പമർത്ഥവത്
സഭാജയൻ സന്നിഭൃതേന ചേതസാ
ജഗാദ സത്രായണ സർവ്വദർശനഃ

| | |
|---|---|
| സത്രായണ | സത്രത്തെ സമാശ്രയിച്ചിരിക്കുന്ന ഹേ ശൗനകരേ! |
| ബാദരായണിഃ | വ്യാസപുത്രനും |
| സർവദൃശഃ | എല്ലാമറിയുന്നവനുമായ |
| സഃ | ആ ശുകബ്രഹ്മർഷി |
| വിഷ്ണുരാതസ്യ | ശ്രീപരീക്ഷിത്തിന്റെ |
| ആദൃതം | പ്രശ്രയാന്വിതവും |
| അല്പം | പരിമിതവും |
| അർത്ഥവത് | അമിതാർത്ഥയുക്തവുമായ |
| തത് വചഃ | ആ വചസ്സിനെ |
| നിശമ്യ | കേട്ടശേഷം |
| സന്നിവൃതേന | ആനന്ദം തിങ്ങുന്ന |
| ചേതസാ | മാനസത്താൽ |
| സഭാജയൻ | ആദരിച്ചുകൊണ്ട് |
| ജഗാദ | അരുളിച്ചെയ്തു |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

23 ഹതപുത്രാ ദിതിഃ ശക്രപാർഷ്ണിഗ്രാഹേണ വിഷ്ണുനാ
മന്യുനാ ശോകദീപ്തേന ജ്വലന്തീ പര്യചിന്തയത്.

| | |
|---|---|
| ശക്രപാർഷ്ണി-ഗ്രാഹേണ | ഇന്ദ്രനു പിൻബലമായിരിക്കുന്ന |
| വിഷ്ണുനാ | വിഷ്ണുവിനാൽ |
| ഹതപുത്രാ | വധിക്കപ്പെട്ട പുത്രന്മാരോടുകൂടിയവളായി ഭവിച്ച |
| ദിതിഃ | ദിതി |
| ശോകദീപ്തേന | ദുഃഖത്താൽ എരിഞ്ഞുയർന്ന |
| മന്യുനാ | കോപത്താൽ |
| ജ്വലന്തീ | ജ്വലിച്ചുകൊണ്ട് |
| പര്യചിന്തയത് | പലതും നിനച്ചു |

24 കദാനു ഭ്രാതൃഹന്താരമിന്ദ്രിയാരാമമുല്ബണം
അക്ലിന്നഹൃദയം പാപം ഘാതയിത്വാ സുഖം ശയേ

| | |
|---|---|
| ഭ്രാതൃഹന്താരം | ഭ്രാതാക്കളുടെ ഘാതകനും |
| ഇന്ദ്രിയാരാമം | ഇന്ദ്രിയാർത്ഥങ്ങളിൽ എപ്പോഴും രമിച്ചു കഴിയുന്നവനും |
| ഉല്ബണം | അതിക്രൂരനും |
| അക്ലിന്നഹൃദയം | മനസ്സിൽ അലിവില്ലാത്തവനും |
| പാപം | പാപിയുമായ ഇന്ദ്രനെ |
| ഘാതയിത്വാ | കൊല്ലിച്ച് |
| കദാനു | എന്നാണ് |
| സുഖം | സൗഖ്യമായിട്ട് |
| ശയേ | ഞാൻ ഉറങ്ങുക ? |

ഇന്ദ്രൻ ദേവന്മാരുടെ രാജാവാണ്. സ്വദേഹരക്ഷക്കുവേണ്ടി രാജാക്കന്മാർ ശത്രുക്കളെ കൊല്ലുകയും കൊല്ലിക്കുകയും ചെയ്യാറുണ്ട്. ഇതിൽ പകതോന്നാനെന്തിരിക്കുന്നു? ഈ ആശങ്കയെ പരിഹരിച്ചുകൊണ്ട് ഇനി പറയുന്നു—

25 കൃമിവിഡ്ഭസ്മസംജ്ഞാസീദ്യസ്യേശാഭിഹിതസ്യ ച
ഭൂതധ്രുക് തത്കൃതേ സ്വാർത്ഥം കിം വേദ നിരയോ യതഃ

| | |
|---|---|
| ഈശാഭി- ഹിതസ്യ ച | മഹാരാജാവെന്നു പേർ വിളിക്കപ്പെട്ട തായിരുന്നാലും കൂടി |
| യസ്യ | യാതൊരു ദേഹത്തിന്നു് |
| കൃമിവിഡ്- ഭസ്മസംജ്ഞം | കൃമികളെന്നോ, വിഷ്ഠ യെന്നോ, വെണ്ണീ റെന്നോ ഉള്ളപേർ |
| ആസീത് | സംഭവിച്ചുവോ, |
| തത്കൃതേ | ആ ദേഹിത്തന |
| ഭൂതധ്രുക് | സഹജീവിദ്രോഹം ചെയ്യുന്നവൻ |
| സ്വാത്ഥം | സ്വന്തം നന്മയെ |
| കിം വേദ | അറിയുന്നുണ്ടോ? |
| യതഃ | യാതൊന്നുകൊണ്ടു് |
| നിരയഃ | നരകമാണു്. |

ഇവിടെ ഭാവാത്ഥം ഇപ്രകാരം ഗ്രഹിക്കേണ്ടതാകുന്നു — ഈ ശരീരത്തിന്നു് മഹാരാജാവെന്ന അഭിധാനം ഉണ്ടായിരുന്നാലും മരിച്ചു കഴിഞ്ഞാൽ മൂന്നുനാലു ദിവസംകൊണ്ടു് അതു പുഴക്കളായിമാറുന്നു, വല്ല ജന്തുക്കളും കാർന്നുതിന്നാൽ അവയുടെ വിഷ്ഠയായി രൂപാന്തരപ്പെടുന്നു, സംസ്കരിച്ചാൽ വെണ്ണീറായിത്തീരുന്നു. ഇത്രമാത്രം നിസ്സാരമായ ഒന്നിനെനില നിർത്താൻ ഭ്രാതൃഹത്യാദുരിതം ആചരിക്കുന്നവൻ ആത്മശ്രേയസ്സറിയാതെ സ്വയം നരകത്തിൽ നിപതിക്കുകയാണു്.

26 ആശാസാനസ്യ തസ്യേദം ധ്രുവമുന്നദ്ധചേതസഃ
മദശോഷക ഇന്ദ്രസ്യ ഭൂയാദ്യേന സുതോ ഹി മേ

| | |
|---|---|
| ഇദം | ഈ നശ്വരമായ ദേഹത്തെ |
| ധ്രുവം | ശാശ്വതമെന്നു് |
| ആശാസാനസ്യ | കരുതിവരുന്നവനും |
| ഉന്നദ്ധ- ചേതസഃ | അഹങ്കാരം മുഴുത്തിരി ക്കുന്ന ചിത്തത്തോടു കൂടിയവനുമായ |
| തസ്യ ഇന്ദ്രസ്യ | ആ ഇന്ദ്രന്റെ |
| മദശോഷകഃ | അഹങ്കാരം ശമി പ്പിക്കാൻ കഴിവുള്ള |
| സുതഃ ഹി | ഒരു പുത്രൻ |
| യേന | ഏതുപായത്തിൽ |
| മേ | എനിക്കു് |
| ഭൂയാത് | ഉണ്ടാകും? |

27 ഇതി ഭാവേന സാ ഭർത്തുരാചചാരാസകൃത്പ്രിയം
ശുശ്രൂഷയാനുരാഗേണ പ്രശ്രയേണ ദമേന ച

| | |
|---|---|
| ഇതി | ഇങ്ങനെയുള്ള |
| ഭാവേന | വിചാരത്തോടെ |
| സാ | അവൾ (ദിതി) |
| ശുശ്രൂഷയാ | പരിചരണത്താലും |
| അനുരാഗേണ | പ്രേമത്താലും |
| പ്രശ്രയേണ | വിനയത്താലും |
| ദമേന ച | ഒതുക്കത്താലും |
| അസകൃത് | എപ്പോഴും |
| ഭർത്തുഃ | ഭർത്താവിന്റെ |
| പ്രിയം | പ്രിയത്തെ |
| ആചചാര | ആചരിച്ചുവന്നു. |

28 ഭക്ത്യാ പരമയാ രാജൻ മനോജ്ഞൈർവല്ഗുഭാഷിതൈഃ
മനോ ജഗ്രാഹ ഭാവജ്ഞാ സുസ്മിതാപാംഗവീക്ഷണൈഃ

രാജൻ — ഹേ രാജാവേ!
ഭാവജ്ഞാ — ഭർത്താവിൻെറ അഭി മതം അറിയാവുന്ന അവരം
പരമയാ — ഉയർന്ന
ഭക്ത്യാ — ഭക്തികൊണ്ടും
മനോജ്ഞൈഃ — മനോഹരങ്ങളായ
വല്ഗു- } ഭാഷിതൈഃ } — മധുരമൊഴികളം കൊണ്ടും
സുസ്മിതാപാംഗ } വീക്ഷണൈഃ } — മന്ദഹാസാഞ്ചിത മായ കടാക്ഷ വീക്ഷണങ്ങളം കൊണ്ടും
മനഃ — ഭർത്തൃഹൃദയം
ജഗ്രാഹ — പിടിച്ചടക്കി

29 ഏവം സ്ത്രിയാ ജഡീഭൂതോ വിദ്വാനപി വിദഗ്ദ്ധയാ
ബാഢമിത്യാഹ വിവശോ ന തച്ചിത്രം ഹി യോഷിതി.

(കശ്യപഃ) — കശ്യപപ്രജാപതി
വിദ്വാൻ അപി — ജ്ഞാനിയാണെ ങ്കിലും
ഏവം — ഇപ്രകാരം
വിദഗ്ദ്ധയാ — ചാതുര്യമുള്ള
സ്ത്രിയാ — നാരിയാൽ
ജഡീഭൂതഃ — മൂഢബുദ്ധിയാക്ക പ്പെട്ട്
വിവശഃ — സ്ത്രീപരതന്ത്രനായി
ബാഢം — "ശരി, നിൻെറ ഇഷ്ടം നടക്കട്ടെ"
ഇതി ആഹ — എന്നുപറഞ്ഞു.
തത് — ആ പറഞ്ഞതു്
യോഷിതി — സ്ത്രീയുടെ വിഷയ ത്തിൽ
ന ചിത്രം ഹി — ആശ്ചര്യമല്ലതാനും

അതിനുള്ള കാരണമാണ് ഇനി പറയുന്നതു്—

30 വിലോക്യൈകാന്തഭൂതാനി ഭൂതാന്യാദൗ പ്രജാപതിഃ
സ്ത്രിയം ചക്രേ സ്വദേഹാർദ്ധം യയാ പുംസാം മതിർഹൃതാ

ആദൗ — ആദിയിങ്കൽ
പ്രജാപതിഃ — സൃഷ്ടികർത്താവു്
ഭൂതാനി — ജീവജാലങ്ങളെ
ഏകാന്ത- } ഭൂതാനി } — നിസ്സംഗതയോടെ ഇരിക്കുന്നതായി
വിലോക്യ — കണ്ടിട്ടു്
സ്വദേഹാർദ്ധം — സ്വശരീരാർദ്ധത്തെ
സ്ത്രിയം ചക്രേ — സ്ത്രീയാക്കി മാററി
യയാ — യാതൊരു സ്ത്രീപ്രകൃതിയാൽ
പുംസാം — പുരുഷന്മാരുടെ
മതിഃ — ബുദ്ധി
ഹൃതാ — ആകൃഷ്ടമായി

31 ഏവം ശുശ്രൂഷിതസ്താത ഭഗവാൻ കശ്യപഃസ്ത്രിയാ
പ്രഹസ്യ പരമപ്രീതോ ദിതിമാഹാഭിനന്ദ്യ ച

താത — വത്സ!
ഭഗവാൻ — സർവ്വജ്ഞനായ
കശ്യപഃ — കശ്യപമുനി
ഏവം — മുൻപറഞ്ഞവിധം
സ്ത്രിയാ — സ്ത്രീയാൽ
ശുശ്രൂഷിതഃ — ഉപചരിക്കപ്പെട്ടു്
പരമപ്രീതഃ — അതിസന്തുഷ്ടനാ വുകയും
പ്രഹസ്യ — ചിരിച്ചു്
ദിതിം — ദിതിയെ
അഭിനന്ദ്യ — അഭിനന്ദിച്ചു്
ആഹ ച — പറകയും ചെയ്തു

കശ്യപ ഉവാച = കശ്യപമുനി പറഞ്ഞു—

32 വരം വരയ വാമോരു പ്രീതസ്തേഹമനിന്ദിതേ
സ്ത്രീയാ ഭർത്തരി സുപ്രീതേ കഃ കാമ ഇഹ ചാഗമഃ

| | | | |
|---|---|---|---|
| വാമോരു | സുന്ദരാംഗി! | ഭർത്തരി | ഭർത്താവ് |
| വരം | വരത്തെ | സുപ്രീതേ | സന്തുഷ്ടനായാൽ |
| വരയ | വരിച്ചുകൊള്ളൂ! | സ്ത്രീയാഃ | സ്ത്രീക്ക് |
| അനിന്ദിതേ | കുററമററവളേ! | കഃ കാമഃ | ഏതൊരാഗ്രഹം |
| അഹം | ഞാൻ | ഇഹ ച | ഇഹത്തിലും |
| തേ | നിൻെറ പേരിൽ | | പരത്തിലും |
| പ്രീതഃ | സന്തുഷ്ടനാണ് | അഗമഃ | അപ്രാപ്യമായുണ്ട്? |

33 പതിരേവ ഹി നാരീണാം ദൈവതം പരമം സ്മൃതം
മാനസഃ സർവഭൂതാനാം വാസുദേവഃ ശ്രിയഃ പതിഃ

34 സ ഏവ ദേവതാലിംഗൈർനാമരൂപവികല്പിതൈഃ
ഇജ്യതേ ഭഗവാൻ പുംഭിഃ സ്ത്രീഭിശ്ച പതിരൂപധൃക്

| | | | |
|---|---|---|---|
| പതിഃ ഏവ | ഭർത്താവുമാത്രമാണ് | സഃ ഏവ | തന്തിരുവടിതന്നെ |
| നാരീണാം | സ്ത്രീകൾക്ക് | നാമരൂപ- | നാമരൂപങ്ങൾ |
| പരമം | സർവോപരിയുള്ള | വികല്പിതൈഃ | കൊണ്ട് പലമട്ടിൽ |
| ദൈവതം | ദൈവമെന്ന് | | സങ്കല്പിക്കപ്പെട്ട |
| സ്മൃതം ഹി | ശാസ്ത്രസങ്കല്പമുണ്ടല്ലോ | ദേവതാലിംഗൈഃ | ദേവരൂപങ്ങ |
| ശ്രിയഃപതിഃ | ലക്ഷ്മീകാന്തനായ | | ളോട് കൂടിയവനായി |
| വാസുദേവഃ | ശ്രീവാസുദേവൻ | | തന്നെ |
| സർവ്വഭൂതാനാം | സകലപ്രാണികള | പുംഭിഃ | പുരുഷന്മാരാലും |
| | ടെയും | പതിരൂപധൃക് | ഭർത്തൃരൂപത്തെ |
| മാനസഃ | ഉള്ളിലുള്ളവനാണ് | | ധരിച്ചുകൊണ്ടിരുന്ന് |
| ഭഗവാൻ | സർവൈശ്വര്യാദി | സ്ത്രീഭിഃ ച | സ്ത്രീകളാലും |
| | ഗുണപൂർണ്ണനായ | ഇജ്യതേ | ആരാധിക്കപ്പെടുന്നു. |

35 തസ്മാത് പതിവ്രതാ നാര്യഃ ശ്രേയസ്കാമാഃ സുമധ്യമേ
യജന്തേഽനന്യഭാവേന പതിമാത്മാനമീശ്വരം

| | | | |
|---|---|---|---|
| സുമധ്യമേ | അല്ലയോ സുന്ദരി! | ആത്മനം | ജീവനായും |
| തസ്മാത് | അതുകാരണം | ഈശ്വരം | ഈശ്വരനായും കരുതി |
| ശ്രേയസ്കാമാഃ | ശ്രേയസ്സാഗ്രഹിക്കുന്ന | അനന്യ- | ഇതരവിചാരങ്ങളൊ |
| പതിവ്രതാഃ | പതിവ്രതകളായ | ഭാവേന | ന്നും കൂടാതെ |
| നാര്യഃ | സ്ത്രീകൾ | | |
| പതിം | ഭർത്താവിനെ | ജന്തേ | ആരാധിച്ചുവരുന്നു |

36 സോഽഹം ത്വയാർച്ചിതോ ഭദ്രേ ഈദൃഗ്ഭാവേന ഭക്തിതഃ
തത്തേ സംപാദയേ കാമമസതീനാം സുദുർല്ലഭം.

| | | | |
|---|---|---|---|
| ഭദ്രേ | ഹേ സുമംഗലേ! | തത് | അതിനാൽ |
| ത്വയാ | നിന്നാൽ | അസതീനാം | പതിവ്രതകളല്ലാത്ത സ്ത്രീകൾക്ക് |
| സഃ അഹം | അങ്ങനെയുള്ള ഞാൻ | സുദുർല്ലഭം | തികച്ചും നേടുവാൻ കഴിയാത്ത |
| ഈദൃക്- ഭാവേന } | ഈദൃശമായ മനഃസങ്കൽപ്പത്തോടും | തേ കാമം | നിന്റെ ആഗ്രഹത്തെ |
| ഭക്തിതഃ | ഭക്തിയോടുംകൂടി | സംപാദയേ | ഞാൻനിറവേററുന്നുണ്ട് |
| അർച്ചിതഃ | പരിചരിക്കപ്പെട്ടുവല്ലോ | | |

ദിതിരുവാച = ദിതി പറഞ്ഞു

37 വരദോ യദി മേ ബ്രഹ്മൻ പുത്രമിന്ദ്രഹണം വൃണേ
അമൃത്യും മൃതപുത്രാഹം യേന മേ ഘാതിതൗ സുതൗ

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മസ്വരൂപ! | വൃണേ | വരിക്കുന്നു. |
| മേ | (ഭവാൻ) എനിക്ക് | അഹം | ഞാൻ |
| വരദഃ യദി | വരദാനം ചെയ്യുന്നവനാണെങ്കിൽ | മൃതപുത്രാ | മക്കൾമരിച്ചുപോയ സ്ത്രീയാണ്. |
| ഇന്ദ്രഹണം | ഇന്ദ്രന്റെ ഹന്താവും | യേന | യാതൊരു ഇന്ദ്രനാൽ |
| അമൃത്യും | മരണം സംഭവിക്കാത്തവനുമായ | മേ | എന്റെ |
| | | പുത്രൗ | രണ്ടുമക്കളും |
| പുത്രം | പുത്രനെ | ഘാതിതൗ | കൊല്ലിക്കപ്പെട്ടു |

38 നിശമ്യ തദ്വചോ വിപ്രോ വിമനാഃ പര്യതപ്യത
അഹോ അധർമ്മഃ സുമഹാനദ്യ മേ സമുപസ്ഥിതഃ

| | | | |
|---|---|---|---|
| വിപ്രഃ | ബ്രഹ്മജ്ഞനായ കശ്യപമുനി | അഹോ | "കഷ്ടമേ! |
| തദ്വചഃ | അവളുടെ വാക്ക | സുമഹാൻ | അതിമഹത്തായ |
| നിശമ്യ | കേട്ടിട്ട് | അധർമ്മഃ | അധർമ്മം |
| വിമനാഃ | മനസ്സുഴറി | അദ്യ മേ | ഇന്നെനിക്ക് |
| പര്യതപ്യത | പരിതപിച്ചു— | സമുപസ്ഥിതഃ | വന്നുചേർന്നു. |

39 അഹോ അദ്യേന്ദ്രിയാരാമോ യോഷിന്മയ്യേഹ മായയാ
ഗൃഹീതചേതാഃ കൃപണഃ പതിഷ്യേ നരകേ ധ്രുവം

| | | | |
|---|---|---|---|
| അഹോ | കഷ്ടമായി! | ഗൃഹീതചേതാഃ | ആകൃഷ്ടചിത്തനും |
| അദ്യ ഇഹ | ഇന്നിവിടെ | കൃപണഃ | ദീനനുമായ ഞാൻ |
| ഇന്ദ്രിയാരാമഃ | ഇന്ദ്രിയസുഖങ്ങളിൽ ആസക്തനും | നരകേ | നരകത്തിൽ |
| യോഷിന്മയ്യാ | സ്ത്രീസ്വരൂപമാർന്ന | പതിഷ്യേ | ചെന്നുവീഴും, |
| മായയാ | മായയാൽ | ധ്രുവം | തീർച്ചയാണ് |

40 കോഽതിക്രമോഽനുവർത്തന്ത്യാഃ സ്വഭാവമിഹ യോഷിതഃ
ധിങ്മാം ബതാബുധം സ്വാർത്ഥേ യദഹം ത്വജിതേന്ദ്രിയഃ

| | |
|---|---|
| യോഷിതഃ | സ്ത്രീയുടെ |
| സ്വഭാവം | സ്വഭാവത്തെ |
| അനുവർത്തന്ത്യാഃ | അനുവർത്തിക്കുന്നവൾക്ക് (ദിതിക്ക്) |
| ഇഹ | ഇതിൽ |
| അതിക്രമഃ | അപരാധം |
| കഃ | എന്തിരിക്കുന്നു? |
| സ്വാർത്ഥേ | സ്വന്തം കാര്യത്തിൽ |
| അബോധം | ബോധമില്ലാതായ |
| മാം ധിക് | ഞാനത്രേ നിന്ദ്യൻ. |
| യത് | എന്തെന്നാൽ |
| അഹം തു | ഞാനാകട്ടെ |
| അജിതേന്ദ്രിയഃ | ജിതേന്ദ്രിയനായില്ല, |
| ബത | ഛേ! മോശമായി. |

ഇനി രണ്ടു ശ്ലോകംകൊണ്ടു സ്ത്രീസ്വഭാവത്തിന്റെ പ്രത്യേകത എടുത്തു പറയുന്നു—

41 ശരത്പദ്മോത്സവം വക്ത്രം വചശ്ച ശ്രവണാമൃതം
ഹൃദയം ക്ഷുരധാരാഭം സ്ത്രീണാം കോ വേദ ചേഷ്ടിതം

| | |
|---|---|
| വക്ത്രം | മുഖം |
| ശരത്പദ്മോത്സവം | ശരൽക്കാലത്തിലെ താമരയ്ക്കൊത്ത വികാസ ഭംഗിയുള്ളതാണ്; |
| വചഃ ച | വാക്കും |
| ശ്രവണാമൃതം | കാതുകൾക്ക അമൃതധാരയാണ്; |
| ഹൃദയം | മനസ്സാകട്ടെ |
| ക്ഷുരധാരാഭം | കത്തിയുടെ വായ്ത്തലപോലെ മൂർച്ചയുള്ളതും. |
| സ്ത്രീണാം | സ്ത്രീകളുടെ |
| ചേഷ്ടിതം | പെരുമാററരീതി |
| കഃ വേദ | ആരറിയുന്നു? |

42 ന ഹി കശ്ചിത് പ്രിയഃ സ്ത്രീണാമഞ്ജസാ സ്വാശിഷാത്മനാം
പതിം പുത്രം ഭ്രാതരം വാ ഘ്നന്ത്യർത്ഥേ ഘാതയന്തി ച

| | |
|---|---|
| സ്വാശിഷാത്മനാം | സ്വന്തം അഭിലാഷത്തിൽ മാത്രം മനസ്സിരുത്തുന്ന |
| സ്ത്രീണാം | സ്ത്രീകൾക്ക് |
| അഞ്ജസാ | യഥാർത്ഥത്തിൽ |
| പ്രിയഃ | പ്രിയനായിട്ട് |
| കശ്ചിത് | ഒരുവനും |
| നഹി | ഇല്ല |
| അർത്ഥേ | കാര്യസാദ്ധ്യത്തിനു വേണ്ടി |
| പതിം | ഭർത്താവിനെയോ |
| പുത്രം | പുത്രനെയോ |
| ഭ്രാതരം വാ | സോദരനെയോ |
| ഘ്നന്തി | കൊന്നേക്കും, |
| ഘാതയന്തി ച | കൊല്ലിക്കയും ചെയ്യും |

43 പ്രതിശ്രുതം ദദാമീതി വചസ്തന്ന മൃഷാ ഭവേത്
വധം നാർഹതി ചേന്ദ്രോപി തത്രേദമുപകല്പതേ

| | |
|---|---|
| ദദാമി | 'ഞാൻ തന്നുകൊള്ളാം' |
| ഇതി | എന്നിങ്ങനെ |
| പ്രതിശ്രുതം | വാക്കുകൊടുത്തതാണ്. |
| തത് വചഃ | ആ വാക്ക് |
| മൃഷാ | വ്യർത്ഥമായി |
| ന ഭവേത് | ഭവിച്ചുകൂടാ |
| ഇന്ദ്രഃ അപി | ഇന്ദ്രനാകട്ടെ |
| വധം | വധത്തെ |

| | | | |
|---|---|---|---|
| ന അർഹതി ച | അർഹിക്കുന്നതുമില്ല. | ഇദം | ഇതു് |
| തത്ര | ആയതിൽ | ഉപകല്പതേ | സമുചിതമായിരിക്കുന്നു.'' |

'' ഇതു സമുചിതമായിരിക്കുന്നു'' എന്നുപറഞ്ഞതിന്റെ ആശയം സന്ദർഭംകൊണ്ടു് ഇങ്ങനെ ഗ്രഹിക്കണം— കുറെ നിബന്ധനകളോടുകൂടിയ ഒരു വൈഷ്ണവ മഹാവ്രതമനുഷ്ഠിക്കാൻ ദിതിയെ ഉപദേശിക്കുക. പുത്രാർത്ഥമാണെങ്കിലും ആ വ്രതത്തിന്റെ മഹത്ത്വംകൊണ്ടു ചിത്തശുദ്ധിവന്നു് അവളുടെ ഇന്ദ്രവിരോധം വിട്ടുപോയേക്കാം. പുത്രനു് അമർത്ത്യത്വവും സിദ്ധിക്കും. അഥവാ ഈ വ്രതം ദീർഘകാലാനുഷ്ഠേയമായതുകൊണ്ടു വല്ല വൈകല്യവും ഇടയ്ക്കു സംഭവിക്കാവുന്നതാണു്. അപ്പോഴും ഇന്ദ്രഹന്താവായ പുത്രൻ ഉണ്ടാകയുമില്ലല്ലോ.

44 ഇതി സഞ്ചിന്ത്യ ഭഗവാൻ മാരീചഃ കുരുനന്ദന
ഉവാച കിഞ്ചിത് കുപിത ആത്മാനം ച വിഗർഹയൻ.

| | | | |
|---|---|---|---|
| കുരുനന്ദന | ഹേ കുരുവംശജ! | കിഞ്ചിത് | അല്പം |
| ഭഗവാൻ | ജ്ഞാനിയായ | കുപിതഃ | കുപിതനായും |
| മാരീചഃ | കശ്യപമുനി | ആത്മാനം | തന്നെത്തന്നെ |
| ഇതി | ഇപ്രകാരം | വിഗർഹയൻ | നിന്ദിച്ചുകൊണ്ടും |
| സഞ്ചിന്ത്യ | നന്നായി ചിന്തിച്ചു് | ഉവാച | പറഞ്ഞു |

കശ്യപ ഉവാച = കശ്യപൻ പറഞ്ഞു—

45 പുത്രസ്തു ഭവിതാ ഭദ്രേ ഇന്ദ്രഹാ ദേവബാന്ധവഃ
സംവത്സരം വ്രതമിദം യദ്യഞ്ജോ ധാരയിഷ്യസി.

| | | | |
|---|---|---|---|
| ഭദ്രേ | സുമംഗലേ! | പുത്രഃ | പുത്രൻ |
| ഇദം വ്രതം | ഈ വ്രതത്തെ | തേ ഭവിതാ | നിനക്കു് ഉണ്ടാകും; |
| സംവത്സരം | ഒരുവർഷംമുഴുവൻ | (വൈഗുണ്യേ) | വ്രതത്തിനു ദോഷം സംഭവിച്ചാൽ |
| അഞ്ജഃ | ശരിയായ വിധം | | |
| ധാരയിഷ്യസി<br>യദി | നീ എടുക്കുകയാണെങ്കിൽ | ദേവബാന്ധവഃ | ദേവന്മാർക്കു ബന്ധുവായവൻ ഉണ്ടാകും |
| ഇന്ദ്രഹാ | ഇന്ദ്രനെ ഹനിക്കുന്ന | | |

ദിതിരുവാച = ദിതി പറഞ്ഞു

46 ധാരയിഷ്യേ വ്രതം ബ്രഹ്മൻ ബ്രൂഹി കാര്യാണി യാനി മേ
യാനി ചേഹ നിഷിദ്ധാനി ന വ്രതം ഘ്നന്തി യാനി തു

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മൻ! | ധാരയിഷ്യേ | ധരിച്ചുകൊള്ളാം |
| വ്രതം | വ്രതത്തെ | ഇഹ | ഇതിൽ |

യാനി യാതൊന്നുകൾ
കാര്യാണി ചെയ്യേണ്ടുന്നവയാകുന്നുവോ,
യാനി ച യാതൊന്നുകളാകട്ടെ
നിഷിദ്ധാനി ചെയ്യരുതാത്തവയാകുന്നുവോ,

യാനി തു യാതൊന്നുകളാകട്ടെ
വ്രതം വ്രതത്തെ
ന ഘ്നന്തി നശിപ്പിക്കുകയില്ലയോ
(താനി)മേ അവയെ എനിക്ക്
ബ്രൂഹി വ്യക്തമായി പറഞ്ഞുതന്നാലും

വ്രതാനുഷ്ഠാനകാലത്തു ചെയ്യരുതാത്ത മുപ്പത്തൊന്നു കാര്യങ്ങളെ ഇനി അഞ്ചുശ്ലോകം കൊണ്ടു കശ്യപമുനി ഉപദേശിക്കുന്നു.

കശ്യപ ഉവാച = കശ്യപൻ പറഞ്ഞു—

47 ന ഹിംസ്യാത് ഭൂതജാതാനി ന ശപേന്നാനൃതം വദേത്
ന ഛിന്ദ്യാന്നഖരോമാണി ന സ്പൃശേദ്യദമംഗലം

ഭൂതജാതാനി പ്രാണികളെ
ന ഹിംസ്യാത് ഹിംസിക്കരുത്;
ന ശപേത് ആക്രോശിക്കരുത്;
അനൃതം കള്ളം
ന വദേത് പറയരുത്;

നഖരോമാണി നഖങ്ങളും രോമങ്ങളും
ന ഛിന്ദ്യാത് മുറിക്കരുത്;
അമംഗലം മംഗളമല്ലാത്ത
യത് യാതൊന്നും
ന സ്പൃശേത് തൊട്ടുകൂടാ.

48 നാപ്സു സ്നായാത് ന കുപ്യേത ന സംഭാഷേത ദുർജനൈഃ
ന വസീതാധൗതവാസഃ സ്രജം ച വിധൃതാം ക്വചിത്

അപ്സു വെള്ളത്തിൽ
ന സ്നായാത് ഇറങ്ങി കുളിക്കരുത്
ന കുപ്യേത ദ്വേഷ്യപ്പെടരുത്;
ദുർജനൈഃ ദുഷ്ടജനത്തോടുകൂടി
ന സംഭാഷേത സംഭാഷണം ചെയ്യരുത്;

അധൗതവാസഃ അലക്കാത്ത വസ്ത്രത്തെയും
ക്വചിത് ഒരിക്കൽ
വിധൃതാം ചൂടിയ
സ്രജം ച മാലയെയും
ന വസീത ധരിച്ചുകൂടാ,

49 നോച്ഛിഷ്ടം ചണ്ഡികാന്നം ച സാമിഷം വൃഷളാഹൃതം
ഭുഞ്ജീതോദക്യയാ ദൃഷ്ടം പിബേദഞ്ജലിനാ ത്വപഃ

ഉച്ഛിഷ്ടം തിന്നുശേഷിച്ചതിനെയും
ചണ്ഡികാന്നം ഭദ്രകാളിക്കു നിവേദിച്ച അന്നത്തെയും
വൃഷളാഹൃതം ശൂദ്രൻ കൊണ്ടുവന്നതും
സാമിഷം മാംസമിശ്രിതവുമായ വസ്തുവിനെയും

ഉദക്യയാ രജസ്വലയാൽ
ദൃഷ്ടം ച ദൃഷ്ടിപതിപ്പിക്കപ്പെട്ടതിനെയും
ന ഭുഞ്ജീത ഭക്ഷിക്കരുത്;
അഞ്ജലിനാ കൈക്കുമ്പിൾകൊണ്ട്
അപഃ തു വെള്ളമെടുത്തു
ന പിബേത് കുടിച്ചുകൂടാ

ചണ്ഡികാന്നം എന്നതിനു് ഉറുമ്പരിച്ച ചോറു് എന്നും അർത്ഥം സിദ്ധിക്കും, (ചണ്ഡികാ = ഉറുമ്പു്) അതും ഭക്ഷിക്കരുതു്

50 നോച്ഛിഷ്ടാസ്പൃഷ്ടസലിലാ സന്ധ്യായാം മുക്തമൂർധജാ
അനഞ്ചിതാസംയതവാങ്ങ് നാസംവീതാ ബഹിശ്ചരേത്

| | |
|---|---|
| ഉച്ഛിഷ്ടാ | തിന്നതിനെ വായിൽ ബാക്കിവെച്ചുകൊണ്ടും, |
| അസ്പൃഷ്ട-സലിലാ | വെള്ളം കൊണ്ടു മുഖാദ്യവയവ ശുദ്ധി ചെയ്യാതെയും, |
| സന്ധ്യായാം | സന്ധ്യാസമയത്തും, |
| മുക്തമൂർദ്ധജാ | തലമുടിയഴിച്ചിട്ടുകൊണ്ടും, |
| അനഞ്ചിതാ | ഭൂഷണങ്ങളണിയാതെയും, |
| അസംവീതാ | ഉത്തരീയത്താൽ ഉടൽമറക്കാതെയും |
| ബഹിഃ | പുറമെ |
| ന ചരേത് | ഇറങ്ങിനടന്നുകൂടാ- |

51 നാധൗതപാദാപ്രയതാ നാർദ്രപാദാ ഉദക്ശിരാഃ
ശയീത നാപരാങ്ങ്നാന്യൈർന നഗ്നാ ന ച സന്ധ്യയോഃ

| | |
|---|---|
| അധൗതപാദാ | കാൽകഴുകാതെയും |
| അപ്രയതാ | മനസ്സുപതറികൊണ്ടും |
| ന ശയീത | കിടന്നുറങ്ങിക്കൂടാ |
| ആർദ്രപാദാ | നനഞ്ഞകാലോടെയും |
| ഉദക്ശിരാഃ | വടക്കോട്ടുതലവച്ചുകൊണ്ടും |
| ന | അരുതു് |
| പരാക് ന | പടിഞ്ഞാറോട്ടും അരുതു് |
| അന്യൈഃ | പരജനങ്ങളോടുകൂടിയും അരുതു് |
| നഗ്നാ ന | നഗ്നയായിട്ടും അരുതു് |
| സന്ധ്യയോഃ ച | ഇരുസന്ധ്യകളിലും |
| ന | പാടില്ല |

ഇനി രണ്ടു ശ്ലോകംകൊണ്ടു് അനുഷ്ഠേയങ്ങളായ സംഗതികളെ ഉപദേശിക്കുന്നു—

52 ധൗതവാസാഃ ശുചിർനിത്യം സർവമംഗലസംയുതാ
പൂജയേത് പ്രാതരാശാത് പ്രാഗ്ഗോവിപ്രാൻ ശ്രിയമച്യുതം.

| | |
|---|---|
| ധൗതവാസാഃ | അലക്കിയ വസ്ത്രം ധരിച്ചു് |
| ശുചിഃ | ശുദ്ധിയോടെ ഇരുന്നു് |
| സർവ്വമംഗല-സംയുതാ | സകലമംഗള വസ്തുക്കളോടും കൂടിയവളായിട്ടു് |
| പ്രാതരാശാത് പ്രാക് | പ്രാതൽ കഴിക്കുന്നതിന്നു് മുൻപായി |
| ഗോവിപ്രാൻ | ഗോക്കളെയും ബ്രാഹ്മണരെയും |
| ശ്രിയം | ശ്രീദേവിയെയും |
| അച്യുതം | ശ്രീഹരിയെയും |
| നിത്യം | പതിവായി |
| പൂജയേത് | പൂജിക്കണം |

53 സ്ത്രിയോ വീരവതീശ്ചാർച്ചേത് സ്രഗ്ഗന്ധബലിമണ്ഡനൈഃ
പതിം ചാർച്ച്യോപതിഷ്ഠേത ധ്യായേത് കോഷ്ഠഗതം ച തം

| | | | |
|---|---|---|---|
| വീരവതീഃ | സുമംഗലികളായ | ആർച്ച്യ | നന്നായാരാധിച്ച് |
| സ്ത്രിയഃ ച | സ്ത്രീകളെ വിശേഷിച്ചും | ഉപതിഷ്ഠേത | വാഴ്ത്തി വണങ്ങുക |
| സ്രഗ്ഗന്ധബലി- മണ്ഡനൈഃ | പൂമാല, കുറിക്കൂട്ട്, ഭക്ഷണം, ഭൂഷണം എന്നിവകൊണ്ട് | തം | അദ്ദേഹത്തെ |
| അർച്ചേത് | സമാരാധിക്കണം | കോഷ്ഠഗതം ച | ഗർഭത്തിൽ (പുത്ര രൂപേണ) പ്രവേശിച്ചതായും |
| പതിം ച | ഭർത്താവിനെയും | ധ്യായേത് | നിനച്ചുകൊള്ളണം |

54 സംവത്സരം പുംസവനം വ്രതമേതദവപ്ളുതം
ധാരയിഷ്യസി ചേത്തുഭ്യം ശക്രഹാ ഭവിതാ സുതഃ

| | | | |
|---|---|---|---|
| പുംസവനം | പുത്രോൽപത്തികരമായ | ധാരയിഷ്യസി ചേത് | നീ എടുക്കുകയാണെങ്കിൽ |
| ഏതത് വ്രതം | ഈ വ്രതത്തെ | തുഭ്യം | നിനക്ക് |
| അവപ്ളുതം | തെറ്റുപററാതെ | ശക്രഹാ | ഇന്ദ്രനെകൊല്ലുന്ന |
| | | സുതഃ | മകൻ |
| സംവത്സരം | ഒരുവർഷം മുഴുവൻ | ഭവിതാ | പിറന്നുണ്ടാകും- |

55 ബാഢമിത്യഭിപ്രേത്യാഥ ദിതീ രാജൻ മഹാമനാഃ
കാശ്യപം ഗർഭമാധത്ത വ്രതം ചാഞ്ജോ ദധാര സാ.

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | കാശ്യപം | കശ്യപമുനിയിൽ നിന്നുള്ള |
| അഥ | അനന്തരം | ഗർഭം | ഗർഭത്തെ |
| മഹാമനാഃ | മനക്കരുത്തുള്ള | ആധത്ത | ധരിച്ചു |
| ദിതിഃ | ദിതീദേവി | സാ | അവരാ |
| ബാഢം ഇതി | 'ശരി, ആകാം' എന്നു | അഞ്ജഃ | മുറപ്രകാരം |
| | | വ്രതം ച | വ്രതത്തെയും |
| അഭിപ്രേത്യ | സമ്മതിച്ചശേഷം | ദധാര | അനുഷ്ഠിച്ചു. |

56 മാതൃഷ്വസുരഭിപ്രായമിന്ദ്ര ആജ്ഞായ മാനദ
ശുശ്രൂഷണേനാശ്രമസ്ഥാം ദിതിം പര്യചരത് കവിഃ

| | | | |
|---|---|---|---|
| മാനദ | ബഹുമതിയേകുന്ന രാജാവേ! | ആജ്ഞായ | തികച്ചും ധരിച്ച് |
| കവിഃ | ക്രാന്തദർശിയായ | ആശ്രമസ്ഥാം | ആശ്രമത്തിൽ സ്ഥിതിചെയ്യുന്ന |
| ഇന്ദ്രഃ | ദേവേന്ദ്രൻ | ദിതിം | ആ ദിതിയെ |
| മാതൃഷ്വസുഃ | ചിററമ്മയുടെ | ശുശ്രൂഷണേന | ശുശ്രൂഷാവഴിക്ക് |
| അഭിപ്രായം | ആശയഗതിയെ | പര്യചരത് | പരിചരിച്ചുവന്നു. |

57 നിത്യം വനാത് സുമനസഃ ഫലമൂലസമിത്കുശാൻ
പത്രാംകുരമൃദോഽപശ്ച കാലേ കാല ഉപാഹരത്

| | |
|---|---|
| നിത്യം | ദിവസംതോറും |
| വനാത് | കാട്ടിൽ നിന്നു് |
| സുമനസഃ | പൂക്കളും |
| ഫലമൂല- സമിത്കുശാൻ | കനികളും, കിഴങ്ങുകളും, ചമതകളും, ദർഭകളും, |
| പത്രാംകുര- മൃദഃ ച | ഇലകളും, തളിർത്തൊത്തുകളും, മണ്ണും |
| അപഃ | വെള്ളവും |
| കാലേകാലേ | തക്കസമയത്തു് |
| ഉപാഹരത് | എത്തിച്ചുകൊടുത്തു |

58 ഏവം തസ്യാ വ്രതസ്ഥായാ വ്രതച്ഛിദ്രം ഹരിർനൃപ
പ്രേപ്സുഃ പര്യചരജ്ജിഹ്മോ മൃഗഹേവ മൃഗാകൃതിഃ

| | |
|---|---|
| നൃപ | രാജാവേ! |
| ജിഹ്മഃ | കുടിലതന്ത്രജ്ഞനായ |
| ഹരിഃ | ഇന്ദ്രൻ |
| വ്രതസ്ഥായാഃ | വ്രതത്തിലിരിക്കുന്ന |
| തസ്യാഃ | അവളുടെ |
| വ്രതച്ഛിദ്രം | വ്രതാനുഷ്ഠാനത്തിലുള്ള പഴുതിനെ |
| പ്രേപ്സുഃ | കണ്ടെത്താൻ തക്കം പാർത്തുകൊണ്ടും |
| മൃഗാകൃതിഃ | മാനിന്റെ വേഷം ധരിച്ചു |
| മൃഗഹാ ഇവ | വേടനെപ്പോലെ |
| ഏവം | ഈ വിധം |
| പര്യചരത് | പരിചരിച്ചുവന്നു |

59 നാധ്യഗച്ഛദ് വ്രതച്ഛിദ്രം തത്പരോഥ മഹീപതേ
ചിന്താം തീവ്രാം ഗതഃ ശക്രഃ കേന മേ സ്യാച്ഛിവം ത്വിഹ

| | |
|---|---|
| മഹീപതേ | രാജാവേ! |
| അഥ | അതിൽപ്പിന്നെ |
| ശക്രഃ | ഇന്ദ്രൻ |
| തത്പരഃ | അതിൽത്തന്നെ ശ്രദ്ധാലുവായെങ്കിലും |
| വ്രതച്ഛിദ്രം | വ്രതഭംഗത്തെ |
| ന അധ്യഗച്ഛത് | കണ്ടെത്തിയില്ല |
| ഇഹ തു | "ഇവിടെ |
| കേന | ഏതുവഴിക്കു് |
| ശിവം | കാര്യഗുണം |
| മേ സ്യാത് | എനിക്കുണ്ടാകും" |
| തീവ്രാം | എന്ന കടുത്ത |
| ചിന്താം | ചിന്തയിലേക്കു് |
| ഗതഃ | ചെന്നകപ്പെട്ടു |

60 ഏകദാ സാ തു സന്ധ്യായാമുച്ഛിഷ്ടാ വ്രതകർശിതാ
അസ്പൃഷ്ടവാര്യധൗതാംഘ്രിഃ സുഷ്വാപ വിധിമോഹിതാ

| | |
|---|---|
| വ്രതകർശിതാ | വ്രതാനുഷ്ഠാനത്താൽ തളർന്നിരുന്ന |
| സാ തു | അവളാകട്ടെ |
| ഏകദാ | ഒരുദിവസം |
| ഉച്ഛിഷ്ടാ | അശുചിയായി |
| അസ്പൃഷ്ടവാര്യ- ധൗതാംഘ്രിഃ | ജലസ്പർശം ചെയ്യാതെയും കാൽ കഴുകാതെയും |
| വിധിമോഹിതാ | ഭവിതവ്യതയാൽ മയക്കപ്പെട്ടു് |
| സന്ധ്യായാം | സന്ധ്യാസമയത്തു് |
| സുഷ്വാപ | ഉറങ്ങിപ്പോയി |

61 ലബ്ധ്വാ തദന്തരം ശക്രോ നിദ്രാപഹൃതചേതസഃ
ദിതേഃ പ്രവിഷ്ട ഉദരം യോഗേശോ യോഗമായയാ

| | | | |
|---|---|---|---|
| തദന്തരം | ആ തക്കസന്ദർഭം | നിദ്രാപഹൃത-ചേതസഃ | ഉറക്കാൽ സ്വബോധം അപഹരിക്കപ്പെട്ടിരുന്ന |
| ലബ്ധ്വാ | കിട്ടിയിട്ട് | ദിതേഃ | ദിതിയുടെ |
| യോഗേശഃ | യോഗവിദ്യാനിപുണനായ | ഉദരം | വയററിലേക്ക് |
| ശക്രഃ | ദേവേന്ദ്രൻ | പ്രവിഷ്ടഃ | കടന്നുകൂടി. |
| യോഗമായയാ | യോഗമായാബലത്താൽ | | |

62 ചകർത്ത സപ്തധാ ഗർഭം വജ്രേണ കനകപ്രഭം
രുദന്തം സപ്തധൈകൈകം മാ രോദീരിതി താൻ പുനഃ

| | | | |
|---|---|---|---|
| കനകപ്രഭം | സ്വർണ്ണംപോലെ തിളക്കമുള്ള | മാ രോദീഃ | ''കരയാതേ'' |
| ഗർഭം | ഗർഭത്തെ | ഇതി | എന്നുപറഞ്ഞു് താലോലിക്കുംമട്ടിൽ |
| വജ്രേണ | വജ്രംകൊണ്ടു് | പുനഃ | പിന്നെയും |
| സപ്തധാ | ഏഴായിട്ടു് | താൻ | അവയെ |
| ചകർത്ത | മുറിച്ചു | സപ്തധാ | ഏഴേഴായിട്ടു് |
| രുദന്തം | കരഞ്ഞുകൊണ്ടിരുന്ന | (ചകർത്ത) | മുറിച്ചു. |
| ഏകൈകം | ഓരോന്നിനെയും | | |

63 തേ തമൂചുഃ പാട്യമാനാഃ സർവേ പ്രാഞ്ജലയോ നൃപ
നോ ജിഘാംസസി കിമിന്ദ്ര ഭ്രാതരോ മരുതസ്തവ

| | | | |
|---|---|---|---|
| നൃപ | രാജാവേ! | തവ | അങ്ങയുടെ |
| പാട്യമാനാഃ | മുറിക്കപ്പെട്ടുകൊണ്ടിരിക്കെ | ഭ്രാതരഃ | സഹോദരന്മാരും |
| തേ സർവേ | അവരെല്ലാവരും | മരുതഃ | മരുത്തുക്കളുമായ |
| പ്രാഞ്ജലയഃ | കൈകൂപ്പിക്കൊണ്ടു് | നഃ | ഞങ്ങളെ |
| തം | ആ ഇന്ദ്രനോടു് | കിം | എന്തിനു് |
| ഊചുഃ | പറഞ്ഞു— | ജിഘാംസസി | കൊല്ലാൻ തുടങ്ങുന്നു?'' |
| ഇന്ദ്ര | ''ദേവരാജാവേ! | | |

64 മാ ഭൈഷ്ട ഭ്രാതരോ മഹ്യം യൂയമിത്യാഹ കൗശികഃ
അനന്യഭാവാൻ പാർഷദാനാത്മനോ മരുതാം ഗണാൻ

| | | | |
|---|---|---|---|
| മാ ഭൈഷ്ട | ''പേടിക്കരുതു്, | ആത്മനഃ | തന്റെ |
| യൂയം | നിങ്ങൾ | പാർഷദാൻ | അനുചരന്മാരുമായ |
| മഹ്യം | എനിക്കു് | മരുതാം | മരുദ്ദേവന്മാരുടെ |
| ഭ്രാതരഃ | സഹോദരന്മാരാണു്'' | ഗണാൻ | ഗണങ്ങളോടു് |
| ഇതി | എന്നിങ്ങനെ | കൗശികഃ | ദേവേന്ദ്രൻ |
| അനന്യഭാവാൻ | അന്യവിചാരമില്ലാത്തവരും | ആഹ | പറഞ്ഞു— |

65 ന മമാര ദിതേർഗർഭഃ ശ്രീനിവാസാനുകംപയാ
ബഹുധാ കുലിശക്ഷുണ്ണോ ദ്രൗണ്യസ്ത്രേണ യഥാ ഭവാൻ

| | |
|---|---|
| ദിതേഃ | ദിതിയുടെ |
| ഗർഭഃ | ഗർഭം (ഗർഭസ്ഥിതമായ ഭ്രൂണം) |
| ബഹുധാ | ബഹുപ്രകാരം |
| കുലശിക്ഷുണ്ണഃ | വജ്രായുധത്താൽ ഖണ്ഡിതമായിട്ടുംകൂടി |
| ശ്രീനിവാസാനുകംപയാ | ലക്ഷ്മീകാന്തനായ ഭഗവാന്റെ കാരുണ്യം കൊണ്ട് |
| ഭവാൻ | അങ്ങുന്ന് |
| ദ്രൗണ്യസ്ത്രേണ | അശ്വത്ഥാമാവിന്റെ അസ്ത്രത്താൽ |
| യഥാ | എന്നപോലെ |
| ന മമാര | മരിച്ചുപോയില്ല. |

66 സകൃദിഷ്ട്വാഽഽദിപുരുഷം പുരുഷോ യാതി സാമ്യതാം
സംവത്സരം കിഞ്ചിദൂനം ദിത്യാ യദ്ധരിരർച്ചിതഃ

| | |
|---|---|
| സകൃത് | ഒരിക്കലെങ്കിലും |
| ആദിപുരുഷം | ശ്രീഹരിയെ |
| ഇഷ്ട്വാ | ആരാധിച്ചെന്നാൽ |
| പുരുഷഃ | മനുഷ്യൻ |
| സാമ്യതാം | തൽസാരൂപ്യത്തെ |
| യാതി | പ്രാപിക്കുന്നു, |
| യത് | എന്നാൽ |
| കിഞ്ചിദൂനം | ഏതാണ്ടൊരു |
| സംവത്സരം | വർഷത്തോളം |
| ദിത്യാ | ദിതിയാൽ |
| ഹരിഃ | ശ്രീഹരി |
| അർച്ചിതഃ | ആരാധിക്കപ്പെട്ടുവല്ലൊ. |

67 സജൂരിന്ദ്രേണ പഞ്ചാശദ്ദേവാസ്തേ മരുതോഽഭവൻ
വ്യപോഹ്യ മാതൃദോഷം തേ ഹരിണാ സോമപാഃ കൃതാഃ

| | |
|---|---|
| മരുതഃ | 'മരുത്തുകളെ'ന്നറിയപ്പെട്ടുവരുന്ന |
| തേ ദേവാഃ | ആ ദേവന്മാർ |
| ഇന്ദ്രേണ സജൂഃ | ഇന്ദ്രനോടുചേർന്ന് (ഇന്ദ്രനുൾപ്പെടെ) |
| പഞ്ചാശത് | അമ്പതുപേരായി |
| അഭവൻ | ഭവിച്ചു |
| ഹരിണാ | ശ്രീഹരിയാൽ |
| മാതൃദോഷം | മാതാവിന്റെ ദോഷത്തെ |
| വ്യപോഹ്യ | അകററി, |
| തേ | അവരെല്ലാം |
| സോമപാഃ കൃതാഃ | സോമപാനത്തിന്ന് അർഹതയുള്ളവരാക്കപ്പെട്ടു. |

68 ദിതിരുത്ഥായ ദദൃശേ കുമാരാനനലപ്രഭാൻ
ഇന്ദ്രേണ സഹിതാൻ ദേവീ പര്യതുഷ്യദനിന്ദിതാ

| | |
|---|---|
| ദിതിഃ ദേവീ | ദിതിദേവി |
| ഉത്ഥായ | എഴുന്നേററു് |
| ഇന്ദ്രേണ | ഇന്ദ്രനോടു |
| സഹിതാൻ | ചേർന്നിരിക്കുന്നവരും |
| അനലപ്രഭാൻ | അഗ്നിക്കൊത്ത കാന്തികലർന്നവരുമായ |
| കുമാരാൻ | കുമാരന്മാരെ |
| ദദൃശേ | കണ്ടു. |
| അനിന്ദിതാ | മനഃശുദ്ധിയാർജ്ജിച്ചിരുന്ന അവൾ |
| പര്യതുഷ്യത് | ഏററവും സന്തോഷിച്ചു |

69 അഥേന്ദ്രമാഹ താതാഹമാദിത്യാനാം ഭയാവഹം
അപത്യമിച്ഛന്ത്യചരം വ്രതമേതത് സുദുഷ്കരം

| | | | |
|---|---|---|---|
| അഥ | അനന്തരം | ഭയാവഹം | ഭയം ജനിപ്പിക്കുന്ന |
| ഇന്ദ്രം | ഇന്ദ്രനോട് | അപത്യം | സന്താനത്തെ |
| ആഹ | പറഞ്ഞു— | ഇച്ഛന്തീ | ആഗ്രഹിച്ചുകൊണ്ട് |
| താത അഹം | "മകനേ! ഞാൻ | സുദുഷ്കരം | ആയാസമേറിയ |
| ആദിത്യാനാം | അദിതിയുടെ പുത്രന്മാർക്ക് | ഏതത് വ്രതം | ഈ വ്രതത്തെ |
| | | അചരം | ആചരിച്ചതായിരുന്നു |

70 ഏകഃ സങ്കല്പിതഃ പുത്രഃ സപ്തസപ്താഭവൻ കഥം
യദി തേ വിദിതം പുത്ര സത്യം കഥയ മാ മൃഷാ

| | | | |
|---|---|---|---|
| സങ്കല്പിതഃ | സങ്കൽപ്പിക്കപ്പെട്ട | പുത്ര | മകനേ! |
| പുത്രഃ ഏകഃ | പുത്രൻ ഒന്നുമാത്രം, | തേ | നിനക്ക് |
| സപ്തസപ്ത | 49 പേർ | വിദിതം യദി | അറിയാമെങ്കിൽ |
| കഥം | എങ്ങനെ | സത്യം കഥയ | നേരുപറയുക, |
| അഭവൻ | ഉണ്ടായി? | മൃഷാ മാ | കളവരുത്— |

ഇന്ദ്ര ഉവാച = ഇന്ദ്രൻ പറഞ്ഞു

71 അംബ തേഽഹം വ്യവസിതമുപധാര്യാഗതോഽന്തികം
ലബ്ധാന്തരോഽച്ഛിദം ഗർഭമർത്ഥബുദ്ധിർന ധർമ്മവിത്

| | | | |
|---|---|---|---|
| അംബ | മാതാവേ! | ലബ്ധാന്തരഃ | തക്കംകിട്ടിയ ഞാൻ |
| അഹം | ഞാൻ | ഗർഭം | ഗർഭത്തെ |
| തേ | ഭവതിയുടെ | അച്ഛിദം | ഛേദിച്ചു. |
| വ്യവസിതം | മനഃസങ്കല്പത്തെ | അർത്ഥബുദ്ധിഃ | അർത്ഥത്തിൽ മനസ്സുവയ്ക്കുന്നവൻ |
| ഉപധാര്യ | ഊഹിച്ചറിഞ്ഞു | ന ധർമ്മവിത് | ധർമ്മം അറിയുന്നവനാകയില്ല |
| അന്തികം | അടുത്തേക്ക | | |
| ആഗതഃ | വന്നതായിരുന്നു. | | |

72 കൃത്തോ മേ സപ്തധാ ഗർഭ ആസൻ സപ്ത കുമാരകാഃ
തേഽപി ചൈകൈകശോ വൃക്ണാഃ സപ്തധാ നാപി മമ്രിരേ

| | | | |
|---|---|---|---|
| മേ | എന്നാൽ | തേ അപി ച | അവരും കൂടെ |
| സപ്തധാ | ഏഴുഖണ്ഡമാക്കി | ഏകൈകശഃ | ഓരോരുത്തരായി |
| ഗർഭഃ | (ഭവതിയുടെ) ഗർഭം | സപ്തധാ | ഏഴേഴായിട്ട് |
| കൃത്തഃ | ഛേദിക്കപ്പെട്ടു. | വൃക്ണാഃ | ഛേദിക്കപ്പെട്ടു. |
| സപ്ത | ഏഴ് | ന മമ്രിരേ അപി | ആരും മരിക്കുകയോ ഉണ്ടായില്ല. |
| കുമാരകാഃ | കുമാരന്മാർ | | |
| ആസൻ | ഉണ്ടായി. | | |

73 തതസ്തത് പരമാശ്ചര്യം വീക്ഷ്യാധ്യവസിതം മയാ
മഹാപുരുഷപൂജായാഃ സിദ്ധിഃ കാപ്യാനുഷംഗിണീ.

തതഃ — അതിനാൽ
തത്പരം — ആ പരമമായ
ആശ്ചര്യം — ആശ്ചര്യത്തെ
വീക്ഷ്യ — കണ്ടിട്ട്
മയാ — എന്നാൽ
അധ്യവസിതം — നിർണ്ണയിക്കപ്പെട്ട-
മഹാപുരുഷ- പൂജായാഃ — ശ്രീഹരിയെ ആരാധിച്ചതിന്റെ
അനുഷംഗിണീ — അവാന്തരഫലമായ
കാപി — ഏതോ ഒരു
സിദ്ധിഃ — സിദ്ധിയാണെന്ന്

74 ആരാധനം ഭഗവത ഈഹമാനാ നിരാശിഷഃ
യേ തു നേച്ഛന്ത്യപി പരം തേ സ്വാത്മകുശലാഃ സ്മൃതാഃ

യേ തു — യാതൊരുവർ
നിരാശിഷഃ — നിഷ്കാമന്മാരായി
ഭഗവതഃ — ഈശ്വരന്റെ
ആരാധനം — ആരാധനയെ
ഈഹമാനാഃ — അനുഷ്ഠിച്ചുകൊണ്ടിരുന്ന്
പരം അപി — പരമപുരുഷാർത്ഥമായ മോക്ഷത്തെപ്പോലും
ന ഇച്ഛന്തി — ആഗ്രഹിക്കാതിരിക്കുന്നുവോ,
തേ — അവർ
സ്വാത്മകുശലാഃ — സ്വന്തം കാര്യം നേടിയെടുക്കുന്നതിൽ നിപുണന്മാരായിട്ട്
സ്മൃതാഃ — കരുതപ്പെട്ടവരാണ്

75 ആരാധ്യാത്മപ്രദം ദേവം സ്വാത്മാനം ജഗദീശ്വരം
കോ വൃണീതേ ഗുണസ്പർശം ബുധഃ സ്യാന്നരകേƨപി യത്

ആത്മപ്രദം — തന്നെക്കൂടി തന്നരുളുന്നവനും
സ്വാത്മാനം — തന്നുള്ളിൽ ആത്മസ്വരൂപനായി വർത്തിക്കുന്നവനും
ജഗദീശ്വരം — സകലലോകങ്ങളുടെ നിയന്താവുമായ
ദേവം — ഈശ്വരനോട്
ബുധഃ — അറിവുള്ള
കഃ — ഏതൊരാൾ
ഗുണസ്പർശം — വിഷയസുഖത്തെ
വൃണീതേ — വരിക്കുന്നു?
യത് — യാതൊന്ന്
നരകേ അപി — നരകത്തിൽപ്പോലും
സ്യാത് — സംഭാവ്യമാണ്

76 തദിദം മമ ദൗർജന്യം ബാലിശസ്യ മഹീയസി
ക്ഷന്തുമർഹസി മാതസ്ത്വം ദിഷ്ട്യാ ഗർഭോ മൃതോത്ഥിതഃ

മാതഃ ത്വം — അമ്മേ! ഭവതി
ബാലിശസ്യ — മൂഢനായ
മമ — എന്റെ
മഹീയസി — വലിയ ആളുടെ അടുക്കൽ കാണിച്ച
തത് ഇദം — ഇത്തരം ഈ
ദൗർജന്യം — ദുഷ്ടതയെ
ക്ഷന്തും — പൊറുത്തരുളുവാൻ
അർഹസി — അർഹിക്കുന്നു
ദിഷ്ട്യാ — ഭാഗ്യവശാൽ
ഗർഭഃ — ഗർഭം
മൃതോത്ഥിതഃ — ചത്തുപിഴച്ചുവല്ലോ

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

77 ഇന്ദ്രസ്തയാഭ്യനുജ്ഞാതഃ ശുദ്ധഭാവേന തുഷ്ടയാ
മരുദ്ഭിഃ സഹ താം നത്വാ ജഗാമ ത്രിദിവം പ്രഭുഃ

| | |
|---|---|
| ശ്രദ്ധഭാവേന | (ഇന്ദ്രന്റെ) ശ്രദ്ധ മനസ്സുതയാൽ |
| തുഷ്ടയാ | സന്തുഷ്ടയായ |
| തയാ | അവളാൽ |
| അഭ്യനുജ്ഞാതഃ | യാത്രാനുവാദം നൽകപ്പെട്ട |
| പ്രഭുഃ | ദേവാധിപനായ |
| ഇന്ദ്രഃ | ഇന്ദ്രൻ |
| മരുദ്ഭിഃ സഹ | മരുദ്ഗണങ്ങളോടു കൂടവേ |
| താം നത്വാ | അവളെ നമിച്ചു് |
| ത്രിദിവം | സ്വർഗത്തിലേക്കു് |
| ജഗാമ | ഗമിച്ചു- |

78 ഏവം തേ സർവമാഖ്യാതം യന്മാം ത്വം പരിപൃച്ഛസി
മംഗലം മരുതാം ജന്മ കിം ഭൂയഃ കഥയാമി തേ

| | |
|---|---|
| ത്വം മാം | അങ്ങു് എന്നോടു് |
| യത് | യാതൊന്നിനെപ്പററി |
| പരിപൃച്ഛസി | ചോദിച്ചിരുന്നുവോ |
| സർവം | അതുമുഴുവനും |
| ഏവം | ഇപ്രകാരം |
| തേ | അങ്ങേക്കായി |
| ആഖ്യാതം | വിസ്തരിക്കപ്പെട്ടു. |
| മരുതാം | മരുദ്ദേവന്മാരുടെ |
| ജന്മ | ഉൽപത്തികഥ |
| മംഗലം | മംഗളകരമത്രേ. |
| ഭൂയഃ കിം | ഇനി എന്തൊന്നു് |
| തേ | അങ്ങേക്കു് |
| കഥയാമി | പറഞ്ഞുതരാനുണ്ടു്? |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ഷഷ്ഠസ്കന്ധേ
അഷ്ടാദശോഽധ്യായഃ
ആദിതഃ ശ്ലോകാഃ - 823
ആറാം സ്കന്ധത്തിൽ പതിനെട്ടാമത്തെ അദ്ധ്യായം കഴിഞ്ഞു

## ഏകോനവിംശോഽധ്യായഃ—അധ്യായം പത്തൊൻപതു്.

പുംസവനവ്രതാനുഷ്ഠാനവിധി

"ഊനവിംശേതു യത് പ്രോക്തം കശ്യപേന ദിതേർവ്രതം
തദേവ വിവൃതം ലോകഹിതായ ഹരിതോഷണം"

കശ്യപമുനി ദിതിക്കുപദേശിച്ച വിഷ്ണുപ്രീതികരമായ പുംസവന വ്രതാനുഷ്ഠാനത്തിന്റെ അന്തരംഗവിധിയെ ഈ 19-ാംമദ്ധ്യായത്തിൽ വിവരിക്കുന്നു—

രാജോവാച = പരീക്ഷിത്തു് രാജാവു പറഞ്ഞു—

1 ശ്രുതം പുംസവനം ബ്രഹ്മൻ ഭവതാ യദുദീരിതം
തസ്യ വേദിതുമിച്ഛാമി യേന വിഷ്ണുഃ പ്രസീദതി

| | |
|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മർഷേ! |
| യത് | യാതൊരു |
| പുംസവനം വ്രതം | പുംസവനമെന്ന വ്രതം |
| ഭവതാ | ഭവാനാൽ |
| ഉദീരിതം | ചൊല്ലപ്പെട്ടുവോ, |
| (തത് മയാ) | അതു് എന്നാൽ |
| ശ്രുതം | ശ്രവിക്കപ്പെട്ട- |
| വയേന | യാതൊരു വ്രതത്താൽ |
| പ്രിഷ്ണുഃ | ശ്രീ മഹാവിഷ്ണു |
| സീദതി | പ്രസന്നനാകുന്നുവോ |
| തസ്യ | ആയതിന്റെ (അനുഷ്ഠനപ്രകാരത്തെ) |
| വേദിതും | അറിയുവാൻ |
| ഇച്ഛാമി | ആഗ്രഹിക്കുന്നു. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

2 ശുക്ലേ മാർഗശിരേ പക്ഷേ യോഷിദ്ഭർത്തുരനുജ്ഞയാ
ആരഭേത വ്രതമിദം സാർവകാമികമാദിതഃ

3 നിശമ്യ മരുതാം ജന്മ ബ്രാഹ്മണാനനുമന്ത്ര്യ ച
സ്നാത്വാ ശുക്ലദതീ ശുക്ലേ വസീതാലം കൃതാംബരേ
പൂജയേത് പ്രാതരാശാത് പ്രാഗ്ഭഗവന്തം ശ്രിയാ സഹ

| | |
|---|---|
| യോഷിത് | സ്ത്രീ |
| ഭർത്തുഃ | ഭർത്താവിന്റെ |
| അനുജ്ഞയാ | അനുവാദത്തോടെ |
| മാർഗശിരേ | മാർഗശീർഷമാസത്തിലെ |
| ശുക്ലേ | വെളുത്ത |
| പക്ഷേ | പക്ഷത്തിൽ |
| ആദിതഃ | പ്രതിപദം മുതൽക്കു് |
| സാർവകാമികം | സകലാഭീഷ്ടഫലപ്രദമായ |
| ഇദം വ്രതം | ഈ വ്രതത്തെ |
| മരുതാം | മരുദ്ദേവന്മാരുടെ |
| ജന്മ | ഉദ്ഭവകഥ |
| നിശമ്യ | വായിച്ചുകേൾക്കയും |
| ബ്രാഹ്മണാൻ | ബ്രാഹ്മണരോടു |
| അനുമന്ത്ര്യ ച | അനുവാദം ചോദിക്കയും ചെയ്തശേഷം |
| ആരഭേത | ആരംഭിക്കണം |
| ശുക്ലദതീ | പല്ലുതേച്ചു വെളുപ്പിച്ചു് |
| സ്നാത്വാ | കുളിച്ചശേഷം |
| അലംകൃതാ | ഭൂഷണങ്ങളണിഞ്ഞു് |
| ശുക്ലേ | വെൺമയുള്ള |
| അംബരേ | വസ്ത്രങ്ങൾ |
| വസീത | ധരിക്കണം |
| പ്രാതരാശാത് | പ്രാതലിനു |
| പ്രാക് | മുമ്പായി |
| ശ്രിയാ സഹ | ലക്ഷ്മിയോടുകൂടിയ |
| ഭഗവന്തം | ശ്രീനാരായണനെ |
| പൂജയേത് | പൂജിക്കണം |

തൽസമയത്തേക്കുള്ള മൂന്നു നമസ്കാരമന്ത്രങ്ങൾ താഴെ പറയുന്നു-

4 അലം തേ നിരപേക്ഷായ പൂർണ്ണകാമ നമോസ്തു തേ
മഹാവിഭൂതിപതയേ നമഃ സകലസിദ്ധയേ

| | |
|---|---|
| പൂർണ്ണകാമ | കാമിതങ്ങളെല്ലാം തികഞ്ഞിരിക്കുന്ന ഭഗവാനേ! |
| നിരപേക്ഷായ | പരാപേക്ഷയില്ലാത്ത |
| തേ | നിന്തിരുവടിക്കു |
| അലം | എല്ലാ തികവുമുണ്ടു്, |
| (അതഃ) | അതിനാൽ |
| തേ | അവിടുത്തേക്കു് |
| നമഃ അസ്തു | നമസ്കാരം മാത്രം അർപ്പിക്കുന്നു, |
| മഹാവിഭൂതി-പതയേ | മഹാലക്ഷ്മിയുടെ നായകനും |
| സകല-സിദ്ധയേ | അണിമാദ്യഷ്ടൈശ്വര്യ സിദ്ധികളോടു കൂടിയവനുമായ അവിടുത്തേക്കു് |
| നമഃ | നമസ്കാരം |

5 യഥാ ത്വം കൃപയാ ഭൂത്യാ തേജസാ മഹിനൗജസാ
ജുഷ്ട ഈശ ഗുണൈഃ സർവൈഃ തതോഽസി ഭഗവാൻ പ്രഭുഃ

| | | | |
|---|---|---|---|
| ഈശ | ഹേ ഈശ! | ഗുണൈഃ | ഗുണങ്ങളാലും |
| ത്വം | നിന്തിരുവടി | യഥാ | ശരിയായ വിധം |
| കൃപയാ | കരുണയാലും | ജുഷ്ടഃ | സേവിതനാകുന്ന |
| ഭൂത്യാ | ഐശ്വര്യത്താലും | അതഃ | ആകയാൽ |
| തേജസാ | തേജസ്സാലും | ഭഗവാൻ | സകലൈശ്വര്യപൂർണ്ണനും |
| ഓജസാ | ഓജസ്സാലും | | |
| മഹിനാ | മഹിമയാലും | പ്രഭുഃ അസി | സകലത്തിനും കഴിവുള്ളവനുമാകുന്നു. |
| സർവൈഃ | മറെറല്ലാമുള്ള | | |

6 വിഷ്ണുപത്നി മഹാമായേ മഹാപുരുഷലക്ഷണേ
പ്രീയേഥാ മേ മഹാഭാഗേ ലോകമാതർ നമോസ്തു തേ.

| | | | |
|---|---|---|---|
| വിഷ്ണുപത്നി | ശ്രീഹരിപ്രിയേ! | മഹാഭാഗേ | സൗഭാഗ്യശാലിനി! |
| മഹാമായേ | മഹാമായേ! | ലോകമാതഃ | ലോകജനനി! |
| മഹാപുരുഷലക്ഷണേ | സർവ്വേശ്വരനെപ്പോലെ നിരപേക്ഷിതാദി ലക്ഷണങ്ങളോടുകൂടിയുള്ളോവേ! | തേ | നിന്തിരുവടിക്ക് |
| | | നമഃ അസ്തു | നമസ്കാരം |
| | | മേ | എനിക്കായിക്കൊണ്ട് |
| | | പ്രീയേഥാഃ | പ്രസാദിക്കണമേ! |

ഇനി പറയുന്നതു പൂജാമന്ത്രമാണ്—

7 ഓം നമോ ഭഗവതേ മഹാപുരുഷായ മഹാനുഭാവായ മഹാ-
വിഭൂതിപതയേ സഹ മഹാവിഭൂതിഭിർബലിമുപഹരാണീതി-

അനേനാഹരഹർമന്ത്രേണ വിഷ്ണോരാവാഹനാർഘ്യപാദ്യോപസ്പർശന-സ്നാനവാസഉപവീതവിഭൂഷണഗന്ധപുഷ്പധൂപദീപോപഹാരാദ്യുപ-ഹാരാംശ്ച സമാഹിത ഉപാഹരേത്-

| | | |
|---|---|---|
| "മഹാനുഭാവായ | = | മഹത്തായ അനുഭാവത്തോടു കൂടിയവനും |
| മഹാവിഭൂതിപതയേ | = | ഐശ്വര്യ ദേവതയായ മഹാലക്ഷ്മിയുടെ കാന്തനും |
| ഭഗവതേ | = | സമഗ്രൈശ്വര്യാദി ഷഡ്ഗുണോപേതനുമായ |
| മഹാപുരുഷായ | = | പുരുഷോത്തമനായിക്കൊണ്ട് |
| മഹാവിഭൂതിഭിഃ സഹ | = | അവിടുത്തെ മഹാവിഭൂതികളായ വിഷ്വക്സേനാദി പരിവാരങ്ങളോടുകൂടെ |
| ബലിം ഉപഹരാണി | = | പൂജയർപ്പിച്ചുകൊള്ളട്ടെ" |
| അനേന മന്ത്രേണ | = | ഇപ്പറഞ്ഞ ഉപചാര മന്ത്രം കൊണ്ട് |
| അഹരഹഃ വിഷ്ണോഃ | = | ദിനംതോറും ശ്രീ മഹാവിഷ്ണുവിന്ന് |

| | | |
|---|---|---|
| ആവാഹാനർഘ്യ ഉപഹാരാൻ ച | = | ആവാഹനം, അർഘ്യം, പാദ്യം ആചമനം, സ്നാനം, വസ്ത്രം, യജ്ഞോപവീതം, ആഭരണം, ചന്ദനം, പുഷ്പം, ധൂപദീപങ്ങൾ, നിവേദ്യഃ മുതലായ ഉപചാരങ്ങളെയും |
| സമാഹിതഃ ഉപാഹരേത് | = | ശ്രദ്ധായുക്തം അർപ്പിച്ചുകൊള്ളണം |

പൂജയോടനുബന്ധിച്ചു ചെയ്യേണ്ടുന്ന ഹോമത്തിനുള്ള ആഹുതി മന്ത്രം താഴെ കാണിക്കുന്നു—

8 ഹവിഃശേഷം തു ജുഹുയാദനലേ ദ്വാദശാഹുതീഃ
ഓം നമോ ഭഗവതേ മഹാപുരുഷായ മഹാവിഭൂതിപതയേ
സ്വാഹേതി

ഓം നമോ—സ്വാഹാ ഇതി = 'ഓംനമോ' എന്നുതുടങ്ങി 'സ്വാഹാ' വരെയുള്ള മന്ത്രംകൊണ്ട്

അനലേ ദ്വാദശ് അഹുതീഃ = അഗ്നിയിൽ 12 ആഹുതികളായി

ഹവിഃശേഷം തു ജുഹുയാത് = നൈവേദ്യാവശിഷ്ടത്തെ ഹോമിക്കയും വേണം

9 ശ്രിയം വിഷ്ണും ച വരദാവാശിഷാം പ്രഭവാവുഭൗ
ഭക്ത്യാ സംപൂജയേന്നിത്യം യദീച്ഛേത് സർവസംപദഃ

| | |
|---|---|
| സർവസംപദഃ | എല്ലാസമ്പത്തുകളെയും |
| ഇച്ഛേത് യദി | അഭിലഷിക്കുന്നുവെങ്കിൽ |
| ആശിഷാം | അഭീഷ്ടങ്ങളുടെ |
| പ്രഭവൗ | ഉറവിടങ്ങളും |
| വരദൗ | വരദാതാക്കളുമായിരിക്കുന്ന |

| | |
|---|---|
| ശ്രിയം | ലക്ഷ്മീദേവിയെയും |
| വിഷ്ണും ച | ശ്രീവിഷ്ണുവിനെയും— |
| ഉഭൗ | ഇരുവരെയും |
| ഭക്ത്യാ | ഭക്തിയോടെ |
| നിത്യം | പ്രതിദിനം |
| സംപൂജയേത് | പൂജിച്ചു കൊള്ളണ |

10 പ്രണമേദ്ദണ്ഡവദ്ഭൂമൗ ഭക്തിപ്രഹ്വേണ ചേതസാ
ദശവാരം ജപേന്മന്ത്രം തതഃ സ്തോത്രമുദീരയേത്

| | |
|---|---|
| ഭക്തി-പ്രഹ്വേണ | ഭക്തിയാൽ അവനതമായുള്ള |
| ചേതസാ | ഹൃദയത്തോടെ |
| ഭൂമൗ | നിലത്ത് |
| ദണ്ഡവത് | ദണ്ഡുപോലെ വീണ് |
| പ്രണമേത് | നമസ്കരിക്കണം |

| | |
|---|---|
| ദശവാരം | പത്തുപ്രാവശ്യം |
| മന്ത്രം | മൂലമന്ത്രം |
| ജപേത് | ജപിക്കണം |
| തതഃ | അനന്തരം |
| സ്തോത്രം | സ്തോത്രം |
| ഉദീരയേത് | ചൊല്ലുക |

11 യുവാം തു വിശ്വസ്യ വിഭൂ ജഗതഃ കാരണം പരം
ഇയം ഹി പ്രകൃതിഃ സൂക്ഷ്മാ മായാശക്തിർ ദുരത്യയാ—

വിശ്വസ്യ — എല്ലാ
ജഗതഃ — ലോകത്തിന്റെയും
പരം — പ്രധാനമായ
കാരണം — കാരണമായത്
വിഭു — എങ്ങുംനിറഞ്ഞ
യുവാം തു — നിങ്ങളിരുവരും തന്നെയല്ലോ.

സൂക്ഷ്മാ — ദുർവിജ്ഞേയവും
ദുരത്യയാ — ദുരതിക്രമണീയവുമായ
പ്രകൃതിഃ — പ്രകൃതിയായി പ്രതിഭാസിക്കുന്ന
മായാശക്തിഃ — മായാശക്തി
ഇയം ഹി — ഈ ദേവിതന്നെ_

12 തസ്യാ അധീശ്വരഃ സാക്ഷാത് ത്വമേവ പുരുഷഃ പരഃ
ത്വം സർവയജ്ഞ ഇജ്യേയം ക്രിയേയം ഫലഭുഗ്ഭവാൻ

തസ്യാഃ — ആ മായാശക്തിയുടെ
സാക്ഷാത് — ശരിയായ
അധീശ്വരഃ — നിയന്താവ്
പരഃ പുരുഷഃ — പരമാത്മാവായ
ത്വം ഏവ — നിന്തിരുവടിതന്നെ
സർവയജ്ഞഃ — എല്ലാ യജ്ഞവും
ത്വം — നിന്തിരുവടിയാണ്

ഇയം — ഈ ദേവി
ഇജ്യാ — യജ്ഞസമാപ്തിയാകുന്നു.
ഇയം — ഈ ദേവി
ക്രിയാ — ലൗകികകർമ്മവും
ഭവാൻ — അവിടുന്ന്
ഫലഭുക് — ഫലഭോക്താവായ ജീവനുമാകുന്നു;_)

13 ഗുണവ്യക്തിരിയം ദേവീ വ്യഞ്ജകോ ഗുണഭുഗ്ഭവാൻ
ത്വം ഹി സർവശരീര്യാത്മാ ശ്രീഃ ശരീരേന്ദ്രിയാശയാ
നാമരൂപേ ഭഗവതീ പ്രത്യയസ്ത്വമപാശ്രയഃ

ഇയം ദേവീ — ഈ മായാദേവി
ഗുണവ്യക്തിഃ — ഗുണത്രയത്തിന്റെ വ്യക്തീഭാവവും
ഭവാൻ — അങ്ങുന്ന്
വ്യഞ്ജകഃ — അതിനെ അഭിവ്യഞ്ജിപ്പിക്കുന്ന കാലശക്തിയും
ഗുണഭുക് — ഗുണകാര്യങ്ങളെ അനുഭവിക്കുന്ന ജീവാത്മസ്വരൂപവും ആകുന്നു_
ശ്രീഃ — മായാമയിയായ ലക്ഷ്മീദേവി
ശരീരേന്ദ്രിയാശയാ — ദേഹേന്ദ്രിയാന്തഃകരണങ്ങളുടെ സ്വരൂപമാർന്നവളും

ത്വം ഹി — അങ്ങുന്നാകട്ടെ
സർവശരീര്യാത്മാ — സകലദേഹികളുടെയും ആത്മചൈതന്യവുമാണ്_
ഭഗവതീ — ലക്ഷ്മീദേവി
നാമരൂപേ — നാമരൂപങ്ങളും
ത്വം — നിന്തിരുവടി
പ്രത്യയഃ — അവയെ പ്രകാശിപ്പിക്കുന്നവനും
അപാശ്രയഃ — അവക്ക് ആധാരഭൂതനുമാകുന്നു_

14 യഥാ യുവാം ത്രിലോകസ്യ വരദൗ പരമേഷ്ഠിനൗ
തഥാ മ ഉത്തമശ്ലോക സന്തു സത്യാ മഹാശിഷഃ

യഥാ — ഏതുവിധം
യുവാം — നിങ്ങളിരുവർ
ത്രിലോകസ്യ — മൂന്നുലോകത്തിനും
വരദൗ — വരദാനംചെയ്യുന്ന

പരമേഷ്ഠിനൗ — മഹോന്നതന്മാർ ആയിരിക്കുന്നുവോ,
തഥാ — അതുവിധം
ഉത്തമശ്ലോക — ഹേപുണ്യകീർത്തേ!

| | | | |
|---|---|---|---|
| മേ | എന്റെ | സത്യാഃ | ചരിതാർത്ഥങ്ങളായി |
| മഹാശിഷഃ | ഉന്നതാശകൾ | സന്തു | ഭവിക്കണമേ. |

15 ഇത്യഭിഷ്ടൂയ വരദം ശ്രീനിവാസം ശ്രിയാ സഹ
തന്നിഃസാര്യോപഹരണം ദത്വാചമനമർച്ചയേത്.

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | ഉപഹരണം | നൈവേദ്യത്തെ |
| വരദം | വരദാതാവായ | നിഃസാര്യ | വിട്ടത്തിനീക്കിവച്ച് |
| ശ്രീനിവാസം | ശ്രീനാരായണനെ | ആചമനം | ആചമനജലം |
| ശ്രിയാസഹ | ലക്ഷ്മിയോടുകൂടെ | ദത്വാ | കൊടുത്തു് |
| അഭിഷ്ടൂയ | സ്തുതിച്ചശേഷം | അർച്ചയേത് | പുഷ്പാർച്ചനചെയ്യണം |
| തത് | അത് | | |

16 തതഃ സ്തുവീത സ്തോത്രേണ ഭക്തിപ്രഹ്വേണ ചേതസാ
യജ്ഞോച്ഛിഷ്ടമവഘ്രായ പുനരഭ്യർച്ചയേദ്ധരിം

| | | | |
|---|---|---|---|
| തതഃ | അനന്തരം | യജ്ഞോച്ഛിഷ്ടം | ഹോമശേഷത്തെ |
| ഭക്തി- | ഭക്തിഭാവത്താൽ | അവഘ്രായ | വാസിച്ചു പ്രസാദം കൊണ്ടശേഷം |
| പ്രഹ്വേണ | ആനന്നതായ | | |
| ചേതസാ | ചിത്തത്തോടെ | പുനഃ | പിന്നെയും |
| സ്തോത്രേണ | സ്തോത്രംകൊണ്ടു് | ഹരിം | ഭഗവാനെ |
| സ്തുവീത | സ്തുതിച്ചുകൊൾക. | അഭ്യർച്ചയേത് | അർച്ചിക്കണം. |

17 പതിം ച പരയാ ഭക്ത്യാ മഹാപുരുഷചേതസാ
പ്രിയൈസ്തൈസ്തൈരുപനമേത് പ്രേമശീലഃ സ്വയം പതിഃ
വിദധ്യാത് സർവകർമ്മാണി പത്ന്യാ ഉച്ചാവചാനി ച.

| | | | |
|---|---|---|---|
| മഹാപുരുഷ- | ഈശ്വരനാണെന്ന | പതിഃ സ്വയം | ഭർത്താവും സ്വയം |
| ചേതസാ | മനഃസങ്കല്പത്തോടെ | പ്രേമശീലഃ | സ്നേഹസ്വഭാവമാർന്നു് |
| പരയാ | ഉത്കൃഷ്ടമായ | പത്ന്യാഃ | ഭാര്യയുടെ |
| ഭക്ത്യാ | ഭക്തിയോടുകൂടി | ഉച്ചാവചാനി | ചെറുതും വലുതുമായ |
| പ്രിയൈഃ | പ്രിയംകരങ്ങളായ | സർവകാര്യാണി | എല്ലാ കാര്യങ്ങളെയും |
| തൈഃ തൈഃ | അതാതു് ഉപചാരങ്ങളാൽ | വിദധ്യാത്ച | നിറവേററികൊടുക്കുകയും വേണം |
| പതിം ച | ഭർത്താവിനെയും | | |
| ഉപനമേത് | ആരാധിക്കണം. | | |

18 കൃതമേകതരേണാപി ദംപത്യോരുഭയോരപി
പത്ന്യാം കുര്യാദനർഹായാം പതിരേതത്സമാഹിതഃ
വിഷ്ണോർവ്രതമിദം ബിഭ്രന്ന വിഹന്യാത് കഥഞ്ചന-

| | | | |
|---|---|---|---|
| ദംപത്യോഃ | ദംപതിമാർക്കിടയിൽ | കൃതം അപി | ചെയ്യപ്പെട്ടതായാലും |
| | | ഉഭയോഃഅപി | ഇരുപേർക്കുമായി |
| ഏകതരേണ | ഏതെങ്കിലും ഒരാളാൽ | ഫലം സിദ്ധിക്കുന്നു. | |

പത്ന്യാം അനർഹായാം } ഭാര്യ (വ്രതാനുഷ്ഠാനത്തിന്ന്) അർഹയല്ലാത്ത അവസരത്തിൽ
പതിഃ ഭർത്താവു്
സമാഹിതഃ ശ്രദ്ധായുക്തനായിട്ടു്
ഏതത് ഇതിനെ

കുര്യാത് നടത്തിക്കൊള്ളണം
ഇദം ഇപ്പറഞ്ഞ
വിഷ്ണോഃവ്രതം വൈഷ്ണവവ്രതം
ബിഭ്രത് എടുക്കുന്ന ആൾ
കഥഞ്ചന ഒരുതരത്തിലും
നവിഹന്യാത് ഇടയ്ക്കുവച്ചു മുടക്കം വരുത്തിക്കൂടാ.

19 വിപ്രാൻ സ്ത്രീയോ വീരവതീഃ സ്രഗ്ഗന്ധബലിമണ്ഡനൈഃ
അർച്ചേദഹരഹർഭക്ത്യാ ദേവം നിയമമാസ്ഥിതഃ

വിപ്രാൻ ബ്രാഹ്മണരെയും
വീരവതീഃ ഭർത്തൃമതികളായ
സ്ത്രീയഃ സ്ത്രീകളെയും
സ്രഗ്ഗന്ധബലി- മണ്ഡനൈഃ } പൂമാല, ചന്ദനം, നൈവേദ്യം, അലങ്കാരം എന്നിവ കൊണ്ടു്

അർച്ചേദ് ആരാധിക്കണം-
അഹരഹഃ ഇങ്ങനെ നിത്യവും
നിയമം വ്രതനിഷ്ഠയെ
ആസ്ഥിതഃ കൈക്കൊണ്ടു്
ഭക്ത്യാ ഭക്തിയോടെ
ദേവം ഭഗവാനെ
(അർച്ചേത്) ആരാധിക്കുക

20 ഉദ്വാസ്യ ദേവം സ്വേ ധാമ്നി തന്നിവേദിതമഗ്രതഃ
അദ്യാദാത്മവിശുദ്ധ്യർത്ഥം സർവ്വകാമർദ്ധയേ തഥാ.

ദേവം ദേവനെ
സ്വേ സ്വകീയമായ
ധാമ്നി ആസ്ഥാനത്തിൽ എത്തിക്കും പ്രകാരം
ഉദ്വാസ്യ ഉദ്വസിപ്പിച്ചു്
തന്നിവേദിതം അവിടുത്തേക്കു നിവേദിച്ചതിനെ

ആത്മ- വിശുദ്ധ്യർത്ഥം } മനസ്സിന്റെ പരിശുദ്ധിക്കുവേണ്ടിയും
തഥാ അപ്രകാരം
സർവ്വകാമ- ർദ്ധയേ } സർവ്വാഭീഷ്ടങ്ങളുടെ പരിപുഷ്ടിക്കായും
അഗ്രതഃ മുമ്പിൽ (ആദ്യം)
അദ്യാത് ആഹരിക്കണം.

21 ഏതേന പൂജാവിധിനാ മാസാൻ ദ്വാദശ ഹായനം
നീത്വാഥോപചരേത് സാധ്വീ കാർത്തികേ ചരമേഽഹനി

സാധ്വീ പതിവ്രതയായ സ്ത്രീ
ഏതേന ഇപ്പറഞ്ഞ
പൂജാവിധിനാ പൂജാനുഷ്ഠാനത്തോടുകൂടി
ദ്വാദശ പന്ത്രണ്ടു
മാസാൻ വിശുദ്ധമാസങ്ങളാം—

ഹായനം ഒരുവർഷം മുഴുവനും (+)
നീത്വാഥ നയിച്ചതിൽപ്പിന്നെ
കാർത്തികേ കാർത്തികമാസത്തിലെ
ചരമേ ഒടുക്കത്തെ
അഹനി നാളിൽ
ഉപചരേത് നോൽപിരിക്കണം

(+) 12 മാസങ്ങളെന്നും, പിന്നെ ഒരുവർഷമെന്നും പറഞ്ഞതു പുനരുക്തിയല്ല. അധിമാസം വരാത്ത ഒരു വർഷമായിരിക്കണമെന്നത്രേ വിവക്ഷിതം. അധിമാസം മലമാസമാകയാൽ വർജ്യമാണു്. ആകയാൽ മാർഗ്ഗശീർഷത്തിലെ ശുക്ലപ്രഥമ തുടങ്ങി കാർത്തികത്തിലെ കൃഷ്ണപഞ്ചദശിവരെ അധിമാസദോഷം വരാത്ത ഒരു ചാന്ദ്രമാനവർഷത്തെ പുംസവനവ്രതത്തിന്നു തെരഞ്ഞെടുക്കണമെന്നു സിദ്ധം.

22 ശ്വോഭൂതേഽപ ഉപസ്പൃശ്യ കൃഷ്ണമഭ്യർച്ച്യ പൂർവ്വവത്
പയഃശൃതേന ജൂഹുയാച്ചരുണാ സഹ സർപ്പിഷാ
പാകയജ്ഞവിധാനേന ദ്വാദശൈവാഹുതീഃ പതിഃ

| | | | |
|---|---|---|---|
| ശ്വോഭൂതേ | പിറെറന്നാൾ പുലർന്നും | സർപ്പിഷാസഹ | നെയ്യോടുകൂടെ |
| അപഃ ഉപസ്പൃശ്യ | സ്നാനാദികൃത്യങ്ങൾ നിറവേററിയശേഷം | പതിഃ ഏവ | ഭർത്താവുതന്നെ (+) |
| പൂർവ്വവത് | മുന്നെപ്പോലെ | പാകയജ്ഞ-വിധാനേന | പർവ്വകാലത്തുള്ള സ്ഥാലീപാകയജ്ഞത്തിൻെറ മുറയനുസരിച്ചു് |
| കൃഷ്ണം | വിഷ്ണുഭഗവാനെ | ദ്വാദശ | പന്ത്രണ്ടു് |
| അഭ്യർച്ച്യ | പൂജിച്ചു് | ആഹുതീഃ | ആഹുതികളെ |
| പയഃശൃതേന | പാലിൽവേവിച്ച | ജുഹുയാത് | (അഗ്നിയിൽ) ഹോമിക്കണം |
| ചരുണാ | ഹവിസ്സിനാൽ | | |

(+) സ്ത്രീകൾക്കു ഹോമത്തിനുള്ള അധികാരമില്ലാത്തതുകൊണ്ടാണു് ഭർത്താവുതന്നെ ചെയ്യണമെന്നു എടുത്തു പറഞ്ഞതു്.

23 ആശിഷഃ ശിരസാദായ ദ്വിജൈഃ പ്രീതൈഃ സമീരിതാഃ
പ്രണമ്യ ശിരസാ ഭക്ത്യാ ഭുഞ്ജീത തദനുജ്ഞയാ

| | | | |
|---|---|---|---|
| പ്രീതൈഃ | സന്തുഷ്ടരായ | ശിരസാ | ശിരസ്സാൽ |
| ദ്വിജൈഃ | ബ്രാഹ്മണരാൽ | പ്രണമ്യ | നമസ്കരിച്ചു് |
| സമീരിതാഃ | ഉച്ചരിക്കപ്പെട്ട | തദനുജ്ഞയാ | അവരുടെ അനുവാദത്തോടുകൂടി |
| ആശിഷഃ | ആശീർവചനങ്ങളെ | ഭുഞ്ജീത | ഭക്ഷണം കഴിക്കാം. |
| ശിരസാ | ശിരസ്സാൽ | | |
| ആദായ | ഏററുവാങ്ങി, | | |

24 ആചാര്യമഗ്രതഃ കൃത്വാ വാഗ്യതഃ സഹ ബന്ധുഭിഃ
ദദ്യാത് പത്ന്യൈ ചരോഃ ശേഷം സുപ്രജാസ്ത്വം സുസൗഭഗം.

| | | | |
|---|---|---|---|
| ആചാര്യം | പുരോഹിതനെ | സുസൗഭഗം | സൗഭാഗ്യാതിശയത്തിനും ഉതകുന്ന |
| അഗ്രതഃകൃത്വാ | മുൻനിർത്തിയിട്ടു് | | |
| വാഗ്യതഃ | മൗനാവലംബിയായി | **ചരോഃ ശേഷം** | ഹവിശ്ശേഷത്തെ |
| ബന്ധുഭിഃ | ബന്ധുജനത്തോടു | **പത്ന്യൈ** | പത്നിക്കു് |
| സഹ | ഒത്തുചേർന്നു് | **ദദ്യാത്** | നൽകണം |
| സുപ്രജാസ്ത്വം | സൽപുത്രലാഭത്തിനും | | |

25 ഏതച്ചരിത്വാ വിധിവദ്വ്രതം വിഭോ—
രഭീപ്സിതാർത്ഥം ലഭതേ പുമാനിഹ
സ്ത്രീ ചൈതദാസ്ഥായ ലഭേത സൗഭഗം
ശ്രിയം പ്രജാം ജീവപതിം യശോ ഗൃഹം.

| | | | |
|---|---|---|---|
| [illegible]ഭോഃ | വിഷ്ണുസംബന്ധമായ | വ്രതം | വ്രതത്തെ |
| [illegible]തേ[illegible] | ഈ | പുമാൻ | പുരുഷൻ |

| | |
|---|---|
| വിധിവത് | വിധിപോലെ |
| ചരിത്വാ | ആചരിച്ചെന്നാൽ |
| ഇഹ | ഈ ലോകത്തിൽ |
| അഭീപ്സിതാർത്ഥം | ആഗ്രഹിച്ചകാര്യം |
| ലഭതേ | സാധിക്കുന്നു. |
| സ്ത്രീ തു | സ്ത്രീയാകട്ടെ |
| ഏതത് | ഇതിനെ |
| ആസ്ഥായ | ആചരിച്ചെന്നാൽ |
| സൗഭഗം | സൗഭാഗ്യത്തെയും |
| ശ്രിയം | ഐശ്വര്യത്തെയും |
| പ്രജാം | സന്തതിയെയും |
| ജീവപതിം | ദീർഘായുസ്സുള്ള ഭർത്താവിനെയും |
| യശഃ | നല്ല പേരിനെയും |
| ഗൃഹം | നല്ല ഭവനത്തെയും |
| ലഭേത | നേടിയെടുക്കുന്നു. |

26 കന്യാ ച വിന്ദേത സമഗ്രലക്ഷണം
വരം ത്വവീരാ ഹതകില്ബിഷാ ഗതിം
മൃതപ്രജാ ജീവസുതാ ധനേശ്വരീ
സുദുർഭഗാ സുഭഗാ രൂപമഗ്ര്യം

27 വിന്ദേദ്വിരൂപാ വിരുജാ വിമുച്യതേ
യ ആമയാവീന്ദ്രിയകല്പദേഹം
ഏതത് പഠന്നഭ്യുദയേ ച കർമ്മ–
ണ്യനന്തതൃപ്തിഃ പിതൃദേവതാനാം

| | |
|---|---|
| കന്യാ ച | വിവാഹം കഴിയാത്ത പെൺകിടാവാണെങ്കിൽ |
| സമഗ്രലക്ഷണം | സകലസല്ലക്ഷണങ്ങളും തികഞ്ഞ |
| വരം | ഭർത്താവിനെ |
| വിന്ദേത | ലഭിക്കുന്നതാണ്. |
| അവീരാ തു | വിധവയാകട്ടെ |
| ഹതകില്ബിഷാ | പാപങ്ങൾക്കെല്ലാം അറുതിവന്ന് |
| ഗതിം | സദ്ഗതിയെ |
| (വിന്ദേത) | പ്രാപിക്കുന്നതാണ്. |
| മൃതപ്രജാ | സന്താനനാശം സംഭവിച്ചവൾ |
| ജീവസുതാ | ദീർഘായുസ്സുള്ള പുത്രന്മാരോടുകൂടിയവളായും |
| ധനേശ്വരീ | ധനാഢ്യയായിരുന്നിട്ടുകൂടിയും |
| സുദുർഭഗാ | ദൗർഭാഗ്യം പിടിപെട്ടിരിക്കുന്നവൾ |
| സുഭഗാ | സൗഭാഗ്യവതിയായും ഭവിക്കുന്നതാണ്. |
| വിരൂപാ | വൈരൂപ്യമുള്ളവൾ |
| അഗ്ര്യം | മുൻപന്തിയിലുള്ള |
| രൂപം | രൂപഗുണത്തെ |
| വിന്ദേത് | പ്രാപിക്കുന്നതാണ്. |
| യഃ | യാതൊരുവൻ |
| അമയാവീ | രോഗഗ്രസ്തനാണോ, |
| (സഃ) | അവൻ |
| വിരുജാ | വിവിധരോഗത്താൽ |
| വിമുച്യതേ | വിമുക്തനാവുന്നു |
| ഇന്ദ്രിയകല്പദേഹം | ഇന്ദ്രിയബലത്തോടുകൂടിയ കെല്പുള്ള ശരീരത്തെ |
| (വിന്ദേത്) | പ്രാപിക്കയും ചെയ്യും. |
| അഭ്യുദയേ | അഭ്യുദയാർത്ഥം നടത്തുന്ന |
| കർമ്മണി ച | ശ്രാദ്ധാദികർമ്മത്തിങ്കലും |
| ഏതത് | ഈ പ്രകരണത്തെ |
| (യഃ) | യാതൊരുവൻ |
| പഠൻ | പാരായണം ചെയ്യുന്നുവോ |
| (തസ്യ | അവന്റെ |
| പിതൃദേവതാനാം | പിതൃക്കൾക്കും ദേവന്മാർക്കും |
| അനന്തതൃപ്തിഃ | അതിരററതിന്ന് സംതൃപ്തി |

ഇങ്ങനെ ഫലശ്രുതി പറഞ്ഞു കേൾപ്പിച്ച് ഈ പ്രകരണം ഉപസംഹരിക്കുന്നു–

28 തുഷ്ടാഃ പ്രയച്ഛന്തി സമസ്തകാമാൻ
ഹോമാവസാനേ ഹുതഭുക് ശ്രീർഹരിശ്ച
രാജൻ മഹന്മരുതാം ജന്മ പുണ്യം
ദിതേർവ്രതം ചാഭിഹിതം മഹത്തേ.

| | | | |
|---|---|---|---|
| ഹോമാവ- സാനേ | ഹോമത്തിൻെറ പരി സമാപ്തിയിൽ | മരുതാം | മരുദ്ദേവന്മാരുടെ |
| ഹുതഭുക് | അഗ്നിദേവനും | മഹത് | മഹാത്മ്യമുള്ളതും |
| ശ്രീഃ | ശ്രീഭഗവതിയും | പുണ്യം | പുണ്യകരവുമായ |
| ഹരിഃ ച | ശ്രീമഹാവിഷ്ണുവും | ജന്മ | ഉദ്ഭവവും |
| തുഷ്ടാഃ | സംതൃപ്തരായി | ദിതേഃ | ദിതിയുടെ |
| സമസ്ത- കാമാൻ | എല്ലാതരത്തിലുള്ള അഭീഷ്ടങ്ങളെയും | മഹത് | മഹത്തായ |
| പ്രയച്ഛന്തി | പ്രദാനംചെയ്യുന്നു | വ്രതം | വ്രതാനുഷ്ഠാനവും |
| രാജൻ | അല്ലയോ രാജാവേ | തേ | അങ്ങേക്കായി |
| | | അഭിഹിതം | പറയപ്പെട്ടുകഴിഞ്ഞു |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ പാരമഹംസ്യാം സംഹിതായാം ഷഷ്ഠസ്കന്ധേ പുംസവനവ്രതകഥനം നാമ ഏകോനവിംശോദ്ധ്യായഃ

ആദിതഃ ശ്ലോകാഃ 851

ആറാമത്തെ സ്കന്ധത്തിൽ പത്തൊമ്പതാമദ്ധ്യായം കഴിഞ്ഞു

ഷഷ്ഠഃ സ്കന്ധഃ സമാപ്തഃ

ശ്രീമദ്ഭാഗവതേ ആദിതഃ ശ്ലോകാഃ 5575.

ശ്രീകൃഷ്ണാർപ്പണമസ്തു

ഹരിഃ ഓം തത് സത്